# ധന്യമീ ജീവിതം

സി. പെലാജിയ എസ്.എച്ച്.

**DHANYAMEE JEEVITHAM**
**(MALAYALAM)**
**(BIOGRAPHY OF VENERABLE MATHEW KADALIKKATTIL)**

Author : **Sr. Pelagia S.H.**

Published on : 23rd May 2018
Published by : Sr. Merline Areeparampil
Provincial Superior,
S.H. Provincial House, Pala
Ph: 04822 212225
DTP : Sajeesha
Printed at : St. Thomas Press, Pala
Copies : 1000
Price : Rs. 200/-

**Mar Joseph Kallarangatt**
Bishop of Palai



**BISHOP'S HOUSE, PALAI**
P.B. No. 18, PALA - 686 575
Kottayam Dt., Kerala, S. India
Phone: 04822 202000
Email:aramanapala@gmail.com
Web: www.palaidiocese.com

## സന്ദേശം

ഓരോ ക്രൈസ്തവനും തന്റെ ജീവിതത്തിൽ പൂർണത കണ്ടെത്തുന്നത് സ്രഷ്ടാവുമായുള്ള ഐക്യത്തിലാണ്. വിശുദ്ധിയിലൂടെ മാത്രമേ ദൈവവുമായുള്ള ഐക്യം സാധ്യമാവൂ. വിശുദ്ധി നമുക്ക് അപ്രാപ്യമായ ഒരു സംഗതിയല്ല. അത് നമുക്കോരോരുത്തർക്കുമുള്ള ലളിതമായ ഒരു കടമയാണ്.

വിശുദ്ധ മദർ തെരേസാ പറയുന്നു. "നമ്മൾ പരിശുദ്ധരായിരിക്കുക എന്നതിന്റെ അർത്ഥം ദൈവത്തിനു തന്റെ ജീവിതം നമ്മിൽ നയിക്കാൻ നാം അനുവദിക്കുക" എന്ന താണ്. വിശുദ്ധർ നമുക്ക് കാണിച്ചുതരുന്ന മാതൃകയും ഇതുതന്നെയാണ്. ദൈവത്തെ തങ്ങളുടെ ജീവിതത്തിൽ അവർ പ്രതിഫലിപ്പിച്ചു. ഒരു വൈദികനായിരുന്നുകൊണ്ട് ഈശോയുടെ തിരുഹൃദയത്തിൽനിന്നും സ്നേഹം ഉൾക്കൊണ്ട് അനേകരെ ആ സ്നേഹ ത്താൽ ഈശോയിലേക്കാനയിച്ച ധന്യൻ കദളിക്കാട്ടിലച്ചൻ നമുക്ക് വിശുദ്ധിയിലേക്കുള്ള പാതയിലെ ഒരു ചൂണ്ടുപലകയാണ്. അച്ചൻ സ്ഥാപിച്ച തിരുഹൃദയ സന്യാസിനീസ മൂഹം ആ വിശുദ്ധന്റെ പരിമളം അവരുടെ പ്രേഷിതചൈതന്യത്തിലൂടെ ലോകമെങ്ങും പരത്തിക്കൊണ്ടിരിക്കുകയുമാണല്ലോ.

ധന്യൻ കദളിക്കാട്ടിലച്ചന്റെ മാദ്ധ്യസ്ഥ്യംവഴി ധാരാളം അനുഗ്രഹങ്ങൾ അനേകർക്കു ലഭിക്കുന്നുവെന്നതിന്റെ നിതാന്തസാക്ഷ്യമാണല്ലോ അച്ചന്റെ കബറിട ത്തിങ്കൽ വന്നു പ്രാർത്ഥിക്കുന്ന വിശ്വാസികളുടെ സാന്നിദ്ധ്യം സൂചിപ്പിക്കുന്നത്.

ധന്യൻ കദളിക്കാട്ടിൽ മത്തായിഅച്ചന്റെ ജീവിതത്തെ സമഗ്രമായി വിവരിക്കുന്ന ഒരു ഗ്രന്ഥം ബഹു. സി. പെലാജിയ എസ്.എച്ച്. തയാറാക്കിയിരിക്കുന്നു എന്നറിയു ന്നതിൽ അതിയായ സന്തോഷമുണ്ട്. ഈ ഗ്രന്ഥം അനേകർക്കു വിശുദ്ധിയിലേക്കുള്ള പാതയിൽ കൈവിളക്കായി മാറട്ടെ എന്നാശംസിക്കുകയും ഗ്രന്ഥത്തിനു പ്രചുരപ്ര ചാരം നേരുകയും ചെയ്യുന്നു.

+ Jos Kallarangatt

**ബിഷപ്പ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതയുടെ മെത്രാൻ

**Mar Jacob Muricken**
Auxiliary Bishop of Palai

**BISHOP'S HOUSE, PALAI**
P.B. No. 18, PALA - 686 575
Kottayam Dt., Kerala, S. India



## ആശംസ

ധന്യാത്മാക്കളെല്ലാം അനശ്വരതയെ സ്നേഹിച്ചവരാണ്. അനശ്വരതയെ പ്രണയിച്ച് അനശ്വരത സ്വന്തമാക്കിയ ധന്യനായ കദളിക്കാട്ടിൽ മത്തായി അച്ചന്റെ ജീവിതത്തിലേക്കുള്ള ഒരു എത്തിനോട്ടമാണ് 'ധന്യമീ ജീവിതം.' ഹൃദയത്തിൽ സന്യാസിയും പ്രവർത്തനത്തിൽ ഒരു ഇടവകവൈദികനായും ജീവിച്ച് തിരുഹൃദയഭക്തി പ്രചരിപ്പിച്ച് ഒരു സന്യാസ സമൂഹത്തിന് അടിത്തറയിട്ട് ദൈവം തന്നോടാവശ്യപ്പെട്ട കാര്യങ്ങൾ എല്ലാം ഭംഗിയായി പൂർത്തിയാക്കി കടന്നുപോയ ഈ ധന്യാത്മാവിന്റെ ജീവിതത്തെ വായിക്കുന്നതും അറിയുന്നതുമെല്ലാം നമുക്ക് വലിയ പ്രചോദനമാണ്. മാനസാന്തരദാഹിയായ അദ്ദേഹം ദൈവത്തിനും മനുഷ്യർക്കുംവേണ്ടി വിശ്രമരഹിതമായി പ്രവർത്തിച്ച വൈദികനാണ്. അദ്ദേഹം രൂപംകൊടുത്ത തിരുഹൃദയ സന്ന്യാസസമൂഹം ഇതിനോടകം ഒരുപാട് സന്ന്യാസിനികൾക്ക് ജന്മം നല്കി കഴിഞ്ഞിരിക്കുന്നു. അങ്ങനെ നന്മകൾ വിതച്ചുപോയ ഈ ധന്യാത്മാവിന്റെ ജീവിതത്തെ കോർത്തിണക്കി ഈ അക്ഷരത്താളുകളിൽ അവതരിപ്പിക്കാനുള്ള സി. പെലാജിയായുടെ ശ്രമം അഭിനന്ദനീയമാണ്. വിശുദ്ധരെ അടുത്തറിയാനുള്ള ശ്രമം വിശുദ്ധിയെ അറിയാനുള്ള ശ്രമം തന്നെയാണ്. നമ്മൾ വിശുദ്ധരെ വായിക്കുമ്പോൾ നമുക്കും വിശുദ്ധരാകാനുള്ള ആഗ്രഹം ഉള്ളിൽ ജനിക്കും. ഈ പുസ്തകത്തിന് പ്രചുരപ്രചാരം നേരുന്നു. എല്ലാ ദൈവാനുഗ്രഹങ്ങളും ആശംസിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

**ബിഷപ്പ് ജേക്കബ് മുരിക്കൻ**

പാലാ
27.03.2018

Phone : 04822-202000
Fax : 04822-211379
Email : aramanapala@gmail.com
Web : www.palaidiocese.com



## സന്ദേശം

"നിങ്ങളുടെ കണ്ണുകൾ കണ്ട കാര്യങ്ങൾ മറക്കാതിരിക്കാനും ജീവിതകാലം മുഴുവൻ അവ ഹൃദയത്തിൽനിന്നും മായാതിരിക്കാനും ശ്രദ്ധിക്കുവിൻ. ജാഗരൂകരായിരിക്കുവിൻ. അവയെല്ലാം നിങ്ങളുടെ മക്കളെയും മക്കളുടെ മക്കളെയും അറിയിക്കണം" (നിയമ. 4:9).

നൂറ്റിയേഴ് വയസ്സുള്ള തിരുഹൃദയസഭാതരു വളർച്ചയുടെ ഔന്നത്യത്തിൽ എത്തിനിൽക്കുമ്പോൾ "നിങ്ങളെ വെട്ടിയെടുത്ത പാറയിലേക്കും നിങ്ങളെ കുഴിച്ചെടുത്ത ഖനിഗർഭത്തിലേക്കും നോക്കുവിൻ" (ഏശ. 51:1) എന്ന ഏശയ്യാ പ്രവാചകന്റെ ആഹ്വാനം ഉറവിടങ്ങളിലേക്ക് തിരിഞ്ഞുനോക്കണമെന്നു മാത്രമല്ല ദൈവപരിപാലനയുടെ അദൃശകരങ്ങൾ നമ്മെ വഴിനടത്തിയതിന്റെ മധുരാനുഭവം ഭാവിതലമുറയ്ക്കായി കുറിച്ചുവയ്ക്കണം എന്നുകൂടി നമ്മെ ഓർമ്മപ്പെടുത്തുന്നുണ്ട്.

മുതിർന്ന തലമുറയുടെ വിശുദ്ധമായ ജീവിതാനുഭവങ്ങളും ആർജ്ജിതപുണ്യവും വിശുദ്ധ പാരമ്പര്യവും ഒന്നിച്ചുചേർന്നാണ് അമൂല്യനിധികളുടെ കലവറയായ ചരിത്രം രൂപപ്പെടുന്നത്. ഈ ചരിത്രമാകട്ടെ ജീവിച്ചുകടന്നുപോയതിന്റെ ഒരു തുടർച്ചയും. ഭാവിതലമുറകൾക്ക് പ്രചോദനവും മാർഗ്ഗനിർദ്ദേശങ്ങളും നൽകി ചരിത്രം ശാശ്വതസ്മാരകങ്ങളായി നിലകൊള്ളുന്നു.

കാലത്തിന്റെ ചുവരെഴുത്തുകൾ വായിച്ചറിഞ്ഞ് ക്രിയാത്മകമായി പ്രവർത്തിച്ച ധ്യാന-കർമ്മയോഗിയായിരുന്നു ധന്യൻ കദളിക്കാട്ടിൽ മത്തായി അച്ചൻ. ദൈവം തനിക്ക് കനിഞ്ഞുനൽകിയ 'അവർണനീയദാനമായ പൗരോഹിത്യജീവിതത്തിന് കരുണാർദ്രസ്നേഹത്തിന്റെ പങ്കുവയ്ക്കലിലൂടെ സാക്ഷ്യംനൽകി മത്തായി അച്ചൻ തന്റെ ജീവിതം ധന്യമാക്കി. വേദന കാണുന്ന കണ്ണും നൊമ്പരം അറിയുന്ന മനസ്സും രോദനം കേൾക്കുന്ന കാതും മത്തായി

അച്ചന് ഉണ്ടായിരുന്നു. സക്രാരിത്തണലിൽ കണ്ണും നട്ടിരുന്ന ഈശോയുമായി ഇഴയടുപ്പമുള്ള ബന്ധം സ്ഥാപിച്ച മത്തായി അച്ചനു കിട്ടിയ ഉൾവെളിച്ചവും ജീവിതദർശനങ്ങളുമാണ്, മത്തായി അച്ചനെ കാരുണ്യസ്നേഹത്തിന്റെ ഉപാസകനായി രൂപപ്പെടുത്തിയത്. ഈശോയുടെ തിരുഹൃദയഭാവങ്ങൾ സമസൃഷ്ടികളിലേക്ക് കാരുണ്യത്തിന്റെ പുതുമഴയായി മത്തായി അച്ചനിലൂടെ പെയ്തിറങ്ങി.

ആത്മനിറവിൽ തിരുഹിതം മനസ്സിലാക്കിയ മത്തായി അച്ചൻ തന്റെ പ്രവർത്തനവേദിയായ കത്തീഡ്രൽ ഇടവകയിലെ കുടുംബങ്ങളിൽ കയറിയിറങ്ങി കാരുണ്യസ്നേഹം കൊടുത്ത് ദരിദ്രരും അഗതികളും ആലംബഹീനരുമായ ദൈവമക്കളുടെ മുറിവുണക്കി അവരെ ഈശോയുടെ ചാരത്തേക്ക് ആനയിച്ചു. ഈശോയുടെ തിരുഹൃദയഭക്തി പ്രചരണത്തിനും കാരുണ്യശുശ്രൂഷയ്ക്കുമുള്ള സംഭരണിയായി അച്ചന്റെ മനോമുകുരത്തിൽ തെളിഞ്ഞുവന്ന മനോഹരപുഷ്പമാണ് **'തിരുഹൃദയ സന്യാസിനീസമൂഹം'**. പാലായിൽ വിശുദ്ധിയുടെ വളക്കൂറുള്ള മണ്ണിൽ മത്തായി അച്ചനാൽ 1911 ജനുവരി 1 ന് നടപ്പെട്ട 'തിരുഹൃദയസഭാതരു' ഇന്ന് അഞ്ചു ഭൂഖണ്ഡങ്ങളിലായി 11 പ്രവിശ്യകളും ഒരു റീജിയനും നാലായിരത്തോളം അംഗങ്ങളുമുള്ള വലിയ വൃക്ഷമായി വളർന്നിരിക്കുന്നു. ഈ വളർച്ചയുടെ പിന്നിലുള്ള രഹസ്യം, ഈ സന്യാസിനീസമൂഹത്തിന്റെ ചൈതന്യവും ചാലകശക്തിയും മാനുഷികമല്ല; ദൈവികമാണ് എന്നതുതന്നെ.

നിരന്തരമുള്ള ദൈവചിന്താന്വേഷണവും അടിയുറച്ച ദൈവാശ്രയബോധവും വിനയാന്വിതവും കരുണാമസൃണവുമായ പ്രവർത്തനവും ലളിതമായ ജീവിതശൈലിയുമാണ് മത്തായി അച്ചന്റെ ജീവിതത്തെ മഹത്വപൂർണമാക്കിയതും മറ്റുള്ളവരിൽനിന്നും അച്ചനെ വ്യത്യസ്തനാക്കിയതും. സ്നേഹാഗ്നിയാൽ ജ്വലിക്കുന്ന ഈശോയുടെ തിരുഹൃദയത്തിൽനിന്നും ഊർജ്ജം ഉൾക്കൊണ്ട് ഈശോയുടെ തിരുഹൃദയത്തെ മഹത്വപ്പെടുത്തിയ മത്തായി അച്ചന്റെ അജപാലനപ്രവർത്തനങ്ങളായിരുന്നു ഇടവകസേവനം, വിദ്യാഭ്യാസ പ്രേഷിതത്വം, അഗതിപരിപാലനം, ആതുരശുശ്രൂഷ എന്നിവയെല്ലാം. തിരുഹൃദയസന്യാസിനീസമൂഹം ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി ഈശോയുടെ തിരുഹൃദയത്തിന് സാക്ഷ്യമേകുവാൻ ഈ മേഖലകളിലെല്ലാം ഇന്ന് വിശ്വസ്തതാപൂർവ്വം ശുശ്രൂഷ ചെയ്യുന്നു.

അപരന് വെളിവും വെളിച്ചവുമേകുവാൻ ഏവരെയും ഈശോ യുടെ കാരുണ്യസ്നേഹത്തിലൂടെ രക്ഷയിലേക്ക് ആനയിക്കാൻ തന്റെ ജീവനും ജീവിതവും സമർപ്പിച്ച – വിളിക്കുള്ളിലെ വിളിയോട് നൂറുശതമാനം വിശ്വസ്തത കാട്ടിയ പുണ്യപിതാവ് കദളിക്കാട്ടിൽ മത്തായി അച്ചന്റെ ചൈതന്യത്തോട് ചേർന്നുനിന്നുകൊണ്ട് വി. കുർബാനയായി മാറുവാനും സ്വയം ദാനംചെയ്ത് മറ്റുള്ളവർക്ക് രക്ഷയായി മാറി ദൈവത്തെ മഹത്വപ്പെടുത്തുവാനും നമുക്ക് ഓരോ രുത്തർക്കും കഴിയട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

കദളിക്കാട്ടിൽ മത്തായി അച്ചന്റെ ധന്യമായ ജീവിതം പുസ്ത കത്താളുകളിലേക്ക് പകർത്തുവാൻ സിസ്റ്റർ പെലാജിയ തെക്കേപറ മ്പിൽ കാണിച്ച താല്പര്യവും ശ്രദ്ധയും ശ്ലാഘനീയംതന്നെ. ശ്രമ കരമായ ഉദ്യമത്തിന് സി. പെലാജിയായെ പ്രേരിപ്പിച്ചത് സ്ഥാപക പിതാവ് കദളിക്കാട്ടിൽ മത്തായി അച്ചനോടുള്ള ആത്മാർത്ഥമായ സ്നേഹവും സഭാസമൂഹത്തോടുള്ള കൂറുമാണെന്ന് ഞാൻ മനസ്സി ലാക്കുന്നു. സി. പെലാജിയായ്ക്ക് ഹൃദയപൂർവ്വകമായ അഭിനന്ദന ങ്ങൾ!

'നല്ല സമറായൻ' എന്ന ശീർഷകത്തിൽ എഴുതപ്പെട്ട കദളിക്കാ ട്ടിൽ മത്തായി അച്ചന്റെ ജീവചരിത്രതാളുകളിലൂടെ കണ്ണോടിക്കു മ്പോൾ 'സ്ഥാപകപിതാവും ആദ്യാംഗങ്ങളും സഹിച്ച ത്യാഗങ്ങളും അനുഭവിച്ച യാതനകളും നമ്മുടെ കണ്ണുകളെ ഈറനണിയിക്കും. പൂർവ്വികരുടെ അചഞ്ചലമായ ദൈവാശ്രയബോധവും വ്യവസ്ഥയി ല്ലാത്ത സേവനതൃഷ്ണയും പങ്കുവയ്ക്കലിന്റെ ജീവിതവുമെല്ലാം പുതിയ തലമുറയ്ക്ക് ഉണർവും ഉന്മേഷവും പകരും.

തിരുഹൃദയസമൂഹസ്ഥാപകനായ കദളിക്കാട്ടിൽ മത്തായി അച്ചന്റെ കുടുംബപശ്ചാത്തലവും മക്കളുടെ വളർത്തലിൽ മാതാ പിതാക്കൾ കാണിക്കുന്ന ശ്രദ്ധയും കരുതലും വിശുദ്ധിയിൽ വള രാൻ മാതാപിതാക്കൾ കാണിക്കുന്ന താത്പര്യവുമെല്ലാം ആധുനിക കുടുംബജീവിതക്കാർക്ക് മാതൃകയും പ്രചോദനവുമാകും എന്നതിന് രണ്ടു പക്ഷമില്ല.

ആത്മാക്കളുടെ രക്ഷയ്ക്കായി – പാപികളുടെ മാനസാന്തരത്തി നായി മത്തായി അച്ചൻ ഏറ്റെടുത്ത ത്യാഗങ്ങളും കുമ്പസാരവേദിയെ ഉത്തമപ്രേഷിത പ്രവർത്തനവേദിയാക്കി മാറ്റിയതും കരുണാർദ്ര

സ്നേഹത്തിന്റെ നീർച്ചാലിൽ പാപികളെ കഴുകി വിശുദ്ധരാക്കുന്നതുമൊക്കെ വായിച്ചറിയുമ്പോൾ അച്ചനിൽ പ്രവർത്തിച്ച ദൈവപരിപാലനയുടെ അദൃശകരങ്ങൾ എത്ര ശക്തമായിരുന്നു എന്ന് നമുക്ക് ബോധ്യപ്പെടും.

ഇല്ലായ്മയിലും ഉള്ളായ്മയിലും ഒന്നിച്ചിരുന്ന് കൂട്ടായ്മയുടെ സന്തോഷം അനുഭവിച്ച് തിരുഹൃദയത്തെ മഹത്വപ്പെടുത്തിയ ആദ്യകാലചൈതന്യം നമ്മുടെ ഓരോ ഭവനങ്ങളിലേക്കും തിരിച്ചുവന്നിരുന്നെങ്കിൽ എന്ന് ആഗ്രഹിക്കുകയും അതിനായി അദ്ധ്വാനിക്കുകയും ചെയ്യാം. കാരുണ്യകുളിർമഴയിൽ മനുഷ്യഹൃദയങ്ങളെ സമാധാനത്തിന്റെയും ശാന്തിയുടെയും തീരത്തേക്ക് എത്തിച്ച ധന്യൻ കദളിക്കാട്ടിൽ മത്തായി അച്ചനെപോലെ പുണ്യത്തിന്റെ പാതയിൽ അനുസരണത്തിന്റെ മാർഗ്ഗത്തിൽ വിശുദ്ധിയിൽ നമുക്കും പുനർസമർപ്പണം നടത്താം.

സി. പെലാജിയ ഏറ്റെടുത്ത ജീവചരിത്രരചന വിശ്വസ്തതയോടെ പൂർത്തിയാക്കി. മുമ്പ് തയ്യാറാക്കിയിരുന്ന രണ്ടു ജീവചരിത്രഗ്രന്ഥങ്ങളുടെ പിൻബലവും ഇതരസ്രോതസ്സുകളിൽനിന്നും കിട്ടിയ അറിവും അനുഭവസാക്ഷ്യങ്ങളും 'നല്ല സമറായൻ' എന്ന ജീവചരിത്രഗ്രന്ഥത്തിന് സമഗ്രതയും ആധികാരികതയും നൽകുന്നു. തിരുഹൃദയസന്യാസിനീസമൂഹത്തിന്റെ ഉദയവും നാളിതുവരെയുള്ള വളർച്ചയും ഇന്നലെകളെയും ഇന്നുകളെയും കോർത്തിണക്കി സത്യമായും വ്യക്തമായും രേഖപ്പെടുത്തിയിരിക്കുന്നതിനാൽ സഭാസമൂഹത്തിന് ഇത് ഒരു മുതൽക്കൂട്ടാണ് എന്നതിൽ തെല്ലും സംശയമില്ല. സി. പെലാജിയായിൽ നിന്നും ഇനിയും ഈടുറ്റ അനേകം കൃതികൾ ലഭിക്കട്ടെ എന്ന് ആഗ്രഹിക്കുന്നു. ലോകത്തിന് എന്നുമെന്നും സി. പെലാജിയാ ഒരനുഗ്രഹമായിത്തീരാൻ കരുണാസമ്പന്നനായ ദൈവം കനിഞ്ഞനുഗ്രഹിക്കട്ടെ എന്ന് ആശംസിക്കുന്നു.

കോട്ടയം
30.04.2018

**സി. ലിറ്റിൽ ട്രീസാ എസ്.എച്ച്.**
സുപ്പീരിയർ ജനറൽ



# അവതാരിക

കാലഘട്ടത്തെ പകുത്തുകൊണ്ട് കാലാതിർത്തിയോളം നീണ്ടു നിൽക്കുന്ന സാന്നിധ്യമായ് കടന്നുവന്ന ക്രിസ്തുവിന്റെ പാതയെ അനുധാവനംചെയ്ത് കാലത്തിനുമുമ്പെ നടന്നുനീങ്ങിയ കർമ്മയോഗിയാണ് ധന്യൻ കദളിക്കാട്ടിൽ മത്തായിയച്ചൻ. അച്ചന്റെ ജീവിതത്തെ ഏറ്റവും പരമാർത്ഥമായ രീതിയിൽ ഈ പുസ്തകത്തിലൂടെ അവതരിപ്പിക്കുകയാണ് റവ. സി. പെലാജിയ എസ്.എച്ച്. ഇതിനുമുമ്പും ഏറെ ഗ്രന്ഥരചന നടത്തിയിട്ടുള്ള സിസ്റ്റർ പെലാജിയ ധന്യൻ കദളിക്കാട്ടിലച്ചന്റെ ജീവിതത്തെ അതിവിദഗ്ധമായി അനാവരണം ചെയ്തിരിക്കുന്നു. സത്യത്തോട് നൂറു ശതമാനം നീതി പുലർത്തിക്കൊണ്ട് രചിച്ചിട്ടുള്ള ഈ ഗ്രന്ഥം അനേകരുടെ ജീവിതത്തിൽ പ്രകാശം പരത്തുമെന്നുറപ്പാണ്. ധന്യൻ കദളിക്കാട്ടിലച്ചന്റെ ജീവിതം ആദ്യന്തം വളരെ വ്യക്തമായ ഭാഷയിലും ശൈലിയിലും എടുത്തുകാണിക്കുകയാണിവിടെ. തന്റെ ജീവിതത്തിലൂടെ കണ്ടും കേട്ടും അനുഭവിച്ചും അറിഞ്ഞ അച്ചനെക്കുറിച്ച് ഒരു പുസ്തകത്താളിൽമാത്രം ഒതുക്കാൻ പറ്റുന്നതല്ലെന്നറിയാമെങ്കിലും കാലത്തിന്റെ ആവശ്യങ്ങൾ പരിഗണിച്ച് ക്രമവൽകൃതമായ രീതിയിൽ പുസ്തകരചന നടത്തിയിട്ടുണ്ട്. 19-ാം നൂറ്റാണ്ടിൽ ജനിച്ച്, ഇരുപതാം നൂറ്റാണ്ടിൽ വെളിച്ചമേകി നൂറ്റാണ്ടുകൾക്കുമുമ്പെ നടന്ന കർമ്മയോഗി സമൂഹത്തിന്റെ വിവിധ മേഖലകളിൽ സകല വിഭാഗത്തിനും വെളിച്ചം നൽകുന്നതിൽ ശ്രദ്ധേയമായ കാൽവയ്പാണ് നടത്തിയത്. വിളക്കണഞ്ഞുവെങ്കിലും വെളിച്ചം പരത്തുന്ന അഗ്നിനാളമാണ് ധന്യൻ കദളിക്കാട്ടിൽ മത്തായിയച്ചൻ. ഈശോയുടെ തിരുഹൃദയത്തിൽനിന്നും ശക്തി സ്വീകരിച്ച് സമസൃഷ്ടങ്ങൾക്കിടയിൽ കാരുണ്യമായ് അവതരിച്ച്, വിശക്കുന്നവന്റെ മുമ്പിൽ അപ്പമായും ദാഹിക്കുന്നവന്റെ മുമ്പിൽ ജീവജലമായും അച്ചൻ അവതരിക്കുകയായിരുന്നു. ദൈവാലയത്തിനുള്ളിലെ ദൈവാലയമെന്നപോലെ, ദിവ്യകാരുണ്യനാഥനോടുള്ള സ്നേഹത്താൽ ജ്വലിച്ച്, ദിവ്യകാരുണ്യഭക്തിയുടെ പ്രചാരകനായി അദ്ദേഹം മാറി. വേദനിക്കുന്നവന്റെ കണ്ണീർപ്പാടങ്ങളിലേക്ക് സ്നേഹത്തിന്റെ വിത്തു വാരിയെറിഞ്ഞ്, ജാതിമതഭേ

ദമെന്യേ മനുഷ്യഹൃദയങ്ങളിലേക്കു നടന്നുകയറാൻ അച്ചനു സാധിച്ചു. ദിവ്യകാരുണ്യത്തിൽനിന്നും സ്വീകരിച്ച ശക്തി, സമൂഹമധ്യത്തിൽ അഗ്നിസമാനം ജ്വലിച്ചുയരുവാൻ, അതുവഴി ഇരുളടഞ്ഞ അനേകം ഹൃദയങ്ങളിൽ പ്രതീക്ഷയുടെ തിരിനാളം കൊളുത്തുവാൻ അച്ചനു സാധിച്ചുവെന്നത് അച്ചന്റെ ജീവിതത്താളുകളിലൂടെ കടന്നുപോകുമ്പോൾ മനസ്സിലാക്കാനാവും. നിരന്തരം ദൈവവുമായ് ബന്ധം നിലനിർത്തിയിരുന്ന അച്ചന്റെ ജീവിതം ദൈവം കയറിയിറങ്ങുന്ന ഒരു ഗോവണിയായിരുന്നു. കദളിക്കാട്ടിലച്ചന്റെ ജീവിതത്തിന്റെ സമസ്ത മേഖലകളെയും ഈ ഗ്രന്ഥത്തിൽ അനാവരണം ചെയ്തിട്ടുണ്ട്. ചുരുക്കത്തിൽ കാലത്തെ നവീകരിച്ച, നവോത്ഥാനത്തിന് തുടക്കമിട്ട ഒരു സാമൂഹ്യപരിഷ്കർത്താവെന്നതിലുപരി, ദൈവത്തിന്റെ കരംപിടിച്ച്, സമൂഹത്തിനു മുമ്പിൽ ജ്വലിച്ചുനിന്ന ഒരു അരുന്ധതീനക്ഷത്രമാണ് ധന്യൻ കദളിക്കാട്ടിൽ മത്തായിഅച്ചൻ. ചിലർക്ക് താങ്ങായ്, മറ്റു ചിലർക്ക് തണലായ്, വേറെ ചിലർക്ക് ചവിട്ടുപടിയായി മാറിയ അച്ചന്റെ ജീവിതം പ്രധാനമായും സമൂഹത്തിന്റെ പിന്നാമ്പുറങ്ങളിൽ കഴിയുന്നവരെ തേടിയിറങ്ങിയതായിരുന്നു. ചരിക്കുന്നിടം വിശുദ്ധഭൂമിയായും ഇരിക്കുന്നിടം ശ്രീകോവിലായും തീർത്തുകൊണ്ട് അഗതികളുടെ ജീവിതവീഥികളിൽ അച്ചൻ കാരുണ്യത്തിന്റെ പുണ്യതീർത്ഥമായ് പെയ്തിറങ്ങി. അച്ചന്റെ ജീവിതത്തിന്റെ നാൾവഴികളിലൂടെ കണ്ണോടിച്ചാൽ നമുക്ക് അത് ദൃശ്യമാകും. സമൂഹത്തിന്റെ പ്രശ്നങ്ങളെ നെഞ്ചിലെ നെരിപ്പോടായി സൂക്ഷിച്ച് അതിനായി പരിഹാരം കണ്ടെത്താൻ യത്നിക്കുന്ന ഒരു കർമ്മവര്യനെ നമുക്ക് അനശ്വരസ്മരണയുടെ അനർഘനിമിഷങ്ങൾ എന്ന അദ്ധ്യായത്തിൽനിന്നു വായിച്ചെടുക്കാനാവും.

ഭാരതത്തിന്റെ പുണ്യപിതാവായ മാർത്തോമ്മാശ്ലീഹായിൽ നിന്നും ലഭിച്ച വിശ്വാസത്തെ നെഞ്ചോടുചേർത്ത് തലമുറകളിലൂടെ കൈമാറ്റം ചെയ്യപ്പെട്ട ക്രൈസ്തവപാരമ്പര്യം കാത്തുസൂക്ഷിച്ച കദളിക്കാട്ടിൽ കുടുംബം ജീവിതത്തിന്റെ ഗതിവിഗതികളിലും പ്രതിസന്ധികളിലും വിശ്വാസത്തിന്റെ ചിരാത് ജീവിതത്തിൽ തെളിച്ചു നിർത്തിയെന്നും ആ വിശ്വാസം ജീവിതത്തിലെന്നും ഒരു ഊന്നുവടിയായ് ചേർത്തുപിടിച്ചുവെന്നും കുടുംബപശ്ചാത്തലത്തിലൂടെ കടന്നുപോകുമ്പോൾ മനസ്സിലാക്കാനാകും.

അഗ്നിശുദ്ധി വരുത്തിയ ഒരു ബാല്യകാലത്തിന്റെ പശ്ചാത്തലം വൈദികപഠനത്തിലേക്കു നടന്നുകയറിയ വഴികളിൽ വന്നുഭവിച്ച പ്രതിസന്ധികളെ സധൈര്യം അതിജീവിക്കുവാൻ അച്ചനു കരു

ത്തേകി. നിസ്സാരപ്രശ്നങ്ങൾക്കു മുമ്പിൽ നിരാശയിലടിയുന്ന ആധുനികയുവത്വത്തിനൊരു വഴികാട്ടിയായി അച്ചന്റെ ജീവിതം കരുത്തേകുന്നുവെന്ന് വൈദികപഠനമെന്ന അധ്യായത്തിൽനിന്നു ദർശിക്കാനാവും.

പാദം ഭൂമിയിലൂന്നി ഹൃദയം ദൈവത്തിലുറപ്പിച്ച്, നിത്യതയെ ലക്ഷ്യമാക്കി നീങ്ങുമ്പോഴും കരങ്ങൾ സഹോദരങ്ങളിലേക്കും കാതുകൾ ദൈവശബ്ദത്തിലേക്കും നീട്ടിയ ദൈവത്തിന്റെ കൈയൊപ്പുള്ള അഭിഷിക്തനായിരുന്നു കദളിക്കാട്ടിലച്ചനെന്ന് ഇടവകസേവനത്തെക്കുറിച്ച് വായിക്കുമ്പോൾ തിരിച്ചറിയാം. ദൈവത്തിനൊരു ആലയം പണിതുയർത്താൻ താല്പര്യം കാണിച്ച സോളമനെപ്പോലെ മനുഷ്യഹൃദയങ്ങളിൽ ദൈവാലയം തീർക്കാൻ അച്ചനു സാധിച്ചു. ആർസിലെ വികാരിയെപ്പോലെ, മണിക്കൂറുകൾ കുമ്പസാരക്കൂട്ടിലായിരുന്നുകൊണ്ട്, പാപികളുടെ മാനസാന്തരത്തിനു വേണ്ടി, നിരന്തരമായി യത്നിച്ചു. ഉടയവൻ ചാർത്തിയ പൗരോഹിത്യമുദ്ര ഇടവകജീവിതത്തിൽ ഫലപ്രദമായി പകർന്നുകൊടുക്കാൻ ദത്തശ്രദ്ധനായിരുന്നുകൊണ്ട് തൊട്ടറിഞ്ഞ ഈശോയെ മതബോധനവേദിയിലും പാപസങ്കീർത്തനവേദിയിലും നിർലോപം പങ്കുവച്ചു.

ചെയ്യാവുന്ന നന്മകളെല്ലാം സമൂഹത്തിനായ് ചെയ്ത്, സമൂഹമധ്യത്തിൽ സ്നേഹത്തിന്റെ, സേവനത്തിന്റെ ചാലുകീറിയ അച്ചന്റെ അജപാലനശുശ്രൂഷയിലുയർന്നുവന്ന ഉൾക്കാഴ്ചയായിരുന്നു തിരുഹൃദയസന്യാസിനീസമൂഹസ്ഥാപനം. വളർന്നുപന്തലിച്ച് പ്രഭവിടർത്തിനിൽക്കുന്ന പ്രസ്തുത സമൂഹത്തിന്റെ സ്ഥാപനവും അത്ര എളുപ്പമേറിയതായിരുന്നില്ല. മരുഭൂമിയിൽ തപിച്ച്, ജോർദ്ദാനിൽ നനഞ്ഞ്, കാൽവരിയിൽ പിടഞ്ഞ ഈശോയുടെ തിരുഹൃദയത്തിന്റെ പേരിലൊരു സഭ സ്ഥാപിക്കുകയെന്നത് നിസ്സാരകാര്യമായിരുന്നില്ല എന്നത് തിരുഹൃദയസഭാസ്ഥാപനത്തിന്റെയും അതിന്റെ പ്രാരംഭദശയുടെയും ചരിത്രവഴികൾ വ്യക്തമാക്കുന്നു. കടുകുമണി ഫലമണിയുന്നത് ആകാശത്തോളം ഉയരുമ്പോഴോ, ഭൂതലത്തോളം പടരുമ്പോഴോ അല്ല മറിച്ച് ആകാശപ്പറവകൾക്കു കൂടു കൂട്ടാനൊരിടം കൊടുക്കുമ്പോഴാണ് എന്ന വസ്തുത 'അനാഥസംരക്ഷണ'ത്തിന്റെ പേജുകളിൽനിന്നും വായിച്ചെടുക്കാനാവുന്നതാണ്. 'തിരുഹൃദയസഭ വളർച്ച'യുടെ പാതയിലൂടെ നീങ്ങിക്കൊണ്ട്, നിത്യതയെ ലക്ഷ്യമാക്കി പ്രയാണം ചെയ്യുന്നുവെന്ന്, പുതിയ മഠങ്ങളുടെ സ്ഥാപനത്തിൽനിന്നും കണ്ടെത്താവുന്നതാണ്.

ചുരുക്കത്തിൽ, മാറുന്ന കാലത്തിന്റെ മാറ്റത്തിനനുസരിച്ച്, ചൈതന്യമുൾക്കൊള്ളാനും ലോകത്തിനു മുമ്പിൽ പ്രകാശം പരത്തുന്ന അഗ്നിഗോളമായ് നിൽക്കുവാനും തിരുഹൃദയസന്യാസിനി സമൂഹത്തിനു കഴിയുന്നുണ്ട്. ബഹുമാനപ്പെട്ട അച്ചൻ ഏതെങ്കിലുമൊരു വിഭാഗത്തിന്റേതു മാത്രമായിരുന്നില്ല. മറിച്ച് ചുറ്റുമുള്ളവർക്കു വേണ്ടി പരിമളം പരത്തുന്ന സുഗന്ധവാഹിനിയായിരുന്നു. ഉറകെടാത്ത ഈ ജീവിതം തൊടാത്ത സാമൂഹ്യപ്രശ്നങ്ങളില്ലായിരുന്നു. നിറഞ്ഞുനിന്ന് സൗരഭ്യം പടർത്തുന്ന നിശാഗന്ധിപോലെ, കദളിക്കാട്ടിലച്ചനെന്ന തിരുഹൃദയഭക്തൻ, മനുഷ്യരുടെ ഇടയിലെ ദൈവികമനുഷ്യനായിരുന്നു. ദൈവത്തോടുള്ള പ്രതിസ്നേഹം വേദനിക്കുന്നവരിൽ പ്രതിഫലിപ്പിക്കാൻ വെമ്പൽകാണിച്ച അച്ചൻ, മാനുഷികബന്ധങ്ങൾ നിലനിർത്തിക്കൊണ്ട്, നവീകൃതമായ സാമൂഹികജീവിതം പടുത്തുയർത്താൻ പാതയൊരുക്കിയെന്ന് തുടർന്നുള്ള അധ്യായങ്ങളിൽനിന്ന് ദർശിക്കാനാവുമെന്ന് പുസ്തകത്തിന്റെ ഓരോ പേജിലൂടെയും കടന്നുപോയപ്പോൾ എനിക്കു മനസ്സിലായി.

അങ്ങനെ, ശബ്ദമില്ലാത്തവരുടെ ശബ്ദമാകാനും പാർശ്വവൽക്കരിക്കപ്പെട്ടവരുടെ സ്നേഹിതനാകാനും ധന്യൻ കദളിക്കാട്ടിലച്ചനു സാധിച്ചുവെന്ന് എനിക്ക് നിസ്സംശയം പറയാനാവും. കാലത്തിന്റെ നിമ്നോന്നതകളെ തിരിച്ചറിഞ്ഞ്, ലോകത്തിന്റെ ഗതിവിഗതികളെ നേരിന്റെ പാതയിൽ നയിക്കാൻ ദൈവം കാലാകാലങ്ങളിൽ ചിലരെ അയയ്ക്കാറുണ്ട്. ഇപ്രകാരം ദൈവത്താൽ പ്രത്യേകം അയയ്ക്കപ്പെട്ട ദൈവത്തിന്റെ അംബാസിഡർ ആയിരുന്നു അച്ചൻ എന്ന് ഈ ഗ്രന്ഥത്തിൽനിന്നും നമുക്ക് കണ്ടെത്താനാകും. അനേകരുടെ ജീവിതത്തിൽ ഒരു ചൂണ്ടുപലകയായ് തീരാൻ ഈ ഗ്രന്ഥത്തിനു കഴിയട്ടെ എന്നാശംസിക്കുന്നു. ബഹുമാനപ്പെട്ട പെലാജിയാമ്മയുടെ ഈ സംരംഭത്തിന് എല്ലാവിധ ഭാവുകങ്ങളും ആശംസകളും നേരുന്നു. ഇങ്ങനെയൊരു ഗ്രന്ഥരചന നടത്തി അച്ചനെ സമൂഹത്തിനു മുമ്പിൽ ആഴത്തിൽ അവതരിപ്പിക്കാൻ സൗമനസ്യം കാണിച്ച പെലാജിയാമ്മയ്ക്ക് എന്റെ സ്വന്തം പേരിലും സമൂഹാംഗങ്ങളുടെ മുഴുവൻ പേരിലും അനുമോദനം അറിയിക്കുന്നു. എല്ലാവിധ ഭാവുകങ്ങളും ആശംസിച്ചുകൊണ്ട്,

**സി. മെർളിൻ അരീപ്പറമ്പിൽ എസ്.എച്ച്.**
പ്രൊവിൻഷ്യൽ സുപ്പീരിയർ

പാലാ
29.04.2018



# ആമുഖം

ഭാഷണമില്ല, വാക്കുകളില്ല, ശബ്ദം പോലും കേൾക്കാനില്ല. എന്നിട്ടും അവയുടെ സ്വരം ഭൂമിയിലെങ്ങും വ്യാപിക്കുന്നു. അവയുടെ വാക്കുകൾ ലോകത്തിന്റെ അതിർത്തിയോളം മുഴങ്ങുന്നു. (സങ്കീ. 19 3 – 4) വാക്കുകളുടെ ബാഹുല്യത്തേക്കാൾ ജീവിതത്തിന്റെ വിശുദ്ധികൊണ്ട് ദൈവസ്നേഹത്തിന്റെ അഗ്നി ഉജ്ജ്വലിപ്പിക്കാൻ കഴിയുന്നവരെയാണ് ലോകം മാനിക്കുന്നത്. പ്രവർത്തിച്ചുകൊണ്ട് അജ്ഞതയുടെ ഇരുളകറ്റി ജീവിതം ധന്യമാക്കുന്ന പ്രവാചക ശബ്ദത്തെ ഏവരും ആദരിക്കുന്നു.

മറ്റുള്ളവരിൽ നിന്നു വേറിട്ടുചിന്തിക്കുകയും സമൂഹത്തിന്റെ ആവശ്യങ്ങളാൽ തൊട്ടുണർത്തപ്പെടുകയും നൂതന സംരംഭങ്ങൾക്കായി ഇറങ്ങിത്തിരിക്കുകയും ചെയ്ത മനുഷ്യരാണ് ലോകത്തെ പുരോഗതിയിലേയ്ക്ക് നയിച്ചിട്ടുള്ളവർ. അവർക്ക് ധാരാളം എതിർപ്പുകൾ ഉണ്ടായേക്കാം. ചിലപ്പോൾ പരിഹാസ പാത്രങ്ങളായേക്കാം. തന്നെയുമല്ല നൂതന ആശയങ്ങൾ പ്രാവർത്തികമാക്കാൻ ശ്രമിക്കുമ്പോൾ ധാരാളം പ്രതിസന്ധികളും നിരുത്സാഹപ്പെടുത്തലുകളും ഉണ്ടാവുക സാധാരണവുമാണല്ലോ. ഇതിന് ഒരു അപവാദമായിരുന്നില്ല കദളിക്കാട്ടിൽ ബഹു. മത്തായി അച്ചന്റെ ജീവിതവും. തന്റെ ജീവിതത്തിൽ അഭിമുഖീകരിക്കേണ്ടി വന്ന ആകുലതകളും വേദനകളും പ്രതിസന്ധികളും രോഗങ്ങളും സഹനങ്ങളും എല്ലാം വിശുദ്ധിയിലേയ്ക്കുള്ള ചവിട്ടുപടികളാണെന്ന് മനസ്സിലാക്കി ദൈവഹിതത്തിന് പൂർണ്ണമായി വിധേയപ്പെട്ട് അദ്ദേഹം തന്റെ ജീവിതം ധന്യമാക്കി. പ്രതിസന്ധികളുടെ നടുവിലും പതറാതെയുള്ള അദ്ദേഹത്തിന്റെ വിശ്വാസ ജീവിതവും ദൈവതിരുമനസ്സിനോടുള്ള വിധേയത്വവും എന്നും ഏവർക്കും അനുകരണീയമാണ്.

58 വർഷങ്ങൾക്കുമുമ്പ് അച്ചനെ നേരിട്ട് പരിചയമുണ്ടായിരുന്ന ശ്രീ. ഡി.കുരുവിള മനയാനിക്കൽ തിരുഹൃദയസഭാ സമൂഹത്തിന്റെ സുവർണ്ണ ജൂബിലി സ്മാരകമായി കദളിക്കാട്ടിൽ ബഹു. മത്തായി അച്ചന്റെ ജീവചരിത്രം എഴുതി പ്രസിദ്ധീകരിച്ചിരുന്നു. അച്ചനെ അദ്ദേഹത്തിനു നേരിട്ടു പരിചയമുണ്ടായിരുന്നു. കൂടാതെ സഭയിലെ ആദ്യഅംഗങ്ങളിൽ ഒരാളും തന്റെ സ്വന്തം സഹോദരിയും സഭയിലെ ആദ്യഅംഗങ്ങളിൽ ഒരാളുമായിരുന്ന ഫിലോമിനാമ്മയിൽനിന്നും മറ്റു സിസ്റ്റേഴ്സിൽ നിന്നും, തന്റെ സുഹൃത്തുക്കളായ വൈദികരിൽനിന്നും, ലഭിച്ച വിവരങ്ങളും സഭയുടെ നാളാഗമവും ജീവചരിത്ര രചനയ്ക്കു സഹായകമായിട്ടുണ്ട് എന്ന് ആദ്യ കൃതിയിൽ അദ്ദേഹം തന്നെ പ്രസ്താവിച്ചിട്ടുണ്ട്. ഈ ജീവചരിത്ര ഗ്രന്ഥത്തിന്റെ കോപ്പികൾ തീർന്നു പോയതിനാൽ കുറെക്കൂടി വിവരങ്ങൾ ശേഖരിച്ച് പരിഷ്ക്കരിച്ച ഒരു പതിപ്പ് ആവശ്യമായിവന്നു. അന്നത്തെ സുപ്പീരിയർ ജനറലായിരുന്ന സി. തെരേസാ മാർഗ്ഗരറ്റിന്റെ പ്രത്യേക താല്പര്യപ്രകാരം പ്രസ്തുത ഗ്രന്ഥത്തിന്റെ ഒരു പരിഷ്ക്കരിച്ച പതിപ്പ് 1985 –ൽ സി. മാഗ്ദലിൻ എസ്.എച്ച്. എഴുതി പ്രസിദ്ധീകരിച്ചു. ഈ ഗ്രന്ഥമായിരുന്നു ഇക്കാലമത്രയും ധന്യൻ കദളിക്കാട്ടിൽ അച്ചന്റെ ജീവചരിത്രമായുണ്ടായിരുന്നത്. എന്നാൽ ഇപ്പോൾ അതിന്റെ കോപ്പികളും തീർന്നിരിക്കുകയാൽ വീണ്ടും പരിഷ്ക്കരിച്ച ഒരു പതിപ്പിന്റെ ആവശ്യം മനസ്സിലാക്കിയ പാലാ എസ്.എച്ച്. പ്രോവിൻസിന്റെ പ്രൊവിഷ്യൽ സുപ്പീരിയർ സി. മെർലിൻ അരീപ്പറമ്പിലിന്റെ നിർദ്ദേശപ്രകാരം ഈ പതിപ്പ് എഴുതി തയ്യാറാക്കിയിരിക്കുകയാണ്.

കാലഘട്ടത്തിന്റെ വെല്ലുവിളികളെ ധീരതയോടെ നേരിട്ട് ദൈവത്തിന്റെ ശബ്ദമായി സമൂഹത്തിൽ നിലകൊണ്ടു എന്നത് മത്തായി അച്ചന്റെ സവിശേഷതയാണ്. ദൈവികസാന്നിദ്ധ്യം നല്കുന്ന സ്വച്ഛതയും ശാന്തതയും അനുഭവിക്കാൻ, അമിതമായ ജീവിതവ്യഗ്രതയും മാധ്യമങ്ങളുടെ ദുരുപയോഗവുംമൂലം ആധുനികതലമുറയ്ക്ക് സാധിക്കാതെ വരുന്നു. ഇത്തരുണത്തിൽ ഏത് അഗ്നി പരീക്ഷണങ്ങളിലും പ്രതിസന്ധികളിലും മനസ്സ് പതറാത്ത ഈശോയുടെ തിരുഹൃദയത്തിൽ തന്റെ ജീവിതത്തിന്റെ നങ്കൂരമുറപ്പിച്ച് യഥാർത്ഥ ശാന്തിയും സമാധാനവും അനുഭവിച്ച മത്തായി അച്ചന്റെ ജീവിതം ഒരു വഴിവിളക്കാണ്. മനുഷ്യമനസ്സിന്റെ ഇരുളടഞ്ഞ വശങ്ങളെ പ്രകാശിപ്പിക്കാനും, കാലഘട്ടത്തിന്റെ ആവശ്യങ്ങളെ സുവിശേഷാത്മകമായ രീതിയിൽ കാണുവാനുമുള്ള ഉൾവെളിച്ചവും ആത്മീയ

കരുത്തും അദ്ദേഹത്തെ ഇതരവ്യക്തികളിൽ നിന്ന് വ്യത്യസ്ത നാക്കുന്നു.

ഈശോയുടെ തിരുഹൃദയത്തിലേക്ക് മിഴികളുയർത്തി ആ തിരുഹൃദയത്തിന്റെ ദാസനായി ജീവിതം സമർപ്പിച്ച പുണ്യശ്ലോകനാണ് ധന്യൻ കദളിക്കാട്ടിൽ മത്തായി അച്ചൻ. തീക്ഷ്ണമതിയായ തിരുഹൃദയപ്രേഷിതനായിരുന്ന ഈ ധന്യാത്മാവിന്റെ ജീവിതവും പ്രവർത്തനങ്ങളും അനുഭവസാക്ഷ്യങ്ങളും ലളിതമായ ഭാഷയിൽ ഈ ഗ്രന്ഥത്തിൽ പ്രതിപാദിക്കാൻ ശ്രമിച്ചിട്ടുണ്ട്.

ഈ ഗ്രന്ഥരചനയ്ക്ക് ആശംസകളും നന്മയും നേർന്ന് അനുഗ്രഹിച്ച പാലാ രൂപതയുടെ മെത്രാൻ മാർ ജോസഫ് കല്ലറങ്ങാട്ടു പിതാവിനോടും സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ പിതാവിനോടുമുള്ള ഹൃദയം നിറഞ്ഞ നന്ദി ഇവിടെ രേഖപ്പെടുത്തുന്നു.

വളരെ താല്പര്യപൂർവ്വം സന്ദേശം നൽകിയ തിരുഹൃദയ സന്യാസിനീ സമൂഹത്തിന്റെ സുപ്പീരിയർ ജനറൽ സി.ലിറ്റിൽ ട്രീസായോടും ഈ ജീവചരിത്രഗ്രന്ഥം എഴുതുന്നതിനും പ്രകാശനം ചെയ്യുന്നതിനും പ്രോത്സാഹനവും പിന്തുണയും നൽകുകയും ഒപ്പം അവതാരിക എഴുതുകയും ചെയ്ത സേക്രട്ട്ഹാർട്ട് പ്രോവിൻസ് പാലായുടെ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. മെർളിൻ അരീപ്പറമ്പിലിനോടുമുള്ള നന്ദിയും കടപ്പാടും സ്നേഹപൂർവ്വം അറിയിക്കുന്നു. ഈ ഗ്രന്ഥം പ്രകാശനം ചെയ്തതിന്റെ പിന്നിൽ എന്നെ സഹായിച്ചിട്ടുള്ള എല്ലാവരേയും നന്ദിയോടെ അനുസ്മരിക്കുന്ന ഡി.റ്റി.പി. വർക്കുകൾ ചെയ്ത പാലാ ക്രിസ്തുരാജ് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിലെ ശ്രീമതി സജീഷയേയും പ്രൂഫ് റീഡിംഗ് നടത്തി വേണ്ട തിരുത്തലുകൾ നൽകിയ സി. ലിറ്റിൽ തെരേസ് എസ്.എച്ച്. നെയും കവർ ഡിസൈനിംഗ്, പ്രിന്റിംഗ് എന്നിവ വളരെ മനോഹരമായി ചെയ്ത പാലാ സെന്റ് തോമസ് പ്രസിലെ സ്റ്റാഫംഗങ്ങൾ എല്ലാവരെയും ഏറെ നന്ദിയോടെ ഓർമ്മിക്കുന്നു.

ധന്യൻ കദളിക്കാട്ടിൽ മത്തായി അച്ചനിലൂടെ ഈശോയുടെ തിരുഹൃദയത്തിൽ നിന്നും എല്ലാവിധ കൃപാവരങ്ങളും പ്രിയപ്പെട്ട വായനക്കാർക്കെല്ലാം ലഭിക്കട്ടെ എന്ന് ഹൃദയപൂർവ്വം ആശംസിക്കുന്നു, പ്രാർത്ഥിക്കുന്നു.

# ഉള്ളടക്കം


1. അനശ്വരസ്മരണയുടെ അനർഘനിമിഷങ്ങൾ ........ 21
2. കുടുംബപശ്ചാത്തലം ........ 24
3. വൈദികപഠനം ........ 30
4. ഇടവക സേവനം ........ 37
5. സേവനം പാലാ വലിയപള്ളിയിൽ ........ 46
6. തിരുഹൃദയസഭയുടെ സ്ഥാപനം ........ 54
7. തിരുഹൃദയസമൂഹത്തിന്റെ പ്രാരംഭനാളുകൾ ........ 66
8. സമൂഹം സന്യാസസഭയായി രൂപം കൊള്ളുന്നു ........ 75
9. തിരുഹൃദയസഭ വളർച്ചയുടെ പാതയിൽ ........ 80
10. ബഹു. മത്തായി അച്ചന്റെ ഇതര പ്രവർത്തനങ്ങൾ ........ 87
11. വീണ്ടും കർമ്മരംഗത്ത് ........ 105
12. ജീവിത സായാഹ്നം ........ 109
13. കത്തുകൾ ........ 120
14. അനുഭവസാക്ഷ്യങ്ങൾ ........ 133
15. വ്യക്തിത്വ സവിശേഷതകൾ ........ 167
16. ആദ്ധ്യാത്മികപ്രചോദനത്തിന്റെയും മാദ്ധ്യസ്ഥ്യത്തിന്റെയും കേന്ദ്രം ........ 201

# ധന്യമീജീവിതം

- ✧ ഒരു സന്യാസി ആയിരുന്നില്ലെങ്കിലും സന്യാസ സവിശേഷമായ സുകൃതങ്ങൾ സ്വാംശീകരിച്ച തീക്ഷ്ണമതിയായ ഒരു ഇടവക വൈദികൻ.
- ✧ ക്രിസ്തീയ പൗരോഹിത്യം അതിന്റെ വിശുദ്ധിയിലും തനിമയിലും പൂർണ്ണതയിലും വിശ്വസ്തതാപൂർവ്വം കാത്തുസൂക്ഷിച്ച ക്രിസ്തുവിന്റെ അഭിഷിക്തൻ.
- ✧ ലാളിത്യവും വിനയവും സ്വന്തം ജീവിതത്തിൽ പകർത്തിയ ക്രിസ്തു അനുയായി.
- ✧ ഈശോയുടെ കരുണാർദ്രഹൃദയത്തിൽ സമസ്തവും സമർപ്പിച്ച് ആത്മനിർവൃതിയടയുകയും ആ അഭയസങ്കേതത്തിലേയ്ക്ക് അനേകരെ ആകർഷിച്ച് ആനയിക്കുകയും ചെയ്ത തിരുഹൃദയ പ്രേഷിതൻ.
- ✧ ആദ്ധ്യാത്മിക പ്രബോധനങ്ങളിലൂടെയും അനുതാപസങ്കീർത്തനങ്ങളിലൂടെയും ആത്മാക്കളുടെ രക്ഷയിൽ അത്യന്തം ജാഗരൂകനായിരുന്ന ആത്മീയ അജപാലകൻ
- ✧ ഇടവകസമൂഹത്തിന്റെ ആത്മീയ ഉൽക്കർഷത്തിലെന്നപോലെ ഭൗതിക സുസ്ഥിതിയിലും ക്ഷേമകാര്യങ്ങളിലും ദത്തശ്രദ്ധനായിരുന്ന ഒരു പ്രായോഗിക ഭരണാധികാരി.
- ✧ സമൂഹത്തിന്റെ സാംസ്കാരിക പുരോഗതി മുൻനിർത്തി വനിതാ വിദ്യാഭ്യാസത്തിന് ഊന്നൽ നല്കിയ ക്രാന്തദർശി
- ✧ അനുസ്യൂതമായ പ്രാർത്ഥനയിലും വിരോചിതമായ തപശ്ചര്യകളിലും നിന്ന് അത്ഭുതകരമായ ശക്തിയും അസാധാരണമായ സിദ്ധികളും കൈവരിച്ച ഒരു സാധാരണ ഇടവകവൈദികൻ.
- ✧ അജ്ഞാതമായ ദൈവിക സംവിധാനത്തിന്റെ ഏറ്റംബലവത്തായ കണ്ണിയും ദൃശ്യോപകരണവുമായ തിരുഹൃദയ സന്യാസിനീ സമൂഹത്തിന്റെ സ്ഥാപകൻ. - ധന്യൻ കദളിക്കാട്ടിൽ മത്തായി അച്ചൻ.

***ആ ധന്യ ജീവിതത്തിലേക്ക് ഒരു എത്തിനോട്ടം.***

# 1

# അനശ്വരസ്മരണയുടെ അനർഘനിമിഷങ്ങൾ

1910 -ലെ പ്രശാന്തമായ ഒരു ശരൽക്കാല സായാഹ്നം. ശാലീനമായ ഒരു കുലകന്യകയെപ്പോലെ ശാന്തമായി ഒഴുകുന്ന മീനച്ചിലാറ് അസ്തമയസൂര്യന്റെ പൊൻകിരണങ്ങളേറ്റ് മിന്നിത്തിളങ്ങുകയാണ്. അതിലെ കൊച്ചോളങ്ങളെ തഴുകിവരുന്ന ശീതളമാരുതൻ ഇരുകരളേയും തടവിക്കൊണ്ട് ആണ് കടന്നുപോകുന്നത്.

ആറ്റിൻ തീരത്തുള്ള പാലാ വലിയപള്ളിമേടയിൽ ആത്മമിത്രങ്ങളായ രണ്ടു വൈദിക സത്തമർ അന്നും പതിവുപോലെ സുഹൃദ്സംഭാഷണത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. നെച്ചിക്കാട്ട് ബഹു. യൗസേപ്പച്ചനും കദളിക്കാട്ടിൽ ബഹു. മത്തായി അച്ചനും . പ്രായത്തിൽ ഏതാണ്ട് 15 വയസ്സിന്റെ വ്യത്യാസമുണ്ട്. എങ്കിലും ആദർശങ്ങളിലും ജീവിതാഭിമുഖ്യങ്ങളിലും സർവ്വോപരി സുകൃതചര്യകളിലും അവർ തുല്യരാണ്. രണ്ടുപേരും പാലാ വലിയ പള്ളിയിൽ അസ്തേന്തിമാരാണ്. ഏതുകാര്യവും തമ്മിൽ ആലോചിക്കുകയും, തുറന്നു സംസാരിക്കുകയും പരസ്പരം സഹകരിക്കുകയും ചെയ്യുന്ന ആത്മസുഹൃത്തുക്കളാണവർ. പല കാര്യങ്ങളെപ്പററിയും സംസാരിച്ചുവന്ന കൂട്ടത്തിൽ അന്നത്തെ ചില പ്രാദേശികാവശ്യ

ങ്ങളും പ്രത്യേക ചുറ്റുപാടുകളുമൊക്കെ അവരുടെ ചർച്ചാവിഷയമായി. തന്റെ പരിചയത്തിൽപ്പെട്ട അന്നാട്ടിലെ ചില ഭക്തരായ യുവതികളെയും യുവവിധവകളെയുംപറ്റി ബഹു. മത്തായിഅച്ചൻ സംസാരമദ്ധ്യേ പറഞ്ഞു. അവരിൽ മിക്കവരെയും നെച്ചിക്കാട്ടച്ചൻ അറിയും. അവരുടെ നിഷ്ക്കളങ്കമായ ഭക്തിതീക്ഷ്ണതയിലും സുകൃതജീവിതത്തിലും അദ്ദേഹവും സംതൃപ്തനാണ്. അവരിൽ പലരും സന്യാസസഭകളിൽ ചേർന്ന് സമർപ്പിതജീവിതം നയിക്കുവാൻ ആഗ്രഹിക്കുന്നവരാണെങ്കിലും അതിനുള്ള സാമ്പത്തിക ശേഷിയോ വിദ്യാഭ്യാസയോഗ്യതയോ ഇല്ലാതെ വിഷമിക്കുന്നവരാണെന്നുമുള്ള യാഥാർത്ഥ്യം മത്തായി അച്ചൻ ബഹു.യൗസേപ്പച്ചന്റെ ശ്രദ്ധയിൽപ്പെടുത്തി. അതുപോലെതന്നെ തിരുഹൃദയപ്രതിഷ്ഠ നടത്തുവാനായി ഭവനങ്ങൾ സന്ദർശിച്ചപ്പോൾ മനസ്സിലാക്കാനിടയായ മറ്റൊരു യാഥാർത്ഥ്യവും മത്തായി അച്ചൻ വിവരിച്ചു. അശരണരും അഗതികളുമായ വൃദ്ധരും അനാഥരായ കുട്ടികളും വേണ്ടത്ര സംരക്ഷണം കിട്ടാതെ ദുരിതപ്പെടുന്നു എന്ന വസ്തുത ബഹു. മത്തായിഅച്ചൻ ഉദാഹരണസഹിതം വിവരിച്ചത് നെച്ചിക്കാട്ടച്ചനെ ചിന്താകുലനാക്കി. അദ്ദേഹം ദു:ഖിതനായി കാണപ്പെട്ടു. ദീനദയാലുക്കളായ ആ വന്ദ്യവൈദികരുടെ മദ്ധ്യേ മൗനം തളംകെട്ടിനിന്നു. ആ മൗനം ഭേദിച്ചുകൊണ്ട് കദളിക്കാട്ടിൽ അച്ചൻ വീണ്ടും പറഞ്ഞു. ആദ്യം പറഞ്ഞ ആ യുവതികളെ ചേർത്ത് ഒരു പുതിയ സന്യാസസഭ ആരംഭിച്ചാൽ എന്താ. ഈ അനാഥരുടെ പരിപാലനവും അവർ നടത്തുമല്ലോ?[1] തന്റെ ചോദ്യത്തിന് ഉത്തരം പ്രതീക്ഷിച്ചുകൊണ്ട് മത്തായി അച്ചൻ സ്നേഹിതനെ ഉറ്റുനോക്കി. ചിന്താശീലനായ അദ്ദേഹം കുറച്ചുസമയത്തെ മൗനത്തിനുശേഷം പ്രത്യുത്തരിച്ചു. കൊള്ളാം, നല്ല കാര്യമാണ്. പക്ഷേ പ്രയാസമുള്ള കാര്യവുമാണ്. പണം, കെട്ടിടം, മുകളിൽ നിന്നുള്ള അനുവാദം ഇതൊക്കെ കിട്ടേണ്ടേ? അദ്ദേഹം വീണ്ടും ചിന്തയിലാണ്ടു.

തന്റെ ആത്മസുഹൃത്തിന്റെ അടുത്തേയ്ക്ക് കസേര അല്പം കൂടി അടുപ്പിച്ചിട്ടിരുന്നശേഷം മത്തായി അച്ചൻ താണ സ്വരത്തിൽ തുടർന്നു. ഈശോയുടെ തിരുഹൃദയഭക്തി പ്രചരിപ്പിക്കുന്നതിനും അഗതികളെ സംരക്ഷിക്കുന്നതിനും സാധാരണക്കാരായ യുവതികൾക്ക് സന്യാസജീവിതം സാദ്ധ്യമാക്കുന്നതിനും ഉതകുന്ന വിധത്തിലുള്ള ഒരു പുതിയ സന്യാസസഭ ആരംഭിച്ചാൽ കൊള്ളാം

1. സഭയുടെ നാളാഗമം പേജ് 3

എന്ന ആഗ്രഹം എനിക്കു തോന്നാൻ തുടങ്ങിയിട്ട് കുറെ നാളുകളായി. അച്ചാ, ദൈവഹിതം അറിയാനായി ഞാൻ പ്രാർത്ഥിച്ചപ്പോഴൊക്കെ അതിനായി ഉദ്യമിക്കാൻ മടിക്കരുത് എന്ന ഒരു ആന്തരികസ്വരം ശ്രവിക്കുന്നതുപോലെ.... മത്തായിച്ചൻ പറഞ്ഞു നിർത്തി. യൗസേപ്പച്ചൻ അപ്പോൾ കൂടുതൽ വാചാലനായി. അങ്ങനെ ഒരു നല്ല കാര്യത്തിനുള്ള ദൈവതോന്നിപ്പ് അച്ചനുണ്ടാകുന്നുണ്ടെങ്കിൽ അതിൽനിന്ന് ഒരിക്കലും പിന്മാറരുത്. അക്കാര്യസാദ്ധ്യത്തിനായി പ്രാർത്ഥിക്കണം, പരിശ്രമിക്കണം. ദൈവത്തിന്റെ ഹിതം നിറവേറ്റുവാൻ നമ്മൾ പരിശ്രമിക്കുമ്പോൾ അതിനുള്ള കഴിവും സാഹചര്യവും എല്ലാം ദൈവം തരും. തമ്പുരാൻ നിശ്ചയിച്ചാൽ പണവും കെട്ടിടവും അനുവാദവും ഒന്നും പ്രയാസമുള്ള കാര്യമല്ല. ഞങ്ങളുടെയൊക്കെ പൂർണ്ണ സഹകരണവും സഹായവും അച്ചനു പ്രതീക്ഷിക്കാം. അദ്ദേഹം തന്റെ സ്നേഹിതനെ പ്രോത്സാഹിപ്പിച്ചു ധൈര്യപ്പെടുത്തി. തന്റെ ആത്മസുഹൃത്തിൽനിന്നും ലഭിച്ച സഹകരണത്തിന്റെയും പ്രോത്സാഹനത്തിന്റേതുമായ ഈ വാക്കുകൾ മത്തായി അച്ചന് വലിയ ഉണർവ്വും ഉത്തേജനവും പ്രദാനം ചെയ്തു. സന്ധ്യാപ്രാർത്ഥനയ്ക്കും ധ്യാനത്തിനുമായി ആ സ്നേഹിതർ ദൈവാലയത്തിലേയ്ക്കു പോയി. തുടർന്നുള്ള ഏതാനും ദിവസങ്ങളിൽ ബഹു. മത്തായി അച്ചൻ അധികസമയവും പള്ളിയിൽ ദിവ്യകാരുണ്യസന്നിധിയിൽ പ്രാർത്ഥനാനിരതനായി കഴിച്ചുകൂട്ടി. ഔദ്യോഗിക കർത്തവ്യനിർവ്വഹണത്തിനുമാത്രമെ അദ്ദേഹം പുറത്തുകാണപ്പെട്ടിരുന്നുള്ളു. മത്തായിഅച്ചന് ധ്യാനമാണോ എപ്പോഴും പള്ളിയിൽതന്നെയാണല്ലൊ സഹവൈദികർ തമാശയായി ചോദിച്ചു അതെ, ഞാൻ ധ്യാനത്തിലാണ് അച്ചൻ മറുപടി പറഞ്ഞു.

തന്റെ നൂതന സംരംഭത്തെക്കുറിച്ചുള്ള ദൈവഹിതം പ്രാർത്ഥനയിലൂടെ ആരാഞ്ഞറിയുകയും അത് നിർവ്വഹിക്കാനുള്ള ആത്മശക്തി ഈശോയുടെ തിരുഹൃദയത്തിൽനിന്നും നേടുകയുമായിരുന്നു അദ്ദേഹം ആ ദിനങ്ങളിൽ. മഴയും വെയിലും കുറഞ്ഞു മഞ്ഞുകാലം വന്നണഞ്ഞു. ഒരു പുതുവത്സരപ്പിറവിയെ പ്രതീക്ഷിച്ച് പ്രകൃതി അണിഞ്ഞൊരുങ്ങിനിന്നു.

■

# 2

# കുടുംബപശ്ചാത്തലം

ക്രിസ്തുവർഷത്തിന്റെ ആരംഭശതകത്തിൽത്തന്നെ സുവിശേഷപ്രകാശം ലഭിക്കുവാനുള്ള മഹാഭാഗ്യം ലഭിച്ചവരാണ് കേരളീയർ. ക്രിസ്തുശിഷ്യന്മാരിലൊരാളായ മാർ തോമ്മാശ്ലീഹാ തന്റെ പ്രേഷിതരംഗമായി തെരഞ്ഞെടുത്തത് ഭാരതമായിരുന്നു. ദൈവകൃപയാൽ അദ്ദേഹം ആദ്യമായി വന്നെത്തിയത് കേരളത്തിലാണ്. അന്നത്തെ സാമൂഹിക വ്യവസ്ഥിതി കണക്കിലെടുത്ത് വി. തോമ്മാശ്ലീഹാ തന്റെ സുവിശേഷപ്രഘോഷണം നിർവ്വഹിച്ചത് സവർണ്ണരുടെയും ഉന്നതകുലജാതരുടെയും സമൂഹമദ്ധ്യത്തിലായിരുന്നു. കാരണം അധസ്ഥിതരും അവർണ്ണരും അന്ന് അടിമത്വത്തിൽ അമർന്നിരുന്നു. അദ്ദേഹത്തിന്റെ പരിശ്രമംകൊണ്ട് അനേകം ബ്രാഹ്മണ കുടുംബങ്ങളും ചില രാജകുടുംബങ്ങൾ തന്നെയും ക്രിസ്തുമതം സ്വീകരിച്ചു.[2]

---

2 കദളിക്കാട്ടിലച്ചൻ ശ്രീ. ഡി. കുരുവിള മനയാനി പേജ് 3

വി. തോമ്മാശ്ലീഹായാൽ സ്ഥാപിതമായ ഏഴുപള്ളികളിൽ എല്ലാംകൊണ്ടും പ്രാധാന്യം അർഹിക്കുന്നതായിരുന്നു പാലയൂർ പള്ളി. കൊടുങ്ങല്ലൂരിൽ നിന്നും ഏതാനും കിലോമീറ്റർ വടക്കുമാറിയാണ് പാലയൂർ. ബ്രാഹ്മണരുടെ കേന്ദ്രവും യഹൂദരുടെ ഒരു കമ്പോളവുമായിരുന്നു പാലയൂർ. 64 നമ്പൂതിരിക്കുടുംബങ്ങളും അവരുടെ ആശ്രിതരായ വിവിധ ജാതിക്കാരും ഈ പ്രദേശത്ത് താമസിച്ചിരുന്നു. ഇവരുടെ ആരാധനാകേന്ദ്രമായ ഒരു ഭദ്രകാളി ക്ഷേത്രവും അവിടെ സ്ഥിതിചെയ്തിരുന്നു. ഈ ക്ഷേത്രം പള്ളിയായി രൂപാന്തരപ്പെടുത്തുകയാണുണ്ടായത്. ഇതിന്റെ തെളിവുകൾ ഇന്നും ഇവിടെ ദൃശ്യമാണ്. തോമ്മാശ്ലീഹാ പാലയൂർ വന്ന് കുറെനാൾ താമസിക്കുകയും സുവിശേഷം പ്രസംഗിക്കുകയും നിരവധി അത്ഭുതങ്ങൾ പ്രവർത്തിക്കുകയും ചെയ്തതിന്റെ ഫലമായി പല ബ്രാഹ്മണകുടുംബങ്ങളും ക്രിസ്തുമതം സ്വീകരിച്ചു. അവരുടെ ആവശ്യത്തിനായി പരി.കന്യകാമറിയത്തിന്റെ നാമത്തിൽ സ്ഥാപിതമായതാണ് പാലയൂർ പള്ളി.

ക്രിസ്തുമതം സ്വീകരിച്ച ഏതാനും ബ്രാഹ്മണകുടുംബങ്ങൾ, വടക്കുംകൂർ രാജാവിന്റെ ഭരണത്തിലായിരുന്ന കടുത്തുരുത്തിയിൽ സ്ഥലമെടുത്ത് താമസമാക്കി. അവിടെയൊരു പള്ളിയും സ്ഥാപിച്ചു. കുറെ വർഷങ്ങൾക്കുശേഷം അതിൽ നാലു കുടുംബക്കാർ (കള്ളി, കാളികാവ്, ശംഖുരി, പകലോമറ്റം) കുറവിലങ്ങാട്ടേയ്ക്ക് മാറിത്താമസിച്ചു. അന്നത്തെ വടക്കുംകൂർ രാജാവ് അവർക്കുവേണ്ട എല്ലാ സൗകര്യങ്ങളും സഹായങ്ങളും ചെയ്തുകൊടുത്തിരുന്നു. അതിനാൽ തുടർന്നും പല ക്രൈസ്തവകുടുംബങ്ങളും കടുത്തുരുത്തിയിലും സമീപപ്രദേശങ്ങളിലും കുടിയേറിപ്പാർക്കുവാൻ തുടങ്ങി. കുറവിലങ്ങാട്ട് മുൻപറഞ്ഞ കുടുംബക്കാരുടെ നേതൃത്വത്തിൽ ഒരു പള്ളിയും സ്ഥാപിതമായി.

കുടിയേറിയവരുടെ എണ്ണം വർദ്ധിച്ചപ്പോൾ കൃഷിഭൂമിതേടി അവരിൽ ചിലർ മറ്റു സ്ഥലങ്ങളിലേയ്ക്ക് മാറിത്താമസിച്ചു. 18 -ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ശംഖുരി കുടുംബത്തിൽപ്പെട്ട ദേവസ്യ എന്ന ആൾ കുടുംബസമേതം കുറവിലങ്ങാട്ടുനിന്നും മണ്ണയ്ക്കനാട് എന്ന സ്ഥലത്തേയ്ക്ക് മാറി താമസമാക്കി. അവിടെ മൂലേച്ചാലിൽ എന്നും മഞ്ഞക്കാട്ടിൽ എന്നുമുള്ള വീട്ടുപേരിൽ അറിയപ്പെട്ടു. ദേവസ്യായുടെ രണ്ടാമത്തെ മകൻ ചെറിയത് പാലായ്ക്ക് അടുത്ത് കിഴപറയാറിൽ വന്നു. അന്ന് കരമനത്തുമനയുടെ സമീപത്ത് ഏതാനും

ഏക്കർ സ്ഥലം നമ്പൂതിരിമാരിൽനിന്നും അദ്ദേഹം വാങ്ങിച്ച് അവിടെ കൃഷിപ്പണികൾ ചെയ്തു താമസിച്ചു. ആണ്ടുതോറും കുറെ കദളിവാഴക്കുലകൾ കരമനത്തു മനയ്ക്കലെ പൂജയ്ക്ക് കൊടുക്ക ണമെന്ന് ആധാരനിശ്ചയമുണ്ടായിരുന്നു. അതിനാൽ ചെറിയാൻ തന്റെ പറമ്പിൽ, വർഷത്തിൽ ഏതു സമയത്തും വാഴക്കുല ലഭി ക്കാൻവേണ്ടി ധാരാളം കദളിവാഴ വച്ചുപിടിപ്പിച്ചു. കാലക്രമത്തിൽ പ്രസ്തുത സ്ഥലത്തിന് കദളിക്കാട്ട് എന്ന പേരുണ്ടായി. പിന്നീട് അത് വീട്ടുപേരായി മാറി. കുര്യൻ താമസമാക്കിയ ആ സ്ഥലത്തിന് കദളിക്കാട്ടിൽ പഴയപുരയ്ക്കൽ എന്നും മണ്ണൂരാംപറമ്പിൽതാഴെ എന്നും വീട്ടുപേർ പറഞ്ഞിരുന്നു.

കദളിക്കാട്ടിൽ കുടുംബവംശ പരമ്പരയിൽപ്പെട്ട അനേകം വീട്ടു കാർ ഇപ്പോൾ പൂഞ്ഞാർ, ഇടമറുക്, അറക്കുളം, വെള്ളിയാമറ്റം തുടങ്ങിയ സ്ഥലങ്ങളിലും താമസിച്ചുവരുന്നു. ഇടപ്പാടിയിൽ താമസമാക്കിയ ചെറിയതിന് അഞ്ചു പുത്രൻമാരും രണ്ടു പുത്രിമാരും ഉണ്ടായിരുന്നതിനാൽ മൂത്തപുത്രനായ കുര്യനാണ് കദളിക്കാട്ടിൽ കുടുംബത്തിൽ താമസിച്ചത്. അദ്ദേഹത്തിന്റെ ചെറിയാൻ, കുര്യൻ എന്നീ രണ്ടുമക്കളിൽ ഇളയആൾ ആയ കുര്യൻ പഴേപുരയ്ക്കലും മൂത്ത ആളായ ചെറിയത് (സക്കറിയാസ്) കദളിക്കാട്ടിൽ കുടുംബത്തിലും താമസമാക്കി. ഈ കുടുംബത്തിനാണ് ധന്യൻ കദളിക്കാട്ടിൽ മത്തായി അച്ചന്റെ ജന്മഗൃഹമാകുവാൻ ഭാഗ്യം ലഭിച്ചത്. കദളിക്കാട്ടിൽ ചെറിയാൻ കിഴതടിയൂർ കരയിലുള്ള പ്രസിദ്ധമായ പൈകട ഉറുമ്പേൽ കുടുംബത്തിൽനിന്നു റോസ എന്ന യുവതിയെ വിവാഹം ചെയ്തു.

## പ്രാർത്ഥിക്കുന്ന കുടുംബം

പാലാ രൂപതയിലെ പ്രകൃതിസൗന്ദര്യം നിറഞ്ഞുനിൽക്കുന്ന ഇടപ്പാടി ഗ്രാമത്തിൽ പാരമ്പര്യവും പൈതൃകവുമുള്ള കദളിക്കാട്ടിൽ കുടുംബത്തിൽ ചെറിയാൻ - റോസ എന്നീ മാതൃകാദമ്പതികളുടെ ദ്വിതീയ പുത്രനായി 1872 ഏപ്രിൽ 25-ാം തീയതി മത്തായി അച്ചൻ ഭൂജാതനായി. ആദ്ധ്യാത്മികമായും ഭൗതികമായും സമ്പന്ന മായിരുന്നു ആ കുടുംബം. കുടുംബത്തിൽ അവർ ദൈവത്തിന് ഒന്നാം സ്ഥാനമാണ് കൊടുത്തിരുന്നത്. തികഞ്ഞ കർഷകനായിരു ന്നെങ്കിലും മക്കളെ ദൈവവിചാരത്തിൽ വളർത്താൻ പിതാവ് ചെറി യാൻ ഉത്സാഹിച്ചിരുന്നു. വിശുദ്ധമായ ചിന്തകൊണ്ടും പ്രവൃത്തി കൾ കൊണ്ടും ആ കുടുംബം അലങ്കരിക്കപ്പെട്ടിരുന്നു. സന്ധ്യാ

പ്രാർത്ഥനയും പ്രഭാത പ്രാർത്ഥനയും ആ ഭവനത്തിൽ എന്നും നിലനിന്നിരുന്നു. ജന്മനാൽത്തന്നെ അരോഗദൃഢഗാത്രനായിരുന്ന ബാലൻ വളർച്ചയ്ക്കനുസൃതമായി അടിഉറച്ച ദൈവവിശ്വാസത്തിലും ഉപവിയിലും മറ്റു ക്രിസ്തീയപുണ്യങ്ങളിലും പരിപുഷ്ടി പ്രാപിച്ചു. കുടുംബത്തിൽ അവർ ദൈവത്തിന് പ്രഥമസ്ഥാനമാണ് കൊടുത്തിരുന്നത്. രാവിലെയും വൈകുന്നേരവും ഒരുമിച്ചുള്ള കുടുംബപ്രാർത്ഥന ഒരിക്കലും മുടക്കിയിരുന്നില്ല. കുടുംബത്തിൽ പരിലസിച്ചിരുന്ന പ്രാർത്ഥനയുടെയും സ്നേഹത്തിന്റെയും അന്തരീക്ഷം ബാലനായ മത്തായിയുടെ ഭാവിജീവിതത്തെ ഏറെ സ്വാധീനിച്ചു. ദൈവഭക്തരായ മാതാപിതാക്കളുടെ സ്നേഹപൂർവ്വമായ ശിക്ഷണവും മാതൃകയും സ്വജീവിതത്തിൽ നന്മയുടെ നറുസൂനങ്ങൾ വിരിയിക്കാൻ അദ്ദേഹത്തെ പ്രാപ്തനാക്കി. തികഞ്ഞ കർഷകനായിരുന്നെങ്കിലും മക്കളെ ദൈവവിചാരത്തിൽ വളർത്തുവാൻ പിതാവായ ചെറിയാൻ ഉത്സുകനായിരുന്നു. വിശുദ്ധമായ ചിന്തകൾകൊണ്ടും പ്രവർത്തികൾകൊണ്ടും ആ കുടുംബം അലംകൃതമായിരുന്നു. തന്റെ മാതാപിതാക്കളിൽനിന്നു ലഭിച്ച ദയാർദ്രമായ പെരുമാറ്റവും, പ്രാർത്ഥനയിലുള്ള അഭിരുചിയും, സംസ്ക്കാര പൂർണ്ണവും ഔദാര്യം നിറഞ്ഞതുമായ ജീവിതശൈലിയും വിശ്വാസദൃഢതയും സഭാത്മകത്വം പരിശീലിക്കാനും, സാധാരണ കാര്യങ്ങൾ അസാധാരണമായ തീക്ഷ്ണതയിൽ നിർവ്വഹിക്കാനും അദ്ദേഹത്തിനു പ്രചോദനമേകി ആദ്ധ്യാത്മികതയുടെയും ദൈവികചിന്തയുടെയും ബാലപാഠങ്ങൾ ലളിതസുന്ദരമായ ശൈലിയിൽ അമ്മ മകനു പകർന്നുകൊടുത്തു. ഈ സാധ്വീമണി ബാലനായ മത്തായിയിൽ യഥാർത്ഥ ദൈവവിളി ഉണ്ടെന്നു മനസിലാക്കുകയും അതിനനുസൃതമായി അവനെ വളർത്തി കൊണ്ടുവരുന്നതിൽ പ്രത്യേകം ശ്രദ്ധപതിപ്പിക്കുകയും ചെയ്തു. സുകൃതിനിയായിരുന്ന തന്റെ മാതാവിൽനിന്നു ലഭിച്ചിട്ടുള്ള സദുപദേശവും നിർദേശവും അല്ലേശുപുണ്യവാന്റെ ജീവിതചരിത്രപാരായണവുമാണ് കർത്താവിന്റെ മുന്തിരിത്തോട്ടത്തിൽ വേല ചെയ്യുന്നതിനു തന്നെ പ്രാപ്തനാക്കിയതെന്ന്[3] കഥാനായകൻ തന്നെ പിൽകാലത്തു പറയുകയുണ്ടായി. “മകനെ നിന്റെ പിതാവിന്റെ പ്രബോധനം ചെവിക്കൊള്ളുക, മാതാവിന്റെ ഉപദേശം നിരസിക്കരുത്. അവ നിന്റെ ശിരസ്സിന് വിശിഷ്ടഹാരവും

3 കദളിക്കാട്ടിൽ കുടുംബചരിത്രം പേജ് 36

കഴുത്തിന് പതക്കവുമായിരിക്കും." (സുഭ 1:8–9) എന്ന തിരുവചനം അറിഞ്ഞോ അറിയാതെയോ അദ്ദേഹം പ്രാവർത്തികമാക്കി.

## കുടുംബത്തിൽ ഒരു വിപത്ത്

ചെറിയാൻ സമർത്ഥനായ ഒരു കൃഷിക്കാരനായിരുന്നതിനാൽ അന്നത്തെ രീതിയനുസരിച്ച് ധാരാളം നെല്ലും മറ്റു ഭക്ഷ്യവിഭവങ്ങളും കൃഷിചെയ്ത് നല്ല നിലയിൽ ജീവിച്ചുപോന്നു. വില കുറവാണ് എങ്കിലും കുരുമുളക്, ചുക്ക് തുടങ്ങിയ നാണ്യവിളകളും ധാരാള മായി കൃഷി ചെയ്തിരുന്നതിനാൽ സാമ്പത്തികമായി യാതൊരു ബുദ്ധിമുട്ടുകളും അനുഭവപ്പെട്ടിരുന്നില്ല. ഈ കാലഘട്ടത്തിൽ കദ ളിക്കാട്ടിൽ കുടുംബത്തിൽ അവിചാരിതമായി ഒരു അത്യാഹിതം സംഭവിച്ചു. കുടുംബനായകൻ ഉയരമുള്ള ഒരു മരത്തിന്റെ മുക ളിൽ കയറി ചവറു വെട്ടിക്കൊണ്ടിരിക്കുന്ന സമയത്ത് മരത്തിന്റെ ശിഖരം ഒടിഞ്ഞുപോയതിനാൽ അദ്ദേഹം താഴെ വീഴുന്നതിനിടയാ യി. എളിക്ക് സാരമായ കേടുപറ്റിയതിനാൽ നാലഞ്ച് വർഷത്തേക്ക് ജോലിചെയ്യാൻ സാധിക്കാതെ കിടപ്പിലായിപ്പോയി. അന്ന് കുട്ടികൾ ചെറുപ്പമായിരുന്നു. അതുവരെ സുഭിക്ഷമായി കഴിഞ്ഞിരുന്ന ആ കുടുംബത്തിൽ കൃഷിപ്പണികൾ മുടങ്ങിയതിനാൽ ഭക്ഷണസാധ നങ്ങൾക്കും പണത്തിനും വളരെയധികം ബുദ്ധിമുട്ട് അവർക്ക് അനു ഭവിക്കേണ്ടിവന്നു. മറ്റുള്ളവരിൽനിന്നും കാര്യമായ സഹായമൊന്നും ലഭിച്ചിരുന്നുമില്ല. മൂന്നു വർഷം കഴിഞ്ഞ് കുര്യനും മത്തായിയും കൂടി വീടിനടുത്ത് കുറെ സ്ഥലം കാടുതെളിച്ച് അതിൽ കപ്പ കൃഷി ചെയ്തു.

മാതാവായ റോസയും കുട്ടികളോടൊപ്പം കൃഷിപ്പണികൾ ചെയ്തു. ആ കാലഘട്ടത്തെപ്പറ്റി ബഹു. മത്തായി അച്ചന്റെ വാക്കു കൾ തന്നെ ഇവിടെ ഉദ്ധരിക്കാം. ഞങ്ങൾ മൂന്നു പേരുംകൂടി കപ്പ കൃഷിചെയ്തിരുന്നു. കപ്പ മൂക്കാറായപ്പോൾ കപ്പയുടെ വളർച്ച കണ്ട് ഞങ്ങൾ സന്തോഷിക്കുമായിരുന്നു. മിക്ക ദിവസങ്ങളിലും ചേട്ടനും ഞാനും കുഞ്ഞമ്മനും ഓരോ കപ്പയുടെയും മുകളിലുള്ള കവര യിൽ കയറി ഇരുന്ന് സന്തോഷിക്കുകയും പാട്ടുപാടുകയും ചെയ്യുക പതിവായിരുന്നു. ഇത്രയും വലിപ്പമുള്ള കപ്പ പിന്നീട് വളരെ ചുരു ക്കമായേ കണ്ടിട്ടുള്ളു. കർക്കിടകമാസം മുതൽ ഓരോ ദിവസ ത്തേയ്ക്കും വേണ്ട കപ്പക്കിഴങ്ങ് ഞങ്ങൾ മാന്തിയെടുത്ത് കൊണ്ടുവന്ന് അമ്മയെ ഏല്പ്പിക്കും. വെന്തുകഴിയുമ്പോൾ ഞങ്ങൾ ഒന്നിച്ചിരുന്ന് അത് തിന്നുമ്പോൾ ഞങ്ങൾക്കുണ്ടാകുന്ന സന്തോഷം

എത്രമാത്രമായിരുന്നുവെന്ന് പറഞ്ഞറിയിക്കുവാൻ തന്നെ വിഷമമാണ്. അഞ്ചാറുമാസത്തെ പച്ചയ്ക്കുള്ള തീറ്റ കഴിഞ്ഞ് എട്ട് പത്ത് ചാക്ക് കപ്പ ഉണക്കി സൂക്ഷിക്കുവാനും ഞങ്ങൾക്ക് സാധിച്ചു. പിറ്റേക്കൊല്ലം മുതൽ ഞങ്ങൾ ധാരാളം കൃഷികൾ ചെയ്തുവന്നു. നെല്ലും കപ്പയും കൃഷി ചെയ്തു വന്നിരുന്നതിനാൽ പിന്നീട് ദാരിദ്ര്യം എന്താണെന്ന് ഞങ്ങൾ അറിഞ്ഞിട്ടില്ല. അങ്ങനെ നല്ലവനായ ദൈവത്തിന്റെ പ്രത്യേക കാരുണ്യത്താൽ വിഷമഘട്ടങ്ങൾ എല്ലാം മാറുന്നതിനിടയായി[4] ഇക്കാലത്തനുഭവിച്ച ദാരിദ്ര്യവും ക്ലേശങ്ങളുമാണ് ബഹു. മത്തായിഅച്ചനിൽ ദീനാനുകമ്പയും ദരിദ്രരോടുള്ള ആർദ്രതയും വളർത്തിയെടുക്കുവാൻ സഹായിച്ചത്. നാലുവർഷത്തെ ചികിത്സയും നിരന്തരമായ പരിചരണവുംമൂലം കുടുംബനായകൻ ആരോഗ്യം പ്രാപിക്കുകയും കൃഷികൾ അഭിവൃദ്ധിപ്പെടുകയും ചെയ്തു. കാർഷികവൃത്തിയിലുള്ള അദ്ദേഹത്തിന്റെ താല്പര്യവും ശ്രദ്ധയും മക്കളുടെ സഹകരണവും എല്ലാം ചേർന്നപ്പോൾ അദ്ദേഹം സാമ്പത്തികമായി നല്ല നിലയിലെത്തി.

## വിദ്യാഭ്യാസം

ഇന്നത്തേതു പോലുള്ള വിദ്യാഭ്യാസ സൗകര്യങ്ങളൊന്നും അക്കാലത്ത് ഉണ്ടായിരുന്നില്ല. അന്നത്തെ രീതിയനുസരിച്ച് വീട്ടിൽ വച്ചുതന്നെ കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ ചെയ്തുകൊടുത്തു. ഒരു ആശാനെ വീട്ടിൽ വരുത്തി കുട്ടികളെ പഠിപ്പിക്കാനുള്ള ഏർപ്പാടുകൾ ചെയ്തു. 11 വയസ്സുവരെ അക്ഷരാഭ്യാസം നിർവഹിച്ചും കൃഷിപ്പണികൾ ചെയ്തും സ്വകുടുംബത്തെ സഹായിച്ചും കഴിച്ചുകൂട്ടിയ കഥാനായകനെ സ്വപിതാവ് താണോലിപ്പള്ളിവകയായി നടത്തിയിരുന്ന ഒരു പ്രാഥമിക വിദ്യാലയത്തിൽ ചേർത്തു. ബാലനായ മത്തായി താണോലിപ്പള്ളി വികാരിയായിരുന്ന കുഴിമറ്റത്തിൽ ബഹു. തോമ്മാച്ചന്റെ മേൽനോട്ടത്തിലുള്ള പള്ളിവക പഠനശാലയിൽ ചേർന്ന് പഠനമാരംഭിച്ചു. ഈ സ്ഥാപനത്തിൽനിന്നും അന്നത്തെ നിലയ്ക്കുള്ള സാമാന്യവിദ്യാഭ്യാസം നേടി. പഠിച്ചുകൊണ്ടിരുന്ന കാലഘട്ടത്തിൽത്തന്നെ ബാലനായ മത്തായിയുടെ പൗരോഹിത്യാഭിമുഖ്യം മനസ്സിലാക്കിയ ബഹു. തോമ്മാച്ചൻ അദ്ദേഹത്തിന് ആവശ്യമായ പ്രോത്സാഹനങ്ങൾ നല്കിവന്നു.

■

4. കദളിക്കാട്ടിൽ കുടുംബചരിത്രം പേജ് 25 - 26

# 3

# വൈദികപഠനം

വൈദികരാകാൻ ആഗ്രഹിച്ച പലരും താണോലിപ്പള്ളിയിൽ കുഴിമറ്റത്തിൽ ബഹു. തോമ്മാച്ചനോടോപ്പം താമസിച്ചു സുറിയാനിഭാഷ പഠിക്കുന്നുണ്ടായിരുന്നു. അവരോടൊത്ത് യുവാവായ മത്തായിയും സുറിയാനിഭാഷ പഠിക്കുവാനാരംഭിച്ചു. ബഹു.തോമ്മാച്ചന്റെ ഒന്നരക്കൊല്ലത്തോളം നീണ്ടുനിന്ന ശിക്ഷണത്തിന്റെ ഫലമായി ജ്ഞാനത്തിലും അടിസ്ഥാനപരമായ ആദ്ധ്യാത്മികമൂല്യങ്ങളിലും പുണ്യത്തിലും മത്തായി വളർന്നുവന്നു. ഈ അവസരത്തിലാണ് വിളവു വളരെ വേലക്കാരോ ചുരുക്കം എന്നുള്ള ദിവ്യഗുരുവിന്റെ ആഹ്വാനം അദ്ദേഹത്തിന്റെ ഹൃദയത്തിൽ മുഴങ്ങിക്കേൾക്കാൻ തുടങ്ങിയത്. തൽഫലമായി എത്രയും വേഗം ഒരു വൈദികനായി, കർത്താവിന്റെ വയലിൽ ജോലി ചെയ്യണമെന്നുള്ള തീക്ഷ്ണമായ ആഗ്രഹം മത്തായിയിൽ അങ്കുരിച്ചു.

അക്കാലത്ത് ഇളന്തോട്ടം പള്ളിയോടനുബന്ധിച്ചു നടത്തിയിരുന്ന വൈദിക സെമിനാരിയിൽ വൈദിക വിദ്യാർത്ഥികളെ പഠിപ്പിക്കുന്നുണ്ടെന്നറിഞ്ഞ ബഹു.തോമ്മാച്ചൻ നമ്മുടെ വിദ്യാർത്ഥിയെ അങ്ങോട്ടയച്ചു. ഏകദേശം രണ്ടുകൊല്ലത്തോളം അവിടെ പഠിച്ച് രണ്ട് പട്ടവും സ്വീകരിച്ചു

കഴിഞ്ഞപ്പോഴാണ് പ്രസ്തുത സെമിനാരി മേലൂസ് ശീശ്മയിൽപ്പെട്ട താണെന്നറിയുന്നത്.

## മേലൂസ് ശീശ്മ[5]

തൊണ്ടനാട്ട് അന്തോനിക്കത്തനാർ എന്ന സുറിയാനി വൈദി കൻ, 1863 – ൽ കർദിസ്ഥാനിലെ നെസ്തോറിയൻ പാത്രയർക്കീ സിൽനിന്നു മെത്രാൻപട്ടം സ്വീകരിച്ചുകൊണ്ട് അബ്ദീശോ എന്ന പേരിൽ നാട്ടിൽ മടങ്ങിയെത്തി. ഏതാനും മാസങ്ങൾക്കുശേഷം വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ മദ്ധ്യസ്ഥശ്ര മഫലമായി അദ്ദേഹം ശീശ്മ ഉപേക്ഷിച്ച് കത്തോലിക്കാസഭയി ലേക്കു തിരിച്ചുവരുകയും ചെയ്തു.

1872 – ൽ ബാബേൽ പാത്രിയർക്കീസിന്റെ പ്രതിനിധിയായി മാർ ഏലിയാമേലൂസ് എന്ന മെത്രാൻ, റോമാമാർപ്പാപ്പായുടെ അറിവും സമ്മതവും കൂടാതെ കേരളത്തിലെത്തി. അദ്ദേഹം തൃശ്ശൂർ ആസ്ഥാ നമാക്കി അധികാരം നടത്തുവാൻ തുടങ്ങി. കത്തോലിക്കാസഭയി ലേക്കു പുനരൈക്യപ്പെട്ടെങ്കിലും ആ അവസ്ഥയിലും മെത്രാൻ സ്ഥാനം ആഗ്രഹിച്ചിരുന്ന തൊണ്ടനാട്ട് അന്തോനിയച്ചൻ തന്റെ അഭിലാഷപൂർത്തിക്കു പറ്റിയ അവസരമാണിതെന്നുമനസ്സിലാക്കി മേലൂസ് മെത്രാന്റെ പക്ഷത്തുചേർന്നു. റോമിൽനിന്നും കർശന നട പടികൾ സ്വീകരിച്ചതിനെത്തുടർന്ന് 1882 ൽ മേലൂസ് മെത്രാൻ ബാബിലോണിലേക്കു മടങ്ങിപ്പോയി. അദ്ദേഹത്തിന്റെ പിൻഗാമി യായി തൃശ്ശൂരിൽ മെത്രാന്റെ അധികാരം തുടർന്നു നടത്തിയത് അബ്ദീശോമെത്രാനായി അറിയപ്പെട്ടിരുന്ന തൊണ്ടനാട്ട് അന്തോ നിക്കത്തനാർ ആയിരുന്നു. ക്രമേണ അന്തോനിക്കത്തനാർ തൃശ്ശൂർനിന്ന് തന്റെ ആസ്ഥാനം ഇളന്തോട്ടത്തിലേക്കു മാററുകയും അവിടെ സ്വന്തം നിലയിൽ ഒരു സെമിനാരിക്കു രൂപം നല്കുകയു മാണുണ്ടായത്. തൊണ്ടനാട്ട് മെത്രാന്റെ മേൽനോട്ടത്തിൽ നട ത്തിയിരുന്ന ഈ സെമിനാരി ശീശ്മയിൽ പെട്ടതാണ് എന്ന് അറിഞ്ഞ ഉടനെ തിരുസഭയുടെ വിശ്വസ്തപുത്രനായ ഈ വൈദികവിദ്യാർത്ഥി ഏറെ ദു:ഖത്തോടും ഇച്ഛാഭംഗത്തോടും കൂടിയാണെങ്കിലും സ്വഭ വനത്തിലേയ്ക്ക് തിരികെപോന്നു. തന്റെ ആഗ്രഹസാദ്ധ്യത്തിനായി നിരന്തരം പ്രാർത്ഥിച്ചുകൊണ്ട് ക്ഷമാപൂർവ്വം കാത്തിരുന്നു. ഒരു പുരോഹിതനായി, സ്വർഗ്ഗവും ഭൂമിയും കൂട്ടിയിണക്കുന്ന

5. ഭാരതസഭാ ചരിത്രം ഡോ. സേവ്യർ കൂടപ്പുഴ

സുവർണ്ണശൃംഖലയിൽ ഒരു കണ്ണിയായിത്തീരാൻ ഓർമ്മവെച്ചനാൾ മുതൽ കൊതിച്ചിരുന്ന അദ്ദേഹത്തിന് വലിയ ആഘാതമായിരുന്നു ഇത്. എങ്കിലും നിരാശനാകാതെ ദൈവത്തിൽ അചഞ്ചലമായി ആശ്രയമർപ്പിച്ച് അദ്ദേഹം പ്രാർത്ഥന തുടർന്നു.

## വൈദികപഠനം

ഏകദേശം മൂന്നു വർഷങ്ങൾക്കുശേഷം കോട്ടയം വികാരിയാത്തിന്റെ അഭിവന്ദ്യ കാർലോസ് ലവീഞ്ഞ് പിതാവ് പാലാപ്പള്ളി സന്ദർശിക്കുവാൻ എത്തി. ഇതറിഞ്ഞ നമ്മുടെ കഥാനായകൻ അദ്ദേഹത്തിന്റെ പക്കൽ എത്തി തന്നെപ്പററിയുള്ള വിവരങ്ങൾ വിശദമായി അറിയിച്ചു. ഇവയെല്ലാം ശ്രദ്ധാപൂർവ്വം കേട്ട് ഗ്രഹിച്ച വന്ദ്യമെത്രാൻ തിരുമനസ്സുകൊണ്ട് പട്ടം സ്വീകരിച്ചത് ശീശ്മയിലാകയാൽ അത് വാസ്തവമായിട്ടില്ലെന്നും വീണ്ടും പഠിച്ച് പട്ടം ഏല്ക്കണമെന്നും കല്പിച്ചു. അദ്ദേഹത്തിന്റെ തീവ്രമായ ആഗ്രഹവും ഉദ്ദേശവും മനസ്സിലാക്കിയ അഭിവന്ദ്യപിതാവ്, മാന്നാനം ആശ്രമത്തോടനുബന്ധിച്ചു നടത്തിവന്നിരുന്ന വൈദികസെമിനാരിയിൽ ചേർന്നു പഠിക്കുവാൻ അദ്ദേഹത്തെ അനുവദിച്ചു. ദൈവം തനിക്കുവേണ്ടി ഒരുക്കിയിരിക്കുന്ന പരീക്ഷണഘട്ടങ്ങളെ ക്ഷമയോടും ധീരതയോടുംകൂടി അഭിമുഖീകരിക്കുവാൻ തീരുമാനമെടുത്തിരുന്ന ആ യുവവിദ്യാർത്ഥി ദൈവത്തിലാശ്രയിച്ചുകൊണ്ട് ശാന്തനും സമാധാനചിത്തനുമായി 1896 ൽ മാന്നാനം സെമിനാരിയിൽ ചേർന്നു. പഠനത്തിൽ അതിസമർത്ഥനും അനിതരസാധാരണമായ ഈശ്വരഭക്തിയും അനുസരണവും സൽസ്വഭാവവും ഒത്തിണങ്ങിയവനുമായിരുന്ന മത്തായി ശെമ്മാശ്ശൻ നിയമാനുസരണത്തിലും, ഭക്തിയിലും, പരസ്പരസ്നേഹത്തിലും ഒരു മാതൃകാവിദ്യാർത്ഥിയായി പ്രശോഭിച്ചതിനാൽ അധികാരികളുടേയുടെയും സഹപാഠികളുടെയും സ്നേഹഭാജനമായിത്തീർന്നു. പൗരോഹിത്യ ജീവിതത്തിന് ഒരുങ്ങിക്കൊണ്ടിരുന്ന അവസരത്തിലും വിജ്ഞാനത്തിൽ വളരുന്നതിനോടോപ്പംതന്നെ പുണ്യജീവിതത്തിൽ അഭിവൃദ്ധിപ്പെടുന്നതിലും അദ്ദേഹം ശ്രദ്ധിച്ചിരുന്നു. ഒരു പ്രകാശനാളമായി നിമിഷംതോറും പൊൻപ്രഭ വിതറി അദ്ദേഹം സഞ്ചരിച്ചു. ഉത്തമൻമാരായ ഗുരുക്കൻമാരുടെ ശിഷ്യത്വവും മാതൃകയും വിശുദ്ധിയിലും വിജ്ഞാനത്തിലും വിനയത്തിലും വിശ്വസ്തതയിലും അദ്ദേഹത്തെ വളർത്തി. വൈദികജീവിതത്തെക്കുറിച്ച് വ്യക്തമായ ധാരണകളുണ്ടായിരുന്ന അദ്ദേഹത്തിന്റെ കാത്തിരുപ്പ് സഫലമായി. ജ്ഞാനത്തിലും പുണ്യ

ത്തിലും സർവ്വോപരി പരിപക്വമായ ജീവിതചര്യകളിലും വിളങ്ങി പ്രകാശിച്ച ഈ വൈദിക വിദ്യാർത്ഥി നാലുവർഷം കൊണ്ട് തന്റെ വൈദികപഠനം പൂർത്തിയാക്കി.

## അൾത്താരയിലേക്ക്

കർത്താവേ അങ്ങയിൽ ഞാനാശ്രയിച്ചു; ഞാനൊരിക്കലും ലജ്ജിക്കുകയില്ല (സങ്കീ: 25:2)എന്നു സങ്കീർത്തകനോടൊത്തു പാടിക്കൊണ്ട് 1901 ഫെബ്രുവരി 17-ാം തീയതി നിരവധി പ്രതിബന്ധങ്ങളെയും പ്രതിസന്ധികളെയും തരണം ചെയ്ത് ചങ്ങനാശ്ശേരി രൂപതയുടെ വികാരി അപ്പോസ്തോലിക്ക ആയിരുന്ന അഭിവന്ദ്യ മാക്കീൽ മാർ മത്തായി മെത്രാനിൽനിന്നു മത്തായി അച്ചൻ വൈദികപട്ടം സ്വീകരിക്കുകയും ഫെബ്രുവരി 28-ാം തീയതി മാന്നാനത്തു വെച്ചുതന്നെ പ്രഥമ ദിവ്യബലി അർപ്പിക്കുകയും ചെയ്തു.[6] ഈ അവസരത്തിൽ ആ യുവവൈദികന്റെ കൃതജ്ഞത വഴിഞ്ഞൊഴുകുന്ന ഹൃദയത്തിൽനിന്ന് ബഹിർഗമിച്ച വചനങ്ങൾ ഇവയായിരുന്നു. കർത്താവ് എനിക്കു ചെയ്ത അനുഗ്രഹങ്ങൾക്കു ഞാൻ എങ്ങനെ പ്രതിനന്ദി പ്രകാശിപ്പിക്കും? ഞാൻ രക്ഷാകരമായ കാസാ സ്വീകരിച്ച് ദൈവനാമം വാഴ്ത്തും. (സങ്കീ: 116:12,13)

തിരുപ്പട്ടസ്വീകരണത്തിന്റെ സമയത്ത് അദ്ദേഹത്തിന്റെ മനോമുകുരത്തിലേക്കു കടന്നുവന്ന ചിന്തകളാണ് പില്ക്കാലത്ത് തന്റെ അജപാലനരംഗത്ത് കതിരായി കനിചൂടിയത്. വൈദികൻ മറ്റൊരു ക്രിസ്തുവാണ്. വൈദികനിലൂടെ തുടരുന്നത് മിശിഹായുടെ രക്ഷാകരപ്രവർത്തനങ്ങൾ തന്നെ. കാണാതെപോയ ആടിനെ അന്വേഷിച്ച് കണ്ടെത്തുന്ന നല്ല ഇടയന്റെ (ലൂക്കാ. 15.4-7) രക്ഷാകരമായ ദൗത്യമാണ് വൈദികജീവിതത്തിൽ പൂവണിയേണ്ടത്... ആ നവവൈദികന്റെ ചിന്തകൾക്കു ചിറകുമുളച്ചു.

സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. ഞാനാണ് ആടുകളുടെ വാതിൽ. എന്നിലൂടെ പ്രവേശിക്കുന്നവൻ രക്ഷ പ്രാപിക്കും... ഞാൻ വന്നിരിക്കുന്നത് അവർക്കു ജീവൻ ഉണ്ടാകുവാനും അതു സമൃദ്ധമായി ഉണ്ടാകാനുമാണ്. ഞാൻ നല്ല ഇടയനാണ്. നല്ലയിടയൻ ആടുകൾക്കുവേണ്ടി ജീവൻ അർപ്പിക്കുന്നു. (യോഹ. 10.7, 10-11) ഈ തിരുവചനങ്ങൾ ദൈവജനത്തിന്റെ ഇടയനായി അഭിഷിക്തനാകുന്ന തന്റെ ജീവിതത്തിൽ പ്രാവർത്തി

---

6. കദളിക്കാട്ടിൽ കുടുംബചരിത്രം പേജ് 30

കമാകുന്നതിനുള്ള കൃപ നൽകണമേയെന്ന് ആ നവവൈദികൻ തീക്ഷ്ണമായി പ്രാർത്ഥിച്ചു. ആ പ്രാർത്ഥന ദൈവം ശ്രവിച്ചു എന്ന തിന്റെ തെളിവ് അദ്ദേഹത്തിന്റെ അജപാലനജീവിതത്തിൽ ചുരുള ഴിയുന്നത് നമുക്ക് കാണുവാൻ സാധിക്കും.

മിശിഹാ എന്ന നല്ല ഇടയന്റെ ദൗത്യം എന്തായിരുന്നു എന്ന തിനെക്കുറിച്ചും അജപാലനശുശ്രൂഷയ്ക്കായി അഭിഷിക്തനായ ആ നവവൈദികൻ ആഴമായ ബോദ്ധ്യം നേടിയിരുന്നു.

കർത്താവിന്റെ ആത്മാവ് എന്റെമേലുണ്ട്. ദരിദ്രരെ സുവിശേ ഷമറിയിക്കുവാൻ അവിടുന്നെന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്കു മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ട വർക്ക് സ്വാതന്ത്ര്യവും കർത്താവിനു സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു . (ലൂക്കാ4.18-19) വെന്ന് കഫർണാമിലെ സിനഗോഗിൽ വച്ച് ഈശോ പ്രഖ്യാപിച്ചത് മത്തായിഅച്ചന്റെ ജീവിതത്തിലുടനീളം പ്രതിധ്വനി ച്ചിരുന്നു. അതാണ് പാവങ്ങളുടെ പക്ഷം ചേരാൻ അദ്ദേഹത്തിന് പ്രചോദനവും പ്രബുദ്ധതയും അരുളിയത്.

നവപൂജാർപ്പണത്തിനുശേഷം അക്കാലത്തെ രീതി അനുസരിച്ച് രണ്ടുവർഷം അദ്ദേഹം സ്വന്തം ഇടവകയായ പാലാ വലിയ പള്ളി യിൽ താമസിച്ച് അജപാലനശുശ്രൂഷ ചെയ്തു. അക്കാലത്ത് പാലാ വലിയപള്ളിയിൽ വിശ്രമജീവിതം നയിച്ചിരുന്ന പൊടിമറ്റത്തിൽ ചെറിയാച്ചൻ (പൊടിമറ്റത്തിൽ വല്യച്ചൻ) ആയിരുന്നു മത്തായി അച്ചന്റെ ആദ്ധ്യാത്മികപിതാവ് 1904 ഡിസംബർ 18-ാം തീയതി അദ്ദേഹം നിര്യാതനായി. ഇക്കാലത്ത് ഇടവക ഭരണത്തിൽ ബഹു. വികാരിയേയും അസ്തേന്തിയേയും സഹായിക്കുകയായിരുന്നു ഇദ്ദേ ഹം. ദൈവപരിപാലനയിൽ ഈ കാലം ബഹു.മത്തായിഅച്ചന്റെ ആദ്ധ്യാത്മിക ജീവിതത്തിലെ സുവർണ്ണകാലഘട്ടമായിരുന്നുവെന്നു പറയാം. സെമിനാരിജീവിതത്തിലാർജ്ജിച്ച ഭക്തിതീക്ഷ്ണതയും പ്രാർത്ഥനാചൈതന്യവും കൂടുതൽ ഉജ്ജ്വലിപ്പിക്കുന്നതിനും വളർത്തിയെടുക്കുന്നതിനും പറ്റിയ ഒരു സാഹചര്യമായിരുന്നു പാലാ പള്ളിയിലെ ജീവിതം വഴി ലഭിച്ചത്. കാരണം അന്ന് പാലാപ്പള്ളിമേ ട, സുകൃതസമ്പന്നരും തീക്ഷ്ണമതികളുമായ ചില വൈദികസത്ത മർ പ്രാർത്ഥനാജീവിതം നയിക്കുന്ന ഒരു പുണ്യാശ്രമം തന്നെയാ യിരുന്നുവെന്നു പറയാം. ഇവരിൽ പുണ്യശ്ലോകരായ പൊടിമറ്റത്തിൽ ബഹു. ചെറിയാനച്ചനും നെച്ചിക്കാട്ട് ബഹു.യൗസേപ്പച്ചനും

പ്രത്യേക ശ്രദ്ധ അർഹിക്കുന്നവരായിരുന്നു. തങ്ങളുടെ വൈദിക ജീവിതത്തിലെ ദീർഘമായ ഒരു കാലഘട്ടം ഇടവകസേവനത്തിലൂടെ ദൈവത്തിനു സമർപ്പിച്ച് അവിടുത്തെ ദൗത്യം നിസ്വാർത്ഥമായി നിർവ്വഹിച്ച് ജീവിതസായാഹനത്തിലെത്തിയ ഇവരിരുവരും അന്നു പാലാ വലിയപള്ളിയിൽ വിശ്രമജീവിതം നയിച്ചിരുന്നു. പൊടിമറ്റത്തിൽ ബഹു. ചെറിയാനച്ചൻ മത്തായി അച്ചന്റെ ആത്മനിയന്താവും നെച്ചിക്കാട്ടച്ചൻ ആത്മസുഹൃത്തും പൊടിമറ്റത്തിൽ അച്ചൻ ആദ്ധ്യാത്മികമായ ഉപദേശങ്ങളും നിർദ്ദേശങ്ങളും വഴിയും സർവ്വോപരി തന്റെ ജീവിതമാതൃകയാലും ഈ നവ വൈദികനെ ക്രിസ്തുവിന്റെ ഉത്തമനായ ഒരു അനുയായി ആക്കി രൂപപ്പെടുത്തി എടുത്തു. ദൈവസ്നേഹം പ്രാർത്ഥനാചൈതന്യം, നിസ്വാർത്ഥമായ സേവനതൽപരത, വിനയം, ദീനാനുകമ്പ, സാർവ്വത്രികമായ സ്നേഹം മുതലായ സുകൃതങ്ങൾ തന്റെ ശിഷ്യനിൽ ജന്മസിദ്ധമായിരുന്നത് പൂർവ്വോപരി വളർത്തിയെടുക്കുവാൻ ഈ വൈദികസത്തമർ സദാ ശ്രദ്ധിച്ചിരുന്നു.

## സന്യാസജീവിതത്തിന് അഭിലാഷം[7]

പ്രഥമദിവ്യബലിയർപ്പണത്തിനുശേഷം രണ്ടുവർഷം സ്വന്തം ഇടവകയായ പാലാ വലിയപള്ളിയിൽ അച്ചൻ താമസിച്ചു. തദവസരത്തിൽ തന്നിൽ വിളങ്ങിയിരുന്ന അഗാധമായ ഭക്തിതീക്ഷ്ണത വർദ്ധമാനമാക്കാനാവും വിധം ഒരു ആത്മനിയന്താവിനെ – ബഹു. പൊടിമറ്റത്തിൽ ചെറിയാനച്ചനെ – ദൈവനിയോഗമെന്നപോലെ ലഭിച്ചു. ബഹു പൊടിമറ്റത്തിലച്ചന്റെ ഉപദേശങ്ങളും നിർദ്ദേശങ്ങളും യുവവൈദികനായ മത്തായി അച്ചനെ ഏറെ സ്വാധീനിച്ചിരുന്നു. ദൈവവുമായുള്ള ആഴമായ വ്യക്തിബന്ധത്തിൽ നിലനിൽക്കാൻ മാത്രം ശക്തമായിരുന്നു അവരുടെ സൗഹൃദവും വിശുദ്ധമായ ആത്മസംഭാഷണങ്ങളുമെല്ലാം.

ബഹു. മത്തായി അച്ചന്റെ ഹൃദയത്തിൽ ശക്തമായി തോന്നിയ ഒരു ഉൾവിളിയെക്കുറിച്ച് ആ കാലഘട്ടത്തിൽ അദ്ദേഹം ഏറെ ധ്യാനിച്ചിരുന്നു. ഹൃദയശാന്തതയും എളിമയുമുള്ള ഈശോയോട് കൂടുതൽ സാദൃശ്യമാകാൻ, ആരാലും അറിയപ്പെടാത്ത ഒരു അജ്ഞാതജീവിതം നയിക്കാനുള്ള ഉൾവിളിയായിരുന്നു അത്. ഏറെ ദിവസങ്ങൾ ഇതിനെക്കുറിച്ചുള്ള ചിന്തയിലും

7. തിരുഹൃദയ ദൂതൻ പേജ് 30 ശ്രീ. വറുഗീസ് കാഞ്ഞിരത്തുങ്കൽ, കദളിക്കാട്ടിലച്ചൻ പേജ് 15 ശ്രീ. ഡി. കുരുവിള മനയാനി

പ്രാർത്ഥനയിലും കഴിച്ചുകൂട്ടി. ഓരോ ദിവസം കഴിയുന്തോറും ഉള്ളിലുള്ള തന്റെ ആഗ്രഹം ശക്തമാകുകയാണെന്ന് അറിഞ്ഞ് ദൈവഹിതം വെളിപ്പെട്ടു കിട്ടുവാനായി തന്റെ ആത്മനിയന്താവും പുണ്യവൈദികനുമായ ബഹു പൊടിമറ്റത്തിലച്ചനെ സമീപിച്ച് തന്റെ ഹൃദയരഹസ്യം തുറന്നുപറഞ്ഞു. പ്രാർത്ഥനയുടെ മനുഷ്യനായിരുന്ന അദ്ദേഹം അല്പനേരത്തെ ധ്യാനപൂർവ്വമായ മൗനത്തിനുശേഷം ഒരു ദൈവികവെളിപാടെന്നപോലെ പറഞ്ഞു. അനേകം ആത്മാക്കളുടെ ഇടയനായി ദൈവം അച്ചനെ വിളിച്ചിരിക്കുന്നു. അതിനാൽ മറ്റൊന്നും ചിന്തിക്കേണ്ട. ഹൃദയത്തിൽ ഒരു സന്യാസിയായി ജീവിച്ചുകൊണ്ട് വിശുദ്ധനായ ഒരു ഇടവകവൈദികനായി ജീവിക്കുക. നാം ചെയ്യാൻവേണ്ടി ഒരുക്കിയിരിക്കുന്ന ചില സത്പ്രവൃത്തികൾ തന്നിലൂടെ തന്നെ ചെയ്യാൻ ദൈവം ആഗ്രഹിക്കുന്നു. അതിനാൽ ധൈര്യമായി ഈ ശുശ്രൂഷ തുടരുക! ആത്മീയപിതാവിന്റെ വാക്കുകൾ ദൈവഹിതമായി ശ്രവിച്ച് സമാധാനചിത്തനായി അദ്ദേഹം പോയി. അതുവരെ മനസ്സിനെ അലട്ടിയിരുന്ന ചിന്തകൾ ആത്മപിതാവിന്റെ മുമ്പിൽ തുറന്നുപറഞ്ഞപ്പോൾ ഒഴുകിപ്പോകുന്ന ജലം പോലെ മനസ്സിൽനിന്ന് മാഞ്ഞുപോകുന്നത് അദ്ദേഹം അറിഞ്ഞു. ഏറെ തീക്ഷ്ണതയോടെ ദൈവികചൈതന്യത്തോടെ ദൈവം തനിക്കായി ഏല്പ്പിച്ചുതന്ന ഇടവകയിലെ അജഗണത്തിന്റെ ഇടയിലേക്ക് കടന്നുചെല്ലാൻ അദ്ദേഹത്തെ ശക്തനാക്കി. മാത്രമല്ല, ഒരു സന്യാസിയായി ഹൃദയത്തിൽ അദ്ദേഹം ജിവിച്ചുവെന്നതിന് വ്യക്തമായ തെളിവാണ് കാലാന്തരത്തിൽ അദ്ദേഹം ഒരു സന്യാസസമൂഹത്തിന് രൂപം കൊടുത്തുവെന്നത്. അധികാരികളിലൂടെ വരുന്ന ദൈവസ്വരത്തിന് വിനീതനായി വിധേയപ്പെട്ടപ്പോൾ എത്ര വലിയ കാര്യങ്ങളാണ് ദൈവം അദ്ദേഹത്തിലൂടെ നിറവേറ്റിയതെന്ന് നാം ചിന്തിക്കേണ്ടിയിരിക്കുന്നു.

■

# 4

# ഇടവക സേവനം

## കരൂർ പള്ളിവികാരി

1903 –ൽ ബഹു. മത്തായി അച്ചൻ കരൂർപള്ളി വികാരിയായി നിയമിതനായി. പിതാവായ ദൈവത്തിന്റെ സ്നേഹം പ്രാർത്ഥന യിലും ധ്യാനത്തിലും സർവ്വോപരി സ്വജീവിതത്തിലും അനുഭവിച്ച റിഞ്ഞ് ആ സ്നേഹം ലോകത്തുള്ള ഏവർക്കും പകർന്നുകൊടുക്കു ന്നതിനും, ആ സ്നേഹവലയത്തിലേക്ക് എല്ലാവരേയും ആകർഷി ക്കുന്നതിനുമുള്ള തീവ്രമായ ഒരു അഭിനിവേശത്തോടെയാണ് മത്തായി അച്ചൻ തന്റെ ഔദ്യോഗിക ചുമതല ഏറ്റെടുത്തത്. തിരു ഹൃദയപ്രേഷിതനായ ഇദ്ദേഹത്തിന്റെ ഹൃദയം പിതാവായ ദൈവ ത്തോടും സഹോദരരായ മനുഷ്യരോടുമുള്ള സ്നേഹത്താൽ നിറ ഞ്ഞതായിരുന്നു. ഇടവക ജനങ്ങളുടെ ആദ്ധ്യാത്മികവും ഭൗതിക വുമായ താൽപര്യങ്ങളിൽ സ്നേഹമുള്ള ഒരു മാതാവിനെപ്പോലെ ബഹു. മത്തായി അച്ചൻ വർത്തിച്ചു. വളരെ ചുരുങ്ങിയ കാലം കൊണ്ട് ഏവരുടേയും സ്നേഹവിശ്വാസങ്ങൾ സമാർജ്ജിക്കുന്നതിന് ഇദ്ദേഹത്തിനു കഴിഞ്ഞു. ഭക്തനായ പുതിയ വികാരിയച്ചനെ ജന ങ്ങൾ അകമഴിഞ്ഞു സ്നേഹിച്ചു. ഈശോയുടെ തിരുഹൃദയത്തോ ടുള്ള സജീവസ്നേഹത്താൽ ജ്വലിച്ചിരുന്ന ഇദ്ദേഹത്തിന്റെ അധര

ങ്ങളിൽനിന്നും പുറപ്പെട്ടിരുന്ന വചനങ്ങൾ അവരെ പണ്യചരിത രാക്കി. തന്റെ നിരന്തരമായ പരിശ്രമത്തിന്റെഫലമായി തിരുഹൃദയ സഖ്യത്തിൽ അനേകംപേരെ ചേർക്കുകയും ഭക്തജീവിതം നയി ക്കുന്നതിന് അവരെ പ്രോത്സാഹിപ്പിക്കുകയും കുടുംബങ്ങളിൽ തിരു ഹൃദയപ്രതിഷ്ഠ നടത്തുകയും ചെയ്തുവന്നു. ഈ അവസരത്തിൽ തനിക്ക് സ്വതസിദ്ധമായിരുന്ന ദീനാനുകമ്പ മത്തായിഅച്ചനിൽ കൂടു തൽ പ്രകാശിക്കുകയുണ്ടായി. പാവപ്പെട്ടവരെ തന്റെ കഴിവിലും കൂടു തലായി സഹായിച്ചിരുന്നു. സഹായമഭ്യർത്ഥിച്ചുകൊണ്ട് തന്നെ സമീ പിച്ച ആരെയും വെറും കൈയായി മടക്കി അയച്ചിട്ടില്ല. പാവപ്പെട്ട വരുടെ കഷ്ടതകൾ നേരിട്ടു മനസ്സിലാക്കി അവരെ സഹായിക്കു ന്നതിൽ ബഹു. വികാരിയച്ചൻ തന്റെ സർവ്വകഴിവുകളും വിനിയോ ഗിച്ചു. പരിശുദ്ധമായ ഉപവിയാൽ പ്രേരിതനായി പിൽക്കാലത്ത് താൻ സ്ഥാപിച്ച സഭയെപ്പറ്റിയുള്ള അവ്യക്തമായ ഒരാശയം ഇദ്ദേഹ ത്തിന്റെ മനസ്സിൽ ആദ്യമായി ഉദിച്ചത് ഈ ഇടവകയിലെ സാധുജ നങ്ങളുമായി ഇടപെട്ട അവസരത്തിലായിരുന്നുവത്രെ.

1903 ൽ ബ.മത്തായിയച്ചൻ വികാരിയായി വരുമ്പോൾ കേവലം ഒരു ഷെഡ് മാത്രമായിരുന്ന കരൂർ പള്ളി ചുരുങ്ങിയ കാലംകൊണ്ട് പുതുക്കി പണികഴിപ്പിക്കുന്നതിന് ഇദ്ദേഹത്തിനു സാധിച്ചു. 1906 –ൽ ളാലം പഴയപള്ളി വികാരിയായി ബഹു.മത്തായി അച്ചന് സ്ഥലം മാറ്റം ലഭിച്ചു. തങ്ങളുടെ ആവശ്യങ്ങൾ പൈതൃകവാത്സല്യത്തോടെ നിർവ്വഹിച്ചും തങ്ങളെ സൽപാതകളിൽ നയിച്ചും തങ്ങൾക്കുവേണ്ടി അഹോരാത്രം ബുദ്ധിമുട്ടിയ നല്ലയിടയനായ ബഹു.കദളിക്കാട്ടിൽ അച്ചന്റെ വേർപാട് കരൂർ ഇടവകക്കാർക്ക് മർമ്മഭേദകമായി തോന്നിയതിൽ അത്ഭുതത്തിന് അവകാശമില്ല.

## ളാലം പഴയപള്ളിവികാരി

1906 ൽ കരൂർ പള്ളിയിൽനിന്നും ബഹു. മത്തായി അച്ചൻ ളാലം പഴയപള്ളിവികാരിയായി ചാർജ്ജെടുത്തു. ദൈവസ്നേഹത്താലും ആത്മാക്കളുടെ രക്ഷയിലുള്ള തീക്ഷ്ണമായ ശുഷ്കാന്തിയാലും എരിയുന്ന, തീവ്രമായ പ്രേഷിത ചൈതന്യത്തോടെയാണ് ഈ ചുമ തല അദ്ദേഹം ഏറ്റെടുത്തത്. മുൻഇടവകയിലെ ശാലീനരായ ഗ്രാമീ ണകർഷകരെക്കാൾ വ്യത്യസ്തരാണ് പാലാ പട്ടണവാസികളായ ഈ ഇടവകക്കാർ എന്ന് അദ്ദേഹം മനസ്സിലാക്കി. വിശ്വാസത്തിലും സന്മാർഗ്ഗ ജീവിതത്തിലും അധ:പതിച്ചവരും ദുശ്ചരിതരുമായ പലരും പട്ടണത്തിലുണ്ടായിരുന്നു. ദൈവഭക്തിയിലും പൊതുവെ മന്ദത

ബാധിച്ചവർ നിരവധിയായിരുന്നു. ഇവരുടെ മദ്ധ്യത്തിൽ ആദ്ധ്യാത്മികമായ നവോത്ഥാനത്തിനുള്ള ഒരു പദ്ധതി ആസൂത്രണം ചെയ്യുകയാണ് ആവശ്യമെന്ന് അച്ചന് മനസ്സിലായി. അതിനായി അദ്ദേഹം തെരഞ്ഞെടുത്ത നൂതനമാർഗ്ഗം തിരുഹൃദയഭക്തി പ്രചാരണമായിരുന്നു.

ആളുകളെ തിരുഹൃദയസഖ്യത്തിൽ ചേർക്കുവാനും അതിന്റെ നിബന്ധനകൾ കൃത്യമായി അനുസരിച്ച് ജീവിക്കുവാനും അദ്ദേഹം അവരെ നിരന്തരം പ്രേരിപ്പിച്ചുകൊണ്ടിരുന്നു. കുടുംബങ്ങളിൽ തിരുഹൃദയപ്രതിഷ്ഠ നടത്തുവാനുള്ള പ്രേരണയും പ്രോത്സാഹനവും നൽകി. അങ്ങനെ കുടുംബാംഗങ്ങളുടെ മദ്ധ്യത്തിൽ തിരുഹൃദയനാഥന്റെ രാജവാഴ്ച സംസ്ഥാപിക്കുവാനുള്ള തീവ്രയത്നത്തിൽ അദ്ദേഹം ഏർപ്പെട്ടു. പള്ളിയിലെ ഉപദേശങ്ങളും പ്രസംഗങ്ങളും മിക്കതും ഈ ഭക്തിയെ കേന്ദ്രമാക്കിയുള്ളതായിതുന്നു. ക്രിസ്തുവിന്റെ സമാധാനവാഴ്ച മനുഷ്യഹൃദയങ്ങളിൽ രൂഢമൂലമാക്കുക എന്ന ലക്ഷ്യത്തോടെ വ്യക്തിപരമായി സ്വഇടവകാംഗങ്ങളെ അദ്ദേഹം ഉപദേശിച്ചുകൊണ്ടിരുന്നു. ഈ ലക്ഷ്യസാദ്ധ്യത്തിനായി നിരന്തരമായ പ്രാർത്ഥനയും ത്യാഗാനുഷ്ഠാനങ്ങളും അദ്ദേഹം ഈശോയുടെ തിരുഹൃദയത്തിന് സമർപ്പിച്ചുകൊണ്ടാണിരുന്നത്.

കർത്താവ് വി. മർഗ്ഗരീത്താമറിയം വഴി തിരുഹൃദയഭക്തർക്കു വാഗ്ദാനം ചെയ്തിട്ടുള്ള അനുഗ്രഹങ്ങളുടെ അമൂല്യതയെക്കുറിച്ചും അദ്ദേഹം ജനങ്ങളെ ബോധവാന്മാരാക്കി. കുടുംബങ്ങളുടെ അധിനാഥനായി തിരുഹൃദയത്തിന്റെ വാഴ്ച അംഗീകരിച്ചുറപ്പിക്കുവാൻ അദ്ദേഹം കുടുബാംഗങ്ങളെ പ്രേരിപ്പിച്ചു. തിരുഹൃദയക്കൊന്ത പള്ളിയിലും വീടുകളിലും മുടങ്ങാതെ ചൊല്ലുന്നപതിവും ആരംഭിച്ചു. മാസാദ്യവെള്ളിയാഴ്ചതോറും കുമ്പസാരിച്ച് ദിവ്യകാരുണ്യം സ്വീകരിച്ച് തിരുഹൃദയസ്തുതിക്കായി കാഴ്ചവയ്ക്കുന്നവരുടെ എണ്ണവും ഇടവകയിൽ വർദ്ധിച്ചു. ഗത്സേമൻ തോട്ടത്തിൽവച്ച് ഈശോയുടെ തിരുഹൃദയം അനുഭവിച്ച സ്നേഹതിരസ്കരണത്തിനും നിന്ദാപമാനങ്ങൾക്കും പരിഹാരമായി ഒരുമണിക്കൂർനേരം പള്ളിയിലും വീടുകളിലും അഖണ്ഡാരാധന നടത്തുന്ന പ്രാർത്ഥനായജ്ഞത്തിനും അദ്ദേഹം തുടക്കംകുറിച്ചു. ഈശോയുടെ തിരുഹൃദയത്തിന്റെ ശാന്തതയും എളിമയും സ്നേഹവായ്പും ജനഹൃദയങ്ങളിൽ രൂഢമൂലമാക്കുകയെന്നുള്ളതായിരുന്നു വികാരിയച്ചന്റെ ഹൃദയാഭിലാഷം. അതിനായി തപശ്ചര്യകളിലും അദ്ദേഹം മുഴുകിയിരുന്നു.

ഇടവകയിൽ പൊതുവേ ആദ്ധ്യാത്മികമായ ഒരു നവോത്ഥാനം ദൃശ്യമായെങ്കിലും പള്ളിയിൽനിന്നകന്നുനിന്ന ചില ഇടവകാംഗങ്ങളിൽ ഈ പുതിയ ഉണർവിന്റെ അലകൾ ചെന്നെത്തിയതായി തോന്നിയില്ല. അവരെ ഇടവകയുടെ കൂട്ടായ്മയിലേക്ക് ആകർഷിക്കുവാൻ വികാരിയച്ചൻ പലവിധത്തിൽ പരിശ്രമിച്ചു. ചിലരെ പ്രത്യേകം ആൾവിട്ടു വിളിപ്പിച്ചു സംസാരിച്ചു. മാനസാന്തരത്തിന്റെ യാതൊരുലാഞ്ചനയും കാണിക്കാത്തവരെ വീണ്ടും പലപ്രാവശ്യം സമീപിച്ചു. കാണാതെപോയ ആടിനെതേടി അലഞ്ഞ നല്ലയിടയനെപ്പോലെ പാപത്തിന്റെ പടുകുഴിയിലേക്കു നീങ്ങിക്കൊണ്ടിരുന്ന ആത്മാക്കളെത്തേടി, വികാരിയച്ചൻ അവരുടെ വീടുകളും ജോലിസ്ഥലങ്ങളും പലതവണ കയറിയിറങ്ങി. അനുതാപത്തിന്റെയും ഏറ്റുപറച്ചിലിന്റെയും അടയാളങ്ങൾ അവരിൽ പ്രകടമാകുന്നതുവരെ മത്തായി അച്ചൻ ഈ മാനസാന്തരയജ്ഞം തുടർന്നിരുന്നു.

ദുർമ്മാർഗ്ഗജീവിതംകൊണ്ട് ചുറ്റുമുള്ള പ്രദേശങ്ങളിൽപോലും കുപ്രസിദ്ധി നേടിയവരും മാനസാന്തരം അസാദ്ധ്യമെന്ന് സകലരാലും വിധിക്കപ്പെട്ടവരുമായ ചിലർ പാലാപ്പട്ടണത്തിലുണ്ടെന്ന് അച്ചന് മനസ്സിലായി. അവരെ സമീപിക്കുന്നതും അവരുമായി സംസാരിക്കുന്നതുപോലും ആക്ഷേപാർഹമായി സാമാന്യജനത കരുതിയിരുന്നു എന്നതാണ് പരമാർത്ഥം. വഴിതെറ്റിപ്പോയ ആടിനെ തേടിയിറങ്ങിയ നല്ലയിടയനായ ക്രിസ്തുവിന്റെ ഉത്തമശിഷ്യനായ കദളിക്കാട്ടിൽ അച്ചൻ ഇവരെയും ക്രിസ്തുവിന്റെ സ്നേഹത്തിലേക്ക് കൂട്ടികൊണ്ടുവരുവാനുള്ള പരിശ്രമം ആരംഭിച്ചു. ദിവ്യകാരുണ്യ സന്നിധിയിൽ മുട്ടുകുത്തി ദീർഘനേരം തിരുഹൃദയത്തോട് കരുണയാചിച്ചു. ഉപവാസവും തപശ്ചര്യകളും അനുഷ്ഠിച്ചു. അതിനുശേഷം അവരെ സമീപിച്ച് സ്നേഹത്തോടും കരുണയോടുംകൂടി പെരുമാറി - സംസാരിച്ചു. മാന്യരും ഭക്തരുമൊക്കെ വെറുപ്പോടെ അകന്നുമാറുന്ന തങ്ങളോട് വികാരി അച്ചൻ സ്നേഹവും സൗഹൃദവും പുലർത്തിയപ്പോൾ അവരുടെ ഹൃദയത്തിൽ വറ്റിവരണ്ടിരുന്ന നന്മയുടെ നീർച്ചാലുകൾ വീണ്ടും നനവണിഞ്ഞു. തങ്ങളുടെ പാപമാർഗ്ഗത്തിൽനിന്നും പിന്തിരിയുവാൻ അവരിൽ പലരും സമ്മതിച്ചു. ധ്യാനത്തിൽ സംബന്ധിക്കുന്നതിനും കൂദാശകൾക്കു അണയുന്നതിനും മിക്കവരും സന്നദ്ധരായി. അവരിൽ പൂർണ്ണമായ ജീവിതപരിവർത്തനം ഉണ്ടായി. ഈശോയുടെ തിരുഹൃദയം അങ്ങനെ വിജയം വരിച്ചു. ഇവർ മാനസാന്തരപ്പെടുക മാത്രമല്ല അതിനുശേഷം പ്രായശ്ചിത്തചൈതന്യത്തോടുകൂടി മാതൃകാപരമായ പുണ്യ

ജീവിതം നയിക്കുകയും ചെയ്തു എന്നുള്ളത് അത്ഭുതകരമായ വസ്തുതയത്രെ.

ബഹു.മത്തായി അച്ചന്റെ ക്ഷമയോടും സ്നേഹത്തോടും കൂടിയ സമീപനവും നിരന്തരമായ പ്രാർത്ഥനയും, ബലഹീനതയാലും സാഹചര്യങ്ങളുടെ സമ്മർദ്ദത്താലും തിന്മയിൽത്തന്നെ നിലനിന്ന് മാനസാന്തരത്തിന് മടിച്ച ചിലരെ സ്ഥിരമായി സൽപ്പാതയിലേയ്ക്ക് ആനയിച്ചു. പരസ്യപാപിനിയായ ഒരു സ്ത്രീയെ പലപ്രാവശ്യം അച്ചൻ ഉപദേശിക്കുകയും മാനസാന്തരപ്പെടുത്തുവാൻ പരിശ്രമിക്കുകയും ചെയ്തെങ്കിലും അവൾ വീണ്ടും അതേ ജീവിതരീതിയിൽ മുന്നോട്ടു പോകുന്നതായി അച്ചന് അറിവു കിട്ടി. തീക്ഷ്ണമായി പല മണിക്കൂറുകൾ പ്രാർത്ഥിച്ചശേഷം അച്ചൻ സ്വന്തം കൈവിരൽ മുറിച്ച് ആ രക്തത്തിൽ മുക്കി എഴുതി നീ ഇനിയെങ്കിലും മാനസാന്തരപ്പെടുക, അല്ലെങ്കിൽ നീ നശിക്കും എന്ന് . ഈ രക്തലിഖിതം അച്ചൻ കപ്യാർവശം അവൾക്ക് കൊടുത്തയച്ചു. ഇതു കണ്ടപ്പോൾ അവൾ ആകെ ഭയന്നു വിളറി. പിന്നീടു ശാന്തമായി അച്ചനെ സമീപിച്ചു. പശ്ചാത്താപത്തോടെ കുമ്പസാരിച്ചു. തന്റെ പഴയ ജീവിതത്തെ പാടെ ഉപേക്ഷിച്ച് ഭക്തജീവിതം നയിക്കുവാൻ ആരംഭിച്ചു. താമസിയാതെ അവൾ ഭാഗ്യമരണം പ്രാപിക്കുകയും ചെയ്തു.[8]

കുത്തഴിഞ്ഞ ജീവിതത്തിന്റെ അഴുക്കുചാലിൽനിന്ന് അച്ചന്റെ ഉപദേശം വഴി രക്ഷപെട്ട മറ്റൊരു സ്ത്രീ കുർബാനയ്ക്ക് മുൻപ് പള്ളിയിൽവന്നുകൊള്ളാമെന്ന് സമ്മതിച്ചിരുന്നു. കുർബാനയ്ക്ക് സമയം അടുത്തിട്ടും പ്രസ്തുത സ്ത്രീയെ കാണാൻ ഇല്ല. ഒട്ടും മടിക്കാതെ അച്ചൻ ആൾ അയച്ച് അവളുടെ വരവും കാത്ത് സങ്കീർത്തിയിൽനിന്നു. പരസ്യപാപിനിയായ ഒരുസ്ത്രീക്കുവേണ്ടി വികാരിഅച്ചൻ കുർബാനചൊല്ലാൻ സമയം വൈകിക്കുന്നതിൽ ചിലർക്കെങ്കിലും അല്പസ്വല്പം നീരസം തോന്നിയിരിക്കാം. എന്നാലും കൈവിട്ടുപോയ ഒരു ആത്മാവിനെ തിരിച്ചെടുക്കാനുള്ള തീവ്രാഭിലാഷ വ്യഗ്രതയിൽ കേവലമായ രസനീരസങ്ങളോ ഔപചാരികമായ ഔചിത്യാനൗചിത്യങ്ങളോ അച്ചൻ പരിഗണിച്ചില്ല എന്നുള്ളതാണ് വാസ്തവം. ഏതായാലും അന്യാദൃശമായ ക്ഷമയും വിട്ടുവീഴ്ചയും സൗമനസ്യവുംകൊണ്ട് നഷ്ടപ്പെടുവാനിരുന്ന ആ സ്ത്രീയും സഭാമാതാവിന്റെ മടിയിലേക്ക് പുനരാനയിക്കപ്പെടുകയുണ്ടായി.

8. തിരുഹൃദയ ദൂതൻ പേജ് 29 ശ്രീ. വറുഗീസ് കാഞ്ഞിരത്തുങ്കൽ

ക്രിസ്തുവിനെപ്പോലെ പാപികളോട് ആശ്ചര്യകരമായ കരുണയാണ് അച്ചൻ പ്രദർശിപ്പിച്ചിരുന്നത്. ഒരിക്കൽ ഇദ്ദേഹത്തിന്റെ പരിശ്രമഫലമായി മാനസാന്തരപ്പെട്ട ഒരാൾ കുമ്പസാരത്തിനണഞ്ഞു. പരസ്യമായ ദുർമാതൃകയ്ക്ക് കാരണമായിട്ടുള്ള പാപികൾക്ക് അക്കാലത്ത് കൊടുത്തിരുന്ന ഒരു പ്രായശ്ചിത്തം, കഴുത്തിൽ കയർ ധരിച്ചുകൊണ്ട് ദേവാലയത്തിൽനിന്ന് വി. കുർബാന കാണുക എന്നതായിരുന്നു. എന്നാൽ അതു നിറവേറ്റുവാൻ അനുതാപി അല്പം മടി കാണിച്ചു. ഉടനെ അച്ചൻതന്നെ ആ പ്രായശ്ചിത്തം നിറവേറ്റുവാൻ തയ്യാറായി. തൽക്ഷണം ആ അനുതാപി മുന്നോട്ടുനീങ്ങി ക്ഷമാപണം ചെയ്ത് തന്റെ ആത്മപിതാവിന്റെ കയ്യിൽനിന്നും പ്രായശ്ചിത്തത്തിന്റെ ചിഹ്നമായ കയർ വാങ്ങി യാതൊരു മടിയും കൂടാതെ ധരിച്ചുകൊണ്ട് പ്രായശ്ചിത്തം അനുഷ്ഠിച്ചു[9].

പല രീതിയിൽ ഉപദേശിക്കുകയും അനുതാപബോധനങ്ങൾ നടത്തുകയും ചെയ്തിട്ട് ഒട്ടും വഴങ്ങാതിരുന്ന മറ്റൊരു പാപഗ്രസ്തനെ മാനസാന്തരപ്പെടുത്തുന്നതിന് പൂർവ്വോപരി കഠിനതരവും ആത്മസ്പർശകവുമായ മാർഗ്ഗമാണ് അദ്ദേഹം സ്വീകരിച്ചത്. ആദ്യംതന്നെ ആ വ്യക്തിയുടെ മാനസാന്തര നിയോഗംവെച്ച് ഒരുനവനാൾ പ്രാർത്ഥന ആരംഭിച്ചു. പ്രാർത്ഥനയോടൊപ്പം ഉപവാസവും അനുബന്ധ തപശ്ചര്യകളും തുടർന്നു. അനുദിനം നിർദ്ദിഷ്ട വ്യക്തിയെ സമീപിച്ച് അനുനയസ്വരത്തിൽ അനുരഞ്ജന സംഭാഷണം നടത്തി. എത്രതന്നെ പണിപ്പെട്ടിട്ടും ഫലം അനുകൂലമാകാതെ വന്നപ്പോൾ തന്റെ കീഴിൽ ഭരമേല്പിക്കപ്പെട്ട ഒരാത്മാവ് നിത്യനാശത്തിലേക്ക് വഴുതിവീഴുന്നതോർത്ത് അദ്ദേഹം ആകുലനായി. ആ ദൈവിക മനുഷ്യന്റെ ഹൃദയം താപതപ്തമായി. പാപികൾക്ക്വേണ്ടി കുരിശിന്റെ വഴിയിലുടനീളം രക്തം ചിന്തിയ തിരുനാഥന്റെ ദിവ്യഹൃദയത്തിലെ അമൂല്യരക്തം ആ മനുഷ്യനെ സംബന്ധിച്ചിടത്തോളം വ്യർത്ഥമായിപ്പോകുന്നല്ലോ എന്ന ചിന്ത ആ തിരുഹൃദയഭക്തനെ വേദനിപ്പിച്ചു. ഇടറുന്ന സ്വരത്തിൽ അദ്ദേഹം അനുതാപാഭ്യർത്ഥന തുടർന്നു. അയാളുടെ മാനസാന്തരത്തിനുവേണ്ടി കൂടുതൽ ത്യാഗത്തിനു തയ്യാറാകാൻ താൻ നിശ്ചയിച്ചുറച്ചിരിക്കുകയാണ് എന്നും വികാരിയച്ചൻ അറിയിച്ചു.

തന്റെ ആത്മരക്ഷയ്ക്കുവേണ്ടി വികാരിയച്ചൻ പ്രകടിപ്പിക്കുന്ന ഉൽക്കടമായ മാനസാന്തരദാഹവും ഈശ്വരാർപ്പിതമായ ത്യാഗസന്ന

9. കദളിക്കാട്ടിലച്ചൻ ശ്രീ. ഡി. കുരുവിള മനയാനി പേജ് 15

ദ്ധതയും ആ അനുതാപ വിമുഖനെ ആഴമായി സ്പർശിച്ചു. അനുതാപത്തിന്റെ വിശുദ്ധ വികാരം ഒരു മിന്നൽപിണറുപോലെ അയാളുടെ അന്തരാത്മാവിനെ സ്പർശിച്ചു. പശ്ചാത്താപത്തോടെ അയാൾ വികാരിയച്ചനുമുന്നിൽ മുട്ടുകുത്തി.

ഏറ്റം കഠിനഹൃദയങ്ങളെപ്പോലും ഇളക്കുന്നതിനുള്ള വരം ഞാൻ വൈദികർക്കു നല്കും എന്ന ഈശോയുടെ തിരുഹൃദയം വി. മാർഗ്ഗരറ്റു മേരി അലക്കോക്കിനോടു ചെയ്ത വാഗ്ദാനം തിരുഹൃദയപ്രേഷിതനായ ബഹു.മത്തായിഅച്ചനിൽ അക്ഷരംപ്രതി നിറവേറി. സ്വന്തം അജഗണങ്ങൾക്കുവേണ്ടി സ്വയം പരിത്യജിച്ചുകൊണ്ടുള്ള ഈ തിരുഹൃദയദാസന്റെ ആത്മാർത്ഥമായ പ്രാർത്ഥനകളെല്ലാംതന്നെ വിജയകരമായി പര്യവസാനിച്ചിട്ടുണ്ട്. ബഹു. വികാരിഅച്ചന്റെ കളങ്കരഹിതവും നിസ്വാർത്ഥവുമായ പ്രവർത്തനങ്ങളിൽ സന്തുഷ്ടചിത്തരായ ജനങ്ങൾ അദ്ദേഹത്തെ ആത്മാർത്ഥമായി അകമഴിഞ്ഞ് സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തു. ഈ സ്നേഹബഹുമാനങ്ങളും കൃതജ്ഞതാമനോഭാവവുമാണ് പിൽക്കാലത്ത് സെന്റ് മേരീസ് ഹൈസ്കൂളിന്റെ സ്ഥാപനാവസരത്തിൽ അദ്ദേഹത്തിന് ആത്മധൈര്യവും പ്രതീക്ഷയും പകർന്നു കൊടുത്തതും, അദ്ദേഹത്തിന്റെ പരിശ്രമങ്ങളെ വിജയത്തിലെത്തിച്ചതും. തന്റെ ചുരുങ്ങിയ കാലത്തെ പരിശ്രമം കൊണ്ട് പാലാ നഗരവാസികളുടെ ജീവിതത്തിലാകമാനം ഉണർവ്വും നവചൈതന്യവും ഉളവാക്കുവാൻ ബഹു.മത്തായി അച്ചനു സാധിച്ചു.

## പീഡാനുഭവ ദൃശ്യം[10]

ജർമ്മനിയിലെ ഓമർഅമർഗാവു എന്ന ഉൾനാടൻ ഗ്രാമത്തിൽ ദീർഘനാളത്തെ തയ്യാറെടുപ്പുകളോടും തപശ്ചര്യകളോടുംകൂടി പത്തുവർഷത്തിലൊരിക്കൽ നടത്തപ്പെട്ടുപോരുന്ന പീഢാനുഭവനാടകത്തിന്റെ ഒരു അനുകരണമെന്നപോലെ ളാലം പള്ളിയിൽ പ്രതിവർഷം ദുഃഖവെള്ളിയാഴ്ചതോറും നടത്തിവന്നിരുന്ന പീഢാനുഭവ പ്രദർശനം പൂർവ്വോപരി ഭക്തി സംവർദ്ധകമായും കലാപരമായ ചാരുതയോടും അവതരിപ്പിക്കുന്നതിൽ കദളിക്കാട്ടിലച്ചന്റെ ബൈബിൾ കേന്ദ്രീകൃതമായ സൂക്ഷ്മ ദൃഷ്ടിയും ഭാവനാസമ്പത്തും മുഖ്യഘടകമായിരുന്നു.

10. തിരുഹൃദയ ദൂതൻ പേജ് 30 ശ്രീ. വറുഗീസ് കാഞ്ഞിരത്തുങ്കൽ

ക്രിസ്തുനാഥൻ ഗത്സേമൻ തോട്ടത്തിൽ പ്രാർത്ഥിച്ചു കൊണ്ടിരിക്കെ ഒരു ദൈവദൂതൻ പ്രത്യക്ഷപ്പെടുന്നതായിരുന്നു ആദ്യ രംഗം. കുരിശിൽനിന്നു താഴെയിറക്കിയ ക്രിസ്തുവിന്റെ തിരുശരീരം മടിയിൽ കിടത്തി ദീനദീനം വിലപിക്കുന്ന വ്യാകുലാംബികയെ അവതരിപ്പിച്ചുകൊണ്ടാണ് ഈ പീഡാനുഭവ പ്രദർശനത്തിന് തിരശ്ശീല വീണിരുന്നത്. പാസ് എന്നപേരിൽ അറിയപ്പെട്ടിരുന്ന ഈ അഭിനയ ദൃശ്യം കാണാനും ക്രിസ്തുവിന്റെ പീഡാനുഭവത്തിന്റെ തീവ്രാനുഭൂതിയിൽ ലയിക്കാനുമായി കേരളത്തിന്റെ നാനാഭാഗത്തുനിന്നും ഭക്തജനങ്ങൾ ദുഃഖവെള്ളിയാഴ്ചതോറും ളാലം പള്ളിയങ്കണത്തിൽ തടിച്ചുകൂടിയിരുന്നു.

ഓരോ രംഗവും ആരംഭിക്കുന്നതിനുമുമ്പ് ആ രംഗത്തു നടക്കുവാൻ പോകുന്ന സംഭവങ്ങൾ വിവരിച്ചുകൊണ്ടും അതുൾക്കൊള്ളുന്ന ധ്യാനസന്ദേശങ്ങൾ വിശദീകരിച്ചുകൊണ്ടും വികാരി അച്ചൻ നടത്തിയിരുന്ന പീഡാനുഭവപ്രസംഗങ്ങൾ ഓരോ രംഗം കഴിയുന്തോറും ഉപരിയുപരി ഭാവസാന്ദ്രതയും വികാരതീവ്രതയും പ്രതിഫലിപ്പിച്ചിരുന്നു. ചില ഘട്ടങ്ങളിൽ ഗദ്ഗദകണ്ഠനായി, കണ്ണീർവാർത്തുകൊണ്ടു കദളിക്കാട്ടിലൽ അച്ചൻ നടത്തിയിരുന്ന ആ തിരുവചന പ്രഭാഷണം ശ്രോതാക്കളുടെയും കണ്ണുനനച്ചിരുന്നു.

ളാലം പള്ളിയിലെ പാസ് പ്രസംഗങ്ങൾക്ക് അക്കാലത്ത് പരക്കെ അറിയപ്പെട്ടിരുന്ന സുവിശേഷ പ്രഭാഷകരെയാണ് ക്ഷണിച്ചു വരുത്തിയിരുന്നത്. എന്നാൽ കദളിക്കാട്ടിൽ അച്ചൻ വികാരിയായി വന്ന വർഷം മുതൽ അദ്ദേഹം തന്നെ ആ ദൗത്യം നിർവ്വഹിച്ചു പോന്നു. അദ്ദേഹത്തിന്റെ പ്രസംഗം ഒരിക്കൽ കേട്ട ഭക്തജനങ്ങൾ വീണ്ടും വീണ്ടും അതുകേൾക്കുവാൻ ആഗ്രഹം പ്രകടിപ്പിച്ചതുകൊണ്ടാണ് അദ്ദേഹംതന്നെ അത് ഏറ്റെടുത്തത്. ജനഹൃദയങ്ങളെ സ്പർശിച്ചത് വാഗ്മിത്വത്തെക്കാൾ മത്തായി അച്ചന്റെ വചനങ്ങൾക്കു പിന്നിലെ ആത്മാർത്ഥതയും ആർജ്ജവത്വവും തന്മയീഭാവവുമായിരുന്നു.

ഓരോ വർഷവും പാസ് നടത്തുന്നതിന് ഒരു മാസംമുമ്പ് മുതലേ മത്തായി അച്ചൻ മാനസികമായും ശാരീരികമായും പ്രായശ്ചിത്തങ്ങൾ അനുഷ്ഠിച്ചുകൊണ്ട് അതിനുള്ള ഒരുക്കങ്ങൾ തുടങ്ങിയിരുന്നു. പ്രത്യേക നോമ്പും ഉപവാസവും പ്രായശ്ചിത്താനുഷ്ഠാനങ്ങൾ ഉൾപ്പെടുന്ന തപശ്ചര്യകളും ആയിരുന്നു അവ. പാസിന്റെ അണിയറശില്പ്പിയായി പ്രവർത്തിച്ചവർക്കും പ്രത്യേകമായ ഒരുക്ക

ങ്ങൾ അച്ചൻ നിഷ്കർഷിച്ചിരുന്നു. പിൽക്കാലത്ത് ഈ പീഢാനുഭവപ്രദർശനം നിലച്ചുപോവുകയാണുണ്ടായത്.

## പിടിയരി പ്രസ്ഥാനം [11]

ആദ്ധ്യാത്മിക കാര്യങ്ങളിലെന്നപോലെ ഇടവകജനങ്ങളുടെ ഭൗതികസുസ്ഥിതിയിലും വികാരി അച്ചന് സവിശേഷമായ ശ്രദ്ധയുണ്ടായിരുന്നു. പാവപ്പെട്ട ആളുകളുടെ ദയനീയ സ്ഥിതിയിൽ അദ്ദേഹത്തിനു അലിവു തോന്നി. ഒരു നേരമെങ്കിലും അവരുടെ വിശപ്പടക്കാൻ അദ്ദേഹം ഒരു കുറുക്കുവഴി കണ്ടെത്തി – പിടിയരി പ്രസ്ഥാനം നിങ്ങൾ ഉരിയോ നാഴിയോ അരിയോ അടുപ്പത്തിടുന്നുള്ളുവെങ്കിലും അതിൽനിന്ന് ഒരു പിടിയെടുത്ത് വിശപ്പുകൊണ്ട് എരിപൊരി കൊള്ളുന്ന നിങ്ങളുടെ സഹോദരങ്ങൾക്കായി മാറ്റിവയ്ക്കണം, ഞാൻ ആൾ വിടുമ്പോൾ അതു കൊടുത്തയയ്ക്കണം. മത്തായി അച്ചന്റെ ഈ അഭ്യർത്ഥന വീട്ടമ്മമാർ ചെവിക്കൊണ്ടു. പല തുള്ളി പെരുവെള്ളം എന്നു പറഞ്ഞ മട്ടിൽ അദ്ദേഹം ആസൂത്രണം ചെയ്ത പിടിയരി പ്രസ്ഥാനം ഒരു വൻവിജയമായി. ഒട്ടേറെ പാവപ്പെട്ടവർക്ക് ഒരു ആശ്വാസപദ്ധതിയായി അതു നിലനില്ക്കുകയും ചെയ്തു.

■

11. കദളിക്കാട്ടിലച്ചൻ ശ്രീ. ഡി. കുരുവിള മനയാനി പേജ് 32

5

# സേവനം
# പാലാ വലിയപള്ളിയിൽ

## പാലാ വലിയ പള്ളി

പാലായിൽ ഒരു പള്ളി ആരംഭിക്കുന്നതിനുമുമ്പ് പാലായിലും സമീപപ്രദേശങ്ങളിലുമുള്ള ക്രിസ്ത്യാനികളുടെ ഇടവകപ്പള്ളി അരുവിത്തുറ ആയിരുന്നു. യാത്രാസൗകര്യങ്ങളുടെ അഭാവംകൊണ്ടും വന്യമൃഗങ്ങളുടെയും മോഷ്ടാക്കളുടെയും ശല്യംകൊണ്ടും വിശ്വാസികൾക്കെല്ലാം പതിവായി പള്ളിയിൽ പോകുവാനോ കൂദാശകൾ സ്വീകരിക്കുവാനോ സാധിച്ചിരുന്നില്ല. ഇതിനൊരു പരിഹാരമുണ്ടാക്കാൻ സുഹൃത്തക്കളായ തറയിൽ മാപ്പിളയും, വയലക്കൊമ്പുമാപ്പിളയും ചേർന്ന് തീരുമാനിച്ചു. പാലാ ഉൾപ്പെടുന്ന പ്രദേശം മുഴുവൻ അന്നു മീനച്ചിൽ കർത്താക്കന്മാരുടെ ഭരണത്തിൻ കീഴിലായിരുന്നു. വയലക്കൊമ്പിൽനിന്ന് മീനച്ചിൽ വന്നു താമസിച്ച് ആയോധന വിദ്യയിൽ തനിക്കുള്ള പാടവം കൊണ്ട് മീനച്ചിൽ കർത്താവിന്റെ സൈന്യാധിപനായിത്തീർന്ന ആളാണ് വയലക്കൊമ്പുമാപ്പിള. കടുത്തുരുത്തിയിൽ നിന്നു പുലിയന്നൂർവന്ന് കുഴിക്കാട്ടുതറക്കാരുടെ സ്ഥലം വാങ്ങി സമ്പന്നനായിത്തീർന്ന ആളാ

യിരുന്നു തറയിൽ മാപ്പിള. വയലക്കൊമ്പുമാപ്പിളയ്ക്ക് മീനച്ചിൽ കർത്താവിലുള്ള സ്വാധീനം ഉപയോഗിച്ച് ഇരുവരും കൂടി കർത്തായെക്കണ്ട് പാലായിൽ ഒരു പള്ളി പണിയാൻ അനുവാദം ചോദിച്ചു. പള്ളിസ്ഥാപനത്തിന് നാലുവീട്ടുകാരെങ്കിലും വേണമെന്നു കർത്താ ആവശ്യപ്പെട്ടപ്പോൾ തറയിൽ മാപ്പിള കടുത്തുരുത്തിയിൽ നിന്നു തന്റെ സഹോദരനായ കൂട്ടുങ്കൽ മാപ്പിളയെ കൊണ്ടുവന്നു. അങ്കമാലിയിൽനിന്നു മേവിട വന്ന് വെട്ടിക്കാട്ടുനായരുടെ സ്ഥലം വാങ്ങി വ്യാപാരം വഴി ധനികനായിത്തീർന്ന ആളായിരുന്നു എറ കോന്നിമാപ്പിള. പള്ളിസ്ഥാപനത്തിന് ഈ കുടുംബക്കാർ ആണ് ഉണ്ടായിരുന്നത്. പള്ളിപണിക്ക് കർത്തായുടെ അനുമതി കിട്ടിയപ്പോൾ പള്ളി പണിയേണ്ട സ്ഥലം സംബന്ധിച്ച് തറയിൽമാപ്പിളയും വയലക്കൊമ്പുമാപ്പിളയും തമ്മിൽ യോജിക്കാതെ വന്നു. വയലക്കൊമ്പു മാപ്പിള തന്റെ വീടിനു സമീപത്ത് പെരുമണ്ണിൽ എന്ന സ്ഥലത്തൊരു കുരിശ്ശുനാട്ടി പള്ളിയ്ക്കു സ്ഥാനനിർണ്ണയം നടത്തി. തറയിൽ മാപ്പിള മീനച്ചിലാറിന്റെ വടക്കേക്കരയിൽ പള്ളിപണിയണമെന്നു വാദിച്ചു. ഇങ്ങനെ ഒരു തർക്കമുണ്ടായപ്പോൾ മീനച്ചിൽ കർത്താ ഒരു മദ്ധ്യസ്ഥനെന്ന നിലയിൽ ഇടപെടുകയും തറയിൽ നിന്നു തെക്കുകിഴക്കായും വയലക്കൊമ്പിൽ നിന്നു വടക്കുപടിഞ്ഞാറായും അളന്നാൽ വരുന്ന മദ്ധ്യസ്ഥാനത്ത് പള്ളിപണിയാമെന്നും ആ സ്ഥലം ആരുടേതായാലും ഒഴിപ്പിച്ചു നല്കാമെന്നും വിധി കല്പ്പിച്ചു. അങ്ങനെ അളന്നപ്പോൾ ഇപ്പോൾ പള്ളിയിരിക്കുന്ന സ്ഥലം മദ്ധ്യസ്ഥാനമായി കണ്ടെത്തി. വെട്ടുകല്ലും പാറക്കൂട്ടവും ഇഞ്ചക്കാടുകളും നിറഞ്ഞ പ്രസ്തുത സ്ഥലം വെട്ടിത്തെളിച്ചു നിരപ്പാക്കി 1002 ജൂലൈ 3-ാം തീയതി സെന്റ് തോമസിന്റെ നാമത്തിൽ തറക്കല്ലിട്ടു പണിയാരംഭിച്ചു.

പള്ളി പണിയുന്നതിൽ എതിർപ്പുണ്ടായിരുന്ന സമീപവാസികളിലെ നേതാക്കന്മാർ, രാത്രിയിൽസംഘംചേർന്ന് പണിതീർത്ത ഭാഗത്തെ കല്ലുകൾപെറുക്കി മീനച്ചിലാറ്റിൽ കളഞ്ഞിരുന്നു. മാപ്പിളമാർ വീണ്ടും സങ്കടനിവാരണത്തിനായി കർത്തായെ സമീപിച്ചു. കർത്താ നേരിട്ടുവന്ന് എതിരാളികളുടെ നേതാവിനെ ശാസിക്കുകയും പള്ളിക്കടുത്തു തനിച്ചുവന്നിരുന്ന് കച്ചേരി നടത്താനായി ഒരു ശ്രാമ്പി പണികഴിപ്പിക്കുകയും പള്ളിപണിതീരുന്നതുവരെ സംരക്ഷണം നല്കുകയും ചെയ്തു. എ.ഡി. 1003 ഏപ്രിൽ മാസത്തിലെ ഉയിർപ്പുതിരുനാൾ ദിവസം പള്ളിപണി പൂർത്തിയാക്കി വെഞ്ചരിപ്പു നടത്തി.

16-ാംനൂറ്റാണ്ടിൽ പോർട്ടുഗീസുകാരുടെ ആഗമനശേഷം നേരത്തെ ഉണ്ടായിരുന്ന ക്ഷേത്രമാതൃകയിലുള്ള പള്ളിപൊളിച്ച് പോർട്ടുഗീസ് ശില്പമാതൃകയിൽ കനത്തഭിത്തികളോടുകൂടി മനോഹരമായി പുതുക്കിപ്പണിയുകയുണ്ടായി. 17 -ാം നൂറ്റാണ്ടിൽ മുസ്ലീം ആക്രമണത്തോടെ ഈ പള്ളി തീവച്ചു നശിപ്പിക്കപ്പെട്ടതിനെത്തുടർന്ന് പുനർനിർമ്മാണം നടത്തിയെങ്കിലും, 18-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ തറയിൽ വംശജനായ ശ്രാമ്പിക്കൽ ഇട്ടൻമാപ്പിളയുടെ നേതൃത്വത്തിൽ പോർട്ടുഗീസ് ശില്പമാതൃകയിൽ പണി തീർത്ത ദേവാലയമാണ് ഇപ്പോഴത്തെ പഴയപള്ളി.

കേരളസഭയിലെ പുനരൈക്യത്തിനായി കരിയാറ്റിൽ ജോസഫ് മല്പാനും പാറേമ്മാക്കൽ തോമ്മാക്കത്തനാരും റോമയാത്ര നടത്തിയപ്പോൾ (1778- 1782) അവരുടെ യാത്രാച്ചെലവിനായി പാലാപ്പള്ളി ഒരു വെള്ളിക്കുരിശ് സംഭാവന ചെയ്യുകയുണ്ടായി. പ്രസ്തുത സഹായത്തിനു പ്രതിനന്ദിയായി പിന്നീട് പാറേമ്മാക്കൽ തോമ്മാ ഗോവർണ്ണദോരുടെ പരിശ്രമഫലമായി അന്ന് തിരുസഭയെ ഭരിച്ചിരുന്ന പീയൂസ് ആറാമൻ മാർപ്പാപ്പാ പാലാപ്പള്ളിക്ക് പാലാ വലിയ പള്ളി എന്ന പദവി നൽകി ആദരിച്ചു. 1950 ജൂലൈ 25-ാം തീയതി ചങ്ങനാശേരി രൂപത രണ്ടായിതിരിച്ച് പാലാ രൂപത നിലവിൽ വരികയും പാലാ വലിയപള്ളി കത്തീഡ്രൽ ദേവാലയമായി ഉയർത്തപ്പെടുകയും ഈ ഇടവകാംഗമായിരുന്ന വയലിൽ കളപ്പുര എമ്മാനുവൽ സെബാസ്റ്റ്യൻ അച്ചൻ ആദ്യത്തെ മെത്രാനായി നിയമിക്കപ്പെടുകയും ചെയ്തു. ഇപ്പോഴുള്ള പുതിയ കത്തീഡ്രൽ 1818 -ൽ പണി കഴിപ്പിച്ചിരുന്ന മൂന്നുരാജാക്കന്മാരുടെ പള്ളിയുടെ സ്ഥാനത്താണ് സ്ഥിതിചെയ്യുന്നത്.

## പ്രധാന പ്രേഷിതരംഗം

അപ്പസ്തോലിക പാരമ്പര്യമുള്ള പൗരസ്ത്യക്രൈസ്തവ സമൂഹത്തിന്റെ ശക്തികേന്ദ്രമാണു പാലാ വലിയപള്ളി. മീനച്ചിലാറിന്റെ തീരത്തു സ്ഥിതിചെയ്യുന്നതും തോമ്മാശ്ലീഹായുടെ നാമത്തിൽ സ്ഥാപിതവുമായ ഈ ദേവാലയത്തിനു ഏതാണ്ടു ആയിരം വർഷത്തെ പഴക്കമുണ്ട്. പൗരാണികകാലം മുതൽ ഈ ഇടവകയിലെ ക്രൈസ്തവ വിശ്വാസികൾ ഇതരവിഭാഗങ്ങളുമായി സഹിഷ്ണതയിലും സഹവർത്തിത്വത്തിലും കഴിഞ്ഞുപോന്നു. സാമൂഹിക രാഷ്ട്രീയമണ്ഡലങ്ങളിലും കലാസാംസ്കാരിക രംഗങ്ങളിലും വ്യക്തിമുദ്രപതിപ്പിച്ചിട്ടുള്ള പ്രഗത്ഭരായ പല മഹൽ വ്യക്തികൾ

അന്നും ഇന്നും ഈ ഇടവകയുടെ സന്താനങ്ങളായുണ്ട്. ആദ്ധ്യാത്മികരംഗത്ത് നേതൃത്വവും മാതൃകയും നല്കിയിട്ടുള്ള നിരവധി വൈദികരും അത്മായരും ഈ മഹത്തുക്കളുടെ നിരയിൽപ്പെടുന്നു. അനേകായിരം കുടുംബങ്ങൾ ഉൾക്കൊള്ളുന്ന വിശാലമായ ഒരു ഭൂവിഭാഗമായിരുന്നു ഇടവകാതിർത്തി. ഞായറാഴ്ച കുർബാന ചൊല്ലേണ്ട പല കുരിശുപള്ളികളും ഈ അതിർത്തിയിൽ ഉണ്ടായിരുന്നു. പാറേമ്മാക്കൽ ഗോവർണ്ണദോരച്ചൻ നേടിയെടുത്ത പാലാ വലിയ പള്ളി എന്ന പദവി അക്ഷരാർത്ഥത്തിൽ ഈ ദേവാലയം അർഹിക്കുന്നതായിരുന്നു.

1910 –ൽ പാലാ വലിയ പള്ളി വികാരി ആയിരുന്ന തയ്യിൽ ബഹു. യൗസേപ്പച്ചൻ വിശാലമായ ഈ ഇടവകയുടെ ഭരണത്തിലുള്ള വൈഷമ്യങ്ങളും ജോലി ഭാരവും വിവരിച്ചശേഷം ഇവയെല്ലാം കൃത്യമായും ഭംഗിയായും നിർവ്വഹിച്ചുകൊണ്ടുപോകുന്നതിന് തനിക്ക് കാര്യപ്രാപ്തിയുള്ള ഒരു അസ്തേന്തിയെകൂടി നിയമിച്ചു തരണമെന്ന് അന്നത്തെ രൂപതാദ്ധ്യക്ഷനായിരുന്ന മാക്കീൽ മാർ മത്തായി മെത്രാനച്ചനോട് അപേക്ഷിച്ചു. അക്കാര്യത്തിൽ യോഗ്യനും പ്രാപ്തനുമായ ഒരാളുടെ പേരു പറയുവാൻ അഭിവന്ദ്യ തിരുമേനി ആവശ്യപ്പെട്ടപ്പോൾ അദ്ദേഹം കദളിക്കാട്ടിൽ ബഹു. മത്തായി അച്ചന്റെ പേരാണ് നിർദ്ദേശിച്ചത്. പ്രകൃത്യാ ശാന്തനും വിനയശീലനുമായ കദളിക്കാട്ടിലച്ചന് സ്ഥാനമാനങ്ങളോട് നിസ്സംഗതാമനോഭാവമാണ് ഉണ്ടായിരുന്നത് എന്ന് പറയേണ്ടതില്ലല്ലോ. 50 വർഷക്കാലം പാലാപള്ളിയിൽ സ്വമനസാ അസ്തേന്തിയായിമാത്രം ജോലിനോക്കിയ നെച്ചിക്കാട്ടച്ചനായിരുന്നല്ലോ ആത്മമിത്രം. വികാരിയായാലും അസ്തേന്തിയായാലും ദൈവസ്തുതിക്കും ആത്മാക്കളുടെ രക്ഷയ്ക്കുമായി യത്നിക്കുക – മേലധികാരികളിൽകൂടി വ്യക്തമാക്കുന്ന ദൈവത്തിന്റെ പദ്ധതിയോട് പൂർണ്ണമായി സഹകരിക്കുക ഇതായിരുന്നു മത്തായി അച്ചന്റെ ജീവിതാദർശം. തീക്ഷ്ണമതിയും തിരുഹൃദയപ്രേഷിതനുമായ ബഹു.മത്തായി അച്ചൻ അങ്ങനെ 1910 ൽ പാലാ വലിയ പള്ളി അസ്തേന്തിയായി നിയമിതനായി. ഇടവക സംബന്ധമായ ഒരു ജോലിയിൽനിന്നും ഒഴിഞ്ഞു നില്ക്കുവാൻ ബ.മത്തായി അച്ചൻ ആഗ്രഹിച്ചിരുന്നില്ല. അദ്ദേഹം പറഞ്ഞിരുന്നത് ഇപ്രകാരമായിരുന്നു.

ഇടവകയിൽ ജോലി ചെയ്യുന്ന വൈദികരുടെ മുഴുവൻ സമയവും ഇടവകക്കാർക്കുവേണ്ടിയുള്ളതാണ്. ഇടവകക്കാർക്കുവേണ്ടി,

ഇടവകയ്ക്കടുത്ത ഏതു സേവനത്തിനും ഇടവക വൈദികൻ ഏതുനേരവും ഒരുക്കമായിരിക്കണം. ഇതായിരുന്നു മത്തായി അച്ചന്റെ നിലപാടും.

ആർസിലെ വികാരിയെപ്പോലെ കുമ്പസാരക്കൂടായിരുന്നു മത്തായി അച്ചന്റെ പ്രധാന പ്രേഷിതരംഗം. അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ അഗാധമായ പാണ്ഡിത്യത്തിന്റെയോ, അതുല്യമായ ഭാഷാശൈലിയുടെയോ അതിവിശിഷ്ടമായ പ്രഭാഷണ ചാതുര്യത്തിന്റെയോ പ്രകടനമൊന്നും ആയിരുന്നില്ല. ലളിതമായ ഭാഷയിൽ പരിചിതമായ ഉപമകളിൽ കൊച്ചുകുട്ടികൾക്കുപോലും മനസ്സിലാകുന്ന വിധത്തിൽ, ദൈവസ്നേഹം നിറഞ്ഞു കവിഞ്ഞൊഴുകുന്ന വിധത്തിൽ, ഹൃദയത്തിൽനിന്ന് നിർഗ്ഗളിക്കുന്ന സ്നേഹനിർഭരമായ ഉപദേശശകലങ്ങൾ ഏതൊരു കഠിനഹൃദയത്തിലേയ്ക്കും തുളച്ചുകയറുവാൻ പര്യാപ്തമായിരുന്നു.

തിരുഹൃദയഭക്തി പ്രചരണമായിരുന്നു ബ. മത്തായി അച്ചന്റെ പ്രധാന പ്രേഷിതവൃത്തി. അതിനായി അദ്ദേഹം കുടുംബങ്ങൾ സന്ദർശിക്കുകയും കുടുംബപ്രതിഷ്ഠ നടത്തുവാൻ ഉത്സാഹിക്കുകയും ചെയ്തു. ഇടവകാംഗങ്ങളുടെ ആദ്ധ്യാത്മികവും ലൗകികവുമായ എല്ലാ സംരംഭങ്ങളിലും അദ്ദേഹം സജീവ ഭാഗഭാഗിത്വം വഹിച്ചു. ഇടവകയുടെ ഏതു കോണിലായിക്കൊള്ളട്ടെ വഴി എത്ര ദുർഘടമായിരുന്നുക്കൊള്ളട്ടെ ആരെങ്കിലും രോഗിയായിക്കിടക്കുന്നു എന്നറിഞ്ഞാൽ മത്തായി അച്ചൻ അവിടെയെത്തും. ആദ്ധ്യാത്മികവും ശാരീരികവുമായ സഹായം ആർക്കും അദ്ദേഹം ചെയ്യും. ആർക്കും അച്ചനെ സമീപിക്കാം. ആരെയും അദ്ദേഹം നിരാശരായി കയ്യൊഴിയുകയില്ല. തനിക്കു ജന്മസിദ്ധമായ ഉണ്ടായിരുന്ന ദീനദയാലുത്വം ഈ കാലഘട്ടത്തിൽ പതിന്മടങ്ങ് വർദ്ധിച്ചു. അനേകം തപ്തഹൃദയങ്ങൾക്ക് ആശ്വാസമരുളാൻ അദ്ദേഹത്തെ അത് പ്രാപ്തനാക്കി. തന്നിമിത്തം അയൽ ഇടവകകളിൽ നിന്നുപോലും ആശ്വാസത്തിനും, ആത്മനിർവൃതിക്കുമായി അനേകംപേർ അദ്ദേഹത്തെ സമീപിച്ചിരുന്നു

പാവപ്പെട്ടവരോട് ഒരു പ്രത്യേകവാത്സല്യം ബഹു.മത്തായി അച്ചനുണ്ടായിരുന്നു. അശരണരും അഗതികളുമായ വൃദ്ധജനങ്ങൾ, അനാഥരായ കുട്ടികൾ, ദരിദ്രരായ രോഗികൾ, ആലംബഹീനർ, തുടങ്ങിയവരുടെ കഷ്ടതകൾ കാണുകയും കേൾക്കുകയും ചെയ്യുമ്പോൾ അദ്ദേഹത്തിന്റെ കണ്ണുകൾ അശ്രുപൂർണ്ണങ്ങളാവുക തന്നെ ചെയ്തി

രുന്നു. ഈശോയുടെ തിരുഹൃദയത്തിലെ അനുകമ്പാർദ്രസ്നേഹം പ്രാർത്ഥനയിലൂടെ ധ്യാനത്തിലൂടെ അനുഭവിച്ചറിഞ്ഞ അദ്ദേഹം ആ സ്നേഹം തന്റെ ജീവിതത്തിലും പ്രവർത്തനങ്ങളിലും സാമാന്യ ജനങ്ങൾക്ക് പ്രകടമാക്കിക്കൊടുക്കുവാൻ തീക്ഷ്ണമായി ആഗ്രഹിച്ചു, തീവ്രമായി പരിശ്രമിച്ചു. സ്നേഹപിതാവായ ദൈവത്തിന്റെ കാരണ്യപൂർണ്ണമായ സ്നേഹം ലോകത്തിനു വെളിപ്പെടുത്തിക്കൊടുക്കുക എന്ന സംരംഭത്തിൽ ഈ തിരുഹൃദയദാസൻ വിജയം വരിക്കുകയും ചെയ്തു.

പുരാതനമായ ഈ വലിയ ഇടവകയിലെ ജനങ്ങൾ ഈശ്വരഭക്തരും കൗദാശികജീവിതത്തിലും ആദ്ധ്യാത്മിക ജ്ഞാനസമ്പാദനത്തിലും താല്പര്യമുള്ളവരും ആയിരുന്നു. അതിനാൽ കുമ്പസാരക്കാരൻ, പ്രാസംഗികൻ എന്നീ നിലകളിലുള്ള തന്റെ കഴിവുകളെ പരമാവധി പ്രയോജനപ്പെടുത്തി ഈശോയുടെ കാരുണ്യം നിറഞ്ഞ ഹൃദയത്തിലേയ്ക്ക് ആളുകളെ അടുപ്പിക്കുവാൻ ഈ വന്ദ്യവൈദികൻ സർവ്വാത്മനാ ശ്രമിച്ചുപോന്നു. ഇതിനായി തന്റെ സമയവും ആരോഗ്യവും അദ്ദേഹം ചെലവഴിച്ചു.

അധികാരികളുടെ തീരുമാനം ദൈവഹിതമായി സ്വീകരിച്ചിരുന്ന അദ്ദേഹം സന്തുഷ്ടനായി തന്റെ കൃത്യനിർവ്വഹണത്തിൽ ഏർപ്പെട്ടു. ആയിരം കൊല്ലത്തെ പഴക്കമുള്ളതും വി. തോമ്മാശ്ലീഹായുടെ നാമത്തിൽ സ്ഥാപിതവുമായ ഈ ദേവാലയത്തിലാണ് കഥാനായകൻ തന്റെ ശിഷ്ടായുസ്സിൽ അധികഭാഗവും ചെലവഴിച്ചത്. ഇതിനിടയിൽ അടുത്തുള്ള പള്ളികളിൽ മാറിമാറി വികാരിയായി പോയിട്ടുമുണ്ട്. ഈ ഇടവകയിലെ ജനങ്ങൾ ഭക്തരും ആദ്ധ്യാത്മിക കാര്യങ്ങളിൽ തൽപരരുമായിരുന്നു. അതിനാൽ കുമ്പസാരക്കാരൻ, പ്രഭാഷകൻ എന്നീ നിലകളിൽ ഈശോയുടെ കാരുണ്യം നിറഞ്ഞ ഹൃദയത്തിലേക്ക് ആത്മാക്കളെ അടുപ്പിക്കുന്നതിനായി തന്റെ സമയത്തിന്റെ അധികഭാഗവും കഴിവുകളും അദ്ദേഹം ചെലവഴിച്ചു.[12] തനിക്കു ജന്മസിദ്ധമായുണ്ടായിരുന്ന ദീനദയാലുത്വം അനേകം തപ്ത ഹൃദയങ്ങൾക്ക് ആശ്വാസമരുളാൻ പോരുന്നതായിരുന്നു. തന്നിമിത്തം ആത്മീയോപദേശങ്ങൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും ആത്മനിർവൃതിക്കുമായി അയൽ ഇടവകകളിൽനിന്നുപോലും അനേകം ഭക്തജനങ്ങൾ അദ്ദേഹത്തെ സമീപിച്ചിരുന്നു. തന്റെ സഹോദരരുടെ സുഖദു:ഖങ്ങളിൽ ഒരുപോലെ

12. കദളിക്കാട്ടിലച്ചൻ ശ്രീ. ഡി. കുരുവിള മനയാനി പേജ് 4

പങ്കാളിയാകാൻ കഴിയുന്ന ആർദ്രതാഭാവം അദ്ദേഹത്തിന്റെ പ്രത്യേകതയായിരുന്നു. നീറുന്ന പ്രശ്നങ്ങളുമായി തന്നെ സമീപിക്കുന്നവരെ കേൾക്കാൻ ആ കണ്ണും ചെവിയും ഹൃദയവും മനസ്സും ഒപ്പം തുറന്നിരുന്നു. അവരുടെ ഹൃദയവികാരം മുഴുവനായി ഉൾക്കൊണ്ടുകൊണ്ട് അതിൽ അലിഞ്ഞുചേരാൻ ആർദ്രമായ ആ ഹൃദയത്തിന് അധികസമയം വേണ്ടിവന്നില്ല. അനാഥൻ, രോഗികൾ, ആലംബഹീനർ തുടങ്ങിയവരുടെ കഷ്ടതകൾ അദ്ദേഹത്തിൽ കണ്ണീർപ്രവാഹം തന്നെ വരുത്തിയിരുന്നുവത്രെ. ദുഃഖിതരെയും നിരാലംബരെയും സ്വീകരിച്ചുകൊണ്ട് ദീനദയാലുവായ ഈശോയെ തന്നിൽക്കൂടി അദ്ദേഹം മറ്റുള്ളവർക്ക് കാണിച്ചുകൊടുത്തു. തന്റെ വാക്കുകൊണ്ടു മാത്രമല്ല, പ്രവർത്തനങ്ങൾവഴിയും സാധാരണക്കാർക്ക് ഈശോയെ ദർശിക്കാനും അവിടുത്തെ തിരുഹൃദയത്തിൽ എരിഞ്ഞിരുന്ന സ്നേഹം മനസ്സിലാക്കുവാനും സാധിച്ചിരുന്നു എന്നതാണ് ബഹു. മത്തായിഅച്ചന്റെ പ്രവർത്തനങ്ങളുടെയെല്ലാം വിജയരഹസ്യം.

## മതബോധനം

ബഹു. മത്തായി അച്ചന്റെ സവിശേഷശ്രദ്ധ പതിഞ്ഞ മറ്റൊരു രംഗം മതബോധനമായിരുന്നു. അക്കാലത്ത്, മതബോധനസൗകര്യം നല്കാത്ത സർക്കാർ വിദ്യാലയങ്ങളിൽ കത്തോലിക്കാക്കുട്ടികളെ അയയ്ക്കുന്നത്, അഭിവന്ദ്യപിതാക്കന്മാരായ ലവീഞ്ഞുമെത്രാനും മാർ മാത്യുമാക്കീൽ മെത്രാനും മാർ തോമസ് കുര്യാളശ്ശേരി മെത്രാനും ശക്തമായി നിരോധിച്ചിരുന്നു. മാത്രമല്ല, സമുദായം വക സ്കൂളുകൾ സ്ഥാപിച്ചു നടത്തുന്നതിന് നിരന്തരം പരിശ്രമിക്കുകയും ചെയ്തിരുന്നു. ബ. മത്തായി അച്ചന്റെ ഇത്തരത്തിലുള്ള പരിശ്രമമാണ് പാലായിൽ സ്കൂളുകൾ സ്ഥാപക്കുന്നതിനിടയാക്കിയത്.

ബഹു. മത്തായി അച്ചൻ മതബോധനത്തെപ്പറ്റിയുള്ള അഭിവന്ദ്യപിതാക്കന്മാരുടെ ഉപദേശങ്ങളെ ഏററം പ്രധാനമായി കരുതുകയും ജനങ്ങളെ ബോധവാന്മാരാക്കുകയും ചെയ്തിരുന്നു. മതവിദ്യാഭ്യാസം നല്കപ്പെടാത്ത കുട്ടികൾ, മുളച്ചുവരുവാൻ വെള്ളത്തിന്റെ സഹായമില്ലാതെ വാടിപ്പോകുന്ന ചെടികൾക്കു തുല്യമാകുന്നു. ഒരു നല്ല മതോപദേഷ്ടാവ് ലോകത്തിന്റെ വെളിച്ചം തന്നെയാണ് എന്ന് ബ.മത്തായി അച്ചൻ ഉപദേശിച്ചിരുന്നു. ഇന്നത്തേതുപോലെ നിയതമായ മതബോധന സംവിധാനമൊന്നും അന്നില്ലായിരുന്നെങ്കിലും ക്രാന്തദർശിയായ അച്ചൻ ഇടവകയിലെ കുട്ടികളെ ഞായറാഴ്ച

തോറും പള്ളിയിൽ രണ്ടു നിരയായി നിറുത്തി സഭയുടെ മൗലിക പ്രബോധനങ്ങൾ ലളിതമായും സരസമായും അവരെ പഠിപ്പിച്ചിരുന്നു. അച്ചന്റെ നർമ്മമധുരമായ സംഭാഷണവും സന്ദർഭോചിതമായ സുവിശേഷകഥാവിവരണങ്ങളുമെല്ലാം കുട്ടികളെ സവിശേഷം ആകർഷിച്ചിരുന്നു. കുട്ടികളെ ആദ്യകുർബ്ബാനസ്വീകരണത്തിനൊരുക്കിയിരുന്നതും മത്തായി അച്ചനായിരുന്നു. വിശ്വാസ ചൈതന്യമുള്ള മാതാപിതാക്കൾ തങ്ങളുടെ കുട്ടികളെ ആദ്യകുമ്പസാരത്തിനായി ബ.മത്തായി അച്ചന്റെ അടുക്കലാണ് സാധാരണ കൊണ്ടുവന്നിരുന്നത്. നിഷ്കൃഷ്ടമായ പരിശീലനങ്ങൾക്കുശേഷം അച്ചൻ തന്നെ അവരുടെ ആദ്യകുമ്പസാരം കേൾക്കുകയും ദിവ്യകാരുണ്യം നൽകുകയും ചെയ്തിരുന്നു. കദളിക്കാട്ടിൽ അച്ചന്റെ ശിക്ഷണത്തിൽ മതാഭ്യസനം നടത്തുകയും പ്രഥമ ദിവ്യകാരുണ്യ സ്വീകരണത്തിനുള്ള പരിശീലനം നേടുകയും ചെയ്തിരുന്ന ബാലവിദ്യാർത്ഥികളുടെ ഗണത്തിൽ പാലാ രൂപതയുടെ പ്രഥമമെത്രാൻ മാർ സെബാസ്റ്റ്യൻ വയലിൽ തിരുമേനിയും ഉൾപ്പെട്ടിരുന്നു. അദ്ദേഹം തന്നെ ഇതു സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

അനേകം യുവതീയുവാക്കൾ തങ്ങളുടെ ജീവിതാന്തസ്സു തെരഞ്ഞെടുക്കുന്നതിനുമുമ്പ് ആദ്ധ്യാത്മികോപദേശങ്ങൾക്കായി ബഹു. മത്തായി അച്ചനെ സമീപിക്കുക സാധാരണമായിരുന്നു. ഓരോരുത്തരുടെയും ആദ്ധ്യാത്മികാവസ്ഥ മനസ്സിലാക്കി അവരെ തങ്ങൾക്ക് അനുയോജ്യമായ അന്തസ്സിലേക്കാനയിക്കാൻ അച്ചൻ ആത്മാർത്ഥമായി ശ്രദ്ധിച്ചിരുന്നു. ധാരാളം സിസ്റ്റേഴ്സും സന്യാസജീവിതം ആഗ്രഹിക്കുന്ന യുവതികളും അച്ചന്റെ ആദ്ധ്യാത്മികശിക്ഷണത്തിലുണ്ടായിരുന്നു. ഓരോരുത്തരുടെയും ആന്തരികസ്ഥിതിയും പ്രശ്നങ്ങളും മനസ്സിലാക്കി അച്ചൻ അവരെ വിശുദ്ധിയുടെ പാതയിലൂടെ നയിച്ചു.

■

# 6

# തിരുഹൃദയസഭയുടെ സ്ഥാപനം

20-ാം നൂറ്റാണ്ടിന്റെ ആരംഭകാലഘട്ടം. പാലായിലും സമീപപ്രദേശങ്ങളിലും അധിവസിച്ചിരുന്ന മാർത്തോമ്മാ ക്രിസ്ത്യാനികളധികപങ്കും കാർഷികമേഖലയിൽ മാത്രം ശ്രദ്ധിച്ചിരുന്ന ഒരു കാലമായിരുന്നു അത്. സാമാന്യവിദ്യാഭ്യാസത്തിനുള്ള പരിമിതമായ സൗകര്യം അന്നുണ്ടായിരുന്നെങ്കിലും യാഥാസ്ഥിതിക കുടുംബങ്ങളിലെ പെൺകുട്ടികളധികവും പ്രാഥമിക വിദ്യാഭ്യാസം കൊണ്ടു മാത്രം തൃപ്തിപ്പെടേണ്ടി വന്നു. കാരണം സ്ത്രീകൾക്ക് ഉന്നതവിദ്യാഭ്യാസം നല്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയുള്ള അവബോധം സാമാന്യജനതയുടെയിടയിൽ അത്രതന്നെ വളർന്നിരുന്നില്ല. കേരളസഭയിലെ പുരാതന ഇടവകകളിൽ പക്വമതികളും, ഭാരതീയ ആദ്ധ്യാത്മികതയും പൗരസ്ത്യ പൈതൃകവും ഒന്നുചേർന്ന് ഉരുത്തിരിഞ്ഞ സുകൃതമാർഗ്ഗത്തിൽ പുരോഗതി പ്രാപിച്ചവരുമായ വൈദികർ പലരുണ്ടായിരുന്നു. തന്നിമിത്തം മതപരമായ വിഷയങ്ങളെക്കുറിച്ചുള്ള അവരുടെ പ്രസംഗങ്ങളും, ഉപദേശങ്ങളും സാധാരണക്കാരുടെ ആദ്ധ്യാത്മിക വിജ്ഞാനത്തെ പരിപുഷ്ടമാക്കിക്കൊണ്ടിരുന്നു. അങ്ങനെ വിശ്വാസസംബന്ധമായ കാര്യങ്ങളിലും, ഭക്തജീവിതത്തിലും ഒരു

ആഭിമുഖ്യം അക്കാലത്തുണ്ടായിരുന്ന ക്രൈസ്തവസമൂഹത്തിൽ വളർന്നുവന്നു.

കേരളസഭയിൽ സ്ത്രീകളുടെ സന്യാസത്തെ ലക്ഷ്യമാക്കിയുള്ള കർമ്മലീത്താ, ക്ലാര, ആരാധന എന്നീ സന്യാസ സമൂഹങ്ങൾ ഇക്കാലത്തിനു മുമ്പുതന്നെ രൂപം കൊണ്ടിരുന്നു. വിദ്യാഭ്യാസ പ്രവർത്തനങ്ങളിലാണ് ഈ സന്യാസ സമൂഹങ്ങൾ പ്രധാനമായും ശ്രദ്ധ പതിച്ചിരുന്നത്. എന്നാൽ സാധാരണക്കാരായ യുവതികൾക്ക്, വിദ്യാഭ്യാസത്തിലും സാമ്പത്തിക സ്ഥിതിയിലും പിന്നോക്കം നില്ക്കുന്നവർക്ക്, മേൽപ്പറഞ്ഞ സന്യാസ സമൂഹങ്ങളിൽ പ്രവേശനം അസാദ്ധ്യമായി ഭവിച്ചു. സന്യാസ ജീവിതത്തിന് ഇവയുടെ അപര്യാപ്തത നിമിത്തം ആഗ്രഹനിവൃത്തിക്ക് വഴികാണാതെ വിഷമിക്കുന്ന ഭക്തരും സൽസ്വഭാവികളും സമീപ ഇടവകകളിലും അന്നുണ്ടായിരുന്നു. ഇവരിൽ പലരും കദളിക്കാട്ടിലച്ചന്റെ ആദ്ധ്യാത്മിക ശിക്ഷണത്തിൽ ഭക്തജീവിതം നയിക്കുന്നവരും ആയിരുന്നത്രെ. തങ്ങളുടെ ആഗ്രഹനിവൃത്തിക്ക് ഏതെങ്കിലും മാർഗ്ഗം കാണിച്ചുതരണമെന്ന് അവർ അച്ചനോട് അഭ്യർത്ഥിച്ചുകൊണ്ടാണിരുന്നത്.

അതുപോലെ തന്നെ അഗതികളും അശരണരുമായ വയോവൃദ്ധരും അച്ചനെ സമീപിച്ച് സഹായമഭ്യർത്ഥിച്ചു വന്നു. അനാഥരായിത്തീർന്ന പല കുട്ടികളും വേണ്ടത്ര ശ്രദ്ധയും പരിചരണവും ലഭിക്കാതെ വിഷമിക്കുന്ന അവസ്ഥയും ഭവനസന്ദർശനവേളയിൽ അച്ചന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇങ്ങനെ നാനാതരത്തിൽ ക്ലേശമനുഭവിക്കുന്ന സഹോദരങ്ങളുടെ ദർശനത്താൽ വ്രണിതഹൃദയനായി അദ്ദേഹം പലപ്പോഴും ദിവ്യകാരുണ്യസന്നിധിയിൽ പ്രാർത്ഥനാപൂർവ്വം മണിക്കൂറുകൾ ചെലവഴിച്ചിരുന്നു. ഒരു പിഞ്ചുകുഞ്ഞു തന്റെ പിതാവിന്റെ പക്കലേക്ക് ഓടിയണഞ്ഞ് കാര്യങ്ങൾ ഉണർത്തിക്കുന്നതുപോലെ പാവപ്പെട്ടവരുടെയും നിരാലംബരുടെയും വേദനകളും, തന്റെ ആത്മീയപുത്രിമാരുടെ ജ്വലിക്കുന്ന ആഗ്രഹങ്ങളും, ഈശോയുടെ തിരുഹൃദയത്തെ മഹത്വപ്പെടുത്തുവാനുള്ള തന്റെ അദമ്യമായ അഭിവാഞ്ഛയും പിതൃസന്നിധിയിൽ സമർപ്പിച്ച് അനേകം ദിനരാത്രങ്ങൾ ദൈവഹിതം അറിയുന്നതിനായി അദ്ദേഹം പ്രാർത്ഥിച്ചു. ഒരുദിവസം ദിവ്യനാഥന്റെ തിരുസന്നിധിയിൽ മുട്ടിന്മേൽ നിന്നുകൊണ്ട്, ഈദൃശ്യചിന്തകളാൽ ആഴമായ ധ്യാനത്തിൽ, ലയിച്ചിരുന്ന അവസരത്തിൽ അദ്ദേഹത്തിനുണ്ടായ ഒരു ദിവ്യപ്രചോദനമാണ് തിരുഹൃദയ സന്യാസിനീസമൂഹത്തിന്റ സ്ഥാപനത്തിനു കാര

ണമായി ഭവിച്ചത്. ഈശോയുടെ തിരുഹൃദയമഹത്വത്തിനും പാവപ്പെട്ടവരുടെ സേവനത്തിനും ഉതകുന്ന ഒരു സന്യാസിനീസമൂഹത്തിനു രൂപം കൊടുക്കുവാനുള്ള ഒരു ദിവ്യപ്രചോദനം.[13] തന്റെ ഉദ്ദേശ്യങ്ങൾ പ്രവൃത്തിപഥത്തിലാക്കുന്നതിന് എന്തു ത്യാഗവും സഹിക്കാനദ്ദേഹം സന്നദ്ധനായിരുന്നു. വിനയശീലനായ അദ്ദേഹം തന്റെ തോന്നലിൽ മാത്രം വിശ്വസിക്കാതെ ഈ അനുഭവം പുണ്യശ്ലോകനായ നെച്ചിക്കാട്ട് ബഹു. യൗസേപ്പച്ചനും അഭ്യുദയകാംക്ഷികളും സുഹൃത്തുക്കളുമായ പല വൈദികരുമായി പങ്കുവച്ചു. ബഹു.മത്തായി അച്ചന്റെ ഒരു ആത്മസുഹൃത്തായിരുന്നു അമ്പതുവർഷത്തിലധികം പാലാ വലിയപള്ളിയിൽ അസി. വികാരിയായിരുന്ന നെച്ചിക്കാട്ട് ബഹു.യൗസേപ്പച്ചൻ (വടക്കയിൽ ഇട്ടിയേപ്പച്ചൻ). അദ്ദേഹം 1935 ഡിസംബർ 20 ന് നിര്യാതനായി. എല്ലാവരിൽനിന്നും അനുകൂലമായ അഭിപ്രായമാണ് അച്ചനു ലഭിച്ചത്.. ഈ നൂതനസംരംഭത്തെക്കുറിച്ചുള്ള സംഭാഷണം ബഹു.നെച്ചിക്കാട്ടച്ചനും മത്തായിഅച്ചനും തമ്മിൽ നടത്തിയത് ആദ്യദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ടല്ലോ.

അങ്ങനെ ദീർഘനാളത്തെ പ്രാർത്ഥനയ്ക്കും, പരിചിന്തനത്തിനുശേഷം ഒരു നൂതന സന്യാസ സഭയ്ക്ക് രൂപം നല്കുവാൻ കദളിക്കാട്ടിൽ ബഹു.മത്തായി അച്ചൻ തീരുമാനമെടുത്തു. സുഹൃത്തുക്കളും ഗുണകാംക്ഷികളുമായ പല നല്ല ആളുകളും ഈ ഉദ്യമത്തിന് പ്രോത്സാഹനം നല്കി. പിന്തുണ വാഗ്ദാനം ചെയ്തു. ദൈവാരൂപിയുടെ പ്രചോദനങ്ങൾക്ക് സ്വയം സമർപ്പിച്ചുകൊണ്ടും ദൈവത്തിന്റെ കരുണയിലും പരിപാലനയിലും പരിപൂർണ്ണമായി വിശ്വസിച്ചുകൊണ്ടും ബഹു.അച്ചൻ ലക്ഷ്യപ്രാപ്തിക്കായുള്ള ഉദ്യമങ്ങൾ ആരംഭിച്ചു.

അന്ന് ചങ്ങനാശ്ശേരി രൂപതയുടെ വികാരി അപ്പസ്തോലിക്ക ആയിരുന്ന മാക്കീൽ മാർ മത്തായി മെത്രാനച്ചൻ തിരുമനസ്സിലെ സന്നിധിയിൽ തന്റെ പദ്ധതി വിശദമായി എഴുതി സമർപ്പിക്കുകയായിരുന്നു ആദ്യമായി അദ്ദേഹം ചെയ്തത്. പ്രതീക്ഷയിൽക്കവിഞ്ഞ വേഗത്തിൽ അതിന് അനുകൂലമായ മറുപടി രേഖാമൂലം ലഭിച്ചു.[14] അതിനുശേഷം ഭാവിപ്രവർത്തനങ്ങൾക്ക് അദ്ദേഹം മുന്നോട്ടിറങ്ങി. ഈ അവസരത്തിൽ ഈശോയുടെ തിരുഹൃദയത്തിലുള്ള അടിയുറച്ച വിശ്വാസം എന്ന ധനമല്ലാതെ യാതൊന്നും അദ്ദേഹത്തിന്റെ

13. തിരുഹൃദയമഠം നാളാഗമം പേജ് 1
14 തിരുഹൃദയമഠം നാളാഗമം പേജ് 2

പക്കൽ ഉണ്ടായിരുന്നില്ല എന്നുള്ളത് വളരെ ചുരുക്കം പേർക്കുമാത്രം അറിയാവുന്ന ഒരു പരമാർത്ഥമായിരുന്നു.

## ആദ്യഭവനം

പാലാ വലിയ പള്ളി ഇടവകയിൽ തിരുഹൃദയമഠം തുടങ്ങുവാനുള്ള അനുവാദം അദ്ദേഹത്തിനു ലഭിച്ചുകഴിഞ്ഞു. എന്നാൽ സ്വന്തമായി സ്ഥലമൊ, കെട്ടിടമൊ ഇല്ലാതിരുന്നതുകൊണ്ട്, തല്ക്കാല താമസത്തിനായി മറ്റൊരാളുടെ ഒരു ചെറിയ കെട്ടിടം ചോദിച്ചു വാങ്ങുവാൻ അച്ചൻ തീരുമാനിച്ചു. പാലാ വലിയപള്ളിയിൽ നിന്നും അരമൈൽ തെക്കുമാറി ഞരളക്കാട്ട് മത്തായി എന്ന മാന്യന്റെ വകയായി നെല്ലിയ്ക്കക്കുന്നേൽ പുരയിടത്തിലുണ്ടായിരുന്ന ഒരു ചെറിയ വീടാണ് പുതിയ സഭയുടെ ആദ്യഭവനമായി പരിണമിച്ചത്. 1911 ജനുവരി 1-ാം തീയതി ഏതാനും വൈദികരുടെയും, കന്യാസ്ത്രീകളുടെയും, സ്നേഹിതരുടെയും സാന്നിദ്ധ്യത്തിൽ ബഹു. മത്തായി അച്ചൻ തന്നെ പ്രസ്തുത കെട്ടിടം വെഞ്ചരിച്ച് തിരുഹൃദയ പ്രതിഷ്ഠ നടത്തി. ഈശോയുടെ തിരുഹൃദയത്തോടുള്ള ഭക്തി വർദ്ധിപ്പിക്കുക, സാധാരണക്കാരായ സ്ത്രീകളുടെ കന്യകാലയജീവിതം സാധ്യമാക്കുക, അനാഥസംരക്ഷണം നിർവ്വഹിക്കുക ഇവയായിരുന്നു ഈ സ്ഥാപനത്തിന്റെ ലക്ഷ്യങ്ങൾ.[15] ഈശോയുടെ തിരുഹൃദയത്തിന്റെ നാമത്തിൽ ആരംഭിച്ച ഈ സ്ഥാപനത്തിൽ അംഗങ്ങളായി പുളിക്കൽ ത്രേസ്യാ, പുതുപ്പറമ്പിൽ ബ്രിജീത്താ, പുറ്റനാനിക്കൽ റോസ, തെക്കേമുറിയിൽ ഏലി എന്നീ നാലു യുവതികൾ അന്നുതന്നെ വന്നു ചേർന്നു. ഇവരെ കൂടാതെ ഫെബ്രുവരി 14 -ാം തീയതി വേറെ ആറു പേരുകൂടി അംഗങ്ങളായി. അവർ വെള്ളാപ്പാണിയിൽ ഏലി, ചെററാലിക്കൽ അന്ന, കുന്നേൽ അന്ന, ചെറുത്തോട്ടത്തിൽ ത്രേസ്യാ, താഴത്തെ തയ്യിൽ ഏലി, തറക്കുന്നേൽ മറിയം എന്നിവരാണ്. സമൂഹത്തിന്റെ പ്രീഫെക്റ്റായി പുറ്റനാനിക്കൽ റോസയെ നിശ്ചയിച്ചു.

ഇങ്ങനെ പത്തു യുവതികൾ ബഹു. മത്തായി അച്ചൻ എഴുതിക്കൊടുത്ത ജീവിതക്രമം അനുസരിച്ച് ആ ചെറുഭവനത്തിൽ സമൂഹജീവിതമാരംഭിച്ചു. ആദ്യഅംഗങ്ങൾ ബഹു. മത്തായി അച്ചന്റെയും പൊതുജനങ്ങളുടെയും സ്വകുടുംബാംഗങ്ങളുടെയും സഹായസഹകരണങ്ങൾകൊണ്ട് ജീവിതാവശ്യങ്ങൾ നിർവ്വഹിച്ചുപോന്നു. ഒരു വത്സലപിതാവിനെപ്പോലെ അവരുടെ ആദ്ധ്യാത്മികവും ഭൗതികവു

15 തിരുഹൃദയമഠം നാളാഗമം പേജ് 5

മായ എല്ലാക്കാര്യങ്ങളിലും അച്ചൻ താല്പര്യപൂർവ്വം ശ്രദ്ധിച്ചിരുന്നു. സഭയുടെ ലക്ഷ്യവും ചൈതന്യവും വ്യക്തമാക്കി അദ്ദേഹം തന്നെ എഴുതിയുണ്ടാക്കിയ ഒരു ജീവിതക്രമം സമൂഹത്തിന്റെ അനുസരണത്തിനായി കൊടുത്തു.[16]

ആദ്യ അംഗങ്ങളിൽ സാമ്പത്തികശേഷിയുള്ളവർക്കെല്ലാം അവരുടെ വീടുകളിൽ നിന്നും 350 രൂപ വീതം പിതൃധനത്തുക ലഭിച്ചിരുന്നു.[17] മറ്റു ചിലർക്ക് സാധനങ്ങളായും പല വിധത്തിലുള്ള സഹായങ്ങൾ ലഭിച്ചു. ക്രമേണ ഉപജീവനത്തിനുള്ള വക സമ്പാദിക്കുവാൻ തക്കവിധം വിവിധ തരത്തിലുള്ള കൈത്തൊഴിലുകൾ അഭ്യസിച്ചുപോന്നു. കൊന്തകെട്ട് , വെന്തിങ്ങാതയ്യൽ, മറ്റുപലതരം ചിത്രത്തയ്യലുകൾ ഇവയാണ് അതിൽ പ്രധാനപ്പെട്ടവ. ഇങ്ങനെ മൂന്നുമാസം 1911 ഏപ്രിൽ വരെ സമൂഹാംഗങ്ങൾ ഈ ചെറിയ വീട്ടിൽ താമസിച്ചു.[18] ബഹു.അച്ചൻ വിഭാവനം ചെയ്ത പരിപൂർണ്ണതാജീവിതത്തിനു വേണ്ട പരിശീലനം നല്കിയിട്ടും ആ ജീവിതരീതിയ്ക്ക് തീർത്തും അയോഗ്യരെന്നു ബോധ്യപ്പെട്ടതിനാൽ ആദ്യദിവസം തന്നെ വന്നവരിൽ പുളിക്കൽ ത്രേസ്യാ ഒഴികെ മറ്റു മൂന്നുപേരെയും അവരവരുടെ ഭവനങ്ങളിലേയ്ക്ക് തിരിച്ചയ്ക്കുകയും ചെയ്തു. ജൂൺ 12-ാം തീയതി മുതൽ പുളിക്കൽ ത്രേസ്യായെ സമൂഹത്തിന്റെ പ്രീഫെക്റ്റായി നിയമിച്ചു.

## രണ്ടാമത്തെ ഭവനം

അംഗങ്ങളുടെ സംഖ്യ വർദ്ധിച്ചുതുടങ്ങുകയും താമസസൗകര്യം പോരാതെ വരികയും ചെയ്തപ്പോൾ കുറച്ചുകൂടി വലിയ ഒരു കെട്ടിടം ആവശ്യമായിത്തീർന്നു. അപ്പോൾ സമീപത്തുണ്ടായിരുന്ന മുണ്ടമറ്റത്തിൽ പരമേശ്വരൻ ആശാരിയുടെ കെട്ടിടവും സ്ഥലവും സ്വന്തം പണംചെലവാക്കി പണയമായി ബഹു. മത്തായി അച്ചൻ വാങ്ങി. പ്രസ്തുത സ്ഥലത്തിന് പല അവകാശികളും ഉണ്ടായിരുന്നതിനാൽ തീറെഴുതി വാങ്ങുവാൻ സാധിച്ചില്ല. 1911 ഏപ്രിൽ മാസത്തിൽ പ്രസ്തുത കെട്ടിടം വെഞ്ചരിച്ച് ആദ്യഭവനത്തിൽനിന്നും അംഗങ്ങൾ അവിടേയ്ക്ക് മാറിത്താമസിച്ചു. ഈ സഹോദരിമാർ അനാഥരായ ചിലരെയും സ്വീകരിച്ച് സംരക്ഷിച്ചുപോന്നു.

16 കദളിക്കാട്ടിലച്ചൻ പേജ് 25
17 തിരുഹൃദയസഭയുടെ നാളാഗമം പേജ് 3
18 തിരുഹൃദയസഭയുടെ നാളാഗമം പേജ് 4

## ചങ്ങനാശ്ശേരി രൂപതാവിഭജനം

1911 ഓഗസ്റ്റ് 29 ാം തീയതി വി. പത്താം പീയൂസ് മാർപാപ്പ "In Univesi Christiani" എന്ന തിരുവെഴുത്തുവഴി തെക്കും ഭാഗർക്കായി കോട്ടയം വികാരിയാത്തു സ്ഥാപിച്ചപ്പോൾ ചങ്ങനാശ്ശേരി രൂപത, കോട്ടയം ചങ്ങനാശ്ശേരി എന്നീ രണ്ടു രൂപതകളായി വിഭജിക്കപ്പെട്ടു. മാക്കീൽ മാർമത്തായി മെത്രാൻ കോട്ടയം രൂപതയുടെയും കുര്യാളശ്ശേരി മാർ തോമാമെത്രാൻ ചങ്ങനാശ്ശേരി രൂപതയുടെയും മേലദ്ധ്യക്ഷൻമാരായി നിയമിക്കപ്പെട്ടു.[19]

## സ്ഥിരമായ ഭവനം

ഒരു സ്ഥിരമായ വസതി ഉണ്ടാക്കുവാനായിരുന്നു അച്ചന്റെ പിന്നീടുള്ള പരിശ്രമം. 1911 ജൂലൈ 4–ാം തീയതി വാഴയിൽ കുഞ്ഞുകൊച്ച് എന്ന ഈഴവന്റെ വകയായിരുന്ന വാഴയിൽ പുരയിടം ബഹു. അച്ചന്റെ സ്വന്തം പണവും അംഗങ്ങളുടെ പിതൃധനമായി കിട്ടിയ 580 രൂപയും കൂടി കൊടുത്ത് എഴുതി വാങ്ങി.[20] 1911 നവംബർ മാസത്തിൽ അവിടെ പുതിയ കെട്ടിടം പണിയുവാൻ ആരംഭിച്ചു. സ്വന്തം പണവും അംഗങ്ങളുടെ പിതൃധനവും കടംവാങ്ങിയ തുകയും ഇതിനായി വിനിയോഗിച്ചു. അതിനും പുറമേ സ്ഥലവാസികളും ഗുണകാംക്ഷികളുമായ വൈദികരും അല്മായരും കഴിവുള്ള സഹായങ്ങൾ ചെയ്തുകൊണ്ടിരുന്നു. പാലാ വലിയ പള്ളിയുടെ അസ്തേന്തിയെന്ന നിലയിലുള്ള പൊതുപ്രവർത്തനങ്ങൾക്കും പുറമെ കെട്ടിടം പണിയുടെ മേൽനോട്ടംകൂടി വഹിക്കേണ്ടി വന്നതുമൂലം ബഹു. അച്ചൻ അവിശ്രമമായി അദ്ധ്വാനിച്ചുകൊണ്ടിരുന്നു. കൂടാതെ കെട്ടിടം പണിയുടെ അവസരത്തിൽ പ്രയാസങ്ങളും തടസ്സങ്ങളും സൃഷ്ടിക്കുവാൻ ചിലർ കരുതിക്കൂട്ടി ചെയ്ത ശല്യങ്ങളും അദ്ദേഹത്തിന് സഹിക്കേണ്ടിവന്നിട്ടുണ്ട്. വിദ്യാഭ്യാസവും സംസ്ക്കാരവും കുറവായിരുന്ന അംഗങ്ങളെ സന്യാസജീവിതചര്യ പരിശീലിപ്പിക്കുന്ന കാര്യത്തിലും അച്ചന് വളരെയധികം ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടി വന്നു.[21] ഇതിനിടയിൽ പുതിയ സ്ഥാപനത്തിലെ അംഗങ്ങളെപ്പററി ഹാസ്യസംസാരങ്ങളും പരിഹാസങ്ങളും ജനമദ്ധ്യത്തിൽ പരത്തുവാൻ ചിലകുബുദ്ധികൾ പരിശ്രമിച്ചതും ബഹു.

---

19 സമർപ്പിത പാതയിൽ പേജ് 12
20 തിരുഹൃദയസഭയുടെ നാളാഗമം പേജ് 4
21 തിരുഹൃദയസഭയുടെ നാളാഗമം പേജ് 5

മത്തായി അച്ചന്റെ ഹൃദയത്തെ വല്ലാതെ വേദനിപ്പിച്ചു. ഈ അവസരത്തിൽ തന്റെ ആത്മസുഹൃത്തുക്കളായ കിഴക്കേൽ ചാണ്ടി(മദ്ധ്യപ്രദേശ് ഗവർണ്ണർ കെ.എം. ചാണ്ടിയുടെ പിതാമഹൻ)യെപ്പോലുള്ള ഉദാരമതികളുടെ നിസ്വാർത്ഥസേവനങ്ങൾ അച്ചന് വളരെ ആശ്വാസദായകമായി. ബഹു. മത്തായി അച്ചന്റെ നിരന്തരവും നിസ്തന്ദ്രവുമായ പരിശ്രമങ്ങളുടെയും ഉദാരമതികളുടെ സഹകരണത്തിന്റെയും ഫലമായി ഏകദേശം 10 മാസം കൊണ്ട് കെട്ടിടത്തിന്റെ പണി പൂർത്തിയാക്കുവാൻ സാധിച്ചു. 1912 സെപ്തംബർ 21-ാം തീയതി വി. മത്തായി ശ്ലീഹായുടെ തിരുനാൾ ദിവസം പാലാ വലിയ പള്ളി വികാരിയായിരുന്ന ബ. തോട്ടുങ്കലച്ചന്റെ സഹകരണത്തോടെ പുതിയ കെട്ടിടത്തിന്റെ ആശീർവ്വാദകർമ്മവും തിരുഹൃദയ പ്രതിഷ്ഠയും നടത്തുകയും അംഗങ്ങളുടെ താമസം അങ്ങോട്ട് മാറ്റുകയും ചെയ്തു.[22]

ഇതോടുകൂടി മഠാംഗങ്ങളുടെയും അനാഥരുടെയും സംഖ്യ വർദ്ധിച്ചുതുടങ്ങി.[23] ബഹു.മത്തായി അച്ചൻ നവകന്യകകൾക്കു നല്കിയ ഉപദേശം ശ്രദ്ധേയമാണ്. നമുക്ക് ഒഴിച്ചുവയ്ക്കാൻ പാടില്ലാത്തവിധം ആവശ്യമായിട്ടുള്ളത് അന്യർക്ക് നാം നൽകണം. നാം വിശ്വസ്തരാണെന്നു തെളിയിക്കുവാൻ ഈശോയോടു പൂർണ്ണ വിശ്വസ്തതയിൽ ജീവിക്കുവാൻ ത്യാഗങ്ങൾ സഹിക്കുക ആവശ്യമാണ്.

മററൊരിക്കൽ അച്ചന്റെ സ്നേഹമസൃണമായ ഉപദേശം ഇപ്രകാരമായിരുന്നു: ദിവ്യസക്രാരിയിൽ എഴുന്നള്ളിയിരിക്കുന്ന ഈശോയുടെ സന്നിധിയിൽ എപ്പോഴും ഒരാളെങ്കിലും ഉണ്ടായിരിക്കണം. പരിഹാര ജീവിതമാണല്ലോ നമ്മുടെ സഭയുടെ മുഖമുദ്ര. നിങ്ങളുടെ ആരാധ്യനായ സ്നേഹമണവാളനെ വേർപിരിഞ്ഞ് നിങ്ങൾ അകലെ സഞ്ചരിക്കുന്നത് അവിടുത്തേക്ക് അസഹ്യമാണ്. പ്രേമഭാജനങ്ങൾ സാമീപ്യം കാംക്ഷിക്കുന്നു. അനന്തസ്നേഹനിധിയായ ഹൃദയനാഥന്റെ അടുത്തിരുന്ന് അവിടുത്തെ വചനാമൃതം ആസ്വദിക്കാൻ നിങ്ങൾ ഉത്സാഹമുള്ളവരായിരിക്കുവിൻ. അതാണ് ഈശോ ഇപ്പോൾ നിങ്ങളോട് ആവശ്യപ്പെടുന്നത്.

22 തിരുഹൃദയസഭയുടെ നാളാഗമം പേജ് 12
23 തിരുഹൃദയസഭയുടെ നാളാഗമം പേജ് 13

തീക്ഷ്ണമതിയായ സ്ഥാപകപിതാവിന്റെ ശിക്ഷണത്തിൽ അംഗങ്ങൾ നല്ല ഭക്തിതീക്ഷ്ണതയുള്ള ജീവിതം നയിച്ചുപോന്നു. ജോലികളിൽ ഏർപ്പെട്ടിരിക്കുമ്പോഴും മനസ്സ് ദൈവസന്നിധിയിൽ ആയിരിക്കണമെന്നും ചെറിയ പ്രാർത്ഥനകൾ ഇടയ്ക്കിടയ്ക്ക് ജപിക്കണമെന്നും അദ്ദേഹം നിഷ്കർഷിച്ചിരുന്നു. എന്റെ ഈശോയേ, എന്റെ കാലടിപ്പാടുകളോരോന്നും ശ്വാസോച്ഛ്വാസങ്ങളോരോന്നും ഞാൻ ചെയ്യുന്ന സകല പ്രവൃത്തികളും അനുഭവിക്കുന്ന പീഡകളും, പാപികളുടെ മാനസാന്തരത്തിനായും ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കളുടെ രക്ഷയ്ക്കായും അങ്ങേ തിരുഹൃദയസ്തുതിക്കായും ഞാൻ കാഴ്ചവയ്ക്കുന്നു എന്ന ജപം ഓരോ പതിനഞ്ചുമിനിറ്റിലും ആവർത്തിക്കണമെന്ന് ബഹു. അച്ചൻ പറഞ്ഞിരുന്നതായി ആദ്യാംഗങ്ങളിൽ ചിലർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ആദ്യാംഗങ്ങളിൽ ചിലർക്ക് പിതൃധനത്തുകയും മറ്റുള്ളവർക്ക് വിവിധ തരത്തിലുള്ള സഹായങ്ങളും സാധനങ്ങളും ലഭിച്ചിരുന്നുവെന്ന് മുൻപ് പ്രസ്താവിച്ചല്ലോ. ഇവ വഴിയും വിവിധങ്ങളായ കൈത്തൊഴിലുകൾ വഴിയും അവർ തങ്ങളുടെ ഉപജീവനം നടത്തിപ്പോന്നു. 1912 ജനുവരി 17 ാം തീയതി അഭിവന്ദ്യ കുര്യാളശ്ശേരിൽ പിതാവ് ഈ സ്ഥാപനം സന്ദർശിക്കുകയും എല്ലാ സഹായസഹകരണങ്ങളും വാഗ്ദാനം ചെയ്യുകയും ചെയ്തു. താമസിയാതെ താൻ റോമിന് പോകുമ്പോൾ അച്ചൻ ആഗ്രഹിച്ചതുപോലെ ഈ സമൂഹത്തെ ലിററിൽ സിസ്റ്റേഴ്സ് ഒഫ് ദ പൂവർ എന്ന സഭയോട് യോജിപ്പിച്ച് അംഗീകാരം നേടാൻ വേണ്ട സഹായങ്ങൾ ചെയ്യാമെന്ന് അറിയിച്ച് മത്തായിയച്ചനു വേണ്ട പ്രോത്സാഹനം നൽകി അനുഗ്രഹിച്ചു.[24] കെട്ടിടത്തിന്റെ ബാക്കി പണികൾ പൂർത്തിയാക്കുന്നതിനും അംഗങ്ങളുടെയും അനാഥരുടെയും ജീവിതാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുമായി രൂപതാദ്ധ്യക്ഷന്റെ അനുമതിയോടെ സഹോദരിമാർ ഈരണ്ടുപേരായി ധർമ്മപ്പിരിവ് നടത്തുകയും പിരിഞ്ഞുകിട്ടിയ തുകകൊണ്ട് തല്ക്കാല ആവശ്യങ്ങൾ നിർവ്വഹിക്കുകയും ചെയ്തുകൊണ്ടിരുന്നു.[25] ഈ സഹോദരിമാരുടെ വിനീത മനോഭാവവും, സേവനസന്നദ്ധതയും, സൗഹാർദ്ദതനിറഞ്ഞ മാനുഷിക സമീപനവും ഏവർക്കും ആദരണീയമായിരുന്നു.

24 കദളിക്കാട്ടിലച്ചൻ പേജ് 32
25 നാളാഗമം പേജ് 6

## അനാഥമന്ദിരങ്ങളുടെ ആരംഭം

സമൂഹത്തിന്റെ താമസത്തിന് സാമാന്യം സൗകര്യപ്രദമായ ഒരു കെട്ടിടം നിർമ്മിച്ചുവെങ്കിലും അംഗസംഖ്യ വർദ്ധിച്ചതിനാൽ സൗകര്യം പരിമിതമായി. അനാഥരായ കുട്ടികളും വയോവൃദ്ധരും മറ്റും ഒരേ കെട്ടിടത്തിൽ താമസിച്ചതിനാൽ മൗനം ആചരിക്കുന്നതിനും ഏകാന്തമായി പ്രാർത്ഥിക്കുന്നതിനും അസൗകര്യം അനുഭവപ്പെട്ടു. അതിനാൽ അനാഥപരിപാലനത്തിന് ഒരു പ്രത്യേക കെട്ടിടം പണിയുവാൻ അച്ചൻ ആഗ്രഹിച്ചു. അതിനായി മഠത്തോട് അടുത്തു കിടന്ന കുറച്ചുസ്ഥലം വാങ്ങാൻ ഒരുങ്ങിയ സമയത്ത് മറ്റൊരാൾ അത് വാങ്ങിയതുകൊണ്ട് ആ ആഗ്രഹം സാധിച്ചില്ല.എങ്കിലും മഠത്തോട് തൊട്ടുതന്നെ ഉണ്ടായിരുന്ന സ്ഥലത്ത് ഒരു അഗതിമന്ദിരം പണിയുവാൻ മത്തായി അച്ചൻ പരിശ്രമം തുടങ്ങി. എന്നാൽ അതിനുള്ള സാമ്പത്തിക മാർഗ്ഗമൊന്നും ഉണ്ടായിരുന്നില്ല. ഈശോയുടെ തിരുഹൃദയത്തിൽ ആശ്രയിച്ചും പ്രാർത്ഥിച്ചും സഹോദരികൾ ഈരണ്ടു പേരായി വിവിധ ഇടവകകളിൽ ധർമ്മപ്പിരിവ് നടത്തി. ഉദാരമതികളായ പലരിൽനിന്നും ഈ സദുദ്യമത്തിന് കാര്യമായ സഹായം ലഭിച്ചു. ദൈവത്തിന് കൃതജ്ഞതയർപ്പിച്ചുകൊണ്ട് 1914 ഏപ്രിൽ മാസത്തിൽ അനാഥമന്ദിരത്തിന്റെ പണി ആരംഭിച്ചു.

പുതിയ മഠംകെട്ടിടത്തിൽ അംഗങ്ങൾ തിങ്ങിതാമസിച്ചിരുന്നു. വേനലിന്റെ ശക്തിയും വെള്ളത്തിന്റെ അഭാവവും എല്ലാം കൂടിയായപ്പോൾ അംഗങ്ങളിൽ പലർക്കും വിവിധ തരത്തിലുള്ള രോഗങ്ങളും പകർച്ചവ്യാധികളും പിടിപെട്ടു. ഒന്നാം ലോക മഹായുദ്ധത്തോടെ അനുഭവപ്പെട്ട ഭക്ഷ്യക്ഷാമവും സാമ്പത്തികത്തകർച്ചയുമെല്ലാം ഈ സ്ഥാപനത്തേയും ഇതിന്റെ പുരോഗതിയേയും കാര്യമായി ബാധിച്ചു. അനാഥമന്ദിരത്തിന്റെ പണി തല്ക്കാലത്തേയ്ക്ക് നിർത്തിവയ്ക്കേണ്ടിവന്നു. ഇത്തരം വൈഷമ്യങ്ങളും പരീക്ഷണങ്ങളും തരണം ചെയ്യുന്നതിന് ഈ തിരുഹൃദയദാസന് ശക്തി നൽകിയത് ദൈവത്തിലുള്ള അചഞ്ചലമായ ആശ്രയബോധവും പതറാത്ത വിശ്വാസവും അടിയുറച്ച പ്രാർത്ഥനാശീലവും മാത്രമായിരുന്നു. ഈ നാളുകളിൽ വിശുദ്ധ ഇഗ്നേഷ്യസിന്റെ തിരുശേഷിപ്പ് അച്ചൻ മഠത്തിൽ സ്ഥാപിച്ച് പ്രത്യേക പ്രാർത്ഥനകൾ നടത്തി. അച്ചന്റേയും സഹോദരിമാരുടേയും തീക്ഷ്ണമായ പ്രാർത്ഥനയുടെ ഫലമെന്നോണം ക്രമേണ പകർച്ചവ്യാധികളും മററുരോഗങ്ങളും സമൂഹത്തിൽനിന്ന് വിട്ടുമാറുകയും പണി തുടർന്ന് നടത്തുവാൻ സാധിക്കുകയും ചെയ്തു.

## കാർമേഘപടലങ്ങൾ പടരുന്നു

ഇക്കാലഘട്ടത്തിലാണ് ബഹു. മത്തായി അച്ചനെ ഏറ്റവുമധികം വേദനിപ്പിച്ച ഒരു കഠിന പരീക്ഷണം ദൈവം ഒരുക്കിയത്.[26] മന്ദിരത്തിന്റെ കെട്ടിടം പണി നടക്കുന്ന അവസരം. 1914 ജൂലൈ 21-ാം തീയതി സന്ധ്യയോടുകൂടി പണിക്കാർക്ക് കൂലി കൊടുത്ത ശേഷം അച്ചൻ പാലാപ്പള്ളിയിലേക്കു പോകുവാൻ ഇറങ്ങുന്ന സമയം - പുറത്തു നല്ല മഴ. ശാന്തമാകട്ടെ എന്നു കരുതി അച്ചൻ അല്പസമയം കാത്തുനിന്നു. മഴ വകവയ്ക്കാതെ, ഭംഗിയായി വസ്ത്രധാരണം ചെയ്ത ഒരു മദ്ധ്യവയസ്ക്കൻ അച്ചനെ കാണുവാനായി ആ പണിപ്പുരയിലേക്ക് കയറി വന്നു. മണ്ണെണ്ണ വിളക്കിന്റെ മങ്ങിയ വെളിച്ചത്തിൽ ആ മാന്യന്റെ മുഖം അച്ചൻ കണ്ടു. ആഗമനോദ്ദേശ്യം അയാൾ വിശദീകരിച്ചു. പിറന്നിട്ട് ഒരാഴ്ച മാത്രമായ ഒരു അനാഥ ശിശുവിനെ മന്ദിരത്തിൽ സ്വീകരിക്കണം. മഠം കെട്ടിടത്തിലാണ് ഇപ്പോൾ അനാഥർകൂടി താമസിക്കുന്നതെന്നും അതിൽ അല്പം പോലും സ്ഥലം ഇല്ലാതെ വിഷമിക്കുകയാണ് എന്നും അവിടെ ഇങ്ങനെയൊരു ശിശുവിനെ സ്വീകരിച്ച് സംരക്ഷിക്കുവാനുള്ള സൗകര്യം ഇല്ലെന്നുമുള്ള വസ്തുത അച്ചൻ അയാളോട് വിശദമായി പറഞ്ഞു. കൂടാതെ ഇങ്ങനെ അസൗകര്യമുള്ള ഒരു സ്ഥാപനത്തിൽ വിവിധ തരത്തിലുള്ള ആളുകൾക്കിടയിൽ ഇത്തരം ഒരു ശിശുവിനെ സ്വീകരിച്ച് വളർത്തിയാൽ ആളുകൾ തെറ്റിദ്ധരിച്ച് സംസാരിക്കാനിടയുണ്ട് എന്നു കൂടി അച്ചൻ അയാളോടു സൂചിപ്പിച്ചു. അതുകൊണ്ട് അഞ്ചാറുമാസം മാസം കഴിഞ്ഞ് കെട്ടിടം പണി തീർന്നിട്ട് കൊണ്ടുവരിക - അദ്ദേഹം ആവശ്യപ്പെട്ടു. ഇപ്പോൾ ഇവിടെ സ്വീകരിക്കുന്നില്ലെങ്കിൽ മാമ്മോദീസാപോലും നൽകാതെ അവർ ആ കുഞ്ഞിനെ കൊന്നുകളയുകയേ ഉള്ളൂ - അയാൾ തീർത്തു പറഞ്ഞു. അച്ചന് സാഹചര്യത്തിന്റെ ഗൗരവം മനസ്സിലായി. അദ്ദേഹം പറഞ്ഞു, എങ്കിൽ നാളെ രാവിലെ ആരെങ്കിലും കുട്ടിയെ പള്ളിയിൽ കൊണ്ടുവരിക. അവിടെവച്ച് മാമ്മോദീസാ നല്കിയശേഷം കുഞ്ഞിനെ ഞങ്ങൾ പള്ളിയിൽവച്ചു സ്വീകരിക്കാം. ഇവിടെയുള്ള പെൺകുട്ടികളെ ആളുകൾ സംശയിക്കാനും പഴിക്കാനും ഇടയാകരുതല്ലോ. ആ വ്യവസ്ഥ സമ്മതിച്ച് അയാൾ യാത്ര പറഞ്ഞിറങ്ങി.

26 കദളിക്കാട്ടിലച്ചൻ പേജ് 29 -30

ജൂലൈ 22 വി. മഗ്ദലേനാമറിയത്തിന്റെ തിരുനാൾദിനം. രാവിലെ പ്രഭാതപ്രാർത്ഥനയ്ക്കായി ദേവാലയത്തിൽ പ്രവേശിച്ച വൈദികർ ഒരു പിഞ്ചുപൈതലിന്റെ നിലവിളികേട്ട് തിരിഞ്ഞുനോക്കി. പിറന്നിട്ട് ഏതാനും ദിവസം മാത്രമായ ഒരു കുഞ്ഞ് തനിയെ പള്ളിയ്ക്കകത്ത് കിടന്ന് കരയുന്നു. ആളുകൾ വന്നവർ വന്നവർ ഇതു കണ്ട് അത്ഭുതപ്പെട്ട് നോക്കിനിന്നു. പുതിയ മഠത്തിലെ അംഗങ്ങളും പള്ളിയിലെത്തിയിട്ടുണ്ട്. എല്ലാവരും പരസ്പരം നോക്കി. ആർക്കും ഒന്നും അറിഞ്ഞുകൂടാ. ബഹു. കദളിക്കാട്ടിൽ അച്ചന് കുഞ്ഞിന്റെ ആഗമനരഹസ്യം ഊഹിക്കുവാൻ സാധിച്ചു. ആരുമറിയാതെ അതിരാവിലെ കുഞ്ഞിനെ പള്ളിയിൽ ഉപേക്ഷിച്ചിട്ട് ബന്ധപ്പെട്ടവർ രക്ഷപെട്ടിരിക്കയാണ്. കുർബാനയ്ക്ക്ശേഷം അച്ചൻ പള്ളിയുടെ മദ്ധ്യഭാഗത്ത് വന്നുനിന്നു. ധാർമ്മികധീരതയും നിശ്ചയദാർഢ്യവും അനുകമ്പയും സ്ഫുരിക്കുന്ന ആ കണ്ണുകൾ കൂടുതൽ പ്രകാശിക്കുന്നതായി തോന്നി. അദ്ദേഹം തന്റെ സ്ഥാപനത്തിലെ അന്നത്തെ സുപ്പീര്യറായിരുന്ന കിഴക്കേൽ ബ്രിജീത്താ എന്ന യുവതിയെ വിളിച്ച് കുഞ്ഞിനെ എടുത്തുകൊണ്ടു നില്ക്കുവാൻ ആജ്ഞാപിച്ചു. കപ്യാരെ വിളിച്ച് മാമ്മോദീസായ്ക്കുള്ള സാധനങ്ങൾ കൊണ്ടുവരുവാൻ ആവശ്യപ്പെട്ടു. അച്ചൻതന്നെ കുട്ടിക്ക് മാമ്മോദീസാ നൽകി. അതിനുശേഷം കുഞ്ഞിനെ ജനമദ്ധ്യത്തിൽകൂടി മഠത്തിലേയ്ക്ക് കൊണ്ടുപോയി, അവിടെ സംരക്ഷിക്കുവാൻ ആജ്ഞനൽകി. അംഗങ്ങൾ അതനുസരിച്ചു. ആളുകൾ ആശ്ചര്യത്തോടെ നോക്കിനിന്നു.

വാഴേമഠത്തിൽനിന്നും ഒരു ശിശുവിന്റെ കരച്ചിൽ ഉയരുന്നു. കെട്ടിടം പണിതുകൊണ്ടിരുന്ന പണിക്കാരും ആശാരിമാരും മറ്റും വഴി വിവരം അയൽവാസികൾ അറിഞ്ഞു. അവിടെ ഒരു കൊച്ചുകുഞ്ഞിനെ കണ്ടു. അവർക്ക് സംശയമായി. ഊഹാപോഹങ്ങളായി. സംശയരൂപത്തിൽ പലരും സംസാരിച്ചു. അംഗങ്ങളുടെ ജീവിതവിശുദ്ധിയെ കളങ്കപ്പെടുത്തുന്ന സംസാരം ജനമദ്ധ്യത്തിൽ പരന്നു. പാവനചരിതനായ കഥാനായകനും കുബുദ്ധികളുടെ ദുഷ്പ്രചരണത്തിനിരയായി. സത്യാവസ്ഥ അറിയുന്നവർ വസ്തുതകളുടെ യാഥാർത്ഥ്യം വെളിപ്പെടുത്തിയെങ്കിലും അതാരും അത്ര വിശ്വസിക്കുവാൻ മുതിർന്നില്ല. തിന്മയ്ക്ക് നന്മയേക്കാൾ അധികം പ്രചരണശക്തി ഉണ്ടല്ലോ.

സ്ഥാപനത്തിലെ അംഗങ്ങളും ബഹു. അച്ചനും അപവാദകാർമേഘങ്ങളാൽ വലയിതരായി. ചില നല്ലയാളുകൾപോലും ഈവക

സംശയങ്ങളിൽ കുരുങ്ങി സമൂഹത്തോടുള്ള സന്മനോഭാവം കൈവെടിഞ്ഞു. ദൈവത്തിന്റെ പൈതൃകപരിപാലനയിൽ ദൃഢമായി ആശ്രയിച്ചിരുന്ന ബഹു.മത്തായി അച്ചനെ ഈ സംഭവം ഒട്ടും നിരാശനാക്കിയില്ല. ഈശോയുടെ കരുണാർദ്രഹൃദയത്തിൽ അഭയം തേടി അദ്ദേഹം പ്രാർത്ഥിച്ചു. അംഗങ്ങളോട് കൂടുതലായി പ്രാർത്ഥിക്കുവാനും കൂടുതൽ തപോനിഷ്ഠമായ ജീവിതം നയിക്കുവാനും അച്ചൻ ആവശ്യപ്പെട്ടു. അവരെ അദ്ദേഹം ധൈര്യപ്പെടുത്തി. എത്രയോ അഗ്നിപരീക്ഷണങ്ങളെ അതിജീവിച്ചതാണ് ആ ജീവിതം! ദൈവത്തിന്റെ അനന്തസ്നേഹവും അത്ഭുതകരമായ പരിപാലനയും താൻ എത്രയോ തവണ അനുഭവിച്ചറിഞ്ഞിരിക്കുന്നു. അതേ അനുഭവം തന്നെ ഇവിടെയും ഉണ്ടാകുമെന്നും, സത്യം തെളിഞ്ഞ് അപവാദങ്ങൾ കെട്ടടങ്ങുമെന്നും തങ്ങളുടെ നിഷ്കളങ്കത ലോകം ഗ്രഹിക്കുമെന്നും ബഹു. അച്ചൻ പൂർണ്ണമായി വിശ്വസിച്ചു. അതു താമസിയാതെ തന്നെ അനുഭവിച്ചറിയുകയും ചെയ്തു. ഏതാനും ആഴ്ചകൾക്കുശേഷം ഈ അനാഥശിശുവിനെപ്പററിയുള്ള യഥാർത്ഥ വിവരങ്ങൾ പരസ്യപ്പെടുവാനിടയായി. അതോടെ അപവാദം പറഞ്ഞു പരത്തിയവർ തന്നെ പുതിയ സ്ഥാപനാംഗങ്ങളുടേയും ബഹു. അച്ചന്റെയും സേവന സന്നദ്ധതയേയും ത്യാഗമനോഭാവത്തേയും പററി സ്തുതിച്ചു സംസാരിക്കുവാൻ ആരംഭിച്ചു. അതുപോലെതന്നെ ഇത്തരം പരസ്നേഹ മനോഗുണപ്രവൃത്തികൾക്കായുള്ള അനാഥമന്ദിരത്തിന്റെ പണികൾക്ക് സഹായസഹകരണങ്ങൾ കൂടുതലായി ലഭിക്കുകയും ചെയ്തു.[27] 1914 ഡിസംബർ മാസത്തോടുകൂടി അനാഥമന്ദിരത്തിന്റെ പണി പൂർത്തിയാക്കി വെഞ്ചരിക്കാൻ സാധിച്ചു. നാനാജാതി മതസ്ഥരായ നിരവധി അഗതികൾ ഈ സ്ഥാപനത്തിൽ അഭയം പ്രാപിച്ചു.

■

27 നാളാഗമം Vol. 1 പേജ് 3

7

# തിരുഹൃദയസമൂഹത്തിന്റെ പ്രാരംഭനാളുകൾ

1914 മാർച്ച് 21 ന് ചങ്ങനാശ്ശേരി രൂപതാദ്ധ്യക്ഷനായിരുന്ന കുര്യ ളശ്ശേരിൽ തോമ്മാമെത്രാൻ  റോമ്മാ യാത്രയ്ക്കൊരുങ്ങുന്ന വിവരം രൂപതയിലെ വിവിധ പള്ളികളിൽ അറിയിച്ചു. പുതിയ സഭയെ സംബ ന്ധിച്ച് പാലാപ്പള്ളി വികാരിയായിരുന്ന തോട്ടുങ്കൽ അച്ചനും പാലാ യിലെ മറ്റ് വൈദികരും ഒപ്പിട്ട ഒരപേക്ഷ വന്ദ്യപിതാവുവഴി റോമി ലേക്ക് കൊടുത്തയച്ചു. ഈ സമൂഹത്തെ ഒരു സന്യാസ സഭയായി ഉറപ്പിക്കണമെന്ന് അവർ അതിൽ അഭ്യർത്ഥിച്ചിരുന്നു. തുടർന്ന് സമൂഹം മുഴുവനും ഇക്കാര്യ സാദ്ധ്യത്തിനായി നിരന്തരം പ്രാർത്ഥി ച്ചുകൊണ്ടിരുന്നു. അഭിവന്ദ്യപിതാവ് റോമിൽനിന്നും മടങ്ങി വന്ന ശേഷം ആദ്യനടപടി എന്ന നിലയിൽ കർമ്മലീത്താ നിഷ്പാദുക സഭാംഗമായ ബ. എസ്തപ്പാനോസച്ചനെ സന്ദർശനത്തിനായി അയച്ചു. അദ്ദേഹം പുതിയ സഭയുടെ ഭവനവും ചുററുപാടുകളും പരിശോധിച്ചു. തൃപ്തികരമായ റിപ്പോർട്ട് അഭിവന്ദ്യ പിതാവിന് സമർപ്പിക്കാം എന്നുപറഞ്ഞു മടങ്ങിപ്പോയി.

## വേദനയുടെ താഴ്വരയിൽ

1915 ഫെബ്രുവരി 27 -ാം തീയതി റോമാ യാത്ര കഴിഞ്ഞ് മടങ്ങിവന്ന വന്ദ്യപിതാവിനെ ബഹു. മത്തായി അച്ചൻ സന്ദർശിച്ചു. സ്ഥാപനത്തിന്റെ അംഗീകാരത്തെപ്പറ്റിയുള്ള വിവരങ്ങൾ ഗ്രഹിക്കുകയെന്നുള്ളതായിരുന്നു ഈ സന്ദർശനത്തിന്റെ പ്രധാന ഉദ്ദേശ്യം സംഭാഷണമദ്ധ്യേ വന്ദ്യപിതാവ് ഇപ്രകാരം പ്രസ്താവിച്ചു[28] "യൂറോപ്പിലെപ്പോലെ ഒരു സ്ഥാപനം നടത്തിക്കൊണ്ടുപോകുവാൻ നമ്മുടെ നാടിന്റെ സ്ഥിതിക്ക് സാധിക്കുകയില്ലാത്തതിനാൽ 500 രൂപാ വീതം പത്രമേനി നിശ്ചയിച്ചുകൊണ്ടു ക്ലാരസഭയോട് യോജിപ്പിച്ച് അതിന്റെ ഒരു വിഭാഗമെന്ന നിലയിൽ ഇതിനെ അംഗീകരിക്കാം." ഇതു കേട്ടപ്പോൾ ബഹു. മത്തായി അച്ചനുണ്ടായ മനോവേദന എത്രമാത്രമെന്ന് ഊഹിക്കുകയാണുത്തമം.

പാവനമായ പരസ്നേഹത്താൽ പ്രേരിതമായ തന്റെ ഉദ്ദേശ്യങ്ങൾ സാധിതപ്രായമാക്കുന്നതിന് തിരുഹൃദയസഭയെന്ന പേരിൽ ഒരു സ്വതന്ത്രസ്ഥാപനത്തിന്റെ പ്രവർത്തനമായിരുന്നു ആവശ്യം. തന്നിമിത്തമാണ് മുൻപറഞ്ഞ തീരുമാനം കേട്ടപ്പോൾ അദ്ദേഹത്തിന് വലിയ ഇച്ഛാഭംഗവും സങ്കടവും അനുഭവപ്പെട്ടത്. എങ്കിലും ഭഗ്നാശനാകാതെ ഈശോയുടെ തിരുഹൃദയത്തിൽ ശരണംവച്ചുകൊണ്ടും താൻ പറയാൻ പോകുന്ന കാര്യങ്ങൾ പിതാവിനോടുള്ള അനാദരവായി പരിഗണിക്കരുതെയെന്നുമുള്ള അപേക്ഷയോടും കൂടെ ബഹു. അച്ചൻ ഇപ്രകാരം അറിയിച്ചു. വന്ദ്യപിതാവേ, സാധാരണക്കാരുടെ സന്യാസജീവിതത്തിനും ആബാലവൃദ്ധം അനാഥരുടെ ആത്മശരീരപോഷണത്തിനും ഉതകുന്നതായ ഈ സ്ഥാപനത്തെ മുമ്പ് അവിടുന്ന് കല്പിച്ചിരുന്നതുപോലെ യൂറോപ്പിലുള്ള അഗതികളുടെ കൊച്ചുസഹോദരികൾ എന്ന സ്ഥാപനത്തിന്റെ താഴ്ന്ന പദവിയിലെങ്കിലും അംഗീകരിക്കണമെ. അല്ലാത്തപക്ഷം അവിടുന്ന് ഇപ്പോൾ പറഞ്ഞ അഭിപ്രായത്തെ ആധാരമാക്കി സ്ഥാപനത്തിൽ ചേർത്തിരിക്കുന്ന കുറെ ബാലികമാരെ ഉടനെ പിരിച്ചയക്കേണ്ടി വരും. കൂടാതെ പത്രമേനി ഒന്നും ക്ലിപ്തപ്പെടുത്താതെയിരുന്നിട്ടും ഇതേവരെ ഈ സാധുസഹോദരികളുടെ സമൂഹത്തിനും അവരുടെ സംരക്ഷണയിലുള്ള അഗതികൾക്കും കാലയാപനത്തിന് യാതൊരു ബുദ്ധിമുട്ടും ഉണ്ടായിട്ടില്ല. ആയതുകൊണ്ട് തിരുഹൃദയസഭ എന്ന പേരിൽ ഒരു പുതിയ സഭയായി ഇതിനെ അംഗീകരിച്ചു തരണമെ.

---

28 നാളാഗമം പേജ് 9

വന്ദ്യതിരുമേനിയാകട്ടെ അല്പനേരം ആലോചിച്ചിരുന്നതിന്റെ ശേഷം ആകട്ടെ നമുക്ക് ഇരുവർക്കും ദൈവതിരുമനസ്സ് അറിയാനായി ഇന്ന് പ്രാർത്ഥിക്കാം. അതിനുശേഷം നാളെ ഒരു തീരുമാനമെടുക്കാം എന്നു കല്പിച്ചശേഷം ഉറങ്ങുവാനായി പിരിഞ്ഞു.

ബഹു. അച്ചനെ സംബന്ധിച്ചിടത്തോളം മനോവേദനയും ഉൽക്കണ്ഠയും മാനസിക സംഘർഷവും നിറഞ്ഞ രാത്രിയായിരുന്നു അത്. പുതിയ സഭയെക്കുറിച്ചുള്ള തന്റെ പ്രതീക്ഷകളെല്ലാം തകിടം മറിയുന്നതായി അദ്ദേഹത്തിന് അനുഭവപ്പെട്ടു. എസ്തപ്പാനോസച്ചന്റെ റിപ്പോർട്ടു അരമനയിൽ ലഭിച്ചിട്ടില്ല. സഭയുടെ നിലനില്പ് തീർച്ചയില്ല. മറ്റൊരു സഭയുടെ രണ്ടാം സഭയായി തുടരുകമാത്രം. താൻ ഉന്നംവച്ച ലക്ഷ്യവും ചൈതന്യവുമായിരിക്കുകയില്ല മേലിൽ സഭയ്ക്ക് ഉണ്ടായിരിക്കുക. ഈ വക ചിന്തകൾ അദ്ദേഹത്തിന്റെ ഹൃദയത്തെ മഥിച്ചുകൊണ്ടിരുന്നു. അദ്ദേഹം അതീവ ദുഃഖിതനായി. അന്നു രാത്രിയിൽ ദീർഘസമയം വി.കുർബാനയുടെ സന്നിധിയിൽ പ്രാർത്ഥനാനിരതനായി അദ്ദേഹം കഴിച്ചുകൂട്ടി. തന്റെ പരാതികളും ലക്ഷ്യങ്ങളും ആശകളും ആശങ്കകളും അഭിലാഷങ്ങളുമെല്ലാം സ്നേഹപിതാവായ ദൈവത്തിന്റെ മുൻപിൽ തുറന്നുവച്ചു. എല്ലാം ഈശോയുടെ തിരുഹൃദയത്തിൽ സമർപ്പിച്ചു. പ്രാർത്ഥന അദ്ദേഹത്തെ രൂപാന്തരപ്പെടുത്തി. സർവ്വതും ദൈവതൃക്കരങ്ങളിൽ സമർപ്പിച്ച് സർവ്വസംഗപരിത്യാഗിയായി ഒരു യോഗീവര്യനെപ്പോലെ ശാന്തനായി, നിസ്സംഗനായി അവിടെനിന്നും എഴുന്നേറ്റു പോകുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. കാരണം ഇത് എന്റെ സ്വന്തം കാര്യമല്ല. മെത്രാനച്ചന്റെ ഇഷ്ടത്തിന് എല്ലാം വിട്ടുകൊടുക്കുക എന്ന ഒരു ആന്തരികസ്വരം അദ്ദേഹം ശ്രവിച്ചു. പിന്നീട് ശാന്തനായി പോയി കിടന്ന് സുഖമായി ഉറങ്ങി. ഫെബ്രുവരി 28. തന്റെ നവപൂജാർപ്പണത്തിന്റെ 15-ാം വാർഷികദിനമായിരുന്നു. രാവിലെ ദിവ്യബലിയിൽ ഈ കാര്യം സംബന്ധിച്ച് പൂർണ്ണമായ ആത്മസമർപ്പണം അദ്ദേഹം ആവർത്തിച്ചു. 9 മണിക്ക് വീണ്ടും വന്ദ്യപിതാവിനെ സന്ദർശിച്ചു. അപേക്ഷിച്ചിട്ട് എന്ത് തോന്നുന്നു വന്ദ്യ പിതാവ് ചോദിച്ചു. പിതാവിന്റെ ഇഷ്ടം എന്നുമാത്രം അദ്ദേഹം സന്ദേഹരഹിതനായി ഉത്തരം പറഞ്ഞു. ഇതുകേട്ട് വന്ദ്യപിതാവ്, ക്ലാരസഭയുടെ ഒരു വിഭാഗമായി ഈ സമൂഹത്തെ അംഗീകരിക്കാമെന്നും ഈസ്റ്റർ കഴിഞ്ഞ് ക്ലാരമഠത്തിൽനിന്നും രണ്ടു സിസ്റ്റേഴ്സിനെ അയച്ച് പുതിയ സ്ഥാപനത്തിലെ അംഗങ്ങൾക്ക് പരിശീലനം നൽകാൻ വേണ്ട ഏർപ്പാടു ചെയ്യുമെന്നും പരിശീലനംകഴിഞ്ഞ് ക്ലാരസഭയുടെ ഒരു ഉപസഭയായി അംഗീകരിക്കുവാൻ ശ്രമിക്കാം എന്നു പറഞ്ഞ് അച്ചനെ യാത്രയാക്കി.

വിവരമറിഞ്ഞ പുതിയ സ്ഥാപനത്തിലെ അംഗങ്ങൾ ദുഃഖിതരായി ത്തീർന്നുവെങ്കിലും ദൈവഹിതത്തിനു കീഴ്പ്പെടുവാൻ അദ്ദേഹം അവരെ പ്രേരിപ്പിച്ചു കൊണ്ടിരുന്നു.[29]

നാളാഗമം സാക്ഷ്യപ്പെടുത്തിയിരിക്കുന്നതുപോലെ "ഈ സംഭ വത്തിനുശേഷം ബഹു. അച്ചൻ മനോകുണ്ഠിതം മൂലം സഹോദരി കളോട് നേരിട്ട് സംസാരിക്കാതെ കഴിച്ചുകൂട്ടി. ഈ ഘട്ടത്തിൽ ഊഹി ക്കാൻപോലും കഴിയാത്ത മഹാദുഃഖസാഹചര്യത്തിലേക്ക് സഹോ ദരികൾ മുങ്ങിത്താണു. നാലു കൊല്ലമായിട്ട് ഈ സമൂഹത്തിൽ പത്ര മേനിയോടുകൂടിയും അല്ലാതെയും വന്ന സഹോദരികൾക്കും അനാ ഥർക്കും ദൈവം കഴിഞ്ഞാൽ ഏകാവലംബമായിരുന്ന ബഹു. മത്തായി അച്ചന് ഓലം പള്ളിയിലേക്കുള്ള സ്ഥലമാറ്റ കല്പന കിട്ടി. ഇടയനില്ലാത്ത ആടുകളെപ്പോലെ ഈ സഹോദരിമാർ ഞങ്ങളുടെ അനിശ്ചിതമായ ഭാവിയും തൽക്കാലത്തെ വിയോഗദുഃഖവുമോർത്ത് ഇതികർത്തവ്യാതാമൂഢരായി ഭക്ഷണ പാനീയങ്ങൾ പോലും കഴി ക്കാൻ നിർവ്വാഹമില്ലാത്ത വിധത്തിൽ ദുഃഖഭാരത്താൽ വലഞ്ഞു ഞെരുങ്ങി. സ്വന്തം പിതാവിനെപ്പോലെ ഓരോ കാര്യങ്ങൾ അപ്പോ ഴപ്പോൾ അന്വേഷിച്ചും കുറ്റങ്ങൾ ആധികാരികമായി തിരുത്തിയും നയിച്ചിരുന്നിട്ടും പല കുറവുകളും ഭിന്നതകളും ഉണ്ടായിരി ക്കൊണ്ടിരുന്ന കൂട്ടത്തിന്റെ ജീവിതരീതി ബഹു. അച്ചന്റെ സ്ഥലംമാറ്റം മൂലം ആശങ്കാജനകമായിത്തീർന്നു. നാലു കൊല്ലമായി ഈ കാര്യത്തിലുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പ്രയോജനരഹിതമായി ഭവിച്ചേക്കുമെന്നുള്ള വിചാരത്താൽ ബഹു. അച്ചൻ അനുഭവിച്ച മനോദുഃഖം അവർണ്ണനീയമായിരുന്നു. അഗതികളുടെ പിതാവായ ഈശോയുടെ തിരുഹൃദയം ഈ കഠിനയാതനകൾ സഹിക്കാനുള്ള ശക്തി തന്റെ എളിയ ശുശ്രൂഷകർക്ക് നല്കി. ഈ അവസരത്തിൽ ജ്ഞാനത്തിലും പുണ്യത്തിലും കേവലം ശിശുക്കൾ മാത്രമായിരുന്ന സഹോദരികൾ സഹിച്ചിട്ടുള്ള ക്ലേശങ്ങളും ചെയ്ത തീക്ഷ്ണമായ പ്രാർത്ഥനകളും ലഭിച്ചിട്ടുള്ള സത്ഫലങ്ങളും സമനിലയും എല്ലാം ഈ സ്ഥാപനത്തിന്റെ ഭാവിസന്താനങ്ങൾക്ക് മാതൃകയും ഉത്തേജ നവും വിശ്വാസവും മാർഗ്ഗദർശനവും നല്കുന്നു."

## ഓലം പുത്തൻപള്ളി വികാരി

1915 ജനുവരിയിൽ ബഹു. മത്തായി അച്ചൻ ഓലം പുത്തൻപള്ളി വികാരിയായി നിയമിക്കപ്പെട്ടു. കുടുംബങ്ങളിൽ തിരുഹൃദയനാഥന്റെ രാജവാഴ്ച സംസ്ഥാപിക്കുവാനുള്ള തീവ്രയത്നത്തിൽ അദ്ദേഹം

29 നാളാഗമം പേജ് 12

ഏർപ്പെട്ടു. പള്ളിയിലെ പ്രസംഗങ്ങളും ഉപദേശങ്ങളും മിക്കവാറും തിരുഹൃദയഭക്തിയെ കേന്ദ്രീകരിച്ചായിരുന്നു. ഇടവകാംഗങ്ങളുടെ ആദ്ധ്യാത്മികവും ഭൗതികവുമായ എല്ലാ സംരംഭങ്ങളിലും അദ്ദേഹം സജീവഭാഗഭാഗിത്വം വഹിച്ചു. ബഹു. മത്തായി അച്ചന് ഭവന സന്ദർശനം ഔപചാരികമായ ഒന്നല്ലായിരുന്നു. കുടുംബപ്രാർത്ഥന, കുടുംബാംഗങ്ങളുടെ കൗദാശികജീവിതം, അയല്ക്കാരുമായുള്ള ബന്ധം തുടങ്ങിയ കാര്യങ്ങളെല്ലാം അന്വേഷിച്ചറിയുകയും, ആവശ്യ മായ ഉപദേശങ്ങളും പരിഹാരമാർഗ്ഗങ്ങളും നിർദ്ദേശിക്കുകയും ചെയ്തിരുന്നു. കൃത്യനിഷ്ഠയും സമയക്ലിപ്തതയും നിഷ്ക്കർഷാ പൂർവ്വം പാലിച്ചിരുന്നതുകൊണ്ട് ഏററെടുത്ത എല്ലാ കടമകളും യഥാ വിധി ചെയ്തുതീർക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു.

ഈ അവസരത്തിൽ ബഹു. കദളിക്കാട്ടിൽ അച്ചൻ മഠത്തിലെ അംഗങ്ങളെ സന്ദർശിച്ച് അവരുടെ കാര്യങ്ങൾ അന്വേഷിക്കുകയും ജ്ഞാനോപദേശങ്ങൾ നല്കുകയും ചെയ്തുകൊണ്ടിരുന്നു. 1915 ജൂൺ മാസത്തിൽ തിരുഹൃദയതിരുനാളിനൊരുക്കമായി വാർഷിക മുഴുവൻ ധ്യാനം നടത്തുവാൻ അംഗങ്ങളെ സഹായിച്ചതും അച്ചൻ തന്നെയായിരുന്നു. കൃത്യനിഷ്ഠയും സമയക്ലിപ്തതയും നിഷ്കർഷാ പൂർവ്വം പാലിച്ചിരുന്നതുകൊണ്ട് ഏറ്റെടുത്ത എല്ലാ ചുമതലകളും യഥാവിധി ചെയ്തുതീർക്കുവാൻ മത്തായി അച്ചനു കഴിഞ്ഞു. ഇട വക ശുശ്രൂഷകളോടൊപ്പം തിരുഹൃദയമഠത്തിന്റെ ദൈനംദിന കാര്യ ങ്ങളിലും അദ്ദേഹം ശ്രദ്ധിച്ചിരുന്നു. തിരുഹൃദയസഭയെ സംബന്ധി ച്ചിടത്തോളം നിർണ്ണായകമായ പല വികാസപരിണാമങ്ങൾക്കും കള മൊരുക്കിയ കാലഘട്ടമായിരുന്നു അത്. ഇടവകവികാരിയുടെ ചുമ തലകളോടു വിശ്വസ്തത പുലർത്തിക്കൊണ്ടുതന്നെ, തന്റെ സേവനം ആവശ്യമുള്ള മററു രംഗങ്ങളിലും ആവശ്യമുള്ളത്ര അളവിൽ അദ്ദേഹം കണ്ണും കരളും പതിപ്പിച്ചിരുന്നു.

ഇങ്ങനെ ദൈവത്തിനും മനുഷ്യർക്കുംവേണ്ടി വിശ്രമരഹിത മായി പ്രവർത്തിച്ചുവരവെ അത്യന്തം ദുഃഖകരമായ ചില അനുഭവ ങ്ങളും അദ്ദേഹത്തിനുണ്ടായി. അതിൽ ഏറ്റവും വേദനാജനകമായ സംഭവം സ്വന്തം പിതാവിന്റെ മരണം ആയിരുന്നു.

## ബഹു. മത്തായിഅച്ചന്റെ പ്രിയപിതാവിന്റെ വേർപാട്[30]

ദൈവത്തിനും മനുഷ്യർക്കുംവേണ്ടി വിശ്രമരഹിതനായി പ്രവർത്തിച്ചുകൊണ്ടിരുന്ന അവസരത്തിൽ അദ്ദേഹത്തിനുണ്ടായ അത്യന്തം വേദനാജനകമായ ഒരു സംഭവം സ്വന്തം പിതാവ് വസൂരി

30 തിരുഹൃദയമഠം നാളാഗമം പേജ് 20

രോഗം പിടിപെട്ട് പരലോകപ്രാപ്തനായതായിരുന്നു. സ്വന്തപ്പെട്ട വർപ്പോലും അകന്നുനിൽക്കേണ്ട ഒരവസ്ഥ. മൃതസംസ്ക്കാരം പോലും ആൾസഞ്ചാരം ഇല്ലാത്ത സമയംനോക്കി വളരെ രഹസ്യ മായിട്ടായിരുന്നു അക്കാലത്ത് നടത്തിയിരുന്നത്. പലപ്പോഴും ഇങ്ങനെയുള്ള രോഗികൾക്ക് അന്ത്യകൂദാശ കിട്ടിയിരുന്നില്ല. മത്തായി അച്ചന്റെ പിതാവിന് വസൂരി രോഗവിമുക്തനായ തലച്ചിറ യച്ചൻ അന്ത്യകൂദാശകളെല്ലാം നല്കി. മത്തായി അച്ചന് സ്വന്തം പിതാവിന്റെ മുഖമെങ്കിലും ഒന്ന് അടുത്ത് കാണണമെന്ന് അതിയായ ആഗ്രഹം ഉണ്ടായിരുന്നു. പക്ഷേ വിവരം അറിഞ്ഞവരെല്ലാം കർശ നമായി അദ്ദേഹത്തെ വിലക്കി. സമൂഹത്തിന്റെ അംഗീകൃത രീതികൾക്കും വിലക്കുകൾക്കും എതിരായി നീങ്ങുന്നത് സമൂഹ ത്തോടു നിത്യസമ്പർക്കം പുലർത്തുവാൻ ഉത്തരവാദപ്പെട്ട ഒരു വൈദികനെ സംബന്ധിച്ചിടത്തോളം ഒട്ടുംതന്നെ ആശാസ്യവുമ ല്ലല്ലോ. അതുകൊണ്ട് ഒരു ആത്മബലിയുടെ അനുഭവതീവ്രതയോടെ മത്തായി അച്ചൻ സഹജമായ ആ ആഗ്രഹം ഉള്ളിൽ ഒതുക്കി.

1915 സെപ്ററംബർ 3-ാം തീയതി സന്ധ്യാസമയം സ്വപിതാവിന്റെ മൃതദേഹം അനാർഭാടമായ രീതിയിൽ സംസ്ക്കരി ക്കുന്നതിനായി പാലാ വലിയപള്ളി സിമിത്തേരിയിലേക്കു കൊണ്ടുപോകുമ്പോൾ, മത്തായി അച്ചൻ വിങ്ങുന്ന ഹൃദയവുമായി ളാലം പുത്തൻ പള്ളിയിലെ ദിവ്യസക്രാരി മുമ്പാകെ, അഞ്ജലിബ ദ്ധനായി, നിറകണ്ണുകളോടെ പ്രാർത്ഥനാനിരതനായി മുട്ടിന്മേൽ നില്ക്കുകയായിരുന്നു. അടുത്ത അവസരത്തിൽ തന്നെ പാലാ വലി യപള്ളിയിലെ സിമിത്തേരിയിലെത്തി വന്ദ്യപിതാവിന്റെ ശവകു ടീരത്തിൽ തിരുസ്സഭയുടെ നാമത്തിൽ അദ്ദേഹം ഔദ്യോഗിക പ്രാർത്ഥനകൾ നടത്തുകയുണ്ടായി.

## ക്ലാരമഠത്തിലെ ബഹു. സിസ്റ്റേഴ്സ് പരിശീലനം നൽകുന്നു[31]

1915 ജൂലൈ പത്താംതീയതി അഭിവന്ദ്യ കുര്യാളശ്ശേരി പിതാ വിന്റെ കല്പനപ്രകാരം ക്ലാരസഭാംഗങ്ങളായ രണ്ടു സിസ്റ്റേഴ്സ് (സി. ലൂയീസാ, സി. കത്രീനാ) പുതിയ സഭാംഗങ്ങൾക്ക് പരിശീ ലനം നല്കുവാൻ നിയമിതരായി. അവരുടെ നിയന്ത്രണത്തിലും പരി ശീലനത്തിലും പരിപൂർണ്ണവിധേയത്വത്തോടെ ജീവിക്കുവാനും അങ്ങനെ പക്വതയുള്ള സന്യാസികളായിത്തീരുവാനും ബ. അച്ചൻ

31 നാളാഗമം പേജ് 12

സ്വശിഷ്യരെ സർവ്വാത്മനാ ഉപദേശിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

1915 സെപതംബർ 23 ന് അഭിവന്ദ്യ കുര്യാളശ്ശേരി പിതാവ് തന്നെ ഈ സമൂഹത്തിന്റെ അനുസരണത്തിനായി ചില ക്രമചട്ടങ്ങൾ എഴുതിയുണ്ടാക്കി. മൗനം ആചരിക്കേണ്ടതും പ്രാർത്ഥിക്കേണ്ടതുമായ സമയങ്ങൾ, ചെയ്യേണ്ട ജോലികൾ ഇവയെല്ലാം കൃത്യമായി കാണിക്കുന്ന ഒരു ദിനചര്യയും അതിൽപെടുത്തിയിരുന്നു. പരിശീലനത്തിൽ ഏർപ്പെട്ടിരുന്ന സിസ്റ്റേഴ്സിനും ഇത് വലിയ സഹായമായി.

1916 ഓഗസ്റ്റ് 16 ാം തീയതി അഭിവന്ദ്യപിതാവ് പാലാ പള്ളി സന്ദർശിച്ച അവസരത്തിൽ ഈ മഠം സന്ദർശിക്കുകയുണ്ടായി. സമൂഹത്തെ സഭയായി ഉറപ്പിക്കണമെന്നും ആദ്യഅംഗങ്ങൾക്ക് ശിരോവസ്ത്രം നൽകണമെന്നും മഠംവക ചാപ്പലിൽ ദിവ്യബലി അർപ്പിക്കുവാൻ അനുവദിക്കണമെന്നുള്ള അപേക്ഷ അപ്പോൾ പിതാവിന് സമർപ്പിക്കപ്പെട്ടു.[32] ആദ്യത്തെ രണ്ടു കാര്യങ്ങൾ നിരസിച്ചു. വിശുദ്ധ കുർബാന ചൊല്ലുവാൻ മാത്രം അനുവദിച്ച് മറുപടി ലഭിച്ചു. 1916 സെപ്തംബർ 21 -ാം തീയതി മഠം വക ചാപ്പലിൽ ആദ്യമായി ദിവ്യബലി അർപ്പിക്കപ്പെട്ടു.

## പ്രാർത്ഥനയുടെ ശക്തി

അമ്പഴത്തിനാൽ അന്ന എന്ന അന്ധയായ ഒരു സ്ത്രീ അനാഥാലയത്തിൽ സംരക്ഷിക്കപ്പെട്ടിരുന്നു. വാതരോഗംമൂലം ഏതാനും നാളുകളായി ഇവർ അവർണ്ണനീയമായ വേദന അനുഭവിച്ചുകൊണ്ടിരുന്നു. കണ്ടുനില്ക്കുന്നവർക്കുപോലും അസഹ്യമായി തോന്നത്തക്കവിധം അത്ര കഠിനമായിരുന്നു അവരുടെ വേദന. ദീനദയാലുവായ അച്ചനാകട്ടെ, ഇവളുടെ വേദന കണ്ട് മനസ്സലിഞ്ഞ് സമൂഹത്തോട് ഇവർക്കുവേണ്ടി പ്രാർത്ഥിക്കുവാൻ ആവശ്യപ്പെട്ടു. 1916 ഡിസംബർ 21 -ാം തീയതി വിശുദ്ധ തോമ്മാശ്ലീഹായുടെ തിരുനാൾ ദിവസം, അനുവാദം ലഭിച്ചശേഷം മഠത്തിൽ മൂന്നാം പ്രാവശ്യം അച്ചൻ ദിവ്യബലിയർപ്പിച്ച് ഇവർക്കുവേണ്ടി പ്രാർത്ഥിച്ചു. അന്ത്യകൂദാശകൾ സ്വീകരിച്ച് മരണാസന്നയായി കിടന്നിരുന്ന ഈ രോഗി അച്ചന്റെ പ്രാർത്ഥനയാൽ അത്ഭുതകരമായി സുഖം പ്രാപിച്ചു[33].

32 നാളാഗമം പേജ് 12
33 മഠം നാളാഗമം പേജ് 20

## സമൂഹാംഗങ്ങളിൽ ആശങ്ക

ഏകദേശം ഒന്നര വർഷക്കാലം സമൂഹാംഗങ്ങൾക്ക് സന്യാസ പരിശീലനം നൽകിയശേഷം 1917 ജനുവരി 31-ാം തീയതി ക്ലാര സഭക്കാരായ ബ. കന്യാസ്ത്രീകൾ തിരിച്ചുപോയി. ആദ്യ അംഗ ങ്ങൾ സഭയിൽ വന്നിട്ട് 6 വർഷങ്ങൾ പൂർത്തിയായി. അംഗങ്ങളിൽ കുറെ പേർ ക്ലാരസഭയിൽ പെട്ട സിസ്റ്റേഴ്സിന്റെ കീഴിൽ സന്യാസ പരിശീലനം നേടി. അഭിവന്ദ്യ പിതാവിന്റെ പ്രാരംഭ നടപടിയെന്ന നിലയിൽ തലമുണ്ട് അവർക്ക് നൽകണമെന്ന് അപേക്ഷ സ മർപ്പിക്കപ്പെട്ടുവെങ്കിലും അതിനനുകൂലമായ മറുപടി ലഭിച്ചിട്ടില്ല. സഭ യുടെ ഭാവിയെപ്പറ്റി നിശ്ചിതമായ ഒരു ഉറപ്പ് ഇന്നുവരെ ലഭിച്ചിട്ടില്ല. ഈ അവസ്ഥയിൽ ഈ നൂതനസഭയുടെ നിലനില്പിനെപ്പറ്റിയുള്ള ആശങ്ക പൊതുജനങ്ങളിലും ഇതര സന്യാസസഭകളിലും വ്യാപിച്ചു. അത് അംഗങ്ങളിലും ഭയാശങ്കകളുളവാക്കുവാൻ കാരണമായി. ചിലർ തിരിച്ചുപോകാനും മറ്റു ചിലർ ഇതര സന്യാസസഭകളിൽ പ്രവേശിക്കുന്നതിനുള്ള അന്വേഷണം ആരംഭിച്ചു.[34] പലരേയും വീട്ടി ലേക്ക് കൊണ്ടുപോകുവാൻ വീട്ടുകാരും തയ്യാറായി. സ്ഥിതിഗതി കൾ ഇത്രയും ആയപ്പോഴാണ് വിവരം അച്ചന്റെ ശ്രദ്ധയിൽപ്പെട്ടത്. മറ്റെല്ലാ പ്രതിസന്ധികളേയും അതിജീവിച്ച അദ്ദേഹം ഈ സാഹച ര്യത്തിൽ തികച്ചും ഇതികർത്തവ്യതാമൂഢനായി ഭവിച്ചു. ഈ സംരം ഭമാകെയുപേക്ഷിച്ച് അംഗങ്ങളെ അവരവരുടെ വീട്ടിലേയ്ക്ക് പറ ഞ്ഞയച്ചാലോ എന്നുവരെ ചിന്തിക്കുവാൻ അദ്ദേഹം നിർബന്ധിത നായിത്തീർന്നു. ആറു വർഷത്തെ തന്റെ അത്യദ്ധ്വാനവും ബുദ്ധി മുട്ടുകളും നിഷ്പ്രയോജനമാകുന്നതിൽ അദ്ദേഹം ഹൃദയം നൊന്തു കരഞ്ഞു. ഇതെല്ലാം കണ്ടും അനുഭവിച്ചും കഴിഞ്ഞ അംഗങ്ങളുടെ നന്ദിഹീനമായ പെരുമാറ്റം അച്ചനെ വളരെ വേദനിപ്പിച്ചു. ഇതെക്കു റിച്ചുള്ള ദൈവഹിതം അറിയുവാനായി അദ്ദേഹം ദീർഘനേരം പ്രാർത്ഥിച്ചു. ആത്മനിയന്താവിനോടാലോചിച്ചു. മനുഷ്യബലഹീന തകളും സാഹചര്യങ്ങളുടെ സമ്മർദ്ദവുംമൂലം അവർ എടുത്ത വിവേ കശൂന്യമായ തീരുമാനങ്ങളും പ്രവർത്തനങ്ങളും ക്ഷമിച്ച് ഭാവിയെ പ്പററി അവരുമായി ആലോചിച്ച് ഒരു നിഗമനത്തിലെത്തുക. ഇതാ യിരുന്നു ആത്മപിതാവിൽനിന്നും ലഭിച്ച നിർദ്ദേശം. അതനുസരിച്ച് അച്ചൻ മഠത്തിലെത്തി ഓരോ അംഗത്തേയും നേരിൽ കണ്ട് സംസാ രിച്ചു. അവരുടെ ആഗ്രഹങ്ങളും തീരുമാനങ്ങളും അതിന് പ്രേരി പ്പിച്ച വസ്തുതകളും എന്തൊക്കെയാണെന്ന് അറിയിക്കുവാൻ അവ

34 തിരുഹൃദയമഠം നാളാഗമം പേജ് 27 - 28

രോടാവശ്യപ്പെട്ടു. പലരും നേരിട്ടും ചിലർ രേഖാമൂലവും വസ്തുതകൾ വെളിപ്പെടുത്തി.

മറ്റുള്ളവരുടെ പ്രേരണയ്ക്കും പ്രലോഭനത്തിനും ഇരയായതു മൂലം ഇങ്ങനെ സംഭവിച്ചതാണ് എന്ന് പലരും ഏറ്റുപറഞ്ഞു. ആശയക്കുഴപ്പങ്ങൾ സൃഷ്ടിച്ചുകൊണ്ട് അംഗങ്ങളെ തെറ്റിലേക്ക് നയിക്കുവാൻ പ്രേരണ നൽകിയ വ്യക്തികൾ പശ്ചാത്തപിച്ച് മാപ്പ് അപേക്ഷിച്ചു. എല്ലാവരും തന്നെ ബുദ്ധിമുട്ടുകളെല്ലാം സഹിച്ച് ഈ സഭയിൽ തന്നെ നിലനില്ക്കുവാൻ തീരുമാനിച്ചു. സഭയ്ക്ക് അനുവാദവും അംഗീകാരവും കിട്ടുവാൻ എത്ര വൈകിയാലും അതിനുവേണ്ടി കാത്തിരിക്കുവാൻ തങ്ങൾ സന്നദ്ധരാണെന്ന് അവർ ഉറപ്പുപറഞ്ഞ് പ്രതിസന്ധി തരണം ചെയ്തു. സഹോദരിമാർ അവരുടെ സന്യാസക്രമാനുഷ്ഠാനങ്ങളിലും പ്രാർത്ഥനയിലും കൂടുതലായി ശ്രദ്ധപതിച്ചു. അനാഥപരിപാലനം കൂടുതൽ വിപുലപ്പെടുത്തിയും ആദ്ധ്യാത്മികമായി പുരോഗമിച്ചുകൊണ്ടിരുന്നു.

## ദിവ്യകാരുണ്യ ആരാധനസഭയോട് യോജിപ്പിക്കാൻ നിർദ്ദേശം[35]

തിരുഹൃദയസഭയുടെ നാളാഗമത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു; 1917 മെയ് 9-ാം തീയതി ഈ സ്ഥാപനനിവാസികളിൽ ഏഴു പേർ എ. പെ. ബ. മെത്രാനച്ചനെ കാണാനായി ചങ്ങനാശ്ശേരിക്കുപോയി. കൂടിക്കാഴ്ച സന്തോഷസംസാരങ്ങളാൽ സമാശ്വാസകരമായി പര്യവസാനിച്ചു.

ബഹു. മത്തായി അച്ചൻ പറഞ്ഞിരുന്ന ലിറ്റിൽ സിസ്റ്റേഴ്സ് ഓഫ് ദ പൂവർ എന്ന സഭയോടു യോജിപ്പിക്കണമെന്നുള്ള ആഗ്രഹം മാറ്റി ഈ മിസ്സത്തിൽ സ്ഥാപിച്ചിരിക്കുന്ന ആരാധനസഭയോടു യോജിക്കണമെന്നുള്ള എന്റെ അഭിപ്രായത്തിൽ ബഹു. മത്തായി അച്ചനും സഹോദരികൾക്കും സമ്മതമുണ്ടോ എന്നു കാണിക്കുന്ന ഓരോരുത്തരുടെയും ഒപ്പിട്ട ഒരപേക്ഷ ഉടൻ അയച്ചുതരണം എന്ന് അഭിവന്ദ്യ കുര്യാളശ്ശേരി മെത്രാനച്ചൻ കല്പിച്ചയച്ചു. അതിൻപ്രകാരം സമ്മതിച്ച് ഒപ്പിട്ട ഒരു മറുപടി 15-ാം തീയതി അയച്ചു. അതിൽ സഭയുടെ പ്രത്യേക പേരു നിശ്ചയിച്ച് അടുത്തുവരുന്ന തിരുഹൃദയ തിരുനാൾ ദിവസം പിതാവ് മുൻപു കണ്ടു തെരഞ്ഞെടുത്ത പത്തുപേർക്ക് ശിരോവസ്ത്രം നല്കുന്നതിനുള്ള അനുവാദം തരണമെന്നുംകൂടി ചേർത്തിരുന്നു. ഈ അപേക്ഷ നിരസിക്കപ്പെടുകയാണുണ്ടായത്.

35 നാളാഗമം പേജ് 15

# 8

# സമൂഹം സന്യാസസഭയായി രൂപം കൊള്ളുന്നു

## ശിരോവസ്ത്രം നൽകുന്നു

ഈ സ്ഥാപനത്തിലെ അംഗങ്ങളിൽ ഏതാനും പേർ ചങ്ങനാശ്ശേരി അരമനയിലെത്തി അഭിവന്ദ്യപിതാവിനെ (കുര്യാളശ്ശേരി തോമ്മാ മെത്രാൻ) സന്ദർശിച്ചപ്പോൾ അവർ സമർപ്പിച്ച അപേക്ഷ അനുസരിച്ച് വന്ദ്യപിതാവിന്റെ നിർദ്ദേശപ്രകാരം ആരാധനസഭയോടു യോജിപ്പിക്കാനുള്ള ആലോചനമാറ്റി ക്ലാരസഭയുടെ ഒരു വിഭാഗമെന്ന നിലയിൽ തെരഞ്ഞെടുക്കപ്പെട്ട 10 പേർക്ക് മെയ് 23-ാം തീയതി ശിരോവസ്ത്രം നല്കുന്നതിനുള്ള കല്പന ലഭിച്ചു. വന്ദ്യപിതാവിന്റെ കല്പനയനുസരിച്ച് 1917 ജൂൺ 15-ാം തീയതി തിരുഹൃദയതിരുനാൾ ദിവസം മഠത്തിന്റെ ചാപ്പലിൽവച്ച് ബഹു. മത്തായി അച്ചൻ തന്നെ ഈ പത്ത് യുവതികൾക്ക് ശിരോവസ്ത്രം നൽകി.[36]

36 നാളാഗമം പേജ് 17

## ളാലം പുത്തൻ പള്ളിയിൽനിന്നും കണ്ണാടിയുറുമ്പിലേക്ക്

1917മെയ് 23-ാം തീയതി ബഹു. മത്തായി അച്ചന് ളാലം പുത്തൻപള്ളിയിൽനിന്ന് സ്ഥലം മാറ്റത്തിനുള്ള കല്പന ലഭിച്ചു. കണ്ണാടിയുറുമ്പു പള്ളി, ക്ലാരമഠം, പുതിയ മഠം (വാഴേമഠം) ഈ മൂന്നു സ്ഥാപനങ്ങളുടേയും മേൽനോട്ടം വഹിക്കുവാൻ അദ്ദേഹം നിയുക്തനായി. ഈ മൂന്ന് സ്ഥാപനങ്ങളുടെയും അഭിവൃദ്ധിക്കായി തന്റെ കഴിവുകൾ മുഴുവൻ ഉപയോഗിച്ചുകൊണ്ട് മത്തായി അച്ചൻ ജോലി നിർവ്വഹിച്ചു. രണ്ടു മഠങ്ങളിലെ അന്തേവാസികളോട് വിവേചനം കൂടാതെ സമഭാവനയോടെ പെരുമാറുകയും അവരുടെ ആദ്ധ്യാത്മികവും ഭൗതികവുമായ എല്ലാക്കാര്യങ്ങളും പിതൃസഹജമായ സ്നേഹത്തോടെ നിർവ്വഹിക്കുകയും ചെയ്തിരുന്നു. അക്കാലത്ത് കണ്ണാടിയുറുമ്പ് മഠത്തോടനുബന്ധിച്ച് ഒരു പ്രൈമറി സ്കൂൾ സ്ഥാപിതമായത് അച്ചന്റെ അശ്രാന്ത പരിശ്രമഫലമായിട്ടായിരുന്നു.

## സഭാവസ്ത്ര സ്വീകരണവും വ്രതവാഗ്ദാനവും[37]

1918 ആഗസ്റ്റ്മാസം 14-ാം തീയതി പുതിയ മഠത്തിലെ 10 അർത്ഥിനികൾക്ക് സഭാവസ്ത്രം നൽകുവാനുള്ള അനുമതി അഭിവന്ദ്യപിതാവിൽനിന്നും ലഭിച്ചു. ക്ലാരസഭയുടെ ഒരു വിഭാഗമെന്ന നിലയിൽ അവരിൽനിന്നും അല്പം വ്യത്യാസം വരുത്തി വെള്ള ഉടുപ്പ്, ഇടക്കെട്ട്, വെയിൽ എന്നിവ ഉൾപ്പെടെ പുതിയ വേഷവും ക്ലാരസഭയുടെ ന്യായപ്രമാണവും നൽകുന്നതിന് വന്ദ്യപിതാവിന്റെ കല്പനയിൽ നിർദ്ദേശിച്ചിരുന്നു.

അതനുസരിച്ച് ഒരാഴ്ചത്തെ ധ്യാനത്തിനുശേഷം സെപ്റ്റംബർ 21 ന് മഠം ചാപ്പലിൽ ബ. അച്ചൻ തന്നെ ദിവ്യബലി അർപ്പിക്കുകയും അർത്ഥിനികൾക്ക് സഭാവസ്ത്രം നല്കുകയും ചെയ്തു. അന്ന് സഭാവസ്ത്രം സ്വീകരിച്ച ആദ്യഅംഗങ്ങൾ സി. ജൽത്രൂദ് പുളിക്കൽ, സി. എവുപ്രാസിയാ കിഴക്കേൽ, സി. ഫ്രാൻസിസ്കാ വെള്ളാപ്പാണിയിൽ, സി. ഫിലോമിനാ മനയാനിക്കൽ, സി. ക്ലാര പാലത്താനത്തുപടവിൽ, സി. മർഗ്ഗരീത്താ ഒഴാക്കൽ, സി. ളൂയീസാ കുന്നേൽ, സി. കത്രീനാ ആദപ്പിള്ളിൽ, സി. ജോസഫീനാ ചെറ്റാലിക്കൽ, സി. മേരി ആഗ്നസ് പഴയതുടിപ്പാറ എന്നിവരാണ്. 1920 ജൂൺ 11 ന്

37 തിരുഹൃദയമഠം നാളാഗമം പേജ് 32

തിരുഹൃദയതിരുനാൾ ദിവസം സി. എവുപ്രാസിയാ, സി. ജൽത്രൂദ് എന്നിവർ നിത്യവ്രതാനുഷ്ഠാനം നടത്തി. സി. എവുപ്രാസിയാ മഠത്തിന്റെ ശ്രേഷ്ഠയായും സി. ജൽത്രൂദ് നവസന്യാസിനികളുടെ ഗുരുനാഥയായും നിയമിക്കപ്പെട്ടു. 1922 മെയ് 29ാം തീയതി ആദ്യ അംഗങ്ങളിൽ ബാക്കി എട്ടുപേർ നിത്യവ്രതാനുഷ്ഠാനം നടത്തി.[38] അന്നു തന്നെ അഞ്ചു പെൺകുട്ടികൾ ശിരോവസ്ത്രം സ്വീകരിച്ച് അർത്ഥിനികളായി. ക്രമേണ വിവിധ ഇടവകകളിൽ നിന്നും പലരും സന്യാസാർത്ഥിനികളായി വന്നുചേർന്നുകൊണ്ടിരുന്നു. അനാഥാലയത്തിലെ അന്തേവാസികളുടെ എണ്ണം വർദ്ധിച്ചുവന്നു. പറമ്പിൽ വിവിധതരം കൃഷിപ്പണികൾ ചെയ്തും, സഹോദരിമാർ രണ്ടുപേർ വീതം വിവിധ സ്ഥലങ്ങളിൽ ധർമ്മപ്പിരിവു നടത്തിയും പലതരം കൈവേലകൾ ചെയ്തും സ്ഥാപനത്തിന്റെ അനുദിനചെലവുകൾ നിർവ്വഹിച്ചുപോന്നു.

## പാകമായ മുന്തിരിക്കുലകൾ

സഭയുടെ അനുസ്യൂതമായ വളർച്ചയിലും പുരോഗതിയിലും ദൈവത്തിന് ഹൃദയം നിറഞ്ഞ കൃതജ്ഞതാസ്തോത്രമർപ്പിച്ചു കൊണ്ട് തീക്ഷ്ണമതികളായി വർത്തിക്കുവാൻ ബ. അച്ചൻ അംഗങ്ങളെ സദാ പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്ന കാലഘട്ടം. അപ്പോഴിതാ വേറൊരു ദുരന്തം നേരിടുന്നതിന് ദൈവം തിരുമനസ്സായി. സഭാംഗങ്ങളിൽ ചിലർക്ക് ക്ഷയരോഗബാധയുണ്ടായി. ഇതൊരു സാംക്രമിക രോഗമാണ് എന്ന വസ്തുത അജ്ഞാതമായിരുന്നു. ഫലപ്രദമായ മരുന്നുകളും അക്കാലത്ത് ലഭ്യമായിരുന്നില്ല. നാട്ടിൽ ലഭ്യമായ എല്ലാ പ്രതിവിധികളും പ്രയോഗിച്ചെങ്കിലും അവയൊന്നും ഫലപ്രദമായില്ല.[39]

സമ്പന്ന കുടുംബാംഗങ്ങളും സൽസ്വാഭാവികളും ഭക്തരുമായ മൂന്നു യുവകന്യകൾ അടുത്തടുത്ത അവസരങ്ങളിൽ മരണം പ്രാപിച്ചു. 1923 ലും 1924 ലുമായി മരണമടഞ്ഞ സഹോദരിമാർ സി.ഉർസുലാ, സി. കത്രീനാ, സി. ലൂയീസാ എന്നിവരാണ്. സി. ക്രിസ്തീനാ, സി. ബർണ്ണർദീത്താ എന്നിവരും ഈ രോഗബാധയാൽത്തന്നെ ഏറെത്താമസിയാതെ മരണമടഞ്ഞു. പിന്നെയും പലർക്കും രോഗത്തിന്റെ ലക്ഷണങ്ങൾ കണ്ടു. സ്ഥാപകനെയും

38 തിരുഹൃദയമഠം നാളാഗമം പേജ് 32
39 തിരുഹൃദയമഠം നാളാഗമം പേജ് 37- 39

അംഗങ്ങളെയും ഏറ്റവുമധികം വേദനിപ്പിച്ച സംഭവങ്ങളായിരുന്നു ഇവരിൽ ഓരോരുത്തരുടേയും വേർപാട്. സഹോദരിമ്മാർ എല്ലാവരും തന്നെ അതീവ ദുഃഖിതരും ഭയാധീനരുമായി കാണപ്പെട്ടു. നാട്ടുകാർ ഇതിൽ ഉൽക്കണ്ഠാകുലരായി. അർത്ഥിനികളുടെ വീട്ടുകാർ അവരെ തിരിച്ച് വീട്ടിൽകൊണ്ടുപോകുവാൻ ഒരുമ്പെട്ടു. മഠത്തിൽ ചേരുവാനാഗ്രഹിച്ച യുവതികളെ മരിക്കാൻ ധൃതിയായോ എന്നു ചോദിച്ച് ആളുകൾ തടഞ്ഞു. ആകപ്പാടെ വേദനയിൽ കുതിർന്ന ദിനങ്ങൾ. മത്തായി അച്ചന്റെ ദൈവാശ്രയബോധത്തിനും അവിടുത്തെ പരിപാലനയിലുള്ള അടിയുറച്ച വിശ്വാസത്തിനും മാത്രം യാതൊരു കോട്ടവും വന്നില്ല. അദ്ദേഹം പ്രാർത്ഥനയിൽ അഭയം തേടി വിശ്വാസത്തിൽ അടിയുറച്ചുനിന്നുകൊണ്ട് അംഗങ്ങളെ ആശ്വസിപ്പിച്ചു ധൈര്യപ്പെടുത്തി. ദൈവഹിതത്തിനു പരിപൂർണ്ണമായി വിട്ടുകൊടുക്കുവാൻ അംഗങ്ങളെ അദ്ദേഹം പ്രേരിപ്പിച്ചു. പ്രാർത്ഥനയിൽ കൂടുതൽ വിശ്വാസവും നിഷ്ഠയും പുലർത്തുവാൻ ഉപദേശിച്ചു.

ദൈവത്തിന്റെ പിതൃസ്നേഹവും പരിപാലനയും നിരവധി നിർണ്ണായക നിമിഷങ്ങളിൽ അനുഭവിച്ചറിഞ്ഞ ആ തിരുഹൃദയ പ്രേഷിതൻ ഈ പരീക്ഷണത്തിലും ദൈവതൃക്കരങ്ങളുടെ പ്രവർത്തനം ദർശിച്ചു. സഹോദരികളുടെ തുടരെത്തുടരെയുള്ള മരണംകൊണ്ട് അങ്ങേയ്ക്ക് വളരെയധികം വിഷമം ഉണ്ടായിരിക്കുമല്ലോ എന്ന് ഒരവസരത്തിൽ പറഞ്ഞ ഒരാളോട് അച്ചന്റെ മറുപടി ഇങ്ങനെയായിരുന്നു. പാകമായ മുന്തിരിക്കുലകൾ ഉടമസ്ഥൻ അറുത്തെടുക്കുന്നു. അതിനു നാമെന്തിനു പേടിക്കണം. തന്നെയുമല്ല, അവർ ജീവിച്ചിരുന്നിട്ട് തങ്ങളുടെ ആദ്യ ശുഷ്കാന്തി കൈവെടിഞ്ഞ് മന്ദഭക്തിയോടെ ദൈവത്തെ ഉപദ്രവിക്കുന്നതിനേക്കാൾ നല്ലത് ഇപ്പോൾ മരിക്കുന്നതായിരിക്കും. തന്റെ മക്കളുടെ നന്മയ്ക്കായി ദൈവം എല്ലാം ക്രമീകരിക്കുന്നതാണെന്ന് അച്ചന് ഉറപ്പായ വിശ്വാസമുണ്ടായിരുന്നു. വീണ്ടും ഏതാനും അംഗങ്ങളുടെ മരണത്തിനു കൂടി ഇടയാക്കിയശേഷം ക്ഷയരോഗബാധ ക്രമേണ വിട്ടുമാറി. ഈ രോഗബാധമൂലം മരണമടഞ്ഞവരിൽ കഥാനായകന്റെ സഹോദരപുത്രി സി. ഉർശുലായും സഭയുടെ ആരംഭം മുതൽ എല്ലാക്കാര്യങ്ങളിലും അച്ചന്റെ വലംകൈയ്യായി പ്രവർത്തിച്ച ആദ്യത്തെ മഠാധിപയും 10 വർഷത്തോളം സഭയ്ക്ക് നേതൃത്വം നൽകുകയും ചെയ്തിരുന്ന സി. എവുപ്രാസിയായും ഉൾപ്പെടുന്നു.

## സിൽവർജൂബിലി

ബഹു. മത്തായിഅച്ചന്റെ പൗരോഹിത്യ സ്വീകരണത്തിന്റെ രജതജൂബിലി ഈ കാലഘട്ടത്തിൽ അനാഡംബരമായി ആഘോഷിച്ചു. സഭാംഗങ്ങളും ബന്ധുക്കളും സ്നേഹിതരും ചേർന്ന് അച്ചന് ജൂബിലി മംഗളങ്ങൾ ആശംസിക്കുകയും പ്രത്യേകം പ്രാർത്ഥനകൾ അർപ്പിക്കുകയും ചെയ്തു.

## സൗകര്യപ്രദമായ മഠം കെട്ടിടം

മഠം കെട്ടിടത്തിന്റെ സ്ഥലസൗകര്യക്കുറവും ശുദ്ധവായുവിന്റെ അഭാവവും രോഗബാധയ്ക്ക് കാരണമാകുന്നുവെന്ന് തോന്നിയതിനാൽ വാഴയിൽ പുരയിടത്തിൽ ഒരു രണ്ടുനിലകെട്ടിടം പണിയുവാൻ തീരുമാനമെടുത്ത് ചിട്ടി പിടിച്ചും ധർമ്മപ്പിരിവു നടത്തിയും ലഭിച്ച പണം കൊണ്ട് 1926 ജനുവരി മാസത്തിൽ മഠം പണി ആരംഭിച്ചു. സാമ്പത്തികബുദ്ധിമുട്ടുകൊണ്ട് 1929 സെപ്റ്റംബർ 21-ാം തീയതിയോടുകൂടി മാത്രമാണ് ആ കെട്ടിടത്തിന്റെ പണി പൂർത്തിയാക്കി വെഞ്ചരിക്കുവാൻ സാധിച്ചത്. ആരോഗ്യപ്രദവും സൗകര്യപ്രദവുമായ പുതിയ കെട്ടിടത്തിൽ താമസം തുടങ്ങിയതോടെ സഭയിൽ ധാരാളം അംഗങ്ങളെ സ്വീകരിച്ചുതുടങ്ങി.

## ആകസ്മികമായ സംഭവികാസങ്ങൾ

പരിശുദ്ധ പിതാവിനെ സന്ദർശിക്കുവാൻ റോമിൽ പോയിരുന്ന അഭിവന്ദ്യ മാർ തോമസ് കുര്യാളശ്ശേരി പിതാവ് റോമിൽവച്ച് 1925 ജൂൺ 2-ാം തീയതി സ്വർഗ്ഗപ്രാപ്തനായി. വന്ദ്യപിതാവിന്റെ നിര്യാണത്തെത്തുടർന്ന് മോൺ. ജേക്കബ് കല്ലറയ്ക്കൽ അച്ചൻ രൂപതയുടെ അഡ്മിനിസ്ട്രേറ്ററായി ഭരണമേറ്റു. അദ്ദേഹം 1927 ഡിസംബർ വരെ തന്റെ ദൗത്യം തുടർന്നു. 1927 ഡിസംബർ 21-ാം തീയതി അഭിവന്ദ്യ മാർ ജെയിംസ് കാളാശ്ശേരി പിതാവ് ചങ്ങനാശ്ശേരി രൂപതയുടെ മെത്രാനായി അഭിഷേകം ചെയ്യപ്പെട്ടു.

■

9

# തിരുഹൃദയസഭ വളർച്ചയുടെ പാതയിൽ

## ശാഖാമഠങ്ങളുടെ സ്ഥാപനം

മഠം പണിക്കും അനാഥസംരക്ഷണത്തിനുമായി വിവിധ ഇടവകകളിൽ ധർമ്മപ്പിരിവിനുപോയ സഹോദരികളുടെ ലളിതജീവിതവും വിനയവും സേവനസന്നദ്ധതയുംകണ്ട്  ചില വൈദികർ ഈ സഭയുടെ ശാഖാമഠങ്ങൾ തങ്ങളുടെ ഇടവകകളിൽ ആരംഭിച്ചു കാണുവാൻ ആഗ്രഹം പ്രകടിപ്പിച്ചുകൊണ്ട്  മത്തായിഅച്ചന് എഴുതി. മൂശാരിപറമ്പിൽ ബഹു. തോമ്മാച്ചൻ കുറവിലങ്ങാട്ടും പൊറ്റേടത്തിൽ ബഹു. ജോണച്ചൻ പുന്നത്തുറയും മഠം സ്ഥാപിക്കുവാൻ താല്പര്യം പ്രദർശിപ്പിച്ചു. അച്ചൻ അതനുസരിച്ച് സ്ഥലം പരിശോധിക്കാനായി സിസ്റ്റേഴ്സിനെ അയച്ചു. കുറവിലങ്ങാട് പറഞ്ഞ സ്ഥലത്തിനടുത്ത് കർമ്മലീത്താമഠം ഉണ്ട് എന്നു മനസ്സിലായതിനാൽ ആ സ്ഥലത്ത് മഠം തുടങ്ങേണ്ടതില്ലായെന്ന് തീരുമാനിച്ചു.

## പുന്നത്തുറ മഠം

പുന്നത്തുറപ്പള്ളി വികാരിയും മത്തായി അച്ചന്റെ സ്നേഹിതനുമായിരുന്ന പൊറ്റേടത്തിൽ ബ. ജോണച്ചൻ പുന്നത്തുറ ഇടവക

യിൽ സമുദായോദ്ധാരണപരമായ പല പ്രവർത്തനങ്ങളും നടത്തിക്കൊണ്ടിരുന്ന കാലഘട്ടമായിരുന്നു അത്. വിവിധ സാമൂഹ്യ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് ജനങ്ങളുടെയിടയിൽ സേവനം ചെയ്യുവാൻ സന്നദ്ധരായ ഈ സഹോദരിമാരുടെ ഒരു മഠം പുന്നത്തുറ സ്ഥാപിക്കുവാനുള്ള തന്റെ ആഗ്രഹം അവിടെചെന്ന സഹോദരിമാരെ അച്ചൻ അറിയിച്ചു. അവരിൽനിന്നും വിവരം ഗ്രഹിച്ചു എങ്കിലും മത്തായിഅച്ചൻ തന്റെ സ്വതസിദ്ധമായ വിനയാതിരേകംമൂലമോ എന്തുകൊണ്ടോ, ശാഖാമഠം തുടങ്ങുന്നതിൽ വലിയ താല്പര്യമൊന്നും പ്രകടിപ്പിച്ചില്ല. പൊറ്റേടത്തിൽ ബഹു. ജോണച്ചൻതന്നെ 1926 ൽ ഒരു ദിവസം പാലായിലെത്തി മത്തായി അച്ചനെ പറഞ്ഞു സമ്മതിപ്പിക്കുകയും മഠം സ്ഥാപനത്തിന്റെ കാര്യം തീരുമാനിക്കുകയുംചെയ്തു[40]

താമസിയാതെ അന്ന് ചങ്ങനാശ്ശേരി രൂപതയുടെ അഡ്മിനിസ്ട്രേറ്റർ ആയിരുന്ന റൈറ്റ് റവ. മോൺ. ജേക്കബ് കല്ലറയ്ക്കൽ പിതാവിൽനിന്നും മഠം സ്ഥാപനത്തിനുള്ള അനുവാദം വാങ്ങിക്കൊണ്ട് 1926 ഓഗസ്റ്റ് മാസത്തിൽ മഠംപണി ആരംഭിച്ചു. ഡിസംബർ മാസത്തോടുകൂടി സൗകര്യപ്രദമായ ഒരു കെട്ടിടം ബഹു. ജോണച്ചൻ പണികഴിപ്പിച്ചു. പുതിയ മഠം പണി ആരംഭിച്ചത് 8 രൂപ കൊണ്ടാണെന്നും അഞ്ചുമാസംകൊണ്ട് ഇത്രയും പൂർത്തിയാക്കുവാൻ സാധിച്ചത് പ്രത്യേക ദൈവാനുഗ്രഹമായി താൻ പരിഗണിക്കുന്നുവെന്നും അദ്ദേഹം പലപ്പോഴും പറഞ്ഞിരുന്നു.

1926 ഡിസംബർ 19-ാം തീയതി കല്പനപ്രകാരം പാലാ മഠത്തിൽ നിന്നും നാലു കന്യാസ്ത്രീകളെ ബഹു. മത്തായി അച്ചൻ തെരഞ്ഞെടുത്ത് പുതിയ ശാഖാമഠത്തിലേക്ക് അയച്ചു. സി. ഫിലോമിന (മനയാനിക്കൽ) ആയിരുന്നു ശ്രേഷ്ഠയായി നിയമിക്കപ്പെട്ടത്. സുദീർഘമായ 15 വർഷക്കാലം ബഹു. അച്ചന്റെ നേതൃത്വത്തിൽ കഴിഞ്ഞുകൂടിയിരുന്ന ഈ സഹോദരികളുടെ വേർപാട് ഇരുകൂട്ടർക്കും വ്യസനഹേതുവായിരുന്നുവെന്ന് പറയേണ്ടതില്ലല്ലോ.

വി. കൊച്ചുത്രേസ്യായുടെ നാമത്തിൽ പണിയപ്പെട്ട പുന്നത്തുറ മഠം 1926 ഡിസംബർ 21 -ന് ഉൽഘാടനം ചെയ്യപ്പെട്ടു. ബ. പൊറ്റേടത്തിലച്ചന്റെ ഗ്രാമോദ്ധാരണപരിശ്രമങ്ങളിലും ആദ്ധ്യാത്മിക പദ്ധതികളിലും ഈ സഹോദരിമാർ ആത്മാർത്ഥമായി സഹകരിച്ചു

40 തിരുഹൃദയമഠം നാളാഗമം പേജ് 40

പ്രവർത്തിച്ചുവന്നു. അധഃകൃതരുടെ വിദ്യാഭ്യാസത്തിനായി അവിടെ അദ്ദേഹം ആരംഭിച്ചിരുന്ന പാർട്ട്ടൈം സ്കൂളിൽ സിസ്റ്റേഴ്സ് പഠിപ്പിക്കുകയും ഇടവകയിലെ മതബോധനനരംഗത്ത് സജീവമായി പ്രവർത്തിക്കുകയും ചെയ്തു.

## അനാഥമന്ദിരം

സഭയുടെ പ്രധാന പ്രേഷിതപ്രവർത്തനമായ അനാഥസംരക്ഷണത്തിനും ആദ്യംമുതൽതന്നെ സഹോദരികൾ ശ്രദ്ധപതിച്ചിരുന്നു. ബഹു. ജോണച്ചന്റെ പരിശ്രമത്താൽ ഹിന്ദുക്കളിൽനിന്നും മതപരിവർത്തനം നടത്തിയ അനാഥരും ഇവിടെ സ്വീകരിക്കപ്പെട്ടുപോന്നു. ഇവരുടെ എണ്ണം വർദ്ധിച്ചപ്പോൾ അവർക്കായി ഒരു മന്ദിരം അദ്ദേഹത്തിന്റെ നേതൃത്വത്തിൽ പണികഴിപ്പിച്ചു. നെയ്ത്ത്, തയ്യൽ, റൊട്ടി നിർമ്മാണം തുടങ്ങിയ തൊഴിലുകളും സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ ബഹു. ജോണച്ചൻ ആരംഭിച്ചു നടത്തുകയുണ്ടായി. അംഗങ്ങളുടെ ആദ്ധ്യാത്മികാഭിവൃദ്ധിയിലും ബഹു. ജോണച്ചൻ പ്രത്യേകം ശ്രദ്ധപതിപ്പിച്ചിരുന്നു. തന്റെ മരണപത്രികവഴിയായുംമറ്റും മഠത്തിനും അനാഥാലയത്തിനും ഗണ്യമായ സാമ്പത്തിക സഹായം അദ്ദേഹം നല്കുകയുണ്ടായി. സ്ഥാപനത്തിന്റെ സർവ്വതോന്മുഖമായ വളർച്ചയെ സഹായിക്കുന്ന എല്ലാ പദ്ധതികളും അദ്ദേഹം ആസൂത്രണം ചെയ്തിരുന്നു. പുതിയ മഠത്തിൽ ചേരുവാനായി വിവിധ സ്ഥലങ്ങളിൽനിന്നും അർത്ഥിനികളായി പല യുവതികളും വന്നുചേർന്നു. അങ്ങനെ പുന്നത്തുറ മഠം നാൾക്കുനാൾ അഭിവൃദ്ധി പ്രാപിച്ചുവന്നു. ഇപ്പോഴത്തെ ചങ്ങനാശ്ശേരി രൂപതയിലെ ആദ്യത്തെ തിരുഹൃദയമഠം പുന്നത്തുറമഠമാണ്.

## രാമപുരം മഠം[41]

രാമപുരം ഇടവകക്കാരിയായ വെട്ടിക്കുഴിച്ചാലിൽ അന്ന എന്ന വിധവ പാലായിലെ അനാഥശാലയിൽ കുറേനാൾ താമസിച്ചു. അവിടെ ബഹു. സിസ്റ്റേഴ്സ് അനാഥരായ കുട്ടികളേയും അഗതികളായ വൃദ്ധകളേയും സ്നേഹപൂർവ്വം ശുശ്രൂഷിക്കുന്നതുകണ്ട് അവരുടെ സേവനത്തിൽ സംതൃപ്തയായി അവർ രാമപുരത്തുവന്ന് നാട്ടിലെ പ്രമാണികളും പൊതുക്കാര്യ പ്രസക്തരുമായ പലരോടും ഈ സിസ്റ്റേഴ്സിന്റെ സേവനങ്ങളെപ്പറ്റി പ്രശംസയോടെ പറയുകയും ഈ മഠത്തിന്റെ ഒരു ശാഖ രാമപുരത്തു സ്ഥാപിക്കുവാൻ അവർ

41 തിരുഹൃദയമഠം നാളാഗമം പേജ് 40– 47

താല്പര്യം പ്രകടിപ്പിക്കുകയും ചെയ്തു. അങ്ങനെ നാട്ടുകാർ താല്പര്യപൂർവ്വം സംഘടിച്ച് അഭിവന്ദ്യപിതാവിന് അപേക്ഷ സമർപ്പിച്ച് അനുവാദം വാങ്ങി. മേൽപറഞ്ഞ വിധവയും നാട്ടുകാരും കൂടി മഠത്തിനായി ഒരു കെട്ടിടം പണിതീർത്തു.

1929 ഒക്ടോബർ 1-ാം തീയതി വന്ദ്യപിതാവിന്റെ കല്പന പ്രകാരം പാലായിൽനിന്നും നാലു സിസ്റ്റേഴ്സിനെ രാമപുരം മഠത്തിലേക്കയച്ചു. പുതിയ മഠത്തിന്റെ ശ്രേഷ്ഠ സി. മർഗ്ഗരീത്ത (ഒഴാക്കൽ) ആയിരുന്നു. ഇവർ പുതിയ സ്ഥലത്തേയ്ക്ക് പുറപ്പെട്ട സമയം ബഹു. മത്തായി അച്ചൻ ഒരു തിരുഹൃദയരൂപം മാത്രം മൂലധനമായി കൊടുത്തുകൊണ്ട് അവരെ ആശീർവ്വദിച്ച് യാത്രയാക്കി.[42] അവിടെ മഠം ആരംഭിച്ച് അധികം താമസിയാതെ ആ ഇടവകയിൽനിന്നും മറ്റു സ്ഥലങ്ങളിൽ നിന്നുമായി പല യുവതികളും മഠാംഗങ്ങളായി ചേരുകയുണ്ടായി, തന്നിമിത്തം ഉടനെതന്നെ കെട്ടിടത്തിന്റെ വിസ്തൃതി വർദ്ധിപ്പിക്കേണ്ടതായിവന്നു. ബഹു. സിസ്റ്റേഴ്സിന്റെ പരിശ്രമവും ഉദാരമതികളുടെ സഹകരണവുംകൊണ്ട് കെട്ടിടം വിസ്തീർണ്ണപ്പെടുത്തിയും കാഴ്ചമുറി, കപ്പേള മുതലായവ പ്രത്യേകം പണികഴിപ്പിച്ചും വേണ്ട സൗകര്യങ്ങൾ വരുത്തി. 1930 ഒക്ടോബർ 1 ന് കെട്ടിടം വെഞ്ചരിച്ച് കപ്പേളയിൽ ദിവ്യബലി അർപ്പിച്ചു.

## അനാഥമന്ദിരം

മഠം ആരംഭിച്ച കാലംമുതൽ തന്നെ പരിമിതമായ ചുറ്റുപാടുകളിലും സഹോദരിമാർ അർഹരായ അനാഥരെ കൂടി സ്വീകരിച്ച് സംരക്ഷിച്ചുപോന്നു. ഇവരുടെ അംഗസംഖ്യ വർദ്ധിച്ചതോടെ 1935 ൽ അവർക്കായി ഒരു ചെറിയ കെട്ടിടം പണി കഴിപ്പിച്ചു. അതിനുശേഷം 1945 ൽ അതു കുറേക്കൂടി വലുതാക്കി പണിതു. ഇപ്പോൾ കുട്ടികളും വയോവൃദ്ധരുമായ ഏകദേശം 100 ഓളം പേർ ഇവിടെ സംരക്ഷിക്കപ്പെട്ടു വരുന്നു.

## തിരുഹൃദയസഭ അതിന്റെ തനിമയിൽ

കദളിക്കാട്ടിലച്ചൻ നട്ടുവളർത്തിയ സന്യാസ സഭയാകുന്ന സുരഭിലതരു വളർന്നു വികസിച്ചു. പുതിയ സഭയുടെ ശാഖാമഠങ്ങളും അതോടനുബന്ധിച്ച് അനാഥമന്ദിരങ്ങളും പുന്നത്തുറ, രാമപുരം

42 തിരുഹൃദയമഠം നാളാഗമം പേജ് 47

എന്നീ ഇടവകകളിൽ സ്ഥാപിതമായി. അതോടുകൂടി ഈ സഭയിൽ അംഗങ്ങളായി ചേരുവാൻ ആഗ്രഹിച്ച യുവതികൾ ഈ മൂന്നു മഠങ്ങളിലും വന്നുചേർന്നുകൊണ്ടിരുന്നു. മൂന്നു സ്ഥലത്തുമുള്ള അനാഥമന്ദിരങ്ങളിലും അംഗസംഖ്യ വർദ്ധിച്ചു. ഇങ്ങനെ സഭ ഒന്നിനൊന്നിന് പുരോഗതി പ്രാപിച്ചുവരുന്നതുകൊണ്ട് ബഹു. അച്ചൻ ദൈവത്തിന് നന്ദിപറഞ്ഞു. അനേകം പ്രതിസന്ധികളേയും പ്രതികൂല സാഹചര്യങ്ങളേയും ദൈവത്തിലാശ്രയിച്ചുകൊണ്ട് അദ്ദേഹം പിന്നിട്ടിട്ടുണ്ട്. നിരവധി കൊടുങ്കാറ്റുകളെ അതിജീവിച്ചുകൊണ്ട് നൂതന സന്യാസസഭ തനതായ രൂപഭാവങ്ങൾ കൈകൊണ്ടു കഴിഞ്ഞു. ദൈവം തന്റെ എളിയ പരിശ്രമങ്ങളെ വിജയത്തിലെത്തിച്ചു. ഈശോയുടെ തിരുഹൃദയത്തിന്റെ കരുണാപൂർണ്ണമായ സ്നേഹത്തിൽ അദ്ദേഹം കൂടുതൽ കൂടുതൽ വിശ്വാസവും പ്രത്യാശയുമർപ്പിച്ചു. എങ്കിലും പൂർത്തിയാകാത്ത ഒരാഗ്രഹംകൂടി അദ്ദേഹത്തിന് അവശേഷിച്ചിരുന്നു. താൻ തുടങ്ങിയ സഭയ്ക്ക് തിരുഹൃദയ സഭ എന്ന പേരും അംഗീകാരവും ലഭിക്കുക. ഇതിനായി ആരംഭം മുതൽ അദ്ദേഹം പരിശ്രമിച്ചു, പ്രാർത്ഥിച്ചു, പലതവണ അധികാരസ്ഥാനങ്ങളിൽ അപേക്ഷകൾ സമർപ്പിച്ചു. എന്നാൽ ഇതുവരെ അത് സാധിച്ചിരുന്നില്ല.

## പുതിയ സമൂഹത്തെ ക്ലാരസഭയിൽനിന്നും വേർതിരിക്കുന്നു.[43]

അഭിവന്ദ്യ മാർ ജെയിംസ് കാളാശ്ശേരിപിതാവിന്റെ കല്പനയനുസരിച്ച് 1930 ജൂലൈ 19-ാം തീയതി ചങ്ങനാശ്ശേരി ക്ലാരമഠത്തിൽ വച്ചു നടക്കുന്ന പൊതുസംഘത്തിൽ സംബന്ധിക്കുന്നതിനായി പാലാ, പുന്നത്തുറ, രാമപുരം എന്നീ മഠങ്ങളിൽനിന്നും രണ്ടു സഹോദരിമാർവീതം പോയി. അവിടെവച്ച് പ്രതിനിധികളുടെ ആഗ്രഹം ആരാഞ്ഞശേഷം പുതിയ സമൂഹത്തെ ക്ലാരസഭയിൽ നിന്നും വേർതിരിച്ചിരിക്കുന്നതായി അഭിവന്ദ്യപിതാവ് പ്രഖ്യാപിച്ചു. അങ്ങനെ കാലാനുസൃതമായ ഒരു പുതിയ സഭ സ്ഥാപിക്കണമെന്നുള്ള ബഹു. മത്തായി അച്ചന്റെ ആഗ്രഹം ഭാഗികമായി നിറവേറി.

## ചിരകാലാഭിലാഷം പൂവണിയുന്നു

മുൻകൂട്ടി അറിയിച്ചതനുസരിച്ച് 1931 ജൂൺ 24-ാം തീയതി ചങ്ങനാശ്ശേരി രൂപതയുടെ അഭിവന്ദ്യ കാളാശ്ശേരിൽ മാർ ജെയിംസ്

43 നാളാഗമം പേജ് 48

മെത്രാൻ തിരുമേനി രാമപുരം മഠം സന്ദർശിച്ച അവസരത്തിൽ അംഗങ്ങൾ ആവശ്യപ്പെടാതെ തന്നെ സഭയുടെ നിയമസംഹിതയിൽ തിരുഹൃദയസഭ എന്ന് എഴുതിച്ചേർക്കാനും സഭാവസ്ത്രത്തിൽ ചരടിനു പകരം തിരുഹൃദയസഭയുടെ ബെൽറ്റ് ഉപയോഗിക്കാനും അനുവദിച്ചു. അങ്ങനെ ബ. മത്തായിയച്ചന്റെ ചിരകാലാഭിലാഷമായിരുന്ന തിരുഹൃദയസഭ രൂപംകൊണ്ടു. 1935 ൽ പരിശുദ്ധപിതാവ് 11-ാം പീയൂസ് മാർപാപ്പ തിരുഹൃദയസഭയ്ക്ക് കാനോനികാംഗീകാരം നൽകി. ബഹു. മത്തായിയച്ചന്റെ മരണദിവസം അതേമണിക്കൂറിൽ ത്തന്നെ ഈ അംഗീകാരം ലഭിച്ചു എന്നത് ഏറെ ശ്രദ്ധേയമാണ്.

## തിരുഹൃദയസന്യാസിനീ സമൂഹം ഇന്ന്

1938 ൽ അന്നത്തെ എറണാകുളം രൂപതയിൽപ്പെട്ട മൈലക്കൊമ്പിലും 1947 ൽ ചങ്ങനാശ്ശേരി രൂപതയിലെ വെളിയനാട്ടും 1955-ൽ തലശ്ശേരി രൂപതയിലെ മരിയാപുരത്തും ശാഖാഭവനങ്ങൾ സ്ഥാപിക്കപ്പെടുകയുണ്ടായി. പാലാ-ചങ്ങനാശ്ശേരി, കോതമംഗലം എന്നീ രൂപതകളിൽ അതതു രൂപതാദ്ധ്യക്ഷൻമാരുടെ പൈതൃക പരിലാളനയിൽ മൂന്നു സ്വതന്ത്രഘടകങ്ങളായിട്ടാണ് സഭ വളർന്നു വന്നത്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ആഹ്വാനം അനുസരിച്ച് സഭ ഒരേ ഭരണത്തിൻ കീഴിലാക്കാൻ സഭാംഗങ്ങൾ ആഗ്രഹിക്കുകയും അതിനുവേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തു. തൽഫലമായി 1974 ഓഗസ്റ്റ് 15-ാം തീയതി മൂന്നു സ്വതന്ത്രഘടകങ്ങളെ ഏകീകരിച്ചുകൊണ്ട് റോമിൽനിന്ന് പ്രഖ്യാപനം ഉണ്ടായി. 1976 മാർച്ച് 11-ാം തീയതി Prot No. 25/74 കല്പന അനുസരിച്ച് തിരുഹൃദയസന്യാസിനീ സമൂഹം പൊന്തിഫിക്കൽ പദവിയിലേക്ക് ഉയർത്തപ്പെട്ടു. ഇന്ന് സഭയ്ക്ക് 11 പ്രോവിൻസുകളിലും ഒരു റീജിയണിലുമായി ഏതാണ്ട് 450 ഭവനങ്ങളും 4000 ത്തോളം സമർപ്പിതരും നൂറിൽപരം സന്യാസാർത്ഥിനികളും ഉണ്ട്. കേരളത്തിലും ഇന്ത്യയിലെ ഒട്ടേറെ രൂപതകളിലും വിദേശത്ത് ജർമ്മനി, ഇറ്റലി, അമേരിക്ക, ആഫ്രിക്ക തുടങ്ങിയ രാജ്യങ്ങളിലും തിരുഹൃദയമക്കൾ തിരുഹൃദയനാഥനുവേണ്ടി അദ്ധ്വാനിച്ചുവരുന്നു.

സഭയുടെ ലക്ഷ്യവും ചൈതന്യവും തനിമയും നിലനിറുത്തുന്നതിന് ദൈവത്തിന്റെ കരുണയിലേക്ക് എല്ലാവരെയും ആനയിക്കുന്നതിനും അങ്ങനെ ദൈവകരുണയുടെ തുടർസാന്നിദ്ധ്യമായി നിലകൊള്ളുന്നതിനും വേണ്ടി തിരുഹൃദയസന്യാസിനിസമൂഹം ലോകത്തിന്റെ നാനഭാഗങ്ങളിൽ സ്നേഹപൂർവ്വം ശുശ്രൂഷകളിൽ ഏർപ്പെ

ട്ടിരിക്കുന്നു. ഏകാന്തപ്രാർത്ഥനയ്ക്ക് വേണ്ടിയുള്ള ഭവനങ്ങളിൽ ഏതാനും സഹോദരിമാർ പ്രാർത്ഥനാനിരതരായി തുടരുന്നു. അതോടൊപ്പം വൃദ്ധമന്ദിരങ്ങൾ, ബാലികാഭവനങ്ങൾ, ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്കായുള്ള പരിശീലനകേന്ദ്രങ്ങൾ, അവർക്കായുള്ള ഭവനങ്ങൾ, ആകാശപറവകൾക്കും ഏകസ്ഥർക്കുംവേണ്ടിയുള്ള ഭവനങ്ങൾ, ആശുപത്രികൾ, മാനസികരോഗികൾക്കായുള്ള പ്രത്യേക ആശുപത്രികളും, പുനരധിവാസകേന്ദ്രങ്ങളും, പാലിയേറ്റിവ് കെയർ സെന്ററുകൾ, ഹോസ്റ്റലുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ദളിത് ക്രൈസ്തവർക്കുവേണ്ടിയുള്ള വൈവിദ്ധ്യമാർന്ന സമുദ്ധാരണ സംരംഭങ്ങൾ, മിഷനറി പ്രവർത്തനങ്ങൾ സോഷ്യൽ വർക്ക് കേന്ദ്രങ്ങൾ, സാമൂഹ്യക്ഷമേ പ്രവർത്തനങ്ങൾ തുടങ്ങിയ മേഖലകളിൽ സ്ഥാപകപിതാവിന്റെ ലക്ഷ്യവും ചൈതന്യവും ലോകത്തിലെങ്ങും പ്രകാശിപ്പിക്കുന്നതിൽ തിരുഹൃദയമക്കൾ വ്യാപൃതരാണ്. ആരോഗ്യപരിപാലനത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ, ഗ്രാമങ്ങളിലെ പാവപ്പെട്ട സ്ത്രീകൾക്കുവേണ്ടിയുള്ള ശാക്തീകരണപ്രവർത്തനങ്ങൾ ഇവയെല്ലാംവഴി സഭയുടെ യഥാർത്ഥമുഖം ജനങ്ങൾക്കിടയിൽ എത്തിക്കാൻ, ഈശോയുടെ കരുണാർദ്രസ്നേഹം പങ്കുവയ്ക്കാൻ S.H മക്കൾ പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. അതുകൂടാതെ ജയിൽ വാസികൾ, തെരുവിന്റെ മക്കൾ, ഗവ.ഹോസ്പിറ്റലുകളിലെ അനാഥരായ രോഗികൾ, മദ്യപാനികൾ, സ്വഭാവ വൈകല്യമുള്ള കുട്ടികൾ എന്നിവരുടെയിടയിലും ദൈവകരുണയുടെ സംവാഹകരായി സിസ്റ്റേഴ്സ് ശുശ്രൂഷ ചെയ്തുവരുന്നു.

107 വർഷങ്ങൾക്കുമുൻപ് വിനീതനും ശാന്തനും സുകൃതസമ്പന്നനുമായ ഒരു ഇടവക വൈദികൻ എളിയ രീതിയിൽ ആരംഭിച്ച തിരുഹൃദയസന്യാസിനീ സമൂഹത്തിന്റെ അത്ഭുതകരമായ വളർച്ച തന്നെ സ്ഥാപകപിതാവിന്റെ ദൈവസന്നിധിയിലുള്ള മാദ്ധ്യസ്ഥ്യശക്തിയുടെ പ്രത്യക്ഷ അടയാളമാണ് എന്നുള്ളതിൽ സംശയമൊന്നുമില്ല.

■

# 10

# ബഹു. മത്തായി അച്ചന്റെ ഇതര പ്രവർത്തനങ്ങൾ

തിരുഹൃദയസന്യാസിനീസഭയുടെ സ്ഥാപകൻ എന്നത് കദളിക്കാട്ടിൽ ബഹു.മത്തായി അച്ചന്റെ ശോഭയാർന്ന വ്യക്തിത്വത്തിന്റെ ഒരു വശം മാത്രമാണ്. അദ്ദേഹത്തിന്റെ വിവിധ തരത്തിലുള്ള പ്രവർത്തനങ്ങളാണ് താഴെ വിവരിക്കുന്നത്. തന്റെ അജപാലന ശുശ്രൂഷകളോടൊപ്പം വിവിധ സാമൂഹ്യക്ഷേമപ്രവർത്തനങ്ങളും സമൂഹനിർമ്മിതിക്കായുള്ള പ്രവർത്തനങ്ങളും അദ്ദേഹം നടത്തിക്കൊണ്ടിരുന്നു. ഇവയിൽ അധികവും പാവപ്പെട്ടവരുടെ ഇടയിലും പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ഇടയിലുമായിരുന്നു. സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ഇടയിലെ പ്രവർത്തനങ്ങൾക്ക് അദ്ദേഹം മുൻഗണന നൽകിയിരുന്നു. വിദ്യാഭ്യാസ പ്രവർത്തനങ്ങളിലൂടെ അനേകായിരം പെൺകുട്ടികളെ അറിവിന്റെ മേഖലയിലേയ്ക്കാനയിച്ച് കുടുംബത്തിന്റെയും സമൂഹത്തിന്റെയും നന്മയ്ക്കുവേണ്ടി അദ്ധ്വാനിച്ചു. സുവിശേഷത്തിന്റെ ആനന്ദത്തിൽ പരി.പിതാവ് ഫ്രാൻസീസ് പാപ്പ ഉദ്ബോധിപ്പിക്കുന്നു യഥാർത്ഥ വിശ്വാസം ഒരിക്കലും സുഖദായകമോ തികച്ചും വ്യക്തിപരമോ അല്ല അത് എപ്പോഴും ലോകത്തെ പരിവർത്തനം ചെയ്യിക്കാനും മൂല്യങ്ങൾ കൈമാറാനും ലോകത്തെ നാം കണ്ട അവസ്ഥയെക്കാൾ നല്ല അവ

സ്ഥയിൽ എത്തിക്കാനുമുള്ള അഗാധമായ ആഗ്രഹം ഉള്ളതാണ് . ധന്യൻ മത്തായി അച്ചനിൽ ഈ ഉദ്ബോധനം അന്വർഥമായിരിക്കുന്നതായി കാണാം.

## 1. ആർദ്രസ്നേഹം അനാഥരിൽ (അനാഥസംരക്ഷണം)

അനാഥരെയും സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവരെയും പ്രായമായവരെയും സംരക്ഷിക്കുവാനുള്ള ഒരു സാമൂഹിക - ആത്മീയ സംവിധാനമാണ് ബഹു. മത്തായി അച്ചൻ വിഭാവനം ചെയ്തത്. അച്ചന്റെ വാക്കുകൾ ഇതു വ്യക്തമാക്കുന്നുണ്ട്. അനാഥശാലയും അനാഥരും നമ്മുടെ സഭയുടെ വിശിഷ്ട പുണ്യപ്രവർത്തികളാണെന്ന് പ്രത്യേകം ഓർമ്മിക്കണം. അവർക്കു വേണ്ടി ചെയ്യുന്ന ഓരോ നിസ്സാരവേലയും ഈശോയ്ക്കാണ് ചെയ്യുന്നതെന്ന് വിചാരിച്ചുകൊണ്ട് എല്ലാ ബുദ്ധിമുട്ടുകളും ക്ഷമയോടെ സഹിക്കണം. ഈശോയുടെ തിരുഹൃദയത്തിലൂടെ വെളിപ്പെടുത്തപ്പെടുന്നതും താൻ അനുഭവിച്ചറിഞ്ഞതുമായ ദൈവത്തിന്റെ അനുകമ്പാർദ്രസ്നേഹം ഇടപെടുന്നവർക്ക് പ്രത്യേകിച്ച് പാവപ്പെട്ടവർക്ക് അനുഭവവേദ്യമാക്കിക്കൊടുക്കുവാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. പാവപ്പെട്ടവരോട് ഒരു പ്രത്യേകവാത്സല്യം ബഹു. മത്തായി അച്ചന് ഉണ്ടായിരുന്നു. അശരണരും അഗതികളുമായ വൃദ്ധജനങ്ങൾ അനാഥരായ കുട്ടികൾ ദരിദ്രരായ രോഗികൾ ആലംബഹീനർ ആദിയായവരുടെ കഷ്ടതകൾ കാണുകയും കേൾക്കുകയും ചെയ്യുമ്പോൾ അച്ചന്റെ കണ്ണുകൾ അശ്രുപൂർണ്ണങ്ങളാവുക തന്നെ ചെയ്യുമായിരുന്നു.

കദളിക്കാട്ടിൽ ബഹു. മത്തായി അച്ചന്റെ ദീനദയാലുത്വത്തിന്റെ അനശ്വരസ്മാരകം എന്നപോലെ പരിലസിക്കുന്നതാണ് തിരുഹൃദയമഠങ്ങളോടനുബന്ധിച്ചുള്ള അനാഥമന്ദിരങ്ങൾ. തിരുഹൃദയസന്യാസിനികൾക്ക് സ്ഥിരമായ ഒരു ഭവനമോ സഭാവസ്ത്രം പോലുമോ ലഭിക്കാതിരുന്ന അവസരങ്ങളിൽപോലും സമൂഹത്തിന്റെ പ്രധാന പ്രവർത്തനമായി അനാഥസംരക്ഷണം ഏറ്റെടുത്തിരുന്നു. സ്ഥിരവസതിയായ വാഴയിൽ പുരയിടത്തിലെ പുതിയ കെട്ടിടത്തിലേക്ക് ആദ്യ അംഗങ്ങളുടെ താമസം മാറ്റിയതോടെ അനാഥരുടെ എണ്ണം വർദ്ധിച്ചുവന്നു. അന്ന് ഇതുപോലുള്ള പ്രസ്ഥാനങ്ങൾ നമ്മുടെ നാട്ടിലെ ജനങ്ങൾക്ക് അജ്ഞാതമായിരുന്നു. അതിനാൽ ഇതിന്റെ സ്ഥാപനത്തിൽ ബഹു. മത്തായി അച്ചനും ആദ്യഅംഗങ്ങളും അനേകം ക്ലേശങ്ങളും ബുദ്ധിമുട്ടുകളും സഹിക്കേണ്ടിവന്നിട്ടുള്ളതിന്റെ ഉദാഹരണങ്ങൾ മുമ്പ് വിവരിച്ചിട്ടുള്ളത് ഇതോടുചേർത്ത് വായിക്കാവുന്നതാണ്.

ആദ്യകാലാംഗങ്ങൾ പല സ്ഥലങ്ങളിലും അഭിവന്ദ്യപിതാവിന്റെ അനുമതിയോടെ പണപ്പിരിവു നടത്തുവാൻ അച്ചൻ നിർദ്ദേശിക്കുകയും ഇതിൽനിന്നു കിട്ടിയ തുകകൊണ്ട് 1914 ഏപ്രിൽമാസത്തോടുകൂടി അനാഥമന്ദിരം പണി തീർക്കുകയും ചെയ്തു. അതോടെ കൂടുതൽ അംഗങ്ങളെ സ്വീകരിച്ചു സംരക്ഷിക്കുവാൻ തുടങ്ങി. അനാഥരെ സന്തോഷിപ്പിക്കുന്നതിൽ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഒരിക്കൽ, അന്ധരും കൈ സ്വാധീനമില്ലാതിരുന്നവരുമായ ചിലർ അച്ചനെ സമീപിച്ച് തങ്ങൾക്ക് ജോലിചെയ്യാൻ സാധിക്കാത്തതിലുള്ള സങ്കടം അറിയിച്ചു. അപ്പോൾ ഞാൻ നിങ്ങളെ ജോലിക്കല്ല ഇവിടെ എടുത്തത്. കപ്പേളയിൽ ഇരുന്ന് കൊന്ത എത്തിക്കാനാണ് എന്നാണ് അച്ചൻ പറഞ്ഞത്. ഇതുകേട്ടപ്പോൾ അവർക്കു വളരെ സന്തോഷമായി. ഇതുപോലെ പലപ്പോഴും അച്ചൻ അവരോട് അനുകമ്പ പ്രകടിപ്പിക്കുമായിരുന്നു. സിസ്റ്റേഴ്സും അനാഥരും ഒരേ ഭക്ഷണം കഴിക്കണമെന്ന് അദ്ദേഹം പറഞ്ഞിരുന്നു. അനാഥശാലയും അനാഥരും നമ്മുടെ സഭയുടെ വിശേഷപുണ്യപ്രവൃത്തികളാണ് എന്ന് അച്ചൻ പ്രത്യേകം ഓർമ്മിപ്പിച്ചിരുന്നു.

കുറേ കാലങ്ങൾക്കുശേഷം ആ കെട്ടിടം കുറെക്കൂടി സൗകര്യപ്രദമാക്കി പണിയണമെന്ന് ബഹു. മത്തായി അച്ചന് ആഗ്രഹമുണ്ടായിരുന്നെങ്കിലും അദ്ദേഹത്തിനതു സാധിച്ചില്ല. അച്ചന്റെ ആഗ്രഹാനുസരണം സഹോദരപുത്രൻ ശ്രീ. ചെറിയാൻ കദളിക്കാട്ടിൽ സാമാന്യം വലതും മനോഹരവുമായ സെന്റ് റോക്കീസ് മന്ദിരം പണികഴിപ്പിച്ച് മഠത്തിനു ദാനം ചെയ്തു.

പുന്നത്തുറ മഠത്തിന്റെയും രാമപുരം മഠത്തിന്റെയും സ്ഥാപനകാലം മുതൽ അനാഥരെ സംരക്ഷിച്ചിരുന്നു. പുന്നത്തുറയിൽ പൊറ്റേടത്തിൽ ബഹു. ജോണച്ചന്റെ നിതാന്തപരിശ്രമത്തിന്റെ ഫലമായി അനാഥർക്കുവേണ്ടി ഒരു മന്ദിരം പണിതീർത്തു. അതോടെ അംഗങ്ങളുടെ എണ്ണവും വർദ്ധിച്ചു. അംഗങ്ങളുടെ ആദ്ധ്യാത്മികകാഭിവൃദ്ധിയിലും പുണ്യചരിതനായ ജോണച്ചൻ സവിശേഷ ശ്രദ്ധ പതിച്ചിരുന്നു. രാമപുരത്ത് സിസ്റ്റേഴ്സിന്റെ പരിശ്രമഫലമായി 1935 ൽ അനാഥർക്കായി ഒരു ചെറിയ കെട്ടിടവും, അവരുടെ എണ്ണം വർദ്ധിച്ചപ്പോൾ 1945 ൽ സാമാന്യം വലിയ ഒരു അനാഥമന്ദിരവും പണിതീർക്കുകയുണ്ടായി.

ഇന്ന് നാനാജാതിമതസ്ഥരായ ആളുകൾ അനാഥമന്ദിരങ്ങൾ ധാരാളമായി നടത്തിവരുന്നുണ്ട്. ഏതാണ്ട് നൂറു വർഷക്കാലംമുമ്പ് ഇങ്ങനെ ഒരു സ്ഥാപനം വിഭാവനം ചെയ്ത്, അതിനായി കഠിനാദ്ധ്വാനം ചെയ്ത് അതു പ്രായോഗികമാക്കിയ ബ.മത്തായിയച്ചനെ

എത്ര പുകഴ്ത്തിയാലും അധികമാവില്ല. തിരുഹൃദയസന്യാസിനീ സമൂഹത്തിന്റെ എല്ലാ പ്രോവിൻസുകളിലും നിരാലംബരായ പാവപ്പെട്ടവർക്കുവേണ്ടി അഗതിമന്ദിരങ്ങൾ സ്ഥാപിച്ചു നടത്തുന്നതിൽ സിസ്റ്റേഴ്സ് ശ്രദ്ധിച്ചുവന്നിരുന്നു. ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ ഇവയൊന്നും തുടരുവാൻ സാധിക്കാതെ പല സ്ഥാപനങ്ങളും നിർത്തലാക്കേണ്ടിവന്നു.

## 2. വിദ്യാഭ്യാസരംഗം

സമൂഹത്തിന്റെ ഉന്നമനത്തിനും വളർച്ചയ്ക്കും അടിസ്ഥാനമായി നില്ക്കുന്നത് വിദ്യാഭ്യാസമാണെന്നുള്ള ബോധ്യമാണ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങുന്നതിന് ബഹു. മത്തായി അച്ചനെ പ്രേരിപ്പിച്ചത്. ആത്മീയതയോട് ചേർന്ന് നില്ക്കുന്ന വിദ്യാഭ്യാസമാണ് അദ്ദേഹം വിഭാവനം ചെയ്തത്. അതായത് ധർമ്മാധർമ്മങ്ങളെ തിരിച്ചറിയാനുള്ള വിദ്യാഭ്യാസം . സാമൂഹിക ശ്രേണിയുടെ അടിത്തട്ടിൽ അവഗണിക്കപ്പെട്ട് പാർശ്വവൽക്കരിക്കപ്പെട്ട മക്കളുടെ ദയനീയ സ്ഥിതിക്ക് ഒരു പരിഹാരം ഉണ്ടാക്കണമെന്ന ചിന്ത അദ്ദേഹത്തെ ഉണർത്തി. ഹരിജനങ്ങളെ സ്വന്തമായി കണ്ട് അവർക്കുവേണ്ടി ആദ്യമായി കണ്ണാടിയുറുമ്പിൽ ഒരു എൽ. പി.സ്കൂളും പാലാ ടൗണിൽ പെൺകുട്ടികൾക്കായി സെന്റ് മേരീസ് ഗേൾസ് ഹൈസ്ക്കൂളും അദ്ദേഹം സ്ഥാപിച്ചു. സ്ത്രീ വിദ്യാഭ്യാസത്തിന്റെ അഭാവം നാടിന്റെ സാംസ്ക്കാരിക ഉന്നമനത്തെ പ്രതികൂലമായി ബാധിക്കുമെന്ന് മനസ്സിലാക്കിയ കദളിക്കാട്ടിലച്ചൻ മറ്റുള്ളവരുടെ ഔദാര്യത്തിനുമുമ്പിൽ കൈനീട്ടിയും സ്വന്തം കയ്യിൽനിന്ന് പണം എടുത്തുമാണ് പാലാ പട്ടണത്തിന്റെ പ്രകാശഗോപുരമായ സെന്റ് മേരീസ് സ്കൂൾ പണികഴിപ്പിച്ചത്.

### കണ്ണാടിയുറുമ്പ് പള്ളിയിൽ

1917 മെയ് 23 ന് ബഹു.മത്തായി അച്ചൻ കണ്ണാടിയുറുമ്പ് കുരിശുപള്ളിയിലേക്കു സ്ഥലംമാറ്റപ്പെട്ടു. കണ്ണാടിയുറുമ്പിലുള്ള ക്ലാരമഠംകൂടി അന്വേഷിച്ചു നടത്തുന്നതിലേക്കായിരുന്നു അദ്ദേഹം നിയമിക്കപ്പെട്ടത്. ഈ അവസരത്തിൽ തിരുഹൃദയമഠത്തിന്റെയും ക്ലാരമഠത്തിന്റെയും കുരിശുപള്ളിയുടെയും അഭിവൃദ്ധിക്കായി അദ്ദേഹം ഏറെ ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടിവന്നിട്ടുണ്ട്. ബഹു. മത്തായി അച്ചൻ ദീർഘവീക്ഷണവും പുരോഗമനവാഞ്ഛയും വിവേകവും പക്വതയും ഒത്തിണങ്ങിയ ഒരു പൊതുജനസേവകനും സാമൂഹ്യപരിഷ്കർത്താവും, വിദ്യാഭ്യാസപ്രവർത്തകനും ആയിരുന്നു എന്നുള്ളത് ഒരു ചരിത്രവസ്തുത മാത്രമാണ്.

## കണ്ണാടിയുറുമ്പ് ക്ലാരമഠം, സ്കൂൾ

1960 ൽ കണ്ണാടിയുറുമ്പ് ക്ലാരമഠത്തിന്റെ മദർ സുപ്പീരിയറായിരുന്ന സി. സ്രാഫീന കണ്ണാടിയുറുമ്പു സ്കൂളിന്റെ ആരംഭകാലസാഹചര്യങ്ങൾ ഇപ്രകാരം അനുസ്മരിക്കുന്നു:

അമ്പതിൽപരം വർഷങ്ങൾക്കുമുമ്പ് സ്ഥലത്തെ വിദ്യാഭ്യാസാഭിവൃദ്ധിയെ മുൻനിറുത്തി അന്നത്തെ കപ്ലോനായിരുന്ന കദളിക്കാട്ടിൽ ബ.മത്തായിയച്ചന്റെ നിരന്തരപരിശ്രമഫലമായി ആശ്രമത്തിന്റെ പൂമുഖത്തിൽ മൂന്നു ക്ലാസ്സുകളോടുകൂടി ഒരു മലയാളം സ്കൂൾ ഗവൺമെന്റ് അംഗീകാരത്തോടെ കൊല്ലവർഷം 1093 ഇടവം ഏഴാം തീയതി (1918) ആരംഭിച്ചു.

കന്യകകളുടെ താമസത്തിനും സ്കൂൾ നടത്തിപ്പിനും ആവശ്യം വേണ്ട കെട്ടിടം ഇല്ലാതെയിരുന്നതുകൊണ്ട് കന്യകകളുടെ പത്രമേനിയിൽനിന്നും ഗണ്യമായ ഒരു തുക ചെലവാക്കി കണ്ണാടിയുറുമ്പിൽ ഇപ്പോൾ (1960) സ്കൂൾ നടത്തിക്കൊണ്ടിരിക്കുന്ന രണ്ടുനിലക്കെട്ടിടം പണികഴിപ്പിച്ചു. മുകളിലത്തെനില താമസത്തിനും താഴത്തെനില സ്കൂളിന്റെ ആവശ്യത്തിനുമായി ഉപയോഗപ്പെടുത്തി. ഇവ്വിധം ആരംഭിച്ച സ്കൂൾ പലവിധ പ്രതിബന്ധങ്ങളെ തരണം ചെയ്തും വളരെയധികം കഷ്ടപ്പാടുകൾ സഹിച്ചും അദ്ദേഹം യഥാകാലം അഭിവൃദ്ധിപ്പെടുത്തി. കൊ.വ. 1094 ഇടവത്തിൽ (1949) 5 ക്ലാസ്സുള്ള ഒരു വി.എം. സ്കൂളാക്കി അതിനെ ഉയർത്തി. അങ്ങനെ ഒരു വർഷം കഴിഞ്ഞു. അപ്പോൾ ഇംഗ്ലീഷ് വിദ്യാഭ്യാസത്തോടുള്ള താൽപര്യം നിമിത്തം പ്രസ്തുത സ്കൂൾ ഒരു ഇംഗ്ലീഷ് സ്കൂളാക്കി ഉയർത്തുന്നതിന് അദ്ദേഹം പൊതുജനങ്ങളെ പ്രോത്സാഹിപ്പിച്ചു. ഈ അവസരത്തിൽ ബഹു. മത്തായി അച്ചൻ സ്ഥലംമാറ്റപ്പെടുകയും തൽസ്ഥാനത്ത് ബഹു.മാടപ്പാട്ടച്ചൻ നിയമിക്കപ്പെടുകയും ചെയ്തു. എങ്കിലും തന്റെ പരിശ്രമം അദ്ദേഹം ഉപേക്ഷിച്ചില്ല. അധികം താമസിയാതെ വീണ്ടും ബഹു.മത്തായി അച്ചൻ തന്നെ കപ്ലോനും മാനേജരുമായി നിയമിക്കപ്പെടുകയും 1099 ൽ 3-ാം ഫോറം വരെയുള്ള ഒരു ഇംഗ്ലീഷ് മിഡിൽ സ്കൂൾ ആരംഭിക്കുകയും ചെയ്തു.

താൻ സേവനം അനുഷ്ഠിക്കുന്ന ജനസമൂഹത്തിന്റെ വിദ്യാഭ്യാസാഭിവൃദ്ധിയിലും, സാംസ്കാരികപുരോഗതിയിലും അച്ചൻ അതീവ തൽപരനായിരുന്നു. നാട്ടിൽ വിദ്യാഭ്യാസസൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടത് കാലഘട്ടത്തിന്റെ ഒരു പ്രത്യേകാവശ്യമായി അച്ചൻ കണക്കിലെടുത്തു. രണ്ടു മഠങ്ങളുടെയും മേൽനോട്ടവും, സ്കൂൾ കെട്ടിടം

പണിയുടെ ബദ്ധപ്പാടും തന്റെ അജപാലനദൗത്യത്തിന്റെ ഭാരവും നിമിത്തം ബഹു.മത്തായി അച്ചൻ വളരെ ക്ഷീണിതനായിരുന്നു.

### ളാലം പുത്തൻപള്ളിയിൽ

1921 ൽ അദ്ദേഹം ളാലം പുത്തൻപള്ളി വികാരിയായി സ്ഥലം മാറ്റപ്പെട്ടു. ബഹു.മത്തായി അച്ചൻ സേവനമനുഷ്ഠിച്ചിരുന്ന ഇടവകകളിലെല്ലാം അദ്ദേഹത്തെ വീണ്ടും വീണ്ടും ലഭിക്കുവാൻ ഇടവകജനം ആഗ്രഹിച്ചിരുന്നു. തൽഫലമായിട്ടാണ് അദ്ദേഹം വീണ്ടും ളാലത്തിൽ നിയമിക്കപ്പെടുവാൻ ഇടയായത്. തന്റെ പരിപാലനയ്ക്കു ലഭിച്ച അജഗണങ്ങളുടെ ആദ്ധ്യാത്മികാഭിവൃദ്ധിയായിരുന്നു അദ്ദേഹത്തിന്റെ സർവ്വപ്രധാനമായ ശ്രദ്ധാവിഷയം. ദൈവസ്നേഹോജ്ജ്വലങ്ങളായ പ്രസംഗങ്ങളാലും, ഹൃദ്യമായ സദുപദേശങ്ങളാലും, സർവ്വോപരി ഉത്തമമാതൃകയാലും അദ്ദേഹം ഇടവകജനങ്ങളെ സുകൃതസരണിയിലേക്കാകർഷിച്ചു. ഭവനസന്ദർശനവേളകളിൽ ആളുകളുടെ ആദ്ധ്യാത്മിക കാര്യങ്ങളിലായിരുന്നു ബഹു. മത്തായി അച്ചൻ മുഖ്യമായും ശ്രദ്ധചെലുത്തിയിരുന്നത്. ഇവിടെ വികാരിയായിരുന്ന അവസരത്തിലാണ് അദ്ദേഹത്തിന് ളാലം സെന്റ് മേരീസ് സ്കൂൾ സ്ഥാപനത്തിനുള്ള സാഹചര്യമുണ്ടായത്. ഒരു വർഷത്തെ സേവനത്തിനുശേഷം അദ്ദേഹം കണ്ണാടിയുറുമ്പിലേക്കു സ്ഥലം മാറ്റപ്പെട്ടു.

### ളാലം സെന്റ് മേരീസ് സ്കൂൾ

അജഗണങ്ങളുടെ ആദ്ധ്യാത്മികാഭിവൃദ്ധിയോടൊപ്പം തന്നെ അവരുടെ സാമൂഹികവും വിദ്യാഭ്യാസപരവുമായ ഉന്നമനത്തിലും അച്ചൻ ഏറെ ശ്രദ്ധിച്ചിരുന്നു. ഉത്തമരായ മാതാക്കളെ വളർത്തിയെടുക്കുന്നതിന് സ്ത്രീവിദ്യാഭ്യാസം അത്യന്താപേക്ഷിതമാണെന്ന് മനസ്സിലാക്കിയ ക്രാന്തദർശിയായ ബഹു.മത്തായി അച്ചൻ പെൺകുട്ടികൾക്കായി പാലാ ടൗണിൽ ഒരു വിദ്യാലയം സ്ഥാപിക്കുവാൻ നേരത്തെതന്നെ ആഗ്രഹിച്ചിരുന്നു. ളാലം പുത്തൻപള്ളി വികാരിയായിരിക്കുമ്പോൾ അദ്ദേഹത്തിന് തന്റെ ആഗ്രഹം സഫലീകൃതമാക്കാൻ അവസരം ലഭിച്ചു.

കണ്ണാടിയുറുമ്പ് ക്ലാരമഠത്തിന്റെ അന്നത്തെ മദർസുപ്പീരിയറായിരുന്ന സി. ജോസഫീന സ്കൂൾ സ്ഥാപനത്തിന് ഇടയാക്കിയ സാഹചര്യത്തെപ്പറ്റി 1960 ൽ ഡി.കുരുവിള മനയാനി എഴുതിയ കദളിക്കാട്ടിലച്ചൻ എന്ന ഗ്രന്ഥത്തിലെ അനുസ്മരണത്തിൽ ഇങ്ങനെ വിവരിക്കുന്നു.

അന്നൊരിക്കൽ കണ്ണാടിയുറുമ്പിലുണ്ടായിരുന്ന മിഡിൽ സ്കൂൾ സന്ദർശിക്കുന്നതിനായി ഇൻസ്പെകട്രസ് തിരുവനന്തപുരത്തു നിന്നും പാലായിൽ വന്നു. വഴി മോശമായിരുന്നതിനാൽ സ്കൂളിൽ എത്തുന്നതിന് അവർക്ക് വളരെ വിഷമം നേരിട്ടു. ഇൻസ്പെക്ട്രസ് തിരികെ ചെന്നയുടനെ സ്കൂൾ കണ്ണാടിയുറുമ്പിൽനിന്നും ഗതാഗ തസൗകര്യമുള്ള ഒരു സ്ഥലത്തേയ്ക്ക് മാറ്റിയില്ലെങ്കിൽ അംഗീകാരം പിൻവലിക്കുന്നതാണെന്നറിയിച്ചു. ആ ഓർഡർ കിട്ടിയപ്പോൾ എന്താണു ചെയ്യേണ്ടതെന്നറിയാതെ ഞാൻ കുഴങ്ങി. കാരണം അന്ന്, മഠത്തിൽ പണസംബന്ധമായി വളരെയധികം വിഷമം അനു ഭവിച്ചിരുന്ന ഒരു കാലഘട്ടമായിരുന്നു. അങ്ങാടിയിൽ ഒരു സ്ഥലം വാങ്ങുന്നതിനോ കെട്ടിടം പണിയുന്നതിനോ ഉള്ള പണം എവിടെ നിന്നാണ് ഉണ്ടാവുക? അതുകൊണ്ട് ഇക്കാര്യം നടപ്പില്ലെന്നുതന്നെ ഞാൻ തീരുമാനിച്ചു. എങ്കിലും കണ്ണാടിയുറുമ്പ് സ്കൂളിനായി വള രെയധികം ബുദ്ധിമുട്ടിയിട്ടുള്ള ബഹു. കദളിക്കാട്ടിലച്ചനെ ഈ വിവരം ഒന്നറിയിക്കണമെന്ന് ഞാൻ വിചാരിച്ചു. അന്ന് ളാലം പുത്തൻ പള്ളിയിൽ വികാരിയായിരുന്ന അദ്ദേഹത്തിന്റെ അടുക്കൽ ഞങ്ങൾ പോയി വിവരം പറഞ്ഞു. സ്വല്പനേരം ആലോചിച്ചിരുന്ന ശേഷം അദ്ദേഹം അക്കാര്യം ഭരമേല്ക്കുകയാണുണ്ടായത്. ആശ്വാ സത്തോടെ ഞങ്ങൾ തിരികെപ്പോരുകയും ചെയ്തു. കുറെ ദിവസ ങ്ങൾക്കുശേഷം ഇപ്പോൾ ളാലം സ്കൂൾ ഇരിക്കുന്ന സ്ഥലം അദ്ദേഹം തന്നെ കണ്ടുപിടിച്ച് വിലയ്ക്കു വാങ്ങുന്നതിനുള്ള സകല ഏർപ്പാടുകളും ചെയ്തിട്ട് വിവരം ഞങ്ങളെ അറിയിച്ചു.

പുരയിടം വാങ്ങുന്നതിന് മഠത്തിലുണ്ടായിരുന്ന കുറച്ചുപണം ഞങ്ങൾ അദ്ദേഹത്തെ ഏല്പിച്ചു. ബാക്കി പണം ബ. അച്ചൻ തന്നെ ഉണ്ടാക്കി ഉടനെ വസ്തു എഴുതിക്കുകയും കെട്ടിടം പണി ആരംഭി ക്കുകയും ചെയ്തു. അധികം താമസിയാതെ അച്ചനെ കണ്ണാടിയു റുമ്പിലേക്കു സ്ഥലം മാറ്റിയതിനാൽ അവിടെനിന്നും വന്നാണ് സ്കൂളിന്റെ പണികൾ നടത്തിയിരുന്നത്. സ്കൂൾ കെട്ടിടം പണിയി ക്കുന്നതിൽ അദ്ദേഹം സഹിച്ചിട്ടുള്ള കഷ്ടപ്പാടുകൾ വളരെയായി രുന്നു. വലിയ വെയിലുള്ള നാളുകളിൽ പണി സ്ഥലത്ത് പനയോല കുത്തിനാട്ടിയതിന്റെ കീഴിൽ ഇരുന്നുകൊണ്ടാണ് അദ്ദേഹം പണി കൾ നോക്കി നടത്തിയിരുന്നത്. പലപ്പോഴും പണിക്കാർക്കു കൊടുക്കുവാൻ പണമില്ലാതെ വന്നിട്ടുണ്ട്. ആ അവസരങ്ങളിലെല്ലാം ബഹു. അച്ചൻ നേരത്തെതന്നെ അങ്ങാടിയിലേക്കിറങ്ങി ആരോടെ ങ്കിലും പണം കടം വാങ്ങിക്കൊണ്ടുവന്നു കൊടുക്കും.

കണ്ണാടിയുറുമ്പിൽനിന്നും ളാലത്തിലേക്ക് സ്കൂൾ മാറ്റുന്നതിനു തൃപ്തിയില്ലാത്ത പല ആളുകളും അന്നവിടെ ഉണ്ടായിരുന്നു. അവരിൽനിന്നും ബഹു.അച്ചനും ഞങ്ങൾക്കും വളരെയധികം എതിർപ്പുകളും വിഷമങ്ങളും സഹിക്കേണ്ടിവന്നിട്ടുണ്ട്. ഇപ്രകാരമുള്ള അവസരങ്ങളിൽ ആവലാതിയുമായി ഞാൻ ബഹു.അച്ചന്റെ അടുക്കൽ ചെല്ലുമ്പോൾ പറയുന്ന വാക്കുകൾ ഇപ്പോഴും ഓർക്കുന്നു. എന്റെ മകളേ, പൊതുനന്മയ്ക്കായി പ്രവർത്തിക്കുന്നവർക്ക് ഇതൊക്കെയാണ് ഈ ലോകത്തിൽനിന്നു കിട്ടേണ്ട പ്രതിഫലം. അല്ലെങ്കിൽ നമ്മൾ നിഗളിച്ചുപോകും. ഇവിടെ നന്ദിയും സ്നേഹവും ഒക്കെ വാങ്ങിച്ചാൽ അവിടെ ചെല്ലുമ്പോൾ ഒന്നുമില്ല. ഏതാണു വേണ്ടത്. ഇവിടുത്തേതോ, അവിടുത്തേതോ? എന്നു ചോദിച്ച് ഉത്തരം പറയിപ്പിക്കും. നമ്മുടെ ഈശോ എന്തൊക്കെയാണു ചെയ്തത്? അതിന് എന്താണ് പ്രതിഫലം കിട്ടിയത്? അത്രയും നമുക്കു കിട്ടുന്നുണ്ടോ? എല്ലാം സഹിച്ച് ഈശോയുടെ തിരുഹൃദയത്തിനു കാഴ്ചവയ്ക്കണം എന്നു തുടങ്ങി കുറെ ചോദ്യങ്ങളും ഉത്തരങ്ങളും വഴി അദ്ദേഹം ഉപദേശങ്ങൾ ഞങ്ങൾക്കു നല്കിയിരുന്നു. ഇതെല്ലാം കേൾക്കുമ്പോൾ സന്തോഷത്തോടുകൂടിയേ തിരികെപ്പോരാൻ സാധിച്ചിട്ടുള്ളു.

ഈശോയുടെ തിരുഹൃദയത്തിരുനാളിന്റെ നൊവേനദിവസങ്ങളിൽ കണ്ണാടിയുറുമ്പുപള്ളിയിൽ ആഘോഷമായ പാട്ടുകർബ്ബാനയും, വാഴ്വും പ്രസംഗവും നീണ്ട കുമ്പസാരവും നടത്തി ക്ഷീണിതനായിരിക്കുമ്പോഴും ഈ പിതാവ് ഉടനെ ദീർഘമായ വഴി നടന്ന് ളാലത്തിലേക്കുപോകും. തിരികെ വരുമ്പോഴേക്കും സന്ധ്യ കഴിയും. പണം അന്വേഷിച്ചും മറ്റു തരത്തിലും ബഹു. അച്ചൻ ബുദ്ധിമുട്ടിയുള്ളതിന് ഒരു കണക്കുമില്ല. ഇപ്രകാരം ഈ പുണ്യാത്മാവിന്റെ നിരന്തരവും നിസ്തന്ദ്രവുമായ പരിശ്രമഫലമായിട്ടാണ് അത്രയും വേഗത്തിൽ സ്കൂൾ കെട്ടിടത്തിന്റെ പണി തീർക്കുന്നതിനും, 1925 മെയ് മാസത്തിൽ വിദ്യാലയ വർഷം തുടങ്ങിയപ്പോൾത്തന്നെ പുതിയ കെട്ടിടത്തിൽ പഠനം ആരംഭിക്കുന്നതിനും സാധിച്ചതെന്ന് കൃതജ്ഞതയോടുകൂടി സ്മരിച്ചുകൊള്ളുന്നു.

ലൗകികമായ കീർത്തിയോ സ്നേഹബഹുമാനങ്ങളോ കാംക്ഷിച്ചല്ല മനുഷ്യസേവനത്തിലൂടെ ദൈവസേവനവും അതുവഴി സ്വർഗ്ഗസൗഭാഗ്യവും മാത്രം കാംക്ഷിച്ചാണ് ബഹു.മത്തായി അച്ചൻ പ്രവർത്തിച്ചിരുന്നതും അനുയായികളെക്കൊണ്ട് പ്രവർത്തിപ്പിച്ചിരുന്നതും.

കണ്ണാടിയുറുമ്പു മഠത്തിലെ ബ. മർഗ്ഗരീത്താമ്മ 1960 ൽ എഴുതിയ അനുസ്മരണം ബ. അച്ചൻ അനുഷ്ഠിച്ച ത്യാഗനിർഭരമായ സേവനങ്ങൾ കൂടുതൽ വ്യക്തമാക്കുന്നവയാണ്.

“രാവിലെ കുർബ്ബാനയും കഴിഞ്ഞ് അല്പം ആഹാരവും കഴിച്ചുകൊണ്ട് മഴയോ വെയിലോ കൂട്ടാക്കാതെ ധ്യാനനിമഗ്നനായി, കണ്ണാടിയുറുമ്പിൽനിന്നു ളാലത്തേക്കു പോകുന്ന ആ വന്ദ്യതാതനെ ഇന്നും ഓർക്കുന്നു. ഇവിടെനിന്നും ഒരു പയ്യൻ കൊണ്ടുപോകുന്ന ഉച്ചഭക്ഷണവും കാപ്പിയും പയ്യനുമായി കൂട്ടുപിടിച്ച് വൃക്ഷത്തണലിൽ ഇരുന്നു ഭക്ഷിക്കുന്നതും ചിരട്ടയിലും മറ്റും കാപ്പി ഒഴിച്ചു കുടിച്ചിരുന്നതും ഒരിക്കലും മാഞ്ഞുപോകാത്ത ചിത്രങ്ങൾ തന്നെയാണ്. ചിലപ്പോൾ രാത്രി ഏഴുമണിക്കാണ് എത്തിയിരുന്നത്.....

എല്ലാവിധ പ്രതിബന്ധങ്ങളും പ്രതിസന്ധികളും തരണം ചെയ്ത് അദ്ദേഹം 1925 സ്കൂൾ വർഷാരംഭത്തിൽത്തന്നെ സ്കൂളിന്റെ ഔപചാരികമായ ഉദ്ഘാടനം നടത്തി. തിരുവിതാംകൂർ ഹൈക്കോടതി ജസ്റ്റീസ് രാമൻ തമ്പിയായിരുന്നു ഉദ്ഘാടകൻ. ഇ.വി. ഉണ്ണിച്ചെറിയ എന്ന അദ്ധ്യാപകശ്രേഷ്ഠന്റെ കീഴിൽ ഏതാനും അദ്ധ്യാപകരെയും സ്കൂളിൽ നിയമിച്ചു. 1946 ൽ സ്കൂളിന്റെ രജതജൂബിലി ആഘോഷിച്ച അവസരത്തിൽ സ്കൂൾ ഹെഡ്മിസ്ട്രസ് മിസ്സിസ് മേരി ജോസഫ് തന്റെ റിപ്പോർട്ടിൽ സ്ഥാപകമാനേജർ ബ. കദളിക്കാട്ടിലച്ചന്റെ നിസ്തുലസേവനങ്ങളെ നന്ദിപൂർവ്വം അനുസ്മരിച്ചുകൊണ്ട് ഇങ്ങനെയാണ് ഉപസംഹരിച്ചിരിക്കുന്നത്.

“He – an ardent soul of deep humility- is our founder, the noble captain who weathered the most disheartening storms. Many a home adorned with cultured wives and mothers and a future generation growing up under the influence of their culture, bear eloquent testimony to the rousing effects of his Zeal and self sacrifice. He was the good servant who by his thrift and sweat doubled the talent entrusted to him.”

## കണ്ണാടിയുറുമ്പിൽ അജപാലനശുശ്രൂഷ

1922 അദ്ദേഹം കണ്ണാടിയുറുമ്പിലേക്ക് വീണ്ടും സ്ഥലം മാറ്റപ്പെട്ടു. അന്നുമുതൽ 1935 ൽ ശയ്യാവലംബിയാകുന്നതുവരെ കണ്ണാടിയുറുമ്പിൽത്തന്നെ ഔദ്യോഗിക ജീവിതം തുടർന്നു. ഈ കാലഘട്ടത്തിൽ കുട്ടികൾക്കും മുതിർന്നവർക്കും വിശ്വാസപരിശീലനം നൽകുന്നതിൽ ബഹു. മത്തായിയച്ചൻ സവിശേഷം ശ്രദ്ധിച്ചിരുന്നു. കുട്ടിക

ളോട് സ്നേഹവാത്സല്യത്തോടും എന്നാൽ വേണ്ടത്ര ഗൗരവത്തോടും ചുമതലാബോധത്തോടും കൂടിയാണ് അദ്ദേഹം ഇക്കാര്യം നിർവ്വഹിച്ചിരുന്നത്.

## 3. അനുരഞ്ജനവേദിയിലെ രക്തസാക്ഷിത്വം

സാമൂഹികമോ സാമ്പത്തികമോ ആയ പാർശ്വവൽക്കരണം മാത്രമല്ല, പാപത്തിന് അടിമപ്പെട്ട് മനസ്സുകൊണ്ട് പാർശ്വവൽക്കരിക്കപ്പെട്ടവരെയും പാപസങ്കീർത്തനത്തിലൂടെ അദ്ദേഹം ദൈവോന്മുഖരാക്കി. മത്തായിഅച്ചന്റെ സ്നേഹനിർഭരമായ ഉപദേശങ്ങൾ ഏതു കഠിനപാപിയെയും പശ്ചാത്താപത്തിലേക്കു നയിച്ചിരുന്നു. അദ്ദേഹം കുമ്പസാരക്കൂട്ടിൽ മണിക്കൂറുകൾ ചെലവിടുകയും ദിവ്യകാരുണ്യനാഥന്റെ മുൻപിൽ നിശബ്ദതയിൽ പ്രാർത്ഥിക്കുകയും ചെയ്തിരുന്നു.

പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപാപ്പ എഴുതുന്നുണ്ടല്ലോ, ദൈവത്തിന്റെ രക്ഷാകരസ്നേഹത്തിന്റെ ആശ്വാസവും ആകർഷണീയതയും വ്യക്തികളെ സ്പർശിക്കുന്നിടമാണ് കുമ്പസാരക്കൂടുകൾ എന്ന്. ആർസിലെ വി. ജോൺ വിയാനിയെപ്പോലെ നീണ്ട മണിക്കൂറുകൾ പാപസങ്കീർത്തനവേദിയിൽ ചെലവഴിച്ച് ഈശോയ്ക്കായി ആത്മാക്കളെ നേടുന്നതിൽ ബഹു. മത്തായി അച്ചൻ സന്തോഷം കണ്ടെത്തിയിരുന്നു. അയൽ ഇടവകകളിൽനിന്നുപോലും ആളുകൾ പാപസങ്കീർത്തനത്തിനായി അദ്ദേഹത്തെ സമീപിച്ചിരുന്നു. ദൈവസ്നേഹം നിറഞ്ഞ ഹൃദയത്തിൽനിന്നു ബഹിർഗമിച്ചിരുന്ന സ്നേഹനിർഭരമായ ഉപദേശങ്ങൾ ഏതു കഠിനഹൃദയരെയും അനുതാപത്തിലേക്കു നയിക്കുവാൻ പര്യാപ്തമായിരുന്നു. സുകൃത ജീവിതം ആത്മാർത്ഥമായി അഭിലഷിച്ചിരുന്ന നിരവധി വിശ്വാസികൾ അദ്ദേഹത്തോടു പതിവായി പാപസങ്കീർത്തനം നടത്തിയിരുന്നു എന്ന് മോൺ. ജേക്കബ് വെള്ളരിങ്ങാട്ടച്ചൻ തന്റെ അനുസ്മരണത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

ക്ഷീണിതനും രോഗിയുമായിരുന്ന അവസരങ്ങളിൽപോലും അനുരഞ്ജനശുശ്രൂഷ നടത്തുവാൻ അദ്ദേഹം നീണ്ട മണിക്കൂറുകൾ കുമ്പസാരക്കൂട്ടിൽ ഇരുന്നിട്ടുള്ളതായി അനുഭവസ്ഥർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പാപമോചനം സ്വീകരിക്കാനെത്തുന്നവരിൽ പരിവർത്തനവും മാനസാന്തരവും ഉണ്ടാകണമെന്നും അതു സ്ഥായിയായിരിക്കണമെന്നും ആഗ്രഹിച്ച് അദ്ദേഹം ഏറെസമയം ചെലവഴിച്ചിരുന്നു. ഒരു ചെറിയ പാപംപോലും ആവർത്തിക്കരുതെന്ന് അദ്ദേഹം പറഞ്ഞിരുന്നു. കൈവിരൽ മുറിച്ച് സ്വന്തംരക്തത്തിൽ

എഴുതി ഒരു കഠിനപാപിനിയെ മാനസാന്തരപ്പെടുത്തിയ വിവരം മുമ്പ് പ്രസ്താവിച്ചിട്ടുണ്ടല്ലൊ.

മനുഷ്യന്റെ ആത്മീയസ്ഥിതി മനസ്സിലാക്കി അവരെ നയിക്കുവാൻ ബഹു. മത്തായിഅച്ചനു പ്രത്യേക നൈപുണ്യമുണ്ടായിരുന്നു. എത്ര വലിയ പാപിയാണെങ്കിലും അവരുടെ പാപത്തിനു പരിഹാരമായ എന്തു പ്രായശ്ചിത്തവും ഏറ്റെടുക്കാൻ അദ്ദേഹം തയ്യാറായിരുന്നു. മുമ്പു പ്രസ്താവിച്ചിരുന്നതുപോലെ കഴുത്തിൽ കയറുധരിച്ച് ദിവ്യബലിയിൽ സംബന്ധിക്കുവാനുള്ള പ്രായശ്ചിത്തം നിറവേറ്റാൻ അച്ചൻ തയ്യാറായി. ഒരിക്കൽ അദ്ദേഹം ചോദിച്ചു: പാറപോലെ കടുത്ത ഹൃദയങ്ങളെ മെഴുകുപോലെയാക്കുന്നത് എവിടെ വെച്ചാണെന്ന് നിങ്ങൾക്കറിയാമോ? അദ്ദേഹം തുടർന്നു. അതു പാപസങ്കീർത്തനവേദിയിൽ വച്ചുതന്നെ. അപ്പോൾ അവർ ന്യായമൊന്നുംപറയാതെ അങ്ങോട്ടു പറയുന്നതെല്ലാം കേൾക്കും. ഒടുവിൽ ഹൃദയം മയപ്പെടും, തന്റെ അനുഭവം അദ്ദേഹം സിസ്റ്റേഴ്സുമായി പങ്കുവയ്ക്കുകയായിരുന്നു. 1926 ൽ ഡി. കുരുവിള എഴുതിയ കദളിക്കാട്ടിലച്ചൻ എന്ന പുസ്തകത്തിന്റെ അവതാരികയിൽ അഭിവന്ദ്യ വയലിൽ പിതാവ് ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു. "പാപസങ്കീർത്തനത്തിന്റെ അവസരത്തിൽ ഹൃദയസ്പർശിയായ ഉപദേശങ്ങൾ നല്കി അനേകംപേരുടെ ജീവിതവിശുദ്ധി സാധിക്കുന്നതിന് അദ്ദേഹത്തിനു സാധിച്ചിട്ടുണ്ട്..... ഞാൻ ഹൈസ്കൂളിലും, കോളേജിലും സെമിനാരിയിലും പഠിക്കുന്ന കാലത്തും പലപ്പോഴും പാപസങ്കീർത്തനത്തിനുവേണ്ടി ബഹു. മത്തായിയച്ചനെ സമീപിച്ചിരുന്നു. ഹൃദ്യതയും പ്രായോഗികതയും കലർന്ന ഉപദേശങ്ങൾ നല്കി എന്നെ അദ്ദേഹം അനുഗ്രഹിച്ചിരുന്നു. തെറ്റുകൾ തിരുത്തുന്നതിനും നല്ലവയെ പ്രോത്സാഹിപ്പിക്കുന്നതിനും അദ്ദേഹം ശ്രദ്ധാലുവായിരുന്നു. എന്റെ സ്വഭാവരൂപവൽക്കരണത്തിൽ സാരമായ ഒരു പങ്ക് അദ്ദേഹം വഹിച്ചിട്ടുണ്ടെന്ന് ഇവിടെ കൃതജ്ഞതാപുരസ്സരം പ്രസ്താവിച്ചുകൊള്ളട്ടെ."

## 4. മതബോധനപ്രേഷിതത്വം

മത്തായി അച്ചന്റെ സജീവ ശ്രദ്ധ പതിഞ്ഞ മറ്റൊരു രംഗം ഇടവകയിലെ കുട്ടികളുടെ മതബോധനമായിരുന്നു. ഇന്നത്തെപ്പോലെ നിയതമായ സൺഡേസ്കൂൾ പ്രവർത്തനങ്ങളോ ചിട്ടയായ മതബോധന സംവിധാനങ്ങളോ അന്നില്ലായിരുന്നു ക്രാന്തദർശിയായ കദളിക്കാട്ടിലച്ചൻ ഇടവകയിലെ കുട്ടികളെ ഞായറാഴ്ചതോറും പള്ളിയിൽ രണ്ടുനിരയായി നിറുത്തി സഭയുടെ മൗലിക പ്രബോധനങ്ങൾ

ലളിതമായും സരസമായും അവരെ പഠിപ്പിച്ചിരുന്നതും അച്ചന്റെ നർമ്മമധുരമായ സംഭാഷണവും സോദാഹരണം നൽകിയ വിവരണങ്ങളും സന്ദർഭോചിതമായ സുവിശേഷ കഥാഖ്യാനങ്ങളും കുട്ടികളെ സവിശേഷം ആകർഷിച്ചു. യാതൊരു ബാഹ്യസമ്മർദ്ദവും കൂടാതെ കുട്ടികൾ പതിവായി അച്ചന്റെ വേദപാഠക്ലാസ്സിൽ ഉത്സാഹപൂർവ്വം സംബന്ധിക്കുകയും ചെയ്തുപോന്നു.

കുട്ടികളെ ആദ്യകുർബാന സ്വീകരണത്തിന് ഒരുക്കിയിരുന്നതും മത്തായി അച്ചനായിരുന്നു. പ്രഥമദിവ്യകാരുണ്യത്തിനു പ്രായം തികയുമ്പോൾ മാതാപിതാക്കന്മാർ തങ്ങളുടെ കുട്ടികളെ മത്തായി അച്ചന്റെ പക്കൽ കൊണ്ടുവന്നേല്പിക്കുമായിരുന്നു. നിഷ്കൃഷ്ടമായ പരിശീലനങ്ങൾക്കുശേഷം അച്ചൻ തന്നെ അവരുടെ ആദ്യകുമ്പസാരം കേൾക്കുകയും അവർക്കു പ്രഥമദിവ്യകാരുണ്യം എഴുന്നെള്ളിച്ചുകൊടുക്കുകയും ചെയ്തിരുന്നു. വീടുകൾ സന്ദർശിച്ച് ആദ്യകുർബാന സ്വീകരണത്തിനു പ്രായമായകുട്ടികളെ കണ്ടുപിടിച്ച് പള്ളിയിൽ വിളിച്ചുവരുത്തി അവരെയും യഥാവിധി പ്രഥമദിവ്യകാരുണ്യ സ്വീകരണത്തിനൊരുക്കുന്നതിൽ അച്ചൻ ശ്രദ്ധാലുവായിരുന്നു. കുട്ടികൾക്കു സുകൃതജപങ്ങൾ ചൊല്ലിക്കൊടുത്തു പഠിപ്പിക്കുന്ന ഒരു പതിവും അദ്ദേഹത്തിനുണ്ടായിരുന്നു. കദളിക്കാട്ടിലച്ചന്റെ ശിക്ഷണത്തിൽ മതാഭ്യസനം നടത്തുകയും പ്രഥമദിവ്യകാരുണ്യ സ്വീകരണത്തിനുള്ള പരിശീലനം നേടുകയും ചെയ്തിരുന്ന ബാലവിദ്യാർത്ഥികളുടെ ഗണത്തിൽ പാലാരൂപതയുടെ പ്രഥമമെത്രാൻ മാർ സെബാസ്റ്റ്യൻ വയലിൽ തിരുമേനിയും ഉൾപ്പെട്ടിരുന്നു. അഭിവന്ദ്യ പിതാവ് ചിരസ്മരണീയമായ തന്റെ ബാല്യകാലാനുഭവങ്ങൾ ഇങ്ങനെ വിവരിക്കുന്നു: ബഹു. മത്തായി അച്ചനെ ഒരു ബാലവിദ്യാർത്ഥി ആയിരുന്നപ്പോൾ മുതൽ എനിക്ക് അടുത്തറിയാൻ ഇടയായിട്ടുണ്ട്. ഞാൻ പ്രൈമറിസ്കൂളിൽ പഠിക്കുന്ന കാലത്ത് പാലാ വലിയപള്ളി ഇടവകയിലെ കുട്ടികൾ ശനിയാഴ്ച തോറും ചിലപ്പോൾ ഞായറാഴ്ചയും വേദപാഠത്തിന് പള്ളിയിൽ വന്നുചേരുമായിരുന്നു. ഇപ്പോൾ പുതുതായി പണിയിച്ചിരിക്കുന്ന കത്തീഡ്രൽപള്ളിയുടെ സ്ഥാനത്ത് അന്ന് ഒരു ചെറിയപള്ളി സ്ഥിതി ചെയ്തിരുന്നു. മൂന്നുരാജാക്കളുടെ പള്ളി എന്നാണ് അതറിയപ്പെട്ടിരുന്നത്. ആ പള്ളിയിൽവച്ചാണ് ബഹു. കദളിക്കാട്ടിലച്ചൻ കുട്ടികളെ വേദപാഠം പഠിപ്പിച്ചിരുന്നത്. കുട്ടികൾക്കു പഠിക്കാനായി ഒരു വേദപാഠപുസ്തകം ഉണ്ടായിരുന്നു. നമസ്കാരങ്ങളും ചോദ്യോത്തര രീതിയിൽ പത്തുപാഠങ്ങളും അതിൽ ഉൾക്കൊള്ളിച്ചിരുന്നു.

ബഹു. കദളിക്കാട്ടിൽ അച്ചൻ അക്കാലത്ത് പാലാ വലിയപള്ളിയിലെ അസ്തേന്തിയായിരുന്നു. രണ്ടുമൂന്നു വർഷത്തോളം അദ്ദേഹം ഞാനുൾപ്പെടെയുള്ള കുട്ടികളെ വേദപാഠം പഠിപ്പിച്ചിരുന്നതായി ഞാൻ ഓർക്കുന്നുണ്ട്. ആൺകുട്ടികളും പെൺകുട്ടികളും വേദപാഠ ക്ലാസ്സിൽ സംബന്ധിച്ചിരുന്നു. എല്ലാ കുട്ടികൾക്കും വേദപാഠ പുസ്തകം ഉണ്ടായിരിക്കണമെന്ന് അച്ചൻ നിഷ്കർഷിച്ചിരുന്നു. ആ പുസ്തകംനോക്കി ബഹു. കദളിക്കാട്ടിലച്ചൻ നമസ്ക്കാരം ചൊല്ലിത്തരുകയും അതുരുവിട്ടു പഠിക്കാൻ കുട്ടികളെ പരിശീലിപ്പിക്കുകയും ചെയ്യുമായിരുന്നു. ആവശ്യമായ വിശദീകരണങ്ങളും ഇടയ്ക്ക് നല്കിക്കൊണ്ടിരിക്കും. സ്നേഹമുള്ള ഒരു പിതാവ് വാത്സല്യമുള്ള മക്കളെ പഠിപ്പിക്കുന്നതുപോലെയായിരുന്നു അദ്ദേഹത്തിന്റെ പാഠ്യരീതി. കുട്ടികൾ തെറ്റു വരുത്തിയാൽ അച്ചൻ കോപിക്കുമായിരുന്നില്ല. സാവധാനം തിരുത്തിക്കൊടുക്കുകമാത്രം ചെയ്തിരുന്നു. മുപ്പത്തിമൂന്നുകൂട്ടം നമസ്കാരം എന്നാണ് അന്നു പറഞ്ഞിരുന്നത്. നമസ്കാരത്തിന്റെ ഭാഗം കഴിയുമ്പോൾ ചോദ്യോത്തരങ്ങളുടെ ഭാഗത്തേക്കു കടക്കും. 'നിന്നെ സൃഷ്ടിച്ചതാര്?' എന്നായിരുന്നു ആദ്യത്തെ ചോദ്യം. 'സർവ്വശക്തനായ ദൈവം എന്നെ സൃഷ്ടിച്ചു' എന്നു മറുപടി. 'നീ ക്രിസ്ത്യാനിയാണോ?' എന്ന് അടുത്ത ചോദ്യം. 'അതെ ദൈവസഹായത്താൽ ഞാൻ ക്രിസ്ത്യാനിയാണ്' എന്നു മറുപടി പറയും. തുടർന്ന് വേദപ്രമാണങ്ങളെപ്പറ്റിയും ചോദ്യോത്തര രീതിയിൽതന്നെ പഠിപ്പിച്ചിരുന്നു.

തിരുസഭസ്സയ്ക്കു കീഴ്വഴങ്ങേണ്ടതിനെപ്പറ്റിയും മാതാപിതാക്കന്മാരെയും ഗുരുക്കന്മാരെയും അനുസരിക്കുകയും ആദരിക്കുകയും ചെയ്യേണ്ടതിനെപ്പറ്റിയും ചോദ്യങ്ങളുണ്ടായിരുന്നു. പരസ്നേഹത്തിന്റെ ആവശ്യത്തെയും സ്വഭാവത്തെയുംപറ്റി ചോദ്യോത്തരങ്ങളിൽ പരാമർശിച്ചിരുന്നു. അച്ചൻ സന്ദർഭോചിതമായി പുണ്യവാന്മാരുടെയും മറ്റും ചരിത്രത്തിൽനിന്നും വേദപുസ്തക ഭാഗങ്ങളിൽനിന്നും ദൃഷ്ടാന്തങ്ങൾ ഉദ്ധരിച്ച് പാഠഭാഗങ്ങൾക്കു മിഴിവു വരുത്തുമായിരുന്നു.

അടുത്തതായി കുമ്പസാരം, കുർബാന മുതലായ കൂദാശകൾ സ്വീകരിക്കേണ്ട വിധത്തെപ്പറ്റി പഠിപ്പിച്ചിരുന്നു. അക്കാലത്ത് കൂട്ടമായി പ്രഥമ ദിവ്യകാരുണ്യസ്വീകരണം നടത്തുന്ന പതിവ് ഉണ്ടായിരുന്നില്ല. കുട്ടികൾ പഠിച്ചറിയുന്നതനുസരിച്ച് ഓരോ കുട്ടിയേയും പ്രത്യേകം കുമ്പസാരിപ്പിച്ച് തയാറാക്കുകയാണ് ചെയ്തിരുന്നത്. അങ്ങനെ ഞാൻ പ്രൈമറിസ്കൂളിൽ നാലാം ക്ലാസ്സിൽ പഠിക്കുന്ന കാലത്ത് എന്നെയും അദ്ദേഹം കുമ്പസാരിക്കുന്നതിനും ദിവ്യ

കാരുണ്യം സ്വീകരിക്കുന്നതിനും തയ്യാറാക്കി. സ്നേഹമസൃണമായ രീതിയിൽ എത്രയും ലളിതമായ ഭാഷയിൽ നിർത്തിനിർത്തി നമസ്ക്കാരങ്ങൾ ചൊല്ലിത്തരുകയും ചെയ്തുവന്ന വന്ദ്യഗുരുവിനെ ഓർക്കുമ്പോൾ ഞാൻ വികാരതരളിതനായിത്തീരുന്നു.

## 5. ഹരിജനോദ്ധാരണം

ഹരിജനോദ്ധാരണം പ്രധാനപ്രവർത്തന മേഖലയായി തെരഞ്ഞെടുത്ത ധന്യൻ മത്തായി അച്ചൻ ദളിത് വിഭാഗത്തിന്റെ ഉന്നമനത്തിനായി കഠിനാദ്ധ്വാനം ചെയ്തു. ശബ്ദമില്ലാത്തവരുടെ ശബ്ദമാകാനും പാർശ്വവൽക്കരിക്കപ്പെട്ടവരെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുവാനും ഉള്ള പ്രവർത്തനങ്ങൾ ആണ് അദ്ദേഹം നടത്തിയത്. സാമൂഹിക ശ്രേണിയുടെ അടിത്തട്ടിൽ അവഗണിക്കപ്പെട്ട മക്കളുടെ ദയനീയസ്ഥിതിക്ക് ഒരു പരിഹാരം ഉണ്ടാക്കുവാനായി അദ്ദേഹം ശ്രമിച്ചതിന്റെ ഫലമാണ് ആദ്യമായി കണ്ണാടിയുറുമ്പിൽ സ്ഥാപിക്കപ്പെട്ട എൽ.പി. സ്കൂൾ.

അയിത്താചാരങ്ങൾ നിലവിലിരുന്ന അക്കാലത്ത് ബഹു.മത്തായി അച്ചൻ ഹരിജനങ്ങൾക്ക് ഒരു നല്ല ഇടയനായിരുന്നു. അദ്ദേഹത്തിന്റെ അന്നത്തെ പ്രേഷിതപ്രവർത്തനങ്ങളുടെ മാഹാത്മ്യവും ബുദ്ധിമുട്ടും മനസ്സിലാക്കണമെങ്കിൽ അന്നത്തെ ഹരിജനങ്ങളുടെ സ്ഥിതിവിശേഷം നാം മനസ്സിലാക്കിയിരിക്കണം സമൂഹത്തിലെ ഏററം താഴേക്കിടയിലുള്ള അവർക്ക് മറ്റുള്ളവരോട് ഒരു കാര്യത്തിലും സമത്വമോ സ്വാതന്ത്ര്യമോ ഉണ്ടായിരുന്നില്ല. സാധാരണ മനുഷ്യവകാശങ്ങൾപോലും അവർക്കുണ്ടായിരുന്നില്ല. അവർ മറ്റുള്ളവരെ തൊടാതെ ഒരു നിശ്ചിത അകലം പാലിക്കേണ്ടിയിരുന്നു. പൊതുനിരത്തുകളിൽ അവർക്ക് പ്രവേശനമില്ലായിരുന്നു. അവർ സാധാരണ താമസിച്ചിരുന്നത് ഏതെങ്കിലും ഭൂവുടമയുടെ സ്ഥലത്തുള്ള ചെറ്റക്കുടിലുകളിലായിരുന്നു. സമൂഹത്തിലെ ഏറ്റവും താഴേക്കിടയിലുള്ള ജനവിഭാഗത്തിന് സാമൂഹിക സുരക്ഷയും വിദ്യാഭ്യാസവും നീതിയും ഉറപ്പുവരുത്തുക എന്നത് ഏറെ ശ്രമകരമായ കാര്യമായിരുന്നു. ദൈവത്തിനും മനുഷ്യർക്കും വേണ്ടി വിശ്രമരഹിതമായി പ്രവർത്തിച്ച തീക്ഷ്ണമതിയായ വൈദികനായിരുന്നു ബഹു. മത്തായി അച്ചൻ.

പകലന്തിയോളം മുതലാളിമാർക്കുവേണ്ടി ജോലി ചെയ്തശേഷം തുച്ഛമായ കൂലി വാങ്ങി ചെറ്റക്കുടിലുകളിൽ താമസിച്ചിരുന്ന പട്ടിണിപ്പാവങ്ങളായ പുതുക്രൈസ്തവരുടെയും (ദളിത്) പറയർ, പുലയർ തുടങ്ങിയ വിഭാഗത്തിലുള്ള ആളുകളുടെയും ദയനീയ

സ്ഥിതി ആ വന്ദ്യവൈദികന്റെ മനസ്സിനെ വല്ലാതെ വേദനിപ്പിച്ചു. അവരുടെ ജീവിതത്തിലേക്ക് ഒരു നല്ല ഇടയനെപ്പോലെ അദ്ദേഹം കടന്നുചെന്നു. അവരുടെ സർവ്വതോന്മുഖമായ ഉയർച്ചയെ ലക്ഷ്യമാക്കി അരയും തലയും മുറുക്കി അദ്ദേഹം കർമ്മരംഗത്തിറങ്ങി. തന്റെ അജഗണങ്ങളായ പുതുക്രൈസ്തവർ (ദളിത് ക്രൈസ്തവർ) ഏറ്റം അധികം സ്നേഹിക്കപ്പെടേണ്ടവരാണെന്ന് അദ്ദേഹം ഇടവകജനങ്ങളെ ബോദ്ധ്യപ്പെടുത്തി. ധനികരിൽനിന്ന് അരിയും മറ്റും ശേഖരിച്ച് പാവപ്പെട്ടവർക്ക് നല്കി. ഇടവകയിൽ പിടിയരി പ്രസ്ഥാനം ആരംഭിച്ചു. അനാരോഗ്യമോ ക്ഷീണമോ പരിഗണിക്കാതെ തന്റെ അജഗണങ്ങളെ സഹായിക്കുന്നതിനായി ദീർഘദൂരം കാൽനടയായി സഞ്ചരിച്ച് ഭവനങ്ങൾ സന്ദർശിക്കുകയും ആവുംവിധം അർഹിക്കുന്ന സഹായം എത്തിച്ചുകൊടുക്കുകയും ചെയ്തു.

ദളിതരിലും അവഗണിക്കപ്പെട്ടവരിലും അടിച്ചമർത്തപ്പെട്ടവരിലും ദൈവസാന്നിധ്യം അനുഭവിച്ചറിയുവാൻ കദളിക്കാട്ടിലച്ചനു കഴിഞ്ഞിരുന്നു. നോബൽ പുരസ്കാരത്തിനർഹനായ രവീന്ദ്രനാഥടാഗോർ ഗീതാഞ്ജലിയിൽ അവതരിപ്പിച്ചിരിക്കുന്ന ഉദാത്തമായ ചിന്താസരണിതന്നെയാണ് അച്ചന്റെ ദളിതോദ്ധാരണപ്രവർത്തനങ്ങളിലും പ്രകാശിതമാകുന്നത്. ടാഗോർ ഇങ്ങനെ എഴുതിയിരിക്കുന്നു:

അധമരിൽ അധമനും ദീനരിൽ ദീനനും വസിക്കുന്നിടത്ത് അങ്ങയുടെ ചരണങ്ങൾ വിരാജിക്കുന്നു. എല്ലാവരുടെയും പുറകിൽ, എല്ലാവർക്കും താഴെ, എല്ലാം നഷ്ടപ്പെട്ടവരുടെ നടുവിൽ അങ്ങയെ ഞാൻ പ്രണമിക്കുമ്പോൾ ആ പ്രണാമം എവിടെയാണു ചെന്നെത്തുന്നത്? അങ്ങയുടെ പാദങ്ങൾ സ്പർശിക്കുന്ന അപമാനത്തിന്റെ അഗാധതലത്തിൽ എല്ലാവരുടെയും പുറകിൽ, എല്ലാവർക്കും താഴെ, എല്ലാം നഷ്ടപ്പെട്ടവരുടെ നടുവിൽ എത്തിച്ചേരാൻ അതിനു കഴിയുന്നില്ല. അനലംകൃതനായി, ദീനദരിദ്രവേഷത്തിൽ എവിടെയാണോ അങ്ങു സഞ്ചരിക്കുന്നത് ; അവിടെ എന്റെ അഹങ്കാരത്തിന് എത്താൻ സാധിക്കുന്നില്ല. ധനവും മാനവും ധാരാളമുള്ളിടത്താണ് അങ്ങയുടെ സാന്നിദ്ധ്യം ഞാൻ ആഗ്രഹിക്കുന്നത്. അങ്ങ് നിസ്സഹായരോടൊത്ത് അവരുടെ കുടിലുകളിൽ അധിവസിക്കുന്നു. എല്ലാവരുടെയും പുറകിൽ, എല്ലാവർക്കും താഴെ, എല്ലാം നഷ്ടപ്പെട്ടവരുടെ നടുവിലുള്ള ആ സ്ഥലത്ത് എത്തിച്ചേരാൻ എന്റെ മനസ്സിനു സാദ്ധ്യമാകുന്നില്ല.

ദളിതുവിഭാഗത്തിൽപ്പെട്ടവർക്കായി അദ്ദേഹം കണ്ണാടിയുറുമ്പിൽ ഒരു പ്രൈമറിസ്കൂൾ ആരംഭിച്ചു. പ്രസ്തുത സ്കൂളിന് സാമ്പത്തിക സഹായം അഭ്യർത്ഥിച്ചുകൊണ്ട് 1918 ജൂൺ 4-ാം തീയതി ചങ്ങനാ

ശ്ശേരി രൂപതയുടെ മെത്രാൻ അഭിവന്ദ്യ കുര്യാളശ്ശേരിപ്പിതാവിന് ബഹു. മത്തായി അച്ചൻ അയച്ച കത്ത് ഇവിടെ ഉദ്ധരിക്കട്ടെ.

"കണ്ണാടിയുറുമ്പുകപ്പേളയിൽ ചേർന്ന് നടന്നുവരുന്ന പുതുക്രൈസ്തവരുടേയും സമീപമുള്ള പുലയർ മുതലായ താണജാതിക്കാരുടെയും ഉപയോഗത്തിനായി ഒരു സ്കൂൾ സ്ഥാപിച്ചു നടത്തുന്ന സംഗതിയെപ്പറ്റി മുമ്പ് ഞാൻ ബോധിപ്പിച്ചതിന് ഈ കഴിഞ്ഞ ഇടവം മുതല്ക്കു വല്ലതും തന്ന് സഹായിക്കാമെന്നു കല്പിച്ചിരുന്നു. അതിനെ ശരണപ്പെട്ടുകൊണ്ട് പഠനം തുടങ്ങുകയും കുറെ കഴിഞ്ഞപ്പോൾ ഗവൺമെന്റിൽനിന്നും ഗ്രാന്റു തരാമെന്ന് അസിസ്റ്റന്റ് ഇൻസ്പെക്ടർ പറഞ്ഞതനുസരിച്ച്, പള്ളിക്കൂടം പണി ആരംഭിക്കുകയും എട്ടുരൂപാ ശമ്പളത്തിൽ ഒരു വാദ്ധ്യാരെ നിയമിക്കുകയും ഏതാനും സ്കൂൾ സാമാനങ്ങൾ ഉണ്ടാക്കുകയും ചെയ്തിരുന്നു. കുട്ടികൾ 27 പേരെ ചേർത്തിട്ടുണ്ട്. ഇനിയും വരാനുണ്ട്. എല്ലാ സംഗതികളും നടക്കുന്നതിനു പണം കൂടി ആവശ്യമാണ്. അതിനാൽ പെ. ബ. പിതാവിന്റെ ദയവുണ്ടായിട്ടു കുറെ പണമെങ്കിലും (25രൂപ) അയച്ചുതന്നാൽ അത്യാവശ്യപ്പെട്ട പണിയും, സാമാനങ്ങളും ഉണ്ടാക്കിക്കൊടുക്കാം. ഞാനും ശേഷമുള്ള ഔദാര്യസ്വഭാവികളും പോരാത്തതു നിവർത്തിച്ചുകൊള്ളാം.

ടി സ്കൂളിന് ഗ്രാന്റ് കിട്ടുന്ന സംഖ്യ കിഴിച്ച് 3 രൂപാകൂടി മാസം തോറും വേണ്ടിവരുന്നതും ആ തുക പെ. പെ. ബ. പിതാവ് തരുമാറാകണമെന്നും ഞാനപേക്ഷിക്കുന്നു. മേൽ ലക്കങ്ങളിൽ ബോധിപ്പിച്ചിരിക്കുന്ന സംഗതികളെപ്പറ്റി ദയവുണ്ടായി ആലോചിച്ച് മനോഗുണത്തിനടുത്ത കല്പനയും എന്റെമേൽ പിതാവിനടുത്ത ആശീർവ്വാദവുമുണ്ടാകാറാണമെന്നും ഞാനപേക്ഷിക്കുന്നു."

1918 ജൂൺ 4 ന്

കദളിക്കാട്ടിൽ മത്തായി ക.
(ഒപ്പ്)

ദളിത് വിഭാഗത്തിൽപ്പെട്ട തന്റെ അജഗണങ്ങളുടെ ഉൽക്കർഷത്തിൽ ബഹു. മത്തായി അച്ചൻ ഏറെ താൽപ്പര്യം കാണിച്ചിരുന്നു എന്നുള്ളതിന്റെ മറ്റൊരു തെളിവ് കൂടി ഇവിടെ ചേർക്കട്ടെ. പുന്നത്തുറ മഠത്തിലെ ഏതാനും അർത്ഥിനികൾക്ക് സഭാവസ്ത്രം നൽകുന്ന ചടങ്ങിന് ക്ഷണിച്ചുകൊണ്ട് മദർ സുപ്പീരിയർ സി. സ്രാഫീന എഴുതിയ കത്തിന് അദ്ദേഹം നൽകിയ മറുപടി ഇവിടെ ഉദ്ധരിക്കുന്നു.

താൻ തന്നെ സ്ഥാപിച്ച സന്യാസിനീസമൂഹത്തിലെ സിസ്റ്റേഴ്സിന്റെ സഭാവസ്ത്രസ്വീകരണച്ചടങ്ങിൽ സംബന്ധിക്കുന്നതിനേക്കാൾ മുൻഗണന അദ്ദേഹം നല്കിയത് പുതുക്രിസ്ത്യാനി (ദളിത്) യുടെ വിവാഹം നടത്തിക്കൊടുക്കുന്നതിനായിരുന്നു.

ദളിത് വിഭാഗത്തിൽപെട്ട കുട്ടികളെ സ്കൂളിലും മതബോധന ക്ലാസ്സുകളിലും പറഞ്ഞയയ്ക്കുന്നതിന് അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. തത്കാലം സംസ്കാരത്തിൽ പിന്നോക്കമാണെങ്കിലും കാലങ്ങൾ കഴിയുമ്പോൾ സമൂഹത്തിന്റെ മുഖ്യധാരയിലേക്കുവരുവാൻ ഈ മക്കൾക്കു സാധിക്കുമെന്ന് ബഹു. മത്തായിഅച്ചനു ബോദ്ധ്യമുണ്ടായിരുന്നു. കാലം അതു തെളിയിക്കുകയും ചെയ്തു.

തന്റെ പള്ളിസംബന്ധമായ ഔദ്യോഗികകടമകളെല്ലാം വളരെ താൽപര്യത്തോടുകൂടി നിർവ്വഹിച്ചതിനുശേഷമേ മറ്റു കാര്യങ്ങളിൽ അദ്ദേഹം ഏർപ്പെട്ടിരുന്നുള്ളു. മറ്റു ജോലിത്തിരക്കിനിടയിലും ഇതുപോലുള്ള കാര്യങ്ങൾ ഉണ്ടായാൽ മറ്റെല്ലാം മറന്നതുപോലെ കാണപ്പെട്ടിരുന്നു. തന്റെ ഔദ്യോഗികചുമതലകൾക്കു പുറമെ ക്ലാരമഠത്തിന്റെയും തിരുഹൃദയമഠത്തിന്റെയും പൊതുവായ കാര്യങ്ങളിൽ ആവശ്യമായ നേതൃത്വവും ഉപദേശസഹായങ്ങളും അദ്ദേഹം നല്കിയിരുന്നു.

## 6. പാമ്പൂരാംപാറ കപ്പേളയും സ്ലീവാപാതയും[44]

വിശ്രമരഹിതമായ ബഹുമുഖപ്രവർത്തനങ്ങളും തപോനിഷ്ഠമായ ജീവിതശൈലിയും ബ. മത്തായിഅച്ചനെ ക്ഷീണിതനാക്കി. തുടയിൽ ഒരു വലിയ നീരുവന്ന് ഒന്നരമാസത്തോളം അദ്ദേഹം ശയ്യാവലംബിയായി. അസഹ്യമായ വേദനയും അസ്വാസ്ഥ്യവും അനുഭവപ്പെട്ടു. ദൈവാനുഗ്രഹത്താൽ വിദഗ്ദ്ധമായ ചികിത്സയും വിശ്രമവുംകൊണ്ട് രോഗം ഏറെക്കുറെ ശമിച്ചുവെങ്കിലും തന്റെ ജീവകാരുണ്യപരമായ പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടുപോകുവാൻ തക്ക ശക്തിയും ഊർജ്ജസ്വലതയും കൈവന്നില്ല. ഇക്കാലഘട്ടത്തിൽ അദ്ദേഹത്തിന്റെ ജന്മഗൃഹത്തിനടുത്ത് കവീക്കുന്നുപള്ളിക്കു സമീപം അളനാടു കരയിൽ സ്ഥിതിചെയ്യുന്ന പാമ്പൂരാംപാറ എന്ന മലമുകളിൽപോയി അമ്പതുനോമ്പിലെ ഏഴുവെള്ളിയാഴ്ചകളിൽ കുരിശിന്റെവഴി നടത്താമെന്ന് ബഹു. മത്തായി അച്ചൻ ഒരു നേർച്ച നേരുകയും അത്ഭുതകരമായ രോഗശാന്തി ലഭിക്കുകയും ചെയ്തു.

44 കദളിക്കാട്ടിലച്ചൻ ശ്രീ. ഡി. കുരുവിള പേജ് 41

താമസിയാതെതന്നെ അമ്പതുനോമ്പാരംഭിച്ചു. മുൻകൂട്ടി ഏർപ്പാടുചെയ്തിരുന്നതനുസരിച്ച് നിശ്ചിതദിവസം ഏതാനും ഭക്ത ജനങ്ങൾ ചെറിയ മരക്കുരിശുകളുമായി പാമ്പൂരാംപാറയുടെ അടി വാരത്തെത്തി. കർത്താവിന്റെ പീഡാനുഭവയാത്രയെ ധ്യാനവിഷയ മാക്കിക്കൊണ്ടും പാപപരിഹാര നിയോഗം വച്ചുകൊണ്ടും സ്ലീവാ പ്പാത എത്തിക്കുന്നതിന്റെ ഫലദായകത്വം വ്യക്തമാക്കി ക്കൊണ്ടുമുള്ള ഒരു ലഘുപ്രസംഗത്തോടെ അച്ചൻ സ്ലീവാപ്പാത ആരംഭിച്ചു. കുരിശിന്റെ വഴിയിൽ നിശ്ചയിക്കപ്പെട്ട ഓരോ സ്ഥല ത്തെത്തുമ്പോഴും ഓരോ കുരിശുവെഞ്ചരിച്ച് അതതുസ്ഥലത്ത് അച്ചൻ സ്ഥാപിക്കുകയായി. പീഡാനുഭവപരമായി ഓരോ സ്ഥല ത്തിന്റെയും പ്രത്യേകതകൾ വ്യക്തമാക്കുന്ന പ്രസംഗവും അതതു സ്ഥലത്തിനു യോജിച്ച പ്രാർത്ഥനയും നടത്തിയശേഷം അടുത്ത സ്ഥലത്തേയ്ക്കു നീങ്ങുകയായി. അങ്ങനെ പതിനാലുസ്ഥലത്തും കുരിശു സ്ഥാപിച്ചും പ്രസംഗങ്ങളും പ്രാർത്ഥനകളും നടത്തിയും മലയുടെ ഉച്ചിയിലെത്തി. സമാപനപ്രസംഗവും പ്രാർത്ഥനയും കഴി ഞ്ഞതോടെ ആദ്യവർഷത്തെപരിപാടി അവസാനിച്ചു. പിറ്റേവർഷം അമ്പതുനോമ്പിനുമുമ്പായി പാമ്പൂരാംപാറയുടെ ഉച്ചിയിൽ അച്ചന്റെ നേതൃത്വത്തിൽ പരിശുദ്ധവ്യാകുലമാതാവിന്റെ നാമത്തിൽ ഒരു കപ്പേള നിർമ്മിക്കപ്പെട്ടു അക്കൊല്ലത്തെ സ്ലീവാപ്പാതായുടെ സമാ പനത്തിൽ അച്ചൻതന്നെ മലമുകളിലെ കപ്പേളയിൽ ആദ്യമായി ദിവ്യ ബലിയും അർപ്പിച്ചു. ഇന്ന് അറിയപ്പെടുന്ന ഒരു തീർത്ഥാടനകേന്ദ്ര മായിത്തീർന്നിരിക്കുന്ന പാമ്പൂരാംപാറയുടെ ആവിർഭാവത്തിന് കള മൊരുക്കിയത് കദളിക്കാട്ടിൽ അച്ചന്റെ ക്രാന്തദർശിത്വമായിരുന്നു. അദ്ദേഹം നോമ്പിലെ ഏഴു വെള്ളിയാഴ്ചകളിലും പാമ്പൂരാംപാറ മലമുകളിൽ കയറി കുരിശിന്റെവഴി നടത്തുകയും ചെയ്തു. 1930 ൽ ആയിരുന്നു ഈ സംഭവം.

■

11

# വീണ്ടും കർമ്മരംഗത്ത്

ബഹു. മത്തായി അച്ചന്റെ ആരോഗ്യം വീണ്ടുകിട്ടിയപ്പോൾ അദ്ദേഹം പഴയതുപോലെ സ്വന്തം സേവനരംഗങ്ങളിൽ വ്യാപൃതനായി. കണ്ണാടിയുറുമ്പിനു സമീപമുള്ള ഹരിജൻക്രൈസ്തവരുടെ ആദ്ധ്യാത്മികവും ശാരീരികവുമായ കാര്യങ്ങളിൽ ഇക്കാലത്ത് അച്ചൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അവരുടെ കുട്ടികളെ സ്കൂളിലയയ്ക്കാനും മതപഠനത്തിനയയ്ക്കാനും പ്രത്യേകം പ്രോത്സാഹിപ്പിക്കുകയും ആവശ്യമായ സാമ്പത്തികസഹായം നല്കുകയും ചെയ്തുകൊണ്ടിരുന്നു. കുടുംബങ്ങളിൽ തിരുഹൃദയപ്രതിഷ്ഠ നടത്തുവാൻവേണ്ടി തന്റെ രോഗവും ക്ഷീണവും വകവയ്ക്കാതെ കുന്നും മലയും കയറി വളരെയധികം ബുദ്ധിമുട്ടുകൾ സഹിച്ച് ആ തിരുഹൃദയഭക്തൻ തന്റെ ജീവിതയാത്ര തുടർന്നു. കുടുംബാംഗങ്ങളോട് ഈശോയുടെ തിരുഹൃദയത്തിന്റെ സ്നേഹത്തേയും കരുണയേയും കുറിച്ച് വികാരഭരിതനായി സംസാരിക്കും. ദിവ്യഹൃദയത്തിന്റെ ഭരണത്തിന് സ്വയം കീഴ്പെടുവാനും അവിടുത്തെ വിശുദ്ധിക്കൊത്തവിധം ജീവിക്കുവാനും കുടുബാംഗങ്ങളെ അദ്ദേഹം ഉപദേശിക്കും. നിരന്തരമായ പരിശ്രമത്തിന്റെയും അദ്ധ്വാനത്തിന്റെയും ഫലമായി ആ പ്രദേശത്തുള്ള മിക്കവാറും എല്ലാ കുടുംബങ്ങളെയും

ഈശോയുടെ തിരുഹൃദയത്തിനു പ്രതിഷ്ഠിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു.

ബഹു. മത്തായി അച്ചന്റെ സംഭവബഹുലമായ ജീവിതം അദ്ധ്വാനത്തിന്റെയും രോഗത്തിന്റെയും ഒരു പോരാട്ടം തന്നെയായിരുന്നു. 34 വർഷത്തെ ശാരീരികാദ്ധ്വാനം, വിഷമകരമായ ജോലികൾ നിർവ്വഹിക്കുന്നതിലുള്ള നിതാന്തശ്രദ്ധ, മാനസികക്ലേശങ്ങൾ, തുടർച്ചയായി അനുഭവപ്പെട്ടുകൊണ്ടിരുന്ന രോഗങ്ങൾ എന്നിവയെല്ലാം അദ്ദേഹത്തിന്റെ ആരോഗ്യത്തെ കാർന്നുതിന്നുകൊണ്ടിരുന്നു.

രണ്ടു മഠങ്ങളിലേയും അംഗങ്ങളെ ഒരുപോലെ പരിഗണിക്കുവാനും സ്നേഹിക്കുവാനും സഹായിക്കുവാനും സാധിക്കത്തക്ക ഹൃദയവിശാലതയും നിഷ്പക്ഷ മനോഭാവവും ബ. അച്ചനുണ്ടായിരുന്നു. അച്ചൻ ആരോടെങ്കിലും പ്രത്യേകത കാണിച്ചിരുന്നെങ്കിൽ അത് രോഗികളായിരുന്ന സഹോദരികളോടായിരുന്നത്രെ. ദൈവസ്നേഹത്തെപ്രതി തനിക്കാവുന്ന സഹായങ്ങൾ ഏതൊരാൾക്കും ചെയ്തുകൊടുത്തിട്ട് അയാളിൽനിന്നും പ്രതിനന്ദിയുടെ ഒരു തരിപോലും പ്രതീക്ഷിക്കാതെ കടന്നുപോകുന്ന നിഷ്കാമകർമ്മയോഗിയായിരുന്നു ബഹു. അച്ചൻ തന്നെ ബാധിച്ചിരുന്ന രോഗത്തിന്റെ വേദനകളോ, പ്രായത്തിന്റെ ക്ഷീണമോ വകവയ്ക്കാതെ അദ്ദേഹം തന്റെ പ്രേഷിതപ്രവർത്തനം തുടർന്നു. കണ്ണാടിയുറുമ്പിനു സമീപമുള്ള ഹരിജൻ ക്രൈസ്തവരുടെ ആദ്ധ്യാത്മികവും ശാരീരികവുമായ കാര്യങ്ങളിൽ ഇക്കാലത്ത് അച്ചൻ പ്രത്യേകം ശ്രദ്ധച്ചിരുന്നു. അവരുടെ കുട്ടികളെ സ്കൂളിൽ അയയ്ക്കുവാനും മതപഠനത്തിനയയ്ക്കുവാനും പ്രത്യേകം പ്രോത്സാഹിപ്പിക്കുകയും ആവശ്യമായ സാമ്പത്തികസഹായം നൽകുകയും ചെയ്തുകൊണ്ടിരുന്നു. തന്റെ തുഛമായ സമ്പാദ്യം നൽകുകമാത്രമല്ല സാമ്പത്തികമായി കഴിവുള്ള ഉദാരമതികളെ സാധുജനസേവനത്തിനായി അച്ചൻ പ്രേരിപ്പിക്കുകയും ചെയ്തു. അച്ചന്റെ പരിശ്രമഫലമായി ഹരിജനങ്ങൾ കൂടുതൽ പേർ ക്രൈസ്തവമതം സ്വീകരിച്ചുകൊണ്ടിരുന്നു. ഈ നവാഗതരെ മതതത്വങ്ങളും പ്രാർത്ഥനകളും പഠിപ്പിക്കുന്നതിന് ബഹു. സിസ്റ്റേഴ്സിന്റെ സഹായവും അച്ചനു ലഭിച്ചിരുന്നു..

1934 – ൽ വേനൽക്കാലം ആരംഭിച്ചപ്പോൾ ക്ഷീണിതനായ അച്ചൻ കൂടുതൽ സൗകര്യത്തിനായി പാലാപ്പള്ളിയിലേയ്ക്ക് മാറിത്താമസിച്ചു. ഇക്കാലത്ത് അനുദിനം രാവിലെ മഠത്തിൽവന്ന് ദിവ്യബലി അർപ്പിക്കുകയും രോഗികളെ പ്രത്യേകം അന്വേഷിച്ച് ആശ്വ

സിപ്പിക്കുകയും അവർക്ക് വി. കുർബാന എഴുന്നള്ളിച്ചു കൊടുക്കുകയും ചെയ്തിരുന്നു. സഹോദരിമാരുടെ ആവശ്യങ്ങൾ അന്വേഷിച്ചറിയുന്നതിനും അവർക്ക് ആവശ്യമായ എല്ലാ സഹായങ്ങളും ചെയ്തുകൊടുക്കുന്നതിനും അന്നും അദ്ദേഹം മുടക്കം വരുത്തിയിരുന്നില്ല. കണ്ണാടിയുറുമ്പു പള്ളിയിലെ തിരുക്കർമ്മങ്ങളും രണ്ടു മഠങ്ങളിലേയും ചാപ്ലെയിൻ എന്ന നിലയിലുള്ള സർവ്വകടമകളും അന്യൂനമായി നിർവ്വഹിച്ചുകൊണ്ട് ഈ തിരുഹൃദയപ്രേഷിതൻ ഇക്കാലമത്രയും കഴിച്ചുകൂട്ടി.

1934 ജൂൺ മാസം 1-ാം തീയതി മുതൽ പതിവുപോലെ തിരുഹൃദയമഠത്തിലെ വാർഷികധ്യാനം ആരംഭിച്ചു. തന്റെ ആത്മീയ പുത്രിമാരെ ഈശോയുടെ തിരുഹൃദയ ദാസിമാരാക്കി തീർക്കത്തക്ക വിധത്തിൽ തിരുഹൃദയഭക്തിയെ കേന്ദ്രീകരിച്ചുകൊണ്ട് അച്ചൻ തന്നെയാണ് ധ്യാനപ്രസംഗങ്ങൾ നടത്തിയത്. ജൂൺ 8-ാം തീയതി തിരുഹൃദയതിരുനാൾ ദിവസം ധ്യാനം അവസാനിപ്പിച്ചു. അന്ന് തിരുഹൃദയസഭയിലെ ആറു ജൂണിയർ സിസ്റ്റേഴ്സ് ബ. അച്ചന്റെ പ്രധാന കാർമ്മികത്വത്തിൽ നിത്യവ്രതവാഗ്ദാനം ചെയ്തു. ഇത് ബഹു. അച്ചന്റെ നേതൃത്വത്തിൽ സഭാംഗങ്ങൾ നടത്തിയ അവസാനത്തെ വാർഷികധ്യാനമായിരുന്നു.[45]

1934 സെപ്റ്റംബർ മാസത്തിൽ തിരുഹൃദയ സഭാസ്ഥാപകനായ ബഹു. കദളിക്കാട്ടിലച്ചൻ സഭയുടെ നിലവിലിരുന്ന ക്രമങ്ങളും നിയമങ്ങളും ക്രോഡീകരിച്ചുകൊണ്ടുള്ള ഒരപേക്ഷ, പരി.പിതാവിന്റെ അംഗീകാരത്തിനായി അഭിവന്ദ്യ കാളാശ്ശേരി തിരുമേനിയെ ഏല്പിച്ചു. താൻ റോമിൽ ചെല്ലുമ്പോൾ, സഭയുടെ അംഗീകാരത്തിനായി വേണ്ടവിധത്തിൽ പരിശ്രമിക്കാമെന്ന് അഭിവന്ദ്യപിതാവ് സമ്മതിക്കുകയും ചെയ്തു. തന്റെ ആഗ്രഹസാദ്ധ്യത്തിനായി ബഹു. അച്ചൻ അനുനിമിഷം ദൈവഹിതത്തിന് സ്വയം സമർപ്പിച്ച് പ്രാർത്ഥനാപൂർവ്വം കാത്തിരുന്നു.[46]

ബഹു. മത്തായി അച്ചന്റെ പുണ്യജീവിതത്തെപ്പറ്റിയും പ്രാർത്ഥനയുടെ ശക്തിയെപ്പറ്റിയും അദ്ദേഹത്തെ പരിചയമുള്ള ജനങ്ങൾക്കെല്ലാവർക്കും വലിയ മതിപ്പും വിശ്വാസവുമാണുണ്ടായിരുന്നത്. തന്നിമിത്തം നാനാജാതിമതസ്ഥരായ ധാരാളം മാതാക്കൾ തങ്ങളുടെ കുട്ടി

45 തിരുഹൃദയമഠം നാളാഗമം പേജ് 54

46 തിരുഹൃദയമഠം നാളാഗമം പേജ് 55

കളെ തലയിൽ കൈവച്ച് ആശീർവ്വദിക്കുന്നതിനായി കദളിക്കാട്ടിൽ അച്ചന്റെ അടുക്കൽ കൊണ്ടുവരിക പതിവായിരുന്നു. അതുപോലെ ഓരോരോ സാധനങ്ങൾ വെഞ്ചരിപ്പിക്കാനെത്തുന്നവരും നിരവധി യുണ്ടായിരുന്നു. അച്ചൻ തലയിൽ കൈവച്ച് പ്രാർത്ഥിച്ചാൽ അസുഖം മാറുമെന്ന് വിശ്വസിക്കുന്ന പല രോഗികളും അച്ചനെ സമീപിച്ച് ആശീർവ്വാദവും പ്രാർത്ഥനയും യാചിച്ചിരുന്നു. തന്നെ സമീപിക്കുന്ന എല്ലാവരേയും സഹജമായ ശാന്തതയോടും സന്തോഷത്തോടുംകൂടി അച്ചൻ സ്വീകരിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്തു.

പാലായിലും സമീപപ്രദേശങ്ങളിലുംനിന്ന് മാനസിക ക്ലേശങ്ങൾ അനുഭവിച്ചിരുന്ന നിരവധി പേർ അച്ചനെ സമീപിച്ച് സമാശ്വാസം നേടിയിരുന്നു. അച്ചന്റെ പ്രാർത്ഥനാസഹായത്തിൽ വിശ്വസിച്ചിരുന്ന അവർ പ്രത്യാശയോടെ മടങ്ങിപ്പോവുക പതിവാണ്. സാമ്പത്തികസഹായം അഭ്യർത്ഥിച്ചുകൊണ്ട് അദ്ദേഹത്തെ സമീപിച്ചവരുമുണ്ടായിരുന്നു. അവരെയെല്ലാം കഴിവുപോലെ സഹായിക്കുവാൻ അച്ചൻ ശ്രദ്ധിച്ചിരുന്നു.

ഇങ്ങനെ, ക്ലേശിതർക്ക് ആശ്വാസമായി, പീഡിതർക്ക് പ്രത്യാശയായി, അഗതികൾക്ക് ആലംബമായി എല്ലാവർക്കും പ്രാർത്ഥനയും പ്രതീക്ഷയും അരുളുന്ന ഒരു അയകേന്ദ്രമായി ബഹു.മത്തായി അച്ചൻ തന്റെ വാർദ്ധക്യകാലം ചെലവഴിച്ചു.

■

12

# ജീവിത സായാഹ്നം

1935 ഏപ്രിൽ 25-ാം തീയതി തിരുഹൃദയമഠം ചാപ്പലിൽ പതിവുപോലെ കുമ്പസാരം, ദിവ്യബലി, ഉപദേശം മുതലായവയ്ക്കുശേഷം ബഹു. മത്തായി അച്ചൻ കണ്ണാടിയുറുമ്പുപള്ളിയിൽ രാത്രി ആരാധന നടത്തുന്നതിനായി അവിടേക്കുപോയി. അവിടെച്ചെന്നു കുറച്ചു സമയത്തിനുള്ളിൽ മരണകരമായ ഒരു രോഗം പിടിപെടുകയും മൂന്നാഴ്ച അവിടെത്തന്നെ താമസിക്കേണ്ടിവരികയും ചെയ്തു. ഇവിടെ രോഗശയ്യയിൽ ആയിരിക്കുമ്പോഴാണ് ജീവിതത്തിൽ ആദ്യമായി തന്നെ ശുശ്രൂഷിക്കുവാൻ സിസ്റ്റേഴ്സിനെ അനുവദിച്ചത്. രോഗം ശക്തിപ്പെട്ടുവന്നതിനാൽ പാലാപ്പള്ളിയിലേക്കു നടന്നുപോകുവാൻ സാദ്ധ്യമല്ലെന്നു മനസ്സിലാക്കിയ അച്ചൻ തന്നെ പാലാ പള്ളിമേടയിലുള്ള തന്റെ മുറിയിലേക്കുകൊണ്ടുപോകണമെന്നാവശ്യപ്പെട്ടു. അതനുസരിച്ച് പാലാപ്പള്ളിയിൽനിന്നു വൈദികർ വന്നു. കണ്ണാടിയുറുമ്പിൽനിന്നു പാലാപ്പള്ളിയിലേക്കു ഒരു കസേരയിൽ അദ്ദേഹം സംവഹിക്കപ്പെട്ടു. പോകുന്നതിനുമുമ്പ് എന്റെ ചങ്ക് നിങ്ങൾക്കിരിക്കട്ടെ എന്നു പറഞ്ഞ് തടിയിൽ കൊത്തിയുണ്ടാക്കിയ തിരുഹൃദയരൂപം കണ്ണാടിയുറുമ്പിലെ സിസ്റ്റേഴ്സിനു നല്കി.

മാർഗ്ഗമദ്ധ്യേ, തിരുഹൃദയമഠത്തിന്റെ സമീപമെത്തിയപ്പോൾ അവിടെ സ്വല്പനേരം നിറുത്തുവാൻ അച്ചൻ ആവശ്യപ്പെട്ടു. അവിടെ ദു:ഖാർത്തരായി, അശ്രുപൂർണ്ണമായ നയനങ്ങളോടെ കാത്തുനിന്നിരുന്ന തന്റെ വത്സലമക്കളായ സിസ്റ്റേഴ്സിനെയും തന്റെ പ്രിയപ്പെട്ട അനാഥരെയും ആശ്വസിപ്പിച്ചശേഷം അല്പനേരം പ്രാർത്ഥിച്ചു. തന്റെ ശക്തിഹീനമായ കരമുയർത്തി അവരെ ആശീർവ്വദിച്ച്, അന്ത്യയാത്ര പറഞ്ഞ് പാലാപ്പള്ളിയിലേക്കു പോയി.

## ഈശോയുടെ തിരുഹൃദയം വിളിച്ചപ്പോൾ

പാലാപ്പള്ളിയിൽ ചെന്നശേഷവും രോഗം വർദ്ധിച്ചുകൊണ്ടേയിരുന്നു ചികിത്സകളൊന്നും ഫലിച്ചില്ല. ഈ അവസരത്തിൽ അച്ചനെ സന്ദർശിക്കുന്നതിനും അനുഗ്രഹങ്ങൾ സ്വീകരിക്കുന്നതിനുമായി നിരവധി വൈദികരും സിസ്റ്റേഴ്സും ബന്ധുമിത്രാദികളും പൊതുജനങ്ങളും വന്നുകൊണ്ടിരുന്നു. ഓരോരുത്തർക്കും സന്ദർഭോചിതമായ ഉപദേശങ്ങൾ ഏറ്റം ചുരുങ്ങിയ വാക്കുകളിൽ നല്കി അവരെ അനുഗ്രഹിച്ചു.

ബഹു. മത്തായി അച്ചൻ തന്റെ മരണത്തിനു രണ്ടുദിവസം മുമ്പ് സ്വസഹോദരപുത്രൻ കദളിക്കാട്ടിൽ ശ്രീ. ചെറിയാനെ വിളിച്ച് തന്റെ മരണസമയം അടുത്തിരിക്കുന്നുവെന്നും, താൻ ആഗ്രഹിച്ചിരുന്ന എല്ലാ കാര്യങ്ങളും ചെയ്തുതീർക്കുവാൻ സാധിച്ചതിൽ പരമകാരുണികനായ ദൈവത്തിനു നന്ദിപറയുന്നുവെന്നും പറഞ്ഞു. എന്നാൽ ഒരു കാര്യംകൂടി ചെയ്തു തീർക്കുവാൻ സാധിച്ചിരുന്നുവെങ്കിൽ തന്റെ ആഗ്രഹങ്ങളെല്ലാം പൂർത്തിയാകുമായിരുന്നുവെന്നും അതിനിടയാകാത്തതിൽ അല്പം ഖേദമുണ്ടെന്നും കൂടി അദ്ദേഹം കൂട്ടിച്ചേർത്തു.

ഇനി സാധിക്കുവാനുള്ള കാര്യം എന്താണെന്നു ചോദിച്ചപ്പോൾ ഞാൻ വാത്സല്യപൂർവ്വം സംരക്ഷിച്ചുപോരുന്ന അനാഥർക്ക് സൗകര്യപ്രദമായ ഒരു കെട്ടിടം പണിയുവാൻ വളരെ ആഗ്രഹിച്ചിരുന്നു എന്നാൽ അതു സാധിച്ചില്ല എന്ന് ബഹു.മത്തായിഅച്ചൻ പറഞ്ഞു. അക്കാര്യത്തിൽ അച്ചൻ ഒട്ടും ദു:ഖിക്കരുത്. അക്കാര്യം ഞാൻ ഭരമേററിരിക്കുന്നു എന്നും പറഞ്ഞ് ശ്രീ.ചെറിയാൻ അദ്ദേഹത്തെ ആശ്വസിപ്പിച്ചു. അതനുസരിച്ച് ഉദാരമതിയായ അദ്ദേഹം സ്വന്തം ചെലവിൽ ഒരു കെട്ടിടം പണികഴിപ്പിച്ച് 1939 ഫെബ്രുവരി 19-ാം തീയതി വെഞ്ചരിപ്പിച്ച് തന്റെ വാഗ്ദാനം നിറവേറ്റി. അതാണ് പാലാ

തിരുഹൃദയമഠത്തോടനുബന്ധിച്ചുണ്ടായിരുന്ന സെന്റ് റോക്കീസ് അനാഥമന്ദിരം.[47] അന്നത്തെ സെന്റ് റോക്കീസ് അനാഥമന്ദിരം ഇപ്പോൾ വിളക്കുംമരുതിലേക്ക് മാറ്റി സ്ഥാപിച്ചിട്ടുണ്ട്. തൽസ്ഥാനത്ത് ഇപ്പോൾ സെന്റ് പയസ് ബാലമന്ദിരമാണ് ഉള്ളത്.

മരണത്തിന്റെ തലേദിവസം അദ്ദേഹത്തിന്റെ ബന്ധുക്കളിൽ ചിലർ അച്ചൻ പണം സൂക്ഷിച്ചിട്ടുണ്ടോ എന്നറിയുന്നതിനായി താക്കോൽ വാങ്ങി മേശ തുറന്നു. അപ്പോൾ ബ. മത്തായിയച്ചൻ ചിരിച്ചുകൊണ്ട് പറയുകയാണ്, ഇപ്പോൾ മേശ തുറക്കാൻ വെറുതെ ബുദ്ധിമുട്ടേണ്ട. എന്റെ മരണശേഷം പണം പങ്കിട്ടാൽ മതി. എന്റെ സമ്പാദ്യം മുഴുവനും എന്റെ അനന്തിരവർക്കായി ഞാൻ നിക്ഷേപിച്ച് വച്ചിട്ടുണ്ട്, എന്ന്. മേശതുറന്നുനോക്കിയപ്പോൾ അവർ കണ്ടത് രണ്ടു വെള്ളിരൂപയും ഏതാനും ചെമ്പുനാണയങ്ങളും മാത്രമായിരുന്നു. തനിക്കുള്ളതെല്ലാം സാധുജന സംരക്ഷണത്തിനായി ചെലവഴിച്ച കഥാനായകൻ സ്വർഗ്ഗത്തിൽ അനശ്വരമായ സമ്പത്തു സമ്പാദിക്കുകയായിരുന്നു.[48]

തിരുഹൃദയസഭയിലെ മൂന്നു മഠങ്ങളിൽ നിന്നുമായി എല്ലാ സിസ്റ്റേഴ്സും തന്നെ തങ്ങളുടെ സ്ഥാപകപിതാവിനെ വന്നുകണ്ട് അനുഗ്രഹാശിസ്സുകൾ വാങ്ങി. അച്ചൻ ഓരോരുത്തരോടും വ്യക്തിപരമായി സംസാരിക്കുകയും ജ്ഞാനോപദേശങ്ങൾ നൽകുകയും ചെയ്തു. അധികാര സ്ഥാനത്തിരിക്കുന്നവരും മുതിർന്നവരുമായ അംഗങ്ങളെ പ്രത്യേകം അടുക്കൽ വിളിച്ച് പിതാവായ ദൈവം എന്നെ വിളിക്കുന്നു എന്റെ ജോലി പൂർത്തിയാക്കി ഞാൻ പോകുകയാണ്. തിരുഹൃദയസഭയെ ഞാൻ നിങ്ങളുടെ കൈകളിൽ ഏല്പിക്കുന്നു. നിങ്ങളുടെ എല്ലാ കഴിവുകളും ഉപയോഗിച്ച് സഭയെ വളർത്തുക എന്നു പറഞ്ഞു. തങ്ങൾ സർവ്വാത്മനാ സഭയുടെ ആദ്ധ്യാത്മികവും ഭൗതികവുമായ വളർച്ചയ്ക്കായി പരിശ്രമിച്ചുകൊള്ളാമെന്ന് നിറകണ്ണുകളോടെ അവർ വാഗ്ദാനം ചെയ്തു. നവസന്യാസിനികളെ പ്രത്യേകം വിളിച്ച് വിശുദ്ധിയും വിനയവും സേവനസന്നദ്ധതയുമുള്ളവരായി വളർന്നു വരണമെന്ന് ഉപദേശിച്ചു. ഓരോരുത്തരേയും പ്രത്യേകം ആശീർവ്വദിച്ചനുഗ്രഹിച്ചു. ഈശോയുടെ തിരുഹൃദയരൂപത്തിലേക്ക് കണ്ണുകൾ തിരിച്ച് കുറച്ചു സമയം പ്രാർത്ഥിച്ചു. അവരെല്ലാവരെയും ദിവ്യഹൃദയത്തിന്

47 കദളിക്കാട്ടിലച്ചൻ ശ്രീ. ഡി. കുരുവിള മനയാനി പേജ് 70–71
48 കദളിക്കാട്ടിൽ കുടുംബചരിത്രം പേജ് 44- 45

അർപ്പിച്ചതാകാം. അനാഥക്കുഞ്ഞുങ്ങളും വൃദ്ധരും കണ്ണുനീരോടെ അദ്ദേഹത്തിന്റെ ആശീർവ്വാദം സ്വീകരിച്ച് അന്ത്യയാത്ര പറഞ്ഞു പിരിഞ്ഞു. തന്റെ സ്നേഹിതരേയും ബന്ധുജനങ്ങളെ ഓരോരുത്തരേയും തിരിച്ചറിഞ്ഞ് അവരോടും യാത്ര പറഞ്ഞു. തനിക്ക് ലഭിച്ച ഓരോ സഹായത്തിനും പ്രത്യേകം നന്ദി പ്രദർശിപ്പിക്കുയും ചെയ്തു.

1935 മെയ് 22-ാം തീയതി രാത്രി രോഗം മൂർദ്ധന്യാവസ്ഥയിലെത്തി. ഇടവകക്കാരായ വൈദികരും ബന്ധുജനങ്ങളും അദ്ദേഹത്തിന്റെ ചുററും പ്രാർത്ഥനാനിരതരായി നിന്നിരുന്നു. അന്ത്യകൂദാശകളെല്ലാം സുബോധത്തോടെ സ്വീകരിച്ച്, 23-ാം തീയതി വ്യാഴാഴ്ച വെളുപ്പിന് മൂന്നുമണിക്ക് സ്നേഹപ്രകരണങ്ങൾ ഉരുവിട്ടുകൊണ്ട് ദൈവസ്നേഹോജ്ജ്വലിതമായ ആ യോഗീവര്യന്റെ പാവനാത്മാവ് സ്നേഹസാഗരമായ യേശുനാഥന്റെ ദിവ്യഹൃദയത്തിൽ എന്നേക്കുമായി വിലയം പൂണ്ടു[49]. ശാന്തമായ വേർപാട് . അദ്ദേഹത്തിന്റെ മുഖത്ത് ആഴമായ ഒരു ശാന്തത നിറഞ്ഞു .

കദളിക്കാട്ടിലച്ചന്റെ ചരമവാർത്തയറിഞ്ഞ് പാലായിലെയും അയൽ ഇടവകകളിലെയും ജനങ്ങൾ, പരിചിതരും സുഹൃത്തുക്കളുമായ വൈദികർ, കന്യാസ്ത്രീകൾ തുടങ്ങി നിരവധി ജനങ്ങൾ തുടരെത്തുടരെ വന്നുകൊണ്ടിരുന്നു. അവരെല്ലാവരും മൃതശരീരത്തിന് ചുററും ദുഃഖനിമഗ്നരായി പ്രാർത്ഥനാപൂർവ്വം നിലകൊണ്ടു. തിരുഹൃദയസഭയിലെ കന്യാസ്ത്രീകൾ എല്ലാവരും തന്നെ തങ്ങളുടെ വത്സല പിതാവിന് അന്തിമഅഭിവാദനങ്ങൾ അർപ്പിക്കാൻ ശവമഞ്ചത്തിനു ചുററും നിന്നിരുന്നു. വ്യാഴാഴ്ച പകലും രാത്രിയും പ്രാർത്ഥനാനിർഭരരായി നിന്നിരുന്ന ഭക്തജനങ്ങളുടെ മദ്ധ്യത്തിൽ ആ പാവനശരീരം പാലാപ്പള്ളിയിൽ പൊതുദർശനത്തിന് വച്ചിരുന്നു. അന്നു പാതിരാകഴിഞ്ഞപ്പോൾ ഒരു ബന്ധുവിന്റെ ഭാവത്തിൽ ഒരാൾ അച്ചന്റെ കയ്യിൽ പിടിപ്പിച്ചിരുന്ന കാസായും പീലാസായും എടുക്കുവാൻ ശ്രമിക്കുന്നതുകണ്ട് ആളുകൾ അയാളെ പിടിച്ചു ചോദ്യം ചെയ്തപ്പോഴാണ് ആളൊരു കള്ളനാണെന്നും ബന്ധുവിന്റെ ഭാവത്തിൽ അതെടുത്തുകൊണ്ട് കടന്നുകളയാൻ വന്നവനാണെന്നും മനസ്സിലായത്. ഏതായാലും ക്ഷമാശീലനായ അച്ചന്റെ മുമ്പിൽ വച്ചായതുകൊണ്ട് ബന്ധുക്കൾ അയാളെ താക്കീത് ചെയ്തു വിട്ടയച്ചു.

---

49 നാളാഗമം പേജ് 41

മെയ് 24-ാം തീയതി വെള്ളിയാഴ്ച രാവിലെ 10 മണിക്ക് ചങ്ങനാശ്ശേരി രൂപതയുടെ വികാർ കാപ്പുറ്റുലർ മോൺ. ജേക്കബ് കല്ലറയ്ക്കലിന്റെ പ്രധാനകാർമ്മികത്വത്തിൽ പാലാ വലിയ പള്ളി വികാരി വെച്ചിയാനിക്കൽ ബഹു.യൗസേപ്പച്ചന്റെ സഹകാർമ്മികത്വത്തിൽ ചെറിയ പള്ളിയിൽ (പൂജരാജാക്കന്മാരുടെ പള്ളി) വ്യാകുലമാതാവിന്റെ തിരുസ്വരൂപത്തിന്റെ മുമ്പിൽ മൃതദേഹം സംസ്കരിച്ചു.[50] അൻപതിൽപരം വൈദികരും നിരവധി കന്യാസ്ത്രീകളും ആയിരക്കണക്കിന് ഭക്തജനങ്ങളും സംസ്ക്കാരചടങ്ങുകളിൽ സംബന്ധിച്ചിരുന്നു. പാലായിലെ മൂന്നു പള്ളികളിലെയും കുരിശ്, കുട മുതലായവയുടെ അകമ്പടിയോടുകൂടിയാണ് സംസ്ക്കാരകർമ്മങ്ങൾ നടത്തപ്പെട്ടത്. അതിനുശേഷം അദ്ദേഹത്തിന്റെ ബന്ധുജനങ്ങൾ മൂവ്വായിരത്തോളം സാധുക്കൾക്ക് വിഭവസമൃദ്ധമായ സദ്യ നൽകുകയുണ്ടായി.

അന്നത്തെ ദീപിക ദിനപ്പത്രത്തിൽ കൊടുത്തിരുന്ന ചരമ അറിയിപ്പ് ഇപ്രകാരമായിരുന്നു.

## ഒരു വൈദികന്റെ ചരമം

“മീനച്ചിൽ കണ്ണാടിയുറുമ്പു ക്ലാരമഠത്തിന്റെ കപ്ലോനായിരുന്ന പാലാ ഇടവക കദളിക്കാട്ട് ബഹു. മത്തായി അച്ചൻ ഇന്നലെ രാവിലെ 61-ാമത്തെ വയസ്സിൽ നിര്യാതനായിരിക്കുന്നെന്നുള്ള വിവരം വ്യസനസമേതം അറിയിച്ചുകൊള്ളുന്നു. മൃതദേഹം ഇന്ന് ആഘോഷപൂർവ്വം സംസ്കരിക്കപ്പെട്ടു. ഈ വന്ദ്യദേഹത്തിന്റെ ആത്മാനുകൂലാർത്ഥം വിശ്വാസികൾ പ്രാർത്ഥിപ്പാറാകണം.” 1935 മെയ് 24 വെള്ളിയാഴ്ച.

*(നസ്രാണിദീപിക)*

അഭിവന്ദ്യ മാർ ജെയിംസ് കാളാശ്ശേരി തിരുമേനി റോമിലെത്തി 1935 മെയ് 23-ാം തീയതി പരിശുദ്ധ പിതാവിനെ സന്ദർശിച്ച് സംഭാഷണം നടത്തിയ കൂട്ടത്തിൽ തിരുഹൃദയസഭയുടെ അംഗീകാരവും ചർച്ചാവിഷയമായി. സഭയുടെ ആദർശത്തിലും ലക്ഷ്യത്തിലും പ്രവർത്തനപരിപാടികളിലും സംപ്രീതനായ 11-ാം പീയൂസ് മാർപാപ്പ, സ്ഥലകാലാനുയോജ്യമായ ഒരു നിയമസംഹിത തയ്യാറാക്കി തിരുഹൃദയസഭയെ കാനോനികമായി അംഗീകരിക്കുന്നതിനുള്ള അനു

50 കദളിക്കാട്ടിൽ കുടുംബചരിത്രം പേജ് 44- 45

മതി ചങ്ങനാശ്ശേരി രൂപതാദ്ധ്യക്ഷനു നല്കി. ഇതേ തീയതിയിൽ, ഇതേ മണിക്കൂറിൽത്തന്നെയായിരുന്നു ബഹു. മത്തായി അച്ചന്റെ പാവനാത്മാവ് സ്വർഗ്ഗത്തിലേക്കുപറന്നുയർന്നതും. അതെ, തിരുഹൃദയദാസന്റെ പ്രവർത്തനങ്ങളെ അദ്ദേഹത്തിന്റെ മരണത്തോടുകൂടി തിരുഹൃദയനാഥൻ സമൃദ്ധമായി അനുഗ്രഹിച്ചു.

കദളിക്കാട്ടിൽ അച്ചന്റെ അടുത്ത ബന്ധുവും അനന്തരവനുമായ മണ്ണൂരാംപറമ്പിൽ ബഹു. മത്തായിഅച്ചന്റെ പ്രധാന കാർമ്മികത്വത്തിൽ തുടർന്നുള്ള പത്തു ദിവസങ്ങളിൽ റാസ, ഒപ്പീസ് മുതലായ തിരുക്കർമ്മങ്ങളും  സദ്യയും നടത്തപ്പെട്ടു. പതിനൊന്നാം ദിവസം ജൂൺമാസം മൂന്നാം തീയതി അന്നത്തെ പതിവനുസരിച്ച് പുലകുളി അടിയന്തിരം വളരെ കേമമായി നടത്തുകയുണ്ടായി. പ്രസ്തുത ചടങ്ങിൽ 100-ൽ അധികം വൈദികരും ആയിരത്തിലധികം ജനങ്ങളും സന്നിഹിതരായിരുന്നു.ഇതിനു പുറമെ അന്നുതന്നെ നാലായിരത്തിലധികം സാധുക്കൾക്കും സദ്യ നല്കുകയുണ്ടായി. അച്ചന്റെ അനുജൻ തൊമ്മനാണ് ഇതിനുള്ള പണം ചിലവാക്കിയത്.എന്റെ നിക്ഷേപമെല്ലാം സ്വർഗ്ഗത്തിലാണെന്നും അത് അനന്തരവർക്ക് പിന്നീട്  ലഭിക്കുമെന്നും അദ്ദേഹം പ്രവചിച്ചിരുന്നതുപോലെതന്നെ അദ്ദേഹത്തിന്റെ സഹോദരന്മാർ സാമ്പത്തികമായി അനുദിനം അഭിവൃദ്ധിപ്രാപിച്ചു കൊണ്ടാണിരുന്നത്.

രണ്ടു വർഷങ്ങൾക്കുശേഷം പാലാ തിരുഹൃദയമഠത്തിന്റെ സുപ്പീര്യറായിരുന്ന ബഹു. മർഗ്ഗരീത്താമ്മയുടെ വിവിധ അപേക്ഷകളുടെ ഫലമായി ബഹു. മത്തായി അച്ചന്റെ പൂജ്യാവശിഷ്ടങ്ങൾ പൂജരാജാക്കൻമാരുടെ പള്ളിയിൽ നിന്നു മാറ്റി തിരുഹൃദയമഠം കപ്പേളയിൽ സ്ഥാപിക്കുന്നതിനുള്ള കല്പന അഭിവന്ദ്യ മാർ ജെയിംസ് കാളാശേരിൽ തിരുമേനി നല്കുകയുണ്ടായി. അതനുസരിച്ച് 1937 സെപ്തംബർ 6-ാം തീയതി അദ്ദേഹത്തിന്റെ പൂജ്യാവശിഷ്ടങ്ങൾ തിരുഹൃദയമഠത്തിലേക്ക് ആഘോഷപൂർവ്വം കൊണ്ടുവന്നു. തിരുക്കർമ്മങ്ങൾക്ക് ശേഷം കപ്പേളയിൽ പ്രത്യേകം തയ്യാർ ചെയ്തിരുന്ന കല്ലറയിൽ നിക്ഷേപിക്കുകയും അവിടെ ഒരു സ്മാരകശില സ്ഥാപിക്കുകയും ചെയ്തു. 1951 ൽ പൂജ്യാവശിഷ്ഠങ്ങൾ പുതിയ ചാപ്പലിലേക്ക് മാറ്റി സ്ഥാപിക്കുകയുണ്ടായി. 1990 ൽ വീണ്ടും ചാപ്പൽ  വിപുലീകരിക്കുകയും ഫെബ്രുവരി 24-ാം തീയതി മനോഹരമായി പണിതീർത്ത  പുതിയ കല്ലറയിൽ പൂജ്യാവശിഷ്ടങ്ങൾ പുനഃസംസ്ക്കരിക്കുകയും ചെയ്തു.

(Ref. പള്ളിയോഗപുസ്തകം Vol- I Page - 48 Page 53 1937 ജൂലൈ 25 ലെ തീരുമാനം Page 33 Order No. 1697 Page 33).

സുകൃതസൂനങ്ങളാൽ സമലംകൃതവും പരിപക്വവുമായ ആ ജീവിതം കാറ്റില്ലാത്തമുറിയിൽ കൊളുത്തിവച്ച ദീപം പോലെയായിരുന്നു. ദിവ്യകാരുണ്യ സന്നിധിയിൽ പ്രാർത്ഥനാനിമഗ്നനായി മുട്ടുകുത്തി നിലകൊള്ളുന്ന ആ വൈദിക വരേണ്യന്റെ വദനത്തിൽ ഒരു സ്വർഗ്ഗീയാനന്ദം തന്നെ പ്രത്യക്ഷമായിരുന്നു. തിരുഹൃദയദാസൻ എന്ന് സ്വയം വിശേഷിപ്പിച്ചിരുന്ന അദ്ദേഹത്തിന് അത്യന്തം ആനന്ദം അരുളുന്നതായിരുന്നു ആ സംജ്ഞ. ഈ ലോകത്തിൽ യാതൊരു പ്രതിഫലവും പ്രതീക്ഷിക്കാത്ത ഒരു നിഷ്കാമകർമ്മയോഗിയെയാണ് അദ്ദേഹത്തിൽ കണ്ടെത്താനാവുക. കാലഘട്ടത്തിന്റെ ചുവരെഴുത്തുകൾ മനസ്സിലാക്കി ധീരമായ കാൽവയ്പ്പുകൾ നടത്തുവാൻ അദ്ദേഹത്തിനുണ്ടായിരുന്ന കർമ്മശേഷി വിദ്യാഭ്യാസ, മതബോധന, ആതുരശുശ്രൂഷ രംഗങ്ങളിലും ദളിത് ക്രൈസ്തവരുടെ പുനഃരുദ്ധാരണത്തിനായി അദ്ദേഹം തുടങ്ങിവെച്ച നൂതനസംരംഭങ്ങളിലും വ്യക്തമായി പ്രകാശിതമാകുന്നുണ്ട്. അന്ന് ആരുമാരും ശ്രദ്ധിക്കാതിരുന്ന മണ്ഡലങ്ങളിലേയ്ക്കാണ് അദ്ദേഹം ശ്രദ്ധിച്ചിരുന്നത്.

ധന്യൻ കദളിക്കാട്ടിൽ മത്തായി അച്ചനെ ഏറ്റവും അടിത്തറിഞ്ഞിരുന്ന ഒരു വ്യക്തിയാണ് പാലാ രൂപതയുടെ പ്രഥമ മെത്രാൻ മാർ സെബാസ്റ്റ്യൻ വയലിൽ പിതാവ്. അദ്ദേഹത്തിന്റെ ആദ്ധ്യാത്മികഗുരുവായിരുന്നു ബഹു മത്തായിഅച്ചൻ. 1964-ൽ ളാലം സെന്റ് മേരീസ് ഹൈസ്കൂൾ രജതജൂബിലി സ്മാരക ഗ്രന്ഥത്തിൽ പിതാവ് ഈ ഗുരുവരനെപ്പറ്റി പ്രസ്താവിച്ചിരിക്കുന്ന ഏതാനും വാക്യങ്ങൾ ഇവിടെ ഉദ്ധരിക്കുന്നു:

“ഇദ്ദേഹത്തിന്റെ എല്ലാ സ്ഥാപനങ്ങളെയും ബാഹ്യപ്രവർത്തനങ്ങളെയും അതിശയിക്കുന്ന ഒരു വ്യക്തിമാഹാത്മ്യം ഇദ്ദേഹത്തിനുണ്ടായിരുന്നു. ഭക്തിനിർഭരമായ ഒരു ഹൃദയം; അനുകമ്പയും സൗമ്യതയും കളിയാടുന്ന ഒരു വദനം, സ്നേഹനാഥനായ ക്രിസ്തുവിന്റെ പക്കലേക്ക് ആബാലവൃദ്ധം ജനങ്ങളെ വശീകരിക്കുവാൻ പോരുന്ന വാചോവിലാസം, അനന്തമായ സ്വർഗ്ഗജീവിതത്തിന് മനുഷ്യഹൃദയങ്ങളെ സജ്ജീകരിക്കുന്ന ഒരു യോഗീവര്യന്റെ പ്രശാന്തഗംഭീരമായ മനോഭാവം ഇവയായിരുന്നു ആ മഹാപുരുഷന്റെ പ്രത്യേകതകൾ. ഏകദേശം 35 സംവത്സരം ഫലവത്തായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്ന ആ മനുഷ്യസ്നേഹി, ആ ദൈവ

ഭക്തൻ ഐഹികവാസം വെടിയേണ്ട അവസരം സമാഗതമായി. പ്രമേഹരോഗം അദ്ദേഹത്തെ കലശലായി ബാധിച്ചു. അസാധാരണമായ ക്ഷമയോടും ആദ്ധ്യാത്മികാനന്ദങ്ങളോടുംകൂടി അദ്ദേഹം തന്റെ ക്ലേശങ്ങളെ സഹിച്ചു. ........... ഉള്ളതെല്ലാം സാധുക്കൾക്കു നേരത്തെ സംഭാവന ചെയ്തിരുന്ന അദ്ദേഹം ലൗകികഭാരം ഏല്ക്കാതെ സ്വർഗ്ഗലോകത്തേക്ക് പറന്നുപോയി. തന്റെ സ്വരം കേട്ടിട്ടുള്ള അനേകരുടെ ഹൃദയങ്ങളിൽ ഫാദർ മാത്യുവിന്റെ പാവനമായ നാമധേയം നിർമ്മാർജ്ജനം ചെയ്യുവാൻ പാടില്ലാത്തവിധം എഴുതപ്പെട്ടിരിക്കുന്നു." (റവ. ഫാ. സെബാസ്റ്റ്യൻ വയലിൽ B.A.L.T. ളാലം സെന്റ് മേരീസ് ഹൈസ്കൂൾ രജതജൂബിലി സ്മാരകഗ്രന്ഥം 1946).

## പ്രാർത്ഥനയും പ്രവചനവും ഫലമണിഞ്ഞ നിമിഷങ്ങൾ

ബഹു. മത്തായി അച്ചന്റെ സുകൃതജീവിതത്തിനനുസൃതമായ പ്രത്യേക സിദ്ധികൾ ദൈവം അദ്ദേഹത്തിനു നല്കി. അച്ചന്റെ പ്രാർത്ഥനയ്ക്കും പ്രസ്താവനകൾക്കും മനുഷ്യദൃഷ്ടിയിൽ അത്ഭുതശക്തി ഉണ്ടായിരുന്നുവെന്നു സമകാലീനർ സാക്ഷ്യപ്പെടുത്തുന്നു. അച്ചന്റെ പല പ്രസ്താവനകളും ഭാവിയിൽ പ്രവചനങ്ങളായി അനുഭവപ്പെട്ടിട്ടുള്ളതായി സിസ്റ്റേഴ്സും അനാഥമന്ദിരത്തിലെ അന്തേവാസികളും പറയുന്നു. ധാരാളം സംഭവങ്ങളുണ്ടെങ്കിലും അതിലെ ഏതാനും ചില കാര്യങ്ങൾമാത്രം രേഖപ്പെടുത്തുന്നു.

1. ഒരിക്കൽ തിരുഹൃദയസഭയിലെ ഒരു സിസ്റ്റർ രാവിലെ മുറ്റത്തിറങ്ങിയപ്പോൾ ഒരു പാമ്പിനെ ചവിട്ടി. വല്ലാതെ ഭയന്നു. ഈ വിവരം സിസ്റ്റർ അച്ചനെ അറിയിച്ചപ്പോൾ സ്വല്പസമയം മൗനമായിരുന്നശേഷം അദ്ദേഹം പറഞ്ഞു : എന്റെ മക്കളാരും പാമ്പുകടിയേറ്റു മരിക്കുകയില്ല. അങ്ങനെ ഭയപ്പെടുകയും വേണ്ട . ഇതുകേട്ടു നിന്നവർക്ക് ഒരു പ്രവചനമായി തോന്നുകയും, പില്ക്കാലത്ത് അതൊരു വാസ്തവമായി എല്ലാവർക്കും അനുഭവപ്പെടുകയും ചെയ്തു. സഭാംഗങ്ങളിൽ പലർക്കും അപായകരമായ സർപ്പദംശനമുണ്ടായിട്ടുണ്ടെങ്കിലും ആർക്കും ജീവാപായം സംഭവിച്ചിട്ടില്ല. സമൂഹാംഗങ്ങൾക്കുമാത്രമല്ല, വിശ്വസിച്ച് അച്ചന്റെ മാദ്ധ്യസ്ഥ്യം തേടിയ പല മക്കൾക്കും ഇതൊരു യാഥാർത്ഥ്യമായിട്ടുണ്ട്.

2. 1933 ൽ തിരുഹൃദയസഭയിലെ ആദ്യകാല അംഗങ്ങളിൽ ഒരാളായ സി. മെറ്റിൽഡാ രോഗം വർദ്ധിച്ച് അത്യാസന്നനിലയിലായി. അച്ചനെ ഒന്നു കാണാൻപോലും സാധിക്കാതെ ഞാൻ

മരിക്കുമല്ലൊ എന്നു പറഞ്ഞു സിസ്റ്റർ വേദനിക്കുന്ന വിവരം കണ്ണാടിയുറുമ്പു പള്ളിയിലായിരുന്ന മത്തായിയച്ചനറിഞ്ഞു: പ്രാർത്ഥിച്ചശേഷം അച്ചൻ പറഞ്ഞു. ഈ രോഗത്താൽ സി. മെറ്റിൽഡാ മരിക്കുകയില്ല. തന്നെയുമല്ല, സി. മെറ്റിൽഡായ്ക്ക് ആ രോഗം ഇനി ഉണ്ടാകുകയുമില്ല. സി.മെററിൽഡാ ആ രോഗ ത്തിൽനിന്നു സുഖം പ്രാപിച്ചു. സിസ്റ്ററിന് പിന്നീട് ഒരിക്കലും ആ രോഗം ഉണ്ടായിട്ടില്ല.

അച്ചനു തന്റെ പ്രവർത്തനങ്ങൾക്ക് പ്രചോദനം ലഭിച്ചിരുന്നതു പ്രാർത്ഥനയിലൂടെയായിരുന്നു. ഒരു ശിശു തന്റെ പിതാവിനോട് എന്നതുപോലെയുള്ള ചേതോവികാരത്തോടെയാണ് അദ്ദേഹം പ്രാർത്ഥിച്ചിരുന്നത്. അതുകൊണ്ട് തന്റെ മരണത്തിനു രണ്ടു ദിവസംമുമ്പ് അദ്ദേഹം പറഞ്ഞു. ഞാൻ പ്രാർത്ഥിച്ചിട്ടുള്ള തൊന്നും ലഭിക്കാതെ പോയിട്ടില്ല എന്ന്.

3. കണ്ണാടിയുറുമ്പ് ക്ലാരമഠത്തിലെ ബ.ആഗ്നസമ്മയുടെ കയ്യിൽ പുളവൻനീര് ബാധിച്ച് അസഹ്യമായ വേദന അനുഭവപ്പെട്ടു. പല മരുന്നുകളും പ്രയോഗിച്ചെങ്കിലും പ്രയോജനപ്പെട്ടില്ല. അവ സാനം രണ്ടു സിസ്റ്റേഴ്സ് കണ്ണാടിയുറുമ്പ് പള്ളിയിൽ പോയി ബ.മത്തായിയച്ചനെ വിവരം അറിയിച്ചു. അച്ചൻ വന്നു മരുന്നു വാങ്ങാനായി ഒരാളെ കല്ലേപ്പള്ളി വൈദ്യന്റെ അടുക്കൽ വിട്ടിട്ട് തിരികെ പോയി പള്ളിയിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. വൈദ്യന്റെ മരുന്നു കയ്യിൽ പുരട്ടി നിമിഷങ്ങൾക്കകം വേദന കുറഞ്ഞ് രോഗശാന്തിയുണ്ടായി. അച്ചന്റെ പ്രാർത്ഥനയുടെ ഫല മായിട്ടാണ് ഈ രോഗശാന്തി ലഭിച്ചത് എന്നാണ് ആഗ്നസമ്മ സാക്ഷ്യപ്പെടുത്തുന്നത്.

4. അച്ചന് പ്രമേഹരോഗം വളരെ കൂടുതലായി. കഠിനവേദനമൂലം കൈകാലുകൾ അനക്കാൻ തന്നെ പ്രയാസമുള്ള അവസ്ഥയിൽ കണ്ണാടിയുറുമ്പ് പള്ളിമുറിയിൽ ശയ്യാവലംബിയായിരുന്ന അവ സരത്തിൽ കണ്ണാടിയുറുമ്പ് ക്ലാരമഠത്തിലെ അന്തേവാസിയാ യിരുന്ന ഒരു അനാഥബാലിക മറിയക്കുട്ടിക്ക് അപസ്മാരരോഗം വർദ്ധിച്ച് മരണലക്ഷണങ്ങൾ കാണിക്കുവാൻ തുടങ്ങി. സിസ്റ്റേഴ്സ് കുട്ടിയെ താങ്ങിയെടുത്ത് ബ.മത്തായിയച്ചന്റെ അടു ക്കലെത്തിച്ചു മറ്റുള്ളവരുടെ സഹായത്തോടെ അച്ചൻ എഴു ന്നേറ്റിരുന്ന് കൈകൾ കൂപ്പി കണ്ണുകളുയർത്തി അല്പനേരം പ്രാർത്ഥിച്ചശേഷം കുട്ടിയുടെ തലയിൽ കൈവച്ച് ആശീർ

വ്വദിച്ചു. തൽക്ഷണം കുട്ടി സുഖം പ്രാപിച്ചു. പിന്നീടൊരിക്കലും മറിയക്കുട്ടിക്ക് പ്രസ്തുത രോഗം ഉണ്ടായിട്ടില്ല.

5. 1988 ൽ കുടക്കച്ചിറ സ്വദേശിയായ മഞ്ഞിലേട്ട് ഔസേപ്പുമാണി തങ്ങൾക്കു ലഭിച്ച അത്ഭുതരോഗശാന്തിയെപ്പറ്റി ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു.

1928 ൽ എന്റെ പെങ്ങൾ ഏലിക്ക് ചിത്തഭ്രമം പിടിപെട്ടു. പല ചികിത്സകളും ചെയ്തെങ്കിലും രോഗം ഭേദപ്പെട്ടില്ല. കദളിക്കാട്ടിൽ ബ. മത്തായിയച്ചൻ തലയിൽ കൈവെച്ചു പ്രാർത്ഥിച്ചാൽ രോഗം സുഖപ്പെടുമെന്നു പലരും നിർദ്ദേശിച്ചതനുസരിച്ച് ഞാൻ പെങ്ങളെ അച്ചന്റെ അടുക്കൽ കൊണ്ടുപോയി. അച്ചൻ അവളുടെ തലയിൽ കൈവെച്ചു പ്രാർത്ഥിച്ചശേഷം ഞങ്ങളെ പറഞ്ഞയച്ചു. അന്നുമുതൽ അവളുടെ അസുഖം മാറി. പിന്നീടൊരിക്കലും ഈ അസുഖം ഉണ്ടായിട്ടില്ല. പെങ്ങൾ ഇപ്പോഴും സുഖമായി ജീവിച്ചിരിക്കുന്നു .

6. ബഹു. മത്തായി അച്ചൻ ഏതോ ആവശ്യത്തിന് മീനച്ചിൽ താലൂക്ക് ഓഫീസിൽ തഹസീൽദാരെ കാണുവാൻ പോയി. സംസാരമദ്ധ്യേ ഏറെക്കാലമായിട്ടും തനിക്ക് മക്കളില്ല എന്നുള്ള തന്റെ ഹൃദയവ്യഥ ആ ബ്രാഹ്മണതഹസീൽദാർ അച്ചനെ അറിയിച്ചു. അച്ചൻ തന്റെ പ്രാർത്ഥന വാഗ്ദാനം ചെയ്തശേഷം കാര്യങ്ങൾ തീർത്ത് തിരികെപ്പോന്നു. കുറെനാൾ കഴിഞ്ഞപ്പോൾ അച്ചൻ കണ്ണാടിയുറുമ്പിൽ താമസിക്കുന്ന കാലത്ത് ഒരു മാന്യൻ അച്ചന്റെ അടുക്കൽ വന്ന് താൻ ആലപ്പുഴയ്ക്കു സ്ഥലം മാറിപ്പോയ മീനച്ചിൽ തഹസീൽദാരാണെന്നു പറഞ്ഞു സ്വയം പരിചയപ്പെടുത്തി. ഏറെക്കാലമായി സന്താനരഹിതനായിരുന്ന തനിക്ക് അച്ചന്റെ പ്രാർത്ഥനയുടെ ഫലമായി ഒരു ആൺകുഞ്ഞിനെ ലഭിച്ചു എന്നുള്ള സന്തോഷവാർത്ത അറിയിക്കുവാൻ ഒരു കുട്ടനിറയെ പലഹാരങ്ങളുമായിട്ടാണ് അദ്ദേഹം എത്തിയത്. നിറഞ്ഞ നന്ദിയോടെ ആ ബ്രാഹ്മണ ഉദ്യോഗസ്ഥൻ യാത്ര പറഞ്ഞു പിരിഞ്ഞു. ആ സമയത്ത് അച്ചന്റെ അടുക്കലുണ്ടായിരുന്ന റിട്ടയേർഡ് ബാങ്കുമാനേജർ ശ്രീ. വി.റ്റി. വർക്കി വടക്കേൽ ആണ് ഇതു വിവരിച്ചിരിക്കുന്നത്.

7. ആദ്യ അംഗങ്ങളിൽ ഒരാളായ ഫിലോമിനാമ്മ ഒരു സംഭവം പറയാറുണ്ടായിരുന്നു. ഫിലോമിനാമ്മ പനിപിടിച്ച് കിടപ്പിലായി. അക്കാലത്ത് പലരും ക്ഷയരോഗം മൂലം അകാലമരണം പ്രാപിച്ചിരുന്നു. തന്മൂലം തനിക്കും ക്ഷയരോഗമാണെന്നും ഉടനെ മരിക്കുമെന്നും ആ അമ്മ ഭയപ്പെട്ടു. ഫിലോമിനാമ്മയുടെ ഏകപുത്രി ഒരു വിദ്യാർത്ഥിനിയായതിനാൽ ആ കുട്ടിയുടെ ഭാവിയെപ്പറ്റിയുള്ള ആശങ്കയാണ് ഫിലോനാമ്മയെ ആകുലപ്പെടുത്തുന്നതെന്ന് മനസ്സിലാക്കിയ അച്ചൻ ഇങ്ങനെ പറഞ്ഞു. സി. ഫിലോമിനാ ഭയപ്പെടേണ്ടാ. മകൾ പഠനം കഴിഞ്ഞ് കന്യാസ്ത്രീയായി മരിച്ച് സ്വർഗ്ഗത്തിലെത്തി വളരെക്കാലം കഴിഞ്ഞേ ഫിലോമിന മരിക്കുകയുള്ളൂ. അതും ദീർഘകാലം രോഗശയ്യയിൽ കിടന്നിട്ട്. ഈ പ്രവചനം അക്ഷരംപ്രതി നിറവേറുകയും ചെയ്തു. സി. ഫിലോമിനായുടെ പുത്രി തിരുഹൃദയസഭയിൽ ചേർന്ന് സി. മേരിയന്ന എന്ന പേര് സ്വീകരിച്ച് നിത്യവ്രതം ചെയ്തു. 1932 ൽ ക്ഷയരോഗം നിമിത്തം മരിച്ചു. ഫിലോമിനാമ്മ പ്രായാധികൃത്താൽ തളർന്ന് നാലര വർഷം കിടന്ന ശേഷമാണ് 1972 ൽ മരണം പ്രാപിച്ചത്. യാതൊരു പരാതിയുമില്ലാതെ സന്തോഷത്തോടും അത്ഭുതത്തോടുംകൂടി അച്ചന്റെ പ്രവചനത്തെപ്പററി ഫിലോമിനാമ്മ മറ്റുള്ളവരോട് പറയുമായിരുന്നു. ഇങ്ങനെ അച്ചന്റെ പല പ്രസ്താവനകളും ഭാവി പ്രവചനങ്ങളായി തീർന്നിട്ടുള്ളത് പരിചിതരായ സിസ്റ്റേഴ്സും മന്ദിരത്തിലെ അന്തേവാസികളും പറയാറുണ്ട്. അശുദ്ധാരൂപിയുടെ ഉപദ്രവങ്ങളിൽ നിന്നും അച്ചന്റെ പ്രാർത്ഥനയാൽ പലരും രക്ഷപ്പെട്ടതായി അനുഭവങ്ങളുണ്ട്. അച്ചൻ അശുദ്ധാരൂപികളോട് അധികാരപൂർവ്വം കല്പിക്കുകയും അവ അനുസരിക്കുകയും ചെയ്തതായി തിരുഹൃദയസഭയുടെ നാളാഗമത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

■

13

# കത്തുകൾ

വിജ്ഞാനപ്രദമായ ഉപദേശങ്ങൾ ഉൾക്കൊള്ളുന്ന അനേകം കത്തുകൾ കഥാപുരുഷൻ പലപ്പോഴായി എഴുതിയിട്ടുണ്ടെങ്കിലും അല്പമായ സൂക്ഷക്കുറവിനാൽ അവയെല്ലാം നഷ്ടപ്പെട്ടു. എങ്കിലും ഭാഗ്യവശാൽ കണ്ടുകിട്ടിയ ചുരുക്കം ചില കത്തുകളാണ് താഴെ ചേർക്കുന്നത്.

## I

പുന്നത്തുറ മഠസ്ഥാപനാർത്ഥം സഹോദരിമാർ പുറപ്പെടുവാൻ തുടങ്ങിയപ്പോൾ എഴുതിയ കത്ത്.

ഈ.മ.യൗ.

കണ്ണാടിയുറുമ്പ്
17-12-1926

മിശിഹായിൽ വാത്സല്യമക്കളെ, മിശിഹായുടെ പ്രിയമണവാട്ടികളേ,

ദൈവം തനിക്ക് പുതുതായി തുറക്കുവാൻ തിരുമനസ്സായിരിക്കുന്ന ജ്ഞാനപൂന്തോട്ടത്തിന്റെ ചെറുപുഷ്പച്ചെടികളെ ഞാൻ വഴിയായി പാലാ തിരുഹൃദയത്തോട്ടത്തിൽ ദൈവം നട്ടുനനച്ച്,

വളമിട്ട്, വളർത്തിവന്ന ചെടികളിൽനിന്നും മുറിച്ച് മറ്റ് സ്ഥലത്ത് നടുവാനായി കൊടുത്തയയ്ക്കുന്നതിന് എന്റെ കീഴംശം ദു:ഖസാഗരത്തിൽ മുങ്ങിനീന്തിത്തുടിക്കുന്നു. എങ്കിലും എന്റെ ഇഷ്ടം വേണ്ട ദൈവഇഷ്ടം നിറവേറട്ടെ എന്ന് മേലംശം എന്നോടു കല്പിച്ചതു പോലെതന്നെ ഞാൻ സന്തോഷത്തോടെ മുറിച്ച്, നിങ്ങളെ (നാലു കൊമ്പുകളെ) അധികമകലത്തല്ലാത്ത പുന്നത്തുറ നിവാസികളുടെ മദ്ധ്യേ ഊന്നുവാനായി അല്ലെങ്കിൽ നടുവാനായി അയയ്ക്കുന്നു. അവിടെ ഈ കൊമ്പുകൾ ചുവടുപിടിച്ച്, കിളിർത്ത്, പൂക്കളും കായ്കനികളും ധാരാളമായി ഉണ്ടായി ദൈവത്തേയും നിങ്ങൾക്ക് ഉപകാരസഹായം ചെയ്യുന്നവരേയും അതിയായി തൃപ്തിപ്പെടുത്തുകയും പ്രസാദിപ്പിക്കുകയും ചെയ്യട്ടെ. ഞാനും നിങ്ങളും മരിക്കുന്നതിനുമുമ്പ് ഒരു മാറ്റവും പകർച്ചയും വരുമെന്ന് ഞാൻ സ്വപ്നേപി വിചാരിച്ചിരുന്നില്ലെങ്കിലും ദൈവം കണ്ടറിഞ്ഞിരുന്നു. ഈ സമയം വരുന്നതിനു മുൻപെ പാവപ്പെട്ട എന്റെ ഹൃദയത്തെ ഞാൻ ഒരുക്കുവാൻവേണ്ടി സുഖക്കേടിനെ എനിക്ക് യാത്രയാക്കി. മരിച്ച് പരലോകത്തിലേയ്ക്ക് പോയവരെ നാം ചെന്ന് കാണാമെന്ന് ശരണപ്പെടുന്നതുപോലെ നാം തമ്മിലും ഈലോകത്തിലും പരലോകത്തിലും കാണാമെന്ന് വിചാരിക്കുന്നു. അവരെ എല്ലാ ദിവസവും ഞാനോർക്കുകയും അപേക്ഷിക്കുകയും ചെയ്യുമെന്ന് ഈ എഴുത്ത് വഴിയായി ഞാൻ വാഗ്ദാനം ചെയ്യുന്നു. മരിച്ച കുഞ്ഞുങ്ങൾ എന്റെ നല്ല നിയോഗത്തെ നിറവേറ്റാൻ തയ്യാറായിരുന്നതുപോലെ നിങ്ങളും ആയിരിക്കുമെന്ന് ശരണപ്പെടട്ടെ.

പ്രിയ കുഞ്ഞുമക്കളെ, ധൂളിമാൻ മകൻ പിതാവിനെ വിട്ടകലുന്നതിന് ആഗ്രഹിച്ചത് സ്വാതന്ത്ര്യവും തന്നിഷ്ടജീവിതവും കാരണത്താലാണ്. അപ്രകാരം നിങ്ങളുടേതാകാതിരിക്കട്ടെ.

എന്റെ സ്രഷ്ടാവും രക്ഷിതാവും, ആത്മമണവാളനുമായ ഈശോയുടെ ദിവ്യഹൃദയമെ, എന്നെ ഏല്പിച്ചിരുന്നവരിൽ അഞ്ചു പേരെ അവിടുത്തെ മണവാട്ടികളാക്കി അങ്ങേപ്പക്കലേക്കയച്ചു. ഇപ്പോൾ നാലുപേരെ പുന്നത്തുറ പുതിയ സ്ഥാപനം നിനക്കായി ഉണ്ടാക്കുവാൻ അയയ്ക്കുന്നു. അവരെ ഇതുവരെ സംരക്ഷിച്ചതു പോലെ അവരുടെ മരണപര്യന്തം കാത്തുകൊള്ളണമെ. ഇവരിലുള്ള എന്റെ സ്നേഹത്തെ ദഹനബലിയായി അങ്ങേയ്ക്കു സമർപ്പിക്കുന്നു.

മിശിഹായിൽ സ്നേഹിക്കപ്പെട്ട എന്റെ ജ്ഞാനമക്കളെ, നിങ്ങളുടെ സഭ ക്ലാരപ്പുണ്യവതിയുടെ ലഘൂകരിച്ച സഭയും, അതിൽ നിന്ന് എ.പെ.പെ.ബ. കുര്യാളശ്ശേരി മെത്രാനച്ചൻ വസ്ത്രംകൊണ്ടും നിറം കൊണ്ടും പത്രമേനിയുടെ തുക കൊണ്ടും അല്പം വ്യത്യാസപ്പെടുത്തി സാധാരണസ്ഥിതിയിലുള്ളവരുടേയും, അനാഥരുടേയും, പാവപ്പെട്ട കന്യകകളുടേയും സംരക്ഷണയ്ക്കും പുണ്യസാംഗോപാംഗജീവിതത്തിനും ഉതകണമെന്നുള്ള നിയോഗത്തോടെ സ്ഥാപിച്ചതു നിങ്ങൾ മറന്നു കളയരുതെ. ഇപ്രകാരമുള്ള സ്ഥാപനം ഇക്കാലവസ്ഥയ്ക്ക് അത്യാവശ്യമാകുന്നു. അതുകൊണ്ടാണ് നമ്മുടെ സ്ഥാപനം ഇത്രയും ഉന്നതിയെ പ്രാപിക്കുകയും വേറൊന്നുകൂടി ഉണ്ടാകുവാൻ ദൈവം ഇടയാക്കുകയും ചെയ്തതെന്ന് ഓർത്തുകൊള്ളണം. ഒരിക്കലും ഇതു വിട്ടുകളയരുത്.

ഈശോയുടെ തിരുഹൃദയഭക്തി, പരിശുദ്ധ അമലോത്ഭവമാതാവിനോടുള്ള ഭക്തി, സഭയുടെ മാദ്ധ്യസ്ഥരായ പുണ്യവതീപുണ്യവാന്മാരോടുള്ള ഭക്തി ഇവ നാൾക്കുനാൾ നിങ്ങളിൽ വർദ്ധിച്ചു വരണം. ഇവരുടെ സഹായത്താൽ എളിമ, പരിശുദ്ധി, ഉപവി, കീഴ്വഴക്കം, ദാരിദ്ര്യം, ദൈവതിരുമനസ്സിന് കണ്ണുമടച്ചു കീഴ്വഴങ്ങൽ, സ്വയം പരിത്യാഗം ഇത്യാദി പുണ്യങ്ങളെ സാംഗോപാംഗമായ വിധത്തിൽ സമ്പാദിക്കണം. തമ്മിൽ തമ്മിലുള്ള ഉപവി എപ്പോഴുമുണ്ടായിരിക്കണം. ഏററക്കുറവുകളെ ക്ഷമിക്കണം.

കുറ്റം കുറവുകൾ പറയരുത്. തന്നെത്താൻ വിധിക്കണം. മറ്റുള്ളവരെ കുറ്റം വിധിക്കരുത്. ആത്മപിതാക്കന്മാരേയും, മററു വൈദികരെയും ബഹുമാനിക്കുകയും സ്നേഹിക്കുകയും കീഴ്വങ്ങുകയും വേണം. ഉപവി- ഉപവി- ഉപവി അല്ലെങ്കിൽ തമ്മിൽ തമ്മിൽ സ്നേഹമായിരിക്കുക. ദൈവം ഉപവിയാകുന്നു. ഉപവിയിൽ വസിക്കുന്നവൻ ദൈവത്തിൽ വസിക്കുന്നു. ദൈവം അവനിൽ വസിക്കുകയും ചെയ്യുമെന്നുള്ള വേദവാക്യം എപ്പോഴും ഓർത്തുകൊള്ളണം. എന്റെ കടശിയിലത്തെ ഈ ഗുണദോഷം നിത്യം ഓർമ്മിക്കുന്നതിനും സ്നേഹത്തിന്റെ അടയാളമായിട്ടും ഇതു നല്കുന്നു.

എന്ന്,

നിങ്ങളുടെ പഴയ ആത്മപിതാവ്

കദളിക്കാട്ടിൽ മത്തായി ക.
ഒപ്പ്)

## II

രാമപുരം തിരുഹൃദയമഠത്തിന്റെ ശ്രേഷ്ഠത്തിയായിരുന്ന സി. മർഗ്ഗരീത്തായ്ക്ക് ആ മഠത്തിന്റെ ആരംഭകാലത്ത് എഴുതിയത്.

ഈ.മ.യൗ.

പാലാപ്പള്ളി
21 ആഗസ്റ്റ് 1931

നന്മസാഗരമായ ഈശോയുടെ തിരുഹൃദയമെ, സകലരും അങ്ങയെ അധികമധികം അറിവാനും സ്നേഹിക്കുവാനും മനോഗുണം ചെയ്യണമെ.

മിശിഹായിൽ അധികം സ്നേഹിപ്പാൻ ആഗ്രഹിക്കുന്ന എന്റെ മകളെ,

അയച്ചിരുന്ന കത്തു കിട്ടി. വായിച്ച്, വളരെ ദൈവത്തിന് സ്തുതിപറയുന്നു. സി. സ്രാഫീനായ്ക്ക് സുഖമില്ലെന്നറിയുന്നതിൽ ഖേദിക്കുന്നു. പ്രാർത്ഥിക്കുന്നു. പുന്നത്തുറ മഠത്തിലെ സി. മേരി അന്നായ്ക്കു സുഖക്കേടു വർദ്ധിച്ചിരിക്കുന്നു. മൂന്നു ദിവസമായിട്ട് വിളിച്ചാൽ മൂളുകമാത്രമേ ചെയ്യുകയുള്ളു. വെള്ളപ്പൊക്കംകൊണ്ട് കന്യാസ്ത്രീകൾ ഇവിടെനിന്നും പോകുവാൻ ശ്രമിച്ചിട്ട് സാധിക്കാതെയിരിക്കുകയാണ്. വെള്ളം താണാൽ കന്യാസ്ത്രീകൾ ഉടനെ പോകുന്നതാണ്. ഇവിടെ എല്ലാവരും പനിപൊറുത്തു ഏറ്റു. സി. കൊച്ചുത്രേസ്യായ്ക്കു സുഖക്കേടു കുറവുണ്ട്, ഇവിടെ വന്നിരിക്കുന്ന പുതിയ ഡോക്ടറുടെ ചികിത്സകൊണ്ടാണ്.

എനിക്ക് ഒരുവിധം സുഖമുണ്ട്. യാത്രചെയ്യുന്നതിനുമാത്രം സുഖമില്ല. കൂടെക്കൂടെ മാറ്റങ്ങളുമുണ്ട്. എങ്കിലും നിങ്ങളുടേയും എന്റേയും ആഗ്രഹങ്ങൾ സാധിക്കാമെന്ന് ദൈവത്തിൽ ശരണപ്പെടുന്നു. എങ്ങനെയായിരുന്നുന്നാലും മഴക്കാലം കഴിഞ്ഞെ പാർത്തിരിക്കേണ്ടു. പിന്നെ, വിശേഷമൊന്നുമില്ല.

മിശിഹായിൽ വാത്സല്യകുഞ്ഞേ, നിന്റെ എഴുത്തിൽ എന്തെല്ലാം ഉദ്ദേശിച്ചിട്ടുണ്ടോ അവയെല്ലാം ഈശോയുടെ ദിവ്യഹൃദയം സാധിച്ചു തരട്ടെ, അപേക്ഷിക്കുകയല്ലാതെ മറ്റൊന്നും ചെയ്യാൻ എന്റെ ബുദ്ധിശക്തിയും ദേഹശക്തിയും മതിയാകുന്നില്ല. ഇപ്പോഴത്തെ എന്റെ ആയുസ്സ് സ്വന്ത പാപപരിഹാരം തീർക്കുവാനായിട്ട് ദൈവം തന്നി

രിക്കുന്നതാകുന്നു. എങ്കിലും നിങ്ങൾക്കുവേണ്ടി പാടുള്ള വേല ചെയ്യാം.

നിങ്ങൾ ദൈവത്തിന് അധികമിഷ്ടമുള്ളവരും തമ്മിൽ തമ്മിലും പരസ്നേഹത്തിലും അധികരിക്കുന്നവരും ആയിത്തീരണം. അല്ലെങ്കിൽ, ആദ്യകാലത്തെ നിങ്ങളുടെ പുണ്യപൂർണ്ണതയെങ്കിലും ഉണ്ടായാൽ ദൈവം അനുഗ്രഹിക്കും. ഒരു സഭയുടെ സ്ഥാപകന്മാർ സാധാരണ പുണ്യപൂർണ്ണതയുള്ളവരായാൽ പോരായെന്നു ചരിത്രവായനകൊണ്ട് ഗ്രഹിക്കാമല്ലൊ. ഓരോ സഭയുടെ ഉദ്ദേശ്യങ്ങൾ, പൊതുനിയോഗം ഒന്നായിരുന്നാലും പ്രത്യേകപുണ്യങ്ങൾ ഓരോന്നിനും ഉണ്ടായിരിക്കണം. ആ മുറയ്ക്കു നമ്മുടെ സഭയുടെ നിയോഗം ഈശോയുടെ തിരുഹൃദയഭക്തി, മറ്റുസന്യാസക്കാരുടേതിൽ കൂടുതൽ നിരൂപണ, വചനം, പ്രവൃത്തി എന്നിവ സകലതിലും ഉണ്ടായിരിക്കണം. സാധാരണക്കാരുടെ സന്യാസവും, പുണ്യജീവിതവും അനാഥരുടെ പരിപാലനവും ആണല്ലോ പ്രധാനലക്ഷ്യം. ഈ ഉദ്ദേശ്യമില്ലാതെ ജീവിക്കുകയും മറ്റു സഭക്കാരുടെ ക്രമങ്ങളും നടപടികളും അവസ്ഥയും, സുഖവും ആഗ്രഹിച്ചും നമ്മുടെ ഉദ്ദേശ്യം മനസ്സിലാക്കാത്തവരായ അച്ചന്മാരും അല്മേനികളും പറയുന്ന ന്യായങ്ങളും കേട്ട് അതിൻപ്രകാരം ജീവിച്ചാൽ പുതിയ സഭകൊണ്ട് എന്തു പ്രയോജനം? ദൈവത്തിനു മററു സഭക്കാരേക്കാൾ എന്തു സ്തുതിയുണ്ടാകും. ഞാൻ നിങ്ങളെ പഠിപ്പിക്കയല്ലാതെ പ്രവൃത്തിയിൽകൊണ്ടുവരുന്നതിനും നിലനിർത്തുന്നതിനും ഉത്സാഹിക്കേണ്ടവർ നിങ്ങളായിരുന്നു. ആയതു നിങ്ങൾ ചെയ്യാഞ്ഞതിനാൽ ദൈവസഹായം കുറയുകയും പഞ്ഞവും പടയും വർദ്ധിച്ചുവരികയും സംഗതികളെല്ലാം കുഴപ്പത്തിലാവുകയും ചെയ്തിരിക്കുന്നു.

ഇനിയെങ്കിലും മൂന്നു മഠംകാരും യോജിച്ച് ഈശോയുടെ തിരുഹൃദയത്തിൽ അഭയം പ്രാപിച്ചുകൊണ്ട് ചെയ്തുപോയ തെറ്റുകൾക്ക് മാപ്പപേക്ഷിച്ചുകൊണ്ട് സാംഗോപാംഗമായി ജീവിതം കഴിപ്പാൻ മുട്ടിപ്പായി അപേക്ഷിപ്പിൻ. ഗോതമ്പിനോടുകൂടി കളഗോതമ്പും മുളയ്ക്കും. അതു വകവയ്ക്കാനില്ല. ഉടയക്കാരൻ അതു ശരിപ്പെടുത്തിക്കൊള്ളും.

ആകയാൽ എന്റെ മക്കളെ, ആദ്യത്തെ നിയോഗപ്രകാരം നിന്റെ സഹോദരിമാരേയും കുഞ്ഞുങ്ങളേയും അഭ്യസിപ്പിക്കുക. മുഴുഹൃദയത്തോടെ ദൈവത്തെ സ്നേഹിക്കുക. കാണപ്പെടുന്ന സഹോദരിമാരെ സ്നേഹിക്കുന്നവർ ദൈവത്തെ സ്നേഹിക്കുന്നവരാകുന്നു

എന്നു ഗ്രഹിച്ചുകൊൾക. ഇവ നിങ്ങളിൽ ഇപ്പോൾ ഉണ്ടെന്ന് എഴു ത്തുകൊണ്ട് ഞാൻ മനസ്സിലാക്കി. ദൈവത്തിനു സ്തുതി പറഞ്ഞു കൊണ്ട് എല്ലാവരേയും ആശീർവ്വദിക്കുന്നു.

എന്ന്,

സ്വ. കദളിക്കാട്ടിൽ മത്തായി ക.
(ഒപ്പ്)

III

പുന്നത്തുറ തിരുഹൃദയമഠത്തിൽനിന്നും 1933 സെപ്തംബർ 21-ന് വി. മത്തായിശ്ലീഹായുടെ തിരുനാൾദിനം അയച്ച മംഗള കത്തിന് മറുപടി.

ഈശോയുടെ തിരുഹൃദയത്തിന് സ്തുതി

പാലാപ്പള്ളി
2-10-1933

മിശി. അ. വാത്സല്യ ബ.സഹോദരിമാരേ,

എന്റെ ജ്ഞാനമക്കളെ,

നിങ്ങൾ വി. മത്തായിശ്ലീഹായുടെ തിരുനാൾ പ്രമാണിച്ച് അയ ച്ചിരുന്ന ജ്ഞാനപൂക്കെട്ടുകൾ കിട്ടി. ദൈവത്തിന് സ്തുതിയും സ്തോത്രവും നിങ്ങൾക്കു വളരെ ഉപകാരവും പറഞ്ഞുകൊള്ളുന്നു. അന്നത്തെ വി.കുർബാനയിൽ നിങ്ങളേവരേയും പ്രത്യേകം ഓർത്തു. നമ്മുടെ സഭയുടെ ഇരുപ്രകാരമുള്ള ഉന്നതിക്കായും എല്ലാവകനന്മ കളും വി. മത്തായിശ്ലീഹായുടെ മാദ്ധ്യസ്ഥാപേക്ഷയാൽ ലഭിക്കു ന്നതിനായും ഞാൻ പ്രാർത്ഥിച്ചു. ഈശോയുടെ തിരുഹൃദയം നിങ്ങ ളോരോരുത്തരേയും അനുഗ്രഹിക്കട്ടെ. എനിക്കും ബഹു. അമ്മ മാർക്കും വിശേഷിച്ച് സുഖക്കേടൊന്നുമില്ലെന്നു പറയാം. ബഹു. പ്ലമേനാമ്മയ്ക്കും കുറെ സുഖമുണ്ട്.

പ്രിയ കുഞ്ഞുങ്ങളെ,

കൊച്ചുത്രേസ്യാപ്പുണ്യവതിയെപ്പോലെ കൊച്ചായിരിപ്പാനും, സ്നേഹത്തെപ്രതി ഈശോയുടെ തിരുഹൃദയത്തിനു സ്തുതിയും വണക്കവും ശുശ്രൂഷയും ചെയ്യുവാനും ഉത്സാഹിക്കുക. ശിക്ഷയെ പേടിച്ചല്ലായിരിക്കണം. അതുപോലെ തന്നെ ത്യാഗം ചെയ്യുന്നതും

ഈ സ്നേഹത്തെക്കുറിച്ചായിരിക്കണം. കൊച്ചുത്യാഗവും ഈശോയ്ക്കിഷ്ടമാണ്.

അനാഥശാലയും അനാഥരും നമ്മുടെ സഭയുടെ വിശേഷ പുണ്യപ്രവൃത്തികളാണെന്ന് പ്രത്യേകം ഓർമ്മിക്കണം. അവർക്കുവേണ്ടിചെയ്യുന്ന നിസ്സാരവേലയും ഈശോയ്ക്കാണ് ചെയ്യുന്നതെന്നു വിചാരിച്ചുകൊണ്ടു എല്ലാ ബുദ്ധിമുട്ടുകളും ക്ഷമയോടെ സഹിക്കണം. ശേഷം പിന്നീട്,

എന്ന്

ഈശോയുടെ തിരുഹൃദയദാസൻ
കദളിക്കാട്ടിൽ മത്തായി ക.
(ഒപ്പ്)

IV

പുന്നത്തുറ ചെറുപുഷ്പകന്യകാമഠത്തിന്റെ ശ്രേഷ്ഠത്തി
സി. സ്രാഫീനായ്ക്ക്,

മിശി. വാത്സല്യ ബ.കുഞ്ഞേ,

അയച്ചിരുന്ന എഴുത്തുകൾ കിട്ടി. ഉടുപ്പീടിലിനു വരുവാൻ സാധിക്കുകയില്ല. അന്നേദിവസം ഒരു പുതുക്രിസ്ത്യാനിയുടെ കല്യാണമുണ്ട്. പ്രത്യേകം അപേക്ഷിക്കാം.

നിങ്ങൾ എല്ലാക്കാര്യത്തിലും ഈശോയുടെ തിരുഹൃദയത്തിന്റെ സ്തുതി വർദ്ധിപ്പിക്കുന്നതിന് ഉത്സാഹിക്കണം. അവ സാധിക്കുന്നതിന് എളിമ, ദാരിദ്ര്യം, അനുസരണം, സാധുശീലം സഹോദരസ്നേഹം മുതലായ പുണ്യാഭ്യാസം എല്ലാവരിലും ഉണ്ടാവണം. അവനവന്റെ അന്തസ്സിനുവേണ്ട സൂക്ഷങ്ങൾ കാക്കണം. ദൈവത്തേയും പൊതുജനങ്ങളേയും ഭയപ്പെടണം.

ശേഷം കാഴ്ചയിൽ,

സഭാവസ്ത്രം ധരിപ്പാൻപോകുന്ന സഹോദരികളെ,

നിങ്ങൾ ആഗ്രഹിക്കേണ്ടത് എളിമയും ശാന്തഗുണവുമുള്ള ഈശോയുടെ തിരുഹൃദയത്തിന്റെ മണവാട്ടികൾ ആകുവാനായിരിക്കണം. അതിനായി തൊഴുക്കൂടുമുതൽ ഗാഗുൽത്താമലവരെ ഈശോ കാണിച്ചുതന്നു പഠിപ്പിച്ചിട്ടുള്ള പാഠം നന്നായി പഠിച്ചുകൊള്ളണം.

എന്ന്,

ഈശോയുടെ തിരുഹൃദയദാസൻ
കദളിക്കാട്ടിൽ മത്തായി ക.
(ഒപ്പ്)

V

പാലാ മഠത്തിന്റെ ശ്രേഷ്ഠത്തിയായിരുന്ന സി.അനസ്താസ്യാ (തെക്കേക്കണ്ടം) ധർമ്മപ്പിരിവിനായി പുളിങ്കുന്ന് കർമ്മലീത്താ മഠത്തിൽ പോയി താമസിക്കുമ്പോൾ എഴുതിയ കത്തിനു മറുപടി.

പാലാപ്പള്ളി
3-4-1935

ഏ.പ്രി.ബ. സഹോദരിമാരെ,

കഴിഞ്ഞ മാസം 29-ാം തീയതി അയച്ചിരുന്ന എഴുത്തു കിട്ടി. നിങ്ങൾക്കു വിശേഷ സുഖക്കേട് ഒന്നുമില്ലെന്നു കാണുന്നതിനാൽ ദൈവത്തിന് സ്തുതി പറയുന്നു. ഇവിടെ ആർക്കും വിശേഷ സുഖക്കേടൊന്നുമില്ല. എല്ലാവരും ചോദിച്ചിരിക്കുന്നു. അപേക്ഷിക്കുന്നു. അപേക്ഷിക്കാം.

ഇവിടെ നല്ല മഴ പെയ്തു. ആറ്റിൽ വെള്ളം വന്നു. ചീരാങ്കുഴിക്കാരന്റെ പുരയിടം വാങ്ങാൻ അനുവദിച്ചു കല്പന വന്നിട്ടുണ്ട്. പണികൾ - കല്ലു പൊട്ടിക്കുന്നുണ്ട്. അറുപ്പും തുടങ്ങി. കപ്പയും ഇന്നു ഇടും. ളാലത്തിലേയും പുത്തൻ പള്ളിയിലേയും ബഹു.വികാരിയച്ചന്മാർക്ക് മാറ്റമാണ്. ളാലത്തിൽ തൊട്ടീലച്ചനാണ്. വെട്ടത്തപ്പൂപ്പൻ ഇന്നലെ മരിച്ചു. ബഹു. കൊട്ടാരത്തിലച്ചൻ കഴിഞ്ഞ മാസം 23 നു മരിച്ചു. മുണ്ടാങ്കലായിരുന്നു കബറടക്കം. ഞാൻ പോയിരുന്നു. ബഹു. അന്ത്രയോസച്ചനെ കണ്ടു. വിശേഷസുഖക്കേട് ഒന്നുമില്ല. കക്കൂസ് പണിക്ക് വല്ലതും തരുമെന്ന് അപ്പോൾ എന്നോടു പറഞ്ഞു.

നിന്നെ ഒരിക്കൽ അല്പം പിണക്കിയെന്നും അപ്പോൾ കൈവശം ഒന്നും ഇല്ലാഞ്ഞിട്ടായിരുന്നുവെന്നും പറഞ്ഞു. ഗുരുത്തിയമ്മയും മററും പിന്നീട് അവിടെ ചെന്നസമയം അമ്പതു രൂപാ കൊടുത്തയച്ചു. ദൈവത്തിനു പ്രത്യേകം സ്തുതി പറയുക. നാളെ ഓടിന് പുന്നത്തുറയ്ക്ക് പോകുവാൻ ഒരുങ്ങിയിരിക്കുന്നു. പിന്നെ, പറയത്തക്ക വിശേഷമൊന്നുമില്ല.

നിങ്ങളുടെ ബുദ്ധിമുട്ടും വേലയും ഫലം കൂടാതെ വരാതിരിപ്പാൻ നല്ല നിയോഗം വച്ചുകൊണ്ടും അപേക്ഷിച്ചുകൊണ്ടും യാത്ര ചെയ്യുവിൻ. കിട്ടുന്നതുകൊണ്ട് തൃപ്തിപ്പെടുക. ലൗകിക ഫലത്തേക്കാൾ ആത്മീയഫലത്തെ ആശിച്ചുകൊള്ളണം. നിങ്ങളെ സ്വീകരിച്ച് വേണ്ട സഹായം ചെയ്തു കൊണ്ടിരിക്കുന്ന എല്ലാവരേയും ഞാൻ ചോദിച്ചിരിക്കുന്നു. അപേക്ഷിക്കുന്നു. പ്രത്യേകം നിങ്ങളെ താമസിപ്പിക്കുന്ന മഠംകാരേയും ഞാൻ ചോദിച്ചിരിക്കുന്നുവെന്നും നന്ദിപറഞ്ഞുകൊണ്ട് അവർക്കുവേണ്ടി പ്രത്യേകം അപേക്ഷിക്കുന്നുവെന്നും പറയണം. ഈശോയുടെ ദിവ്യഹൃദയം നിങ്ങളേവരേയും ആശീർവ്വദിക്കട്ടെ,

എന്ന്,

ഈശോയുടെ തിരുഹൃദയദാസൻ<br>
കദളിക്കാട്ടിൽ മത്തായി ക.<br>
(ഒപ്പ്)

ഇവ കൂടാതെ കഥാനായകൻ തന്റെ മേലധികാരികൾക്ക് ഓരോ ആവശ്യം പ്രമാണിച്ച് അയച്ചിട്ടുള്ള നിരവധി അപേക്ഷകൾ പാലാ തിരുഹൃദയ മഠം വക പഴയ രേഖകളുടെ കൂട്ടത്തിൽ കാണ്മാനുണ്ട്. അവയിൽ ചില കത്തുകൾ താഴെ ചേർക്കുന്നു.

I

എ.പെ.പെ.ബ. എന്റെ പിതാവേ, കഴിഞ്ഞ കന്നി 21 നു അങ്ങേ അനുവാദപ്രകാരം പാലാ തിരുഹൃദയ ഭവന കപ്പേളയിൽ ദിവ്യപൂജ അണച്ചു. എന്റെ ബലിയെ പെ. ബ. പിതാവും ഈശോയും വന്നു സന്ദർശിച്ചതിൽ എനിക്കു വളരെ സന്തോഷവും ബുദ്ധിമുട്ടുകൾക്ക് ആശ്വാസവുമുണ്ടായി. അതിനാൽ അന്ന് ഈശോയുടെ തിരുഹൃദയത്തിന് സ്തുതി സ്തോത്രം ചെയ്യുകയും പിതാവിനുവേണ്ടി വിശുദ്ധ കുർബാനയിൽ പ്രത്യേകം ഞാൻ അപേക്ഷിക്കുകയും ചെയ്തു.

ഇനി, അങ്ങേ നാമകാരണനായ വി. തോമ്മാശ്ലീഹായുടെ തിരുനാളായ ധനു 21 നു കൂടെ പ്രസ്തുത കപ്പേളയിൽ ദിവ്യപൂജ അണയ്ക്കുന്നതിനും അന്നേദിനം സഭ നിശ്ചയിച്ച് പിതാവു തെരഞ്ഞെടുത്തിരിക്കുന്ന അർത്ഥിനികൾക്ക് തലമുണ്ട് എന്നു പറഞ്ഞു വരുന്ന ശിരോവസ്ത്രം ധരിപ്പിക്കുന്നതിനും വിയാസാക്ര സ്ഥാപിക്കുന്നതിനും - വാക്കാൽ അനുവദിച്ചിരുന്നുവെങ്കിലും എഴുത്താലുള്ള കല്പനയിൽ അനുവദിച്ചതായി കാണാഞ്ഞതിനാൽ, ഇതേവരെ സ്ഥാപിച്ചിട്ടില്ലാത്തതിനാൽ ആയതിനും - വേണ്ട അനുവാദ കല്പനയുണ്ടാവാറാകണമെന്ന് അപേക്ഷിക്കുന്നു.

പാലായിൽ പിതാവു വന്ന സമയം ടി. അർത്ഥിനികൾക്കായിട്ട് ഏതു സഭയാണെന്ന് ദൈവം പിതാവിനെ തോന്നിക്കുന്നതിന് അപേക്ഷിക്കണമെന്ന് കല്പിച്ചിരുന്നപ്രകാരം പ്രത്യേകം അപേക്ഷിച്ചു വരുന്നു. ദൈവതിരുമനസ്സു പോലെ പിതാവിനു തോന്നുമെന്നു ശരണപ്പെട്ടുകൊണ്ടാണ് എന്റെ ആഗ്രഹത്തെ പിതാവിന്റെ മനസ്സിനു വിട്ടു തന്നിരിക്കുന്നത്. ഇങ്ങനെ, എന്റെ മനസ്സിനെ ഉപേക്ഷിച്ചിട്ട് രണ്ടു വർഷം ആകുവാൻ പോകുന്നു. ആയതിനാൽ ഈ അപേക്ഷ കിട്ടിയിട്ടു ചൊല്ലുന്ന കുർബാന കഴിഞ്ഞ്, ഈശോയുടെ തിരുഹൃദയത്തോടു ചോദിച്ചു, തിരുഹൃദയസ്തുതിയും പാവപ്പെട്ടവരുടെ സന്യാസവും അനാഥരുടെ സംരക്ഷണവും ഏറ്റം വിശേഷമായി പിതാവിന്റെ ഭരണത്തിൻകീഴ് നടക്കത്തക്കവണ്ണം ഒരു സഭയോടു യോജിപ്പിച്ച് ഇന്ന സഭയെന്നു നിശ്ചയിച്ച് മനോഗുണത്തിനടുത്ത കല്പനയും എന്റെമേൽ പിതാവിനടുത്ത ആശീർവ്വാദവും ഉണ്ടാവാറാകണമെന്നും അപേക്ഷിക്കുന്നു.

1916 വൃശ്ചികം 4 നു
കദളിക്കാട്ടിൽ മത്തായി ക.
(ഒപ്പ്)

II

ചങ്ങനാശ്ശേരി മിസത്തിന്റെ എ. പെ. പെ. ബ. വി. അ. മെത്രാനച്ചനെ കണ്ണാടിയുറുമ്പു മഠത്തിന്റെ കപ്ലോൻ കദളിക്കാട്ടിൽ മത്തായി കത്തനാർ ബോധിപ്പിക്കുന്നത്.

1. ഈശോയുടെ തിരുഹൃദയത്തിന് കുടുംബങ്ങളെ പ്രതിഷ്ഠിക്കുന്നതിനുവേണ്ട അനുവാദങ്ങൾ നൽകുമാറാകണമെന്നും,

2. പാലാ തിരുഹൃദയമഠത്തിലെ സഹോദരിമാർക്ക് സഭ നിശ്ചയിച്ചും ക്രമചട്ടങ്ങൾ കല്പിച്ചും സഭാവസ്ത്രം, തലമുണ്ട് മുതലായവ കൊടുക്കുന്ന സംഗതിയെപ്പറ്റി കഴിഞ്ഞ മാസത്തിൽ പെ. ബ. സെക്രട്ടറി അച്ചൻ വഴിയായി ബോധിപ്പിച്ച അപേക്ഷയ്ക്ക് ഇതുവരെ യാതൊരു കല്പനയും കിട്ടാത്തതിനാൽ ആ സംഗതികൾക്കും മനോഗുണത്തിനടുത്ത കല്പനയുണ്ടാവാറാകണമെന്നും,

3. കണ്ണാടിയുറുമ്പ് കപ്പേളയിൽച്ചേർന്നു നടന്നുവരുന്ന പുതുക്രൈസ്തവരുടേയും സമീപമുള്ള പുലയർ മുതലായ താണ ജാതിക്കാരുടേയും ഉപയോഗത്തിനായി ഒരു സ്കൂൾ സ്ഥാപിച്ചു നടത്തുന്ന സംഗതിയെപ്പററി മുൻപ് ഞാൻ ബോധിപ്പിച്ചതിന് ഈ കഴിഞ്ഞ ഇടവം മുതല്ക്ക് വല്ലതും സഹായിക്കണമെന്ന് കല്പിച്ചിരുന്നു. അതിനെ ശരണപ്പെട്ടുകൊണ്ട് പഠനം തുടങ്ങുകയും കുറെ കഴിഞ്ഞപ്പോൾ ഗവൺമെന്റിൽനിന്നും ഗ്രാന്റ് തരാമെന്ന് അസിസ്റ്റന്റ് ഇൻസെപ്കടർ പറഞ്ഞതനുസരിച്ച് പള്ളിക്കൂടം പണി ആരംഭിക്കുകയും എട്ടുരൂപാ ശമ്പളത്തിൽ ഒരു വാദ്ധ്യാരെ നിയമിക്കുകയും ചെയ്തു. ഏതാനും സ്കൂൾ സാമാനങ്ങൾ ഉണ്ടാക്കുകയും ചെയ്തിരുന്നു. കുട്ടികൾ 27 പേരെ ചേർത്തിട്ടുണ്ട്. ഇനിയും വരാനുണ്ട്. എല്ലാ സംഗതികളും നടക്കുന്നതിനും പണം കൂടി ആവശ്യമാണ്. അതിനാൽ പെ. പെ. ബ. പിതാവിന്റെ ദയവുണ്ടായിട്ട് കുറെ പണമെങ്കിലും (25) രൂപാ അയച്ചുതന്നാൽ അത്യാവശ്യപ്പെട്ട പണിയും സാമാനങ്ങളും ഉണ്ടാക്കിക്കൊടുക്കാം. ഞാനും ശേഷമുള്ള ഔദാര്യസ്വഭാവികളുംകൂടി പോരാത്തത് നിവർത്തിച്ചുകൊള്ളാം.

4. ടി സ്കൂളിന് ഗ്രാന്റ് കിട്ടുന്ന സംഖ്യ കിഴിച്ച് 3 രൂപാ കൂടി മാസം തോറും വേണ്ടി വരുന്നതും ആ തുക പെ. പെ. ബ. പിതാവ് തരുമാറാകണമെന്നും ഞാനപേക്ഷിക്കുന്നു.

മേൽ ലക്കങ്ങളിൽ ബോധിപ്പിച്ചിരുന്ന സംഗതികളെപ്പറ്റി ദയവുണ്ടായി ആലോചിച്ച് മനോഗുണത്തിനടുത്ത കല്പനയും എന്റെമേൽ പിതാവിനടുത്ത ആശീർവ്വാദവുമുണ്ടാകാറാണമെന്നും ഞാനപേക്ഷിക്കുന്നു.

1918 ജൂൺ 4ന്
കദളിക്കാട്ടിൽ മത്തായി ക.
(ഒപ്പ്)

## III

ചങ്ങനാശ്ശേരി മിസത്തിന്റെ എ. പെ. പെ. ബ. വി. അ. മെത്രാനച്ചനെ പാലാ തിരുഹൃദയമഠത്തിന്റെ കപ്ലോൻ കദളിക്കാട്ടിൽ മത്തായി കത്തനാർ ബോധിപ്പിക്കുന്നത്.

1. ഈ മഠത്തിൽനിന്നും നാലു കന്യാസ്ത്രീകളെ ആശുപത്രി ശുശ്രൂഷയ്ക്കായി ഈ സ്ഥലത്തെ അപ്പോത്തിക്കിരി ആവശ്യപ്പെട്ടിരിക്കുന്നു. പെ. പെ. ബ. പിതാവിന് കൊള്ളാമെന്ന് തോന്നുകയും ഈശോയുടെ തിരുഹൃദയത്തിന്റെ സ്തുതിക്കും ആത്മാക്കളുടെ രക്ഷയ്ക്കും ഈ സഹോദരിമാരുടെ സാംഗോപാംഗമായ പുണ്യജീവിതത്തിന് ഉതകുകയും ചെയ്യുമെങ്കിൽ അതിനുവേണ്ട അനുവാദ കല്പനയുണ്ടാകുമാറാകണം.

2. ഈ ജോലി ചെയ്യുവാൻ പരിശീലിപ്പിക്കുമെന്നും ആയതിന് മനസ്സുള്ളവരെ ആഴ്ചയിൽ രണ്ടു പ്രാവശ്യം ആശുപത്രിയിൽ അയയ്ക്കണമെന്നും പറഞ്ഞിട്ടുണ്ട്.

ഈ സംഗതിയെപ്പറ്റി പെ. പെ. ബഹു. പിതാവ് പരിശുദ്ധ കുർബാനയിൽ എഴുന്നള്ളിയിരിക്കുന്ന ഈശോയുടെ തിരുഹൃദയത്തോട് ചോദിച്ചിട്ട് അങ്ങേയ്ക്ക് തോന്നിക്കുന്നതിനെ എന്നോട് ദയയുണ്ടായി കല്പിക്കുമാറാകണമെന്ന് അപേക്ഷിക്കുന്നു. കല്പന കിട്ടിയതിനുശേഷമേ സമ്മതിച്ചു പറയുകയോ ഉപേക്ഷിച്ചു പറയുകയോ ചെയ്കയുള്ളു. ഈ പാവപ്പെട്ട സഹോദരിമാരോട്, ഞാൻ ചോദിച്ചിട്ട് പെ. പെ. ബ. പിതാവ് അനുവദിക്കുന്നതാകയാൽ പോകാമെന്ന് പറഞ്ഞിട്ടുണ്ട്. ഇവരെപ്പറ്റി എനിക്ക് ഒരുവിധം വിശ്വാസമുണ്ട്. അതിനാൽ വിടാമെന്ന് തോന്നുന്നുണ്ട്. പിന്നീടുള്ള സംഗതിയിൽ എങ്ങനെയൊക്കെ സംഭവിക്കുമെന്ന് ഒരു ധൈര്യവും തോന്നുന്നില്ല. ഇതിലുള്ള ദൈവതിരുമനസ്സുപോലെ തമ്പുരാനിൽ ഞാൻ ആശ്രയിച്ചുകൊണ്ട് ദൈവത്തോടപേക്ഷിക്കുന്നു. എ. പെ. പെ. പിതാവെ, മേൽ വിവരിച്ചിരിക്കുന്ന സംഗതികളെ ദയവായി ആലോചിച്ചും ദൈവതിരുമനസ്സറിഞ്ഞും മനോഗുണത്തിനടുത്ത കല്പനയും എന്റെമേൽ പിതാവിനടുത്ത ആശീർവ്വാദവും ഉണ്ടാവാറാകണമെന്ന് താഴ്മയോടെ അപേക്ഷിക്കുന്നു.

1920 ഫെബ്രു. 5 ന്
കദളിക്കാട്ടിൽ മത്തായി ക.
(ഒപ്പ്)

## IV

ചങ്ങനാശ്ശേരി രൂപതയുടെ എ. പെ. പെ. ബ. മെത്രാനച്ചനെ പാലാ തിരുഹൃദയമഠത്തിന്റെ കപ്ലോൻ കദളിക്കാട്ടിൽ മത്തായി കത്തനാർ ബോധിപ്പിക്കുന്നത്.

1. ഈ മഠത്തിൽ ദീനമായി കിടന്നിരുന്ന ബഹു.സഹോദരി, കൊച്ചുത്രേസ്യാ അന്ത്യകൂദാശകളൊക്കെയും കൈകൊണ്ട് കഴിഞ്ഞ മാസം 30 ന് കർത്താവിൽ ദീർഘനിദ്ര പ്രാപിച്ചിരിക്കുന്നുവെന്നുള്ള ദു:ഖവിവരം ബോധിപ്പിച്ചുകൊള്ളുന്നു.

2. രാമപുരത്ത് വി. കൊച്ചുത്രേസ്യാ പുണ്യവതിയുടെ നാമത്തിൽ പണികഴിച്ചിട്ടുള്ള മഠത്തിലേക്ക് നാല് കന്യാസ്ത്രീകളെ അവിടുത്തെ കല്പനയനുസരിച്ച് അയച്ചിരിക്കുന്നു. ബ. സി. അനസ്താസ്യാ, സി. മെറ്റിൽഡാ, സി. ഫ്രാൻസിസ്ക്കാ. – ഈ സഹോദരി വയസ്സിയും വശക്കേടുകാരിയും ആണ്. അതിനാൽ സ്ഥിരമായി അവിടെ താമസിപ്പാൻ കൊള്ളുകയില്ലെന്നാണ് താഴ്മയായ എന്റെ അഭിപ്രായം. ഇവരെ, ആരും സുഖമുള്ളവർ ഇല്ലാഞ്ഞിട്ട് തല്ക്കാലത്തേക്ക് അയച്ചുവെന്നേയുള്ളു. പുന്നത്തുറനിന്നും ബഹു. സഹോദരി മർഗ്ഗരീത്തായെ രാമപുരത്തിലെ ശ്രേഷ്ഠത്തിയായി നിശ്ചയിച്ചുകൊടുക്കുന്നതായാൽ ക്രമചട്ടങ്ങളെ ശരിയായി കാർപ്പിച്ചും മഠത്തിന്റെ ഇരുപ്രകാരമുള്ള ഉന്നതിയെ ലാക്കാക്കി ഭരിച്ചുകൊണ്ടുപോകുമെന്നും എന്റെ അല്പബുദ്ധിക്കു തോന്നുന്നതിനാൽ പാടുള്ള വേഗത്തിൽ, കൊള്ളാമെന്ന് പെ. പെ. ബഹു. പിതാവിനു തോന്നുന്നെങ്കിൽ നിശ്ചയിച്ചു കല്പനയുണ്ടാവാറാകണമെന്ന് അപേക്ഷിക്കുന്നു.

3. ഈ മഠത്തിൽ പറഞ്ഞൊപ്പു ചെയ്ത കന്യാസ്ത്രീകൾ 6 പേരുണ്ടെങ്കിൽ രണ്ടുപേർ വല്യ സുഖക്കേടിൽ കിടപ്പാണ്. നാലുപേർ ഒരു വിധം എഴുന്നേറ്റു നടക്കുന്നുവെന്നേയുള്ളു. അതിനാൽ പുന്നത്തുറനിന്ന് ഒരാളെ അയക്കേണ്ടത് അത്യാവശ്യമാണ്. സി. ഫ്രാൻസിസ്ക്കായെ അവിടെ സ്ഥിരമായി താമസിപ്പിക്കണ്ടായെന്നും ദു:ഖസാഗരത്തിൽ നീന്തുന്ന എന്റെമേലും പാവപ്പെട്ട സഹോദരിമാരുടെ മേലും പഞ്ഞംകൊണ്ടു വലയുവാൻ പോകുന്ന അനാഥക്കുഞ്ഞുങ്ങളുടെമേലും പിതാവിനടുത്ത ആശീർവ്വാദം ഉണ്ടാവാറാകണമെന്ന് താഴ്മയായി അപേക്ഷിക്കുന്നു.

കദളിക്കാട്ടിൽ മത്തായി ക.<br>
1929 ഒക്ടോബർ 2<br>
(ഒപ്പ്)

■

14

# അനുഭവസാക്ഷ്യങ്ങൾ

പുണ്യചരിതനായ കദളിക്കാട്ടിലച്ചന്റെ സമകാലീനരും ഓരോരോതരത്തിൽ അദ്ദേഹത്തോടു ബന്ധപ്പെട്ടിരുന്നവരും പരിചയപ്പെടുവാൻ അവസരം ലഭിച്ചിരുന്നവരുമായ ചില ഉന്നതവ്യക്തികളുടെ അനുഭവസാക്ഷ്യങ്ങളാണ് ഈ ഭാഗത്തെ ഉള്ളടക്കം.

## 1. മാർ സെബാസ്റ്റ്യൻ വയലിൽ

(പാലാ രൂപതയുടെ പ്രഥമമെത്രാൻ)

ബഹു. കദളിക്കാട്ടിൽ മത്തായിഅച്ചനെ ഒരു ബാലവിദ്യാർത്ഥി ആയിരുന്നപ്പോൾമുതൽ എനിക്ക് അടുത്തറിയുവാൻ ഇടയായിട്ടുണ്ട്. ഇപ്പോൾ പുതുതായി പണിയിച്ചിരിക്കുന്ന പാലാ കത്തീഡ്രൽ പള്ളിയുടെ സ്ഥാനത്ത് അന്ന് ഒരു ചെറിയ പള്ളി സ്ഥിതിചെയ്തിരുന്നു. മൂന്നുരാജാക്കൻമാരുടെ പള്ളി എന്നാണ് അത് അറിയപ്പെട്ടിരുന്നത്. ആ പള്ളിയിൽവച്ച് ബ. കദളിക്കാട്ടിലച്ചൻ കുട്ടികളെ വേദപാഠം പഠിപ്പിച്ചിരുന്നു. അദ്ദേഹം അക്കാലത്ത് പാലാ വലിയപള്ളിയിൽ അസിസ്റ്റന്റ് വികാരിയായിരുന്നു. രണ്ടുമൂന്നു വർഷത്തോളം ഞാനുൾപ്പെടെയുള്ള കുട്ടികളെ അദ്ദേഹം വേദപാഠം പഠിപ്പിച്ചിരുന്നതായി ഞാൻ ഓർക്കുന്നുണ്ട്. ഒരു സ്നേഹമുള്ള പിതാവ് വാത്സല്യമുള്ള മക്കളെ പഠിപ്പിക്കുന്നതുപോലെയായിരുന്നു അദ്ദേഹത്തിന്റെ

രീതി. കുട്ടികൾ തെറ്റുവരുത്തിയാൽ അദ്ദേഹം കോപിക്കുമായിരുന്നില്ല. തിരുത്തിക്കൊടുക്കുകമാത്രം ചെയ്തിരുന്നു. 33 കൂട്ടം നമസ്ക്കാരം എന്നാണ് അന്ന് പറഞ്ഞിരുന്നത്. നമസ്ക്കാരത്തിന്റെ ഭാഗം പഠിച്ചുകഴിയുമ്പോൾ ചോദ്യോത്തരങ്ങളുടെ ഭാഗത്തേക്കു പ്രവേശിക്കും. നിന്നെ സൃഷ്ടിച്ചതാര് ? എന്നതായിരുന്നു ആദ്യത്തെ ചോദ്യം. സർവ്വശക്തനായ ദൈവം എന്നെ സൃഷ്ടിച്ചു എന്നു മറുപടി. ദൈവം എന്തിനു നിന്നെ സൃഷ്ടിച്ചു? എന്ന് അടുത്ത ചോദ്യം. തന്നെ അറിഞ്ഞുസ്നേഹിച്ചു തന്റെ വിശുദ്ധപ്രമാണങ്ങൾ കാത്തുകൊണ്ട് നിത്യമായി രക്ഷ പ്രാപിക്കാൻ എന്ന് ഉത്തരം. തുടർന്ന് വേദപ്രമാണങ്ങളെപ്പറ്റിയും ചോദ്യോത്തരരീതിയിൽ പഠിപ്പിച്ചിരുന്നു. കൂടാതെ പുണ്യവാന്മാരുടെയും മറ്റും ചരിത്രത്തിൽ നിന്ന് ഉത്തമദൃഷ്ടാന്തങ്ങൾ ഉദ്ധരിച്ചും പഠിപ്പിക്കുമായിരുന്നു.

ഞാൻ പ്രൈമറിസ്കൂളിൽ നാലാംക്ലാസ്സിൽ പഠിച്ചുകൊണ്ടിരുന്നകാലത്ത് അദ്ദേഹം എന്നെയും കുമ്പസാരിക്കുന്നതിനും ദിവ്യകാരുണ്യം സ്വീകരിക്കുന്നതിനും ഒരുക്കി. സ്നേഹമസൃണമായ രീതിയിൽ എത്രയും ലളിതമായ ഭാഷയിൽ നമസ്ക്കാരങ്ങൾ ചൊല്ലിത്തന്ന ആ വന്ദ്യഗുരുവിനെ ഓർക്കുമ്പോൾ ഞാൻ വികാരതരളിതനായിത്തീരുന്നു.

അദ്ദേഹത്തിന്റെ ഉപദേശങ്ങളിൽ പലപ്പോഴും തിരുഹൃദയഭക്തിയെപ്പററി പരാമർശിക്കുമായിരുന്നു. അദ്ദേഹത്തിന്റെ ഹൃദയത്തിൽ ജ്വലിച്ചിരുന്ന തിരുഹൃദയഭക്തിയുടെ ജ്വാല കേൾവിക്കാരിലേക്കെല്ലാം പടർന്നു പിടിച്ചിരുന്നുവെന്നുപറയാം. ആ ഭക്തിജ്വാലയുടെ ഏതാനും സ്പുലിംഗങ്ങൾ എന്റെ ഹൃദയത്തിലും പതിക്കുവാൻ ഇടയായിട്ടുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു.

സെമിനാരികളിൽ പഠിച്ചിരുന്ന കാലത്ത് ഇടക്കാലത്തു പാലായിൽ വരുമ്പോൾ ബ. കദളിക്കാട്ടിലച്ചന്റെ അടുക്കൽ തന്നെ ഞാൻ കുമ്പസാരിക്കുമായിരുന്നു. ഹൃദ്യതയും പ്രായോഗികതയും കലർന്ന ഉപദേശങ്ങൾ നല്കി അദ്ദേഹം എന്നെ അനുഗ്രഹിച്ചിരുന്നു. തെറ്റുകൾ തിരുത്തുന്നതിനും നല്ലവയെ പ്രോത്സാഹിപ്പിക്കുന്നതിനും അദ്ദേഹം ശ്രദ്ധാലുവായിരുന്നു. എന്റെ സ്വഭാവരൂപവല്കരണത്തിൽ സാരമായ ഒരു പങ്ക് അദ്ദേഹം വഹിച്ചിട്ടുണ്ടെന്ന് കൃതജ്ഞതാപുരസ്സരം ഞാൻ ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ.

അദ്ദേഹത്തിന്റെ സംഭാഷണങ്ങളും പ്രസംഗങ്ങളും പാണ്ഡിത്യമോ പ്രാഗല്ഭ്യമോ വിളംബരപ്പെടുത്തുന്നവയായിരുന്നില്ല.

എന്നാൽ അവ തികച്ചും ഭക്തിസംവർദ്ധകങ്ങളും ഹൃദയസ്പർശ കങ്ങളും ആയിരുന്നു.

1935 ൽ ഞാൻ വേനൽക്കാല അവധിക്കു വന്നപ്പോൾ ബ.കദളി ക്കാട്ടിലച്ചൻ വളരെ അവശനായിത്തീർന്നിരുന്നതായിട്ടാണ് കണ്ടത്. പ്രമേഹരോഗം വളരെ മൂർഛിച്ചു. കാലിൽ വ്രണമുണ്ടായി. പോള പൊളിയുന്നതുപോലെ കാലിൽനിന്നും മാംസഭാഗങ്ങൾ പൊളിഞ്ഞു പോയി അദ്ദേഹം വളരെയേറെ വേദന സഹിച്ചു എങ്കിലും അദ്ദേഹ ത്തിന് ഒരു പരാതിയും ഇല്ലായിരുന്നു. ഈശോയുടെ തിരുഹൃദയ ത്തിനുവേണ്ടി എത്ര സഹിച്ചാലും അത്രയും ഭാഗ്യമായി എന്ന് അദ്ദേഹം കരുതിയിരുന്നു.

വീരോചിതമായ പുണ്യങ്ങൾ അദ്ദേഹത്തെ ധന്യനാക്കി. അദ്ദേ ഹത്തിന്റെ ജീവിതം അവിരാമമായ പ്രാർത്ഥനയുടെ ഒരു ജീവിത മായിരുന്നു. അദ്ദേഹത്തോട് ഏതെങ്കിലും വിധത്തിൽ ബന്ധപ്പെട്ടി രുന്നവരെല്ലാം അദ്ദേഹം ദൈവത്തിന്റെ ഒരു മനുഷ്യനാണെന്നു ഏക സ്വരത്തിൽ പറയുമായിരുന്നു.

ഇക്കാരണങ്ങളാൽ അദ്ദേഹത്തെ അൾത്താരയുടെ മഹത്ത്വത്തി ലേക്ക് ഉയർത്തുന്നത് എത്രയും യുക്തവും ഉചിതവുമാണെന്നുള്ള എന്റെ അഭിപ്രായം ഞാൻ ഇവിടെ രേഖപ്പെടുത്തുന്നു.

2. ശാശ്വതസ്മരണാർഹനായ ബഹു.കദളിക്കാട്ടിൽ മത്താ യിച്ചൻ മരിച്ചിട്ട് 50 വർഷം തികയുന്ന ഈ ഘട്ടത്തിൽ അദ്ദേഹ ത്തിന്റെ ആദ്ധ്യാത്മികപുത്രികളായ തിരുഹൃദയസന്യാസിനികൾ തങ്ങളുടെ സഭാസ്ഥാപകന്റെ ജീവചരിത്രസംഗ്രഹം പ്രസിദ്ധീകരി ക്കുന്നത് അത്യന്തം സ്തുത്യർഹം തന്നെ. മാത്രമല്ല, അത് അവ രുടെ ഹൃദയത്തിൽ ആഴമായി കുടികൊള്ളുന്ന അപാരമായ കൃത ജ്ഞതയുടെ അവശ്യപ്രകടനം കൂടിയാകുന്നു. പുണ്യശ്ലോകനായ പരേതന്റെ ജീവചരിത്രരചനയിൽ ഭാഗഭാക്കാകുവാൻ ക്ഷണിക്കപ്പെ ട്ടതിൽ എനിക്കുള്ള സീമാതീതമായ നന്ദിയും ചാരിതാർത്ഥ്യവും ഞാനിവിടെ രേഖപ്പെടുത്തിക്കൊള്ളട്ടെ. മരണത്തിനുപോലും വിസ്മൃതിയിൽ തള്ളുവാൻ കഴിയാത്തവിധം യശ:ശരീരനായി വിരാ ജിക്കുന്ന കഥാപുരുഷന്റെ പവിത്രജീവിതത്തിലേയ്ക്കും ആ ജീവി തത്തെ വിജയമകുടം ചൂടിച്ച ഗുണവിശേഷങ്ങളിലേക്കും ഒരെത്തി നോട്ടം മാത്രമാണ് ഈ ലേഖനം.

## 2. മോൺ ജേക്കബ് വെള്ളരിങ്ങാട്ട്

ആദർശവൈദികൻ, ദൈവികമനുഷ്യൻ, മററൊരു ക്രിസ്തു, ലോകത്തിന്റെ വെളിച്ചം, ഭൂമിയുടെ ഉപ്പ്, തെരഞ്ഞെടുക്കപ്പെട്ട പാത്രം എന്നീപ്രകാരമുള്ള ശ്രേഷ്ഠനാമങ്ങൾകൊണ്ടാണല്ലോ വേദപുസ്തകവും, സഭാപിതാക്കന്മാരും വൈദികസ്ഥാനത്തെ വിശേഷിപ്പിക്കുന്നത്. ഈ ഉൽകൃഷ്ഠനാമങ്ങൾ ഉൾക്കൊള്ളുന്ന ആദർശവൈശിഷ്ട്യത്തെ മനുഷ്യന്റെ പരിമിതകഴിവുകൾ അനുവദിക്കുന്നിടത്തോളം സ്വജീവിതത്തൽ പ്രകാശിപ്പിക്കുവാൻ കഴിഞ്ഞുവെന്നുള്ളതാണ് ബ.മത്തായിയച്ചന്റെ നേട്ടം. പ്രസിദ്ധി കൈവരുത്തത്തക്ക വാഗ്മിത്വമോ, അഗാധപാണ്ഡിത്യമോ ശാസ്ത്രീയജ്ഞാനമോ ഒന്നുമായിരുന്നില്ല അദ്ദേഹത്തിന്റെ വൈദികത്വത്തിനു മാറ്റു കൂട്ടിയത്. പ്രത്യുത, അടിയുറച്ച ആന്തരികജീവിതം അദ്ദേഹത്തെ ധന്യനും അപരർക്ക് ഉപകാരിയുമാക്കിത്തീർത്തു. വിനയാന്വിതമായ പെരുമാററം, ലളിതമായ ജീവിതം, നിരന്തരപ്രാർത്ഥന, നിഷ്ക്കളങ്കഹൃദയം, അക്ഷീണയത്നം, സർവ്വോപരി ഉദ്ദേശശുദ്ധി ഇവ ആ ജീവിത മലർവാടിയെ സമലങ്കരിച്ചിരുന്നു. ദൈവത്തോട് ആത്മനാ യോജിച്ചുകൊണ്ട് അവിടുത്തെ തൃക്കരങ്ങളിൽ ഫലവത്തും സജീവവുമായ ഒരു ഉപകരണമായിട്ടാണ് അദ്ദേഹം വർത്തിച്ചിരുന്നത്.

പ്രാർത്ഥനാനിരതമായിരുന്നു അദ്ദേഹത്തിന്റെ ജീവിതം. പ്രാർത്ഥനയിൽ ലീനചിത്തനായി ദീർഘസമയം അദ്ദേഹം ചെലവഴിക്കുക പതിവായിരുന്നു. ദൈവത്തിൽ ആശ്രയിച്ചുകൊണ്ടാണ് എല്ലാ പ്രവർത്തനങ്ങളിലും ഏർപ്പെട്ടിരുന്നത്. അവ ദൈവാനുഗ്രഹവർഷമേററു തഴച്ചുവളർന്നുവെങ്കിൽ അതിൽ അത്ഭുതത്തിന് അവകാശമില്ല. പ്രാർത്ഥിക്കുവാൻ അറിയാവുന്നവൻ ജീവിക്കുവാൻ പഠിച്ചു കഴിഞ്ഞു എന്നുള്ള വി. അഗസ്തീനോസിന്റെ വാക്യം അദ്ദേഹത്തിൽ അന്വർത്ഥമായി തീർന്നുവെന്നുപറയാം. തിരുഹൃദയമഠം, അതിനോടൊന്നിച്ചുള്ള അഗതിമന്ദിരം, സെന്റ് മേരീസ് ഗേൾസ് ഹൈസ്കൂൾ മുതലായ സ്ഥാപനങ്ങളുടെ ഗുണഫലങ്ങൾ അനേകം വർഷങ്ങളായി അനുഭവിച്ചു പോരുന്ന നാം, അവയെ കെട്ടിപ്പടുത്ത കരങ്ങൾക്കുപിറകിൽ നിലകൊണ്ട അജയ്യമായ ആത്മശക്തിയെ - ആന്തരിക ജീവിതത്തെപ്പറ്റി അധികമൊന്നും ചിന്തിച്ചിരിക്കുകയില്ല. എന്നാൽ ബഹു.കദളിക്കാട്ടിലച്ചന്റെ നിരന്തരയർപ്പണവും, അനുസ്യൂതമായ ത്യാഗബുദ്ധിയും, കെട്ടടങ്ങാത്ത ആത്മവീര്യവുമാണ് ആ സ്ഥാപനങ്ങളുടെ അഭിവൃദ്ധിക്കു വഴിതെളിച്ചത് എന്നുള്ള പരമാർത്ഥം വിസ്മരിക്കാവുന്നതല്ല, ഈ നിരന്തര പ്രയത്നത്തിനും,

ത്യാഗത്തിനും താങ്ങായിരുന്നത് അദ്ദേഹത്തിന്റെ പ്രാർത്ഥനാരൂപി യാണ്. പ്രായശ്ചിത്തംമൂലം പ്രാർത്ഥനയുടെ ശക്തി ദ്വിഗുണീഭവി ക്കുമെന്നു മനസ്സിലാക്കിയിരുന്ന അദ്ദേഹം തന്റെ ജീവിതചര്യയിൽ നോമ്പ്, ഉപവാസം, തുടങ്ങിയ പ്രായശ്ചിത്ത പ്രവൃത്തികൾക്ക് അതി പ്രധാനമായ സ്ഥാനം തന്നെ നൽകിയിരുന്നു.

അല്പകാര്യങ്ങൾപോലും അനല്പമായ വിശ്വസ്തതയോടു കൂടിയാണ് അദ്ദേഹം ചെയ്തിരുന്നത്. ക്രമബോധവും, ചിട്ടയും അദ്ദേ ഹത്തിന്റെ പ്രതിദിനജീവിതത്തിൽ ഉടനീളം കാണാമായിരുന്നു. അതി രാവിലെ അദ്ദേഹം ഉണരും. ധ്യാനം, ദിവ്യബലിയർപ്പണം ഉപകാര സ്മരണ തുടങ്ങിയവയെല്ലാം അതീവശ്രദ്ധയോടെ നിർവ്വഹിക്കും. ഏതു മന്ദഭക്തരിലും വിശ്വാസാഗ്നി ഉജ്ജ്വലിപ്പിക്കത്തക്കവിധം ഭക്തി സംവർദ്ധകമായിരുന്നു അദ്ദേഹത്തിന്റെ ദിവ്യപൂജാർപ്പണം. സന്ധ്യാ നമസ്കാരം എന്നും പള്ളിയിൽവെച്ചുതന്നെയാണു ചൊല്ലിയിരു ന്നത്. മുറിയിൽ തിരിച്ചുവന്നാലുടൻ വിശുദ്ധന്മാരുടെ ജീവചരിത്ര പാരായണമായി. ഇതിലേക്ക് ഒരു തമിഴ്ഗ്രന്ഥമാണ് ഉപയോഗിച്ചി രുന്നത്. ജ്ഞാനവായന ഒരിക്കലും മുടക്കാറില്ല. ഞാൻ കൂടെയു ള്ളപ്പോൾ, തമിഴിൽ വായിച്ചതിന്റെ മലയാളപരിഭാഷ എന്നെ പറ ഞ്ഞുകേൾപ്പിക്കും. വെറുമൊരുവായന എന്നതിനേക്കാൾ അതൊരു ധ്യാനാഭ്യാസമായിരുന്നു. ഓരോ വിശുദ്ധന്റെയും ജീവിത ത്തിൽനിന്നും അനുകരണീയമായിട്ടുള്ള എന്തെങ്കിലും തെരഞ്ഞെ ടുത്ത് പ്രവൃത്തിപഥത്തിൽ കൊണ്ടുവരുന്നതിന് അദ്ദേഹം ശ്രമിച്ചി രുന്നു.

മാനുഷികപ്രവർത്തനങ്ങൾ ദൈവദൃഷ്ടിയിൽ വിലയുള്ള തായി തീരുന്നത് ഉദ്ദേശശുദ്ധിയെന്ന മുദ്ര അവയിന്മേൽ പതിക്കു മ്പോഴാണ്. തന്റെ എല്ലാ പ്രവൃത്തികളിലും ഈ പാവനമുദ്ര പതി ക്കുവാൻ ബ. അച്ചൻ സദാ ജാഗരൂകനായിരുന്നു. മനുഷ്യസ്തുതിയും ലോകബഹുമാനങ്ങളും നശ്വരങ്ങളാണെന്ന് ഉത്തമബോധ്യ മുണ്ടായിരുന്ന അദ്ദേഹം പലപ്പോഴും ഈ ലേഖകനോടു പറയുക പതിവായിരുന്നു. ദൈവസ്തുതിക്കായിട്ടല്ലാതെ ഒന്നും ചെയ്യരുത്, ലോകസ്തുതിക്കായിട്ടു ചെയ്താൽ ഇഹത്തിലും പരത്തിലും യാതൊരു പ്രതിഫലവും കിട്ടുകയില്ല. തന്റെ ഭക്തകൃത്യങ്ങൾ കഴി യുന്നത്ര മനുഷ്യരുടെ ശ്രദ്ധയിൽപ്പെടാതെ നിശ്ശബ്ദമായും രഹസ്യ മായിട്ടുമാണ് അദ്ദേഹം നടത്തിയിരുന്നത്. ഞങ്ങൾ ഒരേമുറിയിൽ ഒരുമിച്ചു വസിച്ചിട്ടുള്ള അവസരങ്ങളിൽ സുദീർഘമായ സ്വന്തം പ്രാർത്ഥനകൾ എന്റെ ശ്രദ്ധയിൽപ്പെടാതിരിക്കുവാൻ വളരെയധികം

സൂക്ഷിച്ചിരുന്നു. ജപമാലകളുടെയോ, കാലടികളുടെയോ ശബ്ദംപോലും പുറത്തുവരുവാൻ അദ്ദേഹം ഇടവരുത്തുകയില്ല.

സുകൃതസമ്പാദനത്തിനുള്ള ഒരു സന്ദർഭവും അദ്ദേഹം നഷ്ടമാക്കിയിരുന്നില്ല. അന്യരോടു സംഭാഷിക്കുമ്പോൾപോലും ദൈവസ്മരണയ്ക്കും, വിശുദ്ധചിന്തകൾക്കും അദ്ദേഹം വഴികണ്ടുപിടിക്കും. അല്പം അകലെ നിന്നിരുന്ന ഒരു കൊല്ലപ്പണിക്കാരനെ ചൂണ്ടിക്കാണിച്ചുകൊണ്ട് ഒരിക്കൽ അദ്ദേഹം ഈ ലേഖകനോടു ചോദിച്ചു. അതാ ആ നില്ക്കുന്ന ആളോടു സംസാരിച്ചുവോ? പുണ്യസമ്പാദനത്തിനുള്ള അവസരം ഉപയോഗിക്കുവാൻ മറന്നുപോയോ? വീണ്ടും തുടർന്നു ചോദിച്ചു. ഇന്നത്തെ സൽക്രിയ എന്തായിരുന്നു? അപ്പോൾ ഞാൻ ഓർമ്മിച്ചു. വണക്കമാസപ്പുസ്തകത്തിൽ അന്നത്തേയ്ക്കു നിർദ്ദേശിച്ചിരന്ന സൽക്രിയ ചില അജ്ഞാനികളോടു സത്യവിശ്വാസത്തെപ്പറ്റി സംസാരിക്കുക എന്നതായിരുന്നുവെന്ന്. ഇപ്രകാരം സുകൃതാഭ്യസനത്തിനുള്ള മാർഗ്ഗങ്ങളും സന്ദർഭങ്ങളും അതീവശുഷ്കാന്തിയോടുകൂടി ഉപയോഗപ്പെടുത്തിക്കൊണ്ട് അദ്ദേഹം ആന്തരികചൈതന്യത്തിന്റെ ഒരു നിറഞ്ഞ കാസാ ആയി പ്രകാശിച്ചു.

**ആത്മോപദേഷ്ടാവ്**

ബഹു. കദളിക്കാട്ടിലച്ചനോട് ചെറുപ്പകാലം മുതൽ അടുത്തു പരിചയപ്പെടുവാനും അദ്ദേഹത്തെ ആത്മോപദേഷ്ടാവും, കുമ്പസാരക്കാരനുമായി സ്വീകരിക്കുവാനും ചില സന്ദർഭങ്ങളിൽ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളിൽ സഹകരിക്കുവാനുള്ള ഭാഗ്യം ഈ ലേഖകന് ലഭിച്ചിട്ടുണ്ട്. തന്മൂലം സ്വാനുഭവത്തിൽനിന്നും അതിശയോക്തിസ്പർശം കൂടാതെ സാക്ഷ്യം വഹിക്കുവാൻ എനിക്ക് സാധിക്കുന്നതാണ്. ശ്രോതാക്കളിൽ ഭക്തിസംജാതമാക്കുന്ന നർമ്മഭാഷണം കഥാനായകനെ ഏവർക്കും പ്രിയങ്കരനാക്കിയിരുന്നു. ആർസിലെ വികാരിയായിരുന്ന വി.ജോൺ വിയാനിയുടെ നിസ്തുലമാതൃകയെ അനുകരിച്ചുകൊണ്ട് കുമ്പസാരം വഴിയായിട്ടാണ് അദ്ദേഹം നിരവധി ആളുകളെ പവിത്രീകരിച്ചത്. ദൈവസ്നേഹം നിറഞ്ഞു കവിഞ്ഞൊഴുകുന്ന ഹൃദയത്തിൽനിന്നും നിർഗ്ഗമിക്കുന്ന സ്നേഹനിർഭരങ്ങളായ ഉപദേശശകലങ്ങൾ ഏത് കഠിനഹൃദയത്തിലേക്കും തുളച്ചുകയറി സഫലീഭവിച്ചിരുന്നു. സ്നേഹനാഥനായ ഈശോയെ നമ്മൾ ഒന്നു നുള്ളി നോവിക്കുക പോലും ഒരിക്കലും ചെയ്യരുതെന്ന് സന്യാസവൈദികാന്തസ്സുകാരെ ഉദ്ദേശിച്ച് ഏറ്റവും ആത്മാർത്ഥമായി

അദ്ദേഹം പറയുമായിരുന്നു. ലഘുപാപങ്ങൾപോലും പരിവർജ്ജ്യങ്ങളാണെന്ന് സോദാഹരണം അദ്ദേഹം ഉപദേശിക്കും. സുകൃതജീവിതം ആത്മാർത്ഥമായി അഭിലഷിച്ചിരുന്ന നിരവധി വിശ്വാസികൾ അദ്ദേഹത്തോട് പതിവായി പാപനിവേദനം നടത്തിയിരുന്നു. കുഞ്ഞുങ്ങളുടെ നന്മ ഉദ്ദേശിച്ചിരുന്ന മാതാപിതാക്കന്മാർ പ്രത്യേകം മാതാക്കൾ തങ്ങളുടെ അരുമസന്താനങ്ങളുടെ പ്രഥമ പാപോച്ചാരണത്തിനും, ദിവ്യകാരുണ്യസ്വീകരണത്തിനുംവേണ്ടി ഈ വന്ദ്യഗുരുവിനെ സമീപിക്കുക സാധാരണയായിരുന്നു. തനിക്ക് ദൈവദത്തമായി ലഭിച്ച ദൈവികാഹ്വാനവും അധികാരവിശേഷങ്ങളും, വാസഗുണങ്ങളും, അദ്ദേഹം വിശ്വസ്തവും ത്യാഗപൂർണ്ണവുമായ ജീവിതത്താലും തീക്ഷ്ണവും ആത്മാർത്ഥവുമായ പ്രാർത്ഥനയാലും തനിക്കുതന്നെയും മറ്റുള്ളവർക്കും രക്ഷാകരവും പ്രയോജനപ്രദവുമാക്കിത്തീർത്തു. പ്രായശ്ചിത്തത്തിന്റെയും പ്രാർത്ഥനയുടെയും ഉദാരമായ സുകൃതാഭ്യാസത്തിന്റെയും സജീവമാതൃക അദ്ദേഹത്തിൽ ദർശിച്ച ആളുകൾ അദ്ദേഹത്തിലേക്ക് ഹഠാദാകർഷിക്കപ്പെടുക തന്നെ ചെയ്തു.

പുണ്യചരിതനായ ബഹു. പാലത്തു മത്തായി അച്ചൻ ഒരിക്കൽ ഈ ലേഖകനോട് സന്ദർഭവശാൽ ഇപ്രകാരം പറയുകയുണ്ടായി. വൈദികപട്ടമേറ്റ്, കാണ്ടി സെമിനാരിയിൽനിന്നും നാട്ടിലേക്ക് മടങ്ങിപ്പോന്നപ്പോൾ എനിക്കൊരു ഭീതിയുണ്ടായി. അന്ന് സെമിനാരിയിൽ ലഭിച്ചിരുന്നതുപോലെ അത്ര ഉത്തമന്മാരായ ആത്മഗുരുക്കന്മാരെ ഇനി ലഭിക്കുവാൻ അത്ര എളുപ്പമല്ലെന്ന്. എന്നാൽ, ഇവിടെ ഇടവകയിൽവന്ന് ബ. കദളിക്കാട്ടിലച്ചനെയും ബ. നെച്ചിക്കാട്ടച്ചനെയും പരിചയപ്പെട്ടപ്പോൾ എന്റെ ഭീതി നിശ്ശേഷം മാറി. സന്തോഷവും സമാധാനവും എനിക്കനുഭവപ്പെട്ടു. സുകൃതജീവിതത്തിന്റെ ഉത്തമമാതൃകകളായ ഈ അച്ചന്മാർ നമുക്കുള്ളപ്പോൾ വേറെ ആത്മഗുരുക്കന്മാരെ എന്തിനു ദൂരെ അന്വേഷിക്കന്നു. പുണ്യശ്ലോകരായ രണ്ടു വൈദികരെക്കുറിച്ച് അതുപോലെയോ അതിലധികമോ പുണ്യശ്ലോകനായ ആ യുവവൈദികനുണ്ടായ മധുരഭാവം തന്നെ, നമ്മുടെ കഥാനായകനെ അടുത്തറിഞ്ഞിട്ടുള്ള മറ്റുള്ളവരിലും ഉൽഭൂതമായിട്ടുണ്ട്.

**നല്ല ഇടയൻ**

നമ്മുടെ കഥാപുരുഷൻ പാലായിലെ ഇടത്തരം പള്ളികളിൽ മാറിമാറി ഇടവകജോലി നിർവ്വഹിക്കുകയും ഒടുവിൽ താൻ

സ്ഥാപിച്ച സന്യാസിനീസമൂഹത്തിന്റെ കപ്ലോനും ആത്മനിയന്താവുമായി ശിഷ്ടായുസ്സ് ദൈവസേവനത്തിൽ വിനിയോഗിക്കുകയുമാണുണ്ടായത്. അദ്ദേഹം എവിടെയെല്ലാം വികാരിയായിരുന്നുവോ, അവിടെയെല്ലാം അദ്ദേഹത്തെ വീണ്ടും ലഭിക്കുവാനുള്ള ജനാഭിലാഷം വർദ്ധിച്ചുനിന്നിരുന്നു. തൽഫലമായിട്ടാണ് അദ്ദേഹം ഒരേ ഇടവകയിൽത്തന്നെ ഒന്നിലധികം പ്രാവശ്യം വികാരിയായി നിയമിക്കപ്പെടുവാനിടയായത്. തന്റെ പരിപാലനയ്ക്കുലഭിച്ച വിശ്വാസികളുടെ ആദ്ധ്യാത്മികാഭിവൃദ്ധിയായിരുന്നു അദ്ദേഹത്തിന്റെ സർവ്വപ്രധാനമായ ശ്രദ്ധാവിഷയം. പാപികളെ പ്രത്യേകിച്ച്, കുമ്പസാരം, കുർബാന തുടങ്ങിയ കൂദാശകൾ ഉപേക്ഷിച്ചു ജീവിച്ചിരുന്നവരെ കണ്ടുപിടിച്ച് നല്ല കുമ്പസാരംവഴി ദൈവത്തിങ്കലേക്ക് ആനയിക്കുന്നതിന് അദ്ദേഹം സദാ ശ്രമിച്ചിരുന്നു. ദൈവസ്നേഹോജ്ജ്വലങ്ങളായ പ്രസംഗങ്ങളാലും അത്യന്തം ഹൃദ്യമായ സദുപദേശങ്ങളാലും സർവ്വോപരി, ഉത്തമ ദൃഷ്ടാന്തത്താലും അദ്ദേഹം ഇടവകജനങ്ങളെ സുകൃതസരണിയിലേക്ക് ആകർഷിച്ചു. ഇടവക ഭരണകാലത്ത് അദ്ദേഹത്തിന്റെ ആദ്ധ്യാത്മിക പുത്രികളായിത്തീർന്ന ഏതാനും ഭക്തസ്ത്രീകളാണ് പില്ക്കാലത്ത്, തിരുഹൃദയമഠത്തിന്റെ മൂലക്കല്ലുകളായി പരിണമിച്ചത്.  താൻ പഠിപ്പിച്ചവ താൻതന്നെ പ്രവർത്തിച്ചുകാണിക്കുന്നതിൽ ദൃഢവ്രതനായിരുന്നു ഈ വന്ദ്യവൈദികൻ. അദ്ദേഹത്തിന്റെ ഇടവകഭരണം ഫലപ്രദമായിത്തീർന്നതിന്റെ കാരണവും മറെറാന്നുമല്ല. മതാദ്ധ്യാപനം തന്റെ ചുമതലകളിൽ പ്രധാനപ്പെട്ട ഒന്നായിട്ടാണ് നമ്മുടെ കഥാപുരുഷൻ കരുതിയിരുന്നത്. കുട്ടികളെ പള്ളിക്കകത്തു രണ്ടു നിരയായി നിർത്തി എല്ലാ ഞാറാഴ്ചകളിലും അദ്ദേഹം അവർക്കു മതോപദേശം നൽകിയിരുന്നു. കുട്ടികളോടു സ്നേഹവാത്സല്യത്തോടും എന്നാൽ, വേണ്ടത്ര ഗൗരവത്തോടും ചുമതലാബോധത്തോടും കൂടിയാണ് അദ്ദേഹം ഇക്കാര്യം നിർവ്വഹിച്ചുപോന്നത്. മഹാവിശുദ്ധനായ പത്താം പീയൂസ് മാർപ്പാപ്പ കുട്ടികളെ വേദപാഠം പഠിപ്പിക്കുന്നതിൽ കാണിച്ചിരുന്ന ശുഷ്കാന്തിയും ശ്രദ്ധയും ഇത്തരുണത്തിൽ ഓർമ്മയിൽ ഉദിക്കുന്നു.

ഭവനസന്ദർശന വേളയിൽ അവിടെയുള്ള ആളുകളുടെ ആദ്ധ്യാത്മിക കാര്യങ്ങളിലായിരിക്കും ബ.മത്തായി അച്ചൻ മുഖ്യമായും ശ്രദ്ധ പതിപ്പിക്കുന്നത്. എല്ലാവർക്കും പ്രത്യേകിച്ച്, കുട്ടികൾക്കും അദ്ദേഹം മതതത്വങ്ങളും പുണ്യസമ്പാദന മാർഗ്ഗങ്ങളും സ്നേഹപൂർവ്വം പറഞ്ഞുകൊടുക്കും. സുകൃതജപങ്ങൾ ചൊല്ലിക്കൊടുത്ത് പഠിപ്പിക്കുന്ന ഒരു പതിവ് അദ്ദേഹത്തിന് പ്രത്യേകമായിട്ടുണ്ടായിരുന്നു.

തന്റെ അജഗണത്തിന്റെ ആത്മരക്ഷയിലുള്ള അഭിനിവേശത്തോടൊപ്പം അവരുടെ സാമൂഹികവും വിദ്യാഭ്യാസപരവുമായ അഭിവൃദ്ധിയിൽ ഉൽക്കടമായ ഔത്സുക്യവും അദ്ദേഹം പ്രദർശിപ്പിച്ചിരുന്നു. അദ്ദേഹത്തിന്റെ ദീർഘദൃഷ്ടിയുടെ പരിണതഫലമാണ് ഇന്ന് പാലായുടെ വിജ്ഞാന ദീപസ്തംഭങ്ങളിലൊന്നായി നിലകൊള്ളുന്ന സെന്റ് മേരീസ് ഇംഗ്ലീഷ് സ്കൂൾ. ഏററവും വിനീതമായ നിലയിൽ അന്ന് സമാരംഭിച്ച ആ വിദ്യാലയം, സുവിശേഷത്തിലെ കടുകുമണി പോലെ വളർന്നുവികസിച്ചിരിക്കുന്നു. സ്ത്രീവിദ്യാഭ്യാസത്തിന്റെ ആവശ്യകത അത്രയധികം ബോദ്ധ്യപ്പെടാത്ത ആളുകളിൽനിന്ന് ഒരു നാല്പതു കൊല്ലംമുമ്പ് ഈദൃശമായ ഒരു വിദ്യാലയത്തിനു വേണ്ടി പണം ശേഖരിക്കുവാൻ പ്രയത്നിക്കുന്നത്, ക്ലേശകരമായിരുന്നുവെന്ന് പറയേണ്ടതില്ലല്ലോ. എന്നാൽ പ്രതിബന്ധങ്ങൾ ബ.മത്തായി അച്ചനെ നഷ്ടധൈര്യനാക്കിയില്ല. അദ്ദേഹം തന്റെ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോവുക തന്നെ ചെയ്തു. ധനശേഖരണാർത്ഥം പള്ളികളിൽ ചെന്ന്, പ്രസംഗിക്കുവാൻ നിയുക്തനായത്, ഈ ലേഖകൻ തന്നെയാണ്. പ്രസംഗത്തിനുശേഷം ഞങ്ങൾ ഒരുമിച്ചു വീടുകൾ സന്ദർശിക്കുകയും സംഭാവനകൾ സ്വീകരിക്കുകയും ചെയ്തിരുന്നു. സെന്റ് മേരീസ് ഹൈസ്കൂൾ മുളയെടുത്ത ആ വിഷമം നിറഞ്ഞ കാലഘട്ടത്തിൽ അതിന്റെ ജനയിതാവായ മഹാത്മാവിനോടൊന്നിച്ച് പ്രവർത്തിക്കുവാൻ സാധിച്ചത് ഒരു അസുലഭ ഭാഗ്യമായി സാഭിമാനം ഞാൻ കരുതുന്നു.

### തിരുഹൃദയഭക്തൻ

എളിമയും ശാന്തതയുമുള്ള ഈശോയുടെ തിരുഹൃദയമെ, എന്റെ ഹൃദയം അങ്ങേ തിരുഹൃദയം പോലെ ആക്കിയരുളണമെ, എന്നു നാം ദിനംപ്രതി പ്രാർത്ഥിക്കുന്നുണ്ടല്ലോ. എന്നിട്ടും നമ്മിലെത്രപേർ യഥാർത്ഥത്തിൽ ക്രിസ്തുനാഥന്റെ തിരുഹൃദയത്തിന് അനുരൂപർ - എളിമയും ശാന്തതയുമുള്ളവർ - ആയി പകർന്നിട്ടുണ്ട്. സ്മര്യപുരുഷൻ തന്റെ അധരങ്ങൾകൊണ്ട് ഈ സുകൃതജപം മന്ത്രിച്ചിരുന്നത് ഹൃദയത്തിൽ ധ്യാനിച്ചുകൊണ്ടായിരുന്നു. ഈശോയുടെ ഹൃദയത്തിന്റെ മാതൃക അദ്ദേഹത്തിന്റെ ഹൃദയത്തെ എളിമയും സൗമ്യതയുമുള്ളതാക്കിത്തീർത്തു. ഈ ആനുരൂപ്യം, വി. ഫ്രാൻസീസ് ശൗര്യാരുടെ ഹൃദയം വി. പൗലോസിന്റേയും, വി. പൗലോസിന്റേത് ക്രിസ്തുനാഥന്റേതും ആയിരുന്നു എന്നുള്ള മഹദ്വചനത്തെ അനുസ്മരിപ്പിക്കുവാൻ പര്യാപ്തമാണ്. ഈശോയെ

സ്നേഹിച്ചതുപോരാ, എന്നുള്ള ചിന്തയോടു കൂടി അവിടുത്തെ കൂടുതൽ കൂടുതൽ സ്നേഹിക്കുവാൻ അദ്ദേഹം ആഗ്രഹിച്ചു, പരിശ്രമിച്ചു. ദിവ്യകാരുണ്യ ഈശോയുടെ തിരുമുമ്പിൽ അദ്ദേഹം നിശ്ചലനായി ധ്യാനനിരതനായി, നില്ക്കുന്ന ചിത്രം സ്മരണയിൽനിന്നും അത്ര പെട്ടെന്നു മാഞ്ഞുപോകുന്നതല്ല. ഈശോയുടെ ദിവ്യഹൃദയത്തോടുള്ള ഭക്തിയുടെ അനശ്വരസ്മാരകമാണ് അദ്ദേഹം സ്ഥാപിച്ച തിരുഹൃദയസന്യാസിനീസമൂഹം. തന്റെ ഉള്ളിൽ എരിഞ്ഞു കത്തിയിരുന്ന തിരുഹൃദയഭക്തി സ്വജനഹൃദയങ്ങളിലും ശാശ്വതമായി പ്രതിഷ്ഠിക്കുന്നതിന് അദ്ദേഹം സദാ പരിശ്രമിച്ചിരുന്നു.

**കുരിശുകളിലൂടെ**

ദൈവം തന്റെ സ്നേഹിതർക്ക് - ദു:ഖങ്ങളും വിഷമതകളുമാകുന്ന കുരിശുകൾ നൽകുന്നു. തന്നെ അധികം സ്നേഹിക്കുന്നവർക്ക് അധികം ഭാരമുള്ളവ കൊടുക്കുന്നു. കുരിശുകൂടാതെ വിജയവും വിജയമില്ലാതെ മകുടവും ലഭ്യമല്ലല്ലോ. തന്റെ ഏകജാതനു നൽകിയ കുരിശിന്റെ രക്ഷാകരമായ വീഥിയിലൂടെയാണ് ദൈവം ആത്മാക്കളെ നിത്യായുസ്സിലേക്ക് നയിക്കുന്നത്. പില്ക്കാലത്ത് അവർക്ക് ഉണ്ടാകുവാനിരിക്കുന്ന മഹിമ എത്ര വലുതോ അത്രയും വലുതായിരിക്കും അവർ നേരിടേണ്ട കഷ്ടാരിഷ്ടതകൾ. നമ്മുടെ കഥാനായകന്റേയും ജീവിതം ഒരു പുഷ്പശയ്യയായിരുന്നില്ല. പ്രതിബന്ധങ്ങളും അപവാദങ്ങളും വൈപരീത്യങ്ങളായ കുരിശുകളാൽ സമ്പന്നമായിരുന്നു ആ ജീവിതം. ഊഹാതീതങ്ങളും സംഖ്യാതീതങ്ങളുമായ നിരവധി വിഘ്നങ്ങൾ അദ്ദേഹത്തിന്റെ മഹനീയ വേലയ്ക്ക് വിലങ്ങുതടിയായി നിന്നു. പത്രമേനിയൊന്നുമില്ലാതെ, അദ്ധ്വാനിച്ചും ഭിക്ഷയാചിച്ചും സ്വന്തം നെറ്റിയുടെ വിയർപ്പാൽ അന്നന്നയപ്പം തേടി സ്വന്തവിശുദ്ധീകരണത്തോടൊപ്പം ഇതരരുടേയും നന്മയ്ക്കായി ജീവാർപ്പണം ചെയ്യുന്ന ഒരു സന്യാസിനീ സമൂഹം ഉണ്ടായിക്കാണുവാൻ അദ്ദേഹം അഭിലഷിച്ചിരുന്നു. അതിനായി അദ്ദേഹം തീക്ഷ്ണമായി പ്രാർത്ഥിക്കുകയും തീവ്രമായി പ്രയത്നിക്കുകയും ചെയ്തു. എന്നാൽ ആഗ്രഹാനുസരണം കാര്യങ്ങൾ എളുപ്പത്തിൽ പുരോഗമിച്ചില്ല. സമകാലീനരായ വൈദികരിൽനിന്നു മാത്രമല്ല, അധികാരസ്ഥാനത്തുനിന്നുപോലും എത്രയും നിരാശാജനകമായ അനുഭവങ്ങൾ അദ്ദേഹത്തിനുണ്ടായി. ഈദൃശവിഷമഘട്ടങ്ങളിലെല്ലാം ദൈവത്തിലത്രെ അദ്ദേഹം പൂർണ്ണമായി അഭയം തേടിയത്. സ്വമനസ്സിനെ ദൈവതിരുമനസ്സിന് പൂർണ്ണമായി സമർപ്പിച്ചും

കരുണാവാരിധിയായ ദൈവം മേലധികാരികൾ വഴിയായി ചെയ്യുന്ന ക്രമീകരണങ്ങൾ സദാ സ്വീകാര്യങ്ങളാണെന്ന് ദൃഢമായി വിശ്വസിച്ചും അദ്ദേഹം സമാരംഭിച്ച സദുദ്യമങ്ങൾ ഭയമോ നിരാശയോ കൂടാതെ പ്രാർത്ഥനാസമേതം മുമ്പോട്ടു കൊണ്ടുപൊയ്ക്കൊണ്ടിരുന്നു. ഉറച്ച ദൈവവിശ്വാസവും ഉദ്ദേശശുദ്ധിയും സ്വയം പരിത്യാഗവും ഇല്ലായിരുന്നുവെങ്കിൽ ഈ ഉദ്യമങ്ങൾ താമസംവിന ഉപേക്ഷിക്കപ്പെടുമായിരുന്നു.

ഏതു ധീരോദാത്തനെയും നിരാശയിലേക്കു നിപതിപ്പിക്കുന്ന സങ്കടകരമായ അത്യാഹിതമായിരുന്നു, തന്റെ സന്യാസിനീ സമൂഹത്തിൽ നിന്നും നിഷ്ഠൂരമായ ക്ഷയരോഗം നിരവധി അംഗങ്ങളെ അല്പകാലയളവിൽ നിർദ്ദയം അപഹരിച്ചുകളഞ്ഞത്. അവരുടെ ആദ്ധ്യാത്മിക പിതാവിന്റെ ഹൃദയവ്യാകുലം അവർണ്ണ്യമത്രേ. എങ്കിലും സാക്ഷാൽ തോട്ടക്കാരൻ നല്ലനല്ല സുരഭിലസുമങ്ങൾ തനിക്കായി അടർത്തിയെടുക്കുമെന്ന് അദ്ദേഹത്തിന്റെ ആത്മനേത്രം വിശ്വാസത്തിലൂടെ കണ്ടു സമാശ്വസിക്കുകയും ഭാവിയിലേക്ക് അത്യന്താപേക്ഷിതമായ മുൻകരുതലുകൾ പൂർവ്വാധികം വിവേകത്തോടെ ഏർപ്പെടുത്തുകയും ചെയ്തു. സ്വർണ്ണപണിക്കാരൻ സ്വർണ്ണം അഗ്നിയിൽ ശുദ്ധിചെയ്തടുക്കുന്നു. സങ്കടങ്ങളുടെ തീച്ചുളയിലാണ് മഹാത്മാക്കളും മഹൽപ്രസ്ഥാനങ്ങളും പൂർവ്വവൽ സംശുദ്ധമാക്കപ്പെടുന്നത്. ഇപ്രകാരം തന്നെ നമ്മുടെ ചരിത്രപുരുഷനും അദ്ദേഹം സ്ഥാപിച്ച സന്യാസിനീ സമൂഹവും കടുത്ത പ്രതികൂലങ്ങളുടെ തീച്ചൂളയിൽ ശോധനചെയ്യപ്പെടുകയും തൽഫലമായി ശാശ്വതശോഭ സമാർജ്ജിക്കുകയും ആരെല്ലാം എന്തെല്ലാം എങ്ങനെയെല്ലാം വിമർശിക്കട്ടെ, അവ എത്രകണ്ടു വാസ്തവ വിരുദ്ധവും വിനാശകരവും നിഷ്ഠൂരവുമായിക്കൊള്ളട്ടെ, അവയെല്ലാം നമ്മുടെ നന്മയ്ക്കായി സ്നേഹനിധിയായ ദൈവം അനുവദിച്ചയയ്ക്കുന്ന അനുഗ്രഹങ്ങളാണെന്നുമാത്രമേ അദ്ദേഹം പരിഗണിച്ചിരുന്നുള്ളു. ജീവിതകാലത്തു നേരിട്ട മരണകരമായ രോഗവും സ്വന്ത വിശുദ്ധീകരണത്തിനും പുണ്യാഭിവൃദ്ധിക്കുമായി ഉപയോഗപ്പെടുത്തിക്കൊണ്ട് ആ പാവനചരിതൻ തന്റെ ആത്മാവിനെ സമാധാന സമന്വിതം ദിവ്യരക്ഷകന്റെ തൃക്കരങ്ങളിൽ സമർപ്പിക്കുകയും ചെയ്തു. നല്ലവനും വിശ്വസ്തനുമായ ഈ വൈദികദാസനെ ദിവ്യയജമാനൻ നീതിയുടേയും വിശുദ്ധിയുടേയും അക്ഷയമകുടം ധരിപ്പിച്ച് അനുഗ്രഹിച്ചിരിക്കണം.

**ആത്മീയസുതരുടെ കർത്തവ്യം**

ബഹു. കദളിക്കാട്ടിൽ അച്ചൻ ദിവംഗതനായിട്ട് വർഷങ്ങൾ 50 തികഞ്ഞു. ഇനി അദ്ദേഹം നമ്മോടു സംസാരിക്കുകയില്ല. എന്നാൽ അദ്ദേഹത്തെക്കുറിച്ച് നമുക്കു സംസാരിക്കാം. ജീവിച്ചിരുന്നപ്പോൾ ആ വന്ദ്യപുരുഷനെ നാം സ്നേഹിച്ചു. മേലിലും അദ്ദേഹത്തെ നമുക്കു സ്നേഹപൂർവ്വം സ്മരിക്കാം. അനുകരണീയങ്ങളായി അദ്ദേഹത്തിൽ വിളങ്ങിയിരുന്ന ഹൃദയപരമാർത്ഥത, എളിമ, പ്രാർത്ഥനാരൂപി, പരസ്നേഹം, ആത്മാക്കളെപ്രതിയുള്ള ദാഹം, സർവ്വോപരി തിരുഹൃദയഭക്തി ഇവ നമ്മിലും രൂഢമൂലമായിത്തീരുവാൻ തീവ്രയത്നം ചെയ്യാം. ഇതിൽപരം സ്തുത്യർഹമായ കർത്തവ്യനിർവ്വഹണമോ കൃതജ്ഞതാപ്രകടനമോ ഇല്ല തന്നെ.

കഥാപുരുഷൻ സ്ഥാപിച്ച സന്യാസിനീ സമൂഹത്തിൽ ആരംഭകാലത്തുതന്നെ വിസ്മയനീയമായ ഭക്തിചൈതന്യം പ്രത്യക്ഷമായിരുന്നു. ദാരിദ്ര്യത്തിലും എളിമയിലും അനുസരണത്തിലും മറ്റ് അവശ്യപുണ്യങ്ങളിലും തിരുഹൃദയമഠംകാർ അദ്വിതീയ സ്ഥാനം ആർജ്ജിച്ചിരുന്നതായി അന്നത്തെ ബഹുജനം ഉദ്ഘോഷിച്ചിരുന്നു. ജനസ്വരം ദൈവസ്വരം എന്നുമുണ്ടല്ലൊ. മേലിലും ഈ സന്യാസിനികൾ തങ്ങളുടെ സ്ഥാപകനായ വന്ദ്യപുരുഷന്റെ ആദർശാനുസരണം മാതൃകായോഗ്യരായി, പരിശുദ്ധരായി, അനുസരണത്തിന്റെയും ചാരിത്ര്യത്തിന്റെയും വീരകന്യകകളായി നാടിനും നാട്ടാർക്കും ശാശ്വത നന്മ പ്രദായിനികളായി സുതരാം പ്രകാശിക്കുവാൻ ഇടയാകട്ടെ. സഭാസ്ഥാപകൻ നട്ടുവളർത്തിയ യഥാർത്ഥ സ്നേഹവും ത്യാഗബുദ്ധിയും സേവനസന്നദ്ധതയും ഇതരസുകൃതങ്ങളും ഇന്നു സഭയിലുള്ള അഞ്ഞൂറിൽ പരം കന്യകകളിലും കുടികൊള്ളട്ടെ. ഈ കാഴ്ചയായിരിക്കും പരത്തിൽ ആ പുണ്യാത്മാവിനുള്ള ഏറ്റവും ആനന്ദപ്രദമായനിർവൃതിയും ഇഹത്തിൽ അസ്മാദൃശർക്കുള്ള ഏറ്റവും ഉൽക്കൃഷ്ടമായ പ്രചോദനവും.

ഇന്നത്തെ ഏറ്റവും വലിയ ആവശ്യം പുണ്യമുള്ള പട്ടക്കാരും ശുഷ്കാന്തിയുള്ള സന്യാസികളുമാണ്. തദർത്ഥമത്രേ ബ.കദളിക്കാട്ടിൽ അച്ചൻ ജീവിച്ചതും പ്രവർത്തിച്ചതും. വിശുദ്ധമായ ഒരു ജീവിതം നയിച്ചുകൊണ്ട് അദ്ദേഹം, തന്നെ സമീപിച്ചവരെയെല്ലാം പരിശുദ്ധിയുടെ പരിമളത്തിൽ ആമഗ്നരാക്കി. ഒരു നല്ല വൈദികൻ നന്മയ്ക്കുവേണ്ടിയുള്ള ഒരു അജയ്യശക്തി തന്നെയാണ്. തന്റെ സഭയ്ക്ക് പുണ്യതീക്ഷ്ണതയുള്ള വൈദികരേയും കന്യാസ്ത്രീകളേയും

നൽകുവാൻ നമുക്ക് ദൈവത്തോട് ഭക്തിപൂർവ്വം പ്രാർത്ഥിക്കാം. പേരു വിളിക്കപ്പെടാത്ത വിശുദ്ധരുടെ പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്നുവെന്ന് നമുക്ക് നിസ്സംശയം വിശ്വസിക്കാവുന്ന സുകൃതസമ്പന്നനായ ബഹു. കദളിക്കാട്ടിൽ അച്ചന്റെ മദ്ധ്യസ്ഥപ്രാർത്ഥന നമുക്കേവർക്കും കോട്ടമില്ലാത്ത ഒരു കോട്ടയായി പരിലസിക്കട്ടെ.

വെള്ളരിങ്ങാട്ട് യാക്കോബ് ക.

സെന്റ് ജോസഫ് മിഷൻ ഹോം
1960 നവംബർ 24-ാം തീയതി
കുരിശിന്റെ യോഹന്നാൻ പുണ്യവാന്റെ തിരുനാൾ

## 3. മോൺ. തോമസ് പഴയപറമ്പിൽ

എനിക്ക് ഏഴോ എട്ടോ വയസ് പ്രായമുള്ളപ്പോഴാണ് ഞാൻ കദളിക്കാട്ടിൽ ബ. മത്തായി അച്ചനെ ആദ്യമായി പരിചയപ്പെട്ടത്. പ്രഥമ ദിവ്യകാരുണ്യ സ്വീകരണത്തിന് ഞാൻ ഒരുങ്ങിയതും ആ ദിവ്യകർമ്മങ്ങൾ നടത്തിയതും പാലാ വലിയ പള്ളിയിൽവച്ചാണ്. കദളിക്കാട്ടിൽ ബ. മത്തായി അച്ചൻ കുട്ടികളെ പ്രഥമ ദിവ്യകാരുണ്യ സ്വീകരണത്തിന് ഒരുക്കുവാൻ താല്പര്യക്കാരനും സമർത്ഥനുമാണെന്ന് എന്റെ മാതാപിതാക്കൾക്ക് അറിയാമായിരുന്നു. അതിനാൽ അയൽക്കാരായ മറ്റ് കുട്ടികളുടെ കൂട്ടത്തിൽ എന്നെയും പാലാ വലിയ പള്ളിയിലേയ്ക്ക് അയച്ചു. ഈ അവസരത്തിലാണ് എനിക്ക് മത്തായി അച്ചനുമായി അടുത്തു പരിചയപ്പെടുവാൻ അവസരം ലഭിച്ചത്. അന്നത്തെ അദ്ദേഹത്തിന്റെ ക്ലാസ്സുകളെപ്പറ്റി ഞാൻ പലപ്പോഴും ഓർക്കുന്നു. അപ്പത്തിന്റെ രൂപത്തിൽ വി. കുർബാനയിൽ എഴുന്നള്ളിയിരിക്കുന്ന ഈശോയുടെ സ്നേഹത്തേയും പ്രതിസ്നേഹം കാണിച്ചുകൊണ്ട് നിർമ്മലഹൃദയത്തോടെ ദിവ്യനാഥനെ സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയും അദ്ദേഹം കുട്ടികളായ ഞങ്ങൾക്ക് തന്ന ഉപദേശങ്ങളും നിർദ്ദേശങ്ങളും ഞാൻ ഇപ്പോഴും ഓർക്കുന്നു. എന്നെ ആദ്യമായി കുമ്പസാരിപ്പിച്ചതും എനിക്ക് ആദ്യമായി വി.കുർബാന എഴുന്നള്ളിച്ചു തന്നതും അദ്ദേഹം തന്നെ. ഇത് ഒരു ഭാഗ്യമായി ഞാൻ കരുതുന്നു. ഇതിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ സ്കൂളിൽ പഠിച്ചുകൊണ്ടിരുന്ന കാലങ്ങളിൽ ദു:ഖവെള്ളിയാഴ്ച കർമ്മങ്ങളിൽ പങ്കെടുക്കുവാൻ എന്റെ അപ്പൻ എന്നെ പാലാ സെന്റ് തോമസ് പള്ളിയിലെ വിടുമായിരുന്നുള്ളു. സാധാര

ണയായി കദളിക്കാട്ടിൽ അച്ചനായിരുന്നു അവിടെ അന്നത്തെ പാഷൻ (പീഡാനുഭവ) പ്രസംഗം നടത്താറ് പതിവ്. ആ പ്രസംഗങ്ങൾ ശ്രോതാക്കളുടെ ഹൃദയങ്ങളെ ചലിപ്പിക്കുന്നവയും പാപത്തെ വെറുക്കുവാനും പ്രായശ്ചിത്തവും പരിഹാരവും അനുഷ്ഠിക്കുവാൻ പ്രേരണ നല്കുന്നവയുമായിരുന്നു. പ്രസംഗമദ്ധ്യേ അദ്ദേഹം കണ്ണുനീർ പൊഴിച്ചിരുന്നു. കേൾവിക്കാർ പലരും കണ്ണുനീർ പൊഴിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. പാലാ വലിയപള്ളിയിൽ ചില ഞായറാഴ്ചകളിൽ പൊതുകുർബാന കദളിക്കാട്ടിൽ അച്ചനാണ് അർപ്പിച്ചിരുന്നത്. ആ അവസരങ്ങളിലെ അദ്ദേഹത്തിന്റെ ഉപദേശം പാപങ്ങൾക്ക് പ്രായശ്ചിത്തം ചെയ്ത് പ്രതിസ്നേഹം കാണിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ളവയായിരുന്നു.

പാലായിൽ കവീക്കുന്നുഭാഗത്താണ് അച്ചന്റെ വീട്. കാലാന്തരത്തിൽ കവീക്കുന്ന് ഇടവകവികാരിയായി ഞാൻ നിയമിക്കപ്പെട്ടു. കദളിക്കാട്ടിൽ അച്ചന്റെ പാമ്പൂരാൻപാറയും അവിടുത്തെ ഭക്തചടങ്ങുകളും എന്നെയും ആകർഷിച്ചു. എന്റെ ഗുരുഭൂതനായ ബഹു. മത്തായി അച്ചന്റെ പ്രസ്ഥാനത്തെ വിജയിപ്പിക്കുകയും വേണ്ട പ്രചരണം കൊടുത്ത് കൂടുതൽ പ്രയോജനപ്രദമാക്കുകയും ചെയ്യണമെന്ന് എനിക്കുതോന്നി. ഞാൻ വലിയ നോമ്പാരംഭത്തിൽത്തന്നെ ആകർഷണീയമായ നോട്ടീസുകൾ പ്രചരിപ്പിച്ചു. പണ്ഡിതരും പ്രസിദ്ധരുമായ പ്രാസംഗികരെ കൊണ്ടുവന്ന് പ്രഭാഷണങ്ങൾ നടത്തി. അടുത്തുനിന്നും അകലെനിന്നും ഭക്തജനങ്ങൾ വന്നുകൂടി. വിവിധ മതസ്ഥരായവർക്കും തിന്മയെവെറുത്ത് മനസ്തപിച്ച് പരിഹാരം ചെയ്തുകൊണ്ട് നല്ലവരായി വർത്തിക്കാനുള്ള പ്രേരണ ബഹു. മത്തായി അച്ചൻ ആഗ്രഹിച്ചതുപോലെ കുറെയെല്ലാം സാധിച്ചു. പാമ്പൂരാൻപാറയെ അങ്ങനെ ഒരു പാപവിമോചനസ്ഥലമായി മാററി അദ്ദേഹം.

ഏതു നല്ല കാര്യത്തിലും സഹകരിച്ചു പ്രവർത്തിക്കുവാൻ കദളിക്കാട്ടിൽ ബഹു.മത്തായി അച്ചൻ സന്മനസ്സു കാണിച്ചിരുന്നു. പാലായിലെ പെൺകുട്ടികളുടെ ഉപരിപഠനത്തിനായി ഒരു ഗേൾസ് ഹൈസ്കൂൾ സ്ഥാപിക്കുവാൻ മുൻകൈ എടുത്തുപ്രവർത്തിച്ചത് ഇദ്ദേഹമാണ്. അതുപോലെതന്നെ അന്നത്തെ കാലഘട്ടത്തിന്റെ ആവശ്യങ്ങൾ മുൻനിറുത്തിയും മനുഷ്യൻ ഈശോയുടെ തിരുഹൃദയത്തോടു ചെയ്യുന്ന പാപങ്ങൾക്ക് പരിഹാരം അനുഷ്ഠിക്കുന്നതിനുമായി തിരുഹൃദയ സന്യാസിനിസഭയും അദ്ദേഹം സ്ഥാപിച്ചു.

അദ്ദേഹം ആരംഭിച്ച എല്ലാ പ്രവർത്തനങ്ങളും മേൽക്കുമേൽ അഭിവൃദ്ധിപ്രാപിച്ചുകൊണ്ടിരിക്കുന്നു.

വെ. റവ. മോൺ. തോമസ് പഴയപറമ്പിൽ
തലശ്ശേരി സെന്റ് ജോസഫ് കത്തീഡ്രൽ,
14-1-1986

## 4. സി. എസ്പരിത്ത S.H.

1921 ജൂലൈ മാസത്തിലാണ് ഞാൻ തിരുഹൃദയസഭയിൽ വന്നത്. അന്ന് എനിക്ക് മുമ്പായി വന്ന 16 പേർ ഈ സഭയിൽ ഉണ്ടായിരുന്നു. ഞാൻ സ്കൂളിൽ പഠിക്കുന്ന കാലത്തുതന്നെ എനിക്കു അച്ചനെ പരിചയമുണ്ടായിരുന്നു. എന്റെ ഇളയമ്മയായ ഫിലോമിനാമ്മ വഴിയാണ് ഞാൻ അച്ചനെ ആദ്യമായി പരിചയപ്പെട്ടത്. ബഹു. ഫിലോമിനാമ്മ പറഞ്ഞതനുസരിച്ച് ഞാൻ പലപ്പോഴും അച്ചനോട് കുമ്പസാരിച്ചിട്ടുണ്ട്. എന്റെ ആത്മാവിന്റെ സ്ഥിതി പൂർണ്ണമായി മനസ്സിലാക്കിയശേഷം ഉപദേശം പറയുന്നതായിട്ടാണ് അപ്പോഴൊക്കെ എനിക്ക് തോന്നിയിട്ടുള്ളത്. ആളുകളെ പൂർണ്ണമായി മനസ്സിലാക്കാനുള്ള എന്തോ ഒരു പ്രത്യേകശക്തി അച്ചനുണ്ടായിരുന്നുവെന്ന് ഞാൻ വിശ്വസിക്കുന്നു. കുമ്പസാരക്കൂട്ടിൽ കിട്ടുന്ന ഉപദേശം ഏററം പ്രായോഗികവും ജീവിത നവീകരണത്തിന് ഉതകുന്നതും ആയിരുന്നു.

അച്ചനെ പരിചയപ്പെട്ടനാൾ മുതൽ അച്ചന്റെ ജീവിതവിശുദ്ധിയെയും പെരുമാറ്റത്തേയും പറ്റി വലിയ മതിപ്പാണ് എനിക്ക് തോന്നിയിട്ടുള്ളത്. അച്ചനെ കാണാൻ ഞങ്ങൾ ആരെങ്കിലും ചെന്നാൽ സ്ത്രീകളെ ആരെയും മുറിയിൽ കയറ്റുകയില്ല. എന്തെങ്കിലും പറയാനുണ്ടെങ്കിൽ വരാന്തയിൽ നിന്നുപറയും. കൊന്തയോ മററ് എന്തെങ്കിലും സാധനമൊ തരാനുണ്ടെങ്കിൽ കയ്യിലേക്ക് ഇട്ടുതരും. കണ്ണടക്കം കൃത്യമായിപാലിച്ചുകൊണ്ട് അച്ചൻ നടന്നുപോകുന്നത് കാണുന്നതുതന്നെ ഞങ്ങൾക്കെല്ലാവർക്കും ഒരു സൽപ്രേരണയായിരുന്നു. അച്ചന്റെ മുഖത്തും, ഭവനത്തിലും, പെരുമാററത്തിലും എല്ലാം എന്തോ ദിവ്യമായ ഒരു ആദ്ധ്യാത്മിക ചൈതന്യം തെളിഞ്ഞുനില്ക്കുന്നതായി എനിക്ക് പലപ്പോഴും തോന്നിയിട്ടുണ്ട്. പ്രാർത്ഥിക്കുമ്പോഴും ദിവ്യബലി അർപ്പിക്കുമ്പോഴും ഈ ദൈവികഭാവം കൂടുതൽ പ്രകടമായി കാണാമായിരുന്നു. പ്രാർത്ഥനാനിരതനായി മുട്ടിന്മേൽ നില്ക്കുന്ന അവസരങ്ങളിലും കുർബാനയുടെ

പ്രധാനഭാഗമാകുമ്പോഴുമൊക്കെ പലപ്പോഴും കണ്ണുകളിൽനിന്നും കണ്ണുനീർ പ്രവഹിക്കുന്നത് കാണാമായിരുന്നു. ദൈവികകാര്യങ്ങളെപ്പറ്റി സംസാരിക്കുമ്പോഴും പലപ്പോഴും കണ്ണുകൾ നിറഞ്ഞൊഴുകും. ദൈവം നൽകിയിട്ടുള്ള അനുഗ്രഹങ്ങളെപ്പറ്റി കണ്ണുനീരോടെയാണ് അനുസ്മരിച്ചിരുന്നത്.

വളരെ അലിവുള്ള ഒരു ഹൃദയമാണ് അച്ചനുണ്ടായിരുന്നത്. എന്തെങ്കിലും വിഷമങ്ങളെപ്പറ്റി പറയുന്നവരെ സഹതാപത്തോടെ കേൾക്കുകയും ആശ്വസിപ്പിക്കുകയും സഹായിക്കുകയും പ്രാർത്ഥന വാഗ്ദാനം ചെയ്യുകയും പതിവാണ്. കദളിക്കാട്ടിൽ അച്ചൻ പ്രാർത്ഥിച്ചതുകൊണ്ടാണ് ആ കാര്യം സാധിച്ചു കിട്ടിയത് എന്നു പലരും പറയുന്നതു കേട്ടിട്ടുണ്ട്. ഏതു വിഷമാവസരത്തിലും പ്രാർത്ഥന യാചിച്ചുകൊണ്ട് ഞങ്ങൾ അച്ചന്റെ പക്കൽ ഓടി എത്തുമായിരുന്നു.

1926 ജൂലൈ 6–ാം തീയതിയാണ് ഞാൻ സഭാവസ്ത്രം സ്വീകരിച്ചത്. എന്റെ കൂട്ടത്തിലുള്ളവരെല്ലാം 1925 ഡിസംബറിൽ ഉടുപ്പിട്ടു. ഞാൻ ഏഴാം ക്ലാസ്സിൽ പരീക്ഷ എഴുതുവാൻ ഒരുങ്ങുകയായിരുന്നതുകൊണ്ട് അതു കഴിഞ്ഞ് ഉടുപ്പിട്ടാൽ മതി എന്ന് അച്ചൻ പറഞ്ഞു. ഈ തീരുമാനത്തിൽ എനിക്കു വിഷമം തോന്നാതിരിക്കാൻ എന്നെ പലവിധ ഉപദേശങ്ങൾ പറഞ്ഞ് സാന്ത്വനപ്പെടുത്തി. പരിശീലനകാലം മുതൽ മഠത്തിന്റെ ഓരോ കാര്യങ്ങളിലും ഞങ്ങളെ ചുമതലപ്പെടുത്തി ചെയ്യിച്ചിരുന്നു. പരീക്ഷ കഴിഞ്ഞുവന്ന് ഉടുപ്പിടീലിനു ഒരുങ്ങുന്ന അവസരത്തിൽ ഒരു ദിവസം അച്ചൻ എന്നെ വിളിച്ചു പറഞ്ഞു. ഇനി സഭയെ വളർത്തിക്കൊണ്ടു വരേണ്ടത് വിദ്യാഭ്യാസമുള്ളവരായ നിങ്ങളൊക്കെയാണ്. പഠനവും അറിവും ഉള്ളവർ അതനുസരിച്ച് കൂടുതൽ നല്ലവരായി ജീവിക്കണം എന്ന്. ഞാൻ പുന്നത്തുറയായിരിക്കുമ്പോഴും അച്ചനെ കാണാൻ വരുന്ന അവസരത്തിലൊക്കെ സഭയെ ആത്മാർത്ഥമായി സ്നേഹിക്കണമെന്നും അതിന്റെ വളർച്ചയ്ക്കായി പരിശ്രമിക്കണമെന്നും പലപ്പോഴും പറയുമായിരുന്നു. അച്ചന് അസുഖം ബാധിച്ചശേഷം എന്നെക്കണ്ട ഒരവസരത്തിൽ പറഞ്ഞു. എനിക്ക് ക്ഷീണവും അസുഖവുമൊക്കെയായി. ഇനി നിങ്ങളാണ് സഭയെ വളർത്തേണ്ടത്. ഞങ്ങളുടെ കഴിവുപോലെ അതിനായി പരിശ്രമിക്കാമെന്ന് ഞങ്ങളപ്പോൾ പറഞ്ഞു. അതുമതി ബാക്കി ദൈവം നോക്കിക്കൊള്ളും എന്ന് അച്ചൻ അപ്പോൾ മറുപടി പറഞ്ഞു.

ഒരു സ്നേഹമുള്ള പിതാവിനെപ്പോലെയാണ് ഞങ്ങളെല്ലാവരോടും അച്ചൻ പെരുമാറിയിരുന്നത്. ഞങ്ങളുടെ ആവശ്യങ്ങളെല്ലാം നിറവേറ്റിത്തരുന്നതിനും വിഷമങ്ങൾ പരിഹരിക്കുന്നതിനും ആത്മാർത്ഥമായി പരിശ്രമിക്കുന്ന ഒരു പിതാവിന്റെ ഹൃദയമാണ് അച്ചനുണ്ടായിരുന്നത്. എന്നാൽ അതേസമയം തെറ്റുകൾ തിരുത്തുന്നതിലും, കുറ്റക്കാരെ യഥാസമയം ശാസിക്കുന്നതിലും ശിക്ഷിക്കുന്നതിലും പ്രത്യേകം ശ്രദ്ധിച്ചിരുന്നു. എല്ലാക്കാര്യങ്ങളിലും ആത്മസംയമനം പാലിക്കണമെന്നും, എല്ലാ അവസരങ്ങളിലും സന്യാസോചിതമായ വിനയവും അടക്കവും പ്രകടിപ്പിക്കണമെന്നും പ്രത്യേകം നിഷ്ഠവച്ചിരുന്നു. ആദ്ധ്യാത്മിക വിഷയങ്ങളിൽ വേണ്ട അറിവ് ഞങ്ങൾക്കു നൽകുവാൻ കിട്ടുന്ന എല്ലാ അവസരങ്ങളും അച്ചൻ ഉപയോഗപ്പെടുത്തി. പ്രാർത്ഥനയുടെയും പരിത്യാഗത്തിന്റെയും ജീവിതമാണ് അദ്ദേഹം നയിച്ചിരുന്നത്. ഞങ്ങളും നിരന്തരം പ്രാർത്ഥനയിലും ദൈവസാന്നിദ്ധ്യ ബോധത്തിലും ത്യാഗാരൂപിയിലും ജീവിക്കണമെന്ന് ഉപദേശിക്കുകയും പഠിപ്പിക്കുകയും ചെയ്തുപോന്നു. ഇപ്പോഴും ബഹു.അച്ചന്റെ ആത്മചൈതന്യവും പ്രാർത്ഥനയുമാണ് സഭയെ പരിപാലിക്കുകയും വളർത്തുകയും ചെയ്യുന്നതെന്ന് ഞാൻ വിശ്വസിക്കുന്നു.

15- 1 - 1985 സിസ്റ്റർ എസ്പരീത്താ
രാമപുരം തിരുഹൃദയമഠം

## 5. സി. മരിയ സെലിൻ S.H.

സ്ഥാപകപിതാവിനെപ്പറ്റി വളരെ വ്യക്തവും ഹൃദയസ്പർശകവുമായ ഓർമ്മകളാണ് എനിക്കുള്ളത്. എന്റെ ബന്ധത്തിൽപ്പെട്ട റീത്താമ്മയും മരിയ ആഗ്നസമ്മയും ഈ സഭയിലെ അംഗങ്ങളായി ആദ്യകാലത്തുതന്നെ ചേർന്നിരുന്നു. അവരെ സന്ദർശിക്കുവാനായി ബാലികയായ ഞാൻ മഠത്തിൽ വരുന്ന അവസരങ്ങളിൽ പലപ്പോഴും അച്ചനെ കാണാൻ എനിക്കു സാധിച്ചിട്ടുണ്ട്. അച്ചൻ അപ്പോൾ എന്നെ ശ്രദ്ധിക്കുകയും എന്നോട് സംസാരിക്കുകയും ചെയ്തിരുന്നത് ഞാൻ ഓർക്കുന്നു. ഇവൾ നമ്മുടെ മഠത്തിൽ വരാനിരിക്കുയാണ്. ഇങ്ങോട്ടു പോരട്ടെ എന്നൊക്കെ മററു സിസ്റ്റേഴ്സ് പറയുമ്പോൾ ഈശോയുടെ തിരുഹൃദയം അവളെ വിളിച്ചിട്ടുണ്ടെങ്കിൽ അവൾ വരും എന്നു പറഞ്ഞ് ചിരിക്കുകയല്ലാതെ എന്നെ പ്രോത്സാഹിപ്പിക്കുന്ന ഒരു വാക്കുപോലും പറഞ്ഞിട്ടില്ല.

1929-ൽ ഞാൻ മഠത്തിൽ ചേരാൻ തീരുമാനിച്ചശേഷം എന്റെ ആങ്ങളയും ഞാനും കൂടി മഠത്തിൽവന്ന് അച്ചനെ കണ്ടു. എന്റെ ആഗ്രഹം അറിഞ്ഞപ്പോൾ അച്ചൻ ഇങ്ങനെ പറഞ്ഞു. ഇത് പാവപ്പെട്ടവർക്കുവേണ്ടിയുള്ള മഠമാണ്. ഇവിടെ ഭക്ഷണവും സൗകര്യങ്ങളും ഒക്കെ കുറവാണ്. അനാഥരെ രക്ഷിക്കണം, അതിനുവേണ്ടി ധർമ്മപ്പിരിവിനു പോകണം. നെല്ലുകുത്തണം. രോഗം വന്നാൽ ഗവൺമെന്റ് ആശുപത്രിയിലേ മരുന്നുള്ളൂ. ഇപ്രകാരം നിരുത്സാഹപ്പെടുത്തുന്ന വിധത്തിലാണ് അച്ചൻ അന്നു സംസാരിച്ചത്. അച്ചന്റെ സത്യസന്ധവും വിനീതവുമായ പെരുമാറ്റം കണ്ട് എന്റെ ആങ്ങള പറഞ്ഞു: ഇവൾക്ക് ഇഷ്ടമാണോ എന്ന് നിന്നു നോക്കട്ടെ എന്ന്.അച്ചൻ അപ്പോൾ എന്നോടു ചോദിച്ചു, നിനക്ക് എന്തു തോന്നുന്നു. എനിക്കിഷ്ടമാണ് എന്ന് ഞാൻ മറുപടി പറഞ്ഞു. ഈശോയുടെ തിരുഹൃദയം നിനക്ക് ശക്തിയും ധൈര്യവും തരും എന്ന് എന്നോടും അതിനായി വീട്ടിലുള്ളവരും പ്രാർത്ഥിക്കുക എന്ന് ആങ്ങളയോടും പറഞ്ഞു. എന്റെ ആങ്ങള വീട്ടിൽ വന്ന് അമ്മയോടും മറ്റും പറയുകയാണ്. ആ അച്ചൻ എത്ര നല്ല അച്ചനാണ്. എത്ര എളിമയോടുകൂടിയാണ് എല്ലാ കാര്യങ്ങളും പറഞ്ഞത്. അച്ചന്റെയും അമ്മമാരുടെയും പെരുമാറ്റം നല്ല സ്നേഹവും കുടുംബാരൂപിയും ഉള്ളതാണ് എന്നെല്ലാം.

ഞാൻ മഠത്തിൽ ചേരാൻ വന്ന് ബോർഡിംഗിൽ താമസം തുടങ്ങിയശേഷം ആദ്യമായി അവധിയ്ക്ക് വീട്ടിൽ കൊണ്ടുപോകാൻ ആങ്ങള വന്ന് അച്ചനോട് അനുവാദം ചോദിച്ചു. അച്ചൻ എന്നെ വിളിച്ചു. നിനക്ക് വീട്ടിൽ പോകണോ എന്നു ചോദിച്ചു. എനിക്ക് പോകണം അമ്മയെ കാണണം എന്നു ഞാൻ പറഞ്ഞു. അപ്പോൾ അച്ചൻ പറയുകയാണ്. ഈ മഠത്തിലുള്ള അമ്മമാർ നിന്റെ അമ്മമാര്. ഈശോയുടെ അമ്മ നമ്മുടെ എല്ലാവരുടെയും അമ്മ. ആ അമ്മയെ കൂടുതലായി സ്നേഹിക്കണം എന്നെല്ലാം ഇങ്ങനെ ഓരോ സന്ദർഭങ്ങളിൽ അവസരോചിതമായി ആദ്ധ്യാത്മിക വിഷയങ്ങളിലേക്ക് ചിന്ത തിരിച്ചു വിടുവാൻ തക്കവിധമുള്ള സംഭാഷണങ്ങൾ നടത്തുവാൻ അച്ചന് പ്രത്യേക കഴിവുണ്ടായിരുന്നു.

കുർബാനയുടെയും വാഴ്വിന്റെയും ഒക്കെ പാട്ടുകൾ ഞങ്ങളെ പഠിപ്പിച്ചു തന്നിരുന്നത് അച്ചനാണ്. ഞങ്ങളെ എല്ലാവരേയും ഒരുമിച്ചു വിളിച്ചിരുത്തി താളംമനസ്സിലാക്കി പാടിപഠിപ്പിച്ചു. അവ ഓരോന്നും അർത്ഥത്തിനനുസരിച്ച് ഭക്തിവികാരത്തോടെയാണ്

അദ്ദേഹം പാടിത്തന്നിരുന്നത്. തെറ്റിച്ചു പാടുകയോ അപ്പോൾ ചിരിക്കുകയോ ചെയ്യുന്നവരോടു പറയും. നിങ്ങൾ ചിന്തിച്ചും ധ്യാനിച്ചും പാടാഞ്ഞിട്ടാണ് ചിരിക്കുന്നത്. ദേവാലയ ഗീതങ്ങൾക്ക് അതിന്റേതായ പാവനതയുണ്ട് എന്ന്.

സെപ്തംബർ 21 – അച്ചന്റെ നാമഹേതുകനായ വി. മത്തായി ശ്ലീഹയുടെ തിരുനാൾ ദിവസം അന്നത്തെ രീതിയിൽ ഞങ്ങളുടെ വലിയ ആഘോഷമാണ്. പലതരം പാട്ടുകളും കളികളും മംഗളപ്രസംഗങ്ങളും ഒക്കെ ഞങ്ങൾ നേരത്തെതുടങ്ങി പഠിക്കും. കപ്പേളയിൽ നിന്നും എതിരേല്പുപാട്ടുകൾ പാടിയാണ് ഹാളിലേയ്ക്ക് അച്ചനെ കൊണ്ടുവരുന്നത്. അതിനുശേഷം പാട്ട്, മംഗളവായന, പിന്നെ കളികളൊക്കെ. വലിയ ഉല്ലാസമാണ്. അനാഥശാലയിലുള്ളവരും ഞങ്ങളും ഒരുമിച്ചാണ് എല്ലാം നടത്തിയിരുന്നത്. കളികളും പാട്ടുകളും ഒക്കെ എത്ര തന്നെ മോശമായിരുന്നാലും അച്ചൻ അവയൊക്കെ വളരെയധികം ആസ്വദിച്ചിരുന്നതായാണ് ഞങ്ങൾക്ക് അനുഭവപ്പെട്ടിരുന്നത്. അന്നേദിവസം അച്ചനും ഞങ്ങളും അനാഥമന്ദിരത്തിലെ അംഗങ്ങളും എല്ലാവരും ഒരുമിച്ചാണ് ഊട്ടുമുറിയിൽ കാപ്പി കുടി. മക്കളുമൊത്ത് സന്തോഷിക്കുന്ന ഒരു പിതാവിന്റെ ആനന്ദവും മുഖഭാവവുമാണ് അപ്പോൾ അച്ചനിൽ ദൃശ്യമായിരുന്നത്. ഒരിക്കൽ ഒരു പാട്ടിനകത്ത് അച്ചൻ ഒരു നൂറു വർഷം കൂടി ജീവിക്കണമെന്ന് പാടിയപ്പോൾ ഇത്രയെ എന്റെ മക്കൾക്ക് ആഗ്രഹമുള്ളോ എന്നു ചോദിച്ചുകൊണ്ടു ചിരിച്ചു.

ഈശോയുടെ തിരുഹൃദയത്തെ ആശ്വസിപ്പിക്കുന്നതിനുവേണ്ടി നന്മസാഗരമായ ഈശോയുടെ പരിശുദ്ധഹൃദയമെ, നിന്നെ അധികമധികം സ്നേഹിക്കുന്നതിന് എന്നെ പഠിപ്പിക്കണമെ എന്നും മററുമുള്ള സ്നേഹപ്രകരണങ്ങൾ എപ്പോഴും ചൊല്ലാൻ പറയുമായിരുന്നു. നിങ്ങൾ ഈ പാവപ്പെട്ട കുഞ്ഞുങ്ങളെയും വൃദ്ധരെയും സ്നേഹത്തോടെ സഹായിക്കുന്നത് ഈശോയ്ക്ക് ഏറ്റം ഇഷ്ടപ്പെട്ട കാര്യമാണ് എന്ന് കൂടെക്കൂടെ ഞങ്ങളെ ഓർമ്മിപ്പിച്ചുകൊണ്ടിരുന്നു. കുശിനിയിൽ ഭക്ഷണം ഉണ്ടാക്കി അനാഥശാലയിലേക്കും നമ്മുടെ ഊട്ടുമുറിയിലേക്കും ഒരുമിച്ചാണു കൊണ്ടുപോകുന്നത്. അത് അച്ചന്റെ താല്പര്യമാണ്. എല്ലാ ദിവസവും അച്ചൻ അനാഥശാലയിൽ കയറി അവരെ അന്വേഷിക്കുമായിരുന്നു.

ഒരു താപസന് അനുസൃതമായ ജീവിതമാണ് അച്ചൻ നയിച്ചിരുന്നത്. വാക്കിലും പ്രവൃത്തിയിലും ജീവിതത്തിന്റെ എല്ലാ ചലന

ത്തിലും സംയമനത്തിന്റെ ചൈതന്യം ദൃശ്യമായിരുന്നു. ദാഹശമ നത്തിന് കിരിയാത്തുവെന്ത കയ്പുള്ള വെള്ളമാണ് കുടിച്ചിരുന്നത്. കൃത്യസമയത്തല്ലാതെ യാതൊന്നും ഭക്ഷിക്കുകയോ പാനം ചെയ്യു കയോ ചെയ്തിരുന്നില്ല. കിടക്കുന്നത് പലപ്പോഴും ഒരു പലകപ്പുറ ത്തായിരുന്നു. മുറിയിൽ ഈ പലക എന്നും കാണാമായിരുന്നു. മൗന സമയത്ത് മഠത്തിൽ വന്നാൽ അത്യാവശ്യമുള്ളവ വളരെ താണ സ്വരത്തിലെ സംസാരിക്കൂ. കൊച്ചുങ്ങളായ ഞങ്ങളെ വിളിച്ച് തെറ്റു കളും കുറ്റങ്ങളും തിരുത്തിത്തരികയും ചിലപ്പോഴൊക്കെ പ്രായ ശ്ചിത്തം തരികയും ചെയ്തിട്ടുണ്ട്. പ്രായവും പ്രാപ്തിയും അനു സരിച്ച് ഉല്ലാസത്തിന് മിണ്ടടക്കം, ചിലർക്ക് ഒരു മണിക്കൂർ ആരാ ധന, നിലം മുത്തുക, നാക്കുകൊണ്ട് കുരിശുവരയ്ക്കുക എന്നിങ്ങ നെയുള്ള ശിക്ഷകൾ പലപ്പോഴും ഞങ്ങൾക്ക് കിട്ടിയിട്ടുണ്ട്. ഊട്ടു മുറിയിൽ മിണ്ടടക്കം തെറ്റിച്ചതിന് അവിടെ മുട്ടുകുത്തി നാക്കു കൊണ്ട് നിലത്തു കുരിശു വരപ്പിച്ചു എന്നെക്കൊണ്ട്. വീട്ടിൽ വിടു മ്പോൾ മറ്റു വീടുകളിൽ കിടക്കാൻ സമ്മതിക്കുകയില്ല. സ്വന്തം സഹോദരങ്ങളുടെ വീടുകളിൽ കിടക്കാൻ അനുവദിക്കുകയില്ല. മന്ദി രത്തിലെ കുട്ടികൾപോലും അസമയത്ത് കായ്കനികളും പഴങ്ങളും ഒക്കെ പറിച്ചുതിന്നുന്നത് കാണുവാൻ ഇടയായാൽ അച്ചൻ അവരെ ശാസിക്കുമായിരുന്നു. അതൊക്കെ കിട്ടിയാൽ ആശയടക്കിയിട്ട് പിന്നീട് ഭക്ഷണസമയത്ത് കൂട്ടുകാർക്കുകൂടി കൊടുത്തിട്ട് തിന്നാൽമതി എന്ന് അച്ചൻ പറയും.

ഒരു ദിവസം ഞങ്ങളിൽ ഒരാളുടെ ഉടുപ്പ് കുറെ കീറിയത് അച്ചൻ കണ്ടു. ഉടനെതന്നെ ആളിനെ വിളിച്ചുപറഞ്ഞു. കീറിയത് ഇടുന്നത് ആക്ഷേപമല്ല. തൈച്ചും അലക്കിയും ശരിയാക്കി ഇട്ടെ നടക്കാവൂ. അതാണ് സന്യാസിയുടെ അലങ്കാരം എന്ന്.

കൊന്തകെട്ട്, തയ്യൽ, നെല്ലുകുത്ത് തുടങ്ങിയ ജോലികൾക്കിട യിലും സ്നേഹപ്രകരണങ്ങൾ ചൊല്ലണമെന്ന് അച്ചൻ പറഞ്ഞുത രുമായിരുന്നു. ഞങ്ങൾ അങ്ങനെ പ്രാർത്ഥിച്ചുകൊണ്ട് ജോലിചെയ്യു ന്നതുകാണുമ്പോൾ അദ്ദേഹം വളരെ സന്തോഷം പ്രകടിപ്പിച്ചു കൊണ്ട് കടന്നുപോയിരുന്നത് ഞാൻ ഓർമ്മിക്കുന്നു.

ഇങ്ങനെ അച്ചനെ പരിചയപ്പെട്ടനാൾ മുതൽ ഒരു പുണ്യവാനെ കാണുന്നതുപോലെയും പുണ്യവാനോട് ഇടപെടുന്നതു പോലെയുമാണ് എനിക്കു തോന്നിയിട്ടുള്ളത്. അച്ചൻ ഒരു പുണ്യ വാനാണ് എന്ന് ഞങ്ങൾ കൂട്ടുകാർ തമ്മിൽ പറയുമായിരുന്നു.

അച്ചന്റെ മരണശേഷവും ഞങ്ങൾ എല്ലാ അവസരങ്ങളിലും അച്ചന്റെ കബറിടത്തിങ്കൽ ചെന്നു പ്രാർത്ഥിക്കുക പതിവായി. അച്ചൻ ഇന്നും നമ്മുടെ മദ്ധ്യത്തിലുള്ളതുപോലെ ഒരു അനുഭവമാണ് അപ്പോഴൊക്കെ എനിക്കുതോന്നുക.

സി. മരിയ സെലിൻ
27-2- 1985 എസ്.എച്ച്.സി. പാലാ

## 6. സി. സ്രാഫീന FCC

എനിക്ക് ദാഹിക്കുന്നു എന്ന് ക്രിസ്തുനാഥൻ രണ്ടായിരം കൊല്ലം മുൻപ് കുരിശിൽകിടന്ന് അരുളിചെയ്ത അന്ത്യവചസ്സിനെ സദാസമയവും കർണ്ണപുടങ്ങളിൽ ശ്രവിച്ചുകൊണ്ടു ആ ദിവ്യദാഹത്തെ അല്പമെങ്കിലും ശമിപ്പിക്കുന്നതിനായി തന്റെ ജീവിതകാലമത്രയും കഠിനാദ്ധ്വാനം ചെയ്ത കദളിക്കാട്ടിൽ ബഹു.മത്തായി അച്ചനെപ്പററി അല്പം അനുസ്മരിക്കുന്നതിന് എനിക്ക് അവസരം നൽകിയ തദ്ഭാരവാഹികളോട് ഞാൻ കൃതജ്ഞത പ്രകാശിപ്പിച്ചു കൊള്ളുന്നു.

എന്റെ ബാല്യകാലം മുതൽ അദ്ദേഹത്തിന്റെ സംരക്ഷണയിലും ശിക്ഷണത്തിലും കഴിച്ചുകൂട്ടുന്നതിനുള്ള ഭാഗ്യം എനിക്ക് ലഭിച്ചതിൽ ഞാൻ അതിയായി സന്തോഷിക്കയും പരമകാരുണികനായ ദൈവത്തിന് നന്ദി പ്രകാശിപ്പിക്കുകയും ചെയ്യുന്നു.

ആദ്യകാലത്ത് പാലാപ്പള്ളിയിൽ വേദപാഠം പഠിപ്പിക്കുമ്പോൾ കുട്ടികളായ ഞങ്ങളോട് അദ്ദേഹം കാണിച്ചിരുന്ന സ്നേഹ വാത്സല്യങ്ങൾ, ദൈവത്തോട് കൂടുതൽ അടുക്കുന്നതിന് ഞങ്ങൾക്ക് പ്രേരണ നൽകിയിരുന്നു. ഭക്തിയോടെ വി.കുർബാനയിൽ സംബന്ധിക്കുന്നതിനും ദൈവാലയത്തിൽ വേണ്ടത്ര ആചാരോപചാരങ്ങൾ പാലിക്കുന്നതിനും ദൈവവിളി എന്താണെന്ന് പ്രാർത്ഥനകൊണ്ട് മനസ്സിലാക്കുന്നതിനും വേണ്ട ഉപദേശങ്ങൾ അപ്പഴപ്പോൾ അദ്ദേഹം നൽകിക്കൊണ്ടിരുന്നു. ഇതിനും പുറമെ ചെറിയ ചെറിയ സമ്മാനങ്ങളാൽ പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു. ദൈവസ്നേഹം നിറഞ്ഞ അദ്ദേഹത്തിന്റെ ഉപദേശങ്ങളാൽ സന്യാസജീവിതം നയിക്കുന്നതിനുള്ള ആഗ്രഹം ഞങ്ങളിൽ പലർക്കും ഉണ്ടായി. സുകൃത ജീവിതം ആത്മാർത്ഥമായി ആഗ്രഹിച്ചിരുന്ന പലരും അദ്ദേഹത്തെ കുമ്പസാരക്കാരനായി സ്വീകരിച്ചിരുന്നു. കുഞ്ഞുങ്ങളുടെ നന്മയെ ആഗ്രഹിച്ചിരുന്ന പല മാതാക്കളും തങ്ങളുടെ മക്കളെ അദ്ദേഹ

ത്തിന്റെ പക്കലേയ്ക്കാണ് പറഞ്ഞയച്ചിരുന്നത്. അവരെ വേണ്ട വിധത്തിൽ പരീക്ഷിച്ചതിനുശേഷം എഴുത്തുമൂലവും മറ്റും മാതാ പിതാക്കന്മാരെ വിവരം ധരിപ്പിക്കുകയും ദൈവവിളി അനുസരിക്കു ന്നതിന് പ്രതിബന്ധമായി നില്ക്കുന്ന രക്ഷകർത്താക്കളെ സമാധാ നിപ്പിക്കുകയും മറ്റും ചെയ്യുക പതിവായിരുന്നു. ഈശോയുടെ തിരു ഹൃദയത്തോടുള്ള ഭക്തി കുട്ടികളിൽ വേരുന്നുവാൻ തക്കവിധം അദ്ദേഹം പരിശീലിപ്പിച്ചു.

**കണ്ണാടിയുറുമ്പ് ക്ലാരമഠം, സ്കൂൾ**

അമ്പതിൽപ്പരം വർഷങ്ങൾക്കുമുമ്പ് സ്ഥലത്തെ വിദ്യാഭ്യാസാ ഭിവൃദ്ധിയെ മുൻനിർത്തി അന്നത്തെ കപ്ലോനായിരുന്ന കദളിക്കാ ട്ടിൽ ബഹു. മത്തായിയച്ചന്റെ നിരന്തരമായ പരിശ്രമഫലമായി ആശ്രമത്തിന്റെ പൂമുഖത്തിൽ മൂന്നുക്ലാസ്സുകളോടുകൂടിയ ഒരു മലയാളം സ്കൂൾ ഗവ.അംഗീകാരത്തോടെ 1093 ഇടവം ഏഴാം തീയതി ആരംഭിച്ചു.

കന്യകകളുടെ താമസത്തിനും സ്കൂൾ നടത്തിപ്പിനും അവശ്യം വേണ്ട കെട്ടിടം ഇല്ലാതെയിരുന്നതുകൊണ്ട് കന്യകക ളുടെ പത്രമേനിയിൽ നിന്നും ഗണ്യമായ ഒരു തുക ചിലവാക്കി കണ്ണാടിയുറുമ്പിൽ ഇപ്പോൾ സ്കൂൾ നടത്തിക്കൊണ്ടിരിക്കുന്ന രണ്ടു നിലക്കെട്ടിടം പണികഴിപ്പിച്ചു. മുകളിലത്തെ നില താമസ ത്തിനും താഴത്തെ നില സ്കൂളിന്റെ ആവശ്യത്തിനുമായി ഉപ യോഗപ്പെടുത്തി. ഇവ്വിധം ആരംഭിച്ച സ്കൂൾ പലവിധ പ്രതിസ ന്ധികളെ തരണം ചെയ്തും വളരെയധികം കഷ്ടപ്പാടുകൾ സഹിച്ചും അദ്ദേഹം യഥാകാലം അഭിവൃദ്ധിപ്പെടുത്തി. 1094 ഇട വത്തിൽ 5 ക്ലാസ്സുള്ള ഒരു വി.എം. സ്കൂളാക്കി അതിനെ ഉയർത്തി. അങ്ങനെ ഒരു വർഷം കഴിഞ്ഞു. അപ്പോൾ ഇംഗ്ലീഷ് വിദ്യാഭ്യാ സത്തോടുള്ള അദ്ദേഹത്തിന്റെ താല്പര്യം നിമിത്തം പ്രസ്തുത സ്കൂൾ ഒരു ഇംഗ്ലീഷ് സ്കൂളാക്കി ഉയർത്തുന്നതിനുള്ള ആഗ്ര ഹത്താൽ പ്രേരിതനായി പൊതുജനങ്ങളെ പ്രോത്സാഹിപ്പിച്ചു തുട ങ്ങി. ഈ അവസരത്തിൽ ബഹു. മത്തായി അച്ചൻ സ്ഥലം മാറ്റ പ്പെടുകയും തൽസ്ഥനത്ത് ബഹു. മാടപ്പാട്ടച്ചൻ നിയമി ക്കപ്പെടുകയും ചെയ്തു. എങ്കിലും തന്റെ പരിശ്രമം അദ്ദേഹം ഉപേ ക്ഷിച്ചില്ല. എന്തിനേറെ അദ്ദേഹം അധികം താമസിയാതെ വീണ്ടും കപ്ലോനും മാനേജരുമായി നിയമിക്കപ്പെടുകയും 99 - ൽ 3-ാം ഫാറം വരെയുള്ള ഒരു ഇംഗ്ലീഷ് മിഡിൽസ്കൂൾ ആരംഭിക്കുകയും

ചെയ്തു. എന്നാൽ, ഇതുകൊണ്ടും അദ്ദേഹം തൃപ്തനായില്ല. പൊതുജനങ്ങളുടെ നന്മയെ മുൻനിർത്തി അദ്ദേഹം സ്ഥലത്തെ മൂന്നു പള്ളിക്കാരുടെയും സഹകരണം സമ്പാദിക്കുകയും ളാലം പള്ളിക്കു സമീപം കുറെ സ്ഥലം വാങ്ങിച്ച്, കണ്ണാടിയുറുമ്പിൽ ഉണ്ടായിരുന്ന സ്കൂൾ മാററുകയും ചെയ്തു. സ്ഥലം വാങ്ങുന്നതിനും കെട്ടിടം പണിയിക്കുന്നതിനും അദ്ദേഹം സഹിച്ചിട്ടുള്ള ക്ലേശങ്ങൾ നിരവധിയാണ്. മഠത്തിന്റെ സാമ്പത്തിക സ്ഥിതി വളരെ പരിമിതമായിരുന്നതിനാൽ സ്വന്തം കൈയ്യിൽ നിന്നുപോലും പണം എടുത്തിട്ടുണ്ട്. അദ്ദേഹത്തിന്റെ അക്ഷീണ പരിശ്രമത്താൽ പലരും ഔദാര്യപൂർവ്വം സഹായങ്ങൾ നൽകിയിരുന്നു. രണ്ടു വർഷത്തേയ്ക്ക് ഗവൺമെന്റിൽനിന്നു യാതൊരു സഹായവും ലഭിച്ചില്ല. ഈ കാലസന്ധിയിൽ സ്കൂൾ നടത്തിപ്പിനും പല തരത്തിലുള്ള വൈഷമ്യങ്ങൾ നേരിട്ടു. ഈ വിഷമ സാഹചര്യങ്ങളെല്ലാം ദൈവത്തിൽ ശരണപ്പെട്ട്, സമചിത്തതയോടും ക്ഷമയോടുംകൂടി സധൈര്യം മുമ്പോട്ടിറങ്ങി പ്രവർത്തിക്കുന്നതിനും ബഹു. മത്തായി അച്ചൻ ഉദ്യുക്തനായിരുന്നില്ലെങ്കിൽ ഇന്നു കാണുന്ന സെന്റ് മേരീസ് ഹൈസ്കൂൾ ഉണ്ടാകുമായിരുന്നില്ല എന്ന് ധൈര്യപൂർവ്വം പ്രസ്താവിക്കാം. സ്വന്തം പണം ചിലവാക്കിയും മററുള്ളവരോട് അഭ്യർത്ഥിച്ചും ഒരു നിയതകാലത്തിനകം കെട്ടിടം പണി തീർത്ത്, ലഭിക്കാതിരുന്ന ഗ്രാന്റ് വാങ്ങുന്നതിനും മറ്റും അദ്ദേഹം ചെയ്തിട്ടുള്ള നിസ്വാർത്ഥസേവനങ്ങൾ ചരിത്രത്തിൽ പ്രത്യേകം രേഖപ്പെടുത്തേണ്ടത് തന്നെയാണ്.

തിരുഹൃദയഭക്തി അദ്ദേഹത്തിൽ രൂഢമൂലമായിരുന്നു. തന്നിമിത്തം അനേകരെ ഈ ഭക്തിയിലേയ്ക്ക് ആകർഷിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ തിരുഹൃദയഭക്തിയുടെ ഉത്തമലക്ഷ്യമാണ് ഇന്ന് കേരളത്തിലുള്ള തിരുഹൃദയസന്യാസിനീസഭ. സാധുക്കളായ നിരവധി കന്യകളുടെ ആദ്ധ്യാത്മികാഭിവൃദ്ധിയെ ഉദ്ദേശിച്ച് ഇദ്ദേഹം സമാരംഭിച്ചിട്ടിള്ളതാണ് ഈ സ്ഥാപനം.

വിശ്രമമില്ലാതെയുള്ള ജോലികളാൽ കുറെ കഴിഞ്ഞപ്പോൾ അദ്ദേഹത്തിനു ശരീരാസ്വാസ്ഥ്യം നേരിടുകയാൽ ഒരു വർഷത്തേയ്ക്ക് കളംകുത്തിയിൽ ബഹു. ദേവസ്യാ അച്ചനെ തന്റെ ജോലി ഭരമേല്പിച്ചുകൊണ്ട്, വിശ്രമാർത്ഥം കഴിച്ചുകൂട്ടി. ഈ അവസരത്തിലും മാനേജർ സ്ഥാനം അദ്ദേഹം മാറിയില്ല. 1933 മുതൽ വീണ്ടും മഠത്തിന്റെ കപ്ലോനും മാനേജരുമായി ജോലി

നോക്കിക്കൊണ്ടിരിക്കെ, 1935 മെയ് 23-ാം തീയതി ബഹു. മത്തായി അച്ചൻ ഭാഗ്യമരണം പ്രാപിച്ചു.

കണ്ണാടിയുറുമ്പു ക്ലാരമഠം സി. സ്രാഫീനാ
ഡിസംബർ 21, 1960 (ഒപ്പ് )

## 7. സി. മർഗ്ഗരീത്താ FCC

ഏകദേശം 14 കൊല്ലത്തോളം ഈ മഠത്തിന്റെ കപ്പോൻ സ്ഥാനം ഏറ്റവും സ്തുത്യർഹമാംവിധം നിർവ്വഹിച്ച കദളിക്കാട്ടിൽ മത്തായി അച്ചനെപ്പറ്റിയുള്ള അനുസ്മരണ എനിക്കേററം സന്തോഷപ്രദമത്രെ. ഈ കാലഘട്ടത്തിൽ ഈ മഠത്തിന്റെ ആദ്ധ്യാത്മികവും ലൗകികവുമായ ഉന്നതിയ്ക്കായി അദ്ദേഹം സഹിച്ചിട്ടുള്ള ക്ലേശങ്ങൾ അവാച്യമെന്നേ പറയേണ്ടു. ഇവിടെയും ളാലത്തിലും സ്കൂൾ സ്ഥാപിക്കുന്നതിനും ഈ വന്ദ്യദേഹം അനുഭവിച്ച കായക്ലേശങ്ങളും മാനസിക ക്ലേശങ്ങളും വർണ്ണനാതീതമത്രെ. പണദൗർല്ലഭ്യത്താൽ വീടുകൾതോറും കയറിയിറങ്ങി പണം വാങ്ങിച്ചും മറ്റുമാണ് പണികൾ മുമ്പോട്ട് കൊണ്ടുപൊയ്ക്കൊണ്ടിരുന്നത്. രാവിലെ വി. കുർബാനയും കഴിഞ്ഞ് അല്പം ആഹാരവും കഴിച്ചുകൊണ്ട് മഴയോ, വെയിലോ കൂട്ടാക്കാതെ ധ്യാനനിമഗ്നനായി, കണ്ണാടിയുറുമ്പിൽനിന്നു ളാലത്തിലേയ്ക്കു പോകുന്ന ആ വന്ദ്യതാതനെ ഇന്നും ഓർക്കുന്നു. ഇവിടെനിന്നും ഒരു പയ്യൻ കൊണ്ടുപോകുന്ന ഉച്ചഭക്ഷണവും കാപ്പിയും പയ്യനുമായി കൂട്ടുപിടിച്ച് വൃക്ഷത്തണലിൽ ഇരുന്ന് ഭക്ഷിക്കുന്നതും, ചിരട്ടയിലും മറ്റും കാപ്പി ഒഴിച്ച് കുടിച്ചിരുന്നതും ഒരിക്കലും മാഞ്ഞുപോകാത്ത ചിത്രങ്ങൾ തന്നെയാണ്. ചിലപ്പോൾ രാത്രി 7 മണി ആകുമ്പോഴാണ് തിരിച്ചെത്തിയിരുന്നത്. എങ്കിലും വഴിക്കുള്ള മദ്യപാനികൾക്ക് പോലും അദ്ദേഹത്തോട് വളരെ സ്നേഹമായിരുന്നു. ഇപ്രകാരമുള്ള ഒരവസരത്തിൽ ഉണ്ടായ രസകരമായ ഒരു സംഭവം ഞാൻ ഓർമ്മിക്കുന്നു. ബഹു. അച്ചൻ ളാലത്തിൽനിന്നും കണ്ണാടിയുറുമ്പിലേക്ക് മടങ്ങിവരികയായിരുന്നു. നേരം സന്ധ്യകഴിഞ്ഞു അന്ന് തുലാവർഷത്തിന്റെ പെട്ടെന്നുള്ള വരവുനിമിത്തം കടന്നുപോരാൻ നിവൃത്തിയില്ലാതെ ആറ്റിൻകരയിൽ അങ്ങനെ വിഷമിച്ചു നില്ക്കുമ്പോൾ ഒരു കള്ളുകുടിയൻ എവിടെനിന്നോ വന്ന്, പെട്ടെന്ന് ബഹു. അച്ചനെ എടുത്തു ഇക്കര കടത്തിവിട്ടു. ക്ലേശപൂർണ്ണമായ ജീവിതപാതയിൽക്കൂടി പരസ്നേഹത്തിന്റെ പരിമളവും പരത്തി കടന്നുപോയ ആ വന്ദ്യതാതന്റെ പ്രവർത്തനങ്ങൾ ഇന്നു ജാതിമതഭേദമെന്യെ അനേകായിരങ്ങൾക്ക് ഉന്നതിക്കൊരു മാർഗ്ഗമായി നിലകൊള്ളുന്നു.

ഇക്കാലഘട്ടത്തിൽ മഠത്തിൽ പല ബഹു. സഹോദരിമാരും ക്ഷയരോഗം പിടിപെട്ടു മരിച്ചു. ഈ വിധം മരണം പ്രാപിക്കുന്ന സഹോദരിമാരെ സംസ്കരിക്കുന്നതിൽ പങ്കുകൊള്ളുന്നതിനു പോലും ആളുകൾക്കു ഭയമായിരുന്നു. അതിനാൽ ബഹു. അച്ചനും ഒരു മരക്കുരിശും രണ്ടു കറുത്ത കുടയും മൂന്നുനാലു കന്യാസ്ത്രീകളും മാത്രമാണ് സംസ്ക്കാരകർമ്മങ്ങളിൽ പങ്കുകൊണ്ടിരുന്നത്. ഈ അവസരത്തിൽ തന്റെ പുത്രികളിൽ ഒരു നല്ല ഗണം അവ്വിതം അകാലമരണത്തിനിടയായതിനാൽ ദയാലുവായ തനിക്ക് അനുഭവപ്പെട്ടിരുന്ന അപാരമായ സങ്കടത്തെ ഉള്ളിലൊതുക്കി ക്ലേശിതരായ സഹോദരികളെ സമാധാനചിത്തരാക്കുവാൻ ശ്രമിക്കുന്ന കാഴ്ച ഇപ്പോഴും ഞാനോർക്കുന്നുണ്ട്. അന്ന് ഈ വന്ദ്യദേഹത്തിന്റെ ഉപദേശങ്ങളും ആശ്വാസവചനങ്ങളും സർവ്വോപരി അദ്ദേഹത്തിന്റെ പ്രാർത്ഥനകളുമാണ് ഈദൃശക്ലേശങ്ങളെ സമചിത്തതയോടെ സഹിക്കുവാൻ ഞങ്ങൾക്കു ശക്തി നല്കിയിരുന്നതെന്നു ചുരുക്കിപ്പറയാനെ നിവൃത്തിയുള്ളു.

ഒരിക്കൽ അദ്ദേഹം ഞങ്ങളോട് ഇപ്രകാരം പറയുകയുണ്ടായി. "ഞാൻ വളരെ ചെറുപ്പത്തിൽ പള്ളിയിൽ തിരുനാളിനുപോയപ്പോൾ അല്ലേശ് പുണ്യവാന്റെ ഒരു ചരിത്രം വാങ്ങി; അതു വായിച്ചു കഴിഞ്ഞപ്പോൾ തോന്നിയതാണ് എനിക്ക് ഒരു വൈദികനാകണമെന്ന്." ജീവിതത്തിലുണ്ടായ നിരവധി എതിർപ്പുകളോടു ധീരധീരം പോരാടി വൈദികനായി തീർന്ന ഈ വന്ദ്യദേഹം സ്വർഗ്ഗീയ മഹിമ പ്രാപിക്കുവാൻ പര്യാപ്തമായ സൽപ്രവൃത്തികൾക്കായിട്ടാണു തന്റെ സമയമത്രയും ചെലവഴിച്ചത്. എപ്പോഴും കൃത്യനിഷ്ഠയോടുകൂടിയ തന്റെ പെരുമാറ്റം സകലരേയും സന്തോഷിപ്പിക്കുവാൻ പോരുന്നതായിരുന്നു. ക്രിസ്മസ്സ് രാത്രിയിൽ ബഹു. അച്ചൻ പാതിരാക്കുർബാന ചൊല്ലുന്നതിനായി അൾത്താരയിലേക്കു കയറുന്നതും മണി പന്ത്രണ്ടുകൊട്ടുന്നതും കൂട്ടമണി അടിക്കുന്നതും കൈമണി കിലുക്കുന്നതും ബഹു. അച്ചൻ സന്തോഷസൂചകമായി ഉച്ചത്തിൽ പാടുന്നതും കൂടി കേൾക്കുമ്പോൾ ഞങ്ങൾ അനുഭവിച്ചിരുന്ന സ്വർഗ്ഗീയാനന്ദം വർണ്ണിക്കാനസാദ്ധ്യം. ഇപ്രകാരമുള്ള അനേകം ദിവ്യബലികളിൽ സംബന്ധിക്കാനുള്ള ഭാഗ്യം ദിവ്യഉണ്ണി എനിക്ക് പ്രദാനം ചെയ്തിട്ടുണ്ട്.

അമ്പതു നോമ്പിലും ഇരുപത്തഞ്ചു നോമ്പിലും എല്ലാദിവസവും കിരിയാത്തുവെള്ളമാണ് അദ്ദേഹം കുടിച്ചിരുന്നത്. ഈ ദിവസങ്ങളിൽ മിക്കവാറും ഉപവാസവും അനുഷ്ഠിച്ചിരുന്നു. കിടക്കയായി ഉപയോഗിച്ചിരുന്ന ഒരു പലക, മുറി വൃത്തിയാക്കുന്ന അവസരത്തിൽ

ഞങ്ങൾ കണ്ടിട്ടുണ്ട്. മറ്റുള്ളവരുടെ പാപങ്ങൾക്കുവേണ്ടി ബഹു. അച്ചൻ ധാരാളം പ്രായശ്ചിത്തങ്ങൾ ചെയ്തിരുന്നു. ഭക്ഷണത്തിനു നാലുതരം കറി മേശപ്പുറത്തു വയ്ക്കണമെന്നു നിർബന്ധമുണ്ടായിരുന്നുവെങ്കിലും അതിലൊരു കറിമാത്രമാണ് ഉപയോഗിച്ചിരുന്നത്. പലപ്പോഴും ഓരോ സംഗതികളെപ്പറ്റി ധ്യാനിച്ച് ഉപദേശം പറഞ്ഞിരുന്നു. വിസ്താരഭയത്താൽ എന്റെ മനസ്സിൽ ഉദിച്ചുവരുന്ന അനേകം സംഗതികൾ വിട്ടുകളയുകയാണ്.

ഒരിക്കൽ ഈ മഠത്തിൽ ശിരോവസ്ത്രം ധരിച്ച് താമസിച്ചിരുന്ന ഒരു അർത്ഥിനി വീട്ടിലേക്കു തിരിച്ചുപോയി വിവാഹം കഴിക്കുകയുണ്ടായി. അധികം താമസിയാതെ അവൾ ഒരു രോഗിണിയായിത്തീർന്നു. ഒരു ദിവസം ബഹു. അച്ചൻ അവൾക്ക് അന്ത്യകൂദാശകൾ കൊടുത്തശേഷംവന്ന്, മുറിയുടെ വരാന്തയിലൂടെ ധ്യാനിച്ചുകൊണ്ടു നടക്കുമ്പോൾ പറയുകയാണ്; “ആ കുഞ്ഞ് ആശ്വാസം അന്വേഷിച്ച് ലോകത്തിലേക്കു പിന്തിരിഞ്ഞു എന്നാൽ അവൾ അവിടെ അതു കണ്ടെത്തിയില്ല.”

ബഹു. അച്ചന്റെ മേശപ്പുറത്ത്, സദാ ധ്യാനിക്കുന്നതിനായി മരംകൊണ്ടു കുറെ വലിപ്പത്തിൽ പണികഴിപ്പിച്ച ഒരു ചങ്ക് (തിരുഹൃദയം) വച്ചിരുന്നു. ബഹു. അച്ചൻ സ്ഥലം മാറിപ്പോകുന്ന അവസരത്തിൽ ഞങ്ങളോടു പറയുകയാണ്; “എന്റെ ചങ്ക് ഞാൻ നിങ്ങൾക്കു തന്നിട്ടുപോകു”മെന്ന് പ്രസ്തുത ചങ്ക് ഇപ്പോൾ ഈ മഠത്തിന്റെ കപ്പേളയുടെ ഉപരിഭാഗത്ത് ബഹു. അച്ചന്റെ ഓർമ്മയ്ക്കായി സ്ഥാപിച്ചിരിക്കുന്നു. അദ്ദേഹം ധ്യാനനിമഗ്നനായി സക്രാരിയുടെ മുൻപിൽ നില്ക്കുന്ന കാഴ്ച ഏതൊരാൾക്കും ഭക്തിചൈതന്യം ഉണ്ടാക്കുന്ന ഒന്നായിരുന്നു. ഈ സമയത്ത് അടുത്ത് എന്തുതന്നെ സംഭവിച്ചാലും അദ്ദേഹം അറിഞ്ഞിരുന്നില്ല.

കണ്ണാടിയുറുമ്പു പള്ളിയിൽ വികാരിയായിരുന്നപ്പോൾ, ഞായറാഴ്ചകളിലെല്ലാം വി. കുർബാനകഴിഞ്ഞ് വിശ്വാസം, ശരണം, ഉപവി ഇവയുടെ പ്രകരണങ്ങൾ കേൾവിക്കാരുടെ ഹൃദയത്തിൽ വിശ്വാസവും ഭക്തിയും വർദ്ധിപ്പിക്കുവാൻതക്കവിധത്തിൽ ബഹു.അച്ചൻ ഉറക്കെചൊല്ലുമായിരുന്നു. വി.കുർബാനയുടെ ഏവൻഗേലിയോൻ കഴിഞ്ഞ് ഓരോ പ്രസംഗങ്ങൾ നടത്തിയിരുന്നു. അവ നമ്മുടെ കർത്താവിന്റെ കരുണയും സ്നേഹവും വെളിവാക്കുന്ന സുവിശേഷസംഭവങ്ങൾ (സമറിയാക്കാരി സ്ത്രീയുടെ മാനസാന്തരം, കുഷ്ഠരോഗിയുടെ സുഖപ്രാപ്തി തുടങ്ങിയവ) വിവരിച്ചുള്ളവയായിരുന്നു. തിരുഹൃദയ തിരുനാളിന്റെ നൊവേന ദിവസങ്ങളിൽ നടത്തിയിരുന്ന

പ്രസംഗങ്ങൾ കേൾക്കാൻ പള്ളിനിറയെ ആളുകൾ തിങ്ങിക്കൂടിയിരുന്നു. ഈ അവസരങ്ങളിൽ, ഈശോയുടെ തിരുഹൃദയത്തിന്റെ അനുഗ്രഹങ്ങൾ അദ്ദേഹത്തിന്റെ വാക്കുകൾവഴി ആത്മാവുകളിലേക്കു വർഷിക്കയാണെന്നു തോന്നിപ്പോയിരുന്നു.

ഈ പുണ്യതാതന്റെ എളിമയേയും ശാന്തതയെയും പ്രദ്യോതിപ്പിക്കുന്ന അനേകം സംഭവങ്ങൾ എന്റെ സ്മരണയിൽ എത്തുപെടുന്നു. ഒരിക്കൽ ബഹു. അച്ചൻ ചില അസുഖങ്ങൾ നിമിത്തം വാങ്ങി കുടിച്ചുകൊണ്ടിരുന്ന അരിഷ്ടം വേലക്കാരൻ പയ്യൻ എടുത്തുകുടിച്ചു. ബഹു. അച്ചൻ ഇതു ഗ്രഹിച്ചെങ്കിലും അവൻ പയ്യനായിരുന്നതിനാൽ ക്ഷമിക്കയാണുണ്ടായത്. പിന്നീട്, അതേപ്പറ്റി പറഞ്ഞത് ഇപ്രകാരമാണ്. എന്റെ സുഖക്കേടു ഭേദമാക്കുന്നതിന് മരുന്നു കുടിക്കുന്നത് എന്റെ വേലക്കാരനാണ് എന്ന്. മററൊരു ദിവസം അവൻ അച്ചനു കുളിക്കുന്നതിനായി കുറെ മഴവെള്ളം ചൂടാക്കി വച്ചിരുന്നു. മഴവെള്ളമാണെന്ന് മനസ്സിലായെങ്കിലും അതൃപ്തി പ്രദർശിപ്പിക്കാതെ അതിൽതന്നെ അദ്ദേഹം കുളിച്ചു. പിന്നീട് അതേപ്പറ്റി അവനോടു ചോദിച്ചപ്പോൾ കുറ്റം സമ്മതിച്ചില്ലെന്നു മാത്രമല്ല. അവൻ ബഹു. അച്ചനോടു ദ്വേഷ്യപ്പെടുകയും അച്ചൻ ഉപയോഗിച്ചിരുന്ന 'കറുപ്പിൻ ചിമിഴ്' എഴുത്ത് എറിഞ്ഞുകളയുകയും ചെയ്തു. തദവസരത്തിൽ അദ്ദേഹം സാന്ത്വനവാക്കുകളാൽ അവനെ സമാധാനപ്പെടുത്തുകയാണ് ചെയ്തത്.

തന്റെ സൗമ്യതയാൽ ഭ്രാന്തമാരെപ്പോലും അനുസരിപ്പിക്കത്തക്ക ഒരു വശ്യശക്തി അദ്ദേഹത്തിനുണ്ടായിരുന്നുവെന്നു താഴെ പറയുന്ന സംഭവം വ്യക്തമാക്കുന്നു. പള്ളിയുടെയും മഠത്തിന്റെയും സമീപവാസിയായിരുന്ന ഒരു മാന്യന് ചിത്തഭ്രമം പിടിപെടുകയാൽ തുടലിൽ ബന്ധിച്ചിരുന്നു. ഒരു ദിവസം അർദ്ധരാത്രി സമയത്ത് അയാൾ തുടൽപൊട്ടിച്ച്, മഠത്തിന്റെ മുറ്റത്തുവന്നു. ഇപ്പോഴത്തെ ചാപ്പൽ അന്നു പണി പൂർത്തിയായിട്ടില്ലാത്തതിനാൽ തിരുസ്വരൂപങ്ങൾ വച്ചിരുന്നതും മണികെട്ടി തൂക്കിയിരുന്നതും മോണ്ടളത്തിലായിരുന്നു. അയാൾ മോണ്ടളത്തിൽ കയറി വി. അന്തോനീസിന്റെ തിരുസ്വരൂപം എടുത്ത് പള്ളിനടയിൽ കൊണ്ടുപോയിവച്ച്, കൂട്ടമണി അടിക്കുവാൻ തുടങ്ങി. മണിനാദവും തുടലിന്റെ ശബ്ദവുംമറ്റും കേട്ട് മഠംവാസികൾ ഉണർന്ന് ഭയവിഹ്വലരായി ജനലിൽക്കൂടി പുറത്തേക്കു നോക്കി. അപ്പോൾ ഭ്രാന്തൻ ബഹു. അച്ചന്റെ മുറിയുടെ വാതിക്കൽ എത്തി. അദ്ദേഹമാകട്ടെ, ഭയലേശമെന്യേ വാതിൽതുറന്ന്, പുറത്തിറങ്ങി. കുറെനേരം അയാളോട് സൗമ്യമായി സംസാരിക്കുന്നതു കണ്ടു. താമസിയാതെ അയാളെ ശാന്തനാക്കി വീട്ടിലേക്കു പറഞ്ഞയയ്ക്കുകയും ചെയ്തു.

പ്രമേഹരോഗത്താൽ സദാ പീഡിതനായിരുന്ന അദ്ദേഹം എപ്പോഴും സന്തോഷചിത്തനായിട്ടാണ് കാണപ്പെട്ടിരുന്നത്. ഗോതമ്പും പാലുമായിരുന്നു ഈ നാളുകളിൽ അദ്ദേഹത്തിന്റെ ആഹാരം. അസുഖങ്ങൾ വകവയ്ക്കാതെ നിരന്തരം ജോലികളിൽ ഏർപ്പെട്ടിരുന്നു. വിശ്രമമില്ലാതെ ജോലിചെയ്തിരുന്ന അവസരങ്ങളിലും വളരെ സന്തോഷത്തോടുകൂടി മാത്രമേ ബഹു. മത്തായി അച്ചനെ കാണാൻ കഴിഞ്ഞിരുന്നുള്ളു.

പ്രമേഹരോഗം വർദ്ധിച്ച്, കാലിനും കൈക്കുമെല്ലാം ഉണ്ടായ ശക്തിയായ വേദനയാൽ അവയ്ക്കു കറുപ്പുനിറമായി. ഓരോ ദിവസം കഴിയുന്തോറും കൈകാലുകൾ അനക്കുകതന്നെ ദുസ്സഹമായിത്തീർന്നു. വായിൽ ഉമിനീരില്ലാതെ തൊണ്ട ഉണങ്ങിയിരുന്ന ആ നിലയിൽ പതിനെട്ടുദിവസം കഴിഞ്ഞു. താങ്ങിപിടിച്ചാണ് ഈ അവസരങ്ങളിൽ അദ്ദേഹത്തെ എഴുന്നേല്പിച്ചിരുന്നത്. വീട്ടുകാരും മറ്റുമായി പലരും കൂടെക്കൂടെവന്ന് അന്വേഷിച്ചിരുന്നു.

ഈ വിധം അദ്ദേഹം ശയ്യാവലംബിയായിരുന്ന കാലത്ത് ശ്രദ്ധേയമായ ഒരു സംഭവം ഉണ്ടായി. ബഹു. അച്ചനു തീരെ സുഖമില്ലാതെ അങ്ങനെ കിടക്കുന്നു. ഒരു രാത്രി ഇവിടെയുണ്ടായിരുന്ന ഒരു അനാഥക്കുട്ടിക്ക് അപസ്മാരത്തിന്റെ സുഖക്കേടുണ്ടായി. രോഗം വളരെ വർദ്ധിച്ചു. കുട്ടി മരണലക്ഷണങ്ങൾ കാണിച്ചുതുടങ്ങി. ഞങ്ങൾ ഉടൻ കുട്ടിയെ എടുത്ത്, ബഹു. അച്ചന്റെ അടുക്കൽ കൊണ്ടുപോയി. കുട്ടിയുടെ തലയ്ക്കു പിടിക്കുവാൻ ബഹു. അച്ചനെ താങ്ങി എഴുന്നേല്പിച്ചുനിർത്തി. അപ്പോൾ അദ്ദേഹം കൈകൂപ്പി കണ്ണുകൾ മേല്പോട്ടുയർത്തി കുറച്ചുസമയം അപേക്ഷിച്ചശേഷം കുട്ടിയുടെ തലയ്ക്കു പിടിച്ച്, ആശീർവ്വദിച്ചു. തൽക്ഷണം തന്നെ കുട്ടി പൂർണ്ണസുഖം പ്രാപിച്ചു. ആ കുട്ടി പൂർണ്ണാരോഗ്യത്തോടുകൂടി ഇപ്പോഴും ജീവിച്ചിരിക്കുന്നു.

ബഹു. അച്ചന്റെ അസുഖം അനുദിനം വർദ്ധിച്ചുവന്നു. ഒരു ദിവസം പാലാപ്പള്ളിയിൽനിന്നും ബഹു.തലച്ചിറയച്ചനും അദ്ദേഹത്തിന്റെ അനന്തിരവൻ ശെമ്മാശനും (നവപൂജാർപ്പണദിവസം മരണം പ്രാപിച്ച ഫാ തോമസ് തലച്ചിറ) വന്ന് ബഹു. അച്ചനെ പാലാപ്പള്ളിയിലേക്ക് കൊണ്ടുപോകുമെന്ന് അറിയിക്കുകയും അപ്രകാരം പിറ്റേദിവസം അദ്ദേഹം വന്ന്, ബഹു. അച്ചനെ എടുപ്പിച്ചുകൊണ്ടുപോകുകയും ചെയ്തു. പോകുന്ന സമയം ഞങ്ങൾ എല്ലാവരും അദ്ദേഹത്തിന്റെ സമീപം വന്നപ്പോൾ, കുഞ്ഞുങ്ങളേ, ഞാൻ ഒന്നു പോയി വരട്ടെ എന്നു പറഞ്ഞു. ഇങ്ങനെയാണ് ഇദ്ദേഹം ഞങ്ങളോട് അന്ത്യയാത്ര പറഞ്ഞത്.

ഈശോയുടെ തിരുഹൃദയത്തോടുള്ള ഭക്തി ബഹു. അച്ചന് എത്രമാത്രമായിരുന്നുവെന്നു പറഞ്ഞറിയിക്കാൻ പ്രയാസമത്രെ. ഇന്നു കേരളത്തിൽ പല രൂപതകളിലായി ജാതിമതഭേദമെന്യെ അനേകം സാധുജനങ്ങൾക്കു സേവനം ചെയ്യുന്ന തിരുഹൃദയസഭ ബഹു. അച്ചന്റെ തിരുഹൃദയഭക്തിയുടെ ഫലമായി ഉണ്ടായതത്രെ. ബഹു. മാടപ്പാട്ട് അച്ചന്റെ പിൻഗാമിയായി ഈ മഠത്തിന്റേയും സ്കൂളിന്റെയും ശ്രേയസ്സിനായി തന്റെ ജീവിതത്തിന്റെ ഒരു നല്ല പങ്കു വിനിയോഗിച്ച പുണ്യാത്മാവായ ബഹു. മത്തായി അച്ചൻ ഞങ്ങളേവരുടെയും നിത്യസ്മരണയ്ക്ക് അർഹനാകുന്നു. ഈ മഠത്തിന്റെ കപ്ലോനായി ഇദ്ദേഹം മൂന്നുപ്രാവശ്യം സ്തുത്യർഹമാംവിധം സേവനം നടത്തുകയും പുണ്യസോപാനത്തിൽ എത്തിക്കുന്നതിനായി വളരെയധികം പ്രയത്നിക്കുകയും ചെയ്തിട്ടുണ്ട്.

ബഹു. അച്ചൻതന്നെ സ്ഥാപിച്ചു നടത്തിയിരുന്ന തിരുഹൃദയ സഭയുടെയും ഞങ്ങളുടെയും കപ്ലോനായിരിക്കെ ഒരു തള്ള അവളുടെ ഒരു കുഞ്ഞിനെ മടിയിലും ഒരു കുഞ്ഞിനെ തോളിലും വഹിച്ചു കൊണ്ടിരിക്കുന്നതുപോലെ, അതിനിഷ്ക്കളങ്കമായ സ്നേഹത്തോടും സമഭാവനയോടും കൂടിയാണ് ഈ വന്ദ്യദേഹം വർത്തിച്ചിട്ടുള്ളത് എന്നു വിസ്മയപൂർവ്വം അനുസ്മരിച്ചുകൊള്ളുന്നു. ദൈവമക്കളായി ജീവിക്കുവാൻ നമ്മെ പഠിപ്പിച്ച നമ്മുടെ പിതാവിനെ നമ്മുടെ പ്രാർത്ഥനകളിലും സൽക്രിയകളിലും നമുക്കു സ്മരിക്കാം.

ക്ലാരമഠം — സി.മർഗ്ഗരീത്താ
21-1-1960 — (ഒപ്പ് )

## 8. പ്രൊഫ. കെ.എം. ചാണ്ടി (മദ്ധ്യപ്രദേശ് മുൻ ഗവർണ്ണർ)

എന്റെ കുട്ടിക്കാലത്ത് ഞാൻ ഏറ്റവും കൂടുതൽ ഇടപഴകിയിട്ടുള്ള ഒരു വൈദികശ്രേഷ്ഠനാണ് കദളിക്കാട്ടിൽ ബഹു.മത്തായി അച്ചൻ. എന്റെ പിതാമഹൻ കിഴക്കയിൽ ചാണ്ടിച്ചേട്ടൻ അച്ചന്റെ വിശ്വസ്തനായ സുഹൃത്തും സഹായിയുമായിരുന്നു. മിക്കവാറും ദിവസങ്ങളിൽ വല്യപ്പനും അച്ചനും തമ്മിൽ സന്ധിക്കാറുള്ളതുകൊണ്ടും ഇളയമകന്റെ സീമന്തപുത്രനായ എനിക്ക് ഇവരുടെയെല്ലാം വാത്സല്യം നിസ്സീമമായി ലഭിച്ചിരുന്നതുകൊണ്ടും ഇവരുടെ സമാഗമവേളയിൽ ഞാനും സമീപത്തുണ്ടാകും. വല്യപ്പൻ മഠത്തിൽ പോകുമ്പോൾ, ഓടിനടക്കാറായ കാലം മുതൽ എന്നെയും കൂടെ കൊണ്ടുപോകാറുണ്ടായിരുന്നു.

ആരേയും വശീകരിക്കുന്നതിനുള്ള ശാന്തയും ഹൃദയനൈർമല്യവും അച്ചനുണ്ടായിരുന്നു. ശുദ്ധനും അച്ചനേക്കാൾ 25 വയസോളം

പ്രായക്കൂടുതലുള്ളയാളും ക്ഷിപ്രകോപിയുമായിരുന്ന വല്യപ്പനെ കുഞ്ഞാടിനെപ്പോലെ അനുസരിപ്പിക്കുന്ന അച്ചന്റെ മാന്ത്രികശക്തി ഒന്നിലധികം തവണ പ്രയോഗിച്ചു വിജയിച്ച സന്ദർഭങ്ങൾ എനിക്കോർമ്മയുണ്ട്.

ഒക്ടോബർ മാസത്തിൽ വി. കുർബാനയുടെ തുടർച്ചയായി 10 ദിവസത്തെ ആരാധന ഉണ്ടായിരുന്നു. മഠത്തിൽ നടക്കുന്ന ഈ ആരാധനയിൽ പങ്കെടുക്കാൻ വല്യപ്പൻ എന്നെയും കൊണ്ടുപോകുമായിരുന്നു. അന്നത്തെ ചാപ്പൽ വാഴേൽ പുരയിടത്തിൽ ആദ്യകാലത്തു പണിത ചെറിയ കെട്ടിടത്തിലെ ഒരു മുറിയിലായിരുന്നു. അക്കാലത്ത് അച്ചന്റെ ശുശ്രൂഷാസഹായിയായി ബഹു. കന്യാസ്ത്രികളുടെ സഹായത്തോടെ എന്നെ ഏർപ്പെടുത്തുക പതിവായിരുന്നു. അങ്ങനെ ഒരു കൊച്ചുകുട്ടിയായിരിക്കുമ്പോൾതന്നെ വി. കുർബാനയോടുള്ള ഭക്തി അഭ്യസിക്കുവാൻ എനിക്ക് അവസരമുണ്ടാക്കിത്തന്നത് ബഹു. അച്ചനായിരുന്നു.

ഞാൻ കണ്ണാടിയുറുമ്പു സെന്റ് ജോസഫ്സ് പ്രൈമറി സ്കൂളിൽ പഠിക്കുമ്പോൾ ബഹു. അച്ചൻ കണ്ണാടിയുറുമ്പു ക്ലാരമഠത്തിന്റെ ചാപ്ലയിൻ കൂടിയായിരുന്നതിനാൽ കണ്ണാടിയുറുമ്പു പള്ളിക്കു സമീപമുള്ള ഒരു ചെറുകെട്ടിടത്തിലായിരുന്നു താമസം. അവിടെ താമസിച്ചുകൊണ്ട് തന്റെ ഭാരിച്ച ചുമതല നിർവ്വഹിക്കുന്നതിനിടയിൽ കുട്ടികളുടെ ആധ്യാത്മിക കാര്യങ്ങളിലും സജീവമായി ശ്രദ്ധിച്ചിരുന്നു. കുട്ടികൾ ഇഷ്ടപ്പെട്ടിരുന്ന കുമ്പസാരക്കാരനായിരുന്നു ബഹു. കദളിക്കാട്ടിൽ അച്ചൻ. ഞാനുൾപ്പെടെ നിരവധിയാളുകൾ ഈ അനുഗ്രഹം അനുഭവിച്ചിട്ടുമുണ്ട്. കുട്ടികളോട് അവരവരുടെ നിലവാരത്തിൽ കുമ്പസാരം കേൾക്കാനും അവർക്കു മനസ്സിലാക്കാൻ കഴിയുന്നവിധം ലളിതമായ ഉപദേശങ്ങൾ നല്കാനും കഴിയുമായിരുന്ന അപൂർവ്വം വൈദികരിൽ ഒരാളായിരുന്നു അച്ചൻ.

ഭക്തിനിർഭരമായ രീതിയിലുള്ള അച്ചന്റെ ദിവ്യബലി ഒരു പ്രത്യേക അനുഭൂതി ഉളവാക്കുന്നതായിരുന്നു. ബലിയുടെ പ്രധാന ഭാഗമാകുമ്പോൾ അച്ചൻ സമ്പൂർണ്ണമായി അതിൽ ലയിക്കുകയും പ്രാർത്ഥനാനിരതനായി ദിവ്യബലിയിൽ സന്നിഹിതനായിരിക്കുന്ന ദിവ്യനാഥനുമായി ഹൃദയബന്ധം ഉറപ്പിക്കുകയും ചെയ്യുന്ന കാഴ്ച ബലിയിൽ സംബന്ധിക്കുന്നവരിൽക്കൂടി ദിവ്യമായ ഒരു അനുഭൂതി ജനിപ്പിക്കുമായിരുന്നു.

അച്ചൻ നിര്യാതനാകുന്നതിന് ഏതാണ്ട് ഒന്നരവർഷം മുമ്പാണ് വല്യപ്പൻ നിര്യാതനാകുന്നത്. വല്യപ്പൻ രോഗിയായി കിടക്കുമ്പോൾ

അച്ചൻ പതിവായി വീട്ടിൽ വരികയും ഉപദേശങ്ങൾ നൽകുകയും ചെയ്തിരുന്നു. ഇടയ്ക്കിടെ വി. കുർബാന എഴുന്നള്ളിച്ചു കൊണ്ടുവന്നു കൊടുക്കുകയും ചെയ്യുമായിരുന്നു. ഒരു ദിവസം രാത്രി പാതിരാവോട് അടുത്തപ്പോൾ അച്ചനെ വിളിച്ചുകൊണ്ടുവരുവാൻ വല്യപ്പൻ ആവശ്യപ്പെട്ടു. അപ്പോൾ പ്രത്യേകമായി രോഗമൂർഛയൊന്നും കണ്ടില്ലെങ്കിലും പറഞ്ഞതനുസരിച്ച് അച്ചനെ അറിയിക്കുകയും ഉടനെ അച്ചൻ വരികയും വല്യപ്പനെ കുമ്പസാരിപ്പിക്കുകയും താമസിയാതെ തിരുഹൃദയമഠത്തിൽനിന്നും വി. കുർബാന കൊണ്ടുവന്ന് വല്യപ്പന് നല്കുകയും ചെയ്തു.

ആ രാത്രിയിൽ അച്ചൻ പള്ളിയിലേക്കു മടങ്ങിപ്പോകാതെ തന്റെ ചിരന്തന സുഹൃത്തായ രോഗിയുടെ അടുക്കൽതന്നെ ഇരുന്നു. കുറെ സമയം കഴിഞ്ഞപ്പോൾ വല്യപ്പൻ അല്പം അസ്വസ്ഥത കാണിക്കുകയും ബഹു. അച്ചനിൽനിന്ന് അന്ത്യകൂദാശകൾ സ്വീകരിച്ചുകൊണ്ട് ഭാഗ്യമരണം പ്രാപിക്കുകയും ചെയ്തു.

തിരുഹൃദയമഠത്തിന്റെ സ്ഥാപനത്തിലും ആദ്യകാല നടത്തിപ്പിലും വല്യപ്പൻ നല്കിയ സഹകരണമാണ് എല്ലാവിധ ദൈവാനുഗ്രഹങ്ങളോടും കൂടിയ ഒരു നല്ല മരണത്തിന് അവസരം ലഭ്യമാക്കിയതെന്ന് അനുസ്മരിപ്പിച്ചുകൊണ്ട് ബഹു. കദളിക്കാട്ടിൽ അച്ചൻ ഞങ്ങളെയെല്ലാം ആ രാത്രിയിൽ ആശ്വസിപ്പിച്ചത് ഇന്നും ഞാൻ നല്ലതുപോലെ ഓർക്കുന്നു. പ്രത്യേകിച്ച് മരണലക്ഷണങ്ങൾ ഒന്നും ഇല്ലാതിരുന്നിട്ടും രാത്രി വീട്ടിൽ താമസിക്കാൻ അച്ചൻ തീരുമാനിച്ചതും തിരുഹൃദയമഠത്തിൽനിന്ന് അന്ത്യപാഥേയമായി വിശുദ്ധ കുർബാന കൊണ്ടുവന്നു നൽകാൻ ഇടയായതും അച്ചനും വല്യപ്പനുമായുണ്ടായിരുന്ന ഹൃദയവേഴ്ചയുടെ ആഴവും പ്രത്യേക ദൈവാനുഗ്രഹവും മൂലമാണെന്ന് ഞങ്ങൾ എല്ലാവരും വിശ്വസിക്കുന്നു.

കദളിക്കാട്ടിൽ ബഹു. മത്തായി അച്ചൻ ദിവംഗതനാകുമ്പോൾ എനിക്കു പതിമൂന്നുവയസ്സു പ്രായമേ ഉണ്ടായിരുന്നുള്ളുവെങ്കിലും ഒരു പുണ്യചരിതന്റെ സംസ്കാരശുശ്രൂഷയിൽ പങ്കെടുക്കുന്നു എന്ന വിശ്വാസത്തോടെയായിരുന്നു അച്ചന്റെ കബറടക്കച്ചടങ്ങുകളിൽ ഭക്തിപുരസ്സരം സംബന്ധിച്ചത്. വിശുദ്ധിയും വിനയവും ശാന്തതയും മൂർത്തീകരിച്ചിരുന്ന കർമ്മയോഗിയായിരുന്നു ബഹു. കദളിക്കാട്ടിൽ അച്ചൻ. അദ്ദേഹം നട്ടുവളർത്തിയ സ്ഥാപനങ്ങളുടെയും അവയുടെ നന്മ അനുഭവിക്കുന്ന അനേകരിലൂടെയും ആ നാമം എക്കാലവും സ്നേഹപൂർവ്വം സ്മരിക്കപ്പെടും.

പാലാ — പ്രൊഫസ്സർ കെ.എം.ചാണ്ടി
27-12-1984 — മദ്ധ്യപ്രദേശ് ഗവർണ്ണർ

**9. ശ്രീ. വി.റ്റി. വർക്കി വടക്കേൽ** (റിട്ട. ബാങ്ക് മാനേജർ )

ഞാൻ കദളിക്കാട്ടിൽ അച്ചന്റെ അടുക്കലാണ് കുമ്പസാരിച്ചിരുന്നത്. അച്ചൻ എന്നെ വേദപാഠം പഠിപ്പിച്ചിട്ടുണ്ട്.

ജനങ്ങൾക്കെല്ലാം അദ്ദേഹത്തോടു വലിയ ബഹുമാനമായിരുന്നു. മദ്യപാനികളെ വിളിച്ചുവരുത്തി മദ്യപാനം നിറുത്താൻ പ്രേരിപ്പിച്ചിരുന്നു. ദുർന്നടപ്പുകാരെയും ഗുണദോഷിച്ച് മാനസാന്തരപ്പെടുത്തുവാൻ കഠിനശ്രമം നടത്തിയിരുന്നു. കുടംബാംഗങ്ങൾ തമ്മിൽ കലഹവും പൊരുത്തക്കേടും ഉള്ള വീടുകൾ സന്ദർശിച്ച് വേണ്ട ഉപദേശങ്ങൾ നല്കി കുടുംബസമാധാനം പുനഃസ്ഥാപിക്കാൻ യത്നിച്ചിരുന്നു.

ഹരിജനങ്ങളോടു പ്രത്യേക താല്പര്യം ഉണ്ടായിരുന്നു. അവരുടെ വീടുകളിൽ പോയി വേണ്ട ഉപദേശങ്ങളും സാമ്പത്തിക സഹായങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകിയിരുന്നു.

ബാങ്ക്ജോലിയിൽ യാതൊരു കൃത്രിമവും കാപട്യവും കാണിക്കാതെ വിശ്വസ്തതയോടും സത്യസന്ധതയോടും കൂടി ജോലി ചെയ്യണമെന്ന് എന്നെയും കൂടെക്കൂടെ ഉപദേശിക്കുമായിരുന്നു.

അദ്ദേഹത്തിന്റെ ഹൃദയം എപ്പോഴും പരിശുദ്ധമായിരുന്നു. അതുകൊണ്ട് മരണത്തെപ്പററി അച്ചനൊട്ടും ഭയമില്ലായിരുന്നു. ദൈവപരിപാലനയിൽ അതിസ്വാഭാവികമായ വിശ്വാസമാണ് അച്ചനുണ്ടായിരുന്നത് എന്ന് തോന്നിയിട്ടുണ്ട്. ജാതി നോക്കാതെ എല്ലാവരേയും അദ്ദേഹം സ്നേഹിച്ചിരുന്നു, സഹായിച്ചിരുന്നു. ആരെങ്കിലും മരിക്കാറായി കിടക്കുകയാണെന്നറിഞ്ഞാൽ അവരെ ചെന്നുകണ്ട് ആശ്വസിപ്പിക്കുകയും അവർക്കു സദുപദേശങ്ങൾ നല്കുകയും ചെയ്യുമായിരുന്നു. മതസംബന്ധവും വിജ്ഞാനപരവുമായ പുസ്തകങ്ങൾ കിട്ടുന്നിടത്തോളം വാങ്ങി വായിച്ച് നല്ല അറിവ് സമ്പാദിക്കുന്നതിൽ അച്ചൻ ഉത്സുകനായിരുന്നു.

ബ്രഹ്മചര്യപാലനത്തിൽ അച്ചന് അങ്ങേയറ്റം നിഷ്ഠയും ജാഗ്രതയും ഉണ്ടായിരുന്നു. എല്ലാ വിധത്തിലും പരിശുദ്ധനായ ഒരു വൈദികനായിരുന്നു അദ്ദേഹം. അച്ചന്റെ പുണ്യജീവിതം എല്ലാവർക്കും ബോധ്യമുള്ളതായിരുന്നു. അദ്ദേഹം ഒരു ദൈവിക മനുഷ്യനാണെന്നു പലരും പറഞ്ഞുകേട്ടിട്ടുണ്ട്. അച്ചന്റെ കുർബാന അർപ്പണത്തെപ്പറ്റി, അപ്പോഴുള്ള ഭക്തിതീക്ഷ്ണതയെപ്പറ്റി എപ്രകാരം പറയണമെന്ന് എനിക്ക് വാക്കുകൾ കിട്ടുന്നേയില്ല. അത്രയ്ക്കു ദൈവ

സ്നേഹതീക്ഷ്ണത മുറ്റിനില്ക്കുന്നതായിരുന്നു. കൂദാശാവചനങ്ങൾ ഉച്ചരിക്കുന്നതിനുമുമ്പ് 10 മിനിട്ടെങ്കിലും അച്ചൻ ധ്യാനനിരതനായി നിശ്ചലം നിൽക്കുന്നതു കാണാമായിരുന്നു.

അച്ചന്റെ ഭൗതികാവശിഷ്ഠം പാലാപള്ളിയിൽ നിന്ന് പാലാ തിരുഹൃദയമഠം ചാപ്പലിലേക്കു മാറ്റി സ്ഥാപിച്ചത് അച്ചൻ ഒരു പുണ്യ പുരുഷനായതുകൊണ്ടാണെന്ന് ജനങ്ങളുടെയിടയിൽ ഒരു സംസാരം ഉണ്ടായിരുന്നു.

എന്റെ അമ്മയുടെ സ്ഥിരം കുമ്പസാരക്കാരനായിരുന്നു അച്ചൻ. അച്ചന്റെ അടുക്കൽ കുമ്പസാരിച്ചാൽ മനസ്സിനു ശാന്തിയും ഹൃദയ സമാധാനവും കിട്ടുമെന്ന് അമ്മ പറയാറുണ്ടായിരുന്നു. അച്ചന്റെ കബറിടത്തിങ്കൽ വളരെനേരം പ്രാർത്ഥിക്കുക അമ്മയുടെ നിത്യേനയുള്ള പതിവായിരുന്നു. സമയം കിട്ടുമ്പോഴെല്ലാം ഞാനും കപ്പേളയിൽ പോയി പ്രാർത്ഥിക്കാറുണ്ട്.

അച്ചനെ ദൈവദാസൻ എന്ന പദവിയിലേക്ക് ഉയർത്തിയതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. താമസം വിനാ ദൈവം തിരുമനസ്സായാൽ ദൈവദാസൻ വിശുദ്ധ പദവിയിലേക്ക് ഉയർത്തപ്പെടുമെന്നു ഞാൻ വിശ്വസിക്കുകയും അതിനായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

പാലാ ശ്രീ. വി.റ്റി വർക്കി വടക്കേൽ
25-5-1988 റിട്ട. ബാങ്ക് മാനേജർ

## 10. ശ്രീ. കുര്യൻ മത്തായി കദളിക്കാട്ടിൽ

മത്തായി അച്ചൻ എന്റെ അപ്പന്റെ അനുജനാണ്. വല്യമ്മയ്ക്ക് (അച്ചന്റെ അമ്മയ്ക്ക്) രോഗമായിരുന്ന അവസരത്തിലല്ലാതെ അച്ചൻ ഞങ്ങളുടെ വീട്ടിൽ (അച്ചന്റെയും വീട്ടിൽ) വന്നു രാത്രി താമസിച്ചിട്ടില്ല. എത്ര വൈകിയാലും പള്ളിമുറിയിൽ പോയേ കിടക്കുമായിരുന്നുള്ളു.

അച്ചന്റെ ജീവിതം വളരെ ലളിതമായിരുന്നു. എങ്കിലും ശുചിത്വത്തിൽ വലിയ നിഷ്ഠയായിരുന്നു. ളാലം പള്ളിയിൽ ദുഃഖവെള്ളിയാഴ്ച പങ്കപ്പാടു കാണിക്കുന്ന പതിവുണ്ടായിരുന്നു. ഇതിൽ അഭിനയിക്കുന്നവർ ഒരു മാസത്തെ പ്രാർത്ഥനയും തപസ്സും അനുഷ്ഠിക്കണമെന്ന് അച്ചനു നിർബന്ധമുണ്ടായിരുന്നു. ദുഃഖവെള്ളിയാഴ്ച പങ്കപ്പാട് പ്രദർശനത്തിനുശേഷം അച്ചനുൾപ്പെടെ അഭിനയക്കാർ എല്ലാവരും അഞ്ചു പ്രാവശ്യം ചമ്മട്ടിയടി നടത്തിയിരുന്നു.

മരണത്തിന് ഏതാണ്ട് മൂന്നാഴ്ചമുമ്പ് രോഗം മൂർഛിച്ചു. ഈ ദിവസങ്ങളിൽ മാത്രമേ ദിവ്യബലി അർപ്പിക്കാതിരുന്നിട്ടുള്ളു. വളരെ വേദനയുള്ള രോഗമായിരുന്നു അച്ചന്റേത്. ഇത്രയും സഹിച്ചിട്ടുള്ളവർ അധികംപേർ കാണുകയില്ല എന്നാലും വേദനയൊന്നും ആരെയും അറിയിക്കാതെ സന്ദർശകരോടെല്ലാം കുശലാന്വേഷണം നടത്തിയിരുന്നു. രോഗവിവരം ചോദിച്ചാൽ കുറവുണ്ടെന്നുമാത്രം പറയും.

രോഗാവസ്ഥയിലും അച്ചനെ ശുശ്രൂഷിക്കാൻ സിസ്റ്റേഴ്സിനെ അനുവദിച്ചിരുന്നില്ല. രോഗശുശ്രൂഷകളെല്ലാം കുടുംബാംഗങ്ങളും ബന്ധുക്കളുമായിരുന്നു ചെയ്തിരുന്നത്. അച്ചൻ വളരെ ശാന്തനായിരുന്നു. തീരെ പതിഞ്ഞ സ്വരം. സൗമ്യസ്വഭാവം. അച്ചൻ എന്തു പറഞ്ഞാലും ആളുകൾ അതനുസരിക്കുമായിരുന്നു.

ഇടപ്പാടി
30-5-1988

ശ്രീ.കുര്യൻ മത്തായി
കദളിക്കാട്ടിൽ

■

# 15

# വ്യക്തിത്വ സവിശേഷതകൾ

വിനീതനായ കദളിക്കാട്ടിൽ ബഹു. മത്തായി അച്ചൻ എന്ന ഇടവകവൈദികന്റെ ജീവിതം അപഗ്രഥിച്ചാൽ ആ ഹൃദയത്തിൽ കുടികൊണ്ടിരുന്ന ആദർശവൈശിഷ്ട്യത്തെയും ദൈവാനുഗ്രഹ സമ്പന്നതയെയും എളുപ്പത്തിൽ മനസ്സിലാക്കാം.

1960 നവംബർ 24-ാം തീയതി ഡി.കുരുവിള മനയാനി പ്രസി ദ്ധീകരിച്ച കദളിക്കാട്ടിലച്ചൻ എന്ന ഗ്രന്ഥത്തിൽ മോൺ. ജേക്കബ് വെള്ളരിങ്ങാട്ട് അച്ചൻ ബ. മത്തായിയച്ചനെപ്പററി ചേർത്തിരിക്കുന്ന അനുസ്മരണയിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

ദൈവിക മനുഷ്യൻ, മറ്റൊരു ക്രിസ്തു, ലോകത്തിന്റെ വെളിച്ചം, ഭൂമിയുടെ ഉപ്പ്, തെരഞ്ഞെടുക്കപ്പെട്ട പാത്രം എന്നിപ്രകാരമുള്ള ശ്രേഷ്ഠനാമങ്ങൾകൊണ്ടാണല്ലോ വേദപുസ്തകവും സഭാപിതാക്ക ന്മാരും വൈദികസ്ഥാനത്തെ വിശേഷിപ്പിക്കുന്നത്. ഈ ഉൽക്കൃഷ്ട നാമങ്ങൾ ഉൾക്കൊള്ളുന്ന ആദർശവൈശിഷ്ട്യത്തെ മനുഷ്യന്റെ പരിമിതകഴിവുകൾ അനുവദിക്കുന്നിടത്തോളം സ്വജീവിതത്തിൽ പ്രകാശിപ്പിക്കുവാൻ കഴിഞ്ഞുവെന്നുള്ളതാണ് ബ. മത്തായിയച്ചന്റെ നേട്ടം.

ബഹു. മത്തായി അച്ചൻ തന്റെ അജപാലനശുശ്രൂഷ ആരംഭിക്കുന്നതിനുമുമ്പ് ആശ്രമജീവിതത്തിലൂടെ ഏകാന്തതയിൽ ദൈവ ദർശനത്തിനായി ആഗ്രഹിച്ചിരുന്നെങ്കിലും തന്റെ ആദ്ധ്യാത്മികഗുരുവിന്റെ ഉപദേശം സ്വീകരിച്ച് ഒരു മുന്നണിപ്പടയാളിയെന്നപോലെ അജപാലനശുശ്രൂഷ നടത്തി. ആശ്രമജീവിതത്തിലൂടെയല്ലെങ്കിലും തന്റെ മരണം വരെ ഓരോ നിമിഷവും ഏകാന്തതയിൽ ഹൃദയത്തിൽ വസിക്കുന്ന ഈശോയെ ദർശിച്ചുകൊണ്ട് ഈശോയോടു ചേർന്ന് അവിടുത്തെ മക്കളെ ശുശ്രൂഷിക്കുന്ന, സദാ ദൈവസന്നിധിയിൽ ആയിരിക്കുന്ന അച്ചനെയാണ് ആ ജീവിതത്തിലുടനീളം കാണാൻ സാധിക്കുന്നത്. സംസാരത്തിലും പെരുമാറ്റത്തിലും സവിശേഷമായ സൗമ്യതയും സ്നേഹവും കരുണയും കുലീനത്വവും ശുശ്രൂഷാ മനോഭാവവും അച്ചനിൽ നിറഞ്ഞുനിന്നിരുന്നു. ബലിയർപ്പണത്തിലും പ്രാർത്ഥനാവേളയിലും കുമ്പസാര അവസരങ്ങളിലും എല്ലാം ഒരു ദിവ്യാനുഭവം അദ്ദേഹത്തിന്റെ മുഖത്ത് പ്രദർശിച്ചിരുന്നതായി ദൃക്സാക്ഷികൾ സാക്ഷ്യപ്പെടുത്തുന്നു.

ബഹു. മത്തായി അച്ചൻ തന്റെ തിരുപ്പട്ടസ്വീകരണാവസരത്തിൽ നടത്തിയ പ്രസംഗം ആരംഭിച്ചത് കർത്താവ് എന്റെ മേൽ ചൊരിഞ്ഞ അനുഗ്രഹങ്ങൾക്ക് ഞാൻ എന്തു പ്രതിനന്ദി പ്രദർശിപ്പിക്കും, രക്ഷയുടെ കാസാ കയ്യിലെടുത്തുകൊണ്ട് ഞാൻ കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കും (സങ്കീ. 116: 12-13) എന്നുരുവിട്ടുകൊണ്ടാണ് . ഈശോയുടെ രക്ഷിക്കുന്ന സ്നേഹം താൻ കണ്ടുമുട്ടിയ എല്ലാവർക്കും പകർന്നുകൊടുത്തുകൊണ്ട് അതു ബോധപൂർവ്വം പൂർത്തിയാക്കി. സഹനത്തിന്റെ കാസാ-രക്ഷയുടെ കാസാ - അദ്ദേഹം തന്റെ ജീവിതത്തിന്റെ ഓരോനിമിഷവും കയ്യിലെടുത്തു. പകൽ സമയം മുഴുവൻ അദ്ധ്വാനിച്ച് ഈശോയെ ഹൃദയത്തിൽ സംവഹിച്ച് സ്നേഹസംഭാഷണം നടത്തി രാത്രിയിൽ ദിവ്യസക്രാരിയിലെ ദിവ്യകാരുണ്യനാഥനുമായി തന്റെ ഹൃദയഗതങ്ങളെല്ലാം പങ്കുവച്ച് നിർവൃതി നേടിയിരുന്നു. അതേ, അച്ചൻ രക്ഷയുടെ കാസാ കയ്യിലെടുത്ത് കർത്താവിന്റെ നാമം വിളിച്ചപേക്ഷിച്ചു. അതുപോലെതന്നെ ഈ ജനത്തിന്റെമേൽ എനിക്ക് അനുകമ്പതോന്നുന്നു (മത്തായി 8:2) എന്ന തിരുവചനം അച്ചനെ സ്വാധീനിച്ചു. തൽഫലമായി കണ്ടുമുട്ടിയ എല്ലാവരോടും പ്രത്യേകിച്ച് പാവപ്പെട്ടവരോടുമുള്ള ആർദ്രത - ഈശോയിൽനിന്നു ലഭിച്ച കരുണ കാരുണ്യമായി പകർന്നുകൊടുത്തു. തന്നിൽ രൂപംകൊണ്ട ഈ കരുണ കാലഘട്ടങ്ങളിലൂടെ കൈമാറുവാൻ തിരുഹൃദയസന്യാസിനീസമൂഹത്തിനു രൂപം കൊടുത്തു.

## 1. ദൈവികമനുഷ്യൻ

പ്രഥമവും പ്രധാനവുമായി അദ്ദേഹം ഒരു ദൈവിക മനുഷ്യനായിരുന്നു. ദൈവത്തോടുള്ള പ്രതിസ്നേഹം സമസൃഷ്ടങ്ങളിലേക്ക്, പ്രത്യേകിച്ച്, അനാഥർ, ആലംബഹീനർ, താഴേക്കിടയിലുള്ള പാവപ്പെട്ടവർ, വേദനിക്കുന്നവർ, ദരിദ്രർ തുടങ്ങിയവരിലേക്ക് പ്രതിഫലിപ്പിക്കുന്നതാണ് വിശുദ്ധി. ബഹു.മത്തായിഅച്ചൻ തനിക്കുവേണ്ടിത്തന്നെ ഒന്നും ആഗ്രഹിക്കുകയോ പ്രവർത്തിക്കുകയോ ചെയ്തിട്ടില്ല. ഓരോദിവസവും അൾത്താരയിൽ ആരംഭിച്ചിരുന്ന ജീവിതം അവിടെനിന്നു ശക്തി സ്വീകരിച്ച് വേദനിക്കുന്നവരിലേക്ക് ഇറങ്ങിച്ചെല്ലാൻ പോരുന്നതായിരുന്നു. തന്റെയും മറ്റുള്ളവരുടെയും വില മനസ്സിലാക്കിയിരുന്ന അച്ചൻ ആന്തരികസ്വാതന്ത്ര്യം അനുഭവിച്ചിരുന്നതുകൊണ്ട് പാപികളെ ദിവ്യനാഥനുവേണ്ടി നേടിക്കൊടുക്കാൻ പ്രാപ്തനായി. തന്റെ പ്രവർത്തനങ്ങളെല്ലാം ദൈവത്തെ സ്നേഹിക്കാനും സേവിക്കാനുമുള്ള മാർഗ്ഗങ്ങളായിരുന്നു. പ്രാർത്ഥനയും പ്രവർത്തനവും അദ്ദേഹത്തിൽ മനോഹരമായി സംയോജിച്ചിരുന്നതിനാൽ പ്രവർത്തനത്തിൽ അദ്ദേഹം ഒരു ധ്യാനയോഗിയായിരുന്നു.

പിതാവായ ദൈവത്തോടുള്ള പുത്രനിർവ്വിശേഷമായ സ്നേഹം അദ്ദേഹത്തെ ഗ്രസിച്ചിരുന്നു. ഈ സ്നേഹത്തിൽനിന്ന് ഉരുത്തിരിഞ്ഞ സഹോദരസ്നേഹമായിരുന്നു അച്ചന്റെ ജീവിതത്തിലുടനീളം തെളിഞ്ഞുനിന്നിരുന്നത്. വേദനിക്കുന്നവരും പാവപ്പെട്ടവരും വയോവൃദ്ധരും രോഗികളും നിരാലംബരുമായ എല്ലാവരിലേയ്ക്കും ആ സ്നേഹം കടന്നുചെന്നു. അദ്ദേഹത്തിന്റെ കുടുംബത്തിൽനിന്നു ലഭിച്ച പ്രാർത്ഥനാചൈതന്യവും വിശ്വാസദൃഢതയും ദൈവികസ്നേഹത്തിന് ആത്മാർപ്പണം ചെയ്തുകൊണ്ട് ദൈവഹിതാനുസൃതമായ ജീവിതം നയിക്കാനും സാധാരണകാര്യങ്ങൾ അസാധാരണമായ തീക്ഷ്ണതയോടെ നിർവ്വഹിക്കാനും അദ്ദേഹത്തെ പ്രാപ്തനാക്കി. അനുനിമിഷം ദൈവസ്നേഹത്തിൽ വളർന്നുവന്ന ആ ധന്യാത്മാവിന്റെ വാക്കിലും പ്രവൃത്തിയിലും ദൈവത്തിന്റെ കരുണയും സ്നേഹവും തെളിഞ്ഞുനിന്നു. അനേകായിരങ്ങൾ ദൈവത്തിലേക്ക് ആകർഷിക്കപ്പെട്ടു. മറ്റുള്ളവർക്ക് ദൈവികചിന്ത പകർന്നുകൊടുക്കാതെ ഒരു സംസാരവും അദ്ദേഹം അവസാനിപ്പിച്ചിരുന്നില്ല. തന്റെ സഹപ്രവർത്തകരെ ദൈവോന്മുഖരാക്കാൻവേണ്ടി അദ്ദേഹം യത്നിച്ചിരുന്നതായി കാണാം. മത്തായി അച്ചൻ പ്രാർത്ഥിച്ചാൽ

ഏതു കാര്യവും സാധിക്കുമെന്ന വിശ്വാസത്തോടെ ധാരാളം ആളുകൾ, അദ്ദേഹത്തിന്റെ പ്രാർത്ഥന യാചിക്കാനും കുട്ടികളെ ആശീർവ്വദിപ്പിക്കാനുമായി അദ്ദേഹത്തെ സമീപിച്ചിരുന്നു.

## 2. തിരുഹൃദയഭക്തൻ

ഈശോയുടെ തിരുഹൃദയത്തിലല്ലാതെ വേറൊരിടത്തും തിരുസഭയ്ക്കും മനുഷ്യരാശിക്കുതന്നെയും ഒരാശ്രയമില്ല. നമ്മുടെ എല്ലാ പാപങ്ങളെയും ഉന്മൂലനം ചെയ്യുന്നത് അതുമാത്രമാകുന്നു. ലോകരക്ഷയ്ക്ക് നിദാനമായ ഈ ഭക്തി ലോകമാസകലം പ്രചരിപ്പിക്കുകയെന്ന് 9-ാം പീയൂസ് മാർപാപ്പയും തിരുഹൃദയത്തെ അനുകരിക്കുന്നതിനും സ്നേഹിക്കുന്നതിനും അതിനെതിരെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന അപരാധങ്ങൾക്ക് പരിഹാരം ചെയ്യുന്നതിനും ശുഷ്കാന്തിയോടെ പരിശ്രമിക്കുവിൻ എന്ന് 13-ാം ലയോ മാർപാപ്പായും നടത്തിയ ഉദ്ബോധനങ്ങളാണ് തിരുഹൃദയഭക്തി ലോകമെങ്ങും പ്രചരിക്കുവാൻ ഇടയാക്കിയത്. കേരളത്തിൽ തിരുഹൃദയഭക്തി നാമമാത്രമായി അറിയപ്പെട്ടിരുന്ന കാലമായിരുന്നു അത്. അതിനാൽ ആയിരിക്കണം കുടുംബങ്ങളിൽ തിരുഹൃദയപ്രതിഷ്ഠ നടത്തുവാനുള്ള പ്രേരണയും പ്രോത്സാഹനവും അദ്ദേഹത്തിനുണ്ടായത്. കുടുംബങ്ങളുടെ അധിനാഥനായി തിരുഹൃദയനാഥന്റെ വാഴ്ച സ്ഥാപിക്കുവാനുള്ള തീവ്രപരിശ്രമത്തിൽ അദ്ദേഹം ഏർപ്പെട്ടു. പള്ളിയിലെ ഉപദേശങ്ങളും പ്രസംഗങ്ങളും മിക്കവാറും ഈ ഭക്തിയെ കേന്ദ്രീകരിച്ചുള്ളതായിരുന്നു. തന്റെ ഇടവകാംഗങ്ങളെ തിരുഹൃദയ സഖ്യത്തിൽ ചേർക്കാനും അതിന്റെ നിബന്ധനകൾ അനുസരിച്ച് ജീവിക്കാനും അദ്ദേഹം അവരെ പ്രോത്സാഹിപ്പിച്ചു.

തിരുഹൃദയദാസൻ എന്ന് സ്വയം വിശേഷിപ്പിച്ചിരുന്ന അദ്ദേഹത്തിന്റെ തിരുഹൃദയഭക്തിയുടെ കരകവിഞ്ഞൊഴുകലാണ് തിരുഹൃദയ സന്യാസിനീ സമൂഹത്തിന്റെ സ്ഥാപനം . അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വയലിൻ പിതാവ് രേഖപ്പെടുത്തിയിരിക്കുന്നതുപോലെ ഈശോയുടെ ദിവ്യഹൃദയത്തോടുള്ള ഭക്തി പ്രദർശിപ്പിക്കുന്നതിൽ അപ്പസ്തോലികമായ തീക്ഷ്ണതയാണ് ആ വന്ദ്യവൈദികൻ പ്രദർശിപ്പിക്കുന്നത്. വിശുദ്ധ കുർബാനയിൽ മുഖാഭിമുഖം കാണുന്ന ദിവ്യകാരുണ്യനാഥൻ തിരുഹൃദയനാഥൻ തന്നെയാണെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. ദിവ്യകാരുണ്യ സന്നിധിയിൽ ചെലവഴിക്കുന്ന സമയമായിരുന്നു അദ്ദേഹത്തിന് ഏറ്റം ആനന്ദദായകം. അദ്ദേഹത്തിന്റെ ജീവിതത്തിൽ തിരുഹൃദയഭക്തിയിൽ നിന്നും ദിവ്യ

കാരുണ്യഭക്തിയിലേക്കും അവിടെനിന്ന് വിശുദ്ധ കുർബാനയുടെ ആദ്ധ്യാത്മികതയിലേക്കും വളർന്നുവന്നു. വയലിൽ പിതാവ് സൂചിപ്പിക്കുന്നുണ്ട്: "ദിവ്യകാരുണ്യ സന്നിധിയിൽ ദീർഘസമയം പ്രാർത്ഥിക്കുന്നതിൽ അദ്ദേഹം ഉത്സുകനായിരുന്നു" എന്ന്. വീണ്ടും പിതാവ് തന്നെ രേഖപ്പെടുത്തിയിരിക്കുന്നു. "ഭക്തനും വിനീതനുമായിരുന്ന ബഹു. കദളിക്കാട്ടിലച്ചൻ ദിവ്യബലി അർപ്പിക്കുന്നതിലും കൂദാശകൾ പരികർമ്മം ചെയ്യുന്നതിലും പ്രദർശിപ്പിച്ചിരുന്ന ശ്രദ്ധയും സൂക്ഷ്മതയും മാതൃകായോഗ്യമായിരുന്നു." വി. കുർബാനയുടെ സന്നിധിയിൽ നിർലീനനായിരുന്ന് ധ്യാനിച്ച്, നിരന്തരം ആരാധിച്ച്, അനുദിന വി. കുർബാന അർപ്പിച്ച്, ദിവ്യകാരുണ്യം സ്വീകരിച്ച് ജീവിച്ചതുകൊണ്ട് അനാഥരിലും പാപികളിലും നിരാലംബരിലും, രോഗികളിലും, വയോവൃദ്ധരിലും, വിധവകളിലും, ഏകാകിനികളിലും ഈശോ വസിക്കുന്നു എന്ന് തിരിച്ചറിഞ്ഞ് അവരെ ശുശ്രൂഷിക്കുവാൻ ബഹു. മത്തായി അച്ചന് സാധിച്ചു. വി. കുർബാനയിൽ അധിഷ്ഠിതമായ ജീവിതം നയിക്കുകയും തിരുഹൃദയ-ദിവ്യകാരുണ്യ ഭക്തിയിൽ ആഴമായി വളരുകയും ചെയ്തതിന്റെ ഫലമായി ജീവിതത്തിലുടനീളം ശാന്തനും വിനീതനുമായിരിക്കുവാൻ അച്ചന് സാധിച്ചു.

ഈശോയുടെ തിരുഹൃദയത്തോടുള്ള ഭക്തിയായിരുന്നു അച്ചന്റെ ജീവിതത്തിന്റെയും പ്രവർത്തനങ്ങളുടെയും കേന്ദ്രബിന്ദു. ഈ ഭക്തി അദ്ദേഹത്തിന്റെ ജീവിതത്തെ ചുഴ്ന്നുനിന്നിരുന്ന ഒരു ദിവ്യചൈതന്യമായിരുന്നു അദ്ദേഹത്തിന്റെ വിചാരം, വാക്ക് പ്രവൃത്തി ഇവയിലെല്ലാം ഈശോയുടെ തിരുഹൃദയത്തോടുള്ള സ്നേഹവും തിരുഹൃദയസ്തുതിക്കായുള്ള തീക്ഷ്ണതയും തെളിഞ്ഞുപ്രകാശിച്ചിരുന്നു. ഈ ദിവ്യഹൃദയത്തോട് അതിഗാഢവും വ്യക്തിപരവുമായ ബന്ധംപുലർത്തിക്കൊണ്ട്, ആ ദിവ്യഹൃദയത്തിൽ നിന്ന് അനേകം നന്മകൾ പ്രാപിക്കുകയും, തന്റെ പ്രാർത്ഥനകളും പ്രായശ്ചിത്തങ്ങളുംവഴി മറ്റുള്ളവർക്കായി നിരവധി അനുഗ്രഹങ്ങൾ നേടിക്കൊടുക്കുകയും ചെയ്തിട്ടുണ്ട്. മനുഷ്യകുലത്തിന്റെ നേരെയുള്ള സ്നേഹത്താൽ കത്തിജ്ജ്വലിക്കുന്ന ഈശോയുടെ തിരുഹൃദയത്തിന്റെ നേർമ്മയേറിയ ഹൃദയത്തുടിപ്പുകൾപോലും അദ്ദേഹം മനസ്സിലാക്കിയിരുന്നു. അദ്ദേഹത്തിന്റെ വാക്കിലും പ്രവൃത്തിയിലും ഈ തിരുഹൃദയത്തിന്റെ മഹത്വത്തിനായുള്ള തീക്ഷ്ണത വ്യക്തമായിരുന്നു.

വേദനിക്കുന്നവരോടും പാപികളോടും അലിവുനിറഞ്ഞ ഹൃദയമാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. തന്റെ ജീവിതത്തിലൂടെയും പ്രവർത്തനങ്ങളിലൂടെയും ഈശോയുടെ തിരുഹൃദയത്തിന്റെ കരുണയും സ്നേഹവും അദ്ദേഹം അവർക്കു കാണിച്ചുകൊടുക്കുകയും ആ കരുണയിലേക്കും സ്നേഹത്തിലേക്കും അവരെ മടക്കിക്കൊണ്ടുവരികയും ചെയ്തിരുന്നു. ഈശോയുടെ തിരുഹൃദയത്തിന്റെ തീക്ഷ്ണമായ സ്നേഹത്തെപ്പററി ദീർഘസമയം പ്രസംഗിക്കുന്നതിന് യാതൊരു ക്ഷീണവും അദ്ദേഹത്തിന് അനുഭവപ്പെട്ടിരുന്നില്ല. തിരുഹൃദയദാസൻ എന്നു സ്വയം സംബോധന ചെയ്തിരുന്ന അദ്ദേഹം തന്റെ കത്തുകൾ അവസാനിപ്പിക്കുമ്പോൾ തിരുഹൃദയദാസൻ എന്നെഴുതിയശേഷം പേരെഴുതി കൈയൊപ്പുവച്ചിരുന്നതായി കാണാം. ഇടവകകളിൽ ആദ്യവെള്ളിയാഴ്ചകളിലെ പ്രത്യേക അനുഷ്ഠാനങ്ങളും ദിവ്യകാരുണ്യ സ്വീകരണവും ആവുന്നത്ര അദ്ദേഹം പ്രോത്സാഹിപ്പിച്ചിരുന്നു.

അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വയലിൽ പിതാവ് അച്ചനെപ്പറ്റിയുള്ള തന്റെ അനുസ്മരണയിൽ പറയുന്നു. അദ്ദേഹത്തിന്റെ ഉപദേശങ്ങളിൽ പലപ്പോഴും തിരുഹൃദയത്തെപ്പറ്റി പരാമർശിക്കുമായിരുന്നു. അദ്ദേഹത്തിന്റെ ഹൃദയത്തിൽ ജ്വലിക്കുന്ന തിരുഹൃദയഭക്തിയുടെ ജ്വാല കേൾവിക്കാരിലേക്കെല്ലാം പടർന്നു പിടിച്ചിരുന്നുവെന്നു പറയാം. ആ ഭക്തിയുടെ ഏതാനും സ്ഫുലിംഗങ്ങൾ എന്റെ ഹൃദയത്തിലും പതിക്കുവാൻ ഇടയായിട്ടുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. കണ്ണാടിയുറുമ്പ് ക്ലാരമഠാംഗമായിരുന്ന ബ.സി. മർഗ്ഗരീത്ത F.C.C. യുടെ വാക്കുകൾ (21-1-1960 ൽ എഴുതിയ അനുസ്മരണ) താഴെ ചേർക്കുന്നു.

തിരുഹൃദയത്തിരുനാളിന്റെ നൊവേന ദിവസങ്ങളിൽ ബഹു. അച്ചൻ നടത്തിയിരുന്ന പ്രസംഗങ്ങൾ കേൾക്കാൻ പള്ളിനിറയെ ആളുകൾ തിങ്ങിക്കൂടിയിരുന്നു. ഈ അവസരത്തിൽ ഈശോയുടെ തിരുഹൃദയത്തിന്റെ അനുഗ്രഹങ്ങൾ അദ്ദേഹത്തിന്റെ വാക്കുകൾ വഴി ആത്മാവിലേക്ക് വർഷിക്കുകയാണെന്നു തോന്നിപ്പോയിരുന്നു.

മോൺ. ജേക്കബ് വെള്ളരിങ്ങാട്ടച്ചൻ പ്രസ്താവിക്കുന്നതിപ്രകാരമാണ്: "എളിമയും ശാന്തതയുമുള്ള ഈശോയുടെ തിരുഹൃദയമേ, എന്റെ ഹൃദയം അങ്ങേ തിരുഹൃദയംപോലെ ആക്കിയരുളണമേ" എന്നു നാം ദിനംപ്രതി പ്രാർത്ഥിക്കുന്നുണ്ടല്ലോ. എന്നിട്ടും

നമ്മിലെത്രപേർ യഥാർത്ഥത്തിൽ ക്രിസ്തുനാഥന്റെ തിരുഹൃദയത്തിന് അനുരൂപർ - എളിമയും ശാന്തതയുമുള്ളവർ - ആയിത്തീർന്നിട്ടുണ്ട്? കദളിക്കാട്ടിലച്ചൻ തന്റെ അധരങ്ങൾകൊണ്ട് ഈ സുകൃതജപം മന്ത്രിച്ചിരുന്നത് ഹൃദയത്തിൽ ധ്യാനിച്ചുകൊണ്ടായിരുന്നു. ഈശോയുടെ ഹൃദയത്തിന്റെ മാതൃക അദ്ദേഹത്തിന്റെ ഹൃദയത്തെ എളിമയും സൗമ്യതയുമുള്ളതാക്കിത്തീർത്തു..... ഈശോയെ സ്നേഹിച്ചതുപോരാ എന്നുള്ള ചിന്തയോടുകൂടി അവിടുത്തെ കൂടുതൽ കൂടുതൽ സ്നേഹിക്കുവാൻ അദ്ദേഹം ആഗ്രഹിച്ചു. ദിവ്യകാരുണ്യ ഈശോയുടെ തിരുമുമ്പിൽ അദ്ദേഹം നിശ്ചലനായി, ധ്യാനനിരതനായി നില്ക്കുന്ന ചിത്രം സ്മരണയിൽനിന്ന് അത്ര പെട്ടെന്നു മാഞ്ഞുപോകുന്നതല്ല.

വി. മാർഗ്ഗരറ്റുമേരി അലക്കോക്കിനു വെളിപ്പെടുത്തപ്പെട്ട ഈശോയുടെ തിരുഹൃദയത്തിന്റെ പന്ത്രണ്ടു വാഗ്ദാനങ്ങൾ അദ്ദേഹത്തിലും അദ്ദേഹത്തിലൂടെയും നിവർത്തിതമായ പല അനുഭവങ്ങളും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ബഹു. മത്തായി അച്ചന്റെ ഈ തീക്ഷ്ണതയുടെ ഫലമായി കുടുംബങ്ങളെയെല്ലാം ഈശോയുടെ തിരുഹൃദയത്തിനു പ്രതിഷ്ഠിക്കുകയും കുടുംബാംഗങ്ങൾ തീക്ഷ്ണതയുള്ള ക്രിസ്തീയജീവിതം നയിക്കുകയും ചെയ്തുപോന്നു. ഭവനസന്ദർശനവേളകളിൽ അദ്ദേഹം ആളുകളെ പഠിപ്പിച്ചിരുന്ന ഏതാനും ചെറിയ പ്രാർത്ഥനകൾ ഇവിടെ ചേർക്കുന്നു.

1. നന്മസാഗരമായ ഈശോയുടെ തിരുഹൃദയമേ, സകലരും അങ്ങേ അധികമധികം അറിവാനും സ്നേഹിപ്പാനും മനോഗുണം ചെയ്യണമേ.
2. എളിമയും ശാന്തതയുമുള്ള ഈശോയുടെ തിരുഹൃദയമേ, എന്റെ ഹൃദയം അങ്ങേ ഹൃദയംപോലെ ആക്കിയരുളണമേ.
3. ഈശോയുടെ മാധുര്യമുള്ള തിരുഹൃദയമേ, അങ്ങയെ എപ്പോഴും അധികമധികം സ്നേഹിപ്പാൻ എനിക്കു കൃപ ചെയ്യണമേ.
4. ഈശോയുടെ തിരുഹൃദയമേ, അങ്ങ് എന്റെ സ്നേഹിമായിരിക്കണമേ.
5. ദാവീദിന്റെ പുത്രനായ ഈശോയേ, എന്റെ മേൽ കരുണയായിരിക്കണമേ.
6. ഈശോയുടെ തിരുഹൃദയമേ, അങ്ങയുടെ രാജ്യം വരണമേ.

അദ്ദേഹം സ്ഥാപിച്ച സന്യാസിനീസമൂഹത്തിലെ സിസ്റ്റേഴ്സിനോട് മുകളിൽ ചേർത്തിരിക്കുന്ന പ്രാർത്ഥനകൾ ജപിക്കാൻ നിർദ്ദേശിച്ചിരുന്നു. കൂടാതെ ഓരോ പതിനഞ്ചുമിനിറ്റിലും ആവർത്തിക്കാനുള്ള ഒരു പ്രാർത്ഥനയും പഠിപ്പിച്ചിരുന്നു. "ഓ ഈശോയുടെ തിരുഹൃദയമേ, എന്റെ സമസ്തവിചാരങ്ങളും സകല പ്രവൃത്തികളും കാലടിപ്പാടുകൾ മുഴുവനും എന്റെ ഓരോ ഹൃദയമിടിപ്പുകൾപോലും ഞാൻ അങ്ങേക്കു പൂർണ്ണമായി സമർപ്പിക്കുന്നു." ഇങ്ങനെ അദ്ദേഹത്തിനു ജീവിക്കുന്നതും മരിക്കുന്നതുമെല്ലാം ഈശോയുടെ തിരുഹൃദയത്തിന്റെ മഹത്വത്തിനുവേണ്ടി മാത്രമായിരുന്നു എന്നു മനസ്സിലാക്കാൻ കഴിയും.

## 3. ഈശോയുടെ കരുണാർദ്രസ്നേഹത്തിന് സാക്ഷ്യം വഹിച്ച വൈദികൻ

ഈശോയുടെ തിരുഹൃദയത്തിന്റെ അനുകമ്പാർദ്രസ്നേഹത്തിനു സാക്ഷ്യം വഹിക്കുകയായിരുന്നു ബഹു. കദളിക്കാട്ടിലച്ചന്റെ ജീവിതദൗത്യം. സ്വാഭാവികമായിത്തന്നെ അലിവുനിറഞ്ഞ ഒരു ഹൃദയമാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. യാതന അനുഭവിക്കുന്നവരെ സഹായിക്കുന്ന - യഥാർത്ഥ ക്രൈസ്തവചൈതന്യമുള്ള - മാതാപിതാക്കളുടെ മാതൃകയും ബാല്യത്തിൽ കഥാനായകനിൽ സ്വാധീനം ചെലുത്തി. പാവപ്പെട്ടവരുടെ കഷ്ടതകളെപ്പററി ചെറുതായൊരു അനുഭവജ്ഞാനം ചെറുപ്പകാലത്ത് ലഭിക്കുവാനുള്ള സാഹചര്യം ദൈവം ഇദ്ദേഹത്തിന് അനുവദിക്കുകയും ചെയ്തു. സ്നേഹപിതാവായ ദൈവത്തിന്റെ കരുണാർദ്രമായ സ്നേഹവും പരിപാലനയും പലപ്പോഴും സ്വജീവിതത്തിൽ അനുഭവിച്ചറിയുവാനും ഇദ്ദേഹത്തിനു സാധിച്ചു. ഈശോയുടെ ദിവ്യഹൃദയത്തിലെ അനുകമ്പാർദ്രസ്നേഹം പ്രാർത്ഥനയിലൂടെ, ധ്യാനത്തിലൂടെ സ്വാംശീകരിക്കുവാൻ ഇദ്ദേഹം നിരന്തരം പരിശ്രമിച്ചിരുന്നു. ഇങ്ങനെ ദൈവികസ്നേഹത്തിന്റെ കരുണാർദ്രഭാവം മുഖമുദ്രയാക്കിക്കൊണ്ടാണ് തന്റെ പ്രേഷിതവൃത്തി അദ്ദേഹം ആരംഭിച്ചത്.

ദിവ്യനാഥനെ അനുകരിച്ച് പാപികളോട് ദയാപൂർവ്വം ഇദ്ദേഹം പെരുമാറി. തന്റെ ജീവിതത്തിലൂടെ - പെരുമാറ്റത്തിലൂടെ - കർത്താവിന്റെ കരുണ അവർക്ക് കാണിച്ചുകൊടുത്തു. ആ കരുണയിലേക്കും - സ്നേഹത്തിലേക്കും അവരെ മടക്കിക്കൊണ്ടുവന്നു. പലപ്പോഴും അവരുടെ പാപങ്ങൾക്ക് അച്ചൻ തന്നെ പരിഹാരം അനുഷ്ഠിച്ചു. അവർക്ക് പശ്ചാത്താപവും മാനസികസ്വസ്ഥതയും ദൈവത്തോടും

മനുഷ്യരോടും ഉള്ള അനുരഞ്ജനമനോഭാവവും അദ്ദേഹം നേടിക്കൊടുത്തു.

ദാരിദ്ര്യവും, കഷ്ടതയും, രോഗവും അവശതയും അവഗണനയും അനാഥത്വവും അനുഭവിക്കുന്ന അനേകരെ ഇദ്ദേഹം ജനമദ്ധ്യത്തിൽ കണ്ടുമുട്ടി. അവരുടെ കാര്യത്തിൽ താല്പര്യം പ്രകടിപ്പിച്ചു. അവരെ പ്രത്യേകം പരിഗണിച്ചു. അവർക്ക് തന്നാലാവുന്ന സഹായം നല്കി ആശ്വസിപ്പിച്ചു. അവർ തങ്ങൾക്ക് എപ്പോഴും ആശ്രയിക്കാവുന്ന ഒരു അഭയകേന്ദ്രമായി അച്ചനെ കരുതി; തങ്ങളുടെ വ്യഥാഭാരം അദ്ദേഹത്തിന്റെ മുമ്പിൽ ഇറക്കിവച്ചു. അന്യരുടെ വേദനയിൽ സഹതപിക്കുന്ന – കരയുന്നവരോടുകൂടി കരയുന്ന – കരുണ നിറഞ്ഞ ഒരു ഹൃദയം ആ പീഡിതർ അദ്ദേഹത്തിൽ ദർശിച്ചു. ദാരുണമായ അവരുടെ കദനകഥകൾ കേട്ട് അദ്ദേഹം കരഞ്ഞ അവസരങ്ങളും ഉണ്ടായിട്ടുണ്ട്. അച്ചന്റെ സമീപനവും സാന്ത്വനവചനങ്ങളും അവർക്ക് ആശ്വാസമരുളി. നിസ്വനും നിസ്വാർത്ഥനുമായ ആ ത്യാഗിവര്യൻ തനിക്ക് സ്വന്തമായുള്ളതെല്ലാം ഈ പാവപ്പെട്ടവർക്കുവേണ്ടി ചെലവഴിക്കുവാൻ തയ്യാറായി.

കദളിക്കാട്ടിലച്ചന്റെ അടുക്കൽച്ചെന്ന് സഹായം അഭ്യർത്ഥിച്ചവരിൽ ആരുംതന്നെ നിരാശരായി മടങ്ങേണ്ടി വന്നിട്ടില്ല. തന്നാലാവുന്ന ഏതെങ്കിലും സഹായം അവർക്ക് നല്കുവാൻ അദ്ദേഹം ബദ്ധപ്പെടും. ചിലപ്പോൾ ആശ്വസിപ്പിച്ചും പ്രാർത്ഥനാസഹായം വാഗ്ദാനം ചെയ്തും ധൈര്യപ്പെടുത്തി തിരിച്ചയയ്ക്കും. തീക്ഷ്ണതയോടെ മററുള്ളവർക്കുവേണ്ടി അദ്ദേഹം മാദ്ധ്യസ്ഥ്യപ്രാർത്ഥന നടത്തിയിരുന്നു. പ്രശ്നപരിഹാരം നേടിയവർ പ്രാർത്ഥനയ്ക്ക് നന്ദി പറയുവാൻ അച്ചനെ സമീപിക്കുകയും ചെയ്യാറുണ്ടായിരുന്നു.

പ്രായാധിക്യവും രോഗംവുംമൂലം അശരണരായ വൃദ്ധരും ഉപേക്ഷിതരായ കുട്ടികളും അന്നത്തെ സമൂഹത്തിൽ ധാരാളം ഉണ്ടായിരുന്നു. അങ്ങനെയുള്ളവർക്ക് അഭയമരുളുന്ന സ്ഥാപനങ്ങൾ നമ്മുടെ നാട്ടിൽ ഇല്ലാതിരുന്ന കാലഘട്ടത്തിലാണ് അഗതിസംരക്ഷണം പ്രധാനലക്ഷ്യമാക്കിക്കൊണ്ട് തിരുഹൃദയ സന്യാസിനി സഭയ്ക്ക് അച്ചൻ തുടക്കം കുറിച്ചത്. സഭ വകയായി ആരംഭിച്ച ജീവകാരുണ്യ സ്ഥാപനങ്ങളിൽ വിവിധ പ്രായക്കാരായ അനേകം അശരണർക്ക് അഭയം നൽകുകയും ചെയ്തു. അങ്ങനെ അച്ചൻ മന്ദിരത്തിൽ സ്വീകരിച്ച അനാഥരായ കുട്ടികളിൽ ഒരാൾ ഇന്നും സഭയുടെ തന്നെ സ്ഥാപനത്തിൽ കഴിഞ്ഞുവരുന്നു. വയോവൃദ്ധയായ

അവർ, അച്ചൻ അവരോട് പ്രകടിപ്പിച്ചിരുന്ന കരുണയും സ്നേഹവും പുതിയ തലമുറയോട് പങ്കുവയ്ക്കാറുണ്ട്. മന്ദിരത്തിലെ അംഗങ്ങളോരോരുത്തരോടും പ്രത്യേകമായ പരിഗണനയും കാരുണ്യവുമാണ് അച്ചനുണ്ടായിരുന്നത്. അവർക്ക് ഒരുതരത്തിലും കുറവുകളോ വൈഷമ്യങ്ങളോ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണമെന്ന് സിസ്റ്റേഴ്സിനെ കൂടെക്കൂടെ ഉപദേശിച്ചുകൊണ്ടിരുന്നു.

ബഹു. അച്ചന്റെ അനുകമ്പാർദ്രസ്നേഹത്തിന് പാത്രീഭൂതരായ വേറൊരു കൂട്ടരായിരുന്നു അന്നത്തെ ഹരിജനങ്ങളും ഹരിജൻ ക്രൈസ്തവരും. അവരുടെ ഉദ്ധാരണത്തിനായി തന്നാലാവുന്നതെല്ലാം ചെയ്യുവാൻ അദ്ദേഹം ശ്രമിച്ചു.അവരുടെ കുട്ടികളുടെ വിദ്യാഭ്യാസം പ്രധാന ലക്ഷ്യമാക്കി കണ്ണാടിയുറുമ്പിൽ ഒരു സ്കൂൾ സ്ഥാപിക്കുകയുണ്ടായി. അതിന്റെ നടത്തിപ്പിനുള്ള പണം പോരാതെ വന്ന അവസരത്തിൽ സാമ്പത്തികസഹായം അഭ്യർത്ഥിച്ചുകൊണ്ട് ചങ്ങനാശ്ശേരി അരമനയിലേക്ക് അപേക്ഷ അയച്ചതിന്റെ രേഖകൾ ഇന്നും ഉണ്ട്. ഈ സ്കൂളിലെ ഉപകരണങ്ങൾക്കും അദ്ധ്യാപകർക്കു ശമ്പളം നൽകുന്നതിനുമുള്ള പണം സ്വന്തം കൈയ്യിൽനിന്നും എടുക്കുകയും തികയാതെവരുന്ന അവസരത്തിൽ മററുള്ളവരുടെ സഹായം തേടുകയും ചെയ്തിരുന്നതായി നാളാഗമത്തിൽ കാണാം.

മഠങ്ങളിലും, രോഗികളായ സിസ്റ്റേഴ്സിനോട് പ്രത്യേകവിധമായ അനുകമ്പയാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. അവർക്ക് ആവശ്യമായ എല്ലാ ചികിത്സകളും ശുശ്രൂഷകളും ലഭിക്കത്തക്ക വിധമുള്ള ക്രമീകരണങ്ങൾ ചെയ്തുകൊടുക്കാൻ സുപ്പീരിയേഴ്സിന് പ്രത്യേകം നിർദ്ദേശങ്ങൾ നൽകിയിരുന്നതായി രേഖകളുണ്ട്. നിരന്തരമായ ജോലിത്തിരക്കുകൾക്കിടയിലും ഇടവകയിലെ ശയ്യാവലംബികളായ രോഗികളേയും വയോവൃദ്ധരേയും സന്ദർശിക്കുവാൻ അച്ചൻ പ്രത്യേകം സമയം കണ്ടെത്തുക പതിവായിരുന്നു. ഗവ. ഹോസ്പിറ്റൽ സന്ദർശിച്ചിരുന്ന അവസരങ്ങളിൽ അവിടുത്തെ രോഗികളുടെ വൈഷമ്യങ്ങൾ ഇദ്ദേഹം നേരിട്ടു മനസ്സിലാക്കിയിരുന്നു. സിസ്റ്റേഴ്സ് ഈ രംഗത്ത് സേവനം ആരംഭിച്ചാൽ ഇതിനൊരു പരിഹാരമുണ്ടാകുമെന്ന് ദീർഘവീക്ഷണപടുവായ അദ്ദേഹം മനസ്സിലാക്കി. തന്നിമിത്തം തന്റെ സഭാംഗങ്ങൾ രോഗീശുശ്രൂഷാരംഗത്തു പ്രവർത്തിച്ചുകാണുവാൻ ആഗ്രഹിച്ചു. അതിന് അനുവാദം അപേക്ഷിച്ചുകൊണ്ട് രൂപതാദ്ധ്യക്ഷന് അച്ചൻ എഴുതിയ കത്ത് ഇതിന് പ്രത്യക്ഷ തെളിവാണ് . എന്നാൽ ആ കാലഘട്ടത്തിൽ അധികാരസ്ഥാനത്തുനിന്നും അതിനുള്ള അനുമതി ലഭിക്കുകയുണ്ടായില്ല.

വേദനിക്കുന്നവരിൽ ക്രിസ്തുവിനെ കണ്ടുകൊണ്ട് അവരെ ആശ്വസിപ്പിക്കുകയും ക്രിസ്തുവിന്റെ സ്നേഹം അവർക്ക് അനുഭവവേദ്യമാക്കി കൊടുക്കുകയും ചെയ്ത് കടന്നുപോയ വിശാലഹൃദയനായ ഒരു ദീനദയാലുവായിരുന്നു ബഹു. കദളിക്കാട്ടിലച്ചൻ. എന്നാൽ തന്റെ പരോപകാരപ്രദമായ സേവനങ്ങളെ മറ്റാരെങ്കിലും അറിയണമെന്നോ, പ്രശംസിക്കണമെന്നോ അദ്ദേഹം ഒരിക്കലും ആഗ്രഹിച്ചിട്ടില്ല. ഉപകാരം സ്വീകരിച്ചവരിൽനിന്നും പ്രതിസ്നേഹമോ, പ്രതിനന്ദിയോ ഒരിക്കലും പ്രതീക്ഷിച്ചിട്ടുമില്ല. ദൈവസ്നേഹത്തിന്റെ പാതയിൽക്കൂടി നിസ്വാർത്ഥസേവനത്തിന്റെ പരിമളം പരത്തിക്കൊണ്ട് മുന്നേറിയ ഒരു നിഷ്കാമ കർമ്മയോഗിയായിരുന്നു ബ.കദളിക്കാട്ടിൽ മത്തായി അച്ചൻ എന്നു പറഞ്ഞാൽ അതിലെല്ലും അതിശയോക്തിയില്ല.

## 4. താപസികനായ യോഗീവര്യൻ

തീക്ഷ്ണമായ പ്രാർത്ഥനയുടെയും കാർക്കശ്യമായ തപശ്ചര്യയുടെയും ജീവിതമാണ് ഒരിടവകവൈദികൻ എന്ന നിലയിലുള്ള തിരക്കേറിയ പ്രവർത്തനങ്ങൾക്കിടയിലും മത്തായി അച്ചൻ നയിച്ചിരുന്നത് എന്നാണ് അദ്ദേഹത്തെ അടുത്തറിയാവുന്ന എല്ലാവരും സാക്ഷ്യപ്പെടുത്തുന്നത്. പ്രാർത്ഥനയും പ്രവർത്തനവും തുല്യപ്രാധാന്യത്തിൽ സംയോജിപ്പിച്ചുകൊണ്ടുപോകാനുള്ള കഴിവ് വ്യക്തികളിൽ വളരെ വിരളമായിട്ടു കാണപ്പെടുന്ന ഒരു സവിശേഷതയാണ്. പകൽസമയത്തുള്ള കഠിനാദ്ധ്വാനത്തിനുശേഷം അദ്ദേഹം ദീർഘസമയം പ്രാർത്ഥിച്ചിരുന്നു. മണിക്കൂറുകൾതന്നെ പ്രാർത്ഥനാനിരതനായി മുട്ടിന്മേൽ നില്ക്കുന്ന അച്ചനെക്കണ്ട് ഞങ്ങൾ അത്ഭുതപ്പെട്ടിട്ടുണ്ട് എന്നാണ് അദ്ദേഹത്തെ പരിചയമുള്ളവർ സാക്ഷ്യപ്പെടുത്തുന്നത്. എല്ലാദിവസവും കുരിശിന്റെ വഴി എന്ന ഭക്തകൃത്യം നടത്തിയിരുന്നു. വ്യാഴാഴ്ചദിവസങ്ങളിൽ പാതിരാരാധന അച്ചൻ ഒരിക്കലും മുടക്കിയിരുന്നില്ല. സിസ്റ്റേഴ്സും പാതിരാരാധന നടത്തണമെന്ന് അച്ചൻ നിർദ്ദേശിച്ചിരുന്നു. ഇന്നും അതു തുടർന്നു വരുന്നുണ്ട്. അദ്ദേഹത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും പരിഹാരചൈതന്യം നിഴലിച്ചിരുന്നു.

ബഹു. മത്തായി അച്ചന്റെ ആദ്ധ്യാത്മികശിക്ഷണം ലഭിച്ചിരുന്ന ഏലിയാമ്മ സക്കറിയാസ് കൈപ്പൻപ്ലാക്കൽ ഇങ്ങനെ പറയുന്നു: പ്രാർത്ഥനയുടെ മനുഷ്യനായിരുന്നു അദ്ദേഹം. മണിക്കൂറുകൾ തന്നെ പ്രാർത്ഥനാനിരതനായി മുട്ടിന്മേൽ നിൽക്കുന്ന

അച്ചനെക്കണ്ട് ഞങ്ങൾ അത്ഭുതപ്പെട്ടിട്ടുണ്ട്. അച്ചന്റെ മുഖത്ത് ആ സമയത്ത് പ്രത്യേകമായ ഒരു ദിവ്യത്വം കാണപ്പെട്ടിരുന്നു .

പ്രൊഫ. കെ.എം. ചാണ്ടി സാക്ഷ്യപ്പെടുത്തുന്നത് ഇപ്രകാരമാണ്. ഭക്തിനിർഭരമായ രീതിയിലുള്ള അച്ചന്റെ ദിവ്യബലി ഒരു പ്രത്യേക അനുഭൂതി ഉളവാക്കുന്നതായിരുന്നു. ബലിയുടെ പ്രധാന ഭാഗമാകുമ്പോൾ അച്ചൻ സമ്പൂർണ്ണമായി അതിൽ ലയിക്കുകയും പ്രാർത്ഥനാനിരതനായി, ദിവ്യബലിയിൽ സന്നിഹിതനായിരിക്കുന്ന ദിവ്യനാഥനുമായി ഹൃദയബന്ധം ഉറപ്പിക്കുകയും ചെയ്യുന്ന കാഴ്ച ബലിയിൽ സംബന്ധിക്കുന്നവരിൽക്കൂടി ദിവ്യമായ അനുഭൂതി ജനിപ്പിക്കുമായിരുന്നു.

വളരെ ലളിതമായ ജീവിതമാണ് അദ്ദേഹം നയിച്ചിരുന്നത്. ഭക്ഷണം, വസ്ത്രം, താമസസൗകര്യങ്ങൾ തുടങ്ങിയ എല്ലാ കാര്യങ്ങളിലും അദ്ദേഹത്തിന്റെ ലാളിത്യം പ്രകടമായിരുന്നു. ഒരു സന്യാസിയായിരുന്നില്ലെങ്കിലും തന്റെ ദിവ്യഗുരുവിനെ അനുകരിച്ച് വളരെ ലളിതമായ രീതിയിൽ തന്റെ ജീവിതകാലം മുഴുവൻ ചെലവഴിച്ചു. ബഹു.മത്തായി അച്ചന്റെ സഹോദരപുത്രൻ ശ്രീ.കുര്യൻ മത്തായി കദളിക്കാട്ടിൽ ഇതിനെപ്പറ്റി സാക്ഷ്യപ്പെടുത്തുന്നു. മത്തായി അച്ചൻ എന്റെ അപ്പന്റെ അനുജനാണ്. വല്യമ്മയ്ക്ക് രോഗമായിരുന്ന അവസരത്തിലല്ലാതെ അച്ചൻ വീട്ടിൽവന്ന് രാത്രി താമസിച്ചിട്ടില്ല. എത്ര വൈകിയാലും പള്ളിമുറിയൽ പോയെ കിടക്കുമായിരുന്നുള്ളു. അച്ചന്റെ ജീവിതം വളരെ ലളിതമായിരുന്നു. എങ്കിലും ശുചിത്വത്തിൽ വളരെ നിഷ്ഠയായിരുന്നു. ഓലം പള്ളിയിൽ ദുഃഖവെള്ളിയാഴ്ച പങ്കപ്പാടു കാണിക്കുന്ന പതിവുണ്ടായിരുന്നു. ഇതിൽ അഭിനയിക്കുന്നവർ ഒരു മാസത്തെ പ്രാർത്ഥനയും തപസ്സും അനുഷ്ഠിക്കണമെന്ന് അച്ചനു നിർബന്ധമുണ്ടായിരുന്നു. ദുഃഖവെള്ളിയാഴ്ച പങ്കപ്പാട് പ്രദർശനത്തിനുശേഷം അച്ചനുൾപ്പെടെ അഭിനയക്കാർ എല്ലാവരും അഞ്ചു പ്രാവശ്യം ചമ്മട്ടിയടി നടത്തിയിരുന്നു.

മരണത്തിന് ഏതാണ്ട് മൂന്നാഴ്ചമുമ്പ് രോഗം മൂർഛിച്ചു. ഈ ദിവസങ്ങളിൽ മാത്രമേ ദിവ്യബലി അർപ്പിക്കാതിരുന്നിട്ടുള്ളു. വളരെ വേദനയുള്ള രോഗമായിരുന്നു അച്ചന്റേത്. ഇത്രയും സഹിച്ചിട്ടുള്ളവർ അധികംപേർ കാണുകയില്ല എന്നാലും വേദനയൊന്നും ആരെയും അറിയിക്കാതെ സന്ദർശകരോടെല്ലാം കുശലാന്വേഷണം നടത്തിയിരുന്നു. രോഗവിവരം ചോദിച്ചാൽ കുറവുണ്ടെന്നുമാത്രം പറയും. രോഗാവസ്ഥയിലും അച്ചനെ ശുശ്രൂഷിക്കാൻ സിസ്റ്റേ

ഴ്സിനെ അനുവദിച്ചിരുന്നില്ല. രോഗശുശ്രൂഷകളെല്ലാം കുടുംബാം ഗങ്ങളും ബന്ധുക്കളുമായിരുന്നു ചെയ്തിരുന്നത്. അച്ചൻ വളരെ ശാന്തനായിരുന്നു. തീരെ പതിഞ്ഞ സ്വരം. സൗമ്യസ്വഭാവം. അച്ചൻ എന്തുപറഞ്ഞലും ആളുകൾ അതനുസരിക്കുമായിരുന്നു.

രാത്രിയിൽ മിക്കവാറും പലകപ്പുറത്താണ് അദ്ദേഹം കിടന്നുറങ്ങിയിരുന്നത് എന്ന് അച്ചന്റെ മുറി വൃത്തിയാക്കിയിരുന്ന വർ പറയുന്നു. അദ്ദേഹത്തിന്റെ ഇരിപ്പിലും നില്പിലും നടപ്പിലും എല്ലാം താപസോചിതമായ സംയമനം ദൃശ്യമായിരുന്നു. അദ്ദേഹ ത്തിന്റെ ഭക്ഷണവും വസ്ത്രധാരണവും എല്ലാം ലളിതമായിരുന്നു. തന്റെ അടുക്കൽ വരുന്ന ആദ്ധ്യാത്മികമോ ശാരീരികമോ ആയ ആവ ശ്യക്കാരെ ആരെയും അദ്ദേഹം വെറും കയ്യോടെ പറഞ്ഞയച്ചിരു ന്നില്ല. അച്ചന് സ്വന്തമായ സമ്പാദ്യമൊന്നുമില്ലായിരുന്നു. മരണാസ ന്നനായി കിടന്നപ്പോൾ തന്റെ മേശ തുറന്നുനോക്കിയവർ കണ്ടത് രണ്ട് വെള്ളിരൂപയും ഏതാനും ചെമ്പ്തുട്ടുകൾ മാത്രവുമായിരുന്നു. ദരിദ്രരും ക്ലേശിതരുമായവരെ മനസ്സിലാക്കാനും അവരുമായി ഇട പെടാനും അദ്ദേഹത്തിന് സാധിച്ചത് അദ്ദേഹം ലളിതജീവിതം നയി ച്ചിരുന്നതിനാലാണ്. മറ്റുള്ളവരാൽ അറിയപ്പെടാനോ സ്ഥാനമാന ങ്ങൾ സ്വീകരിക്കാനോ ഒന്നും അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല.

അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വയലിൽ പിതാവ് താഴെ ചേർത്തി രിക്കുന്നവിധം സാക്ഷ്യപ്പെടുത്തുന്നു: 1935 -ൽ ഞാൻ വേനൽക്കാല അവധിക്കുവന്നപ്പോൾ ബഹു. കദളിക്കാട്ടിലച്ചൻ വളരെ അവശനാ യിത്തീർന്നിരിക്കുന്നതായിട്ടാണ് കണ്ടത്. പ്രമേഹരോഗം വളരെ മൂർച്ഛിച്ചു. കാലിൽ വ്രണമുണ്ടായി, പോള പൊളിയുന്നതുപോലെ കാലിൽനിന്നും മാംസഭാഗങ്ങൾ പൊളിഞ്ഞുപോയി. അദ്ദേഹം വള രെയേറെ വേദന സഹിച്ചു. എങ്കിലും അദ്ദേഹത്തിന് ഒരു പരാതിയും ഇല്ലായിരുന്നു. ഈശോയുടെ തിരുഹൃദയത്തിനുവേണ്ടി എത്ര സഹി ച്ചാലും അത്രയും ഭാഗ്യമായി എന്ന് അദ്ദേഹം കരുതിയിരുന്നു. വീരോചിതമായ പുണ്യങ്ങൾ അദ്ദേഹത്തെ ധന്യനാക്കി. അദ്ദേഹ ത്തിന്റെ ജീവിതം അവിരാമമായ ഒരു പ്രാർത്ഥനയുടെ ജീവിതമാ യിരുന്നു. അദ്ദേഹത്തോട് ഏതെങ്കിലും വിധത്തിൽ ബന്ധപ്പെട്ടിരു ന്നവരെല്ലാം അദ്ദേഹം ദൈവത്തിന്റെ ഒരു മനുഷ്യനാണെന്ന് ഏക സ്വരത്തിൽ പറയുമായിരുന്നു.

“എന്റെ രക്തം മുഴുവനും എണ്ണയായി മാറാനും ഞരമ്പ് തിരി യായിത്തീരാനും അങ്ങനെ അവ മുഴുവനും ദൈവത്തിന്റെ സ്തുതി

ക്കായി കത്തിജ്വലിച്ചു കാണാനും ഞാനാഗ്രഹിക്കുന്നു" എന്ന വിശുദ്ധ അഗസ്റ്റ്യന്റെ വാക്കുകളിൽനിന്നു പ്രചോദനം ഉൾക്കൊണ്ട കദളിക്കാട്ടിലച്ചന്റെ ജീവിതം വേദനയുടെ തീച്ചൂളയിൽ ശുദ്ധിചെയ്യപ്പെട്ടതായിരുന്നു. പ്രതിബന്ധങ്ങളും പ്രതിസന്ധികളും തെറ്റിദ്ധാരണകളും അപവാദങ്ങളും വൈപരീത്യങ്ങളും രോഗങ്ങളും വേദനകളുമായ നിരവധി കുരിശുകളാണ് ബഹു. മത്തായി അച്ചൻ അഭിമുഖീകരിക്കേണ്ടി വന്നത് ഈ സംഭവങ്ങളിൽ നിശബ്ദനായി ദൈവത്തിൽ അഭയംതേടി, സ്വമനസ്സിനെ സമർപ്പിച്ച്, എല്ലാം ദൈവതിരുമനസ്സായി സ്വീകരിച്ച് അതിൽ അദ്ദേഹം ആനന്ദം കണ്ടെത്തിയിരുന്നു.

സുവിശേഷത്തിലെ ക്രിസ്തുവിനെ അടുത്തനുഗമിച്ച കഥാനായകൻ അവിടുത്തെ ശൂന്യവൽക്കരണത്തിന്റെ മാർഗ്ഗത്തിൽക്കൂടി ധീരമായി മുന്നേറുവാൻ ദൃഢനിശ്ചയം ചെയ്തിരുന്നു. ക്രിസ്തുവിന്റെ വിനയവും ശാന്തതയും ജീവിതത്തിൽ പകർത്തുവാൻ ശ്രമിച്ചതുപോലെ ത്യാഗത്തിലും സഹനത്തിലുംകൂടി അവിടുത്തെ പാതയിൽ ചരിക്കുവാൻ അദ്ദേഹം പരിശ്രമിച്ചു. സ്വന്തം കുരിശുമെടുത്തുകൊണ്ട് സന്തോഷത്തോടെ അദ്ദേഹം ക്രിസ്തുവിനെ പിൻതുടർന്നു. സഹനത്തിന്റെ രക്ഷാകരമൂല്യം ശരിയായി ഗ്രഹിച്ചിരുന്ന കഥാനായകൻ കുരിശിന്റെ പാതയിൽകൂടി - ത്യാഗത്തിന്റെ മാർഗ്ഗത്തിൽക്കൂടി ധീരനായി പുരോഗമിച്ച് തന്റെ ജീവിതദൗത്യം നിർവഹിച്ചു.

ചെറുപ്പംമുതൽ അദ്ധ്വാനപൂർണ്ണമായ ജീവിതമായിരുന്നു അദ്ദേഹം നയിച്ചിരുന്നത്. തന്റെ വൈദികജീവിതകാലം മുഴുവൻ വിവിധ പ്രവർത്തനങ്ങളിലേർപ്പെട്ട് നിരന്തരം അദ്ദേഹത്തിന് അദ്ധ്വാനിക്കേണ്ടി വന്നു. വിസ്തൃതമായ ഇടവകകളിൽ യാത്രാസൗകര്യം കുറഞ്ഞ പ്രദേശങ്ങളിൽ വെയിലും മഴയും വകവയ്ക്കാതെ അജപാലനധർമ്മങ്ങളുടെ നിർവ്വഹണത്തിനായി പോകുന്നതിൽ കദളിക്കാട്ടിലച്ചന് സന്തോഷമെ ഉണ്ടായിരുന്നുള്ളു എന്നാണ് സമകാലീനർ പറയുന്നത്. ദുർഘടയാത്ര ചെയ്യേണ്ട അവസരങ്ങളിലെല്ലാം പാലാ പള്ളിയിലെ ബഹു.അസ്തേന്തിമാർ, അച്ചൻ ഞാൻ പോകാം എന്നു പറഞ്ഞു ത്യാഗപൂർത്തികരണത്തിനായി മത്സരിച്ചിരുന്നു. അച്ചൻ പകൽസമയത്തെ കഠിനാദ്ധ്വാനത്തിനു ശേഷം രാത്രിയിൽ ദീർഘസമയം പ്രാർത്ഥിച്ചിരുന്നു. ദൈവവുമായുള്ള സ്നേഹവും ആത്മരക്ഷയിലുള്ള തീക്ഷ്ണതയും എന്തും ചെയ്യുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചിരുന്നു.

ഇതിനും പുറമെ സ്വയം സ്വീകരിച്ച തപശ്ചര്യകളും ഈ യതി വര്യന്റെ ദൈവസ്നേഹതീക്ഷ്ണതയെ കൂടുതൽ പ്രോജ്ജ്വലിപ്പിച്ചു. പ്രാർത്ഥനയുടെ ദീർഘയാമങ്ങൾ മുട്ടിന്മേൽതന്നെ നിൽക്കുക അച്ചന്റെ പതിവായിരുന്നു. വ്യാഴാഴ്ച ദിവസങ്ങളിൽ പാതിരാ ആരാധന ഒരിക്കലും മുടക്കിയിരുന്നില്ല. ക്രിസ്തുവിന്റെ പീഢാസഹനങ്ങളെപ്പറ്റി കൂടെകൂടെ ധ്യാനിച്ചിരുന്നു. ലോകത്തിന്റെ പാപത്തിനു പരിഹാരമനുഷ്ഠിക്കുക തന്റെ ജീവിത ദൗത്യമായി ഈദ്ദേഹം കരുതി. തന്റെ എല്ലാ പ്രവർത്തനങ്ങളിലും പരിഹാരചൈതന്യം നിഴലിച്ചിരുന്നു. ദാഹശമനത്തിന് കിരിയാത്തു വെന്ത് (കയ്പ്പുള്ള) വെള്ളം കുടിച്ചിരുന്നു. ഭക്ഷണപാനീയങ്ങളുടെ ഉപയോഗത്തിൽ ലാളിത്യവും ത്യാഗമനോഭാവവും പ്രകടമായിരുന്നു. ഉച്ചഭക്ഷണത്തിന് തനിക്ക് ഒരു കറി മതിയെന്ന് തിരുഹൃദയമഠത്തിലെ സിസ്റ്റേഴ്സിനോട് പറഞ്ഞിട്ടുണ്ട്. എന്നാൽ മറ്റ് ആരെങ്കിലും കാണുമ്പോൾ തങ്ങൾക്ക് അതു വിഷമമാണല്ലൊ എന്നു പറഞ്ഞ അവസരത്തിൽ അച്ചൻ പറയുകയാണ് അങ്ങനെയുള്ള അവസരത്തിൽ ആ കറി തന്നെ രണ്ടു കറിപ്പാത്രത്തിൽ വിളമ്പിതന്നേക്കുക. അകലെനിന്നു കാണുന്നവർ രണ്ടുതരം കറി എന്ന് ധരിച്ചുകൊള്ളും. ഒന്നിലധികം വിഭവങ്ങൾ വിളമ്പിയാലും അതിൽ ഒരു കറിമാത്രം ഉപയോഗിച്ച് ഊണു കഴിക്കുകയാണ് പലപ്പോഴും പതിവ്. ജീവിതത്തിൽ എല്ലാ അവസരങ്ങളിലും - എല്ലാ രംഗങ്ങളിലും സ്വയനിഗ്രഹവും ആത്മസംയമനവും അദ്ദേഹം പരിശീലിച്ചു. പഞ്ചേന്ദ്രിയങ്ങളുടെ പൂർണ്ണമായ സംയമനം സാധിച്ച അദ്ദേഹം ആന്തരിക ഏകാന്തതയുടെ മഹനീയമാതൃക ഏവർക്കും കാണിച്ചുകൊടുത്തു. കണ്ണുകൾ താഴ്ത്തി പ്രാർത്ഥനാ നിരതനായി റോഡിൽക്കൂടി നടന്നുപോകുന്ന കദളിക്കാട്ടിലച്ചനെ കാണുന്നവർക്ക് എന്തോ ഒരു ആദ്ധ്യാത്മിക പ്രചോദനം ലഭിച്ചിരുന്നു. ഈ രീതിയിൽ തന്റെ ശിഷ്യഗണങ്ങളും ആത്മസംയമനവും ഇന്ദ്രിയനിയന്ത്രണവും അഭ്യസിക്കണമെന്ന് അച്ചൻ നിഷ്ക്കർഷിച്ചിരുന്നതായി രേഖകളിൽ കാണാം.

ഇതിനും പുറമെ ആത്മത്യാഗം ആവശ്യപ്പെടുന്ന ശൂന്യവൽക്കരണത്തിന്റെ മാർഗ്ഗത്തിലൂടെ ക്രിസ്തുവിനെ അനുഗമിക്കുവാൻ ഇറങ്ങിപുറപ്പെട്ട ഈ വിശ്വസ്തതനയന് ക്രിസ്തു തന്റെ കുരിശിന്റെ ഓഹരി ധാരാളമായി നൽകിക്കൊണ്ടിരുന്നു. അവിടുന്നു തെരഞ്ഞെടുത്ത ആ സഹനത്തിന്റെ മാർഗ്ഗത്തിലൂടെ തന്റെ വിശ്വസ്തനായ അനുഗാമിയെ അവിടുന്നു നയിച്ചു. സഹനത്തിന്റെ രക്ഷാകരമൂല്യം ഉത്ഥാനാത്മകമായ ശക്തി അദ്ദേഹത്തിനു മനസ്സിലാക്കിക്കൊടുത്തു.

എല്ലാ ക്ലേശങ്ങളും വഹിക്കുവാനും സഹിക്കുവാനുമുള്ള ആത്മ ശക്തിയും ധീരതയും അദ്ദേഹത്തിന് ദൈവം നൽകിയിരുന്നു, ക്രിസ്തുവിനോടൊത്തുള്ള സഹനം രക്ഷാകരമാണ് – അത് ജീവി തത്തിന്റെ സ്രോതസ്സാണ് എന്നു അദ്ദേഹം സ്വന്തം ജീവിതാനുഭവ ങ്ങളിൽനിന്നും മനസ്സിലാക്കി. ദൈവത്തിന്റെ തിരുച്ചിത്തം പ്രഖ്യാ പിക്കുന്നവർക്കെല്ലാം സഹിക്കേണ്ടി വന്നിട്ടുണ്ടെന്ന് വേദ പുസ്തകവും വിശുദ്ധന്മാരുടെ ജീവചരിത്രവും നിത്യം വായിച്ചിരുന്ന ഇദ്ദേഹത്തിന് നേരത്തെ ബോദ്ധ്യപ്പെട്ടിരുന്നതാണുതാനും.

തന്റെ ദൗത്യനിർവ്വഹണത്തിനായി കർമ്മരംഗത്തേയ്ക്കിറങ്ങിയ ഈ വന്ദ്യവൈദികന് അനേകം എതിർപ്പുകളെ അതിജീവിക്കേണ്ടി വന്നു. ഈശോയുടെ തിരുഹൃദയത്തിലുള്ള അളവില്ലാത്ത ആശ്ര യബോധം മാത്രമായിരുന്നു എല്ലാ സംരംഭങ്ങളിലും അദ്ദേഹത്തി നുണ്ടായിരുന്ന കൈമുതലും ദാരിദ്രത്തിന്റേയും ഇല്ലായ്മയുടേയും ക്ലേശങ്ങൾ മഠംസ്ഥാപനത്തിലും മറ്റുപല കാര്യങ്ങളിലും നേരി ടേണ്ടി വന്നിട്ടുണ്ട്. നിസ്സഹായതയും, അവഗണനയും മറ്റുള്ളവരിൽ നിന്നുള്ള നിസ്സഹകരണവും അധിക്ഷേപവും നിരവധി തവണ അനു ഭവിച്ചിട്ടുണ്ട്. തന്റെ നല്ല പരിശ്രമങ്ങളെ സംശയത്തോടെ വീക്ഷി ക്കുന്നവരും അതിന്റെ പുരോഗതിയിൽ ശുഭപ്രതീക്ഷയില്ലാത്തവരു മായ ഒരു നല്ല ശതമാനം ആളുകൾ തന്റെ ചുറ്റുപാടും ഉണ്ടായിരു ന്നു. ആ കാലഘട്ടത്തിന്റെ പ്രത്യേകത അനുസരിച്ച് അധികാരിക ളിൽ നിന്നുള്ള അനുമതികളും മറ്റും ലഭിക്കുക ക്ഷിപ്രസാധ്യമല്ലാ യിരുന്നു. ഈ കാര്യത്തിനായി നിരന്തരം പരിശ്രമിച്ച അച്ചന് പല പ്പോഴും തന്റെ ആഗ്രഹം സാധിച്ചു കാണുവാൻ വളരെനാൾ കാത്തി രിക്കേണ്ടി വന്നിട്ടുണ്ട്. നന്മയെപ്പോലും തിന്മയായി ചിത്രീകരിക്കു വാൻ മുതിരുന്ന അജ്ഞരും ദുർമ്മതികളുമായ ആളുകളുടെ ശല്യവും കുറവായിരുന്നില്ല.

ഇതിനെല്ലാം ഉപരിയായി തന്റെ ശിഷ്യരിൽ കാണപ്പെട്ട സംസ്കാരശൂന്യമായ പെരുമാറ്റവും സംശയ മനസ്ഥിതിയും അവിശ്വസ്തതയും നന്ദഹീനതയുമെല്ലാം ഈ വന്ദ്യവൈദികനെ വളരെയധികം വേദനിപ്പിച്ചു. താൻ വിശ്വസ്തരെന്നു കരുതി സഹ കരിച്ചു പ്രവർത്തിച്ചുപോന്ന ചിലരുടെ വഞ്ചനയും കാലുമാറ്റവും അവസരസേവയും അദ്ദേഹത്തിന് മാനസികാഘാതം ഉളവാക്കി. ഈ നല്ല സംരംഭത്തെ തച്ചുടയ്ക്കാൻ ശ്രമിച്ച വ്യക്തികളുടെ മാന സികഭാവം അദ്ദേഹത്തെ വ്യഥാഭാരത്താൽ തളർത്തി. അനിശ്ചിത

ത്വവും മാനസികസംഘർഷവും ആകുലതയും എല്ലാം അദ്ദേഹം അനുഭവിക്കേണ്ടിവന്നു. അതോടൊപ്പം നിരന്തരമായ അദ്ധ്വാനവും ക്ഷീണവും രോഗങ്ങളും ശാരീരികമായ അസ്വസ്ഥതകളെ വർദ്ധിപ്പിച്ചു.

എന്നാൽ ഈ വിധ ക്ലേശങ്ങളൊന്നും അച്ചന്റെ ആത്മധൈര്യം കെടുത്തുവാനോ, വിശ്വാസം ചഞ്ചലിപ്പിക്കാനോ പോന്നതായിരുന്നില്ല. സ്നേഹത്താൽ തുറക്കപ്പെട്ട ഈശോയുടെ തിരുഹൃദയത്തിൽ തന്റെ പ്രത്യാശ മുഴുവൻ സമർപ്പിച്ച് ദൃഢനിശ്ചയത്തോടെ, ആത്മധൈര്യത്തോടെ, സ്ഥിരവിശ്വാസത്തോടെ തന്റെ പരിശ്രമം അദ്ദേഹം തുടർന്നു. ദിവ്യസക്രാരിയുടെമുമ്പിൽ ദീർഘസമയം പ്രാർത്ഥനയിൽ ചെലവഴിച്ചു. എല്ലാ പ്രശ്നങ്ങൾക്കും അവിടെ പരിഹാരംകണ്ടെത്തി. അങ്ങനെ ദൈവത്തിന്റെ കരുണയും ഔദാര്യവും ഈ ഭൂമിയിൽ വച്ചു തന്നെ അനുഭവിച്ചറിയാൻ ഈ തിരുഹൃദയദാസനു സാധിച്ചു.

ലോകരക്ഷകനായ ക്രിസ്തു തെരഞ്ഞെടുത്ത കുരിശിന്റെ മാർഗ്ഗത്തിൽക്കൂടി – വേദനയുടെ പാതയിൽക്കൂടി – സഹനത്തിന്റെ പന്ഥാവിൽക്കൂടി ദീർഘനാൾ ഈ പുണ്യപുരുഷനേയും ദൈവം നയിച്ചു. ക്രിസ്തുവിന്റെ വേദനകളിൽ ഭാഗഭാക്കാക്കി. സഹനത്തിന്റെ അഗ്നിയിൽ അദ്ദേഹത്തിന്റെ വിശ്വാസത്തെ കൂടുതൽ ഉജ്ജ്വലമാക്കി. ഉത്ഥാനോന്മുഖമായ പ്രത്യാശയാൽ കൂടുതൽ ആത്മശക്തി നൽകി. സഹനത്തിന്റെ രക്ഷാകര മൂല്യത്തെക്കുറിച്ച് – ത്യാഗത്തിന്റെ മഹത്വത്തെക്കുറിച്ച് സ്വന്തം അനുഭവത്തിൽനിന്നും അദ്ദേഹം പിന്നീട് പലപ്പോഴും ഉപദേശിച്ചിരുന്നു.

## 5. ദീർഘവീക്ഷണമുള്ള സാമൂഹ്യസമുദ്ധാരകൻ

സ്നേഹത്തിന്റെ പ്രവാചകനും ത്യാഗത്തിന്റെ മഹനീയമാതൃകയുമായിരുന്ന ഈ പുണ്യവൈദികൻ ദീർഘവീക്ഷണമുള്ള ഒരു സമുദായ സമുദ്ധാരകൻ കൂടിയായിരുന്നു. തന്റെ പ്രേഷിത പ്രവർത്തനത്തിന്റെ അടിസ്ഥാനഘടകം ചുറ്റുമുള്ള പ്രാദേശിക ഘടകമാണെന്ന് അദ്ദേഹം മനസ്സിലാക്കി പ്രവർത്തിച്ചു. തന്റെ ഇടവക സമൂഹത്തെയും ചുറ്റുപാടുമുള്ള ഇതര ജനസമൂഹങ്ങളെയും അദ്ദേഹം ശരിയായി മനസ്സിലാക്കി. അവരുടെ പ്രശ്നങ്ങളും ആവശ്യങ്ങളും വ്യക്തമായി പഠിച്ചു. അവരുടെ കുറവുകളും പോരായ്മകളും വേണ്ടവിധം ഗ്രഹിച്ചു. തനിക്കു ചുറ്റുമുള്ള സമൂഹത്തിന്റെ സമഗ്രവിമോചനമാണ് തന്റെ പ്രേഷിത ദൗത്യമെന്ന് അദ്ദേഹത്തിനു ബോദ്ധ്യമായിരുന്നു.

സാമൂഹ്യപ്രശ്നങ്ങൾ ഓരോന്നിനും പരിഹാരം തേടുക തന്റെ കടമയാണെന്ന് അച്ചൻ വിശ്വസിച്ചു. അവ ഓരോന്നും പടിപടിയായി പരിഹരിക്കുവാൻ ശ്രമിച്ചു. സമൂഹത്തിലെ പരിത്യക്തരായ കുട്ടികൾക്കും അശരണരായ വൃദ്ധജനങ്ങൾക്കും അഗതിമന്ദിരങ്ങൾ ആരംഭിച്ചു. അതോടുകൂടി തയ്യൽ, കൊന്തകെട്ട് തുടങ്ങിയ തൊഴിലുകൾ അവരെ അഭ്യസിപ്പിക്കുവാനും തുടങ്ങി. കുടുംബങ്ങൾ ഓരോന്നായി സന്ദർശിച്ച് ആഭ്യന്തരപ്രശ്നങ്ങൾ പരിഹരിക്കുവാൻ ക്രിസ്തീയസ്നേഹത്തിന്റെ പ്രമാണങ്ങൾ അവർക്ക് ഉപദേശിച്ചുകൊടുത്തു. ഗ്രാമീണ കർഷകജനതയുടെ സാംസ്കാരികോന്നമനത്തിനു വിദ്യാഭ്യാസസൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യം അദ്ദേഹത്തിനു ബോദ്ധ്യമായി. പ്രത്യേകിച്ച് കുടുംബങ്ങളുടെ സുസ്ഥിതിക്കും ഭാവിതലമുറയുടെ ഉൽക്കർഷത്തിനും സ്ത്രീകൾക്കു വിദ്യാഭ്യാസം നൽകേണ്ടതിന്റെ ആവശ്യം ഇടവകജനങ്ങളുമായുള്ള പരിചയത്തിൽനിന്നും അച്ചനു ബോദ്ധ്യമായി. സാമാന്യജനങ്ങൾക്ക് ഈ ബോദ്ധ്യം നൽകുവാൻ അദ്ദേഹം സർവ്വാത്മനാ പരിശ്രമിച്ചു. ചുറ്റുപാടുമുള്ള സാധാരണക്കാരുടേയും ഹരിജനങ്ങളുടെയും വിദ്യാഭ്യാസത്തിനായി ഒരു പ്രാഥമിക വിദ്യാലയം കണ്ണാടിയുറുമ്പിൽ ആരംഭിക്കുവാൻ ബ. അച്ചനു സാധിച്ചു. തുടർന്ന് ഒരു ഇംഗ്ലീഷ് മിഡിൽ സ്കൂളിന്റെ സ്ഥാപനത്തിനായി പരിശ്രമിച്ചു. അതും സാധിതമായി.

ക്രമേണ ഈ സ്കൂൾ പട്ടണമദ്ധ്യത്തിലേക്ക് മാറ്റി സ്ഥാപിക്കുവാനും ഹൈസ്കൂളായി ഉയർത്താനും ഉള്ള ശ്രമത്തിന്റെ പിന്നിൽ പ്രവർത്തിച്ച കരുത്തുറ്റ കരങ്ങൾ കദളിക്കാട്ടിലച്ചന്റേതായിരുന്നു. അച്ചന്റെ ദീർഘവീക്ഷണവും സേവനതല്പരതയുംമൂലം രൂപംകൊണ്ടതാണ് പാലാ സെന്റ് മേരീസ് ഗേൾസ് ഹൈസ്കൂൾ. അന്നുമുതൽ ചുററുമുള്ള പ്രദേശങ്ങളിലെ പെൺകുട്ടികൾക്ക് വിജ്ഞാനപ്രകാശം നൽകികൊണ്ട് മററ് ഗേൾസ് ഹൈസ്കൂളുകൾക്ക് മാതൃകയായി ഈ മഹൽ സ്ഥാപനം നാൾക്കുനാൾ പുരോഗമിച്ചുകൊണ്ടിരുന്നു. ഇവിടെ പരിശീലനം നേടിയ സംസ്കാരസമ്പന്നരും പക്വമതികളുമായ സ്ത്രീജനങ്ങൾ നാടിനും വീടിനും പ്രകാശം ഏകിക്കൊണ്ട് ലോകത്തിന്റെ നാനഭാഗങ്ങളിലും വിവിധ രംഗങ്ങളിൽ പ്രവർത്തിച്ചുവരുന്നു.

സമീപപ്രദേശത്തുള്ള ഭവനങ്ങൾ സന്ദർശിച്ച് അവരുടെ ആവശ്യങ്ങൾ മനസ്സിലാക്കി അവർക്കുവേണ്ട സഹായം ചെയ്യുന്നതിനുള്ള പ്രേരണയും പരിശീലനവും അക്കാലത്തുതന്നെ താൻ സ്ഥാപിച്ച തിരുഹൃദയസഭാംഗങ്ങൾക്കു അച്ചൻ നല്കിയിരുന്നു എന്നു

കേൾക്കുമ്പോൾ അദ്ദേഹത്തിന്റെ പുരോഗമനചിന്താഗതിയെക്കുറിച്ച് നാം അത്ഭുതപ്പെട്ടുപോകും. കാരണം ആ കാലഘട്ടത്തിൽ മറ്റു സന്യാസസഭാംഗങ്ങൾ ഒരു വീടിന്റെ മുറ്റത്തുപോലും കയറുമായിരുന്നില്ല. മത്തായി അച്ചൻ സ്ഥാപിച്ച ഇടവകയിൽ തിരുഹൃദയസഭാംഗങ്ങൾ രോഗികളായി കിടക്കുന്നവരെ വീടുകളിൽ പോയി സന്ദർശിച്ച് ശുശ്രൂഷിക്കുകയും അന്ത്യകൂദാശകൾക്ക് ഒരുക്കുകയും കുട്ടികൾക്ക് മതബോധനം നല്കുവാൻ ഉത്സാഹിക്കുകയും ചെയ്തിരുന്നതായി ചരിത്രത്തിൽ കാണാം. ഇങ്ങനെ മനുഷ്യന്റെ സർവ്വതോന്മുഖമായ പുരോഗതിയിൽ ശ്രദ്ധവച്ച ഒരു സാമൂഹ്യപ്രവർത്തകനും കൂടിയായിരുന്നു ബ. കദളിക്കാട്ടിലച്ചൻ.

## 6. ആദ്ധ്യാത്മികാചാര്യൻ

പാപസങ്കീർത്തനവേദിയായിരുന്നു കദളിക്കാട്ടിലച്ചന്റെ ഏറ്റം വലിയ പ്രേഷിതരംഗം. ഒരു മടുപ്പും ക്ഷമകേടും പ്രദർശിപ്പിക്കാതെ ദീർഘസമയം കുമ്പസാരക്കൂട്ടിൽ ഇരിക്കുമായിരുന്നു. ഏതു വലിയ പാപിക്കും അദ്ദേഹത്തെ സമീപിച്ച് തന്റെ ജീവിതരഹസ്യങ്ങൾ തുറന്നു പറയാൻ വിഷമം ഉണ്ടായിരുന്നില്ല. സ്നേഹപൂർണ്ണവും പ്രശാന്തവുമായ സമീപനം, കരുണാമസൃണമായ സംസാരം, പാപികളുടെ ഹൃദയത്തെ സ്പർശിക്കുന്ന ഉപദേശങ്ങൾ ഇവ കർത്താവിന്റെ കരുണാർദ്രസ്നേഹം ദർശിക്കുന്നതിന് അവർക്കു സഹായകമായിരുന്നു. അങ്ങനെ പാപവിമോചിതരായി, അനുരഞ്ജനമനോഭാവം നേടി പരിശുദ്ധിയുടെ പാതയിൽ ചരിക്കുവാൻ ദൃഢപ്രതിജ്ഞരായി അവർ മടങ്ങുന്നു. പാറപോലെ കടുത്തഹൃദയങ്ങളെ മെഴുകുപോലെ ആക്കുന്ന പുണ്യസ്ഥാനമാണ് പാപസങ്കീർത്തനവേദി എന്ന് അദ്ദേഹം പലപ്പോഴും പറയുമായിരുന്നു.

വിജ്ഞാനവും വിശുദ്ധിയും പ്രായോഗികജ്ഞാനവും ഒത്തിണങ്ങിയ കദളിക്കാട്ടിലച്ചന്റെ അടുക്കൽ കുമ്പസാരിക്കുവാൻ അയൽ ഇടവകകളിൽനിന്നുപോലും ആളുകൾ വന്നിരുന്നു. വിശ്വാസചൈതന്യമുള്ള മാതാപിതാക്കൾ തങ്ങളുടെ കുട്ടികളെ ആദ്യകുമ്പസാരത്തിനായി അക്കാലത്ത് സാധാരണ കൊണ്ടുവരാറുള്ളത് കദളിക്കാട്ടിലച്ചന്റെ അടുത്തായിരുന്നു. ബിഷപ്പ് വയലിൽ തിരുമേനിയെ അദ്ദേഹത്തിന്റെ അമ്മ കദളിക്കാട്ടിലച്ചന്റെ പക്കൽ കൊണ്ടുവന്നാണ് കുമ്പസാരിപ്പിച്ചതെന്ന് പിതാവു പറയാറുണ്ട്. അയൽ ഇടവകകളിൽ നിന്നും ധാരാളം കുട്ടികളെ അച്ചന്റെപക്കൽ കൊണ്ടുവന്നിരുന്നു. കുട്ടികൾക്കു മനസ്സിലാകുന്ന ഭാഷയിൽ ശാന്തമായി അദ്ദേഹം

നൽകുന്ന ഉപദേശങ്ങൾ കുട്ടികളിൽ ദൈവസ്നേഹം ഉജ്ജ്വലിപ്പി ക്കുവാനും പാപഭയം ഉളവാക്കുവാനും മതിയായവ ആയിരുന്നു. അദ്ദേഹത്തിൽ കത്തിജ്വലിച്ചിരുന്ന ദൈവസ്നേഹം കുഞ്ഞുങ്ങളുടെ നിഷ്കളങ്ക ഹൃദയങ്ങളിലേക്ക് അനായാസം പ്രവഹിക്കുന്നതായി അനുഭവപ്പെട്ടു.

കുമ്പസാരത്തിനണയുന്ന ഓരോരുത്തരുടെയും പ്രായത്തിനും മാനസികനിലയ്ക്കും അനുയോജ്യമായ സമീപനരീതിയാണ് അദ്ദേഹം അവലംബിച്ചിരുന്നത്. ആവശ്യമായ സൂചനകളും പശ്ചാ ത്തല വിവരണങ്ങളും നല്കി ശരിയായരീതിയിൽ പാപം ഏററുപറ യുന്നതിന് അദ്ദേഹം ഓരോരുത്തരെയും സഹായിച്ചിരുന്നു. പാപ സങ്കീർത്തനത്തിന് ആവശ്യമായ പശ്ചാത്താപം എല്ലാവരിലും ജനി പ്പിക്കുന്നതിനും മത്തായിഅച്ചൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. പാപ ജീവിതം ഉപേക്ഷിക്കുന്നതിനും പശ്ചാത്താപത്തിലും പ്രായശ്ചിത്ത ത്തിലും ശിഷ്ടജീവിതം നയിക്കുന്നതിനും ഉതകുന്ന അടിസ്ഥാനാ ശയങ്ങൾ അനുതാപിയുടെ ഹൃദയത്തിൽ രൂഢമൂലമാക്കുവാനായി രുന്നു കുമ്പസാരത്തിന്റെ ആ പ്രേഷിതൻ പ്രത്യേകം ശ്രദ്ധിച്ചിരു ന്നത്. "സ്നേഹനാഥനായ ഈശോയെ ഒന്നു നുള്ളിനോവിക്കുക പോലും അരുത്" എന്ന് അദ്ദേഹം കൂടെക്കൂടെ ഉപദേശിക്കുമായി രുന്നു. ലളിതമായ ഭാഷയിൽ പരിചിതമായ ഉപമകളിലൂടെ ദൈവ സ്നേഹം വഴിഞ്ഞൊഴുകുന്ന ഹൃദയത്തിൽനിന്ന് ആത്മാർത്ഥത യുടെ അമൃതധാരപോലെ നിർഗ്ഗളിച്ചിരുന്ന അനുതാപസാന്ദ്രമായ ഉപദേശതല്ലജങ്ങൾ ഏതൊരു കഠിനഹൃദയത്തിലേക്കും തുളച്ചു കയ റുവാൻ പര്യാപ്തമായിരുന്നു.

അനുതാപ ജീവിതത്തിനും സുകൃതാഭ്യസനത്തിനും പ്രചോദനം നല്കുന്ന മുഴുവൻ കുമ്പസാരം എന്ന ആശയവും അദ്ദേഹം പ്രോത്സാഹിപ്പിച്ചിരുന്നു. അതനുസരിച്ച് പുതിയ ജീവിതാ ന്തസ്സിൽ പ്രവേശിക്കുന്നവരും ജീവിതപരിവർത്തനം ആഗ്രഹിക്കു ന്നവരുമായ പലരും തങ്ങളുടെ ഓർമ്മയിൽ തങ്ങിനിന്നിരുന്ന പാപ ങ്ങൾ ഏറ്റുപറഞ്ഞ് മുഴുവൻകുമ്പസാരത്തിനു സന്നദ്ധരാവുകയും ചെയ്തിട്ടുണ്ട്.

മത്തായി അച്ചനോടു കുമ്പസാരിക്കുന്നവർക്ക് അനന്യ ലഭ്യ മായ ഒരു മനഃശ്ശാന്തിയും ആത്മസമാധാനവും സുകൃത ജീവിതാഭിമുഖ്യവും അനുഭവപ്പെട്ടിരുന്നു എന്നുള്ളതിന് അദ്ദേഹ ത്തിന്റെ പക്കൽ കുമ്പസാരത്തിന് അന്യസ്ഥലങ്ങളിൽ നിന്നുപോലും

വന്നെത്തിക്കൊണ്ടിരുന്ന വിശ്വാസികളുടെ സമൂഹം തന്നെ തെളിവാണല്ലോ.

അങ്ങനെ വി. ജോൺവിയാനിയെപ്പോലെ നമ്മുടെ കഥാനായകനും അനുതാപാർത്തരായ വിശ്വാസികൾക്കു പാപമോചനവും രക്ഷയും നല്കിക്കൊണ്ട് നീണ്ട മണിക്കൂറുകൾ കുമ്പസാരക്കൂട്ടിൽ ചെലവഴിച്ചു.

യുവതീയുവാക്കൾ തങ്ങളുടെ ജീവിതാന്തസ്സ് തെരഞ്ഞെടുക്കുന്നതിനുമുമ്പ് ആദ്ധ്യാത്മികോപദേശങ്ങൾക്കായി കദളിക്കാട്ടിലച്ചനെ സമീപിക്കുക സാധാരണ ആയിരുന്നു. ഓരോരുത്തരുടേയും ആദ്ധ്യാത്മികാവസ്ഥ മനസ്സിലാക്കി  അവരെ തങ്ങൾക്ക് അനുയോജ്യമായ അന്തസ്സിലേക്ക് ആനയിക്കുവാൻ അച്ചൻ ആത്മാർത്ഥമായി പരിശ്രമിച്ചിരുന്നു. സ്നേഹത്തിനും ഐക്യത്തിനും ഭംഗംവന്ന കുടുംബങ്ങളിൽ അതു പുന:സ്ഥാപിക്കുവാൻ അച്ചന്റെ കുമ്പസാരക്കൂട്ടിലെ ഉപദേശങ്ങൾക്ക് കഴിഞ്ഞിരുന്നു.

ധാരാളം കന്യാസ്ത്രീകളും സന്യാസജീവിതം ആഗ്രഹിക്കുന്ന യുവതികളും അച്ചന്റെ ആദ്ധ്യാത്മിക ശിക്ഷണത്തിലുണ്ടായിരുന്നു. ഓരോ വ്യക്തിയുടേയും ആന്തരികസ്ഥിതിയും പ്രശ്നങ്ങളും മനസ്സിലാക്കി അച്ചൻ അവരെ വിശുദ്ധിയുടെ പാതയിൽക്കൂടി നയിച്ചു. ജീവിതസാഹചര്യങ്ങളിലും സംഭവങ്ങളിലും ദൈവത്തെ ദർശിക്കുവാനും സദാ ദൈവസാന്നിദ്ധ്യബോധം പുലർത്തുവാനും അവരെ പരിശീലിപ്പിച്ചു. ദൈവികമായ ഒരു മൂല്യബോധവും വീക്ഷണവും അവരിൽ വളർത്തി എടുക്കുവാൻ ഇദ്ദേഹം നിരന്തരം പരിശ്രമിച്ചു പോന്നു. ഉദാഹരണമായി കണ്ണാടിയുറുമ്പുമഠത്തിന്റെ ശ്രേഷ്ഠത്തി ആയിരുന്ന സിസ്റ്റർ ജോസഫീനായുടെ വാക്കുകൾ താഴെ ചേർക്കുന്നു.

കണ്ണാടിയുറുമ്പിൽനിന്നും ളാലത്തിലേക്ക് സ്കൂൾ മാററുന്നതിന് തൃപ്തിയില്ലാത്ത സമീപവാസികളുംമറ്റുമായി പല ആളുകൾ അവിടെ ഉണ്ടായിരുന്നു. അവരിൽനിന്നും ബ. അച്ചനും ഞങ്ങൾക്കും വളരെ അധികം എതിർപ്പുകളും വിഷമങ്ങളും സഹിക്കേണ്ടി വന്നിട്ടുണ്ട്. ഇപ്രകാരമുള്ള അവസരങ്ങളിൽ ആവലാതിയുമായി ഞാൻ അച്ചന്റെ അടുക്കൽ ചെല്ലുമ്പോൾ പറയുന്ന വാക്കുകൾ ഇപ്പോഴും ഓർക്കുന്നു.   എന്റെ മകളേ, പൊതുനന്മയ്ക്കായി പ്രവർത്തിക്കുന്നവർക്ക് ഇതൊക്കെയാണ് ഈ ലോകത്തിൽ കിട്ടേണ്ട പ്രതിഫലം.

അല്ലെങ്കിൽ നമ്മൾ നിഗളിച്ചുപോകും. ഇവിടെ നന്ദിയും സ്നേഹവും ഒക്കെ വാങ്ങിച്ചാൽ അവിടെ ചെല്ലുമ്പോൾ ഒന്നുമില്ല. ഏതാണ് വേണ്ടത്? ഇവിടുത്തേതോ? അവിടുത്തേതോ? എന്ന് ചോദിച്ച് ഉത്തരം പറയിക്കും. നമ്മുടെ ഈശോ എന്തൊക്കെയാണ് ചെയ്തത്? അതിന് അവിടുത്തേക്ക് എന്താണ് പ്രതിഫലം കിട്ടിയത്? അത്രയും നമുക്കു കിട്ടുന്നുണ്ടോ? എല്ലാം സഹിച്ച് ഈശോയുടെ തിരുഹൃദ യത്തിനു കാഴ്ചവയ്ക്കണം. എന്നു തുടങ്ങി പല ചോദ്യങ്ങളും അട ങ്ങിയ ഉപദേശം കേട്ടപ്പോൾ സന്തോഷത്തോടെ തിരികെ പോരാൻ സാധിച്ചു.

രാമപുരം മഠത്തിന് നേരിടേണ്ടിവന്ന ഒരു അതിര്ത്തർക്കത്തോടനു ടർന്ന് ദുഃഖിതരായ സിസ്റ്റേഴ്സ് വിവരം ബഹു. മത്തായി അച്ചനെ അറിയിക്കുവാനായി അതിരാവിലെ എഴുന്നേറ്റ് രാമപുരത്തുനിന്നും പാലാവരെ നടന്ന് അച്ചന്റെ അടുക്കൽ എത്തി. അച്ചന്റെ പ്രഭാത ഭക്ഷണ സമയമായിരുന്നു അപ്പോൾ. അവർ തങ്ങൾ അഭിമുഖീ കരിച്ചുവരുന്ന അതിര് കേസിനെപ്പറ്റി വളരെ സങ്കടത്തോടെ അച്ച നോട് സംസാരിച്ചു. കാര്യം മനസ്സിലാക്കിയ അച്ചൻ താൻ കഴിച്ചു കൊണ്ടിരുന്ന പാൽപാത്രം ചൂണ്ടികാണിച്ചുകൊണ്ട് ഇതും പാല് അതും പാല് എന്ന് വളരെ അർത്ഥവത്തായ രീതിയിലാണ് മറുപടി പറഞ്ഞത്. സഭാംഗങ്ങൾക്ക് ഉണ്ടാകുന്ന ദുരനുഭവങ്ങളും ബുദ്ധി മുട്ടുകളും രുചികരമായ പാൽ ആസ്വദിക്കുന്ന മനോഭാവത്തോടെ സ്വീകരിക്കണമെന്നും ശരീരപോഷണത്തിന് പാൽ എന്നതുപോലെ ആത്മീയ പോഷണത്തിന് തിക്താനുഭവങ്ങൾ പ്രയോജനപ്പെടുത്ത ണമെന്നും ഉള്ള ഗഹനങ്ങളായ ആശയങ്ങൾ ധ്യാനാത്മകമായ രീതി യിൽ അദ്ദേഹം അവർക്ക് വ്യക്തമാക്കികൊടുത്ത് സന്തോഷത്തോടെ അവരെ പറഞ്ഞയച്ചു.

ഇങ്ങനെ അനേകരെ സൽപാതയിലേക്ക് ആനയിക്കുവാനുള്ള അസാധാരണസിദ്ധി ദൈവം കദളിക്കാട്ടിലച്ചന് നൽകിയിരുന്നു. ഈ ദൈവിക മനുഷ്യൻ തന്നെ സമീപിച്ചവരെ ദൈവിക മേഖലയി ലേക്ക് ആനയിച്ചു ആദ്ധ്യാത്മിക വീക്ഷണമുള്ളവരാക്കി. അങ്ങനെ അദ്ദേഹം പകർന്നുകൊടുത്ത ആ ആദ്ധ്യാത്മികത അനേകരിൽ ഇന്നും ജ്വലിച്ചുനില്ക്കുന്നു. അത് പരമ്പരാഗതമായി തലമുറകളി ലൂടെ കൈമാറി ലോകാവസാനം വരെ ഒളിമങ്ങാതെ തെളിഞ്ഞുനി ല്ക്കുമെന്ന് പ്രതീക്ഷിക്കാം.

ബഹു. മത്തായി അച്ചന്റെ പ്രസംഗങ്ങളും, ഉപദേശങ്ങളും ഹൃദയത്തിൽ ജ്വലിച്ചിരുന്ന ദൈവസ്നേഹത്തിന്റെ ബഹിർസ്ഫുരണങ്ങളായിരുന്നതിനാൽ അവ ശ്രോതാക്കളുടെ ഹൃദയങ്ങളെ അഗാധമായി സ്പർശിച്ചു. ഞായറാഴ്ചകളിലെ വചനപ്രഘോഷണത്തിനു പുറമെ ആദ്യവെള്ളിയാഴ്ചകളിലും തിരുഹൃദയത്തിരുനാളിനൊരുക്കമായുള്ള നവദിനങ്ങളിലും പ്രത്യേക പ്രസംഗങ്ങൾ ഉണ്ടായിരുന്നു. പറയുന്നവ പ്രാവർത്തികമാക്കുന്നതിൽ അദ്ദേഹം ദൃഢവ്രതനായിരുന്നു. സാധാരണക്കാർക്കു മനസ്സിലാകുന്ന രീതിയിൽ ദൈവവചനം വ്യാഖ്യാനിച്ചു കൊടുത്തിരുന്നതുകൊണ്ട് കുട്ടികൾ പോലും അവ ശ്രദ്ധാപൂർവ്വം ശ്രവിച്ചിരുന്നു.

അച്ചന്റെ പ്രാർത്ഥനാപൂർവ്വമായ പരിശ്രമത്തിന്റെയും ആത്മവിസ്മൃതികരമായ സേവനത്തിന്റെയും ഫലമായി പിന്നോക്കവിഭാഗത്തിൽപ്പെട്ട പലരും സഭാതരുവിനെ ആശ്ലേഷിച്ചു. ഒരു നല്ല ഇടയനെപ്പോലെ അദ്ദേഹം അവരെ പച്ചപ്പുൽത്തകിടികളിലൂടെ നയിച്ചു.

## 7. ദൈവികപുണ്യങ്ങൾ വിരോചിതമായി അഭ്യസിച്ച വൈദികൻ

ബാല്യകാലം മുതൽ ദൈവത്തോടുള്ള ആത്മാർത്ഥമായ സ്നേഹവും അചഞ്ചലമായ വിശ്വാസവും അച്ചനിൽ ഉത്തരോത്തരം വർദ്ധിച്ചുവന്നു. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെല്ലാം ദൈവത്തിന്റെ അനന്തസ്നേഹം മറ്റുള്ളവർക്കു കാണിച്ചുകൊടുക്കാൻ പര്യാപ്തമായിരുന്നു. ദൈവവുമായി സദാ സ്നേഹസമ്പർക്കത്തിലായിരുന്ന അച്ചൻ ദൈവസാന്നിദ്ധ്യസ്മരണയോടെ ജോലികളിൽ ഏർപ്പെടുവാനും ഇടയ്ക്കിടെ സുകൃതജപങ്ങൾ ഉരുവിട്ടുകൊണ്ട് അത് ഉജ്ജ്വലിപ്പിക്കാനും സ്വശിഷ്യരെ അഭ്യസിപ്പിച്ചിരുന്നു.

ഈശോയുടെ തിരുഹൃദയത്തോടുള്ള ആഴമായ സ്നേഹവും ഹൃദയം തകർന്നവരോടുള്ള അനുകമ്പാർദ്രമായ സ്നേഹവും ബഹു.മത്തായിയച്ചന്റെ ജീവിതനിയമമായിരുന്നു. ക്രൈസ്തവ സ്നേഹത്തിന്റെ വൈവിധ്യമാർന്ന സവിശേഷതയെക്കുറിച്ച് വി.പൗലോസ് ശ്ലീഹാ കോറിന്ത്യർക്കെഴുതിയ ലേഖനത്തിൽ പറയുന്നണ്ടല്ലോ. സ്നേഹം ദീർഘക്ഷമയും ദയയുമുള്ളതാണ്. സ്നേഹം അസൂയപ്പെടുന്നില്ല, ആത്മപ്രശംസ ചെയ്യുന്നില്ല, അഹങ്കരിക്കുന്നില്ല. സ്നേഹം അനുചിതമായി പെരുമാറുന്നില്ല, സ്വാർത്ഥം അന്വേഷിക്കുന്നില്ല, കോപിക്കുന്നില്ല, വിദ്വേഷം പുലർത്തുന്നില്ല. അത് അനീ

തിയിൽ സന്തോഷിക്കുന്നില്ല, സത്യത്തിൽ ആഹ്ലാദം കൊള്ളുന്നു. സ്നേഹം സകലതും സഹിക്കുന്നു, സകലതും വിശ്വസിക്കുന്നു, സകലതും പ്രത്യാശിക്കുന്നു, സകലത്തെയും അതിജീവിക്കുന്നു (1 കൊറി 13:4– 7).

ബഹു. മത്തായി അച്ചന്റെ സ്നേഹം ദീർഘക്ഷമയും ദയയും നിറഞ്ഞതായിരുന്നു. അദ്ദേഹം ഒരിക്കലും അസൂയപ്പെട്ടിരുന്നില്ല. ആത്മപ്രശംസ അല്പംപോലും ആ ജീവിതത്തിൽ ഉണ്ടായിരുന്നില്ല. തന്റെ നേട്ടങ്ങളിൽ അദ്ദേഹം ഒരിക്കലും അഹങ്കരിച്ചിട്ടില്ല. എല്ലാം ദൈവത്തിന്റെ കൃപയാണെന്ന് അദ്ദേഹം അംഗീകരിച്ചിരുന്നു. അനുചിതമായ പെരുമാറ്റമൊന്നും ആ ജീവിതത്തിൽ ആർക്കും കണ്ടെത്താനായിട്ടില്ല. സ്വന്തം നേട്ടമോ സ്ഥാനമാനങ്ങളോ ഒരിക്കലും അദ്ദേഹം അന്വേഷിച്ചില്ല. കോപത്തിന്റെ അഗ്നി സ്വന്തം ജീവിതത്തിൽ പടർന്നുകയറാൻ അദ്ദേഹം അനുവദിച്ചിരുന്നില്ല. സദാ സൗമ്യശീലനും ശാന്തനുമായിരുന്ന അദ്ദേഹം ആരോടും ഒരിക്കലും വിദ്വേഷം പുലർത്തിയിരുന്നില്ല. അനീതിയും അധർമ്മവും എപ്പോഴും അദ്ദേഹത്തിന് ഹൃദയവ്യഥയ്ക്ക് കാരണമായി ഭവിച്ചിരുന്നു. സത്യത്തെ – നന്മയെ സർവ്വഥാ ആദരിക്കാനും ആഹ്ലാദം കൊള്ളാനും അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. എല്ലാം സഹിക്കുന്നതിന് – തന്റെ പ്രതീക്ഷകൾ തകർന്നടിഞ്ഞുപോകുമെന്നു കരുതിയപ്പോൾപ്പോലും എല്ലാം ദൈവഹിതമായി അംഗീകരിച്ച് സഹിക്കാൻ അദ്ദേഹം തയ്യാറായി. തന്റെ ജീവിതത്തിലെ ഓരോ നിമിഷവും ദൈവപരിപാലനയിൽ വിശ്വസിക്കുകയും തന്റെ പ്ലാനുകളും പദ്ധതികളും വിജയങ്ങളും പരാജയങ്ങളും ദൈവതൃക്കരങ്ങളിൽ സമർപ്പിക്കുകയും ചെയ്തിരുന്ന ബഹു.മത്തായി അച്ചന്റെ ജീവിതം പ്രത്യാശയുടെ ജീവിതമായിരുന്നു.

കദളിക്കാട്ടിലച്ചൻ വിഭാവനം ചെയ്ത സന്യാസിനീസഭയുടെ അംഗീകാരലബ്ദിക്കുമുമ്പിൽ ഉയർന്നുവന്ന തിരമാലകൾ ഏറെയായിരുന്നു. ദൈവപരിപാലനയിലുള്ള അചഞ്ചലമായ വിശ്വാസം നിമിത്തം അച്ചൻ അവസാനം വിജയശ്രീലാളിതനായി.

പാലാ സെന്റ് മേരീസ് സ്കൂൾ സ്ഥാപനകാലത്തുണ്ടായിരുന്ന അച്ചന്റെ ദൈവപരിപാലനയിലുള്ള വിശ്വാസത്തെപ്പറ്റി അഭിവന്ദ്യ വയലിൽ പിതാവ് ഇപ്രകാരം പറഞ്ഞിരിക്കുന്നു:

“സ്കൂൾ കെട്ടിടം പണി നടക്കുമ്പോൾ ബഹു. കദളിക്കാട്ടിലച്ചൻ ഒരു പനയോലനാട്ടി അതിന്റെ തണലിൽ ഇരുന്നുകൊണ്ട് പണി

വീക്ഷിക്കും. പണത്തിനു പ്രയാസമായിരുന്നെങ്കിലും എല്ലാം ദൈവ പരിപാലനയ്ക്കു സമർപ്പിച്ചുകൊണ്ട് അദ്ദേഹം ജീവിച്ചു. ഓരോ ദിവ സവും കൂലി കൊടുക്കുന്നതിന് അങ്ങാടിയിലെ ഓരോ കടയിൽ പോയി ഇന്നത്തേക്കുള്ള കൂലി നിങ്ങൾ തരണം എന്നു പറയും. അച്ചനോട് എല്ലാവർക്കും ഇഷ്ടമായിരുന്നതിനാൽ കടക്കാർ സന്തോ ഷത്തോടെ പണം കൊടുക്കും."

മോൺ. ജേക്കബ് വെള്ളരിങ്ങാട്ടച്ചൻ വിവരിക്കുന്നതിപ്രകാര മാണ്:

"നമ്മുടെ കഥാനായകന്റെ ജീവിതം ഒരു പുഷ്പശയ്യ ആയിരു ന്നില്ല. പ്രതിബന്ധങ്ങളും, അപവാദങ്ങളും എതിർപ്പുകളുമായ കുരിശുകളാൽ നിബിഢമായിരുന്നു ആ ജീവിതം. സമകാലീനരായ വൈദികരിൽനിന്നു മാത്രമല്ല അധികാരസ്ഥാനത്തുനിന്നുപോലും എത്രയും നിരാശജനകമായ അനുഭവങ്ങൾ അദ്ദേഹത്തിനുണ്ടായി. ഈദൃശവിഷമഘട്ടങ്ങളിലെല്ലാം ദൈവത്തിലാണ് അദ്ദേഹം പൂർണ്ണ മായി അഭയം തേടിയത്. സ്വമനസ്സിനെ ദൈവതിരുമനസിനു പൂർണ്ണ മായി സമർപ്പിച്ചും കരുണാവാരിധിയായ ദൈവം മേലധികാരികൾ വഴിയായി ചെയ്യുന്ന ക്രമീകരണങ്ങൾ സദാ സ്വീകാര്യങ്ങളാണെന്നു ദൃഢമായി വിശ്വസിച്ചും അദ്ദേഹം സമാരംഭിച്ച സദുദ്യമങ്ങൾ ഭയമോ നിരാശയോ കൂടാതെ പ്രാർത്ഥനാസമേതം മുമ്പോട്ടു കൊണ്ടുപൊയ്ക്കൊണ്ടിരുന്നു. ഉറച്ച ദൈവവിശ്വാസവും ഉദ്ദേശശു ദ്ധിയും,സ്വയപരിത്യാഗവും ഇല്ലായിരുന്നുവെങ്കിൽ ആ ഉദ്യമങ്ങൾ താമസംവിനാ ഉപേക്ഷിക്കപ്പെടുമായിരുന്നു."

കണ്ണാടിയുറുമ്പ് ക്ലാരമഠാംഗമായിരുന്ന സി. മർഗ്ഗരീത്താ F.C.C പ്രകാരം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്: "കണ്ണാടിയുറുമ്പുപള്ളിയിൽ വികാരിയായിരുന്നപ്പോൾ ഞായറാഴ്ചകളിലെല്ലാം വി.കുർബ്ബാന കഴി ഞ്ഞ് വിശ്വാസം, ശരണം, ഉപവി ഇവയുടെ പ്രകരണങ്ങൾ കേൾവി ക്കാരുടെ ഹൃദയത്തിൽ വിശ്വാസവും ഭക്തിയും വർദ്ധിപ്പിക്കുവാൻ തക്കവിധത്തിൽ ബ. അച്ചൻ ഉറക്കെ ചൊല്ലിയിരുന്നു."

സി. കൊച്ചുത്രേസ്യാ തുരുത്തിയിൽ S.H. സാക്ഷ്യപ്പെടുത്തി യിരിക്കുന്നത് ഇപ്രകാരമാണ്:

തിരുഹൃദയസഭയുടെ സ്ഥാപനകാലത്ത് ബ. അച്ചന്റെ സമകാ ലീനരും സ്നേഹിതരുമായ ചില വൈദികർ അദ്ദേഹത്തോടു ചോദിച്ചു: "ഈ പാവപ്പെട്ട സിസ്റ്റേഴ്സിന് ഈ സഭ മുമ്പോട്ടു കൊണ്ടുപോകുവാൻ സാധിക്കുമെന്ന് അച്ചൻ വിചാരിക്കുന്നുണ്ടോ?"

അച്ചന്റെ മറുപടി ഇപ്രകാരമായിരുന്നു: "കത്തോലിക്കാസഭ മുമ്പോട്ടു കൊണ്ടുപോകുവാൻ പാവപ്പെട്ട മുക്കുവർക്ക് സാധിച്ചുവെങ്കിൽ ഇതു മുമ്പോട്ടു കൊണ്ടുപോകുവാൻ ഇവർക്കും സാധിക്കും."

ഇവിടെയെല്ലാം ദൈവദാസന്റെ അടിയുറച്ച വിശ്വാസവും പ്രത്യാശയുമെല്ലാമാണ് പ്രകടമാകുന്നത്. ധന്യൻ കദളിക്കാട്ടിൽ മത്തായിയച്ചന്റെ ആദ്ധ്യാത്മിക ശിഷ്യൻ എന്ന നിലയിൽ അദ്ദേഹത്തെ ഏറ്റം അടുത്തറിയാമായിരുന്ന രൂപതാദ്ധ്യക്ഷനാണ് പാലാ രൂപതയുടെ പ്രഥമ മെത്രാനായിരുന്ന അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വയലിൽ പിതാവ്. അഭിവന്ദ്യപിതാവ്, ഷെവലിയർ കെ.സി. ചാക്കോ എഴുതിയ "Servant of the Sacred Heart" എന്ന പുസ്തകത്തിൽ ചേർത്തിരുന്ന അനുസ്മരണ അച്ചന്റെ വീരോചിതമായ ജീവിതവിശുദ്ധിയെപ്പററി ഭാവി തലമുറയ്ക്കു നല്കുന്ന ഏറ്റം ശക്തമായ സാക്ഷ്യമായിരിക്കും. അത് ഇപ്രകാരമാണ് അവസാനിപ്പിച്ചിരിക്കുന്നത്:

............. Briefly it can be said that those who know him, know that he practised, heroically the theological virtues of faith, hope and charity , as much as the moral virtues of patients suffering, simplicity of life, love of poverty and self control.

He always sought the will of God and was ever ready to comply with it, cost what if might. He was in the habit of seeing the will of God in what ever happened to him.

Rev. Fr. Mathew was an ideal priest.His life was resplendent with the virtues of humility,patience, gentelness, charity and philanthropy – all to a heroic degree. His soul was a garden which reared the theological virtues of faith, hope and charity. He lived a life of unceasing prayer. His life was one of renunciation and sacrifice. All who had any contact with him felt that he was a man of God.

Because of these reason, I record my opinion that it will be only right and proper to raise him to the honours of the altar.

Bp. Mar Sebastian Vayalil
Rtd. Bp. of Palai

Palai
13-10-‘86

## 8. സാന്മാർഗ്ഗിക പുണ്യങ്ങൾ വീരോചിതമായി അഭ്യസിച്ചിരുന്ന വൈദികൻ

അജ്ഞാതജീവിതം നയിക്കാൻ ആഗ്രഹിച്ചിരുന്ന ബ.മത്തായിയച്ചന്റെ ശാന്തതയും വിനയവും അനുസരണവുമെല്ലാം അദ്ദേഹത്തെ ദൈവത്തിനും മനുഷ്യർക്കും സംപ്രീതനാക്കിത്തീർത്തു.

തന്റെ സിദ്ധികളും കഴിവുകളുമെല്ലാം ദൈവത്തിന്റെ പ്രത്യേക ദാനങ്ങളാണ് എന്ന് അദ്ദേഹം വിശ്വസിച്ചു. തന്റെ വൈദികജീവിതം മുഴുവനും പ്രതിസന്ധികളും വിഷമതകളും ബുദ്ധിമുട്ടുകളും പരീക്ഷണങ്ങളും വേദനകളും നിറഞ്ഞതായിരുന്നു. ഇങ്ങനെയുള്ള നിരാശപ്പെടുത്താവുന്ന അവസരങ്ങളിൽപോലും നേട്ടം കൈവരിക്കുക എന്നതിനേക്കാൾ എല്ലാവരുടെയും വിനീതദാസനായ ഒരു വൈദികനായിരിക്കാനാണ് അദ്ദേഹം ആഗ്രഹിച്ചിരുന്നത്. പ്രതിസന്ധികളെ ശാന്തതയോടെ നേരിടുന്നതിന് അദ്ദേഹത്തിനു കഴിഞ്ഞിരുന്നത് സ്വത:സിദ്ധമായ വിനയഭാവം മൂലമായിരുന്നു. ഏതു കോപിഷ്ഠരെയും ശാന്തരാക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നുവെന്നാണ് ദൃക്സാക്ഷികൾ പറഞ്ഞിരുന്നത്.

മദ്ധ്യപ്രദേശ് ഗവർണ്ണറായിരുന്ന പ്രൊഫ. കെ.എം. ചാണ്ടി പ്രസ്താവിക്കുന്നു: "ആരെയും വശീകരിക്കുന്നതിനുള്ള ശാന്തതയും ഹൃദയനൈർമ്മല്യവും അച്ചനുണ്ടായിരുന്നു. ശുദ്ധനും അച്ചനേക്കാൾ 25 വയസ്സോളം പ്രായക്കൂടുതലുള്ളയാളും ക്ഷിപ്രകോപിയുമായിരുന്ന എന്റെ വല്യപ്പനെ കുഞ്ഞാടിനെപ്പോലെ അനുസരിപ്പിക്കുന്ന അച്ചന്റെ മാന്ത്രികശക്തി ഒന്നിലധികം തവണ പ്രയോഗിച്ചു വിജയിച്ച സന്ദർഭങ്ങൾ എനിക്കോർമ്മയുണ്ട്."

മേലധികാരികളുടെ പൂർണ്ണമായ അറിവും സമ്മതവും കൂടാതെ, എത്ര നല്ല കാര്യമായിരുന്നാൽപോലും അച്ചൻ സ്വന്തം താൽപര്യമനുസരിച്ചു ചെയ്തിരുന്നില്ല. അധികാരികളിലൂടെ ദൈവസ്വരമാണ് താൻ കേൾക്കുന്നതെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. തിരുഹൃദയ സന്യാസിനീസമൂഹത്തിന്റെ സ്ഥാപനത്തിനുള്ള തന്റെ എല്ലാ പ്ലാനുകളിലും പദ്ധതികളിലും മേലധികാരികളുടെ ഇഷ്ടവും തീരുമാനവുമായിരുന്നു അദ്ദേഹം സ്വീകരിച്ചത്. അഭിവന്ദ്യപിതാക്കന്മാർക്കുള്ള അദ്ദേഹത്തിന്റെ കത്തുകളിലെല്ലാം ആഴമായ അനുസരണവും അധികാരവിധേയത്വവും വിനയവുമാണ് പ്രകടമാകുന്നത്.

അധികാരികളോടുള്ള സമീപനത്തിലും സംസാരത്തിലും എഴുത്തുകളിലും എല്ലാം അദ്ദേഹത്തിന്റെ വിനീതഭാവം സ്പഷ്ടമാകുന്നുണ്ട്. അധികാരികൾക്കുള്ള എഴുത്തുകളിലെല്ലാം ഞാൻ താഴ്മയായി അപേക്ഷിക്കുന്നു, എന്റെ എളിയ അഭിപ്രായം എന്നൊക്കെ എഴുതിയിരിക്കുന്നതായിട്ടാണ് നാം വായിക്കുന്നത്. 1920 ഫെബ്രുവരി 5 ന് ചങ്ങനാശ്ശേരി രൂപതയുടെ അഭിവന്ദ്യ പിതാവിന് ഇപ്രകാരം എഴുതിയിരിക്കുന്നു. "......ഈ സംഗതിയെപ്പററി പെ. പെ. ബ. പിതാവ് പരിശുദ്ധ കുർബാനയിൽ എഴുന്നെള്ളിയിരിക്കുന്ന ഈശോയുടെ തിരുഹൃദയത്തോടു ചോദിച്ചിട്ട് അങ്ങേക്ക് തോന്നിക്കുന്നതിനെ എന്നോട് ദയവുണ്ടായി കല്പിക്കുമാറാകണമെന്ന് അപേക്ഷിക്കുന്നു. കല്പന കിട്ടിയ ശേഷമേ സമ്മതിച്ചുപറയുകയോ ഉപേക്ഷിച്ചു പറയുകയോ ചെയ്യുകയുള്ളു."

1916 ആഗസ്റ്റ് 16 (വൃശ്ചികം 4) ന് അഭിവന്ദ്യ കുര്യാളശ്ശേരിപ്പിതാവിന് ഇപ്രകാരം എഴുതിയിരിക്കുന്നു. "പാലായിൽ പിതാവ് വന്ന സമയം അർത്ഥിനികൾക്കായിട്ട് ഏതു സഭയാണെന്ന് ദൈവം പിതാവിനെ തോന്നിക്കുന്നതിന് അപേക്ഷിക്കണമെന്ന് കല്പിച്ചിരുന്ന പ്രകാരം ഞാൻ പ്രത്യേകം അപേക്ഷിച്ചുവരുന്നു. ദൈവതിരുമനസ്സു പോലെ പിതാവിന് തോന്നുമെന്ന് ശരണപ്പെട്ടുകൊണ്ടാണ് എന്റെ ആഗ്രഹത്തെ പിതാവിന്റെ മനസ്സിന് വിട്ടുതന്നിരിക്കുന്നത്. ഇങ്ങനെ എന്റെ മനസ്സിനെ ഉപേക്ഷിച്ചിട്ട് രണ്ടുവർഷം ആകുവാൻ പോകുന്നു. ആയതിനാൽ ഈ അപേക്ഷ കിട്ടിയിട്ട് ചൊല്ലുന്ന കുർബാന കഴിഞ്ഞ് ഈശോയുടെ തിരുഹൃദയത്തോടു ചോദിച്ച് ........ പിതാവിനടുത്ത ആശീർവാദവും ഉണ്ടാകുമാറാകണമെന്ന് അപേക്ഷിക്കുന്നു."

ആ ജീവിതനൗക ദു:ഖസാഗരത്തിൽ ആടിയുലഞ്ഞപ്പോഴും തന്റെ സ്വർഗ്ഗീയപിതാവ് സർവ്വശക്തനാണെന്നും തന്റെ പരിശ്രമങ്ങളെല്ലാം വിജയത്തിൽ എത്തിക്കുമെന്നും പ്രത്യാശിച്ച് ശാന്തതയോടെ, സമചിത്തതയോടെ എല്ലാം അഭിമുഖീകരിച്ചു. ഈ വിനീതദാസൻ സ്ഥാപിച്ച സന്യാസിനീസമൂഹാംഗങ്ങളെ ലാളിത്യത്തിലും അനുസരണയിലും വിനയത്തിലും സ്നേഹത്തിലും പരസ്പരവും മററുള്ളവരോടുമുള്ള ബഹുമാനത്തിലും വളർന്നുവരാൻ അഭ്യസിപ്പിച്ചു. 1926 ഡിസംബർ 17 ന് പുന്നത്തുറ ശാഖാമഠം സ്ഥാപിക്കുന്നതിനായി ഒരുങ്ങിക്കൊണ്ടിരുന്ന സഹോദരിമാർക്കെഴുതിയ കത്തിൽ പറയുന്നു.

“മററുള്ളവരെ കുററം വിധിക്കരുത്. ആത്മപിതാക്കന്മാരെയും മറ്റുവൈദികരെയും ബഹുമാനിക്കുകയും സ്നേഹിക്കുകയും അവർക്കു കീഴ്‌വഴങ്ങുകയും വേണം. ഉപവി-ഉപവി- ഉപവി; അല്ലെങ്കിൽ തമ്മിൽ തമ്മിൽ സ്നേഹമായിരിക്കുക.”

അച്ചൻ തന്റെ ആത്മീയമക്കളെ ഉപദേശിച്ചിരുന്നത് ഇപ്രകാരമാണ്: “നിസ്സീമമായ വിശ്വാസത്തോടും ശരണത്തോടുംകൂടി സ്നേഹിക്കുക എന്നത് അഭൗമികമായ ഒരവസ്ഥയാണ്. ഈശോയുടെ തിരുഹൃദയത്തിൽ വിശ്രമം അനുഭവിക്കുകയെന്നതുപോലുള്ള സുഭഗമായ ഒരു സ്ഥിതി ഒരാത്മാവിന് വേറെ ഉണ്ടാകുമോ?”

## 9. തിരുസ്സഭാത്മകത്വം

ബഹു. മത്തായി അച്ചൻ സഭയ്ക്കും സഭാധികാരികൾക്കും എക്കാലവും വിധേയപ്പെട്ടിരുന്നു. സഭയുടെ പാരമ്പര്യത്തിൽനിന്നും അകന്നുപോകാൻ ഏറെ സാധ്യതയുണ്ടായിരുന്ന കാലഘട്ടത്തിൽ തിരുസഭയോടു ചേർന്നുനിൽക്കാൻ മത്തായിഅച്ചന് ശക്തി നൽകിയത് തന്റെ കുടുംബത്തിൽ നിലനിന്നിരുന്ന പ്രാർത്ഥനാന്തരീക്ഷമായിരിക്കണം. ഇളംതോട്ടം പള്ളിയോട് അനുബന്ധിച്ചുണ്ടായിരുന്ന സെമിനാരിയിൽ രണ്ടുവർഷം പഠിച്ചുകഴിഞ്ഞപ്പോഴാണ് അത് ശീശ്മയിൽ പെട്ടതാണെന്ന് അറിഞ്ഞത്. അത് ഏറെ മാനസിക ബുദ്ധിമുട്ടുണ്ടാക്കിയെങ്കിലും അവിടുത്തെ വൈദികപഠനം ഉപേക്ഷിച്ച് സ്വഭവനത്തിലേയ്ക്ക് തിരിച്ചുപോരുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത് തന്റെ സഭാവിശ്വാസമാണെന്നുള്ളതിന് സംശയമില്ല. അദ്ദേഹം തന്റെ ദൈവവിളിയിൽ ഉറച്ചുനിന്നുകൊണ്ട് തിരുസഭയുടെ ഒരു ഉത്തമ വൈദികനായിത്തീരുവാൻ ഏതു ത്യാഗവും ഏറ്റെടുക്കാൻ സന്നദ്ധനായി.

പ്രാദേശികസഭയെ വളർത്തുന്നതിനുവേണ്ടി അദ്ദേഹം സ്വയം വ്യയംചെയ്തു. കൂദാശകൾ പരികർമ്മം ചെയ്യുന്നതിൽ അദ്ദേഹം ഏറെ ശ്രദ്ധിച്ചിരുന്നു. ഇടവകജനങ്ങളുടെ ദിവ്യബലിയിലുള്ള സജീവ ഭാഗഭാഗിത്വംവഴി ക്രിസ്തീയജീവിതം പുഷ്ടിപ്പെടുത്താൻ അച്ചൻ യത്നിച്ചു. തിരുഹൃദയസന്യാസസമൂഹത്തിലെ അംഗങ്ങളും തങ്ങളുടെ സ്ഥാപകപിതാവിനെ അനുകരിച്ച് തിരുസ്സഭാനിർമ്മാണത്തിന് വേണ്ടത്ര പ്രാധാന്യം നല്കുവാൻ എന്നും പരിശ്രമിച്ചുവരുന്നു.

## നാമകരണ നടപടികൾ

ധന്യൻ കദളിക്കാട്ടിൽ മത്തായി അച്ചൻ 1935 മെയ് 23 ാം തീയതി വ്യാഴാഴ്ച രാവിലെ പാലാ വലിയപള്ളിയിലെ തന്റെ മുറിയിൽവച്ച് നിര്യാതനായി. പാലായിലെ മൂന്നു രാജാക്കന്മാരുടെ പള്ളിയിൽ മൃതദേഹം സംസ്കരിച്ചു. രണ്ടു വർഷങ്ങൾക്കുശേഷം അദ്ദേഹത്തിന്റെ പൂജ്യാവശിഷ്ടങ്ങൾ പാലാപ്പള്ളി സെമിത്തേരിയിൽനിന്ന് 1937 സെപ്റ്റംബർ 6 ാം തീയതി പാലാ തിരുഹൃദയമഠം കപ്പേളയിലേയ്ക്ക് മാറ്റി സ്ഥാപിച്ചു. കപ്പേള പുതുക്കി പണിതപ്പോൾ പൂജ്യാവശിഷ്ടങ്ങൾ പുതിയ കപ്പേളയിൽ പുനഃസ്ഥാപിക്കപ്പെട്ടു. ജീവിതകാലത്തു തന്നെ ഒരു വിശുദ്ധനായി ആചരിച്ചിരുന്ന അദ്ദേഹത്തിന്റെ സഹപ്രവർത്തകരും സമകാലീനകരും ശിഷ്യരും ആത്മീയതനയരും മരണശേഷം അൾത്താരയിൽ വണങ്ങപ്പെടുന്ന ഒരു വിശുദ്ധനായി അദ്ദേഹം ഉയർത്തപ്പെടുവാൻവേണ്ടി നിരന്തരം പ്രാർത്ഥിച്ചുകൊണ്ടിരുന്നു. അദ്ദേഹം സ്ഥാപിച്ച തിരുഹൃദയസഭയ്ക്കുണ്ടായ അസാധാരണവളർച്ചയും വികസനവും സ്ഥാപകപിതാവിന്റെ വിശുദ്ധിയുടെ സജീവ അടയാളമായി നിലകൊള്ളുന്നു. അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യംവഴി നാനാജാതി മതസ്ഥരായ അനേകം ആളുകൾക്ക് നിരവധി അനുഗ്രഹങ്ങൾ ലഭിച്ചുകൊണ്ടിരുന്നു.

അഭിവന്ദ്യ വയലിൽപിതാവും രൂപതയിലെ പല പ്രമുഖ വൈദികരും നാമകരണ നടപടികൾക്ക് കളമൊരുക്കുവാൻ തിരുഹൃദയ സഭാഅധികാരികൾക്ക് പ്രോത്സാഹനീയമായ പ്രേരണകൾ നൽകിക്കൊണ്ടിരുന്നു. സ്ഥാപകപിതാവിന്റെ നാമകരണനടപടികൾക്കുള്ള ശ്രമം ആരംഭിക്കേണ്ടത് തങ്ങളുടെ കടമയും ദൈവതിരുമനസ്സും ആയിരിക്കുമെന്ന് തിരുഹൃദയ സഭാസമൂഹം കരുതി. അതിലേയ്ക്കായി അദ്ദേഹത്തിന്റെ ജീവിതവിശുദ്ധി ദീനദയാലുത്വം പ്രാർത്ഥനാചൈതന്യം തിരുഹൃദയപ്രേക്ഷിതത്വം, അജപാലനതീക്ഷ്ണത, ദൈവാശ്രയബോധം, ത്യാഗസന്നദ്ധത, ഹൃദയ ലാളിത്വം, അധികാരവിധേയത്വം, സേവനസന്നദ്ധത തുടങ്ങിയ വിരോചിതമായ സുകൃതങ്ങളേയും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യത വഴി ലഭിച്ചുകൊണ്ടിരിക്കുന്ന അനുഗ്രഹങ്ങളേയും കുറിച്ച് സമഗ്രവും സത്യസന്ധവുമായ തെളിവുകളും രേഖകളും സമാഹരിക്കുവാൻ തുടങ്ങി. ഈ ശ്രമം തുടർന്നുവരവെ, ദൈവപരിപാലനയുടെ പ്രത്യക്ഷലക്ഷണമെന്നോണം നിർണ്ണായകമായ മറ്റൊരു സാക്ഷീകരണം ഉണ്ടായി. പാലാ രൂപതയുടെ പ്രഥമ മെത്രാൻ അഭിവന്ദ്യ സെബാസ്റ്റ്യൻ വയലിൽ പിതാവ് ചരമം പ്രാപിക്കുന്നതിന്റെ തലേദിവസം

തന്റെ പിൻഗാമിയും രൂപതാദ്ധ്യക്ഷനുമായ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിന് ഏൽപിച്ച കത്തായിരുന്നു അത്.

ബഹു. മത്തായി അച്ചന്റെ ജീവചരിത്രപരമായ വിവരങ്ങളും അദ്ദേഹത്തിന്റെ കത്തുകളും അദ്ദേഹത്തെ സംബന്ധിക്കുന്ന മറ്റ് രേഖകളും ശേഖരിച്ച് പോസ്റ്റുലേറ്റർ രൂപതാദ്ധ്യക്ഷന് സമർപ്പിച്ചു. ബിഷപ്പ്സ് കോൺഫ്രൻസിന്റെ അംഗീകാരം ലഭിച്ചശേഷം പ്രസ്തുത രേഖകൾ, ജീവചരിത്രസംബന്ധമായ രേഖകൾ, ദൈവശാസ്ത്രജ്ഞന്മാരുടെ റിപ്പോർട്ട്, ബിഷപ്സ് കോൺഫ്രറൻസിന്റെ തീരുമാനം എന്നിവ നാമകരണനടപടികൾ ആരംഭിക്കുന്നതിനുള്ള അപേക്ഷയോടൊപ്പം രൂപതാദ്ധ്യക്ഷൻ റോമിലെ വിശുദ്ധരുടെ നാമകരണനടപടികൾക്കായുള്ള തിരുസംഘത്തിന് അയച്ചുകൊടുത്തു.

ബഹു. മത്തായി അച്ചന്റെ നാമകരണനടപടികൾ ആരംഭിക്കുന്നതിന് തടസമില്ലെന്ന് (No Objection) 1989 ഏപ്രിൽ 12 ാം തീയതി പ്രസ്തുത കോൺഗ്രിഗേഷനിൽനിന്നും ഔദ്യോഗികമായ അറിയിപ്പ് ലഭിച്ചു. അന്നുമുതൽ ബഹു. മത്തായി അച്ചൻ ദൈവദാസൻ (Servant of God) എന്ന് പദവിക്ക് അർഹനായി. 1989 ജൂൺ 24-ാം തീയതി രൂപതാകോടതിയുടെ (Tribunal) ഔദ്യോഗികമായ ഉദ്ഘാടനം നടന്നു. കോടതി പലപ്രാവശ്യം സമ്മേളിക്കുകയും ദൈവദാസന്റെ ജീവിതത്തോട് ബന്ധപ്പെട്ട സ്ഥലങ്ങൾ സന്ദർശിക്കുകയും ദൈവദാസന്റെ കത്തുകളും ഇതരരേഖകളും സസൂഷ്മം പരിശോധിക്കുകയും അനുഭവസാക്ഷ്യങ്ങൾ വിലയിരുത്തുകയും സാക്ഷികളെ സമഗ്രമായി വിസ്തരിച്ച് മൊഴി രേഖപ്പെടുത്തുകയും ദൈവദാസന്റെ മാദ്ധ്യസ്ഥ്യംവഴി സംഭവിച്ചതായി റിപ്പോർട്ട് ചെയ്ത അനുഗ്രഹങ്ങളുടെ നിജസ്ഥിതി ഉറപ്പുവരുത്തുകയും ചെയ്തു. നാമകരണനടപടികളുടെ ഭാഗമായി 1990 ഫെബ്രുവരി അവസാനവാരത്തിൽ രൂപതാദ്ധ്യക്ഷന്റെയും മറ്റ് ഔദ്യോഗിക ഭാരവാഹികളുടെയും വിദഗ്ദഡോക്ടർമാരുടെയും അനേകം സമർപ്പിതരുടെയും അല്മായ സഹോദരങ്ങളുടെയും സാന്നിദ്ധ്യത്തിൽ ദൈവദാസൻ മത്തായി അച്ചന്റെ കബറിടം തുറന്ന് പൂജ്യാവശിഷ്ടങ്ങൾ പുറത്തെടുത്ത് ശാസ്ത്രീയമായി പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കിയശേഷം 1990 ഫെബ്രുവരി 24 ാം തീയതി പുതിയ കല്ലറയിൽ പുനഃസംസ്കരിച്ചു.

സാക്ഷികളുടെ വിസ്താരവും ബന്ധപ്പെട്ട പരിശോധനകളും എല്ലാം പൂർത്തിയാക്കിയശേഷം 1991 ജനുവരി 12-ാം തീയതി രൂപതാ ട്രൈബ്യൂണൽ സമാപിച്ചു.

ദൈവികപുണ്യങ്ങൾ, സാന്മാർഗ്ഗിക പുണ്യങ്ങൾ തുടങ്ങിയവ യെല്ലാം അച്ചൻ വീരോചിതമായി അഭ്യസിച്ചിരുന്നുവോ എന്നു പഠിച്ച് ബന്ധപ്പെട്ട രേഖകളെല്ലാം ക്രോഡീകരിച്ച് തയ്യാറാക്കിയ Positio പോസ്റ്റുലേറ്റർ റോമിൽ വിശുദ്ധരുടെ നാമകരണനടപടികൾ കൈകാര്യം ചെയ്യുന്ന കോൺഗ്രീഗേഷനിൽ സമർപ്പിച്ചു. (Congregation for the Causes of Saints) ദൈവശാസ്ത്ര ജ്ഞന്മാരും മെത്രാന്മാരും Positio പഠിച്ച് വിലയിരുത്തുകയും അവ അംഗീകരിക്കുകയും ചെയ്തു. 2011 മെയ് 27-ാം തീയതി ദൈവ ദാസൻ കദളിക്കാട്ടിൽ മത്തായി അച്ചനെ ധന്യനായി അംഗീകരിച്ച രേഖയിൽ പരിശുദ്ധ പിതാവ് ബെനഡികട് 16-ാമൻ മാർപാപ്പ ഒപ്പു വച്ചു. അങ്ങനെ അദ്ദേഹം 2011 മെയ് 27-ാം തീയതി ധന്യ പദവിയി ലേക്ക് ഉയർത്തപ്പെട്ടു. ദൈവദാസൻ മത്തായി അച്ചനെ ധന്യപദ വിലേക്ക് ഉയർത്തിയതിന്റെ കേരളത്തിലെ ഔദ്യോഗിക പ്രഖ്യാപനം 2011 ജൂൺ 27-ാം തീയതി പാലായിൽവച്ച് നടന്നു. കത്തീഡ്രൽ ദേവാ ലയത്തിൽ 10 മണിക്ക് ആഘോഷമായ കൃതജ്ഞതാബലിയും തുടർന്ന് ഓഡിറ്റോറിയത്തിൽവച്ച് ധന്യപദവി പ്രഖ്യാപനവും പൊതുസമ്മേളനവും നടന്നു.

ധന്യൻ മത്തായി അച്ചന്റെ ജീവിതവുമായി ബന്ധപ്പെട്ട ഒരു സുപ്രധാന രേഖയാണ് താഴെ ചേർക്കുന്നത്. പാലാ രൂപതയുടെ പ്രഥമ മെത്രാൻ മാർ സെബാസ്റ്റ്യൻ വയലിൽ പിതാവ് തന്റെ മരണ ത്തിന്റെ തലേനാൾ അദ്ദേഹത്തിന്റെ പിൻഗാമി മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിനെഴുതിയ കത്ത്.

19th November 1986

His Excellency
Rt. Rev. Mar Joseph Pallikaparampil
Bishop of Palai
Bishop's House, Pala.

Your Excellency

Herewith enclosed I am forwarding to you a brief document concerning the life, virtues and activities of Rev. Fr. Mathew Kadalikattil who died at Pala in the odour of sanctity in 1935.

He belonged to the St. Thomas Forane Church, Pala, later on our Cathedral Church. He is now known to the public chiefly

as the founder of the Sacred Heart Congregation for women in the Syro Malabar Church. All who have come in contact with him testify to his holiness of life. He was a man of deep faith, steadfast hope and fervent love for God and men. As a Parish priest he was whole- heartedly zealous for the salvation of souls. He was simple, gentle and accessible to all. He was fully engaged in guiding souls, teaching catechism and administering sacraments. He was a real shepherd and father to his flock, deeply concerned with the poor and the suffering.

Fr. Mathew was born on April 25, 1872. His parents were devote Catholics hailing from an ancient family whose fore-fathers were received in to the church by St. Thomas the Apostle. They brought him up as an ideal young boy and implemented in his heart a personal devotion to our Lord. This took very deep roots in his life, and found its special expression in his fervent devotion the Sacred Heart of Jesus. He was thus prepared to be apostle of the Sacred Heart. All through his life he was known to have cherished that devotion. I need not in this letter speak at length of his various activities to promote this devotion as its is brought out in the document enclosed herewith.

I had the privilege to be his student in my boyhood day's. He prepared me for the sacraments of confession and first Holy Communion. Later in my life he was my confessor and spiritual advisor. Hence I have first hand information concerning his holy life, deep spirituality and zeal for souls.

After his death,which occurred in 1935, his tomb has become a place of veneration, and hundred even thousands come there to venerate him and beseech his intercession for spiritual as well as temporal needs .From the hearts of his devotees a desire is rising up that he be declared a saint by Holy Mother the Church. I too share this desire. I feel convinced that we have ample reason to take up the cause for the beatification and canonisation of Fr. Mathew. I don't enumerate here the many reasons for making  this request to the Holy See.When the process is duly started evidences can be gathered from the

reliable sources to ascertain his sanctity of life and heroicity of virtues.

In the name of his spiritual children, namely the members of the Sacred Heart Congregation, and in the name of his devotees from far and near, I request Your Excellency to go duly the subject, and if found deserving to take necessary steps to start the process for the beatification and canonisation of the good Father Mathew Kadalikkattil. May the Holy Spirit inspire and guide you in the matter:for the greater glory of God,for the good of the church and the salvation of souls.

Your's devotedly in Our Lord
(Sd/-)
Bishop Sebastian Vayalil
Retired Bishop of Palai

## ആദ്ധ്യാത്മിക പ്രചോദനത്തിന്റെയും മാദ്ധ്യസ്ഥ്യത്തിന്റെയും കേന്ദ്രം

ബഹു. മത്തായി അച്ചനെ പരിചയമുള്ളവരും അച്ചന്റെ സ്നേഹ സേവനങ്ങൾ സ്വീകരിച്ചിട്ടുള്ളവരും പ്രാർത്ഥനയുടെ ഫലമനുഭവിച്ചിട്ടുള്ളവരുമായ നാനാജാതിമതസ്ഥരായ നിരവധിയാളുകൾ അദ്ദേഹത്തിന്റെ മരണശേഷവും മാദ്ധ്യസ്ഥ്യം തേടി കബറിടത്തിങ്കൽ വന്നുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ കബറിടം സന്ദർശിച്ച് അനുഗ്രഹലബ്ദിക്കായി പ്രാർത്ഥിക്കുന്നവരുടെ എണ്ണം ദൈനംദിനം വർദ്ധിച്ചുവന്നു. ബഹു. അച്ചനെ തന്റെ ഭൗതികവാസകാലത്ത് ഒരു വിശുദ്ധനായി ജനങ്ങൾ ആദരിച്ചുവന്നിരുന്നു. അദ്ദേഹത്തിന്റെ മരണശേഷം സഹപ്രവർത്തകരും ശിഷ്യരും സുഹൃത്തുകളും പരിചിതരും ആത്മീയതനയരും മരണശേഷം അൾത്താരയിൽ വണങ്ങപ്പെടുന്ന ഒരു വിശുദ്ധനായി അദ്ദേഹം ഉയർത്തപ്പെടാൻവേണ്ടി നിരന്തരം പ്രാർത്ഥിച്ചുകെണ്ടിരുന്നു. അദ്ദേഹം തുടങ്ങിവച്ച എല്ലാ പ്രസ്ഥാനങ്ങളും പ്രതീക്ഷയിൽ കവിഞ്ഞ രീതിയിൽ അത്ഭുകരമായി വളർന്നിട്ടുണ്ട്. ജീവിതകാലത്ത് തന്റെ പ്രാർത്ഥനകളും പ്രായശ്ചിത്തങ്ങളും വഴി മറ്റുള്ളവർക്ക് നിരവധി അനുഗ്രങ്ങൾ നേടിക്കൊടുത്തിട്ടുള്ള മത്തായി അച്ചൻ ഇന്നും വേദനിക്കുന്നവർക്ക് സ്വർഗ്ഗീയമദ്ധ്യസ്ഥനാണ്.

■

16

# മരണാനന്തരം അനുഗ്രഹ സിദ്ധികൾ

പാലായിലും സമീപപ്രദേശങ്ങളിലും മാത്രം സേവനം അനുഷ്ഠിച്ചിരുന്ന ബഹു. മത്തായി അച്ചൻ വലിയ സാഹസികപ്രവർത്തനങ്ങളിലൊന്നും ഏർപ്പെട്ടിട്ടില്ല.സാധാരണ കാര്യങ്ങൾ അസാധാരണ തീക്ഷ്ണതയോടെ നിർവ്വഹിച്ചിരുന്നു എന്നതാണ് അദ്ദേഹത്തിന്റെ പ്രത്യേകത. അദ്ദേഹം ജീവിച്ചിരുന്നപ്പോൾ തന്റെ പ്രാർത്ഥനവഴി ധാരാളം അനുഗ്രഹലബ്ധികൾ ഉണ്ടായിട്ടുണ്ട്. അവയിൽ ചിലതിനെപ്പറ്റി മുമ്പ് പ്രസ്താവിച്ചിട്ടുണ്ടല്ലോ. തന്റെ മരണശേഷവും തന്നെ ആശ്രയിച്ച് സമീപിക്കുന്നവർക്ക് തന്റെ മാദ്ധ്യസ്ഥ്യശക്തി വെളിപ്പെടുത്തുന്ന വളരെയേറെ അനുഗ്രഹങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്നു. അവയിൽ ചിലത് താഴേ ചേർക്കുന്നു.

*ഷിനി ജോസഫ്, ജോസഫ് ജോൺ പാറോലിക്കൽ നിലമ്പൂർ രേഖപ്പെടുത്തുന്നു*

**1. സന്താന ലബ്ധി**

ഞങ്ങൾക്കു കിട്ടിയ ഒരനുഗ്രഹം അറിയിക്കാനാണ് ഈ കത്ത് എഴുതുന്നത്. എന്റെ പേര് ഷിനി ജോസഫ്. ഭർത്താവിന്റെ പേര് ജോസഫ് ജോൺ. ഞങ്ങളുടെ വിവാഹം കഴിഞ്ഞ് 7 വർഷമായിട്ടും കുട്ടികളില്ലായിരുന്നു. പിന്നീട് ഞാൻ ഗർഭിണിയാവുകയും 2 മാസമായപ്പോൾ കുഞ്ഞിന്

വളർച്ചയില്ലാതിരുന്നതിനാൽ അബോർഷനായി പോവുകയും ചെയ്തു. കുറച്ചുനാൾ കഴിഞ്ഞപ്പോൾ എനിക്ക് ബ്ലീഡിംഗ് ഉണ്ടായി. ചികിത്സയ്ക്കു വേണ്ടി എസ്.എച്ച്. ഹോസ്പിറ്റൽ മണിമൂളിയിൽ പോയി (ആദ്യം ഗർഭി ണിയായപ്പോൾ തന്നെ ചികിത്സ എസ്.എച്ച്. ഹോസ്പിറ്റൽ മണിമൂളിയിൽ ആയിരുന്നു.) ഫാർമസിയിൽ നിന്നും മരുന്ന് വാങ്ങുന്ന സമയത്ത് എന്റെ ഭർത്താവ് മരുന്നുകൊടുക്കുന്ന സിസ്റ്ററിനോട് ഞങ്ങൾക്കു കുഞ്ഞുങ്ങളി ല്ലാത്തതിനാൽ ഭയങ്കര വിഷമത്തിലാണ് ഞങ്ങൾക്കുവേണ്ടി പ്രാർത്ഥി ക്കണം എന്നാവശ്യപ്പെട്ടു. അപ്പോൾ സിസ്റ്റർ ഞങ്ങളോടു പറഞ്ഞു: മുക ളിലത്തെ നിലയിൽ പരിശോധിക്കുന്നിടത്ത് മേരിലിറ്റ് സിസ്റ്റർ ഉണ്ട്. സിസ്റ്ററെ ഒന്നുപോയി കാണാൻ പറഞ്ഞു. സിസ്റ്റർ ചാപ്പലിൽ ഞങ്ങളെ കൊണ്ടുപോയി പ്രാർത്ഥിച്ചു. അന്നുമുതൽ ആ മഠത്തിലെ 24 സിസ്റ്റേഴ്സും മുട്ടുകുത്തി കൈകൾ വിരിച്ച് ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ചു. തിരുഹൃദ യമഠത്തിന്റെ സ്ഥാപകപിതാവിനോട് മാദ്ധ്യസ്ഥ്യം അപേക്ഷിക്കുകയും ചെയ്തു. അതിന്റെ ഫലമായി 2014 ജനുവരി 23-ന് ഞങ്ങൾക്ക് ഒരു ആൺകുട്ടി ജനിച്ചു. ഇത് സാക്ഷ്യപ്പെടുത്തണമെന്ന് ആഗ്രഹമുണ്ടായി രുന്നു. അതുകൊണ്ടാണ് ഇത് എഴുതി അറിയിക്കുന്നത്. ഇതോടൊപ്പം ഞങ്ങളുടെ ഫോട്ടോയും വയ്ക്കുന്നു.

*തനിക്ക് ലഭിച്ച വലിയ അനുഗ്രഹത്തെപ്പറ്റി മലപ്പുറത്ത് നിന്ന് ബെന്നി ഫിലിപ്പ് അറിയിക്കുന്നു.*

**2. ഓഡിറ്റ് ഒബ്ജക്ഷൻ മാറിക്കിട്ടി**

എന്റെ പേര് ബെന്നി ഫിലിപ്പ് വി . മലപ്പുറം ജില്ലയിൽ നിലമ്പൂർ ദേശത്ത് പൂകോട്ടുമണ്ണിൽ താമസിക്കുന്നു. ഞാനൊരു യു.പി. സ്കൂൾ അധ്യാപകനാണ്. 22 വർഷത്തെ സർവ്വീസുണ്ട്. എന്റെ സർവ്വീസ് ബുക്ക് G. ഓഡിറ്റ് ചെയ്തപ്പോൾ 2004 -ലെ Pay Admit ചെയ്തിട്ടില്ല എന്ന് കണ്ടെത്തി. 1997 ശമ്പളനിർണ്ണയപ്രകാരമുള്ള ശമ്പളങ്ങൾ തുടരവെ 1/11/ 2004 ന് 10 വർഷത്തെ ഹയർ ഗ്രേഡ് ആനുകൂല്യം കൈപ്പറ്റി. 1-11-2006 ന് ശമ്പളപരിഷ്കരണത്തിന് ഓപ്ഷൻ എടുത്തത് അക്കൗണ്ടന്റ് ജനറൽ തടസപ്പെടുത്തിയിരുന്നു. തടസവാദം ഒഴിവാക്കുന്നതിനായി 2004 ശമ്പള പരിഷ്കരണ ഓപ്ഷൻ തീയതി 1/11/2004 ലെ ശമ്പളും തുടർന്നുള്ള ആനു കൂല്യങ്ങളും തടസപ്പെടുത്തുന്നു ഇതായിരുന്നു ഓഡിറ്റ് ഒപ്ജക്ഷൻ കാരണം.

തടസവാദം നീക്കുന്നതിനുള്ള വിശദീകരണം സഹിതം രണ്ട് പ്രാവശ്യം സർവ്വീസ് ബുക്ക് DDO യിലേക്ക് അയച്ചു ഇത് അംഗീകരി ക്കാനാവില്ലെന്നും അധികം കൈപ്പറ്റിയ തുക തിരിച്ചടക്കണമെന്നും നിർദ്ദേശം വന്നു.

എന്റെ അടുത്ത ഒരു സുഹൃത്തായ Adv. സണ്ണി പാറോലിക്കൽ എനിക്ക് ധന്യൻ കദളിക്കാട്ടിലച്ചന്റെ മാധ്യസ്ഥ്യം അപേക്ഷിച്ചുകൊണ്ടുള്ള ഒരു പ്രാർത്ഥന തന്നു. അന്നു മുതൽ ഞങ്ങൾ മുട്ടിപ്പായി ഈ പ്രാർത്ഥന ചൊല്ലാൻ തുടങ്ങി. അത്ഭുതമെന്നു പറയട്ടെ, AEO ഓഫീസിൽ നിന്നും AG തടസവാദം ഒഴിവാക്കിക്കൊണ്ടുള്ള ഉത്തരവ് കിട്ടുകയും ശമ്പള പരിഷ്കരണം നടത്തുകയും ചെയ്തു.

ധന്യൻ കദളിക്കാട്ടിലച്ചൻ വഴി എനിക്കും എന്റെ കുടുംബത്തിനും ലഭിച്ചുകൊണ്ടിരിക്കുന്ന അനുഗ്രഹങ്ങൾക്ക് നല്ല ദൈവത്തിന് നന്ദി അർപ്പിക്കുന്നു. മുടങ്ങാതെ ഈ പ്രാർത്ഥന ചൊല്ലുന്നു.

**3.** *എന്റെ പേര് ഗീതാഞ്ജലി സിബി കിഴക്കയിൽ. എനിക്ക് ഇക്കഴിഞ്ഞ (2015) SSLC പരീക്ഷയിൽ ധന്യൻ കദളിക്കാട്ടിലച്ചന്റെ മദ്ധ്യസ്ഥതയാൽ എല്ലാ വിഷയത്തിനും A+ ലഭിച്ചതിന് നന്ദിരേഖപ്പെടുത്തുന്നു. ഈ വിജയം ദൈവമഹത്വത്തിനായി സമർപ്പിക്കുകയും ചെയ്യുന്നു.*

എനിക്ക് പരീക്ഷ എഴുതുമ്പോൾ വളരെയധികം ടെൻഷൻ ഉണ്ടാവുകയും പരീക്ഷ നന്നായി എഴുതാൻ സാധിക്കാതെ വന്ന് റിസൾട്ട് പ്രതീക്ഷിച്ചതുപോലെ കിട്ടാതിരിക്കുകയും ചെയ്യുമായിരുന്നു. മോഡൽ പരീക്ഷപോലും ഇപ്രകാരമായിരുന്നു. ഞാനും എന്റെ മമ്മിയും കദളിക്കാട്ടിലച്ചന്റെ നൊവേനയിൽ പങ്കെടുത്ത് ഇക്കാര്യത്തിനായി തീവ്രമായി പ്രാർത്ഥിക്കുകയും വി. കുർബാന ചൊല്ലിക്കയും ബഹു. സിസ്റ്റേഴ്സിന്റെ പ്രാർത്ഥാനാസഹായം യാചിക്കുകയും ചെയ്തിരുന്നു. കൂടാതെ എന്റെ വല്യമ്മയും എനിക്കുവേണ്ടി തീവ്രമായി പ്രാർത്ഥിച്ചിരുന്നു.

പരീക്ഷ പൊതുവെ പ്രത്യേകിച്ച് ഗണിതം വളരെയധികം പ്രയാസമായിരുന്നു. എങ്കിലും എനിക്ക് പറയത്തക്ക ടെൻഷൻ ഒന്നും ഉണ്ടായില്ല. വിശ്വസിച്ചാൽ ദൈവമഹത്വം ദർശിക്കും എന്ന വചനത്തിൽ ഞാൻ തീവ്രമായി വിശ്വസിച്ച് പ്രാർത്ഥിച്ചുകൊണ്ടിരുന്നു. റിസൾട്ട് വന്നപ്പോൾ എനിക്ക് Full A+ ഉണ്ടായിരുന്നു.

ദൈവത്തിന് മഹത്വം കദളിക്കാട്ടിലച്ചന് നന്ദി.

**4. അഡ്മിഷൻ ലഭിച്ചു**

എന്റെ മകൻ – സെൻ സാബു +2 പരീക്ഷയിൽ നല്ല മാർക്ക് നേടി വിജയിക്കുന്നതിനുവേണ്ടി ഞാൻ നിരന്തരമായി ധന്യൻ മത്തായി അച്ചന്റെ, കബറിടത്തിങ്കൽ വന്നു പ്രാർത്ഥിക്കുകയും, തത്ഫലമായി +2 പരീക്ഷയിൽ എല്ലാവിഷയങ്ങൾക്കും എ പ്ലസ് നേടി എന്റെ മകൻ വിജയിക്കുകയും ചെയ്തു. എഞ്ചിനീയറിംഗിന് ചൂണ്ടച്ചേരി കോളേജിൽ അഡ്മിഷൻ ലഭിക്കുകയും മാത്രവുമല്ല, മെക്കാനിക്കൽ എൻഞ്ചിനീയറിംഗ് തന്നെ ലഭിക്കുകയും, സാമ്പത്തികബുദ്ധിമുട്ടുകൾ പരിഹരിക്കുകയും ചെയ്തു. അത്

ധന്യൻ മത്തായി അച്ചന്റെ മാദ്ധ്യസ്ഥ്യം മൂലം മാത്രമാണെന്നും ഞാനും എന്റെ കുടുംബവും ഉറച്ചു വിശ്വസിക്കുന്നു.

*ജാൻസി സാബു, കാരങ്കൽ*

**5. വിവാഹ തടസം മാറി കിട്ടി**

സാമ്പത്തിക ദാരിദ്ര്യം മൂലം എന്റെ മകൾ ആശയുടെ വിവാഹം നടത്താൻ സാധിക്കാതെ ഞങ്ങൾ വളരെ വിഷമിച്ചു. എസ്.എച്ച്.ലെ സിസ്റ്റർ ധന്യൻ കദളിക്കാട്ടിൽ മത്തായി അച്ചന്റെ മാദ്ധ്യസ്ഥ്യം അപേക്ഷിക്കാൻ ഞങ്ങളോടു പറയുകയും നൊവേന പുസ്തകം തരികയും ചെയ്തു. നൊവേന ചൊല്ലി വിശ്വാസത്തോടെ പ്രാർത്ഥിക്കുകയും മെയ് 23 ന് നടത്തിയ ശ്രാദ്ധത്തിലും, വിശുദ്ധ കുർബാനയിലും പങ്കെടുക്കുകയും മകളുടെ വിവാഹഫോട്ടോ കൊണ്ടുവരാമെന്നു നേർച്ച നേരുകയും ചെയ്തു. കൂടാതെ വിശുദ്ധ കുർബാന അർപ്പിച്ചു പ്രാർത്ഥിക്കുന്നതിനായി പണവും ഏൽപിച്ചു. അത്ഭുതകരമായ രീതിയിൽ 8 ദിവസത്തിനകം മകളുടെ വിവാഹം നടന്നു. തീർത്തും സാമ്പത്തികസ്ഥിതി ഇല്ലാതിരുന്ന ഞങ്ങൾക്ക് നല്ല സമ്പന്നവും സമാധാനപൂർണവുമായ ഒരു കുടുംബത്തിലേക്കു മകളെ പറഞ്ഞയയ്ക്കാൻ സാധിച്ചു.ധന്യൻ മത്തായി അച്ചന്റെ മാദ്ധ്യസ്ഥ്യത്താൽ നല്ല ദൈവം നൽകിയ ഈ അനുഗ്രഹത്തിന് ഒരായിരം നന്ദിയർപ്പിക്കുന്നു.

*ലീലാമ്മ ദേവസ്യ ചാലപ്പള്ളി, റാന്നി*

**6.** എന്റെ ഭർത്താവ് മദ്യപാനിയും രോഗിയുമാണ്. കുടുംബത്തിൽ സമാധാനക്കേടും എന്നും കലഹവുമായിരുന്നു. എന്റെ ഒരേയൊരു മകൻ ചില പെരുമാറ്റവൈകല്യങ്ങൾ നിമിത്തം എസ്.എച്ച്. ഹേസ്പിറ്റൽ പൈങ്കുളത്ത് അഡ്മിറ്റ് ചെയ്യപ്പെട്ടു ചികിത്സയിലുമായിരുന്നു. മകന്റെ കാര്യവും ഭർത്താവിന്റെ അവസ്ഥയും കുടുംബസമാധാനമില്ലായ്മയും കൊണ്ടു ഞാൻ മാനസികമായും ശാരീരികമായും തകർന്ന അവസ്ഥയിൽ ആയിരുന്നു. ഈ അവസരത്തിൽ ബഹുമാനപ്പെട്ട സിസ്റ്റർ എന്നോടു തിരുഹൃദയഭക്തിയെക്കുറിച്ചും മത്തായി അച്ചനെക്കുറിച്ചും എനിക്കു പറഞ്ഞുതരികയും ധന്യനായ മത്തായി അച്ചന്റെ നൊവേനയും മദ്ധ്യസ്ഥ പ്രാർത്ഥനയും നൽകുകയും ചെയ്തു. 2014 ഏപ്രിൽ 23 ന് ആണ് മത്തായി അച്ചന്റെ ചിത്രം കാണുകയും അച്ചനെപ്പറ്റി അറിയുകയും ചെയ്തത്. ആ ദിവസം മുതൽ തിരുഹൃദയ നൊവേനയും മത്തായി അച്ചന്റെ മദ്ധ്യസ്ഥ പ്രാർത്ഥനയും എന്നും മുടങ്ങാതെ ചൊല്ലുകയും ചെയ്തുവന്നു. ജീവിതത്തിലെ പ്രശ്നങ്ങൾ മൂലം ദൈവഭക്തിയിൽ തകർന്ന അവസ്ഥ യിലായിരുന്നു. ആത്മഹത്യചെയ്യുവാനുള്ള ഒരു തോന്നലും എപ്പോഴും എന്നെ പിൻതുടർന്നുകൊണ്ടിരുന്നു. ആദ്യമൊന്നും എന്റെ ഭർത്താവ് എന്നോടൊപ്പം പ്രാർത്ഥിക്കുമായിരുന്നില്ല. ഒരു മുറിയിൽ കയറി

വാതിലടച്ചായിരുന്നു എന്റെ പ്രാർത്ഥനാ. കരഞ്ഞു പ്രാർത്ഥിക്കുമായിരുന്നു. രണ്ടാഴ്ചകഴിഞ്ഞപ്പോൾ എന്റെ ഭർത്താവ് എന്നോടു പറഞ്ഞു എന്നോടൊപ്പം പ്രാർത്ഥിക്കണമെന്ന്. ശരിക്കും ഞാൻ അത്ഭുതപ്പെട്ടുപോയി. അന്നു മുതൽ ഇന്നുവരെ അദ്ദേഹം എന്നോടൊപ്പം പ്രാർത്ഥിക്കും. മദ്യപാനം ഇപ്പോൾ കുറഞ്ഞിട്ടുണ്ട്. വീട്ടിലെ വഴക്കും ബഹളവുമൊക്കെ മാറി. എന്നോട് സ്നേഹത്തോടെ പെരുമാറുന്നു. എന്നോടൊപ്പം ബൈബിൾ വായിക്കും. പഴയ ദേഷ്യമോ വെറുപ്പോ ഒന്നുമില്ല. എല്ലാം ധന്യനായ മത്തായി അച്ചന്റെ മദ്ധ്യസ്ഥത്താൽ ലഭിച്ച അനുഗ്രഹമാണെന്നു ഞാൻ ഉറപ്പായി വിശ്വസിക്കുന്നു.

*ജയ രാജു മെറ്റെക്കാട്ട്, തമ്മനം പി.ഒ. കൊച്ചി 682 032*

**7.** ഞങ്ങളുടെ മകൾ അനിറ്റ റോസ് തോമസ് PG പഠനത്തിനുശേഷം Net പാസ്സാകുവാൻ വളരെയധികം പരിശ്രമിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തുവെങ്കിലും ഫലം കണ്ടില്ല. അപ്പോഴെല്ലാം ദൈവം അതിലും വലിയ സമ്മാനം നിനക്കായ് കരുതി വച്ചിട്ടുണ്ട് എന്നു പറഞ്ഞ് അവളെ ആശ്വസിപ്പിച്ചിരുന്നു. Net പാസ്സാകുകയോ വിദേശത്ത് ഡോക്ടറേറ്റ് (PHD) എടുക്കുവാനോ ഉള്ള അവസരത്തിനായി 2 വർഷത്തോളം നിരന്തരമായ പ്രാർത്ഥനയിലും പരിത്യാഗപ്രവർത്തിയിലും വിവിധ തീർത്ഥാടനകേന്ദ്രങ്ങളിലേയ്ക്ക് യാത്ര നടത്തുകയും ചെയ്തിരുന്നു ഞങ്ങൾ.

പ്രാർത്ഥനയ്ക്ക് ഫലം കാണാതെ വന്നപ്പോൾ വ്യസനപൂർവ്വം വലിയതോവാള എസ്.എച്ച്. കോൺവെന്റിലെ പ്രിയപ്പെട്ട സിസ്റ്റേഴ്സിനോടും ഞങ്ങൾ പ്രാർത്ഥനാസഹായം ആവശ്യപ്പെട്ടു. അപ്പോൾ തിരുഹൃദയസന്യാസിനി സമൂഹസ്ഥാപകൻ ധന്യൻ കദളിക്കാട്ടിൽ മത്തായി അച്ചന്റെ മധ്യസ്ഥപ്രാർത്ഥന ഞങ്ങൾക്ക് നല്കുകയും ഒൻപതുദിവസം തുടർച്ചയായി പ്രാർത്ഥിക്കുവാൻ ആവശ്യപ്പെടുകയും 9 ദിവസം പൂർത്തിയാകുന്നതിനു മുൻപുതന്നെ നിങ്ങൾക്ക് ഉത്തരം ലഭിക്കുമെന്ന് പറയുകയും ചെയ്തു. ഞങ്ങൾ പ്രത്യാശാപൂർവ്വം മദ്ധ്യസ്ഥപ്രാർത്ഥന ആവർത്തിച്ചു ചൊല്ലിക്കൊണ്ടിരുന്നു. ഇതാ 8-ാം ദിവസം ദൈവം അത്ഭുതകരമായി ഇടപെടുകയും ജർമ്മനിയിലെ ഒരു യൂണിവേഴ്സിറ്റിയിൽ Ph.D ക്ക് ഇന്റർവ്യൂ പാസ്സ് ആകുകയും സെലക്ഷൻ കിട്ടുകയും ചെയ്തു.

ധന്യൻ കദളിക്കാട്ടിൽ മത്തായി അച്ചന്റെ മാധ്യസ്ഥം വഴി ദൈവം ഞങ്ങൾക്ക് നല്കിയ വലിയ അനുഗ്രഹത്തിന് നന്ദിപറയുകയും ദൈവത്തെ സ്തുതിച്ച് ആരാധിക്കുകയും ചെയ്യുന്നു. എത്രയും വേഗം ധന്യൻ കദളിക്കാട്ടിൽ അച്ചനെ വിശുദ്ധപദവിലേയ്ക്ക് ഉയർത്തുവാൻ ദൈവം തിരുമനസ്സാകട്ടെ എന്ന് ഞങ്ങൾ പ്രാർത്ഥിക്കുകയും ചെയ്യുന്നു.

എന്ന് പ്രാർത്ഥനാപൂർവ്വം

*അനിറ്റ റോസ്, തോമസ് സി.എം, റോസമ്മ, വലിയതോവാള*

**8.** യേശുവേ നന്ദി

എന്റെ മകന് 8 വർഷമായി, പാലാ കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് സ്കൂളിൽ LPSA ആയി അദ്ധ്യാപകനിയമനം ലഭിക്കുകയും തുടർന്ന് ലീവ് വേക്കൻസിയിൽ ദിവസവേതനത്തിന് ജോലിചെയ്തുവരുകയുമായിരുന്നു. സ്ഥിരംനിയമനം കിട്ടാതെ വളരെ വിഷമിച്ചുകൊണ്ടിരുന്ന അവസരത്തിൽ ധന്യൻ കദളിക്കാട്ടിൽ മത്തായി അച്ചനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന ഞാൻ പല പ്രാവശ്യം ചൊല്ലുകയും അച്ചന്റെ കബറിടത്തിൽ വന്ന് പ്രാർത്ഥിക്കുകയും ചെയ്തതിന്റെ ഫലമായി എന്റെ മകന് 1-6-2016 മുതൽ സ്ഥിരം നിയമനം ലഭിക്കുകയും തുടർന്നു നിയമനത്തിന് അംഗീകാരം ലഭിക്കുകയും ചെയ്തു. അച്ചനോട് പ്രാർത്ഥിച്ചതിന്റെ ഫലമായി ലഭിച്ച അനുഗ്രഹത്തിനു ഞാൻ എന്നും നന്ദിയുള്ളവനാണ്. തുടർന്നും എന്റെ പ്രാർത്ഥനകേട്ട് ദൈവാനുഗ്രഹം വാങ്ങിത്തരണമേയെന്ന് ഏറ്റവും വിനീതനായി അപേക്ഷിക്കുന്നു.

*റ്റി.ജെ. കുര്യൻ വള്ളിച്ചിറ, പാലാ.*

■

# അനുസ്മരിക്കേണ്ട ദിവസങ്ങൾ

| | | |
|---|---|---|
| 1872 ഏപ്രിൽ 25 | : | ബഹു. മത്തായി അച്ചന്റെ ജനനം |
| 1896 - 1901 | : | മാന്നാനം സെമിനാരിയിൽ വൈദിക പഠനം |
| 17-02-1901 | : | തിരുപ്പട്ട സ്വീകരണം |
| 28-02-1901 | : | നവപൂജാർപ്പണം |
| 1901 - 1903 | : | സ്വന്തം ഇടവകയിൽ വൈദികശുശ്രൂഷ |
| 1903 - 1906 | : | കരൂർ പള്ളി വികാരി |
| 1906 - 1910 | : | ളാലം പഴയപള്ളി വികാരി |
| 1910 - 1914 | : | പാലാ വലിയപള്ളിയിൽ അസ്തേന്തി |
| 01-01-1911 | : | തിരുഹൃദയ സഭാ സ്ഥാപനം |
| 1914 -1917 | : | ളാലം പുത്തൻ പള്ളി വികാരി |
| 1915 - 1917 | : | ക്ലാരമഠത്തിലെ സിസ്റ്റേഴ്സ് എസ്. എച്ച് സമൂഹത്തിന് പരിശീലനം നല്കുന്നു. |
| 1917 - 1920 | : | കണ്ണാടിയുറുമ്പു പള്ളി വികാരി, ഹരിജൻ കുട്ടികൾക്ക് വേണ്ടി കണ്ണാടിയുറുമ്പിൽ പ്രൈമറി സ്കൂൾ സ്ഥാപിക്കുന്നു. |
| 05-06-1918 | : | ക്ലാരമഠത്തിനന്റെ ഒരു ഉപ വിഭാഗമായി അഭിവന്ദ്യ കുര്യാളശ്ശേരി പിതാവ് എസ്.എച്ച് സമൂഹത്തെ അംഗീകരിക്കുന്നു. |
| 21-09-1918 | : | എസ്.എച്ച്. സമൂഹത്തിലെ ആദ്യത്തെ സഭാവസ്ത്ര സ്വീകരണവും വ്രതവാഗ്ദാനവും |
| 11-06-1920 | : | രണ്ട് സിസ്റ്റേഴ്സിന്റെ ആദ്യത്തെ നിത്യവ്രത വാഗ്ദാനം |
| 1920 -1921 | : | ളാലം പുത്തൻ പള്ളി വികാരി |
| 1922 | : | കണ്ണാടിയുറുമ്പു പള്ളി വികാരി<br>ക്ലാരമഠത്തിന്റെയും തിരുഹൃദയമഠത്തിന്റെയും കപ്ലോൻ (ചാപ്ലെയ്ൻ) |
| 1922 - 1925 | : | ളാലം സെന്റ് മേരീസ് സ്കൂൾ സ്ഥാപനം |
| 1925 | : | ബഹു.മത്തായി അച്ചന്റെ രജതജൂബിലി ആചരണം |
| 1926 | : | പുന്നത്തുറ ശാഖാ മഠം (സഭയുടെ ആദ്യത്തെ ശാഖാഭവനം) |
| 1929 | : | രാമപുരം ശാഖാ മഠം (സഭയുടെ രണ്ടാമത്തെ ശാഖാഭവനം) |
| 1930 | : | പാമ്പൂരാംപാറ സ്ലീവാപാത, കപ്പേള |
| 24-06- 1934 | : | മാർ ജെയിംസ് കാളാശ്ശേരി പിതാവ് തിരുഹൃദയസഭയ്ക്ക് അംഗീകാരം നല്കുന്നു. |
| 24-04-1935 | : | തിരുഹൃദയമഠത്തിലെ അവസാന ദിവ്യബലി അർപ്പണം |
| 15-05-1935 | : | കണ്ണാടിയുറുമ്പിൽ നിന്നും അച്ചൻ പാലാ പള്ളിയിലേയ്ക്ക് സംവഹിക്കപ്പെടുന്നു. |
| 23-05-1935 | : | പാലാ പള്ളിയിലെ തന്റെ മുറിയിൽ വച്ച് വെളുപ്പിന് 3 മണിയ്ക്ക് ബഹു. മത്തായി അച്ചന്റെ മരണം |
| 24-05-1935 | : | മൂന്നു രാജാക്കാന്മാരുടെ പള്ളിയിൽ മൃതസംസ്ക്കാരം. |
| 06-09-1937 | : | പാലാ തിരുഹൃദയമഠം കപ്പേളയിലേക്ക് ബഹു. അച്ചന്റെ പൂജ്യാവശിഷ്ടങ്ങൾ മാറ്റി സ്ഥാപിക്കുന്നു. |
| 24-01-1989 | : | നാമകരണ കോടതി ആരംഭിക്കുന്നു. |
| 24-02-1990 | : | പാലാ മഠത്തിന്റെ പുതുക്കിപ്പണിത കപ്പേളയിലെ പുതുതായി നിർമ്മിച്ച കല്ലറയിൽ പൂജ്യവശിഷ്ടങ്ങൾ നിക്ഷേപിക്കുന്നു. |
| 12-01-1991 | : | രൂപതാകോടതിയുടെ സമാപനം. |
| 27-06-2011 | : | 16-ാം ബനിഡിക്റ്റ് മാർപാപ്പ ദൈവദാസൻ മത്തായി അച്ചനെ ധന്യനായി ഉയർത്തുന്നു. |

# ധന്യൻ മത്തായി അച്ചനെക്കുറിച്ചുള്ള ഇതര കൃതികൾ

1. **കദളിക്കാട്ടിലച്ചൻ** (*1960*)
   ഡി. കുരുവിള മനയാനിക്കൽ

2. **റവ. ഫാ. മാത്യു കദളിക്കാട്ടിൽ** (*1985*)
   സി. മേരി മാഗ്ദലിൻ എസ്.എച്ച്.

3. **Servant of the Sacred Heart** (*1986*)
   Chev. K.C. Chacko (English)

4. **തിരുഹൃദയ ദൂതൻ** (*1991*)
   ശ്രീ. വറുഗീസ് കാഞ്ഞിരത്തുങ്കൽ

5. **Karmayogi** (*2000*) (English)
   Rev. Fr. Paul Kalluveettil C.M.I.

6. **ഇടയസ്വപ്നം പൂവണിഞ്ഞപ്പോൾ** (*2005*)
   സി. പെലാജിയ എസ്.എച്ച്.

7. **Shepherd's Dream** (*2005*) (English)
   Sr. Pelagia S.H.

8. **Der Traum Des Hirten** (German)
   *(Translation of Shepherd's Dream by Sr. Pelagia)*
   Prof. P. Dr. Stanislaw Kusmierz SVD

9. **പുല്ലാങ്കുഴൽ ഗീതം പോലെ** (*2013*)
   സി. ലിസറ്റ് വെള്ളാത്തോട്ടം എസ്.എച്ച്.

10. **ഹൃദയം കൊണ്ട് തൊട്ടവൻ** (*2017*)
    സി. ലിസറ്റ് വെള്ളാത്തോട്ടം എസ്.എച്ച്.